# ഫെമിനിസം
# പി.വത്സലയുടെ നോവലുകളിൽ

*കാലിക്കറ്റ് സർവകലാശാലയിൽ*
*ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്*
*സമർപ്പിക്കുന്ന പ്രബന്ധം*

**കെ.പി.രവിചന്ദ്രൻ**

**മലയാള-കേരള പഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**
**2008**

# Feminism
# In the Novels of P.Valsala

*A thesis submitted to University of Calicut*
*for the Degree of Doctor of Philosophy*

**K. P. Ravichandran**

Department of Malayalam & Kerala Studies
University of Calicut
**2008**

# സത്യവാക്യം

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **കെ. പി. രവിചന്ദ്രൻ**

തിയതി:

**പ്രൊഫ. പി. എം. വിജയപ്പൻ**
**വകുപ്പദ്ധ്യക്ഷൻ, മലയാള-കേരള പഠനവിഭാഗം,**
**കാലിക്കറ്റ് സർവ്വകലാശാല**

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി. എച്. ഡി. ബിരുദത്തിന് സമർപ്പിക്കുന്ന ''ഫെമിനിസം - പി.വത്സലയുടെ നോവലുകളിൽ'' എന്ന ഈ പ്രബന്ധം ശ്രീ. കെ.പി.രവി ചന്ദ്രൻ എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണരേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
തിയതി: **പ്രൊഫ.പി.എം.വിജയപ്പൻ**

# കൃതജ്ഞത

ഈ ഗവേഷണ പ്രബന്ധത്തിന് മാർഗ്ഗനിർദ്ദേശം നൽകിയത് പ്രൊഫ.പി.എം.വിജയപ്പനാണ്. സ്നേഹവും സഹിഷ്ണുതയും നിറഞ്ഞ അദ്ദേഹത്തിന്റെ സമീപനമാണ് പ്രബന്ധം പൂർത്തിയാക്കുന്നതിന് തുണയായത്. അദ്ദേഹത്തോടുള്ള എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. മലയാളവിഭാഗം മുൻ മേധാവികളായ ഡോ.ചാത്തനാത്ത് അച്യുതനുണ്ണി, ഡോ.എം.എം.പുരുഷോത്തമൻ നായർ എന്നിവരോട് എനിക്ക് കടപ്പാടുണ്ട്.

പ്രബന്ധരചനയ്ക്ക് മാനസികമായ പിന്തുണയും പ്രോത്സാഹനവും തന്ന ഗവ.വിക്ടോറിയ കോളേജ് മലയാളവിഭാഗം മേധാവി ഡോ.പി.മുരളിയ്ക്ക് നന്ദി രേഖപ്പെടുത്തുന്നു. പാതി വഴിക്ക് അവസാനിക്കുമായിരുന്ന ഗവേഷണപരിശ്രമങ്ങളെ പുനരുജ്ജീവിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാനും പൂർത്തിയാക്കാനും സഹായിച്ച ഡോ.ടി.ശ്രീവത്സന്റെ ഇടപെടലുകൾക്കു നന്ദി. ഡോ.ടി.ജിതേഷ്, ഡോ.പി.എം.ശ്രീധരൻ എന്നിവരുടെ വിലപ്പെട്ട സഹായസഹകരണങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദി.

ഗവേഷണപ്രവർത്തനങ്ങൾക്ക് പല സന്ദർഭങ്ങളിലായി പല തരത്തിൽ സഹായിച്ച ഡോ.പി.എൻ.ജയറാം, ഡോ.ബാലസുബ്രഹ്മണ്യൻ, അജിത എന്നിവർക്കും, പ്രബന്ധം ഡി.ടി.പി. ചെയ്തുതന്ന പ്രദയ്ക്കും, കുടുംബബാധ്യതകളിൽ നിന്നെന്നെ മോചിപ്പിച്ച് സമയവും സാഹചര്യങ്ങളും ഒരുക്കിത്തന്ന, സഹായിച്ച കൂട്ടുകാരി ബീനയ്ക്കും നന്ദി.

**കെ.പി.രവിചന്ദ്രൻ**

# ഉള്ളടക്കം

**ആമുഖം** 1

അധ്യായം ഒന്ന്
**ഫെമിനിസ്റ്റ് സാഹിത്യവിമർശനത്തിന്റെ രീതിശാസ്ത്രം** 11

അധ്യായം രണ്ട്
**സാഹിത്യത്തിലെ സ്ത്രീയും സ്ത്രീസാഹിത്യവും മലയാളത്തിൽ** 43

അധ്യായം മൂന്ന്
**വത്സലയുടെ കൃതികൾ - പ്രമേയവും പശ്ചാത്തലവും** 77

അധ്യായം നാല്
**വത്സലയുടെ നോവലുകളിലെ സ്ത്രീജീവിതചിത്രീകരണം** 113

അധ്യായം അഞ്ച്
**സ്ത്രീയനുഭവങ്ങളുടെ വർണ്ണ-വർഗ്ഗ-ലിംഗതലങ്ങൾ** 183

അധ്യായം ആറ്
**ഉപസംഹാരം** 219

അനുബന്ധം 1
**വത്സലയുടെ കൃതികൾ കാലാനുക്രമത്തിൽ** 228
അനുബന്ധം 2
**പി.വത്സലയുമായി അഭിമുഖം** 232

**ഗ്രന്ഥസൂചി** 239

# ആമുഖം

ലോകത്തേയും ജീവിതത്തേയും സ്ത്രീപക്ഷത്തു നിന്നു വ്യാഖ്യാനിക്കുന്ന സമീപനം ചരിത്രത്തിന്റേയും സാഹിത്യാദി കലകളുടേയും ഗതി നിർണ്ണയിക്കും വിധം പ്രസക്തമായി തീർന്നിട്ടുണ്ട്. ജീവിതത്തിന്റെ സകല വ്യവഹാര മണ്ഡലങ്ങളിലും പുരുഷ മേധാവിത്തം (Patriarchy) നിലനിൽക്കുന്നു എന്ന തിരിച്ചറിവാണ് സ്ത്രീപക്ഷ സമീപനത്തെ പ്രസക്തമാക്കുന്നത്.

ഫെമിനിസ്റ്റ് സാഹിത്യവിമർശനം സാഹിത്യകൃതികളിലെ പുരുഷാധിപത്യപരമായ അധികാരബന്ധങ്ങളും സൂചകങ്ങളും കണ്ടെത്തുകയാണ് ചെയ്യുന്നത്. അനുഭൂതികളുടെയും വികാരങ്ങളുടെയും മണ്ഡലത്തിലെ പുനർമൂല്യവിചാരണ ഇതിന്റെ ഭാഗമാണ്. "പുരുഷന്മാരാൽ എഴുതപ്പെട്ട സാഹിത്യത്തിലെ സ്ത്രീകളുടെ കാവ്യാത്മക ചീത്രികരണത്തിലും (സ്ത്രീകളുടെ ബിംബങ്ങൾ) സ്ത്രീകളാൽ എഴുതപ്പെട്ട സാഹിത്യം ഉണ്ടാകുവാനുള്ള സാധ്യതയിലും (സ്ത്രീകളുടെ സാഹിത്യം) ഉള്ള പുരുഷമേധാവിത്തം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെന്തെല്ലാമാണെന്ന് അന്വേഷണവിധേയമാക്കുകയാണ് ഫെമിനിസ്റ്റ് സാഹിത്യവിമർശനം ചെയ്യുന്നത്." (സിഗ്രിഡ് വെയ്ഗൽ 1994:75).

മലയാളത്തിൽ ഈ വഴിക്കുള്ള ശ്രമങ്ങൾ നടക്കുന്നത് 1990 കളിലാണ്. സച്ചിദാനന്ദൻ, എൻ. കെ രവീന്ദ്രൻ, വി. സി. ശ്രീജൻ, ഈ. വി. രാമകൃഷ്ണൻ, പി. ഗീത തുടങ്ങിയവരുടെ പഠനങ്ങളും ലേഖനങ്ങളും ഇവയിൽ പ്രധാനമാണ്. എൻ. ശശിധരൻ, ഇ. പി. രാജഗോപാലൻ, പി. പവിത്രൻ എന്നിവരും ശ്രദ്ധേയമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി, കെ. സരസ്വതിയമ്മ, സാറാ ജോസഫ് എന്നീ സ്ത്രീ രചയിതാക്കളുടെ കൃതികൾ മാത്രമല്ല ഇടശ്ശേരി, സച്ചിദാനന്ദൻ തുടങ്ങിയ പുരുഷ രചയിതാക്കളുടെ കൃതികളും സ്ത്രീപക്ഷപരമായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

**വത്സലയുടെ ജീവിതവും കൃതികളും**

1960 കളിലാണ് പി. വത്സല സാഹിത്യ രംഗത്തെത്തുന്നത്. ആദ്യ രചനകൾ ജനയുഗം വാരികയിലും മാതൃഭൂമി വാരികയിലുമാണ് വെളിച്ചം കണ്ടത്. കഥകളോടൊപ്പം ലേഖനവും നിരൂപണവും എഴുതിയിരുന്നു. നോവൽ രചനയിലേക്കു പ്രചോദിപ്പിച്ചത് ഉറൂബും എസ്. കെ പൊറ്റക്കാടുമാണ്. എൻ.എൻ.കക്കാട്, എൻ.വി.കൃഷ്ണവാര്യർ എന്നി വരുമായുള്ള പരിചയം എഴുത്തിനെ സമ്പുഷ്ടമാക്കി. പൂർണാ പബ്ലിക്കേഷൻസ് ഇറ ക്കിയ "തകർച്ച"യാണ് ആദ്യനോവൽ.

കോഴിക്കോട് കാനങ്ങോട്ടു ചന്തുവിന്റേയും പത്മാവതിയുടേയും മകളായി 1938 ആഗസ്റ്റ് 23നാണ് വത്സല ജനിച്ചത്. ഇടതുപക്ഷ ചിന്താഗതിയോട് ജന്മസിദ്ധമായും ആശ യപരമായും ഉള്ള താല്പര്യവും അതിന്റെ സംസ്കാരവും അവരുടെ രചനകളിൽ കാണാം. പുരോഗമനവാദിയും കലാപരമായ മനസ്സിന്റെ ഉടമയുമായ അമ്മയുടെ പ്രചോദനമാണ് വത്സലയുടെ സർഗ്ഗാത്മകതയെ വളർത്തിയത്. സ്ത്രീകൾ വായിച്ചാൽ വഴി പിഴച്ചു പോകു മെന്ന് കരുതിയിരുന്ന കാലത്ത് അതിനെ നിഷേധിച്ച് രഹസ്യമായി കഥകളും കവിതകളും വായിച്ചിരുന്ന അമ്മ തന്നെയാണ് വത്സലയുടെ ആദ്യത്തെ വഴികാട്ടി. "അമ്മ ഒരു വായ നക്കാരി ആയിരുന്നില്ലെങ്കിൽ ഞാൻ ഒന്നും ആകുമായിരുന്നില്ല" എന്നവർ പറയുന്നു(കു ങ്കുമം വാരിക 1999: 16) സഹൃദയനായ ഭർത്താവ് അപ്പുക്കുട്ടി മാസ്റ്ററും വത്സലയുടെ സാഹിത്യ ജീവിതത്തിന് പ്രചോദനമാണ്. "നോവലെഴുതുമ്പോൾ മാസ്റ്റർ ചിലപ്പോൾ അതു ശ്രദ്ധിക്കും, അഭിപ്രായം പറയും, തിരുത്തില്ല." (കേരളകൗമുദി 1998 സെപ്തം. 13).

സ്ത്രീയുടെ സർഗ്ഗാത്മകതയെ മന്ദീഭവിപ്പിക്കുന്ന സാഹചര്യങ്ങളാണ് കുടുംബ ത്തിനകത്തും പുറത്തുമുള്ളത്. അവയെ അതിജീവിച്ച അപൂർവ്വം ചിലർക്ക് സ്നേഹവും പ്രോത്സാഹനവും നല്കിയ പിതാക്കന്മാരോ അമ്മാവന്മാരോ സുഹൃത്തുക്കളോ ഉണ്ടായി രുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. "ബോധേശ്വരനെപ്പോലെ ഒരച്ഛനോ നാലപ്പാട്ടു നാരാ യണമേനോനെപ്പോലെ ഒരമ്മാവനോ ബാലമണിയമ്മയെപോലെ സ്വയം ഒരെഴുത്തുകാ രിയായ ഒരമ്മയോ സുഗതകുമാരിക്കും മാധവിക്കുട്ടിക്കും പ്രചോദനം നല്കിയിരിക്കാവു ന്നതുപോലെ അത്യപൂർവ്വമായി ഭർത്താക്കന്മാരും ......................" സ്ത്രീകൾക്കു പ്രോത്സാഹനം കൊടുത്തെന്നു വരാമെന്ന് സച്ചിദാനന്ദൻ രേഖപ്പെടുത്തുന്നു(1996a:246)

മറ്റു സർഗ്ഗാത്മക മേഖലകളിൽനിന്നു ലഭിക്കുന്നതിനേക്കാൾ സ്വകാര്യതയും സ്വാതന്ത്ര്യവും സ്ത്രീകൾക്കു ലഭിക്കുന്നത് എഴുത്തിലൂടെയാണ്. സാഹിത്യരചന സ്ത്രീയെ സംബന്ധിച്ച് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനുള്ള ഒരു മാർഗ്ഗമാണ്. തനിക്ക് കർതൃ സ്ഥാനത്തേക്ക് ഉയരാൻ കഴിയുന്ന പുതിയൊരു വ്യവഹാര മണ്ഡലം എഴുത്തിലൂടെ കണ്ടെത്തുകയാണ് അവർ ചെയ്യുന്നത്. കർതൃസ്ഥാനത്തേക്കുയരാനുള്ള സാധ്യത പുറം ലോകത്തു സ്ത്രീക്കു കുറവായതുകൊണ്ടുകൂടിയാണ് അവർ എഴുത്തിനെ പ്രധാനമായെ

ടുക്കുന്നത്.

പുരുഷാധീനതയിലുള്ള മററു മേഖലകളിൽ പ്രവർത്തിക്കുന്നതിനേക്കാൾ സ്ത്രീക്ക് എളുപ്പം സാഹിത്യരചനയിൽ ഏർപ്പെടുന്നതിലാണ്. ചെറുപ്പത്തിൽ ഒരു പത്രപ്രവർത്തകയോ വാസ്തുശില്പിയോ ആകാനാണ് താൻ ആഗ്രഹിച്ചതെന്ന് വത്സല ഒരഭിമുഖത്തിൽ പറയുന്നുണ്ട്. "ഒരു പത്രപ്രവർത്തക എന്ന നിലയിൽ പത്രമുടമയുടെ സ്വാധീനത്തിൽ നിന്നു വേണം എന്റെ മനസ്സിനെ തുറക്കുവാൻ. ആ സംഘർഷാവസ്ഥയിലാണ് എഴുത്ത് എന്ന മാർഗ്ഗം തെളിഞ്ഞത്. ആരുടേയും സഹായം കൂടാതെ സ്വാകാര്യമായി ചെയ്യാവുന്ന എഴുത്തിനെ അങ്ങനെ സ്വാഗതം ചെയ്തു. സ്വാകാര്യതയിൽ നിന്നും ലഭിക്കുന്ന ആനന്ദം മറ്റൊന്നിൽ നിന്നും ലഭിക്കുകയില്ല." ( കുങ്കുമം വാരിക1999: 17 )

സ്വകാര്യതയിൽ നിന്നാണ് സർഗ്ഗാത്മകത ഉരുത്തിരിയുന്നതെന്ന വിശ്വാസമാണ് വത്സലക്കുള്ളത്. കുടുംബചുമതലയും എഴുത്തും ഒന്നിച്ചുകൊണ്ടുപോകുക എന്ന ക്ലേശകരമായ അവസ്ഥ എഴുത്തുകാരികൾ ഇന്നും നേരിടുന്നു. സകല മേഖലകളും സ്ത്രീകൾ ധാരാളമായി കടന്നെത്തുകയും ഫെമിനിസ്റ്റ് മൂല്യങ്ങൾ സാമൂഹ്യാവബോധത്തെ നവീകരിക്കുകയും ചെയ്ത പുതിയ കാലത്തും കലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന തരത്തിൽ അവർ സ്വാതന്ത്രരായിട്ടില്ല.

"കണ്ണ് തുറക്കുന്നതുതന്നെ അടുക്കളയിൽ..... . "അവർ പറയുന്നു. "നല്ല വീട്ടമ്മയായ സ്ത്രീക്ക് നല്ല എഴുത്തുക്കാരിയാകാൻ പറ്റിയെന്നു വരില്ല. അനുഭവം വീട്ടമ്മക്കുമാത്രമേ ഉണ്ടാകുകയുള്ളൂ. പരിമിതികൾ, കുടുംബഭരണം. ചില കാര്യങ്ങൾ തുറന്നെഴുതാൻ പറ്റുകയില്ല. എഴുത്തുകാരിക്ക് അതുണ്ടാകാൻ പാടില്ല. പ്രോത്സാഹനമല്ല എതിർപ്പാണ് ഉണ്ടാകുക."(കേരളകൗമുദി 1998)

'വയനാടിന്റെ കഥാകാരി' എന്ന വിശേഷണം വത്സലക്കുണ്ട്. നെല്ല്, ആഗ്നേയം, കുമൻകൊല്ലി, എന്നീ പ്രസിദ്ധ നോവലുകൾക്കു പുറമേ നിരവധി കഥകളും വയനാടൻ പശ്ചാത്തലത്തിലെഴുതിയിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട വിഭാഗങ്ങൾ അവരുടെ രചനകളിൽ മുഖ്യമായി കടന്നു വരുന്നു. ആദിവാസികൾ, സ്ത്രീകൾ എന്നീ വിഭാഗങ്ങൾക്ക് രചനകളിലുള്ള പ്രാതിനിധ്യം അവരുടെ രാഷ്ട്രീയ കാഴ്ചപ്പാടിനെയാണ് വെളിപ്പെടുത്തുന്നത്.

ഇന്ത്യയുടെ അടിസ്ഥാനവർഗ്ഗം ആദിവാസികളാണെന്നും യഥാർത്ഥ ഭാരതീയത ആദിവാസികളുടെ ഭാരതീയതയാണെന്നും വത്സലയ്ക്കഭിപ്രായമുണ്ട്.(കേരളകൗമുദി 1998). മധ്യേന്ത്യയിലേയും ഒറീസയിലേയും ബീഹാറിലേയും ആദിവാസികളുമായി സമ്പർക്കം പുലർത്തിയിട്ടുണ്ട്. എഴുത്തിനുള്ള തട്ടകമായി അവർ തെരഞ്ഞെടുത്തത് വയനാട്ടിലെ തിരുനെല്ലി പ്രദേശമാണ്. അനീതി അനുഭവിക്കുന്ന വിഭാഗങ്ങളോട് അടിസ്ഥാനപരമായ

സഹഭാവം പ്രകടിപ്പിക്കുന്നവയാണ് വത്സലയുടെ രചനകൾ.

ആത്യന്തികമായി സ്ത്രീ അബലയാണെന്ന് വത്സല വിശ്വസിക്കുന്നു. സ്ത്രീകളുടെ മനോബലം വർദ്ധിപ്പിക്കുന്നതരത്തിലുള്ള രചനകളെ അവർ അംഗീകരിക്കുന്നു. കഥകളിൽ താനൊരു ഫെമിനിസ്റ്റാണെന്ന് അവർ പ്രഖ്യാപിക്കുന്നുണ്ട്.(കുങ്കുമം വാരിക 1999:18).

സ്ത്രീകൾക്കു തുറന്നെഴുതാനുള്ള ആത്മധൈര്യം നല്കിയത് ഫെമിനിസ്റ്റ് ചിന്താഗതിയാണ്. സ്വാതന്ത്ര്യത്തിനായി ദാഹിക്കുന്ന സ്ത്രീകഥാപാത്രങ്ങളാണ് വത്സലയുടെ നോവലുകളിലുള്ളത്. ചിലർ ഭാര്യാ-ഭർത്തൃബന്ധത്തേയും അടിമ ഉടമ ബന്ധമായി കാണുന്നു. സ്ത്രീക്കു സമൂഹത്തിൽ വേണ്ടത്ര സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല എന്നു തന്നെയാണ് വത്സല വിശ്വസിക്കുന്നത്. സ്വാഭാവികമായ രീതിയിലാണ് തന്റെ കൃതികളിൽ സ്ത്രീകളുടെ ദുഃഖങ്ങളും ജീവിതപ്രശ്നങ്ങളും കടന്നു വരുന്നതെന്ന് അവർ പറയുന്നു. സ്ത്രീയുടെ മാനവികതയെയാണ് സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമായി അവർ കാണുന്നത്.

സ്ത്രീസ്വാതന്ത്ര്യം, സ്ത്രീസമത്വം, സ്ത്രീവിമോചനം എന്നിവയെക്കുറിച്ച് സ്വന്തമായി കാഴ്ചപ്പാടുള്ള വത്സല ‘പെണ്ണെഴുത്തി’നെക്കുറിച്ചുള്ള വിവാദങ്ങളിൽ നിന്നു മാറി നില്ക്കുന്നു. സ്ത്രീസ്വാതന്ത്ര്യവാദത്തിന്റെ മാതൃകകൾ അവരുടെ നോവലിൽ ധാരാളമുണ്ട്. ഭാര്യ, കാമുകി, അമ്മ എന്നീ നിലകളിൽ പുരുഷവ്യവസ്ഥിതിക്കു കീഴിൽ അടിച്ചമർത്തപ്പെടുന്ന സ്ത്രീജീവിതാവസ്ഥ അവർ ചിത്രീകരിക്കുന്നു. ചില കഥാപാത്രങ്ങൾ വ്യവസ്ഥയെ ലംഘിക്കുവാനുള്ള വിമോചനത്വര പ്രകടിപ്പിക്കുകയും ചെയ്യുന്നു.

സ്ത്രൈണം എന്നു കൃത്യമായി വിളിക്കാവുന്ന മുദ്രകൾ വത്സലയുടെ രചനകളിലുണ്ട്. സ്ത്രീയായി നിന്നുകൊണ്ട് ലോകത്തെ നിരീക്ഷിക്കുന്നതിന്റെ തെളിവുകളാണവ.

**വത്സലയുടെ കൃതികൾ**

വത്സലയുടെ രചനാലോകം വലുതാണ്. നോവലുകളും നോവലെറ്റുകളും കഥാസമാഹാരങ്ങളും ജീവചരിത്രവും യാത്രാവിവരണവും ബാലസാഹിത്യകൃതികളുമുൾപ്പെടെ അമ്പതിലധികം കൃതികൾ അവരുടേതായുണ്ട്. അധഃസ്ഥിതന്റേയും സ്ത്രീയുടെയും പ്രകൃതിയുടെയും പക്ഷത്തു നിലയുറപ്പിച്ച കൃതികളാണിവയെന്ന് സാമാന്യമായി പറയാം.

നവോത്ഥാനകാലം മുതലാരംഭിക്കുന്ന അധഃസ്ഥിത വിഭാഗത്തിന്റെ ശബ്ദം പുതിയ കാലത്ത് വത്സലക്കൃതികളിൽ കാണാം. ആധുനികതയുടെ പ്രത്യയശാസ്ത്രങ്ങൾ സ്ത്രീയേയും പ്രകൃതിയേയും അധഃസ്ഥിതനേയും അവഗണിക്കുകയാണ് ചെയ്തത്. കീഴാളന്റെ വിശപ്പ്, സ്വപ്നം, പ്രേമം, പക, പ്രതീക്ഷ ഇവയെല്ലാം വത്സല ചിത്രീകരിക്കുന്നു. സാമ്പ്രദായികരീതികൾക്കപ്പുറത്തുനിന്നുകൊണ്ട് സ്ത്രീയനുഭവങ്ങൾ പകർത്തുന്നു. പ്രകൃതിയുടെ സാന്നിധ്യം രചനകളിൽ നിറഞ്ഞുനിൽക്കുന്നു.

**നോവലുകൾ***

തകർച്ച (1968), തൃഷ്ണയുടെ പൂക്കൾ (1971), നെല്ല് (1972), ആഗ്നേയം (1974), നിഴലുറങ്ങുന്നവഴികൾ (1975), ഗ്രീഷ്മത്തിലെ മഴ (1976), അരക്കില്ലം (1977), വേനൽ(1979), കനൽ(1979), നമ്പരുകൾ(1980), പാളയം(1981), കൂമൻകൊല്ലി(1984), ഗൗതമൻ(1986), ആരും മരിക്കന്നില്ല(1988), ചാവേർ(1991), റോസ്മേരിയുടെ ആകാശങ്ങൾ(1993), വിലാപം(1997).മേല്പാലം (2007)

**നോവലെറ്റുകൾ**

തിരക്കിൽ അല്പ സമയം(1969), പേമ്പി(1969), ഉച്ചയുടെ നിഴൽ(1976), പഴയ പുതിയ നഗരം(1979), അനുപമയുടെ കാവൽക്കാരൻ(1980), ആന വേട്ടക്കാരൻ(1982), ഉണിക്കോരൻ ചതോപാദ്ധ്യായ(1985)

**കഥാസമാഹാരങ്ങൾ**

അന്നാമേരിയെ നേരിടാൻ(1988), കറുത്ത മഴ പെയ്യുന്ന താഴ്വര(1988), ചാമുണ്ഡിക്കുഴി (1989), കോണിച്ചോട്ടിലെ മുറിയിൽ വെളിച്ചം(1991), അരുന്ധതി കരയുന്നില്ല(1991), പംഗുരു പുഷ്പത്തിന്റെ തേൻ(1996), പോക്കുവെയിൽ പൊൻവെയിൽ.

**ബാലസാഹിത്യം**

ഉഷാറാണി, പുലിക്കുട്ടൻ.

സ്ത്രീ ജീവിതത്തെ കേന്ദ്രപ്രമേയമാക്കുന്ന നോവലുകൾ മലയാളത്തിൽ അധികമില്ല. ഉള്ളവയാകട്ടെ പരമ്പരാഗതമായ സ്ത്രീ സങ്കല്പങ്ങളെ പുനരുല്പാദിപ്പിക്കുന്നവയുമാണ്. അമിതമായി ആദർശവൽക്കരിക്കപ്പെട്ടതോ നിന്ദ്യമായി തരംതാഴ്ത്തപ്പെട്ടതോ ആയ സ്ത്രീ ബിംബങ്ങളെയാണിവ സൃഷ്ടിച്ചത്. ഗാർഹിക കുടുംബഘടനക്കുള്ളിലെ സ്ത്രീയാണ് ഏറ്റവുമധികം ചിത്രീകരിക്കപ്പെട്ടത്. സ്ത്രീ ജീവിതവും പൊതുമണ്ഡലവും തമ്മിൽ ബന്ധപ്പെടുത്തുന്ന ധീരവും ശക്തവുമായ രചനകൾ ഇല്ലെന്നു തന്നെ പറയാം. ഭാര്യ, കാമുകി, അമ്മ, പെങ്ങൾ എന്നീ നിലകളിൽ കുലീനതയും ബഹുമാന്യതയും കല്പിച്ച് അവതരിപ്പിക്കപ്പെട്ട കഥാപാത്രങ്ങൾ നിരവധിയുണ്ട്.

മലയാളസാഹിത്യത്തിന്റെ മുഖ്യധാര പുരുഷന്മാരുടേതായതിനാൽ പുരുഷരചനകളിലാണ് ഇത്തരം ടൈപ്പ് കഥാപാത്രങ്ങൾ ധാരാളം ഉള്ളത്. പുരുഷന്റെ അഭീഷ്ടമനുസരിച്ചുള്ള സൃഷ്ടികളായതിനാൽ സ്ത്രീയുടെ യഥാർത്ഥ ജീവിതാവസ്ഥയോ, വിമോചനാഭിലാഷങ്ങളോ ഇവയിൽ ആവിഷ്കരിക്കപ്പെടാതെ പോയി. മലയാളത്തിലെ വനിതാ

* കൃതികളുടെ വിശദമായ വിവരണം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.

നോവലിസ്റ്റുകളാണ് സ്ത്രീ ജീവിതത്തെ കേന്ദ്രപ്രമേയമാക്കാനും സ്ത്രീയടിമത്തത്തിന്റെ ഗാർഹികവും സാമൂഹ്യവുമായ തലങ്ങളെ അനാവരണം ചെയ്യാനും മുതിർന്നത്. കെ. സരസ്വതിയമ്മ, ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി, സാറാജോസഫ് എന്നിവർ ലിംഗപരമായ വിവേചനത്തെ സ്ത്രീയുടെ രണ്ടാം കിട സ്ഥാനത്തിന് കാരണമായി തിരിച്ച റിയുകയും അതിനെതിരെ രചനകളിൽ പ്രതിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ടി.എ. രാജലക്ഷ്മി, പി. ആർ ശ്യാമള, സാറാതോമസ് എന്നിവരും സ്ത്രീയനുഭവത്തിന്റെ വ്യത്യസ്ത മുഖങ്ങൾ അവിഷ്കരിച്ചിട്ടുണ്ട്.

സ്ത്രീ ജീവിതത്തെ അതിന്റെ വൈവിധ്യങ്ങളോടെ ആവിഷ്കരിച്ച നോവലിസ്റ്റാണ് പി.വത്സല. സ്ത്രീ അവരുടെ നോവലുകളിലെ കേന്ദ്ര കഥാപാത്രവും സ്ത്രീ ജീവിതം കേന്ദ്ര പ്രമേയവുമാകുന്നുണ്ട്. കേവലമായി ഉദാത്തവൽക്കരിച്ച കഥാപാത്രങ്ങളെയോ ജീവി ത സന്ദർഭങ്ങളെയോ അവരുടെ നോവലുകളിൽ കണ്ടെത്താനാവില്ല.

രചനാസങ്കേതത്തിലും സാമൂഹികബോധത്തിലും നവോത്ഥാനകാല നോവലി സ്റ്റുകളുടെ തുടർച്ചയാണ് വത്സല. വത്സലയുടെ രചനാശൈലി കാല്പനിക റിയലിസ ത്തോട് അടുത്തു നിൽക്കുന്നു. ആവിഷ്കാരസങ്കേതം റിയലിസത്തിലൂന്നുന്നു. അനുഭൂതി തലവും വിചാരതലവും സമന്വയിപ്പിക്കുന്ന ഭാഷയിലാണ് അവർ എഴുതുന്നത്. ആദി മധ്യാന്തപ്പൊരുത്തമുള്ള റിയലിസത്തിന്റെ ഘടനയാണ് നോവലുകൾക്കുള്ളത്. അനുഭ വങ്ങളുടെയും സംഭവങ്ങളുടേയും ക്രമബദ്ധമായ വികാസപരിണാമം നോവലുകളിലുണ്ട്.

ഗ്രാമ-നഗര പശ്ചാത്തലത്തിലെഴുതപ്പെട്ട നോവലുകളിലെല്ലാം സ്ത്രീജീവിതത്തിന്റെ അടിസ്ഥാനപരമായ പരാധീനത വെളിപ്പെടുന്നു. സ്ത്രീയായതുകൊണ്ടുമാത്രം അനുഭവി ക്കേണ്ടി വരുന്ന പരാധീനതകളാണവ. പുരുഷ മൂല്യവ്യവസ്ഥക്ക് എതിരായാണ് അവ വിരൽചൂണ്ടുന്നത്. ഫ്യൂഡൽ അർദ്ധഫ്യൂഡൽ സാമൂഹികക്രമങ്ങൾ വത്സലയുടെ ചില നോവലുകളിലെ പശ്ചാത്തലമായി വരുന്നുണ്ട്. അടിസ്ഥാനവർഗ്ഗത്തിലേയും മധ്യവർഗ്ഗ ത്തിലേയും സ്ത്രീകൾ ഇതിൽ കടന്നുവരുന്നു. വ്യത്യസ്ത രാഷ്ട്രീയ വ്യവസ്ഥകളും സാമൂ ഹികാവസ്ഥകളും സ്ത്രീയെ എങ്ങനെ പരിഗണിക്കുന്നു എന്നതിന്റെ സൂക്ഷ്മമായ ആവി ഷ്കാരം വത്സലയുടെ നോവലുകളിൽ കാണാം.

### സ്ത്രീ ജീവിതത്തിന്റെ അകവും പുറവും

ഗാർഹിക ചുറ്റുപാടുകളുമായി കെട്ടുപിണഞ്ഞു കിടക്കുകയാണ് സ്ത്രീയുടെ ജീവി തം. ഗാർഹിക മണ്ഡലത്തിൽ സ്ത്രീയെ പിടിച്ചു നിർത്താനാവശ്യമായ പ്രത്യയശാസ്ത്ര ങ്ങൾ പുരുഷമൂല്യവ്യവസ്ഥ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു. പെങ്ങൾ, കാമുകി, ഭാര്യ, അമ്മ എന്നീ നിലകളിൽ സ്ത്രീയെ ആദർശവൽക്കരിക്കുന്നത് ഇതിന്റെ ഭാഗമാണ്. കുടും ബഘടനക്കകത്തു മാത്രം സ്ത്രീക്കു നിൽക്കേണ്ടിവരുന്നത് പൊതുമണ്ഡലം നിഷേധി

ക്കപ്പെടുന്നതുകൊണ്ടാണ്. സാമൂഹ്യജീവിതത്തിൽ പൊതുമണ്ഡലം പുരുഷന്റെതായും ഗാർഹികമണ്ഡലം സ്ത്രീയുടേതായുമാണ് പകുക്കപ്പെട്ടിരിക്കുന്നത്.

വത്സലയുടെ നോവലുകൾ സ്ത്രീ ജീവിതത്തിന്റെ അകവും പുറവും ചിത്രീകരിക്കുന്നു. ഗാർഹിക ചുറ്റുപാടുകൾക്കുള്ളിൽ സ്ത്രീയനുഭവിക്കുന്ന യാതനയുടേയും സഹനത്തിന്റെയും അവയോടുള്ള പ്രതിഷേധത്തിന്റെയും ആവിഷ്കാരങ്ങൾ അരക്കില്ലം, നമ്പരുകൾ, നിഴലുറങ്ങുന്നവഴികൾ, ആരുംമരിക്കുന്നില്ല, തകർച്ച എന്നീ നോവലുകളിലുണ്ട്. പൊതുമണ്ഡലത്തിലെത്തുന്ന സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ, റോസ്മേരിയുടെ ആകാശങ്ങളിൽ കാണാം. പാളയം, മേല്പാലം എന്നീ നോവലുകൾ ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ ജീവിതമാണ് അവതരിപ്പിക്കുന്നത്.

### സ്ത്രീ സ്വത്വബോധത്തിന്റെ പ്രകാശനം

സ്ത്രീയുടെ സ്ഥാനം പുരുഷനുമായി ബന്ധപ്പെടുത്തി മാത്രം നിർണയിക്കുക എന്നതാണ് പുരുഷമേധാവിത്ത സമൂഹത്തിന്റെ രീതി. പുരുഷന്റെ താല്പര്യത്തിനുസരിച്ച് രൂപപ്പെടുകയും നിലനിൽക്കുകയും ചെയ്യുന്ന വസ്തു എന്ന നില സ്ത്രീയുടെ സ്വത്വബോധത്തിന് തടസ്സം നിലക്കുന്നു. പുരുഷാധിഷ്ഠിത വീക്ഷണങ്ങൾക്കു കീഴ്പെടുന്നതുകൊണ്ട് തന്റെതായ നില കണ്ടെത്താൻ സ്ത്രീക്കു കഴിയാതെ വരുന്നു. വത്സലയുടെ നോവലുകളിൽ സ്ത്രീ സ്വത്വബോധത്തിന്റെ വികാസപരിണാമങ്ങൾ കാണാം. വിവാഹം, ദാമ്പത്യം എന്നീ കാര്യങ്ങളിൽ സ്വന്തം ഇച്ഛക്കു പ്രാധാന്യം കൊടുക്കുന്ന കഥാപാത്രങ്ങൾ നോവലിലുണ്ട്. കുടുംബഘടനയെ ഭേദിച്ച് വീടുവിട്ടുപോകുന്നവരും ഉണ്ട്. പുരുഷവ്യവസ്ഥയുടെ ചതിക്കുഴികളിലകപ്പെട്ടു പോകുന്നതിന്റെ ഉൽക്കണ്ഠകളും ഉദ്വിഗ്നതകളും സ്ത്രീ കഥാപാത്രങ്ങൾ പങ്കുവയ്ക്കുന്നു.

### ലക്ഷ്യവും പ്രസക്തിയും

മലയാളത്തിലെ പ്രമുഖ എഴുത്തുകാരിയായ പി. വത്സലയുടെ നോവലുകളെ ഫെമിനിസ്റ്റു സാഹിത്യവിമർശനത്തിന്റെ മാനദണ്ഡങ്ങളുപയോഗിച്ചു പഠിക്കാനാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. മലയാളത്തിലെ വിമർശനരംഗം വത്സലയുടെ നോവലുകളെ അർഹിക്കുന്ന വിധത്തിൽ പരിഗണിച്ചിട്ടില്ല. ഫെമിനിസ്റ്റു സാഹിത്യവിമർശനം മലയാളത്തിൽ വേണ്ടത്ര വികാസം പ്രാപിച്ചിട്ടുമില്ല. എഴുത്തിലെ സ്ത്രൈണമുദ്രകളും സ്ത്രീജീവിതാവിഷ്കാരത്തിലെ വൈവിധ്യവും വത്സലയുടെ കൃതികളെ ശ്രദ്ധേയമാക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ പഠനം പ്രസക്തമാകുന്നത്.

### പൂർവ്വ പഠനങ്ങൾ

ഫെമിനിസ്റ്റു സാഹിത്യവിമർശനത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് വത്സലയുടെ

നോവലുകളെ പഠിക്കാനുള്ള സമഗ്രമായ ശ്രമം ഉണ്ടായിട്ടില്ല. ഒറ്റയൊറ്റയായ ചില പഠനങ്ങളും ലേഖനങ്ങളും മാത്രമേയുള്ളൂ. "ചാവേറിന്റെ സൂചനകൾ" എന്ന ആസാദിന്റെ(1992) ലേഖനം ചാവേർ എന്ന നോവലിനെ മുൻനിർത്തിയുള്ള മാർക്സിയൻ വിശകലനമാണ്. ജന്മി-കുടിയാൻ കുടുംബങ്ങളുടെ ഘടന മുൻനിർത്തി നോവലിലെ സ്ത്രീപുരുഷ വൈരുദ്ധ്യങ്ങളെ പരിശോധിക്കാനുള്ള ഒരു ശ്രമവും അതിലുണ്ട്. ഏ. വി. പവിത്രന്റെ(1996) 'സത്യത്തിന്റെ തെളിവുകൾ' എന്ന ലേഖനം വത്സലയുടെ നോവലുകളിലെ പ്രമേയത്തെ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. എം. ലീലാവതിയുടെ(1999) 'വത്സലയുടെ നെല്ല്' എന്ന ലേഖനവും സ്ത്രീപക്ഷവീക്ഷണം പുലർത്തുന്നില്ല. പി. എ പുഷ്പലതയുടെ(1998) 'സോഷ്യലിസ്ററു ഫെമിനിസം' പി. വത്സലയുടെ നോവലുകളിൽ എന്ന ലേഖനം സ്ത്രീപക്ഷപരമെങ്കിലും ഉപരിപ്ലവമാണ്.

വത്സലയുടെ കഥകളെ സ്ത്രീപക്ഷവീക്ഷണത്തോടെ വിലയിരുത്തിയ ലേഖനങ്ങളിൽ പ്രധാനം ഇ. പി. രാജഗോപാലന്റെ (1996) "വത്സലക്കഥകളിലെ പെൺനിലകൾ" ആസാദിന്റെ (1992) "സാമൂഹികാവസ്ഥയുടെ മുഖചിത്രങ്ങൾ", പി. ഗീതയുടെ (1997) "സ്ത്രീ കഥകളിലെ ഭ്രാന്തിന്റെ പാരായണ വൈചിത്ര്യങ്ങൾ" എന്നിവയാണ്. വത്സലയുടെ നോവലുകളിലെ സവിശേഷതകൾ അവയിലെ സ്ത്രൈണസ്വപ്നങ്ങൾ, യാഥാർത്ഥ്യങ്ങൾ, വിമോചനാഭിലാഷങ്ങൾ, പുരുഷപ്രത്യയശാസ്ത്രവുമായുള്ള വൈരുദ്ധ്യങ്ങൾ കലാപങ്ങൾ ഇവയൊന്നും അന്വേഷിക്കപ്പെട്ടിട്ടില്ല.

**ആകരസാമഗ്രികൾ**

പഠനവിധേയമാക്കുന്ന വത്സലയുടെ നോവലുകളാണ് പ്രാഥമിക ആകരങ്ങൾ. 17 നോവലുകൾ അവരുടേതായുണ്ട്. സ്ത്രീ ജീവിതത്തെ ശക്തവും സൂക്ഷ്മവുമായി അവതരിപ്പിക്കുന്ന നോവലുകളെയാണ് ഇവിടെ പരിഗണിക്കുന്നത്. തകർച്ച (1968), നെല്ല് (1972), ആഗ്നേയം (1974), നിഴലുറങ്ങുന്നവഴികൾ (1975), അരക്കില്ലം (1977), നമ്പരുകൾ(1980), പാളയം(1981), കൂമൻകൊല്ലി(1984), ഗൗതമൻ(1986), ആരുംമരിക്കുന്നില്ല(1988), ചാവേർ(1991), റോസ്മേരിയുടെ ആകാശങ്ങൾ(1993), വിലാപം(1997) മേൽപ്പാലം(2007) എന്നിവയാണവ. ഫെമിനിസ്റ്റ് സാഹിത്യനിരൂപണത്തിന്റെ രീതിശാസ്ത്രവും ചരിത്രവും പ്രതിപാദിക്കുന്ന ഇംഗ്ലീഷുഗ്രന്ഥങ്ങളും മലയാളഗ്രന്ഥങ്ങളും പ്രാഥമിക ആകരത്തിലുൾപ്പെടുന്നു. എ. കെ. രാമകൃഷ്ണൻ, കെ. എം. വേണുഗോപാൽ എന്നിവർ ചേർന്നു തയ്യാറാക്കിയ *സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം*(1989) ആണ് ഫെമിനിസത്തെ മലയാളത്തിൽ പരിചയപ്പെടുത്തിയ ആദ്യഗ്രന്ഥം. സച്ചിദാനന്ദൻ(1990) എഡിറ്റു ചെയ്ത സ്ത്രീപഠനങ്ങൾ ജാനകിയും ഡോക്ടർ ഗോപിനാഥും ചേർന്നു വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിയ *ഫെമിനിസ്റ്റു സൗന്ദര്യശാസ്ത്രം*(1994) എന്നീ കൃതികളും പ്രധാനമാണ്. വത്സലയുടെ കൃതികളെക്കുറിച്ചുള്ള പഠനങ്ങളും ലേഖനങ്ങളുമാണ് ദ്വിതീയാകരങ്ങൾ.

**പ്രബന്ധസ്വരൂപം**

പ്രബന്ധം ആറ് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. **ഫെമിനിസ്റ്റ് സാഹിത്യവിമർശത്തിന്റെ രീതി ശാസ്ത്രം** ആണ് ആദ്യ അധ്യായം. ഫെമിനിസ്റ്റ് സാഹിത്യസങ്കല്പങ്ങളും നിരൂപണത്തിന്റെ രീതിശാസ്ത്രവും വിശദീകരിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

**സാഹിത്യത്തിലെ സ്ത്രീയും സ്ത്രീസാഹിത്യവും മലയാളത്തിൽ** എന്നതാണ് രണ്ടാമധ്യായം. മലയാളസാഹിത്യത്തിൽ വിവിധ ആഖ്യാനരൂപങ്ങളിൽ പ്രത്യക്ഷപ്പെട്ട സ്ത്രീബിംബങ്ങളുടെ സവിശേഷതകൾ ഈയധ്യായത്തിൽ വിലയിരുത്തുന്നു. സാഹിത്യചരിത്രത്തിൽ നിന്ന് മാറ്റി നിർത്തപ്പെടുകയോ, അവഗണിക്കപ്പെടുകയോ ചെയ്ത് സ്ത്രീ എഴുത്തുക്കാരെയും, അവരുടെ രചനകളെയും കണ്ടെത്തി സ്ത്രീകളുടേതായ സാഹിത്യ ചരിത്രം നിർമ്മിക്കാനുള്ള സാധ്യതകൾ അന്വേഷിക്കുകയും ചെയ്യുന്നു ഈയധ്യായത്തിൽ.

എഴുത്തുകാരൻ/കാരി തെരഞ്ഞെടുക്കുന്ന പ്രമേയവും ആവിഷ്കരണത്തിന്റെ പശ്ചാത്തലവും കൃതികളെ വിലയിരുത്തുന്നതിന് സഹായകമാണ്. ഫ്യൂഡൽ-അർദ്ധ ഫ്യൂഡൽ മുതലാളിത്ത സാമൂഹിക വ്യവസ്ഥകളും ഗ്രാമ നഗര പശ്ചാത്തലവും വത്സലയുടെ നോലവുകളിലുണ്ട്. കുടുംബബന്ധങ്ങളും സാമൂഹ്യപ്രശ്നങ്ങളും വത്സലയുടെ നോവലിന്റെ പ്രമേയങ്ങളാണ്. വത്സലയുടെ നോവലുകളിലെ പ്രമേയവും പശ്ചാത്തലവും അനുസരിച്ച് അവയെ തരംതിരിക്കുന്നതാണ് **വത്സലയുടെ നോവലുകൾ പ്രമേയവും പശ്ചാത്തലവും** എന്ന മൂന്നാമധ്യായം.

സ്ത്രീജീവിതം വൈവിധ്യങ്ങളോടെ വത്സലയുടെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നു. നോവലുകളിലെ സ്ത്രീ കഥാപാത്രങ്ങളെ പ്രത്യേകമായെടുത്ത് വിശകലനം ചെയ്യുകയാണ് നാലാമധ്യായത്തിൽ. **വത്സലയുടെ നോവലുകളിലെ സ്ത്രീജീവിത ചിത്രീകരണം** എന്നതാണ് ഈ അധ്യായത്തിന് പേര്.

**സ്ത്രീയനുഭവങ്ങളുടെ വർണ്ണ വർഗ്ഗ ലിംഗതലങ്ങൾ** എന്നതാണ് അഞ്ചാമധ്യായം. വ്യക്തിയും സമൂഹവും തമ്മിലുള്ള ഇടപെടലുകൾക്ക് വർഗ്ഗപരവും വർണ്ണപരവും ലിംഗപരവുമായ തലങ്ങളുണ്ട്. ഈ മൂന്നു തലങ്ങളും നോവലുകളിലെ സ്ത്രീജീവിതത്തെ സവിശേഷമായി ബാധിക്കുന്നതെങ്ങനെയെന്ന് നിരീക്ഷിക്കുകയാണ് അഞ്ചാമധ്യായത്തിൽ ചെയ്യുന്നത്. മുൻ അധ്യായങ്ങളിലെ നിഗമനങ്ങൾ ക്രോഡീകരിക്കുന്നതാണ് ആറാമധ്യായം.

*പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന ഉദ്ധരണികൾക്കൊപ്പം **ബ്രാക്കറ്റിൽ ഗ്രന്ഥകാരന്റെ പേര്: പുസ്തകം പ്രസിദ്ധീകരിച്ച വർഷം: പേജ് നമ്പർ** എന്ന രീതിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഓരോ അധ്യായത്തിനുംശേഷം ഇവയെ സൂചിപ്പിക്കുന്ന കുറിപ്പുകൾ കൊടുത്തിരിക്കുന്നു.*

# കുറിപ്പുകൾ

## ആമുഖം

| | | |
|---|---|---|
| സിഗ്രിഡ് വെയ്ഗൽ | 1994 | "ഇടംകണ്ണുകൊണ്ടുള്ള നോട്ടം", *ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം*, തൃശൂർ: ബുക് വേം. |
| സച്ചിദാനന്ദൻ | 1996 | "മുടിത്തെയ്യങ്ങൾ" മുഹൂർത്തങ്ങൾ കോട്ടയം: ഡി സി ബുക്സ്. |
| കേരളകൗമുദി | 1998 | "നെല്ലിന്റെ കഥാകാരിയ്ക്ക് അറുപത്, വത്സലയുമായി അഭിമുഖം", പ്രദീപ് മാനന്തവാടി, സെപ്തം.13 |
| കുങ്കുമം വാരിക | 1999 | "ഫെമിനിസത്തിന് അങ്ങാടിവില മാത്രം", അഭിമുഖം, പ്രിയാജോസ് കൊച്ചുകളത്തിൽ, ആഗസ്റ്റ് 12 |

**അധ്യായം ഒന്ന്**

# ഫെമിനിസ്റ്റ് സാഹിത്യവിമർശനത്തിന്റെ രീതിശാസ്ത്രം

1.1. : ഫെമിനിസ്റ്റ് സിദ്ധാന്തവും ചരിത്രവും

1.1.1. : റാഡിക്കൽ ഫെമിനിസം

1.1.2. : ലിബറൽ ഫെമിനിസം

1.1.3. : റാഡിക്കൽ ലെസ്ബിയനിസം

1.1.4. : സാംസ്ക്കാരിക ഫെമിനിസം

1.1.5. : മാർക്സിസ്റ്റ് ഫെമിനിസം

1.1.6. : സോഷ്യലിസ്റ്റ് ഫെമിനിസം

1.2. : ഫെമിനിസത്തിന്റെ സമകാലികമുഖം

1.3. : ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം

1.4. : ഫെമിനിസ്റ്റ് കലയുടെ തത്വശാസ്ത്രവും സൗന്ദര്യശാസ്ത്രവും

1.4.1. : ഗൈനെസിസ്

1.4.2. : ജെന്റർ തിയറി

1.5. : ഫെമിനിസ്റ്റ് സാഹിത്യവിമർശനം

1.5.1. : ആംഗ്ലോ അമേരിക്കൻ ഫെമിനിസ്റ്റ് സാഹിത്യവിമർശനം

1.5.2. : ഫ്രെഞ്ച് ഫെമിനിസ്റ്റ് സാഹിത്യവിമർശനം

1.6. : സ്ത്രീരചനയും സ്ത്രീശരീരശാസ്ത്രവും

1.7. : സ്ത്രീരചനയും സ്ത്രീഭാഷയും

1.8. : സ്ത്രീരചനയും സ്ത്രീമനശ്ശാസ്ത്രവും

1.9. : സ്ത്രീരചനയും സ്ത്രീസംസ്കാരവും

1.10. : ഫെമിനിസ്റ്റ് സാഹിത്യവും സ്ത്രീരചനയും

1.11. : ഫെമിനിസ്റ്റ് പാഠം

ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ, അവയുടെ സൈദ്ധാന്തിക നിലപാടുകൾ എന്നിവ സാമാന്യമായും ഫെമിനിസ്റ്റ് സാഹിത്യവിമർശനത്തിന്റെ രീതിശാസ്ത്രത്തെ സവിശേഷ മായും പ്രതിപാദിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

സ്ത്രീവിമോചനമെന്ന ലക്ഷ്യത്തെ കേന്ദ്രപ്രചോദനമാക്കുന്ന ആശയസമുച്ചയമാണ് ഫെമിനിസം അഥവാ സ്ത്രീവാദം. ഒരു മർദ്ദിതവിഭാഗമെന്ന നിലയിൽ സ്ത്രീകൾ ബോധ പൂർവ്വം സംഘംചേരുകയും രാഷ്ടീയബൗദ്ധികപ്രവർത്തനങ്ങളിലൂടെയും സമരങ്ങളിലൂ ടെയും നിലനിൽക്കുന്ന ലിംഗബന്ധങ്ങളെ സമത്വപൂർണ്ണമായി പുതുക്കിപ്പണിയുകയും ചെയ്യുക എന്നതിലാണ് ഫെമിനിസം ശ്രദ്ധയൂന്നുന്നുത്.

മാർക്സിസത്തിൽ ആരോപിതമായ പരിമിതികളിൽ നിന്നാണ് സ്ത്രീകളുടെ സവി ശേഷമർദ്ദിതാവസ്ഥയെ വ്യാഖ്യാനിക്കുന്ന ഫെമിനിസ്റ്റു സിദ്ധാന്തങ്ങൾ രൂപപ്പെട്ടത്. അധി കാരഘടനയെ വിശകലനം ചെയ്യുന്ന മാർക്സിയൻ സംവർഗ്ഗങ്ങൾക്കു ബദലായി പുരു ഷാധിപത്യത്തെ വ്യാഖ്യാനിക്കുന്ന സംവർഗ്ഗങ്ങൾ ഫെമിനിസ്റ്റുകൾ ആവിഷ്കരിച്ചു. പുരു ഷാധിപത്യം എന്നത് സ്ത്രീയുടെമേൽ പുരുഷൻ ചെലുത്തുന്ന അധികാരത്തിന്റെ എല്ലാ രൂപഭേദങ്ങളെയും കുറിക്കുന്നു. പുരുഷമേധാവിത്തത്തെ ആൻഡ്രിയൻ റിച്ച് വ്യാഖ്യാനി ക്കുന്നത് ഇങ്ങനെയാണ്.

“പുരുഷാധികാരമെന്നാൽ പിതാക്കന്മാരുടെ അധികാരമാണ്. ബലപ്രയോഗം കൊണ്ടും നേരിട്ട് സമ്മർദ്ധം കൊണ്ടും അല്ലെങ്കിൽ അനുഷ്ഠാനം, പാരമ്പര്യം, നിയമം എന്നിവകൊണ്ടും ഒപ്പം ഭാഷ, ആചാരങ്ങൾ, മര്യാദ, വിദ്യാഭ്യാസം അധ്വാനവിഭജനം എന്നി വകൊണ്ടും സ്ത്രീകളുടെ പങ്കിനെ പുരുഷന്മാർ നിർണയിക്കുന്ന കുടുംബപരമായ സാമൂ ഹികമായ പ്രത്യയശാസ്ത്രപരമായ രാഷ്ട്രീയ വ്യവസ്ഥ. ഇതിൽ എല്ലായിടത്തും സ്ത്രീ പുരുഷനു കീഴ്പെട്ടിരിക്കുന്നു.” (A. Rich 1976:55)

ലിംഗപരമായ വിവേചനത്തെ സ്ത്രീയുടെ സവിശേഷമായ അടിമത്തത്തിനു കാര

ണമായി ഫെമിനിസ്റ്റുകൾ വിലയിരുത്തുന്നു. പരിഷ്കരണ പ്രസ്ഥാനങ്ങളായാണ് ആരംഭിച്ചതെങ്കിലും സ്ത്രീവാദരാഷ്ട്രീയം സാമൂഹികപരിഷ്കരണമോ ജീവകാരുണ്യ പ്രവർത്തനമോ അല്ലെന്ന തിരിച്ചറിവോടെയാണ് അതിന്റെ സൈദ്ധാന്തികവും ദാർശനികവുമായ അടിത്തറ ഉറപ്പിച്ചത്.

### 1.1. സിദ്ധാന്തവും ചരിത്രവും

ഫെമിനിസ്റ്റുചിന്തയുടെ ആദ്യഘട്ടങ്ങളിൽ പ്രയോഗിക്കപ്പെട്ട പല സങ്കല്പങ്ങളും ലളിതവൽക്കരണങ്ങളായിരുന്നു. ജാതിമത സംസ്കാരികാന്തരങ്ങൾക്കു പരിയായി സ്ത്രീകളെ ഏകവർഗ്ഗമായി സങ്കല്പിച്ചത് അതിലൊന്നാണ് 20-ാം നൂറ്റാണ്ടിലെ രണ്ടാംതരംഗ സ്ത്രീവാദം ശക്തിപ്പെടുന്നത് 1960കൾക്കൊടുവിലാണ്. വ്യത്യസ്ത സൈദ്ധാന്തിക രാഷ്ട്രീയ നിലപാടുകൾ അംഗീകരിക്കുന്ന അനേകം സ്ത്രീവാദങ്ങൾ ഇക്കാലത്തു രൂപപ്പെട്ടു. ലിബറൽ ഫെമിനിസവും, റാഡിക്കൽ ഫെമിനിസവും, സോഷ്യലിസ്റ്റു മാർക്സിസ്റ്റു ഫെമിനിസ്റ്റു ധാരകളും ഇതിൽ പ്രധാനമാണ്.

"The unhappy marriage of maxism and feminism" എന്ന ലേഖനത്തിൽ Heidi Hart Mann സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങളുടെ പ്രത്യേകതകൾ വെളിപ്പെടുത്താൻ ഫെമിനിസ്റ്റ് അപഗ്രഥനത്തിനേ കഴിയൂ എന്നഭിപ്രായപ്പെടുന്നു. ചരിത്രപരമായ വികാസ നിയമങ്ങളെക്കുറിച്ച് പ്രത്യേകിച്ചും മുതലാളിത്തത്തെക്കുറിച്ച് സവിശേഷമായ ഉൾക്കാഴ്ചകൾ നല്കുന്നുണ്ടങ്കിലും മാർക്സിസത്തിന്റെ സംവർഗ്ഗങ്ങൾ ലിംഗഭേദത്തെ പരിഗണിക്കുന്നില്ല. (Ellie lie 1996: 89)

ഫെമിനിസ്റ്റു പ്രസ്ഥാനങ്ങൾ ആദ്യകാലത്ത് പരിഷ്കരണ പ്രസ്ഥാനങ്ങളായാണ് ആരംഭിച്ചത്. അവസരസമത്വത്തിനും തുല്യാവകാശങ്ങൾക്കുമായി അവ നിലകൊണ്ടു. 18 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സംഘടിത സ്ത്രീ പ്രസ്ഥാനങ്ങൾ രൂപപ്പെടുന്നുണ്ട്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ 1789ലെ ഫ്രഞ്ചുവിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളായിരുന്നു. സ്ത്രീകൾ, തൊഴിലാളികൾ, നീഗ്രോ അടിമകൾ തുടങ്ങി എല്ലാ ചൂഷിത വിഭാഗങ്ങളുടെയും മുദ്രാവാക്യമായി പിന്നീടതു മാറി. വ്യക്തിപരമായ നിലയിൽ സ്ത്രീവിമോചനാശയങ്ങൾ ഉന്നയിച്ചവരിൽ പ്രധാനികളാണ് ക്രിസ്റ്റൻ ഡി വിസാൻ(15-ാം നൂറ്റാണ്ട്)പോസ്സോഡിഫോർസി(16-ാം നൂറ്റാണ്ട്)മേരി ലെ ജാൻസ് ഡി ഗുർനെ(17-ാം നൂറ്റാണ്ട്)ആനിബ്രാഡ് സ്ട്രീറ്റ്, പൗലേൻ ഡിലാബാരേ(17-ാം നൂറ്റാണ്ട്)മേരി വുൾസ്സൻ ക്രാഫ്റ്റ് തുടങ്ങിയവർ.

അടിമജീവിതവുമായുള്ള താദാത്മ്യമായിരുന്നു ആദ്യകാല ഫെമിനിസ്റ്റു പ്രസ്ഥാനത്തിന്റെ അന്തഃസത്ത. അടിമവിരുദ്ധപ്രസ്ഥാനത്തിനു സമാനമായാണ് സ്ത്രീകളുടെ അവകാശങ്ങൾക്കായുള്ള പ്രസ്ഥാനവും രൂപംകൊള്ളുന്നത്. സാമ്പത്തികവും

സാംസ്കാരികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ തുല്യതയ്ക്കായാണ് രണ്ടും നിലകൊണ്ടത്. ആദ്യകാല സ്ത്രീ വിമോചനപ്രസ്ഥാനത്തിന്റെ കേന്ദ്രം അമേരിക്കയായി രുന്നു. 1848 ൽ സെനക്കാഫാൾസിൽ ചേർന്ന സ്ത്രീ സമ്മേളനം സുപ്രധാനമാണ്.

വിവാഹിതകൾക്കുള്ള സ്വത്തവകാശം, സ്ത്രീ വിദ്യാഭ്യാസം, തൊഴിലവകാശം, വോട്ടവകാശം തുടങ്ങിയവയായിരുന്നു സമ്മേളനത്തിലെ പ്രഖ്യാപനങ്ങൾ. 1920ൽ സ്ത്രീ വോട്ടവകാശം അംഗീകരിക്കപ്പെടുന്നതോടെ പ്രസ്ഥാനം പിൻവാങ്ങി. സ്വീഡനിലും ഡെൻമാർക്കിലും സാമ്പത്തികാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും ഫ്രാൻസിലും നോർവെയിലും ദേശീയപോരാട്ടങ്ങളുമായി ബന്ധപ്പെട്ടുമാണ് ഫെമിനിസ്റ്റു പ്രസ്ഥാനത്തിന്റെ ആരംഭം.

പത്തൊമ്പത്താം നൂറ്റാണ്ടിൽ രൂപംകൊണ്ട ഫെമിനിസ്റ്റു പ്രസ്ഥാനങ്ങൾ ഉപരി വർഗ്ഗ മദ്ധ്യവർഗ്ഗ സ്ത്രീകൾക്കു പ്രാമുഖ്യമുള്ളവയായിരുന്നു. വർഗ്ഗവൈരുദ്ധ്യങ്ങളേയും സവിശേഷതകളേയും അവ തിരിച്ചറിഞ്ഞില്ല. വർഗ്ഗപരമായ സങ്കീർണ്ണതകളാണ് ആദ്യ കാല ഫെമിനിസ്റ്റു പ്രസ്ഥാനത്തിന്റെ പ്രതിസന്ധിയായിത്തീർന്നത്. അക്കാലത്തെ സോഷ്യ ലിസ്റ്റു പ്രസ്ഥാനങ്ങൾ മർദ്ദിത ലൈംഗികവിഭാഗമെന്ന നിലയിൽ സ്ത്രീ ജീവിതത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കിയിരുന്നില്ല. സ്വകാര്യസ്വത്ത് ഇല്ലാതാകുന്നതോടെ സ്ത്രീകളുടെ വിമോചനം സാധിക്കുമെന്ന ധാരണയാണ് നിലനിന്നിരുന്നത്. കുടുംബത്തിനകത്തെ തൊഴിൽ വിഭജനം, സ്ത്രീ ലൈംഗികത തുടങ്ങിയ പ്രശ്നങ്ങളെ സോഷ്യലിസ്റ്റു പ്രസ്ഥാനം സ്വാംശീകരിച്ചില്ല.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ആദ്യകാല ഫെമിനിസ്റ്റുപ്രസ്ഥാനം നിശ്ച ലതയിലായി. യുദ്ധാനന്തരം സംഭവിച്ച സാമ്പത്തിക പ്രതിസന്ധിയും ഫാസിസത്തിന്റെ മുന്നേറ്റവുമായിരുന്നു കാരണം. ഫ്രോയ്ഡിയനിസം സ്ത്രീ വിരുദ്ധമായ രീതിയിൽ പ്രച രിപ്പിക്കപ്പെട്ടതും പ്രസ്ഥാനത്തെ ക്ഷയിപ്പിച്ചു. 1930കൾ മുതൽ 1960കൾ വരെ ഈയവസ്ഥ നിലനിന്നു.

ഫെമിനിസ്റ്റുപ്രസ്ഥാനം രണ്ടാംഘട്ടം ശക്തിയാർജ്ജിക്കുന്നത് 1960കൾക്കുശേഷ മാണ്. സാമ്രാജ്യത്വവിരുദ്ധ യുദ്ധവിരുദ്ധ പ്രസ്ഥാനങ്ങളും പൗരവകാശ പ്രസ്ഥാനങ്ങളും സജീവമായ ഒരു ചരിത്രപശ്ചാത്തലമാണ് ഇതിനുള്ളത്. കുടുംബജീവിതം, ലൈംഗികത, സ്വന്തം ശരീരത്തിന്മേലുള്ള അവകാശം എന്നിങ്ങനെ സ്ത്രീജീവിതത്തിന്റെ സൂക്ഷ്മവും സ്വകാര്യവുമായതലങ്ങളിലാണ് ഈ ഘട്ടത്തിലാണ് ഫെമിനിസ്റ്റു പ്രസ്ഥാനത്തിന്റെ ഊന്നൽ. സ്ത്രീകളുടെ വ്യക്തിജീവിതാനുഭവങ്ങളെ സാമൂഹ്യവൽക്കരിക്കാനും രാഷ്ട്രീയവൽക്കരിക്കാനുംമുള്ള ശ്രമങ്ങൾ വ്യാപകമായി.

കുടുംബജീവിതത്തിന്റെ സ്വകാര്യമണ്ഡലം സ്ത്രീകളുടേതായും സാമ്പത്തിക രാഷ്ട്രീയ കാര്യങ്ങളുടെ പൊതുമണ്ഡലം പുരുഷന്റെതായും വിഭജിക്കുന്നതിലെ

രാഷ്ട്രീയം ചോദ്യം ചെയ്യപ്പെട്ടു. സ്വകാര്യബാഹ്യമേഖലകളെന്ന ഘടനാപരമായ ഈ വിഭജനം പുരുഷമേധാവിത്തത്തിന്റെ സൃഷ്ടിയാണ്. ന്യൂയോർക്കു കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന റാഡിക്കൽ ഫെമിനിസ്റ്റുകൾ രണ്ടാം ഘട്ട ഫെമിനിസത്തിന് ശക്തമായ മുദ്രാവാക്യങ്ങൾ നല്കി. ബോധവൽക്കരണം(Concious rising) സാഹോദര്യം ശക്തിയാണ് (Sisterhood is powerful) വ്യക്തിപരമായത് രാഷ്ട്രീയമാണ് (Personal is political) എന്നിവ അതിൽ പ്രധാനമാണ് (Miriam Schneir (ed)1994 :126). സ്ത്രീകളുടെ സ്വകാര്യ ജീവിതത്തിന്റെ പ്രശ്നങ്ങൾ രാഷ്ട്രീയ വിഷയം തന്നെയാണെന്ന് തിരിച്ചറിഞ്ഞതിന്റെ ഫലമായിരുന്നു വ്യക്തിപരമായതു രാഷ്ട്രീയമാണ് എന്ന മുദ്രാവാക്യം.

### 1.1.1. റാഡിക്കൽ ഫെമിനിസം

സ്ത്രീയുടെ കാഴ്ചപ്പാടിലൂടെയുള്ള സാമൂഹ്യപുനർനിർമ്മിതിയായി വിമോചനത്തെ കാണുന്നവരാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ. സ്ത്രീകളെ കേന്ദ്രീകരിച്ചുകൊണ്ട് സ്ത്രീകൾ തന്നെ നടത്തുന്ന അന്വേഷണങ്ങളും പഠനങ്ങളും എന്ന നിലയിലാണ് റാഡിക്കൽ ഫെമിനിസ്റ്റു ഗ്രൂപ്പുകൾ രൂപം കൊണ്ടത്. സ്ത്രീയുടെയും പുരുഷന്റേയും ജൈവഘടനയിലുള്ള വ്യത്യാസത്തെ സ്ത്രീക്കു മേലുള്ള മർദ്ദനോപാധിയായികാണുന്ന സമീപനത്തിലെ ലിംഗാധിഷ്ഠിതമാനം റാഡിക്കൽ ഫെമിനിസ്റ്റുകൾ തിരിച്ചറിഞ്ഞു. വിവാഹം, കുടുംബം, ലിംഗപരമായ തൊഴിൽവിഭജനം, വ്യക്തിസങ്കല്പം ഇവയിലെല്ലാംതന്നെ അധികാരം നിലനിർത്താനുള്ള പുരുഷമേധാവിത്തത്തിന്റെ തന്ത്രങ്ങളുണ്ട്.

റാഡിക്കൽ ഫെമിനിസ്റ്റുകൾ സ്ത്രീയുടെ അടിമത്തത്തെ ചരിത്രവുമായോ സ്വകാര്യസ്വത്തിന്റെ ആവിർഭാവവുമായോ നേരിട്ടു ബന്ധിപ്പിക്കുന്നില്ല. ആൺകോയ്മ സ്വകാര്യസ്വത്ത് സ്ഥാപനവൽക്കൃതമാകുന്നതിനുമുമ്പുതന്നെ രൂപപ്പെട്ടതാണെന്ന നിലപാടാണ് അവർക്കുള്ളത്. *"റെഡ്സ്റ്റോക്കിംഗ്സ്"* എന്ന പ്രമുഖ റാഡിക്കൽ ഫെമിനിസ്റ്റു ഗ്രൂപ്പ് അതിന്റെ മാനിഫെസ്റ്റോയിൽ ഇങ്ങനെ പറയുന്നു.

"മേൽക്കോയ്മയുടെ ഏറ്റവും അടിസ്ഥാനപരവും പ്രാചീനവുമായ രൂപമാണ് പുരുഷാധിപത്യം. ചൂഷണത്തിന്റെയും അടിച്ചമർത്തലിന്റെയും മറ്റെല്ലാരൂപങ്ങളും (വംശീയം, മുതാലാളിത്തം, ഇംപീരിയലിസം) പുരുഷാധിപത്യത്തിന്റെ തുടർച്ചയാണ്. പുരുഷൻ സ്ത്രീയെ അടിച്ചമർത്തുന്നു. ചരിത്രത്തിലുണ്ടായിട്ടുള്ള എല്ലാ അധികാരഘടനകളും പുരുഷനു മേൽക്കോയ്മയുള്ളതും പുരുഷ കേന്ദ്രിതവുമാണ്. രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ സ്ഥാപനങ്ങളെയും പുരുഷവർഗ്ഗം നിയന്ത്രിക്കുന്നു. സ്ത്രീയെ രണ്ടാംകിടസ്ഥാനത്തു നിർത്താൻ പുരുഷൻ എല്ലാ അധികാരങ്ങളും പ്രയോഗിക്കുന്നു. പുരുഷാധിപത്യത്തിന്റെ ഫലമായ സാമ്പത്തികവും ലൈംഗികവും മനശ്ശാസ്ത്രപരവുമായ ആനുകൂല്യങ്ങൾ ഒന്നാകെ പുരുഷവർഗ്ഗം അനുഭവിക്കുകയും സ്ത്രീ വർഗ്ഗത്തെയൊന്നാകെ അടിച്ചമർത്തുകയും ചെയ്യുന്നു". (Miriam Schneir (ed)1994 : 127).

### 1.1.2. ലിബറൽ ഫെമിനിസം

ഹ്യൂമനിസത്തിന് സ്ത്രൈണമാനം നല്കാനുള്ള ആദ്യകാല ശ്രമങ്ങളിൽ നിന്നാണ് ലിബറൽ ഫെമിനിസം രൂപപ്പെട്ടത്. സ്വാതന്ത്ര്യചിന്തയുടെയും യുക്തിവിചാരത്തിന്റെയും വഴികൾ നവോത്ഥാന കാലത്തോടെ തുറന്നു കിട്ടി. സ്ത്രീയുടെ അവകാശങ്ങളോട് അനുഭാവ പൂർണ്ണമായ സമീപനങ്ങൾ ഇക്കാലത്തുണ്ടായി. തുല്യാവകാശം, വ്യക്തിസ്വാതന്ത്ര്യം, വിമോചനം, നീതിബോധം തുടങ്ങിയ മൂല്യങ്ങളുടെ സ്ത്രൈണവൽക്കരണമാണ് ലിബറൽ ഫെമിനിസം. വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ സ്ത്രീ സ്വാതന്ത്ര്യവും അവകാശങ്ങളും നേടിയെടുക്കുക എന്ന പരിമിതമായ ലക്ഷ്യമാണ് ലിബറൽ ഫെമിനിസ്റ്റുകൾക്കണ്ടായിരുന്നത്. ഫ്രാൻസിലെ ഒളിമ്പെഡോഗോഷ്, ഇംഗ്ലണ്ടിലെ മേരി വുൾസ്റ്റൻ ക്രാഫ്റ്റ്, ഹാരിയറ്റ് ടെയ്‌ലർ എന്നിവർ ലിബറൽ ഫെമിനിസത്തിന്റെ ആദ്യകാല വക്താക്കളാണ്. ലിംഗാധിഷ്ഠിത തൊഴിൽ വിഭജനം, വിവേചനം, കുടുംബഘടനക്കുള്ളിൽ സ്ത്രീയനുഭവിക്കുന്ന ചൂഷണം ഇവയൊന്നും ലിബറൽ ഫെമിനിസത്തിന്റെ ചിന്താപദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല. വ്യവസ്ഥിതിയുടെ മാറ്റമോ, പുരുഷമേധാവിത്ത നിരാകരണമോ ലിബറൽ ഫെമിനിസ്റ്റുകൾ ഉന്നം വച്ചില്ല. ലിബറൽ ഫെമിനിസത്തിന്റെ മൂല്യങ്ങളോടനുഭാവം പുലർത്തി പ്രവർത്തിച്ച പുരുഷന്മാരിൽ രാജറാം മോഹൻ റായ്, മഹാത്മാഗാന്ധി, ഈശ്വരചന്ദ്ര വിദ്യാസാഗർ എന്നിവരും ഉൾപ്പെടുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം, വ്യക്തി സ്വാതന്ത്ര്യം സാമൂഹിക സ്വാതന്ത്ര്യം വിവാഹ നിയമ പരിഷ്കരണം, വോട്ടവകാശം എന്നിവക്കുവേണ്ടി പൊരുതാൻ തയ്യാറായ നിരവധി നേതാക്കന്മാർ ഇക്കാലത്തുണ്ടായി.

### 1.1.3. റാഡിക്കൽ ലെസ്ബിയനിസം

സ്ത്രീപുരുഷ ലൈംഗികതയുടെ സൃഷ്ടിയായ സ്ത്രീ ശരീരത്തിന്റേയും മനസ്സിന്റേയും അടിമത്തത്തിനും നിസ്സഹായതക്കുമെതിരെ സ്ത്രീ കണ്ടെത്തിയ വിമോചനമാർഗ്ഗമെന്ന നിലയിലാണ് ലെസ്ബിയൻ ഫെമിനിസം രൂപപ്പെട്ടത്. സ്ത്രീയുടെ അടിമത്തത്തെ ശരീരത്തോട് ഏകതാനമായി ബന്ധപ്പെടുത്തി വീക്ഷിക്കുന്നവരാണ് ലെസ്ബിയൻ ഫെമിനിസ്റ്റുകൾ. സ്ത്രീയുടെ ദൈനംദിനാനുഭവങ്ങളോട് ഏറ്റവും ചേർന്നുനിൽക്കുന്നുവെന്നതാണ് ശരീരത്തെ കേന്ദ്രീകരിക്കുന്ന ഈ സിദ്ധാന്തത്തിന്റെ പ്രസക്തി. പുരുഷമേൽക്കോയ്മയ്ക്കും പീഡനത്തിനുമിരയാകുന്ന സ്ത്രീ ശരീരത്തിന്റെ മർമ്മസ്ഥാനീയത തകർക്കുകയാണ് ഇവർ ചെയ്യുന്നത്. സ്ത്രീയുടെ ലൈംഗിക സ്വാതന്ത്ര്യത്തിന്റെ സീമാന്ത്യമായി സ്വവർഗ്ഗപ്രേമത്തെ കാണുകയും നിർബന്ധിത സ്ത്രീപുരുഷബന്ധത്തെ എതിർക്കുകയും ചെയ്യുന്നു. സ്ത്രീയുടെ ലൈംഗികത, പ്രത്യുല്പാദനശേഷി, മാതൃത്വം തുടങ്ങിയ സ്ത്രൈണാനുഭവങ്ങളെ പുരുഷമേൽക്കോയ്മയിൽ നിന്നു മോചിപ്പിക്കാനുള്ള പഠനങ്ങൾ ലെസ്ബിയൻ ഫെമിനിസത്തിന്റെ ഭാഗമാണ്. ഫ്രാൻസിലെ മോണിക് വിറ്റിംഗ്, ടെറിസ് ഡെലാറിറ്റിസ് തുടങ്ങിയവർ ലെസ്ബിയൻ ഫെമിനിസ്റ്റുതത്വസംഹിതയുടെ വക്താക്കളാണ്.

ഉഭയലൈംഗികത, ജനനനിയന്ത്രണോപാധികൾ, ഗർഭഛിദ്രമാർഗ്ഗങ്ങൾ വിവാഹേതര ലൈംഗികബന്ധം തുടങ്ങിയ നടപടികൾ സ്ത്രീ ശരീരത്തിന്റെ വിമോചനം ലക്ഷ്യമാക്കുന്നു. സ്ത്രീ ശരീരത്തെ കേന്ദ്രസ്ഥാനത്തു സ്ഥാപിച്ചു കൊണ്ടുള്ള വിശകലനങ്ങൾ നടത്തുന്ന ഗ്രന്ഥമാണ് ജർമ്മൻ ഗ്രിയറിന്റെ The Female Eunuch (1970). സ്ത്രീ ശരീരമെന്ന യാഥാർത്ഥ്യത്തെ ചരക്കായി ന്യൂനീകരിക്കാൻ കുടിലമായ മഹത്വീകരണത്തിലും മ്ലേഛമായ വികലീകരണത്തിനും പാട്രിയാർക്കി ഒരേ സമയം ഏർപ്പെടുന്നു.

### 1.1.4. സാംസ്കാരിക ഫെമിനിസം

റാഡിക്കൽ ഫെമിനിസത്തിൽ നിന്നാണ് സാംസ്കാരിക ഫെമിനിസം വികാസം പ്രാപിച്ചത്. സ്ത്രീ സാംസ്കാരത്തിന് പ്രാമുഖ്യം നല്കുന്ന ഒരു സാംസ്കാരിക നിരീക്ഷണമാണിത്. സ്ത്രീയുടെ അവകാശങ്ങൾ, വൈയക്തിക സാമൂഹിക പെരുമാറ്റരീതികൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി സ്ത്രീ സംസ്കാരം എന്ന ആശയത്തിന് സാംസ്കാരിക ഫെമിനിസം ഊന്നൽ നല്കുന്നു. മാതൃത്വം, ആത്മീയത, സ്വവർഗ്ഗബന്ധം സ്ത്രീകൾ തമ്മിലുള്ള പാരസ്പര്യം സമാധാനവാദം മുതലായ സ്ത്രീയുടെ കർമ്മപരിപാടിയിലോ ധാർമ്മികയുക്തീകരണത്തിലോ ഉൾപ്പെടുന്ന സംഗതികളെല്ലാം സ്ത്രീ സാംസ്കാരത്തിന്റെ ചേരുവകളിൽപെടുന്നു. സ്ത്രീ പുരുഷവ്യത്യാസത്തെ സ്ത്രീകളുടെ സവിശേഷതകളുടെ ശാക്തീകരണത്തിനുള്ള അവകാശവാദമായി നിലനിർത്തുകയാണ് സാംസ്കാരിക ഫെമിനിസം ചെയ്യുന്നത്.

### 1.1.5. മാർക്സിസ്റ്റ് ഫെമിനിസം

മാർക്സിസ്റ്റ് സിദ്ധാന്തവും സ്ത്രീപക്ഷചിന്തകളും കൂടിച്ചേർന്നതാണ് മാർക്സിസ്റ്റ് ഫെമിനിസം. സ്ത്രീപുരുഷ വ്യത്യാസം ലൈംഗികത, ലിംഗപരമായ അനീതി എന്നിവ വിശകലനം ചെയ്യാനുള്ള സൈദ്ധാന്തികോപകരണങ്ങളൊന്നും മാർക്സിസ്റ്റ് തത്വസംഹിതയിലുണ്ടായിരുന്നില്ല. ലിംഗാധിഷ്ഠിതപ്രശ്നങ്ങൾ ഉൾക്കൊള്ളാനാകുംവിധം മാർക്സിസ്റ്റ് തത്വങ്ങൾ വിപുലീകരിക്കാനും ആധുനികവൽക്കരിക്കാനുമാണ് മാർക്സിസ്റ്റു ഫെമിനിസ്റ്റുകൾ ശ്രമിച്ചത്. മാർക്സിസ്റ്റു ഫെമിനിസ്റ്റുകളുടെ സൈദ്ധാന്തിക വിശകലനങ്ങൾക്കു വലിയ സ്വാധീനശക്തിയായത് ഏംഗൽസിന്റെ *കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം* എന്ന കൃതിയായിരുന്നു. അലക്സിൺഡ്രോ കൊളോൺടായി(റഷ്യ), ക്ലാരാസെറ്റ്കീൻ (ജർമ്മനി), എമ്മാ ഗോൾഡ്മാൻ(അമേരിക്ക), തുടങ്ങിയവർ ആദ്യകാല മാർക്സിസ്റ്റു ഫെമിനിസ്റ്റുകളാണ്. സാമൂഹ്യമാറ്റത്തിന്റെ പരിണതഫലമായി മാത്രമേ സ്ത്രീയുടെ വിമോചനത്തെ മാർക്സിസ്റ്റു ഫെമിനിസ്റ്റുകൾ സങ്കല്പിക്കുന്നുള്ളൂ. സ്ത്രീയുടെ അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും ഉത്തരവാദിത്തം മുതലാളിത്തവ്യവസ്ഥയിലാണ് ഇവരാരോപിക്കുന്നത്. കുടുംബത്തിലെ വേതനമില്ലാത്ത ജോലിയിൽനിന്നും സാമൂഹിക ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളാകുന്നതിലൂടെ സ്ത്രീക

ളുടെ അവസ്ഥയിൽ മാറ്റം വരുമെന്നവർ പറയുന്നു. വർഗ്ഗവിശകലനത്തിന്റെ മാനദണ്ഡങ്ങൾ മാത്രമുപയോഗിച്ചുള്ള ഫെമിനിസ്റ്റു പഠനമാണ് മാർക്സിസ്റ്റു ഫെമിനിസ്റ്റുകളുടേത്.

### 1.1.6. സോഷ്യലിസ്റ്റു ഫെമിനിസം

മാർക്സിസ്റ്റു വിശകലനത്തിന്റേയും ഫെമിനിസ്റ്റു സിദ്ധാന്തത്തിന്റേയും സമന്വയമാണ് സോഷ്യലിസ്റ്റു ഫെമിനിസം. മാർക്സിസ്റ്റു വർഗാപഗ്രഥനവും വൈരുദ്ധ്യാത്മക ചരിത്രദർശ്ശനത്തിന്റെ രീതിശാസ്ത്രവും ഉപയോഗിച്ച് സ്ത്രീയുടെ ചൂഷിതാവസ്ഥ വിശദീകരിക്കുകയാണ് സോഷ്യലിസ്റ്റു ഫെമിനിസ്റ്റുകൾ ചെയ്യുന്നത്. സ്ത്രീയുടെ ചൂഷണാനുഭവങ്ങളുടെ വ്യാപ്തിയും വൈയക്തികതയും ലിംഗപരതയും പുരുഷ മേൽക്കോയ്മാ രാഷ്ട്രീയവും കണക്കിലെടുത്തു കൊണ്ടുള്ള സൈദ്ധാന്തികാടിത്തറ സോഷ്യലിസ്റ്റു ഫെമിനിസത്തിനുണ്ട്. ആൺകോയ്മ മുതാലാളിത്തത്തിനുമുമ്പേ ഉത്ഭവിച്ചതാണെന്ന് സോഷ്യലിസ്റ്റുഫെമിനിസ്റ്റുകൾ സിദ്ധാന്തിക്കുന്നു. ഉല്പാദനം(Production), പ്രത്യുല്പാദനം(Reproduction), ലൈംഗികത(Sexuality) കുട്ടികളുടെ സാമൂഹ്യവൽക്കരണം(Socialisation of children) തുടങ്ങിയ നാല് അടിസ്ഥാനഘടകങ്ങളാണ് സമൂഹത്തിലെ സ്ത്രീകളുടെ പരാധീനതക്കു കാരണമെന്ന് ജൂലിയറ്റ് മിച്ചൽ (1994:203) പറയുന്നു.

### 1.2. ഫെമിനിസത്തിന്റെ സമകാലികമുഖം

വിവിധ രാഷ്ട്രീയാദർശങ്ങളേയും ദർശനങ്ങളേയും സ്ത്രീവാദം സ്വീകരിച്ചിട്ടുണ്ട്. ഫെമിനിസത്തിനു പുതിയ വികാസം നല്കിയ ചിന്താഗതികൾ വ്യാപകമായി. ലിംഗ - ലൈംഗികഭേദങ്ങൾ തുല്യത - വ്യത്യസ്തത തുടങ്ങിയ പരികല്പനകൾ പുനർനിർവചനത്തിനു വിധേയമായി. അധിനിവേശാനന്തര സ്ത്രീവാദവും പാരിസ്ഥിതിക സ്ത്രീവാദവും സ്ത്രീവാദത്തിന്റെ സമീപകാല പ്രവണതകളാണ്.

മൂന്നാംലോക സ്ത്രീകളുടെ സവിശേഷ പ്രത്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണ് അധിനിവേശാനന്തര സ്ത്രീവാദം ചെയ്യുന്നത്. പാരിസ്ഥിതിക സ്ത്രീവാദമാകട്ടെ പ്രകൃതിയേയും സ്ത്രീയേയും ബന്ധപ്പെടുത്തിക്കൊണ്ട് പുതിയ പാരിസ്ഥിതികാവബോധം മുന്നോട്ടു വയ്ക്കുന്നു.

ആഗോളതലത്തിൽ തന്നെ ലിംഗാധികാരത്തെക്കുറിച്ചുള്ള അപഗ്രഥനങ്ങൾ താത്വികവും രീതിശാസ്ത്രപരവുമായി വൈവിധ്യം പുലർത്തുന്നവയാണ്. പാശ്ചാത്യ സാമൂഹ്യ ബൗദ്ധിക പശ്ചാത്തലങ്ങളെ മാത്രം ആശ്രയിച്ചു നില്ക്കുന്ന ഒന്നല്ല ഇന്ന് ഫെമിനിസ്റ്റു ചിന്ത. പാശ്ചാത്യ ഫെമിനിസ്റ്റു ചിന്തകളിൽ വെളുത്തവരുടെ മധ്യവർഗ താല്പര്യമാണ് പ്രബലമായിരുന്നത്. പാശ്ചാത്യ ഫെമിനിസത്തിന്റെ വംശകേന്ദ്രിത സ്വഭാവം 1980 കളിൽത്തന്നെ തിരിച്ചറിയപ്പെട്ടു. വർണ്ണം, വർഗ്ഗം, വംശം തുടങ്ങിയ അധികാരബന്ധങ്ങൾ

സ്ത്രീകളുടെ കീഴാളനിലയെ നിലനിർത്തുന്ന ഘടകങ്ങളെന്നനിലയിൽ പഠനവിധേമായി.

### 1.3. ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം

സാമൂഹ്യമായും ജീവാശാസ്ത്രപരമായും പുരുഷന്റേതിൽ നിന്ന് വ്യത്യസ്തമാണ് സ്ത്രീയനുഭവത്തിന്റെ മേഖല. ഒരേ പ്രത്യയശാസ്ത്രഘടനയെ സ്ത്രീയും പുരുഷനും സ്വീകരിക്കുന്നത് ഒരേ തരത്തിലല്ല. അനുഭവങ്ങളുടേയും ആവിഷ്ക്കാരങ്ങളുടേയും വ്യത്യസ്തതകളാണ് ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രത്തെ യാഥാർത്ഥ്യമാക്കുന്നത്. സിൽവിയാ ബൊവൻഷന്റെ അഭിപ്രായത്തിൽ സ്ത്രീകൾക്ക് അവരുടെ ഇന്ദ്രിയ സമീപനത്തെക്കുറിച്ചും ദ്രവ്യവും വസ്തുക്കളുമായുള്ള അവരുടെ ബന്ധത്തെക്കുറിച്ചും അവരുടെ കാഴ്ചപ്പാട്, അനുഭവം എന്നിവയെ സ്പർശ ദൃശ്യ ശ്രാവ്യ ഉത്തേജനങ്ങളെ സംസ്കരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സ്ഥലവിന്യാസം കാലികമായ താളക്രമം എന്നിവയെക്കുറിച്ചും വ്യത്യസ്തധാരണകൾ ആണ് ഉള്ളതെങ്കിൽ - ഈ കാര്യങ്ങളെല്ലാം തന്നെയാണ ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രത്തെ നിർണയിക്കുന്നത്. (സിൽവിയ ബൊവൻഷൻ 1994:56)

സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ നിന്നെന്നപോലെ കലാസാഹിത്യരംഗത്തു നിന്നും സ്ത്രീകൾ അകറ്റിനിർത്തപ്പെട്ടിരുന്നു. ധൈഷണിക പ്രതിഭയും കലാപ്രതിഭയും സ്ത്രീകൾക്കില്ലെന്ന പരമ്പരാഗത വിശ്വാസം പുരുഷമേധാവിത്ത സമൂഹങ്ങളിൽ നിലനില്ക്കുന്നുണ്ട്. സർഗ്ഗാത്മകത പുരുഷന്റെ മാത്രം ഗുണമാണെന്ന വിശ്വാസമാണ് സ്ത്രീകളുടെ കലാസാഹിത്യകർതൃത്വത്തെ അംഗീകരിക്കാതിരിക്കാൻ പ്രേരിപ്പിച്ചത്.

പുരുഷന്റെ വീക്ഷണകോണിൽ നിന്നുള്ള നിരീക്ഷണങ്ങളും ആവിഷ്കാരങ്ങളും സ്വീകരിക്കാൻ സ്ത്രീ സമൂഹം നിർബന്ധിക്കപ്പെടുന്നു. കലയുടെയും സാഹിത്യത്തിന്റെയും മുഖ്യധാര പുരുഷന്മാരുടേതാണ്. പ്രാഥമികമായും കല ഉല്പാദിപ്പിക്കപ്പെട്ടിരിക്കുന്നത് പുരുഷന്മാരാലാണ്. അതിനെ നിയന്ത്രിക്കുന്ന സാമൂഹ്യതലങ്ങളെ വൃത്തിയായി വിഭജിച്ച് അധീനത്വം പുലർത്തിയ പുരുഷന്മാർ മൂല്യനിർണയത്തിനുള്ള ആദർശമാനദണ്ഡങ്ങൾ നിർവചിച്ചുറപ്പിക്കുകയും ചെയ്തു. മാത്രമല്ല സ്ത്രീകൾ ഈ മേഖലയുമായി എന്തെങ്കിലും സമ്പർക്കം പുലർത്തിയാൽ തന്നെ അവരതിന്റെ മൂല്യസംഹിതയ്ക്ക് മിക്കവാറും കീഴ്പെടുന്നു. (സിൽവിയ ബൊവൻഷൻ 1994:29)

സ്ത്രീകളുടെ ജീവശാസ്ത്ര ഘടന ഒരു ദുർബലലിംഗജാതിയെന്ന നിലയിൽ അവരെ തരംതാഴ്ത്താൻ ഇടയാക്കിയെന്ന് ഫെമിനിസ്റ്റുകൾ വിശ്വസിക്കുന്നു. പ്രത്യയശാസ്ത്രവും റോൾവിഭജനവും സ്ത്രീകളെ പ്രഥമപ്രകൃതി എന്ന സംവർഗ്ഗത്തിലേക്ക് ഒതുക്കിയെടുത്തു എന്ന് ബൊവൻഷൻ (1994:36)ഭാഷയിലെ വിപരീതങ്ങളിലൂടെ സ്ത്രീയെ സംബന്ധിച്ച് സൃഷ്ടിക്കപ്പെട്ട മിത്തിനെക്കുറിച്ച് ഹെലൻസിക്സ്യൂ നടത്തിയ നിരീക്ഷണം വളരെ ശ്രദ്ധേയമാണ്.

ക്രിയ - നിഷ്ക്രിയത്വം, സൂര്യൻ - ചന്ദ്രൻ, മസ്തിഷ്കം - ഹൃദയം, വിജ്ഞാനം - വികാരം, സംസ്കാരം - പ്രകൃതി എന്നീ ഭാഷാദ്വന്ദ്വങ്ങൾ സൃഷ്ടിച്ച് അവയിൽ ആദ്യത്തേത് പുരുഷനോടും രണ്ടാമത്തേത് സ്ത്രീയോടും ബന്ധപ്പെടുത്തുന്ന രീതിയെ അവർ അപഗ്രഥിക്കുന്നു(1998:578-579). ഇത്തരത്തിൽ വിധേയത്വത്തിന്റേയും നിഷ്ക്രിയത്വത്തിന്റേയും കീഴടങ്ങലിന്റേയും അംശങ്ങളുൾക്കൊള്ളുന്ന മൂല്യങ്ങളാണ് സ്ത്രൈണ പ്രകൃതിയുടെ ലക്ഷണങ്ങളായി കല്പിക്കപ്പെട്ടുപോന്നത്.

ഫെമിനിസ്റ്റു പ്രസ്ഥാനങ്ങൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായാണ് കലാസാഹിത്യരംഗങ്ങളിൽ സ്ത്രീ സാന്നിധ്യം സജീവമായത്. 20-ാം നൂറ്റാണ്ടിൽ പാശ്ചാത്യ സമൂഹത്തിലെ സ്ത്രീകൾ വ്യാപകമായി കലാസാഹിത്യ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിരുന്നു. ലിംഗവ്യത്യാസം സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് തടസ്സമല്ലെന്ന് തെളിയിക്കുന്ന തരത്തിൽ വിവിധ മേഖലകളിൽ നേതൃത്വപരമായിത്തന്നെ സ്ത്രീ സാന്നിധ്യം കാണപ്പെട്ടു.

കലാവിഷ്കാരങ്ങളിലെ സ്ത്രീസ്വത്വം (Female Identity) കണ്ടെത്താനുള്ള ശ്രമങ്ങൾ ഈ ഘട്ടത്തിലാണ് നടക്കുന്നത്. സർഗ്ഗാത്മകരംഗങ്ങളിൽ സ്വയം നിർവചിക്കാനുള്ള സ്ത്രീകളുടെ ശ്രമങ്ങൾ ചോദ്യം ചെയ്തത് സ്ത്രീ പുരുഷവിവേചനത്തേയും സ്ത്രീയുടെ ഭൗതികമായ പരാശ്രയത്വത്തേയുമാണ്. വെർജിനിയ വുൾഫിന്റെ A Room of one's own (1929) സിമോങ് ദി ബുവ്വായുടെ The Second Sex(1952)മേരി വുൾസ്റ്റൻ ക്രാഫ്റ്റിന്റെ A Vindication of the rights of women(1972) എന്നീ കൃതികൾ ഇത്തരത്തിൽ ശ്രദ്ധേയമാണ്.

പുരുഷ പ്രതിഭയുമായി താരതമ്യം ചെയ്തുകൊണ്ട് സ്ത്രീകളുടെ കലാപരമായ കഴിവുകളെ തരംതാഴ്ത്തുന്ന പ്രവണത നിലനിന്നിരുന്നു.Why have there been no great women Artists(1971) എന്ന പ്രസിദ്ധമായ രചനയിൽ ലിൻഡാനോക്ലിൻസ്(Linda Noclines) ഈ പ്രവണതയെക്കുറിച്ചു പറയുന്നുണ്ട്. പുരുഷനുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീകൾക്കു പ്രതിഭ കുറവല്ലെന്നും പ്രോത്സാഹനവും അവസരവും ലഭിക്കാതെ പോകുന്നതാണ് പ്രശ്നമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.(Anita silvers 1998:162)

### 1.4. ഫെമിനിസ്റ്റു കലയുടെ തത്വശാസ്ത്രവും സൗന്ദര്യശാസ്ത്രവും

സ്ത്രീരചനകൾ തരംതാഴ്ത്തപ്പെടാനുള്ള കാരണം കൃതിക്കുള്ളിലെ പ്രത്യേകതകളാണോ രചയിതാക്കളുടെ സാമൂഹിക നിലയാണോ എന്നപഠനം നടന്നിട്ടുണ്ട്. കലാസംബന്ധിയായ ഫെമിനിസ്റ്റുചിന്തകൾ ഈയന്വേഷണത്തിൽ നിന്ന് വ്യത്യസ്ത ഊന്നലുകളുള്ള രണ്ടുസിദ്ധാന്തങ്ങളിലാണ് എത്തിച്ചേർന്നത്. ഫെമിനിസ്റ്റു സൗന്ദര്യശാസ്ത്രത്തിന്റെ അടിത്തറയായി മാറിയ Gynesis ഉം കലയുടെ ഫെമിനിസ്റ്റുതത്വശാസ്ത്രമായി മാറിയ

Gender theory യുമാണവ.

വിമോചിത സ്ത്രീയുടെ സ്വതന്ത്രമായ കലാ പ്രവർത്തനങ്ങളിലാണ് സവിശേഷ മായ സ്ത്രൈണസത്ത(Female Identity)കുടികൊള്ളുന്നതെന്ന് Gynesis സിദ്ധാന്തിക്കുന്നു. സാംസ്കാരികമണ്ഡലത്തിലുള്ള സ്ഥാനത്തെയാധാരമാക്കിയാണ് സ്ത്രീയുടെ കലാസ്വത്വം നിലനില്ക്കുന്നതെന്നാണ് Gender Theory സിദ്ധാന്തിക്കുന്നത് (Anita Silvers 1998:162)

### 1.4.1. ഗൈനെസിസ് (Gynesis)

സ്ത്രീയുടെ സ്വാഭാവികവും സ്വതന്ത്രവുമായ ആവിഷ്കാരമാണ് ഫെമിനിസ്റ്റു കലയെന്ന് Gynesis വ്യക്തമാക്കുന്നു. ഫ്രഞ്ചുഫെമിനിസ്റ്റുകളായ ഹെലൻസിക്സൂവും ല്യൂസ് ഇരിഗറേയും പറയുന്നത് സ്ത്രീ അവളുടെ ശരീരം കൊണ്ടാണ് എഴുതുന്നത് എന്നാണ്. വിടവുകളും തടസ്സങ്ങളും നിലനിർത്തിയും നാനാർത്ഥ സൂചകങ്ങളായ വാക്കുകൾ പ്രയോ ഗിച്ചും ആശയങ്ങൾ ആവർത്തിച്ചും പ്രവാഹത്തേയും ദ്രാവകത്തേയും സൂചിപ്പിക്കുന്ന രൂപകങ്ങൾ പ്രയോഗിച്ചും ഒരേ കേന്ദ്രത്തിലേക്കു മാത്രമൊതുങ്ങാത്ത കാഴ്ചപ്പാടുകൾ സ്വീകരിച്ചുമാണ് ഇത് സാധിക്കുന്നത്.(Anita Silvers 1998:163)

സ്ത്രീകളുടെ സഹജഭാവങ്ങളുടെ പ്രതീകാത്മക ആവിഷ്കരണ സങ്കേതങ്ങളി ലൂടെ യാണ് സ്ത്രീരചന സ്വതന്ത്രമാകേണ്ടതെന്നാണ് Gynesis നിർദ്ദേശിക്കുന്നത്. ആവി ഷ്കാരത്തിലെ സ്ത്രൈണമുദ്രകളെ അവഗണിക്കുകയോ അടിച്ചമർത്തുകയോ ചെയ്യു മ്പോൾ സ്ത്രീയുടെ സർഗ്ഗാത്മകതയുടെ ശോഷണം സംഭവിക്കുന്നു.

ഇന്ദ്രിയാനുഭവങ്ങളിൽ സ്പർശം, ഗന്ധം, രുചി എന്നിവ സ്ത്രീയനുഭവം എന്ന നിലയിലും കാഴ്ചയും കേൾവിയും പുരുഷാനുഭവം എന്ന നിലയിലും വേർതിരിക്കപ്പെടു ന്നു. എന്നാൽ ഈ വേർത്തിരിവ് ജീവശാസ്ത്രപരമല്ല. സാംസ്കാരികമാണ്. ഫെമി നിസ്റ്റു സൗന്ദര്യശാസ്ത്രത്തിനാധാരമായിരിക്കുന്നത് സ്പർശം, ഗന്ധം, രുചി എന്നീ മൂന്ന് ഇന്ദ്രിയാനുഭവങ്ങളാണ്.

### 1.4.2. ജെൻഡർ തിയറി (Gender Theory)

സ്ത്രൈണപ്രകൃതിയെക്കുറിച്ചുള്ള Gynesis ന്റെ സങ്കല്പങ്ങൾക്കെതിരാണ് Gender Theory. വർണം, വർഗം, വംശം എന്നിവയിൽ നിന്ന് തികച്ചും സ്വതന്ത്രമായി നില്ക്കുന്ന ഒരു സ്ത്രൈണപ്രകൃതിയില്ല. ജീവശാസ്ത്രപരമായോ മനശ്ശാസ്ത്രപരമായോ അത്തര മൊരു സ്ത്രൈണപ്രകൃതിയെ കണ്ടെത്താനാവില്ല എന്നതിലാണ് Gender Theory ഊന്നു ന്നത് (Anita Silvers 1998:163) സാർവലൗകികമായ സ്ത്രൈണപ്രകൃതിയെക്കുറിച്ചുള്ള Gynesisന്റെ സങ്കല്പനങ്ങൾ വർണ വർഗ്ഗവംശ വ്യത്യസ്തതകളുള്ള സ്ത്രീകളെ പൊതു ധാരയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ളതാണ്. സ്ത്രീ-പുരുഷ ജീവിതത്തെ വ്യത്യ

സ്തമാക്കുന്ന ചരിത്രപരവും സാംസ്കാരികവുമായ സാമൂഹികാവസ്ഥകളിൽ നിന്നാണ് അവരുടെ രചനകൾ രൂപപ്പെടുന്നത്.

പ്രകൃതിപരം എന്നതിനേക്കാൾ ശരീരം ഒരു നിർമ്മിതിയാണ്. കലാരചനയിൽ മാത്രമാണ് ശരീരത്തിന്റെ ലൈംഗികത പ്രസക്തമാകുന്നത്. സാമൂഹികഘടന അവയെ അവ്വിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. സ്ത്രീയുടെ രചനകൾ അവയുടെ സാമൂഹികപദവിയുമായി ബന്ധപ്പെട്ടാണ് സവിശേഷമാകുന്നതെന്നാണ Gender theory പറയുന്നത്.(Anita Silvers 1998:164).

ഉന്നതമായ കലാനുഭവങ്ങളോ സവിശേഷമായ സൈത്രണാനുഭവങ്ങളോ സ്ത്രീകൾക്കുണ്ടെന്ന് Gender theory അംഗീകരിക്കുന്നില്ല. സ്ത്രീപുരുഷ രചനകളേയും രചനാരീതികളേയും താരതമ്യപ്പെടുത്തി ലിംഗപരമായ അസമത്വാധികാരങ്ങളുടെ സാന്നിധ്യത്തെ കണ്ടെത്തുകയാണതു ചെയ്യുന്നത്. മാർക്സിസം സാമ്പത്തിക വർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധത്തെ പരിഗണിക്കുന്നതുപോലെയാണ് Gender theory സ്ത്രീപുരുഷന്മാർ തമ്മിലുള്ള അസമത്വാധികാരങ്ങളെ വിലയിരുത്തുന്നത്.

**1.5. ഫെമിനിസ്റ്റു സാഹിത്യ വിമർശനം**

ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമെന്ന നിലയിൽ ഫെമിനിസത്തിന് രണ്ടുനൂറ്റാണ്ടു ചരിത്രമുണ്ടെങ്കിലും ഫെമിനിസ്റ്റു സാഹിത്യ വിമർശനം സമീപകാല വികാസമാണ്. 1970 കളിലാണ് ഫെമിനിസ്റ്റു സാഹിത്യ വിമർശന പദ്ധതി ലക്ഷ്യബോധവും ഉൾക്കാഴ്ചയും നേടുന്നത്.

സാഹിത്യവ്യവഹാരത്തിലെ പുരുഷാധിപത്യമൂല്യങ്ങളെ തിരിച്ചറിയുക, സാഹിത്യവ്യവഹാരങ്ങളെ പുനഃസംഘടിപ്പിക്കുക, ഇവയെല്ലാമാണ് ഫെമിനിസ്റ്റു സാഹിത്യ വിമർശനം ചെയ്യുന്നത്. സ്ത്രീകളുടേതായ സംസ്കാരചരിത്രങ്ങൾ നിർമ്മിക്കുന്നതും ഇതിന്റെ ഭാഗമാണ്. ചരിത്രത്തിൽ തമസ്കരിക്കപ്പെട്ട സ്ത്രൈണ വ്യവഹാരങ്ങളേയും അനുഭവങ്ങളേയുമാണ് ഫെമിനിസ്റ്റു വിമർശനം പുനർനിർമ്മിക്കുന്നത്. സാഹിത്യവ്യവഹാരങ്ങളിലും അധീശത്വ പ്രത്യയ ശാസ്ത്രങ്ങളിലും സ്ത്രീകളെ ചിത്രീകരിച്ചിരിക്കുന്ന രീതി വിമർശനാത്മകമായി അപഗ്രഥിക്കപ്പെടുന്നു. പുരുഷരചനകളിലേയും സ്ത്രീരചനകളിലേയും സ്ത്രീചിത്രണത്തിലെ വ്യത്യസ്തതകൾ നിരീക്ഷിക്കപ്പെടുന്നു. യഥാർത്ഥ സൈത്രണാനുഭവങ്ങളെ ആവിഷ്കരിക്കാൻ തടസ്സം നില്ക്കുന്ന പുരുഷാധിപത്യപരമായ ഭാഷാപ്രവണതകളെ ഫെമിനിസ്റ്റു സാഹിത്യ വിമർശകർ തിരിച്ചറിയുന്നു.

വിവിധ മേഖലകളിലേക്കു പഠനം വ്യാപിപ്പിച്ചതിന്റെ ഫലമായി ഫെമിനിസ്റ്റു സാഹിത്യ വിമർശനം പുതിയ ഉൾക്കാഴ്ചകൾ നേടി. അമേരിക്കയിലെ പാഠവിമർശകർ (Textual Critics) പ്രത്യേകിച്ച് മാർക്സിസ്റ്റുകൾ പീഡനത്തേയും(Oppression) ഫ്രഞ്ചു ഫെമി

നിസ്റ്റുകൾ പ്രത്യേകിച്ച് മനോവിശകലനക്കാരികൾ ലൈംഗികഭീതിയേയും (Repression) അമേരിക്കൻ പാഠവിമർശകർ ആവിഷ്കാരത്തേയും (Expression) ആണ് മുഖ്യമായെടു ത്തത്.(Elain showalter 2000 : 312, 313)

ജൂലിയറ്റ് മിച്ചൽ (Juliet Mitchel) ജാക്വിലിൻ റോസ് (Jaquelline Rose) തുടങ്ങിയ വർ ഇംഗ്ലണ്ടിലും ജയിൻ ഗാലപ്പ് (Jane Gallop) അമേരിക്കയിലും അപനിർമ്മാണത്തിന്റെ സങ്കേതങ്ങൾ ഫെമിനിസ്റ്റു സാഹിത്യ വിമർശനത്തിൽ പ്രയോഗിച്ചു. സാഹിത്യത്തേയും സംസ്കാരചരിത്രത്തേയും വിശദീകരിക്കുന്നതിന് മാഷേൽഫൂക്കോയുടേയും (Michael Faucoult) നവചരിത്രവാദത്തിന്റേയും ആശയങ്ങൾ ഫെമിനിസ്റ്റുകൾ സ്വീകരിച്ചു. കാത റിൻ ഗാലഗർ(Catherine Gallagher) നാൻസി ആംസ്ട്രോങ് (Nancy Armstrong)തുടങ്ങി യവർ സാഹിത്യകൃതികളെ സാഹിത്യബാഹ്യമായ രീതിയിൽ വായിച്ചെടുത്ത് ലൈംഗിക പദവിയുടെ ഘടനയും(Gender) വർഗ്ഗഘടനയും (Class Structure) തമ്മിൽ ബന്ധപ്പെടു ന്നതെങ്ങനെയെന്നു നിരീക്ഷിച്ചു.

ലക്കാന്റേയും(Lacan) ദരിദയുടേയും(Derrida) ഭാഷാപരവും തത്വചിന്താപരവു മായ അപനിർമ്മാണ സിദ്ധാന്തങ്ങളെ ഉപയോഗിച്ചവരിൽ ആലിസ് ജാർഡിൻ (Alice Jardine) ഗായത്രി സ്പിവാക്ക് (Gayatri Spivak) മേരി ജാക്കോബ്സ (Mary Jacobus) എന്നിവ രുൾപ്പെടുന്നു. ഫെമിനിസ്റ്റു സാഹിത്യവിമർശനത്തിലെ രണ്ടു പ്രബലധാരകളാണ് ആംഗ്ലോ അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യവിമർശനവും ഫ്രഞ്ചു ഫെമിനിസ്റ്റു സാഹിത്യവിമർശ നവും.

### 1.5.1. ആംഗ്ലോ അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യവിമർശനം

ആംഗ്ലോ അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യവിമർശനത്തിന് അടിത്തറയിട്ട് കൃതി കളാണ് വെർജീനിയാ വുൾഫിന്റെ 'A Room of one's own(1927)' സിമോൻ ദിബുവ്വാ യുടെ 'The Second Sex(1949)' കാതറിൻ എം. റോജേഴ്സിന്റെ 'The troublesome helpmate(1966)' മേരി എൽമാന്റെ 'Thinking about women(1968)' കെയ്റ്റ് മില്ലറ്റിന്റെ 'Sexual Politics(1969)' തുടങ്ങിയവ.

കെയ്റ്റ് മില്ലറ്റിന്റെ Sexual Politics എന്ന കൃതിയുടെ സിംഹഭാഗവും സാഹിത്യ വിമർശനമാണ്. സാഹിത്യ കൃതികളെ സ്ത്രീപക്ഷത്തു നിന്നു വ്യാഖ്യാനിക്കുന്ന ഈ കൃതി ആംഗ്ലോ അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യവിമർശനത്തിന്റെ വഴിക്കാട്ടി യായിത്തീർന്നു. ആധുനിക കാലഘട്ടത്തിലെ പ്രമുഖ ഇംഗ്ലീഷ് ഫ്രഞ്ചു സാഹിത്യകാര ന്മാരായ ഡി. എച്ച്. ലോറൻസ്, നോർമ്മൻ മെയ്ലർ, ഴാങ്ഷെനെ തുടങ്ങിയവരുടെ കൃതി കളാണ് മില്ലറ്റ് ചർച്ചക്കുവിധേയമാക്കുന്നത്. പ്രാചീനമായ മിഥുകളുടേയും മതങ്ങളുടേയും സ്ത്രീവിരുദ്ധമായ ഉള്ളടക്കത്തെ ഈ കൃതിയിൽ അവർ തുറന്നു കാട്ടുന്നു.

സാഹിത്യത്തിലെ സ്ത്രീബിംബങ്ങളെ വിശകലനം ചെയ്യുന്ന 1970കളിലെ വിമർശന സമ്പ്രദായത്തിന് പ്രചോദനമായത് കെയ്റ്റ് മില്ലറ്റിന്റെ Sexual Politics മേരി എൽമാൻന്റെ Thinking about women എന്നീ കൃതികളാണ്. സാഹിത്യ മുഖ്യധാരയിലെ സ്ത്രീചിത്രണത്തിലെ അധീശത്വ പ്രത്യയ ശാസ്ത്രത്തെയും ലൈംഗിക രാഷ്ട്രീയത്തിന്റെ സൂക്ഷ്മ രൂപങ്ങളേയും അനാവരണം ചെയ്യുന്ന പഠനങ്ങൾ നടന്നു. പുരുഷ രചനകളിലെ സ്ത്രീബിംബങ്ങൾ പുരുഷന്റെ താല്പര്യങ്ങൾക്കും അധികാരവ്യവസ്ഥക്കും അനുസരിച്ചാണ് രൂപപ്പെടുത്തിയിട്ടുള്ളത്. സ്ത്രീകളുടെ കൃതികളിലെ സ്ത്രീബിംബങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഫലമാണ് മേരി ഫർഗൂസന്റെ Images of women in Literature(1973) എന്ന കൃതി. സ്ത്രീകളുടെ സാഹിത്യമാണ് സ്ത്രീകളുടെ യഥാർത്ഥ ജീവിതാവസ്ഥയെ പ്രതിഫലിപ്പിക്കുന്നതെന്ന വിശ്വാസം ഇതോടെ പ്രബലമായി.

സ്ത്രീകളുടേതായ സാഹിത്യചരിത്രവും സംസ്കാരചരിത്രവും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ഫെമിനിസ്റ്റ് സാഹിത്യവിമർശകർ മനസ്സിലാക്കി. സ്ത്രീസാഹിത്യത്തിന്റെ ചരിത്രവും പ്രത്യയശാസ്ത്രവും വിശദീകരിക്കുന്ന കൃതികൾ ഇതിന്റെ ഫലമായി ഉണ്ടായി. ഇതിൽ പ്രധാനം എലൻമൊയേഴ്സിന്റെ Literary women the writers(1976) എലൈൻ ഷൊവാൾട്ടറുടെ A Literature of their own. British women novelists from Bronte to lessing (1977) സാന്ദ്രാഗിൽ ബർട്ടും സൂസൻഗുബാറും ചേർന്നു രചിച്ച The mad woman in the attic. The women writers and the lath century literary imagination(1979)എന്നിവയാണ്. മനോവിശ്ലേഷണ സിദ്ധാന്തങ്ങളിലെ പിതൃ മേധാവിത്ത സ്വാഭാവത്തെ വിമർശിച്ചു കൊണ്ടുതന്നെ അതിലെ ഉൾക്കാഴ്ചകൾ സ്ത്രീപക്ഷചിന്തക്കു പ്രയോജനപ്പെടുത്തിയ ആംഗ്ലോ അമേരിൻ ഫെമിനിസ്റ്റുകളാണ് നാൻസി ചോദറോവും ജൂലിയറ്റ് മിച്ചലും.

ജൂലിയറ്റ് മിച്ചലിന്റെ മനോവിശ്ലേഷണവും സ്ത്രീവാദവും(Psychoanalysis and Feminism)മാർക്സിസം പോലെത്തന്നെ മനോവിശ്ലേഷണവും സ്ത്രീപക്ഷഅപഗ്രഥനത്തിന് ഗുണം ചെയ്യുമെന്ന് തെളിയിക്കുന്ന കൃതിയാണ്. മാർക്സിസം സമൂഹത്തിന്റെ ചരിത്രപരവും സാമ്പത്തികവുമായ ഘടകങ്ങളെ അപഗ്രഥിക്കാൻ പ്രയോജനപ്പെടുന്നു. മനോവിശ്ലേഷണമാകട്ടെ ലൈംഗികതയേയും പ്രത്യയശാസ്ത്രത്തേയും അപഗ്രഥിക്കാനാണ് പ്രയോജനപ്പെടുന്നത്.

മാതൃശരീരവുമായുള്ള ഏകീഭാവം ഉപയോഗിക്കുന്നതിലൂടെ മാത്രമേ ശിശുവിന് പ്രതീകാത്മക പ്രവേശനം സാധ്യമാകൂ. മാതൃശിശുബന്ധത്തിൽ ഇടയ്ക്കു വരുന്നത് പിതാവാണ്. പിതൃനാമം ലിംഗസൂചകത്തിന്റെ അധികാരത്തെ വഹിക്കുന്നു. പിതൃനാമത്തെ അംഗീകരിക്കുന്നതിലൂടെയാണ് ശിശു സാമൂഹ്യ പ്രതീകാത്മക ക്രമങ്ങളിൽ സ്വന്തം നാമവും ഭാഷണവും നേടുന്നത്.

നാൻസി ചോദറോവിന്റെ മാതൃത്വത്തിന്റെ പുനരുല്പാദനം (1979) എന്ന കൃതി

മനോവിശ്ലേഷണ സ്ത്രീവാദരചനകളിൽ പ്രധാനമാണ്. സ്ത്രീയിൽ മാതൃത്വാകഥകൾ രൂപപ്പെടുന്നതിനെക്കുറിച്ചുള്ള അന്വേഷണമാണീ കൃതി. അത് സ്ത്രീയുടെ മാനസിക നിലയിൽത്തന്നെ അന്തർലീനമാണെന്നവർ പറയുന്നു. മാതൃത്വപദവി നിറവേറ്റാനുള്ള സ്ത്രീകളുടെ കഴിവുകളും അതിൽ നിന്നു തൃപ്തി നേടാനുള്ള കഴിവുകളും മനശ്ശാസ്ത്ര പരമായി ഉറപ്പിക്കപ്പെട്ടവയും ശക്തമായി ആന്തരവൽക്കരിക്കപ്പെട്ടവയുമാണ്. സ്ത്രീത്വ ത്തിന്റെ മാനസികഘടനയുടെ വികാസത്തിൽത്തന്നെ ചേർന്നവയുമാണ്.1979 39)

സ്ത്രീപുരുഷഭേദങ്ങൾ രൂപപ്പെടുന്നത് ശൈശവം മുതൽ വ്യക്തിത്വമെത്തുന്നതു വരെ ഒരാളിൽ നടക്കുന്ന മനോവികാസത്തിൽ നിന്നാണെന്ന് അവർ പറയുന്നു. ആൺപെൺശിശുക്കളിൽ വ്യത്യസ്ത രീതികളിലാണ് സ്വത്വബോധം രൂപപ്പെടുന്നത്. സാഹിത്യ വിമർശനത്തിലും സ്ത്രീപക്ഷചരിത്രരചനയിലും സ്വാധീനം ചെലുത്തിയ ആശ യങ്ങളാണ് നാൻസി ചോദറോവിന്റേത്. കർശനമായി അതിർവരമ്പില്ലാത്തതാണ് പെൺകു ട്ടിയുടെ സ്വത്വബോധം. അതിനാൽ ബന്ധങ്ങൾ സൃഷ്ടിക്കാനും നിലനിർത്താനും പെൺകു ട്ടികൾക്കും ശേഷികൂടും. ആൺകുട്ടികൾക്കും ഈ ശേഷി കുറവാണ്. കാരണം അതിൽ സ്വത്വബോധം വ്യക്തമായ അതിർവരമ്പുകളോടെയാണ് രൂപപ്പെടുക.

### 1.5.2. ഫ്രഞ്ചുഫെമിനിസ്റ്റ് സാഹിത്യ വിമർശനം

സ്ത്രൈണ സർഗ്ഗാത്മകതയേയും പെണ്ണെഴുത്തിനേയും കുറിച്ച് അമൂർത്തമായ സാഹിത്യസിദ്ധാന്തങ്ങൾ അവതരിപ്പിച്ചവരാണ് ഫ്രഞ്ചു ഫെമിനിസ്റ്റുകൾ. ഴാക്ക് ലക്കാന്റെ മനോ വിശ്ലേഷണ ചിന്താപദ്ധതികൾ സ്വീകരിച്ച് ഫെമിനിസ്റ്റു വിമർശനത്തെ അവർ പുഷ്ടി പ്പെടുത്തി. സ്ത്രീയനുഭവങ്ങളുടെ ഭൗതിക യാഥാർത്ഥ്യങ്ങളേക്കാൾ തൃഷ്ണ (desire) അഭാവം (Lack) ഭ്രമാത്മകത (Fantacy) എന്നിവയാണവർ പരിഗണിച്ചത്. മാനസികാനു ഭവങ്ങൾക്കാണവർ പ്രാധാന്യം കൊടത്തത്.

സ്ത്രീയെഴുത്തിനെ Ecriture Feminine എന്ന പേരിലവതരിപ്പിച്ച ഹെലൻ സിക്സ്യൂ (Helen - cixous) ല്യൂസ് ഇരിഗറേ(Luce Irigaray) എന്നിവരും സെമിയോട്ടിക് കോറ എന്ന പരികല്പനയവതരിപ്പിച്ച ജൂലിയ ക്രിസ്തേവയും(Julia Christeva) ഫ്രഞ്ചു ഫെമിനിസ്റ്റു സാഹിത്യചിന്തകരിൽ പ്രധാനികളാണ്.

സ്ത്രീശരീരവും സ്ത്രൈണലൈംഗികതയും സ്ത്രീയുടെ സർഗ്ഗവ്യാപാരത്തിന് സവിശേഷ ശക്തി നല്കുന്നുവെന്ന് ഹെലൻ സിക്സ്യുവും ല്യൂസ് ഇരിഗറേയും സിദ്ധാ ന്തിക്കുന്നു. പുരുഷമേധാവിത്ത സമൂഹത്തിൽ അടിച്ചമർത്തപ്പെട്ട സ്ത്രൈണകാമചോദന യുടെ കവിഞ്ഞൊഴുക്കാണ് സ്ത്രീ രചനകളിൽ പ്രകടമാകുന്നത്. ശരീരത്തിൽ നിന്നെഴു തുക (writing from the body) എന്ന ആഹ്വാനം ഇതിന്റെ ഭാഗമാണ്. Ecriture എന്ന ഫ്രഞ്ചു സംജ്ഞക്ക് രൂപകാത്മകമായ അർത്ഥമാണുള്ളത്. writing എന്ന ഘടനാവാദാനന്തര സങ്ക

ല്പവുമായി ബന്ധപ്പെട്ടതാണ് ഇത്.

ശരീരത്തെ എഴുതുന്നത് അഥവാ ശരീരം കൊണ്ടുള്ള എഴുത്ത് എന്ന അർത്ഥത്തിലാണ് Ecriture Feminine ആവിഷ്കരിക്കപ്പെട്ടത്. പുരുഷനിർമ്മിതമായ സാങ്കല്പികക്രമത്തിൽ നിന്ന് രക്ഷപ്പെട്ട് സ്ത്രീയുടെ അഭിവാഞ്ഛകൾ സാങ്കല്പികമായി പൂർത്തീകരിക്കപ്പെടുന്ന എഴുത്താണിത്. സ്ത്രീയുടെ രതി, കാമം ലൈംഗികാവയവങ്ങൾ എന്നിവയുമായെല്ലാം ഇതു ബന്ധപ്പെടുന്നു. സ്ത്രൈണ രചനയെക്കുറിച്ചുള്ള ഉട്ടോപ്യൻ പദ്ധതിയാണ് Ecriture Feminine.

ഏകരൂപവും യുക്തിഭദ്രവുമാണ് ആൺകോയ്മയുടെ എഴുത്ത്. ഇതിനെ പ്രതീകീകരിക്കുന്നതാണ് പുരുഷലിംഗത്തിന്റെ ഏകഭാവം. ലിംഗം ഏകമാണെങ്കിൽ ഭഗം അനേകമാണ് Ecriture Feminine. ഭഗോഷ്ഠങ്ങൾകൊണ്ടുള്ള സംസാരമാണ്. അനേകാർത്ഥങ്ങളേയും വൈരുദ്ധ്യങ്ങളേയും യുക്തിനിരാസത്തേയുമാണിത് ഉയർത്തിപ്പിടിക്കുന്നത്. അനിയതവും ബഹുരൂപിയുമായ Ecriture Feminine പുരുഷലൈംഗികതയുടെ നിശ്ചിതവും ഏകമുഖവും കേന്ദ്രീകൃതവുമായ സ്വഭാവത്തിനു വിരുദ്ധമാണ്. (ശ്രീജൻ, വി.സി., 1995:31)

ഭാഷാർജ്ജനത്തിന്റെ ഘട്ടമായ പ്രതീകാത്മക ക്രമത്തിലേക്കു (Symbolic order) കടക്കുന്നതിനു മുമ്പ് സാങ്കല്പിക ഘട്ടത്തിൽ (Imaginary fames) ഒരു കുഞ്ഞ് അനുഭവിക്കുന്ന ഉത്തേജനാനുഭവങ്ങളുടെ ആകത്തുകയാണ് ജൂലിയാ ക്രിസ്തേവയുടെ സെമിയോട്ടിക് കോറ എന്ന പരികല്പന. പ്രതീകാത്മകതയിൽ നിന്നു വേറിട്ടു നില്ക്കുന്ന ക്രമരാഹിത്യത്തിന്റേയും അരാജകത്വത്തിന്റേയും മൗനത്തിന്റേയും ഉറവിടം എന്നയർത്ഥത്തിലാണ് ഇത് ആവിഷ്ക്കരിക്കപ്പെട്ടത്. ഫെമിനിസ്റ്റ് സാഹിത്യ വിമർശനത്തിൽ ഫ്രഞ്ചു ഫെമിനിസ്റ്റുകളാണ് കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. പുരുഷമേധാവിത്ത വ്യവസ്ഥയേയും അതിന്റെ പുനരുല്പാദനതന്ത്രങ്ങളേയും വിവരിക്കാൻ കഴിയുന്നു എന്ന കാര്യത്തിൽ ലക്കാനിൽ മനോവിശ്ലേഷണതത്വങ്ങളെ ഫ്രഞ്ചു ഫെമിനിസ്റ്റുകളും അംഗീകരിക്കുന്നു. എന്നാൽ ലിംഗസൂചകത്തിന് ഭാഷാപ്രവേശത്തിൽ കൂടുതൽ പ്രാധാന്യം നല്കുന്ന (ലിംഗകേന്ദ്രിതവാദം)തിനെ ഇവർ വിമർശിക്കുന്നു. ലിംഗകേന്ദ്രിതവാദത്തിനെതിരെ സ്ത്രൈണഭാഷയെന്ന സങ്കല്പം ഇവർ മുന്നോട്ടുവക്കുന്നു.

ഭാഷക്കും ചിഹ്ന വ്യവസ്ഥകൾക്കുമുള്ളിലാണ് വിഷയി രൂപപ്പെടുന്നതെങ്കിലും വിഷയിക്ക് സ്വയം നിർവചിക്കാനാകും. മനോവിശ്ലേഷണത്തിൽ ആൺകുട്ടിയുടെ വീക്ഷണത്തിൽ നിന്നാണ് സാങ്കല്പികത്രങ്ങളെ വിശദീകരിക്കുന്നു. പെൺകുട്ടിയുടെ വീക്ഷണത്തിൽ നിന്ന് അത് വിശദീകരിക്കുന്നില്ല. സ്ത്രൈണ ലൈംഗികത പുരുഷ മാതൃകകളിൽ ഒതുങ്ങുന്നതല്ല. അതിനെ പ്രതീകവൽക്കരിക്കാനും സാധ്യമല്ല എന്ന നിരീക്ഷണത്തിനെതിരായാണ് ലൂസ് ഇരിഗറെയുടെ സ്ത്രൈണഭാഷ എന്ന സങ്കല്പം വാക്കുകളുടെ നാമങ്ങളുടെ കൃത്യമായ കണിശമായ അർത്ഥത്തെ എല്ലാ വ്യവഹാരങ്ങളേയും ഇപ്പോഴും നിയ

ന്ത്രിച്ചു വരുന്ന അർത്ഥത്തെ - ഒരു സ്രൈത്രണഭാഷ ഇല്ലായ്മ ചെയ്യുന്നു. കൃത്യമായ അർത്ഥം ഉണ്ടായിരിക്കണമെങ്കിൽ എവിടെയെങ്കിലും ഒരു ഏകത്വം കൂടിയേ തീരൂ. പക്ഷേ സ്രൈത്രണ ഭാഷയെ തിരിച്ച് ഒരു ഏകത്വത്തിലെത്തിക്കാൻ കഴിയില്ലെന്നുണ്ടെങ്കിൽ അതിനെ എളുപ്പത്തിൽ വിവരിക്കാനോ നിർവചിക്കാനോ കഴിയില്ല. ഭാഷയെ പുറമേ നിന്നു വീക്ഷിക്കാനുതകുന്നതായ ഒരു സ്രൈത്രണ ഉപരിഭാഷ (metalanguage) ഇല്ല. പുരുഷത്വത്തിന് ഭാഗികമായെങ്കിലും പുറത്തുനിന്ന് അതിനെത്തന്നെ നോക്കാനും അതിനെക്കുറിച്ച് ആലോചിക്കാനും അതിനെത്തന്നെ പ്രതിനിധാനം ചെയ്യാനും അതിനെത്തന്നെ വിവരിക്കാനും കഴിയും. സ്രൈത്രണതയ്ക്ക് പുതിയൊരു ഭാഷയിൽ അതിനോടുതന്നെ സംസാരിക്കാൻ ശ്രമിക്കാമെങ്കിലും പുറത്തുനിന്നോ ചിട്ട പ്രകാരമോ അതിനെത്തന്നെ വിവരിക്കാൻ കഴിയില്ല. പുരുഷത്വത്തോട് താദാത്മ്യം പ്രാപിക്കാതെ അങ്ങനെ സ്വയം നഷ്ടപ്പെടുത്താതെ ഇതു സാധ്യമല്ല. (Irigaray Luce 1977: 65)

ലൂസ് ഇരിഗറേയുടെ അന്യസ്ത്രീയുടെ ദർപ്പണം (Speculum of other women) എന്ന കൃതി ലക്കാനിയൻ സിദ്ധാന്തത്തിന്റെ വിമർശനമാണ്. ലക്കാനിയൻ സിദ്ധാന്തം സ്ത്രീയെ പുരുഷന്റെ ദാർപ്പണിക പ്രതിബിംബമാക്കുന്നു. എന്ന കുഴിഞ്ഞ ദർപ്പണത്തെ ഇതിനു പകരമായി വയ്ക്കുകയാണ് ഇരിഗറെ. സ്രൈത്രണരചനയുടെ മാനിഫെസ്റ്റോയാണ് മെസൂസയുടെ ചിരി എന്ന കൃതി. സ്രൈത്രണരചന സ്ത്രീകൾക്കു മാത്രമേ സാധ്യമാകു എന്നവർ കരുതുന്നില്ല. സ്ത്രീരചനകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളെ എലൈൻ ഷൊവാൾട്ടർ വിശദീകരിക്കുന്നു. ജീവശാസ്ത്രപരം(Biological) ഭാഷാപരം (Lingustic) മനശ്ശാസ്ത്രപരം (Psycho analytic) സാംസ്കാരികം (Cultural) എന്നീ ഘടകങ്ങളെയാണ് ഷൊവാൾട്ടർ കണ്ടെത്തുന്നത് (Elaine Showalter 2000 : 313).

### 1.6. സ്ത്രീരചനയും സ്ത്രീ ശരീരശാസ്ത്രവും

എഴുത്തിനെക്കുറിച്ചുള്ള രൂപകാത്മകമായ സങ്കല്പങ്ങൾ സ്ത്രീ രചനയെ നിഷേധിക്കുന്നതാണ്. ഈ രൂപകാത്മകതയെ അടിസ്ഥാനമാക്കി സ്ത്രീരചന വ്യത്യസ്തമാക്കുന്ന രീതികൾ വിശദീകരിക്കാൻ ഫെമിനിസ്റ്റുകൾ ശ്രമിക്കുന്നു. Mad woman in the attic എന്ന കൃതിയിൽ സാന്ദ്രാഗിൽ ബർട്ടും സൂസൺ ഗബാറും പറയുന്നു. പുരുഷാധിഷ്ഠിതമായ പാശ്ചാത്യ സംസ്കാരത്തിൽ ഓഥർ (Authors) എന്ന സങ്കല്പം പുരുഷനായൊരു രചയിതാവിനെ ദൈവ പിതാവിനെയാണ് സൂചിപ്പിക്കുന്നത്. പേന പുരുഷശിശ്നത്തെ പോലെ ഒരുപകരണത്തെയും. ഈ പേന തങ്ങൾക്കില്ലെന്നതിന്റെ ഉൽക്കണ്ഠയാണ് സ്ത്രീരചനയുടെ ഒരു വ്യത്യസ്തതയെന്ന് അവർ അഭിപ്രായപ്പെടുന്നു. പുരുഷശിൗ ശ്നത്തെയാണ് പേന സൂചിപ്പിക്കുന്നതെങ്കിൽ ഏത് അവയവം കൊണ്ടാണ് സ്ത്രീകൾ രചന നടത്തുക എന്നവർ ചോദിക്കുന്നു. ഈ ചോദ്യത്തിനുള്ള മറുപടി ഷൊവാൾട്ടർ നല്കുന്നതിങ്ങനെയാണ്.

“ മസ്തിഷ്കം കൊണ്ടാണ് സ്ത്രീ രചന നടത്തുന്നത്. മസ്തിഷ്കം രൂപകാത്മക മായ ഒരു ഗർഭപാത്രമാണ്. സർഗ്ഗ പ്രക്രിയയെ പ്രസവത്തോടും അതിന്റെ വേദനയെ പേറ്റുനോവിനോടുമാണ് സാധാരണ ഉപമിക്കാറുള്ളത്. സൃഷ്ടികർമ്മത്തിന് ശുക്ലദാനത്തെ ക്കാൾ ഗർഭധാരണം, പ്രസവവേദന, പ്രസവം എന്നിവയോടാണ് സാമ്യം രൂപകാത്മക മായ ജന്മം കൊടുക്കൽ ആണ് സർഗ്ഗക്രിയ എങ്കിൽ ഏതവയവത്തിലൂടെയാണ് പുരുഷൻ രചന നടത്തുക ”(Elaine Showalter 2000 : 314)

ജീവശാസ്ത്രപരമായ വ്യത്യസ്തതകളും സ്ത്രീയുടെ എഴുത്തും തമ്മിലുള്ള ബന്ധ ത്തെക്കുറിച്ച് ഗൗരവപ്പെട്ട ചർച്ചകൾ ഉണ്ടായിട്ടുണ്ട്. ഫ്രാൻസിലേയും അമേരിക്കയിലേയും റാഡിക്കൽ ഫെമിനിസ്റ്റുകൾ ലൈംഗിക വ്യത്യാസത്തെ സൃഷ്ടിയുടെ ഉറവയായി കണ്ടു. സ്ത്രീയുടെ എഴുത്ത് അവളുടെ ശരീരത്തിൽ നിന്നാണ് വരുന്നത് എന്ന നിലപാടാണ് ബയോളജിക്കൽ ക്രിട്ടിക്കുകൾ അടിസ്ഥാനമായെടുത്തത്.

സ്ത്രീകളുടെ എഴുത്തിൽ പ്രത്യക്ഷപ്പെടുന്ന ശരീരാധിഷ്ഠിത ബിംബങ്ങളെക്കുറി ച്ചുള്ള പഠനം പ്രസക്തമാണ്. സമൂഹത്തിലെ സ്വന്തം അവസ്ഥയെക്കുറിച്ചുള്ള സ്ത്രീക ളുടെ ചിത്രീകരണത്തിന്റെ ഭാഗമാണത്. ബയോളജിക്കൽ ക്രിട്ടിസിസത്തിന്റെ ശരീരത്തി ലുള്ള ഊന്നൽ ആത്മഹത്യപരമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഭാഷാപരവും സാമൂ ഹികവും സാഹിത്യപരവുമായ ഘടകങ്ങളെ കണക്കിലെടുക്കാതെയുള്ള ശരീരത്തിന്റെ ആവിഷ്കാരം സാധ്യമല്ല.

“സ്ത്രീയുടെ ജീവശാസ്ത്രത്തെ സങ്കുചിതമായി നിർവചിക്കുകയാണ് പുരുഷാ ധിപത്യചിന്ത ചെയ്തത്. ജീവശാസ്ത്രപരമായ വ്യത്യാസത്തിൽ നിന്നാണ് ഫെമിനിസ്റ്റു കാഴ്ചപ്പാടു വികസിക്കുന്നത്. ശാരീരിക സവിശേഷതയെ ഒരു പരാധീനതയായല്ല സർഗ്ഗാ ത്മകതയുടെ കേന്ദ്രമായാണ് പരിഗണിക്കേണ്ടതെന്ന് ആൻഡ്രിയൻ റൗിച്ച് പറയു ന്നു.”(Elaine Showalter 2000 : 314)

ഭാവനയുടെയും സർഗ്ഗാത്മകതയുടെയും ഖനിയായ ശരീരത്തെ കാണുന്നവരാണ് ശരീരാധിഷ്ഠിത സ്ത്രീവാദനിരൂപകർ. എഴുത്തുകാരികൾ സ്ത്രീ ശരീരത്തെ പ്രയോജ നപ്പെടുത്തുന്ന രീതികളെക്കുറിച്ച് അലീഷ്യാ ഓസട്രിക്കർ, ടെറൻസ് ഡിഗ്ഗറി (Terence Diggory) എന്നിവർ ശ്രദ്ധേയമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ‘Body language: Imagery of the body in women’s poetry’ എന്ന ലേഖനത്തിൽ അമേരിക്കൻ കവയിത്രികൾ സമകാ ലികരായ കവികളേക്കാൾ കൂടുതൽ തുറന്നതും വ്യാപകവുമായ രീതിയിൽ ശരീര ബിംബ ങ്ങൾ ഉപയോഗിച്ചിരുന്നതായി അലീഷ്യാ ഓസ്ട്രിക്കർ രേഖപ്പെടുത്തുന്നു(Elaine Showalter 2000:314). വാൾട്ട് വിറ്റ്മാന്റേയും എമിലി ഡിക്കൻസിന്റേയും രചനകളിൽ നഗ്നശരീരം എന്ന ബിംബം പ്രയോഗിച്ചതിന്റെ സവിശേഷതകൾ ചൂണ്ടിക്കാട്ടുന്നതാണ് ടെറൻസ് ഡിഗ്ഗ

റിയുടെ 'Armoured women, Naked women, Dickinson Whiteman and their successors' എന്ന ലേഖനം.

### 1.7. സ്ത്രീരചനയും സ്ത്രീഭാഷയും

ഫെമിനിസ്റ്റു വിമർശനത്തിന്റെ ഭാഷാപരവും തത്വചിന്താപരവുമായ പ്രാധാന്യത്തിൽ അമേരിക്കൻ ബ്രിട്ടീഷ് ഫ്രഞ്ചുഫെമിനിസ്റ്റുകൾ ഊന്നുന്നുണ്ട്. സ്ത്രീയുടെ സവിശേഷാ ഭാഷാ പ്രയോഗത്തെക്കുറിച്ചുള്ള അന്വേഷണവും പഠനവും ഗൈനോക്രിട്ടിസിസം (Gyno criticism) എന്ന വിമർശനരീതിക്ക് രൂപം നല്കി.

ലൈംഗിക പദവിയും(Gender) സാമൂഹികപദവിയും(Social status) സ്ത്രീയുടേയും പുരുഷന്റേയും ഭാഷാ പ്രയോഗങ്ങളെപ്പോലും വ്യത്യസ്തമാക്കുന്നു. ലിംഗവ്യത്യാസമനുസരിച്ചുള്ള ഭാഷാപ്രയോഗങ്ങളെ ജീവശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായ തലങ്ങളിൽ സിദ്ധാന്തവൽക്കരിക്കാൻ കഴിയും. എഴുത്ത്, വായന, സംസാരം ഇവയെല്ലാം ലിംഗപരമായ വ്യത്യസ്തതകളാൽ നിർണയിക്കപ്പെടുന്നവയാണ്.

നിലവിലുള്ള ഭാഷാവ്യവസ്ഥ പുരുഷനിർമ്മിതമാണ്. സംസ്കാരത്തിന്റെ അടിസ്ഥാനശിലയായ ചിഹ്നവ്യവസ്ഥയെ സ്വീകരിക്കുന്നതിലൂടെയാണ് സാംസ്കാരിക കർതൃത്വമായി ഒരു വ്യക്തി രൂപപ്പെടുന്നത്. പുരുഷമേധാവിത്ത സമൂഹത്തിൽ ലിംഗമാണ് (Phallus) വിശിഷ്ടമായ സൂചകമായി പരിഗണിക്കപ്പെടുക. ഭാഷാക്രമം ഈ ലിംഗമേധാവിത്തത്തിലധിഷ്ഠിതവുമാണ്. അധീശസൂചകത്തിന്റെ ഈ ഭാഷ തന്നെ സ്ത്രീക്കും ഉപയോഗിക്കേണ്ടി വരുന്നു. സ്ത്രീയുടെ ലൈംഗിക പ്രതികരണങ്ങളേയും അനുഭവങ്ങളേയും ആവിഷ്കരിക്കാനുതകാത്ത ഭാഷയാണത്.

"അസ്തിത്വത്തിനായി എഴുതുകയും സംസാരിക്കുകയും ചെയ്യുന്ന സ്ത്രീ വിദേശ ഭാഷപോലൊന്ന് ഉപയോഗിക്കാൻ നിർബന്ധിക്കപ്പെടുന്നു. തനിക്ക് സുരക്ഷിതയാവാൻ കഴിയാത്ത ഒരു ഭാഷയാണിത്" എന്ന് കരോളിൻ ബാർക്കു പറയുന്നു.(Elaine showalter 2000:316)

ഭാഷയുടേതായ ഇത്തരം പരിമിതികളിൽ നിന്നു കൊണ്ടു തന്നെ സ്ത്രീക്ക് രചന നടത്തേണ്ടി വരുന്നു. സൈത്രണവ്യവഹാരങ്ങളുടെ ആവിഷ്കാരത്തിനുതകുന്ന പുതിയ വാക്കുകളും രൂപകങ്ങളും എഴുത്തുകാരി സൃഷ്ടിക്കേണ്ടതുണ്ട്. സ്ത്രീ ഭാഷ എന്ന സങ്കല്പനം വികസിക്കുന്നതിങ്ങനെയാണ്. അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ റോബിൻ ലക്കോഫ് (Languages and women's plays) എന്ന ഗ്രന്ഥത്തിൽ സ്ത്രീകളുടേതായ ഒരു ഭാഷാ രീതി നിലനിൽക്കുന്നുണ്ടെന്നു വ്യക്തമാക്കുന്നു.

ഫെമിനിസ്റ്റു വിമർശനത്തിന്റെ ഭാഗമായാണ് സ്ത്രീയുടെ ഭാഷയെക്കുറിച്ചുള്ള അന്വേ

ഷണങ്ങൾ നടന്നത്. പെൺകോയ്മയുടേതായ ഒരു പ്രാചീനയുഗത്തിൽ സ്ത്രീകൾക്കു മാത്രമായി ഒരു ഭാഷ ഉണ്ടായിരുന്നതായി നിരീക്ഷിക്കപ്പെടുന്നു. ആൺകോയ്മയുടെ വരവോടെ ഈ ഭാഷ അവർക്കു നഷ്ടമായി എന്നാണ് സങ്കല്പം. നിലവിലുള്ള അക്കാദമിക്ക് പാരമ്പര്യത്തിനകത്തു പ്രവർത്തിക്കുന്ന സ്ത്രീ നേരിടുന്ന വൈരുദ്ധ്യത്തെക്കുറിച്ച് സേവിയറെ ഗോത്തിയർ ഇങ്ങനെ പറയുന്നുണ്ട്. " സ്ത്രീകൾ മൗനികളായിരുന്നാൽ ചരിത്രത്തിനു പുറത്താകും. നിലവിലുള്ള പുരുഷഭാഷയിൽ സംസാരിച്ചു തുടങ്ങിയാൽ പരതന്ത്രരും അന്യവൽകൃതരുമായി ചരിത്രത്തിൽ പ്രയോഗിക്കും"(Elaine Showalter 2000 : 316)

പുരുഷവ്യവഹാരത്തിനകത്തു പ്രവർത്തിക്കുമ്പോൾ തന്നെ അതിനെ അപനിർമ്മിച്ചുകൊണ്ടിരിക്കുന്ന രചനാ സമ്പ്രദായമാണ് വേണ്ടതെന്ന് മേരിജാക്കൊബ്സ് നിർദ്ദേശിക്കുന്നു. പുരുഷലിംഗത്തേയും പുരുഷവിജ്ഞാനത്തേയും കേന്ദ്രമാക്കുന്ന ഭാഷാഘടനകളെ തകർത്തു ഭാഷയെ പുനർനിർമ്മിക്കണമെന്ന് ഷോഷാനാ ഫെൽമാൻ അഭിപ്രായപ്പെടുന്നു.(Elaine Showalter 2000 : 316)

ഭാഷയുടെ കാര്യത്തിൽ സ്ത്രീകളനുഭവിക്കുന്ന പ്രതിസന്ധി കോളനിവാഴ്ചക്കു ശേഷം രാഷ്ട്രങ്ങൾ നേരിടുന്ന ഭാഷാപ്രശ്നം പോലെയാണെന്ന് എലൈൻഷൊവാൾട്ടർ പറയുന്നു(2000 316). സ്ത്രീസ്വത്വബോധമാവിഷ്കരിക്കാൻ ഭാഷ പര്യാപ്തമല്ലെന്നതുപോലെ സ്വന്തം ഭാഷാസിദ്ധികൾ വികസിപ്പിക്കാനുള്ള അവസരവും സ്ത്രീകൾക്കില്ല. അതുകൊണ്ടാണ് വളച്ചുകെട്ടിപ്പറയാനും പ്രതീകങ്ങളിലൂടെ സംസാരിക്കാനും അവർ നിർബന്ധിക്കപ്പെടുന്നത്. പദവിന്യാസത്തേയും ശൈലി, ബിംബങ്ങൾ എന്നിവയെയും ആസ്പദിച്ച് സ്ത്രീയുടേതുമാത്രമായ ശൈലി അന്വേഷിക്കുന്നത് സഫലമാകണമെന്നില്ലെന്ന് ഷൊവാൾട്ടർ അഭിപ്രായപ്പെടുന്നു. എന്നാൽ പ്രതിജ്ഞാബദ്ധയായ ഒരു ഫെമിനിസ്റ്റ് എഴുത്തുകാരി തന്റെ ഭാഷയെ വ്യത്യസ്തമാക്കാൻ ബോധപൂർവ്വം ശ്രമിക്കും. ആൺകോയ്മയുടെ പ്രത്യയശാസ്ത്രത്തിൽ നിന്നു മാറി നില്ക്കാനുള്ള ബോധപൂർവ്വമായ ശ്രമം എഴുത്തുകാരി നടത്തേണ്ടതുണ്ട്.

### 1.8. സ്ത്രീരചനയും സ്ത്രീമനശ്ശാസ്ത്രവും

മനോവിശ്ലേഷണ ഫെമിനിസ്റ്റ് വിമർശകർ എഴുത്തുകാരിയുടെ മനോഘടനയിലും സർഗ പ്രക്രിയയിലെ ലൈംഗികമായ റോളിന്റെ പ്രത്യേകതയിലും ശ്രദ്ധിക്കുന്നു. ശരീരവും ഭാഷയും സർഗപ്രക്രിയയുമായി സ്ത്രീക്കുള്ള ബന്ധത്തെ നിർണയിക്കുന്ന പ്രധാന ഘടകങ്ങളാണ്. സമൂഹം നല്കിയിട്ടുള്ള ലൈംഗികമായ റോളിന്റെ Gender പ്രത്യേകതകളും ഇതോടൊപ്പം പ്രധാനമാണ്. ലൈംഗികമായ സാമൂഹ്യവൽക്കരണത്തിലൂടെയും ഭാഷാർജ്ജനത്തിലൂടെയുമാണ് സ്ത്രീയുടെ മനോഘടന രൂപപ്പെടുന്നത്.

ലൈംഗികമായ അസൂയ (Penis envy) ഷണ്ഢത്വഭീതി (Castration complex) ഈഡി

പ്പൽ ഘട്ടം (Edipal stage) എന്നിവ ചില പ്രധാനപ്പെട്ട ഫ്രോയ്ഡിയൻ പരികല്പനകളാണ്. ഭാഷയോടും ഭാവനയോടും സംസ്കാരത്തോടുമുള്ള സ്ത്രീയുടെ ബന്ധം നിർണയിക്കുന്നതിന് ഈ പരികല്പനകളെ ഫെമിനിസ്റ്റുകൾ പ്രയോജനപ്പെടുത്തുന്നു.

ഫ്രോയ്ഡിന്റേയും ഴാക്ക്‌ലാക്കാന്റെയും മനശ്ശാസ്ത്ര പരികല്പനകളെ ഫെമിനിസ്റ്റുകൾ സ്വീകരിക്കുന്നു. ഫ്രോയ്ഡിന്റേ ഷണ്ഡത്വഭീതി എന്ന പരികല്പനയെ വികസിപ്പിക്കുകയും സ്ത്രീയുടെ സാഹിതീയവും ഭാഷാപരവുമായ പരാധീനതയുടെ രൂപകമായി അതിനെ സ്വീകരിക്കുകയും ചെയ്യുന്നു ലക്കാൻ.

ഈഡിപ്പൽ ഘട്ടത്തിലാണ് കുട്ടി ഭാഷയുടെ പ്രതീകാത്മക ക്രമത്തിലേക്ക് Symbolic order) പ്രവേശിക്കുന്നത്. കുട്ടി തന്റെ ലൈംഗികമായ വ്യത്യാസം തിരിച്ചറിയുന്നത് അതോടെയാണ്. ഈ ഘട്ടത്തിൽ ലിംഗത്തെ (Phallus) ഭാഷയുടെ കേന്ദ്ര സൂചകമായി സ്വീകരിക്കേണ്ടി വരുന്നു. ആൺകുട്ടി ഇതു സ്വാഭാവികമായി ചെയ്യുന്നു. എന്നാൽ പെൺകുട്ടിക്ക് ഒരു ഇല്ലായ്മ എന്ന നിലയിൽ (Lack) നിഷേധാത്മകമായി മാത്രമേ ഇതു സാധ്യമാവൂ. ഭാഷയുടെ പ്രതീക വ്യവസ്ഥയിലേക്കുള്ള പ്രവേശനം ആൺകുട്ടിയിലും പെൺകുട്ടിയിലും വ്യത്യസ്ത പ്രതികരണങ്ങളാണ് ഉണ്ടാക്കുന്നത്. ഭാഷയുമായി സ്ത്രീയുടെ ബന്ധം മുഴുവൻ ഈ അഭാവത്താൽ നിർണയിക്കപ്പെടുന്നതാണ്.(Margarett Homans 1998: 653, 654)

സ്ത്രീരചനയുടെ തനിമയും വ്യത്യസ്തതയും കിടക്കുന്നത് എഴുത്തുകാരിക്ക് തന്റെ സ്ത്രീ സ്വത്വവുമായുള്ള പീഢിതവും അസ്വസ്ഥവുമായ ബന്ധത്തിലാണെന്ന് സാന്ദ്ര ഗിൽബർട്ടും സൂസൻ ഗുബാറും പറയുന്നുണ്ട്. The mad woman in the attic (1998) എന്ന കൃതിയിൽ തന്റെ ലിംഗ വിഭാഗത്തെ (Gender) വേദനാകരമായ പ്രതിബന്ധമോ ദൗർബല്യമോ ആയിട്ടാണ് സ്ത്രീ അനുഭവിക്കുന്നത്. 19-ാം നൂറ്റാണ്ടിലെ സ്ത്രീ സാഹിത്യത്തിൽ കാണുന്ന ആതുരാവസ്ഥ ഉന്മാദം, ഏകാകിത, അന്യതാബോധം ഇവയൊക്കെ ഈ അപകർഷബോധത്തിന്റെ ഭാഗമാണെന്ന് അവർ പറയുന്നു.

"പുരുഷന്മാരായ വായനക്കാരുടെ വിമർശനത്തെക്കുറിച്ചുള്ള ഭയം, സ്വയം നാടകവൽക്കരിക്കുന്നതിനുള്ള വൈമുഖ്യം, സ്ത്രീകളായ വായനക്കാർക്കും മുൻഗാമികൾക്കും പിൻഗാമികൾക്കു വേണ്ടിയുള്ള അന്വേഷണം ഇതെല്ലാം സ്ത്രീ രചനകളുടെ ചില സവിശേഷതകളാണ്.(Elaine showalter 2000 : 319)

### 1.9. സ്ത്രീരചനയും സ്ത്രീസംസ്കാരവും

സ്ത്രീരചനയുടെ വ്യത്യസ്തതയേയും മൗലികതയേയും വിശദീകരിക്കാൻ സ്ത്രീ സംസ്കാരത്തിലൂന്നുന്ന സിദ്ധാന്തത്തിനാണ് കൂടുതൽ കഴിയുന്നത് എന്ന് എലൈൻ ഷൊവാൾട്ടർ പറയുന്നു. ശരീരശാസ്ത്രപരം എന്നതിനേക്കാൾ സ്ത്രീസാഹിത്യം വ്യത്യ

സ്തമാകുന്നത് കോളനിവൽകൃതരുടെ സാഹിത്യമെന്ന അർത്ഥത്തിലാണ്. സ്ത്രീസം സ്കാരത്തിലൂന്നുന്ന സിദ്ധാന്തം സ്ത്രീയുടെ ശരീരം, ഭാഷ, മനശ്ശാസ്ത്രം എന്നിവയെ ക്കൂടി ഉൾക്കൊള്ളുന്നുണ്ട്. മാത്രമല്ല അവയെ സാമൂഹ്യസാഹചര്യങ്ങളിൽ വച്ചു വ്യാഖ്യാ നിക്കുകയും ചെയ്യുന്നു. നിശ്ചയമായും സ്ത്രീകൾ അവരുടെ ശരീരത്തേയും ലൈംഗികത യേയും പ്രത്യുല്പാദനധർമ്മങ്ങളേയും പ്രശ്നവൽക്കരിക്കുന്നത് സാംസ്കാരിക സാഹ ചര്യങ്ങളുമായി ബന്ധപ്പെട്ടാണ്.

ലിംഗപദവി പോലെത്തന്നെ വർഗ്ഗം, വംശം, ദേശീയത, ചരിത്രം തുടങ്ങിയവയും സാഹിത്യത്തിന്റെ നിർണയനഘടകങ്ങളാണ്. കാലം, ദേശം എന്നിവയ്ക്കതീതമായി അനു ഭവപരമായി എഴുത്തുകാരികളെ ഒന്നിപ്പിക്കുന്നതാണ് സ്ത്രീസംസ്കാരം. അധീശസം സ്കാരത്തിനുള്ളിൽ സ്ത്രീസംസ്കാരം സംഘാനുഭൂതി(Collective Experience) ആയി നില കൊള്ളുന്നു. സാംസ്കാരികാധീശത്വത്തെ സംബന്ധിക്കുന്ന മാർക്സിയൻ സിദ്ധാന്തത്തിൽ നിന്നു വ്യത്യസ്തമാണ് സ്ത്രീ സംസ്കാരത്തെ സംബന്ധിക്കുന്ന ഈ സമീപനം.

നരവംശശാസ്ത്രജ്ഞരുടേയും സാമൂഹ്യശാസ്ത്രജ്ഞരുടേയും ചരിത്രകാരന്മാ രുടേയും സമീപനങ്ങളിൽ നിന്നാണ് സ്ത്രീസംസ്കാരത്തെക്കുറിച്ചുള്ള ആശയങ്ങൾ രൂപ പ്പെട്ടത്. പുരുഷവ്യവസ്ഥയുടെ അധികാരബന്ധങ്ങൾക്കും മൂല്യസംഹിതകൾക്കുമപ്പുറത്ത് സ്ത്രീകളുടെ സാംസ്കാരികാനുഭവങ്ങളേയും പ്രവർത്തനങ്ങളേയും കണ്ടെത്താനും വില യിരുത്താനും നടത്തിയ ശ്രമത്തിന്റെ ഭാഗമാണിത്.

സ്ത്രീകൾ ചരിത്രത്തിന് പുറത്തായതിന് പുരുഷാധികാര വ്യവസ്ഥയും പുരുഷച രിത്രകാരന്മാർ പ്രത്യേകിച്ചും കാരണക്കാരാണ്. പുരുഷകേന്ദ്രിതമായാണ് ചരിത്രം വ്യാഖ്യാ നിക്കപ്പെട്ടത്. ചരിത്രത്തിൽ സ്ത്രീകളും അവരുടെ പ്രവർത്തനങ്ങളും രേഖപ്പെടുത്തപ്പെ ട്ടില്ല. സ്ത്രീയും പുരുഷനുമടങ്ങുന്ന പൊതുസംസ്കാരത്തിനുള്ളിൽ സ്ത്രീസംസ്കാരം രൂപപ്പെട്ടുനിലനില്ക്കുന്നതിന്റെ സാധ്യതകളെക്കുറിച്ചറിയാൻ സ്ത്രീകേന്ദ്രിതമായ ഒരന്വേ ഷണമാണാവശ്യം. ചരിത്രത്തിൽ സ്ത്രീകളുടെ ഇടപെടലും അനുഭവങ്ങളും നിശ്ചയ മായും ഉൾപ്പെട്ടിരിക്കുന്നു. ഫെമിനിസ്റ്റ് അവബോധത്തിന്റെ വികാസവും സ്ത്രീചരിത്ര ത്തിന്റെ ഭാഗമാണ്.

സ്ത്രീസംസ്കാരം ഒരു ഉപസംസ്കാരമല്ലെന്നും സമൂഹത്തിലെ ഭൂരിപക്ഷത്തിന് ഉപസംസ്കാരം മാത്രമായി നിലനില്ക്കാനാവില്ലെന്നും Lerner പറയുന്നു.(Elain Showalter 2000: 322) പൊതുസംസ്കാരത്തിനുള്ളിലെ അംഗം എന്ന നിലയിലും സ്ത്രീസംസ്കാ രത്തിന്റെ പങ്കാളിയെന്ന നിലയിലുമുള്ള - ദ്വന്ദ്വവ്യക്തിത്വമാണ് സ്ത്രീക്കുള്ളത്- ഇരട്ട ജീവിതമാണ് സ്ത്രീ നയിക്കുന്നത്.

ഷിർലി(Shirley), എഡ്വിൻ ആർഡ്നർ(Edvin Ardener) എന്നീ നരവംശ ശാസ്ത്ര

ജ്ഞർ സ്ത്രീസംസ്കാരത്തെ വ്യാഖ്യാനിക്കാൻ ശ്രമിച്ചവരിൽ പ്രധാനികളാണ്. സ്ത്രീസംസ്കാരത്തെക്കുറിച്ചുള്ള ഒരു മാതൃകയവതരിപ്പിക്കുകയും അതിന്റെ സവിശേഷതകൾ വിശദീകരിക്കാൻ പ്രത്യേക പദാവലികൾ തയ്യാറാക്കുകയും ചെയ്തയാളാണ് എഡ്വിൻ ആർഡ്നർ. 'Belief and the problem of women' (1972), 'The problem revisited' (1975) എന്നീ ഉപന്യാസങ്ങളിൽ സ്ത്രീകൾ അവരുടേതായ ഒരു നിശ്ശബ്ദിത സംസ്കാരം രൂപപ്പെടുത്തിയിരിക്കുന്നതായി ആർഡ്നർ പറയുന്നു. സ്ത്രീസംസ്കാരത്തേയും യാഥാർത്ഥ്യത്തേയും പൂർണമായി ഉൾക്കൊള്ളാത്തതും എന്നാൽ അതിനെ വലയം ചെയ്തു നിൽക്കുന്നതുമായ പുരുഷാധീശ സംസ്കാരത്തിനുള്ളിൽ സ്ത്രീകൾ അവരുടേതായ നിശ്ശബ്ദ സംസ്കാരം രൂപപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീയനുഭവങ്ങളെ അപഗ്രഥിക്കുന്നതിന് ചരിത്രത്തിന്റേയും സംസ്കാരത്തിന്റേയും പുരുഷകേന്ദ്രിതമാതൃകകൾക്കുള്ള അപൂർണതയും അപര്യാപ്തതയും നരവംശശാസ്ത്രകാരന്മാർ തിരിച്ചറിഞ്ഞിട്ടുണ്ട്. പുരുഷകേന്ദ്രിതമാതൃകകൾക്കുള്ളിലുൾപ്പെടാത്ത സ്ത്രീയനുഭവങ്ങളെ അവഗണിക്കാനും അപഭ്രംശമായി കരുതാനുമുള്ള ശ്രമങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നത്. ഇന്ദ്രിയഗ്രഹണത്തെക്കുറിച്ചും പ്രാന്തവൽക്കരണത്തെക്കുറിച്ചുമുള്ള ആർഡ്നറുടെ ആശയങ്ങൾ ഫെമിനിസ്റ്റ് സാഹിത്യ സമീപനങ്ങളിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. സാഹിത്യസാംസ്കാരികരംഗങ്ങളിലെ സ്ത്രീപങ്കാളിത്തത്തെക്കുറിച്ചുള്ള ചർച്ചകളിൽ നിശ്ശബ്ദവൽക്കരണം (Silencing) എന്ന ആശയം കേന്ദ്രസ്ഥാനത്തു നിൽക്കുന്നു.

ഭാഷ, അധികാരം എന്നീ കാര്യങ്ങളിലാണ് സ്ത്രീകൾ പുറത്താക്കപ്പെട്ട വിഭാഗമായിത്തീരുന്നത്. സമൂഹത്തിലെ മേധാവിത്തവിഭാഗവും അടിച്ചമർത്തപ്പെട്ട നിശ്ശബ്ദവിഭാഗവും ആശയങ്ങളും വിശ്വാസങ്ങളും ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ മേധാവിത്തവിഭാഗത്തിനാണ് ഇവയിൽ നിയന്ത്രണമുള്ളത്. മേധാവിത്തഘടനക്കുള്ളിൽ അനുവദനീയമായ രൂപത്തിലൂടെയാണ് തങ്ങളുടെ ആശയങ്ങൾ നിശ്ശബ്ദിതവിഭാഗം പ്രകാശിപ്പിച്ചുകൊണ്ടിരിക്കുക. നിലവിലുള്ള ഭാഷ അധീശവ്യവസ്ഥയുടേതാണ്. സ്ത്രീക്ക് സംസാരിക്കേണ്ടി വരുന്നത് ഈ ഭാഷയിലൂടെയാണ്. കലയിലൂടെയും ആചാരം, അനുഷ്ഠാനം തുടങ്ങിയ രൂപങ്ങളിലൂടെയുമാണ് സ്ത്രീ സംസ്ക്കാരം ഭാഷ കണ്ടെത്താൻ ശ്രമിക്കുന്നത്.

സ്ത്രീകൾ പുരുഷന്മാരാൽ ഭരിക്കപ്പെടുന്ന സാംസ്കാരികവ്യവസ്ഥയുടെ ഭാഗമായതുകൊണ്ടു തങ്ങൾ ഏതൊരു മാനദണ്ഡത്തിന്റെ ഇരയാണോ അതേ മാനദണ്ഡം ഉപയോഗിക്കുകയും ചെയ്യുന്നു. അതായത് പുരുഷവ്യവസ്ഥക്കകത്ത് സ്ത്രീ സ്വയം ഉൾക്കൊള്ളപ്പെട്ടവളും പുറന്തള്ളപ്പെട്ടവളുമാണ്. അത് കണ്ടും അവൾ എങ്ങനെ കാണപ്പെടുന്നു എന്ന് അറിയുകയും ചെയ്യുന്നതിലൂടെയാണ് അവൾ അവളെത്തന്നെ കാണുന്നത് എന്നു

ളളതാണ് സ്ത്രീയുടെ ആത്മബോധം. അവൾ പുരുഷന്റെ കണ്ണാടിയിലൂടെയാണ് ലോകത്തെ കാണുന്നത്.(സിഗ്രിഡ് വെയ്ഗൽ 1994: 78)

സ്ത്രീഎഴുത്തുകാരുടെ ഭാവനാസൃഷ്ടിയെ സ്ത്രീകളുടെ ജീവിതങ്ങളിൽ നിന്നും ജീവിതസന്ദർഭങ്ങളിൽ നിന്നും അടർത്തി മാറ്റിക്കാണാനാവില്ല. സ്ത്രീകളാൽ രചിക്കപ്പെട്ട പല കൃതികളും സ്ത്രീകളെന്ന നിലയിലുള്ള അവരുടെ അനുഭവങ്ങളെ വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. മറ്റു സ്ത്രീകളുമായുള്ള ബന്ധങ്ങളിലൂടെയാണ് തന്നോടു തന്നെയുള്ള പുതിയ ബന്ധം വികസിപ്പിച്ചെടുക്കാനാവുക.

സ്ത്രീകേന്ദ്രിതവിമർശനത്തിലും സിദ്ധാന്തങ്ങളിലും കലയിലും പ്രയോഗിക്കുന്ന പ്രധാന പരികല്പനയാണ് സ്ത്രൈണ ഇടമെന്നത്. സ്ത്രീയുടെ വ്യത്യസ്തതയെ വിശദീകരിക്കാനുള്ള സൈദ്ധാന്തിക അടിസ്ഥാനമായാണ് സ്ത്രൈണ ഇടമെന്ന (Female space)ആശയത്തെ ഫ്രഞ്ചുഫെമിനിസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നത്. വിമോചനാത്മകമായ എഴുത്തിന്റേയും ഭാഷയുടേയും ഉറവിടമായാണവരിതിനെ കാണുന്നത്. ഇതൊരു വന്യമേഖലയാണ് (Wild zone) ഈ വന്യമേഖലയിലേക്കു കടക്കുന്നതോടെ സ്ത്രീക്കു പുരുഷമേഖലയിൽ നിന്നു സ്വതന്ത്രമായി എഴുതാനാവും. ഈ വന്യമേഖലയിലേക്കു കടക്കുന്നതിനെപ്പറ്റിയുള്ള പ്രതീകാത്മക സൂചനകൾ ഫെമിനിസ്റ്റ് രചനകളിൽ കാണാനാവും.

അമേരിക്കൻ റാഡിക്കൽ ഫെമിനിസ്റ്റുകൾ പ്രകൃതിയും പരിസ്ഥിതിയുമായി സ്ത്രീക്കുള്ള ബന്ധത്തെ ജീവശാസ്ത്രപരമായി ഉറപ്പിക്കുന്നു. ഇത്തരമൊരു ഫെമിനിസ്റ്റ് മിത്തോളജി മേരിഡാലിയുടെ Gyne-ecology യിലും മാർഗരറ്റ് ആറ്റ്വുഡിന്റെ Surfacing എന്ന നോവലിലും കാണാം. ഇംഗ്ലീഷ് അമേരിക്കൻ സാഹിത്യത്തിൽ എഴുത്തുകാരികൾ ആമസോൺ ഉട്ടോപ്യകൾ ധാരാളമായി ഭാവന ചെയ്തിരുന്നു. പുരുഷമേധാവിത്തത്തിൽ നിന്ന് സർവതന്ത്രസ്വതന്ത്രമായ സമൂഹമാതൃകയാണവരുടെ സങ്കല്പത്തിലുണ്ടായിരുന്നത്.

പാഠത്തിൽ(Text) കേന്ദ്രീകരിച്ചുകൊണ്ട് ആവിഷ്കാര സമ്പ്രദായങ്ങളുടെ പ്രത്യേകതകൾ പഠിക്കുകയാണ് അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യ വിമർശകർ മുഖ്യമായി ചെയ്തത്. ഇംഗ്ലീഷ് ഫെമിനിസ്റ്റു സാഹിത്യ വിമർശകർ സംസ്കാരത്തിന്റെ മുഖ്യധാരകളെയാകെ പഠന വിധേയമാക്കി. ലിംഗതലത്തോടൊപ്പം വർഗ്ഗതലവും വിവേചനത്തിലുൾപ്പെടുന്നു വെന്നവർ തിരിച്ചറിഞ്ഞു. ഫ്രഞ്ചു ഫെമിനിസ്റ്റുകൾ മനോവിശ്ലേഷണ പദ്ധതികൾ സ്വാംശീകരിച്ചു. ജർമ്മൻ ഫെമിനിസ്റ്റുകൾ സാഹിത്യ സംവേദനത്തിലെ സ്ത്രീവിരുദ്ധതയെ ചെറുക്കുന്നതിന് ഫ്രാങ്ക്ഫർട്ട് സ്ക്കൂളിന്റെയും ഹെർമ്മന്യൂട്ടിക്സിന്റെയും വെളിച്ചം സ്വീകരിച്ചു.

സാഹിത്യത്തിലെ സ്ത്രീ ചിത്രണത്തിന്റെ രീതികളിലും സ്ത്രീ പ്രതിനിധാനങ്ങളിലെ ലിംഗപരമായ വിവേചനങ്ങളും അപഗ്രഥനം ചെയ്യുകയാണ് ആദ്യകാല ഫെമിനിസ്റ്റു സാഹിത്യ വിമർശകർ ചെയ്തത്. സാഹിത്യത്തിലെ സൈത്രണ പാരമ്പര്യത്തെ കണ്ടെത്തുകയും അധീശസംസ്കാരത്തിനെതിരായ പ്രതി സംസ്കാരത്തെ ഉയർത്തിപ്പിടിക്കുകയുമാണ് രണ്ടാംഘട്ടത്തിൽ ചെയ്തത്. വർണ വർഗ്ഗ ഗോത്രവ്യത്യസ്തതകളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള സൈദ്ധാന്തിക വിശകലനങ്ങൾ ഇന്ന് ഫെമിനിസ്റ്റു സാഹിത്യ വിമർശന പദ്ധതിയുടെ ഭാഗമാണ്.

### 1.10. ഫെമിനിസ്റ്റു സാഹിത്യവും സ്ത്രീരചനയും

ഫെമിനിസ്റ്റു സാഹിത്യം രാഷ്ട്രീയ താല്പര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീയനുഭവിക്കുന്ന പാരതന്ത്ര്യങ്ങളും അനീതികളും തുറന്നുകാട്ടുന്നു. പൊതുജനാഭിപ്രായത്തെ സ്വാധീനിക്കാനും സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്താനും ഫെമിനിസ്റ്റു സാഹിത്യം ശ്രമിക്കുന്നു. അതിനാൽ ഫെമിനിസ്റ്റു സാഹിത്യം സ്ത്രീകേന്ദ്രിതം(Gynocentric) ആണ്. അതിൽ വിമോചന പ്രത്യയശാസ്ത്രത്തിനാണ് സാഹിത്യപരതയെക്കാളേറെ പ്രാധാന്യം കൊടുക്കുക. എന്നാൽ സ്ത്രീരചന എല്ലായ്പ്പോഴും പ്രത്യയശാസ്ത്രോന്മുഖമാകണമെന്നില്ല. സ്ത്രീരചന വിമോചന പ്രത്യയശാസ്ത്രത്തെക്കാൾ സാഹിത്യപരതക്ക് പ്രാധാന്യം കൊടുക്കുന്നു.

ഫെമിനിസ്റ്റ് സാഹിത്യ സൃഷ്ടിയുടെ ധർമ്മം മേരി ഈഗിൾട്ടന്റെ അഭിപ്രായത്തിൽ ഇവയെല്ലാമാണ്. "സ്ത്രീകളുടെ സത്യസന്ധമായ പ്രകാശനത്തിനുതകുന്ന മാധ്യമമാണ് ഫെമിനിസ്റ്റ് സാഹിത്യം. സൈത്രണ ചോദനകളിൽ നിന്നുത്ഭവിക്കുന്ന സാഹിത്യം ലിംഗഭേദാതീത സാംസ്കാരിക സമന്വയം (Cultural andragyny) നേടിയെടുക്കാൻ സഹായിക്കുന്നു. ഫെമിനിസ്റ്റു സാഹിത്യം കർക്കശമായ ലിംഗഭേദങ്ങൾക്കതീതമായി കർമ്മസമന്വയത്തെ ത്വരിതപ്പെടുത്തുന്നു. സ്ത്രീകൾക്കിടയിൽ സാഹോദര്യത്തിന്റെ നവീന സ്ഥലബോധമുണർത്താൻ കഴിയും. സ്ത്രീലോകത്തെക്കുറിച്ചും ലൈംഗിക രാഷ്ട്രീയത്തിന്റെ ഫലങ്ങളെക്കുറിച്ചും ഉൾക്കാഴ്ച നല്കുന്നതിലൂടെ ബോധവൽക്കരണം നടത്താനും ഫെമിനിസ്റ്റു സാഹിത്യം സഹായകമാകുന്നു."(Eagleton Mary 1986: 169-174)

ഒരു ഫെമിനിസ്റ്റ് സാഹിത്യകൃതിയിൽ ലൈംഗിക സമത്വാദർശവും ലൈംഗികസമത്വ യാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യം സ്പഷ്ടമാക്കപ്പെടുന്നു. സാഹിത്യപരത നഷ്ടപ്പെടുത്താതെ പ്രത്യയശാസ്ത്രത്തെ സത്യസന്ധമായി ചിത്രീകരിക്കുന്നതിലാണ് ഫെമിനിസ്റ്റ് എഴുത്തുകാരിയുടെ വൈഭവം.

പുരുഷമേധാവിത്തം ഒരു ജീവിതരീതിയും ലൈംഗിക വിവേചനത്തിന്റെ പ്രത്യയശാസ്ത്രവുമാണ്. പ്രബലമായ പുരുഷവർഗ്ഗത്തിന്റെ പ്രതിനിധികളായാണ് എഴുത്തുകാർ

ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. അവർ സൃഷ്ടിക്കുന്ന സ്ത്രീ ബിംബങ്ങൾ പുരുഷമേധാവിത്തത്തെ ശക്തിപ്പെടുത്തുന്നതോ സ്വാഭാവികവൽക്കരിക്കുന്നതോ ആയിരിക്കും. ലൈംഗിക വിവേചന പ്രത്യയശാസ്ത്രത്തിന്റെ എതിർ പ്രയോഗമാണ് ഫെമിനിസം. സ്ത്രീകേന്ദ്രിതമാണ് ഫെമിനിസ്റ്റ് സാഹിത്യ വിമർശനം. സാർവ്വലൗകികം, ലിംഗാഭേദാതീതം, രാഷ്ട്രീയേതരം എന്ന് വിശേഷിപ്പിക്കുമ്പോഴും സാഹിത്യവും വിമർശനവും ലിംഗപരിഗണനകളിൽ നിന്നു സ്വതന്ത്രമല്ല. ഫെമിനിസ്റ്റ് സാഹിത്യത്തിന്റെ ഉള്ളടക്കത്തിലും രൂപത്തിലും സ്ത്രൈണഭാവങ്ങളുടെ മുദ്രകാണാം.

കലയെ സംബന്ധിക്കുന്ന ഒരു പിതൃധർമ്മ സിദ്ധാന്തത്താൽ സാഹിത്യം നിയന്ത്രിതമാണെന്ന് സാൻഡ്രാ ഗിൽബർട്ടും സൂസൻ ഗുബാറും ചൂണ്ടിക്കാട്ടി. (1979:6,7) നിയന്ത്രിത പരിധിക്കുള്ളിലെ സാഹിത്യത്തിൽ നിന്ന് എഴുത്തുകാരി പുറാത്താക്കപ്പെടുന്നു.

കലാ സൃഷ്ടികർമ്മത്തെ ജൈവസൃഷ്ടികർമ്മവുമായി ബന്ധപ്പെടുത്തുന്നത് കലാസാഹിത്യരംഗത്തെ പുരുഷമേൽക്കോയ്മ ഉറപ്പിക്കുന്നതിന്റെ ഭാഗമാണ്. പുരുഷമേധാവിത്ത സൗന്ദര്യശാസ്ത്രമാണിത്. ഈയർത്ഥത്തിൽ ലിംഗസമാനമായ തൂലികയും കന്യകാതുല്യമായ ശൂന്യപത്രവും (Blank page) ഭാഗഭാക്കാവുന്ന പ്രജനന പ്രക്രിയയാണത്. സാഹിത്യചരിത്രം തന്നെ പുരുഷന്മാരായ എഴുത്തുകാരാൽ നിർമ്മിതമാണെന്ന വീക്ഷണം നിലനില്ക്കുന്നു. പുരുഷകലാകാരനും സ്ത്രൈണമാവമുൾക്കൊള്ളുന്ന ബാഹ്യലോകവും തമ്മിലുള്ള സംയോഗം.

"സ്ത്രീശരീരത്തിന്റെ നാശത്തിൽ പര്യവസാനിക്കുന്ന ഒരു തരം ബലാൽക്കാരമായിട്ടാണ് സ്ത്രീക്ക് കലാസൃഷ്ടികർമ്മം അനുഭവപ്പെടുന്നത് എഴുത്തുകാരിയുടെ കലാപരമായ ആത്മനിർവചനത്തിനുവേണ്ടിയുള്ള പോരാട്ടമാണിത് സൂചിപ്പിക്കുന്നത്."(സാന്ദ്രാ ഗിൽബർട്ടും സൂസൻ ഗുബാർ) (1979: 50)

സ്ത്രീരചനക്കു പിന്നിലുള്ള യഥാർത്ഥശക്തി സ്ത്രീശരീരം തന്നെയായിത്തീരുന്നുണ്ട്. ആത്മനിർവചനത്തിനു വേണ്ടിയുള്ള സ്ത്രീയുടെ അന്വേഷണമാണ് ഫെമിനിസ്റ്റ് സാഹിത്യത്തിനു പ്രചോദനം നലകുന്നതെന്ന് സാന്ദ്രാ ഗിൽബർട്ടും സൂസൻ ഗുബാറും (1979: 76) പറയുന്നു. സ്ത്രീയുടെ അനന്യതാന്വേഷണം ആണ് സ്ത്രീരചനയുടെ പ്രമേയമെന്ന് എലൈൻ ഷൊവാൾട്ടർ(1985: 13) അഭിപ്രായപ്പെടുന്നു.

ഫെമിനിസ്റ്റ് സാഹിത്യകാരി രക്ഷാകർത്താക്കൾ, കാമുകൻ, മക്കൾ മുതലായ അപരരോടുള്ള സാമ്യവ്യത്യാസങ്ങളുടെ വൈരുദ്ധ്യത്തിലൂടെ ആത്മപ്രകാശനം നടത്തുന്നു. ലിംഗം, ലൈംഗികത, ശരീരം എന്നിവയെക്കുറിച്ചുള്ള ബോധത്തിന് സ്ത്രീസ്വത്വാവബോധത്തിൽ പ്രസക്തിയുണ്ട്.

### 1.11. ഫെമിനിസ്റ്റ് പാഠം

ഫെമിനിസ്റ്റ് കൃതികളിൽ ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രം പ്രത്യക്ഷമാണ്. ലിംഗരാഷ്ട്രീയവും സൗന്ദര്യശാസ്ത്രവും പരസ്പരപൂരകമായി കൃതിയിൽ ലയിക്കുന്നു. എഴുത്തുകാരി സ്വകാര്യനുഭവങ്ങൾക്കൊപ്പം സാർവത്രികാനുഭവങ്ങൾക്കും ഊന്നൽ നല്കുകയാണ് ചെയ്യുന്നത്. വൈയക്തികവും സാംസ്കാരികവുമായ ആത്മബോധത്തെ സ്വാധീനിക്കാനുള്ള കഴിവാണ് സാഹിത്യത്തിന്റെ സാമൂഹ്യധർമ്മമായി മാറുന്നത്. ഈ സാമൂഹ്യധർമ്മം ഫെമിനിസ്റ്റ് വിമോചന രാഷ്ട്രീയത്തിൽ നിർണായകമാണെന്ന് റിത്ത ഫെൽസ്കി അഭിപ്രായപ്പെടുന്നു(1989: 7). "ഫെമിനിസ്റ്റായ എഴുത്തുകാരി ഭാഷയുടെയും ശൈലിയുടെയും പ്രശ്നങ്ങളുമായും അധികാരത്തിന്റേയും നിലനില്പിന്റേയും ചോദ്യങ്ങളുമായും മല്ലടിക്കുന്നതിനൊടൊപ്പം തന്റെ സ്വത്വവുമായി ബന്ധപ്പെടുന്നതിനുകൂടി പ്രയത്നിക്കുന്നു."(Pope Deborah 1984: 2,3)

ഫെമിനിസ്റ്റ് എഴുത്തുകാരിക്ക് അനുകരണീയമായ സ്ത്രീ മാതൃകകൾ ഇല്ല. ഭാഷയിലും ശൈലിയിലും ആദ്യകാല എഴുത്തുകാരികൾക്ക് എഴുത്തുകാരെ അനുകരിക്കേണ്ടിവന്നിട്ടുണ്ട്. പുരുഷകേന്ദ്രിത ഭാഷ തന്നെ സ്ത്രീക്കും ഉപയോഗിക്കേണ്ടിവരുന്നതാണിതിനു കാരണം. സ്ത്രൈണ വികാരവിചാരങ്ങളെ പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്തമായ ഭാഷ സൃഷ്ടിക്കുകയെന്ന പ്രശ്നം ഫെമിനിസ്റ്റ് എഴുത്തുകാരികൾക്ക് മുന്നിലുണ്ട്.

സ്ത്രീഭാവുകത്വമെന്ന സവിശേഷത എഴുത്തുകാരികളിൽ സാർവത്രികമായുള്ളതാണ്. സ്ത്രൈണാനുഭവങ്ങളുടെ സമാനതകൾക്ക് ഊന്നൽ നല്കുന്നതാണ് പട്രീഷ്യാ മേയർ സ്പാക്ക്സിന്റെ വിമർശനങ്ങൾ (1975).

സ്ത്രൈണാനുഭവങ്ങൾ ചിരകാലമായി ഒരു പോലെയാണെന്നും സ്ത്രീ സഹജമായ സമാനതകൾ സ്ത്രീകൾ തമ്മിലുള്ള വ്യത്യാസങ്ങളെക്കാൾ കൂടുതൽ മൗലികമാണ് എന്നും സ്പാക്സ് അഭിപ്രായപ്പെടുന്നു.(1975:5)

സ്ത്രീരചനകളിൽ ഭാവനാപരമായ നൈരന്തര്യമുണ്ട് എന്ന് മേരി ഈഗിൾട്ടൻ. അതിനാൽ ചില പ്രത്യേക പ്രതീകങ്ങൾ, രൂപകങ്ങൾ, ബിംബങ്ങൾ, ശൈലികൾ, ധ്വനികൾ ഇവ സ്ത്രീരചനയിൽ ആവർത്തിക്കപ്പെടുന്നു. ഇവയുടെ ആവർത്തനം സാമൂഹികവും ചരിത്രപരവുമായ സ്ത്രീയവസ്ഥകളെ വ്യാഖ്യാനിക്കാനുള്ള മാനദണ്ഡമാക്കാവുന്നതാണ്. (1986:12). ഒരെഴുത്തുകാരിക്ക് സ്ത്രീത്വത്തെ സംബന്ധിച്ച സമൂഹത്തിന്റെ സാംസ്കാരിക പ്രതീക്ഷകളും ഒരെഴുത്തുകാരിയാകുന്നതിനുള്ള തന്റെ ഉൽക്കർഷേച്ഛയും ഒരേ സമയത്തു സഫലീകരിക്കുക എന്ന പ്രശ്നത്തെയാണ് നേരിടേണ്ടത്. കുടുംബിനിയും കലാകാരിയും തമ്മിലുള്ള സംഘർഷമാണ് എഴുത്തുകാരിയിലുള്ളത്. (Pope Deborah 1984:3) സ്ത്രീരചനയിൽ വീണ്ടെടുക്കപ്പെട്ട ലൈംഗികതയുടെ ഒരാഘോഷം ദൃശ്യമാണ്. ഉപഭോ

ഗ വസ്തുവെന്ന അവസ്ഥയുടെ നിരാകരണവും സ്വന്തം ലൈംഗികതയുടെ നിയന്താതാവായി മാറാനുള്ള ശ്രമവുമാണ് സ്ത്രീരചനയിലുള്ളത്.

**ഉപസംഹാരം**

ആദ്യകാലത്ത് പരിഷ്കരണപ്രസ്ഥാനങ്ങളായി ആരംഭിച്ച സ്ത്രീവാദരാഷ്ട്രീയം ചരിത്രം, നരവംശശാസ്ത്രം, മനോവിജ്ഞാനീയം തുടങ്ങിയ മാനവികശാസ്ത്രങ്ങളിലെ ആശയങ്ങൾ സ്വീകരിച്ച് സൈദ്ധാന്തിക അടിത്തറ ശക്തമാക്കി.

മൂന്നാംലോകസ്ത്രീകളുടെ സവിശേഷപ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന അധിനിവേശാനന്തര സ്ത്രീവാദവും പ്രകൃതിയേയും പരിസ്ഥിതിയേയും ബന്ധപ്പെടുത്തിക്കൊണ്ട് പുതിയ പാരിസ്ഥിതികാവബോധം മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതിക സ്ത്രീവാദവും ഫെമിനിസത്തിന്റെ സമകാലികമുഖങ്ങളാണ്. ലിംഗാധികാരത്തെക്കുറിച്ചുള്ള അപഗ്രഥനങ്ങൾ താത്വികവും രീതിശാസ്ത്രപരവുമായി വൈവിധ്യം പുലർത്തുന്നവയാണ്. ഇന്ന് ഫെമിനിസ്റ്റ് ചിന്ത പാശ്ചാത്യ സാമൂഹ്യബൗദ്ധിക പശ്ചാത്തലങ്ങളെ ആശ്രയിച്ചുനില്ക്കുന്ന ഒന്നല്ല.

അനുഭവങ്ങളുടേയും ആവിഷ്കാരങ്ങളുടേയും വ്യത്യസ്തതകളാണ് ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രത്തെ യാഥാർത്ഥ്യമാക്കുന്നത്. സാമൂഹ്യമായും ജീവശാസ്ത്രപരമായും പുരുഷന്റേതിൽ നിന്ന് വ്യത്യസ്തമാണ് സ്ത്രീയനുഭവത്തിന്റെ മേഖല.

സാഹിത്യവ്യവഹാരത്തിലെ പുരുഷാധിപത്യമൂല്യങ്ങളെ തിരിച്ചറിയുക. സാഹിത്യവ്യവഹാരങ്ങളെ പുനസ്സംഘടിപ്പിക്കുക ഇവയെല്ലാമാണ് ഫെമിനിസ്റ്റു സാഹിത്യവിമർശനം ചെയ്യുന്നത്. 1970കളിലാണ് ഫെമിനിസ്റ്റ് സാഹിത്യവിമർശനപദ്ധതി ലക്ഷ്യബോധവും ഉൾക്കാഴ്ചയും നേടുന്നത്.

പാഠത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ആവിഷ്കാര സമ്പ്രദായങ്ങളുടെ പ്രത്യേകതകൾ പഠിക്കുകയാണ് അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യവിമർശകർ മുഖ്യമായി ചെയ്തത്. ഇംഗ്ലീഷ് ഫെമിനിസ്റ്റ് സാഹിത്യവിമർശകർ ലിംഗതലവും വർഗ്ഗതലവുമുൾപ്പെടെ സംസ്കാരത്തിന്റെ മുഖ്യധാരകളെയാകെ പഠനവിധേയമാക്കി ഫ്രഞ്ചുഫെമിനിസ്റ്റുകൾ മനോവിശ്ലേഷണ പദ്ധതികൾ സ്വാംശീകരിച്ചു. ജർമ്മൻ ഫെമിനിസ്റ്റുകൾ സാഹിത്യസംവേദനത്തിലെ സ്ത്രീവിരുദ്ധതയെ ചെറുക്കുന്നതിന് ഫ്രാങ്ക്ഫർട്ട് സ്ക്കൂളിന്റേയും ഹെർമ്മന്യൂട്ടിക്സിന്റേയും വെളിച്ചം സ്വീകരിച്ചു.

സാഹിത്യത്തിലെ സ്ത്രീചിത്രണത്തിന്റെ രീതികളും സ്ത്രീപ്രതിനിധാനങ്ങളിലെ ലിംഗപരമായ വിവേചനങ്ങളും അപഗ്രഥിക്കുകയാണ് ആദ്യകാല ഫെമിനിസ്റ്റു വിമർശകർ ചെയ്തത്. സാഹിത്യത്തിലെ സ്ത്രൈണ പാരമ്പര്യത്തെ കണ്ടെത്തുകയും അധീശ

സംസ്കാരത്തിന്നെതിരായ പ്രതിസംസ്കാരത്തെ ഉയർത്തിപ്പിടിക്കുകയുമാണ് രണ്ടാംഘട്ട ത്തിൽ ചെയ്തത്. വർണ വർഗ്ഗ ഗോത്രവ്യത്യസ്തതകളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള വിശ കലനങ്ങൾ ഇന്ന് ഫെമിനിസ്റ്റ് സാഹിത്യവിമർശന പദ്ധതിയുടെ ഭാഗമാണ്.

സാഹിത്യത്തിന്റെ മുഖ്യധാരയിൽ അവഗണിക്കപ്പെടുകയോ തെറ്റായി ചിത്രീക രിക്കപ്പെടുകയോ ചെയ്ത സ്ത്രീയനുഭവങ്ങളെ കണ്ടെത്തുന്നത് ഫെമിനിസ്റ്റ് സാഹിത്യ വിമർശനത്തിന്റെ ഭാഗമാണ്. പുരുഷപാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായി സ്ത്രീയുടെ സാഹിത്യപാരമ്പര്യത്തെ പുനർനിർമ്മിക്കുന്നതും ഇതോടൊപ്പം പ്രധാനമാണ്.

## കുറിപ്പുകൾ

### അധ്യായം 1


| | | |
|---|---|---|
| Andrienne Rich | 1976 | *Of Woman Born, Motherhood as Experience and Institution*, NewYork: WW Norton |
| Anita Silvers | 1998 | "Feminism an overview", *Encyclopedia of Aesthetics,* (Ed. Michel Kelly), Vol -II, New York: Oxford University Press |
| Chodrow Nancy | 1979 | *The reproduction of mothering psycho analysis and the sociol ogy of Gender* |
| Eagleton, Mary (Cd) | 1986 | *Feminist Literary theory* Oxford: Black Well |
| Elaine Showatter | 1985 | *The New Feminist Criticism,* New York: Panthon Books |
| Elaine Showatter | 2000 | "Feminist Criticism in the Wilderness",*Modern Criticism and Theory A Reader*, (Ed. David Lodge and Nigel Wook) New York: Longman |
| Ellie Lie | 1996 | Marxism and feminist theory *marxism mysticism and modern theory* suke wolton (cd)McMillain press Ltd London |
| Felski Rita | 1989 | *Beyond Feminist Aesthetics, Feminist Literature and Social Change*: Cambridge: Harward Uty |
| Gilbert Sandra Gubar Susan | 1979 | *The mad women in the attic. The women writers third the 19th century Literary imagination* New Hayen Yale University London |

| | | |
|---|---|---|
| Irigaray, Luce | 1977: | *Women's Exile Ideology and conciousness* 1:London |
| Margret Homans | 1998 | "Representation, Reproduction and Womens place in Language" *Literary Theory: An Anthology*, Julie Rivkin & Michael Ryan Massachusetts, USA: Blackwell Publishers |
| Mitchel Juliet | 1994 | "Women the longest revolution" *A Vintage Book Of Feminism* (Ed. Miriam Schneir) UK: Cox and Wyman, Reading Berkshine. |
| Pope Deborah | 1984 | *A Separate Vision,* Buton Rouge, Lousiana State University Press |
| Stacks, Patricia | 1975 | *The Female Imagination* Newyork: Knof |
| ശ്രീജൻ, വി.സി. | 1995 | "സ്ത്രീവാദവും സാഹിത്യ വിമർശ നവും" *സാഹിത്യലോകം* നവം ബർ-ഡിസംബർ തൃശൂർ: കേരള സാഹിത്യ അക്കാദമി |
| സി□വിയ ബൊവൻഷൻ | 1994 | "ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം ഒരു യാഥാർത്ഥ്യമോ?" *ഫെമി നിസ്റ്റ് സൗന്ദര്യശാസ്ത്രം,* ബുക് വേം തൃശൂർ |

**അധ്യായം രണ്ട്**

# സാഹിത്യത്തിലെ സ്ത്രീയും സ്ത്രീ സാഹിത്യവും മലയാളത്തിൽ

2.1. : സാഹിത്യത്തിലെ സ്ത്രീബിംബങ്ങൾ

2.1.1. : ഫ്യൂഡൽകാലഘട്ടത്തിലെ സ്ത്രീ

2.1.2. : നോവലുകളിലെ സ്ത്രീബിംബങ്ങൾ

2.1.3. : കഥകളിലെ സ്ത്രീബിംബങ്ങൾ

2.1.4. : കവിതയിലെ സ്ത്രീബിംബങ്ങൾ

2.1.5. : നാടകത്തിലെ സ്ത്രീബിംബങ്ങൾ

2.2. : സ്ത്രീസാഹിത്യം മലയാളത്തിൽ

2.2.1. : സ്ത്രീരചനാപാരമ്പര്യം

2.2.2. : സ്ത്രീസാഹിത്യചരിത്രം - ഘട്ടവിഭജനം

ഫെമിനിസ്റ്റ് സാഹിത്യവിമർശനത്തിന്റെ സൈദ്ധാന്തികഭൂമിക കഴിഞ്ഞ അധ്യായ ത്തിൽ വിശകലനം ചെയ്തു. ആ രീതിശാസ്ത്രം ഉപയോഗിച്ച് മലയാള സാഹിത്യത്തിലെ സ്ത്രീബിംബങ്ങളെ അപഗ്രഥിക്കുകയും സ്ത്രീ സാഹിത്യചരിത്രം അന്വേഷിക്കുകയുമാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

സാഹിത്യത്തിലെ സ്ത്രീബിംബങ്ങളെ അപഗ്രഥിക്കുന്ന പദ്ധതി ഫെമിനിസ്റ്റ് സാഹിത്യ വിമർശനത്തിൽ പ്രധാനമാണ്. സാഹിത്യകൃതികളിൽ സ്ത്രീകഥാപാത്രങ്ങളെ ചിത്രീകരിക്കുന്ന രീതി പുരുഷമേധാവിത്തപരമാണെന്ന തിരിച്ചറിവിന്റെ ഭാഗമാണിത്. സ്ത്രീയുടെ രണ്ടാംകിടസ്ഥാനത്തെ(Second sex) ഉറപ്പിച്ചുകൊണ്ടാണ് സാഹിത്യത്തിൽ പുരുഷൻ സ്ത്രീയെ പരമ്പരാഗതമായി ചിത്രീകരിച്ചുപോന്നത്. പുരുഷനിൽ നിന്ന് വ്യത്യ സ്തവും വിപരീതവുമായാണ് സ്ത്രീത്വം പരിഗണിക്കപ്പെട്ടത്. പുരുഷന്റെ സങ്കല്പത്തിലും സ്വപ്നത്തിലുമുള്ള സ്ത്രീയെയാണ് സാഹിത്യത്തിൽ ചിത്രീകരിച്ചിരുന്നത്.

സമൂഹത്തിൽ ആധിപത്യം വഹിക്കുന്ന ലിംഗ വിഭാഗമെന്ന നിലയിൽ പുരുഷന്റെ കാഴ്ചപ്പാടുകൾ ആധികാരികവും സാർവലൗകികവുമായി പരിഗണിക്കപ്പെട്ടു. സ്ത്രീയെ സംബന്ധിച്ചുള്ള പുരുഷവീക്ഷണങ്ങൾ പുനർവായനക്കു വിധേയമാക്കേണ്ടിവരുന്നത് അതി നാലാണ്. കൃതിയുൽപ്പാദിപ്പിക്കുന്ന മൂല്യങ്ങളും നിഗമനങ്ങളും പരിശോധിക്കുമ്പോൾ ആഖ്യാനത്തിലെ ലിംഗമേധാവിത്തം തിരിച്ചറിയാനാകും. പുരുഷരചനകൾ മാത്രമല്ല അവയുടെ വിമർശനവും പുരുഷകേന്ദ്രിതമായ അർത്ഥങ്ങളാണ് ആവർത്തിച്ചുകൊണ്ടിരി ക്കുന്നത്. വിമർശനസ്ഥാപനം സാഹിത്യത്തിന്റെ നിയമങ്ങളും ചട്ടങ്ങളും ആവിഷ്കരി ച്ചത് സാഹിത്യചരിത്രത്തിൽ നിന്ന് സ്ത്രീകളെ നിഷ്കാസനം ചെയ്തുകൊണ്ടാണ്. പുരു ഷരചനകളെ പ്രാമാണികമായും സ്ത്രീരചനകളെ രണ്ടാംകിടയുമായാണ് വിമർശന സ്ഥാപനം പരിഗണിച്ചത്.

സാഹിത്യത്തിന്റെ മുഖ്യധാരയിൽ അവഗണിക്കപ്പെടുകയോ തെറ്റായി ചിത്രീകരി

ക്കപ്പെടുകയോ ചെയ്ത സ്ത്രീയനുഭവങ്ങളെ കണ്ടെത്തുന്നത് ഫെമിനിസ്റ്റ് സാഹിത്യ വിമർശനത്തിന്റെ ഭാഗമാണ്. പുരുഷപാരമ്പര്യത്തിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയുടെ സാഹിത്യപാരമ്പര്യത്തെ പുനർനിർമ്മിക്കുന്നതും ഇതോടൊപ്പം പ്രധാനമാണ്.

### 2.1. സാഹിത്യത്തിലെ സ്ത്രീബിംബങ്ങൾ

യാഥാർത്ഥ്യത്തെ പ്രകാശിപ്പിക്കാനുള്ള ഉപാധിയായാണ് ഭാഷയും ബിംബങ്ങളും ചിഹ്നങ്ങളും മനുഷ്യൻ ഉപയോഗിക്കുന്നത്. ഇവ യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുകയോ യാഥാർത്ഥ്യത്തെ പ്രതീകങ്ങളിലേക്കു ചുരുക്കുകയോ ആണ് ചെയ്യുന്നത്. അതാതു കാലത്ത് സമൂഹത്തിൽ മേധാവിത്തം വഹിക്കുന്ന വർണ വർഗ വംശ ലിംഗ വിഭാഗങ്ങൾ സൃഷ്ടിക്കുന്ന ബിംബങ്ങളും പ്രതീകങ്ങളും ആണ് സ്വീകാര്യത നേടുന്നത്.

നല്ലതും ചീത്തയുമായി വിഭജിക്കപ്പെട്ട വിപരീത സ്ത്രീബിംബങ്ങളാൽ സമൃദ്ധമാണ് മലയാള സാഹിത്യവും. സൈത്രണമായ കർതൃത്വത്തെ ഉറപ്പിക്കുന്നതും അസ്തിത്വത്തെ നിഷേധിക്കുന്നതുമായ സ്ത്രീബിംബങ്ങളാണിവ. ശക്തി, ദേവി, ഉർവരതയുടെ ചിഹ്നം എന്നീ നിലകളിൽ നല്ല സ്ത്രീ അവതരിപ്പിക്കപ്പെടുന്നു. ചീത്ത സ്ത്രീ ചേട്ടയും ദുർബ്ബലയുമായി ചിത്രീകരിക്കപ്പെടുന്നു. പുരുഷാധിപത്യപരമായ താല്പര്യങ്ങൾക്കനുസരിച്ച് സൃഷ്ടിക്കപ്പെട്ട സ്ത്രീബിംബങ്ങൾ സ്ത്രീകളുടെ യാഥാർത്ഥ്യങ്ങൾ തള്ളിക്കളയുകയാണ് ചെയ്യുന്നത്.

#### 2.1.1. ഫ്യൂഡൽ കാലഘട്ടത്തിലെ സ്ത്രീ

ഫ്യൂഡൽ കാലഘട്ടത്തിന് അതിന്റേതായ സാഹിത്യവും സ്ത്രീ സങ്കല്പങ്ങളുമുണ്ട്. മണിപ്രവാളകൃതികളിലും മോഹിനിയാട്ടം തുടങ്ങിയ കലകളിലും ഉള്ള സ്ത്രീയാണ് ഒന്ന്. ദേവദാസികളെന്നറിയപ്പെട്ട ഇവർ പൊതുജീവിതത്തിലെ സ്ത്രീകളുടെ പര്യായമായാണ് വ്യവഹരിക്കപ്പെട്ടത്.

പൊതുജീവിതം നിഷേധിക്കപ്പെട്ട അടുക്കളക്കാരികൾ മാത്രമായ സ്ത്രീയെക്കുറിച്ചുള്ള സങ്കല്പവും ഇതോടൊപ്പമുണ്ട്. ഫ്യൂഡൽ സാഹിത്യ സങ്കല്പത്തിൽ പുരുഷൻചിന്തയുടേയും അധ്വാനത്തിന്റേയും പര്യായമാകുമ്പോൾ സ്ത്രീ ലൈംഗികതയുടെ പര്യായം മാത്രമാണ്.

കേരളീയമായ സ്ത്രീസങ്കല്പങ്ങളുടെ ആദ്യമാതൃകകൾ പ്രബലമായ രണ്ടു സാഹിത്യ പാരമ്പര്യങ്ങളിലാണ് കാണാനാവുക. ബ്രാഹ്മണാധിപത്യമുള്ള വരമൊഴി സാഹിത്യ പാരമ്പര്യത്തിലും ബ്രാഹ്മണേതരമായ കീഴാളജനതയുടെ വാമൊഴി സാഹിത്യ പാരമ്പര്യത്തിലും.

സവർണജാതിമേധാവിത്തവും പുരുഷമേധാവിത്തവും ശക്തമായിരുന്ന കാലഘ

ട്ടത്തിലെ സാഹിത്യമാണ് കേരളത്തിലെ പ്രാചീന വരമൊഴി സാഹിത്യം. എ. ഡി. 10-ാം നൂറ്റാണ്ടു മുതാലാരംഭിക്കുന്ന മണിപ്രവാളകൃതികളുടെ വിപുലമായ സാഹിത്യസഞ്ചയം വരമൊഴി പാരമ്പര്യത്തിനുണ്ട്. ചമ്പുക്കൾ, ആട്ടക്കഥകൾ, സന്ദേശകാവ്യങ്ങൾ, മുക്തകങ്ങൾ, ശൃംഗാര കവിതകൾ എന്നിങ്ങനെയുള്ള സാഹിത്യരൂപങ്ങളിൽ തെളിയുന്ന സ്ത്രീസങ്കല്പം സവർണ പുരുഷന്റേതാണ്. നായികമാരുടെ പേരു തന്നെയാണ് മിക്ക കൃതികളുടേയും പേരുകൾ. സ്ത്രീ കേന്ദ്രീതമായ ഈ സാഹിത്യ പാരമ്പര്യം യഥാർത്ഥത്തിൽ സ്ത്രീ വിരുദ്ധമാണ്. കീഴാളജനതയുടെ വാമൊഴി സാഹിത്യപാരമ്പര്യത്തിലുൾപ്പെടുന്ന അധ്വാനക്കൂട്ടായ്മാഗാനങ്ങളിൽ സവിശേഷമായ സ്ത്രീചിത്രങ്ങളുണ്ട്. കീഴാളസ്ത്രീകൾ നായികമാരായി വരുന്ന അധ്വാനക്കൂട്ടായ്മാഗാനങ്ങളിൽ സ്ത്രീകളുടെ സാമൂഹ്യകർതൃത്വസ്ഥാപനത്തിനുള്ള ശ്രമങ്ങൾ കാണാം. കേരളത്തിലെ കീഴാളസ്ത്രീകൾക്ക് സവർണസ്ത്രീകളെ അപേക്ഷിച്ച് പൊതുജീവിത പാരമ്പര്യം അവകാശപ്പെടാനുണ്ട്. സ്ത്രീയുടെ ആന്തരികലോകത്തെ ഇവ പരിചയപ്പെടുത്തുന്നു. പുരുഷന്റെ കാമ്യവസ്തു എന്ന നിലയിലുള്ള അസ്തിത്വമല്ല ഇവയിൽ സ്ത്രീയുടേത്. മണിപ്രവാള നിയോക്ലാസിക് പാരമ്പര്യത്തിൽ സ്ത്രീ പുരുഷന്റെ കാഴ്ചയുടെ ലോകത്തിന്റെ ഒരു ദൃശ്യം മാത്രമാണ്. റൊമാന്റിസിസത്തിൽ അത് അമൂർത്തമായ ഒരാശയവും. സ്ത്രീ കൂട്ടായ്മാ കാവ്യങ്ങളിൽ അടുക്കള മുതൽ ഉള്ള അവളുടെ സമഗ്രലോകം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ( പി. പവിത്രൻ 1994:45)

"വരമൊഴി പാരമ്പര്യത്തിലെ സ്ത്രീ കഥാപാത്രങ്ങൾ പൗരാണിക കഥാപാത്രങ്ങൾ പോലും ഉപഭോഗവസ്തു ദുരാഗ്രഹിയായ കുടില എന്ന മാതൃകയിലാണ്. അച്ചീചരിതങ്ങളിലെ സ്ത്രീകളും വടക്കൻപാട്ടിലെ സ്ത്രീകളും തമ്മിലുള്ള അന്തരം പിതൃമേധാവിത്ത സമൂഹത്തിലേയും മരുമക്കത്തായ സമൂഹത്തിലേയും സ്ത്രീസങ്കല്പങ്ങൾ തമ്മിലുള്ള അന്തരമാണ്." (കെ. എൻ. ഗണേശ് 1996 :148, 149).

സാഹിത്യം സ്ത്രീ കേന്ദ്രീതമാവുന്ന രണ്ടുഘട്ടങ്ങൾ മലയാള സാഹിത്യ ചരിത്രത്തിലുണ്ട്. ഒന്ന് തികച്ചും സ്ത്രീവിരുദ്ധമായ അച്ചീചരിതങ്ങളുടെ കാലമാണ്. വ്യക്തിത്വമുള്ള മനുഷ്യാസ്തിത്വം അക്കാലത്ത് സ്ത്രീക്ക് ലഭിച്ചിരുന്നില്ല. സ്ത്രീക്ക് ജീവിതത്തിലും സാഹിത്യത്തിലും കർതൃത്വം നിഷേധിക്കപ്പെട്ട കാലമാണത്.

സ്ത്രീപ്രശ്നങ്ങൾ ചർച്ചചെയ്തുകൊണ്ട് 19 - 20 നൂറ്റാണ്ടുകളിൽ സാഹിത്യം സ്ത്രീ കേന്ദ്രീതമാവുന്നുണ്ട്. സ്ത്രീസ്വാതന്ത്ര്യം, സ്ത്രീവിദ്യാഭ്യാസം, ലൈംഗികപദവി എന്നിവയെന്നം ബന്ധിച്ച് വ്യാപകമായ ചിന്തകളുണ്ടായി. ഇന്ദുലേഖ മുതലുള്ള കൃതികൾ ഇതിനു നാന്ദികുറിച്ചു. ചെറുകഥ, നോവൽ, നാടകം, തുടങ്ങിയ സാഹിത്യ രൂപങ്ങളിലൂടെ സ്ത്രീജീവിത പ്രശ്നങ്ങൾ ആവിഷ്കരിക്കപ്പെട്ടു.

"സ്ത്രീക്കു വേണ്ടിയാണ് മലയാളത്തിലെ ഗൗരവപ്പെട്ട നോവലും ഗൗരവപ്പെട്ട

ചെറുകഥയും ഉണ്ടായത് എന്നതുപോലെ സ്ത്രീയോടു സംസാരിക്കാൻ വേണ്ടിയാണ് മലയാളത്തിൽ ഗൗരവപ്പെട്ട നാടകങ്ങളും ഉണ്ടായത്.'' (കെ.സി. നാരായണൻ 1997 :26)

ഇംഗ്ലീഷു വിദ്യാഭ്യാസത്തിലൂടെ പുതിയ ലോകവീക്ഷണവും മൂല്യങ്ങളും സ്വീക രിച്ച പുരുഷന്മാരാണ് സ്ത്രീപ്രശ്നങ്ങൾ സാഹിത്യത്തിലെ പ്രധാന പ്രമേയമാക്കിയത്. പുരുഷകേന്ദ്രിതമായ ആശയലോകത്തു നിന്നാണ് സ്ത്രീകളുടെ പ്രത്യേകമായ പ്രശ്ന ങ്ങൾ ചർച്ച ചെയ്യപ്പെട്ടത്. സ്ത്രീകളുടേതായ ഒരു വായനാസമൂഹം അക്കാലത്ത് രൂപപ്പെ ട്ടിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. സ്ത്രീത്വത്തിന്റെ ഭാവഭിന്നതകളും ഉദാത്ത മാതൃക കളുമായി വാഴ്ത്തപ്പെട്ട സ്ത്രീകഥാപാത്രങ്ങൾ ഇക്കാലത്ത് സൃഷ്ടിക്കപ്പെട്ടു.

**2.1.2.നോവലുകളിലെ സ്ത്രീബിംബങ്ങൾ**

ആദർശവൽക്കരിക്കപ്പെട്ട സ്ത്രീബിംബങ്ങളാണ് *ഘാതകവധ*ത്തിലും *കുന്ദ ലത*യിലുമുള്ളത്. *കുന്ദലത* മൃദുരോദാരമായ പ്രേമഭാവങ്ങളുള്ള കാമിനിയായാണ് അവ തരിപ്പിക്കപ്പെടുന്നത്. വിദ്യാസമ്പന്നയും ഹൃദയവിശാലയും ഉദാത്ത മാനുഷിക ഭാവ ങ്ങൾക്കുടമയുമായി *ഘാതകവധ*ത്തിലെ മറിയയെ ചിത്രീകരിക്കുന്നു.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലിൽ തന്നെ ശക്തയായ ഒരു സ്ത്രീക ഥാപാത്രത്തെ അവതരിപ്പിക്കുന്നു ചന്തുമേനോൻ. 19-ാം നൂറ്റാണ്ടിലെ ഏറ്റവും ഉയർന്ന സ്ത്രീസ്വത്വബോധമാണ് ഇന്ദുലേഖയിൽ കാണാനാവുക. ആരുടെ മുമ്പിലും തലകുനി ക്കാത്ത സ്വന്തം വീക്ഷണം യുക്തിപൂർവ്വം സമർത്ഥിക്കുന്ന നായികയാണ് ഇന്ദുലേഖ. സി. വി. രാമൻപിള്ളയുടെ സുഭദ്രയാണ് മറ്റൊരു കഥാപാത്രം. അസാധാരണ സ്ത്രീത്വ മാണ് സുഭദ്രയിൽ കാണാനാവുക. ബുദ്ധിസാമർത്ഥ്യത്തിലും ധൈര്യത്തിലും അവർ പുരുഷകഥാപാത്രങ്ങളെ കവച്ചു വയ്ക്കുന്നു. സ്ത്രീക്കു ചേരാത്തതെന്ന് സമൂഹം പഴി ക്കുന്ന വാക്കും പ്രവൃത്തിയും അവസാനം സുഭദ്രയെ ദുരന്ത നായികയാക്കിത്തീർക്കുന്നു ണ്ട്. മലയാളത്തിലെ ഈ രണ്ടു ധീരനായി കാബിംബങ്ങളിലും ആന്തരികമായി സ്ത്രീ വിരുദ്ധത പ്രതിഫലിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

''നായകനാൽ പരിത്യക്തയാകുമ്പോൾ അവനെയോർത്തു കരഞ്ഞും സ്വപ്നം കണ്ടും കാലം കഴിക്കുന്ന ഇന്ദുലേഖ തിരിച്ചെത്തുന്ന മാധവനെ ചോദ്യങ്ങളേതുമില്ലാതെ സ്വീകരിക്കുകയും അവനോടൊത്തു കുടുംബ ജീവിതമാരംഭിക്കാനായി മദ്രാസിലേക്കു പോകുകയും ചെയ്യുന്നു. കേവലമൊരു അപവാദശങ്കയായിരുന്നു വാസ്തവസ്ഥിതി അന്വേ ഷിക്കുകപോലും ചെയ്യാതെ നാടുവിടാനും ഇന്ദുലേഖയുടെ ആത്മാർത്ഥ പ്രണയത്തെ ക്രൂരമായി സംശയിക്കാനും മാധവനെ പ്രേരിപ്പിച്ചതെന്ന വസ്തുത ഇന്ദുലേഖയുടെ പത നത്തെ കൂടുതൽ ദയനീയമാക്കുന്നു''. (ജിസാജോസ് 1996: 84)

മഹിതമെന്ന് പുരുഷലോകം വിധിച്ചിരിക്കുന്ന ഗുണങ്ങളിണങ്ങിയ സ്ത്രീ കഥാ

പാത്രങ്ങളാണ് ചന്തുമേനോന്റേത്. സുഭദ്രയുടെ ഹൃദയവിശാലതയും ഉദാത്തതയും സപത്നീ വിദ്വേഷരാഹിത്യവും പുരുഷലോകം പ്രതീക്ഷിക്കുന്നതു തന്നെയാണ്. ഭർത്താവെന്ന പുരുഷനുവേണ്ടി തങ്ങളുടെ അസ്തിത്വവും വ്യക്തിത്വവും ബലികഴിക്കുന്ന നായികമാരുടെ കൂട്ടത്തിലാണ് സുഭദ്ര ഉൾപ്പെടുക. അലങ്കാരമായി അടിമത്തത്തെ സ്വീകരിക്കുന്നവരും ത്യാഗിനികളായോ ഉത്തമസ്ത്രീത്വത്തിന്റെ പ്രതീകങ്ങളായോ വാഴത്തപ്പെട്ടവരും ആയിരുന്നു. ആദ്യകാലനോവലുകളിലെ സ്ത്രീബിംബങ്ങൾ. പുരുഷമേധാവിത്തത്തെ സ്വാഭാവികമായി സ്വീകരിക്കുന്ന മാനസിക ഭാവത്തിൽ നിന്ന് അവ മാറിനില്ക്കുന്നില്ല. ഇത് സ്ത്രീയുടെ രണ്ടാംകിട പദവിയെ ഉറപ്പിക്കുന്നതാണ്.

സ്ത്രീയുടെ പ്രശ്നങ്ങൾ സാമൂഹികവും സാമ്പത്തികവുമാണെന്നു കണ്ടെത്തി ചിത്രീകരിക്കുകയാണ് നോവലിന്റെ രണ്ടാം തലമുറ പൊതുവെ ചെയ്തത്. കേശവദേവ്, തകഴി, ബഷീർ, പൊൻകുന്നം വർക്കി എന്നിവർ നന്മയും തിന്മയും കലർന്ന സാധാരണക്കാരായി സ്ത്രീകളെ ആവിഷ്കരിക്കുന്നുണ്ട്. ത്യാഗത്തിന്റെ പരിവേഷമുള്ള അപൂർവ്വം കഥാപാത്രങ്ങളെ ഒഴിച്ചു നിർത്തിയാൽ ഈ കാലഘട്ടത്തിലെ സ്ത്രീത്വാവിഷ്കാരം യാഥാർത്ഥ്യബോധത്തോടു കൂടിയതാണ്. അടിസ്ഥാന ചോദനകളായ സ്നേഹ കാമങ്ങൾ അടിച്ചമർത്തുമ്പോഴുള്ള വൈകാരിക അസംതൃപ്തികളോടെ സ്ത്രീ കഥാപാത്രങ്ങൾ ചിത്രീകരിക്കപ്പെട്ടത് ആധുനിക നോവലുകളിലാണ്. ദാർശനിക വ്യഥ പേറുന്ന നായകന് സ്നേഹത്തിലൂടെയും ലൈംഗികസുഖം പകരലിലൂടെയും സാന്ത്വനമേകുന്നവരാണ് സ്ത്രീ കഥാപാത്രങ്ങൾ. ചുരുക്കം ചില സ്ത്രീ കഥാപാത്രങ്ങളേയും ദാർശനിക വ്യഥ പിടികൂടിയിട്ടുണ്ട്. പക്ഷേ വശ്യമായ കരുത്തിനുടമയായ പുരുഷനെ ലഭിക്കാത്തതിന്റെ പേരിലാണ് സ്ത്രീക്ക് ഏകാകിതയും അന്യവൽക്കരണവുമൊക്കെ അനുഭവപ്പെടുന്നതെന്നുമാത്രം.(എം. ലീലാകുമാരി 2000: 52) കാക്കനാടൻ, എം. മുകുന്ദൻ, ഒ. വി. വിജയൻ, സേതു എന്നിവരുടെ സ്ത്രീകഥാപാത്രങ്ങളിൽ ഇതു കാണാം.

സങ്കീർണ മാനസികഘടനയും വ്യക്തിത്വവുമുള്ളവരാണ് ഉറൂബിന്റെയും എം. ടിയുടേയും വിലാസിനിയുടെയും സ്ത്രീ കഥാപാത്രങ്ങൾ. ബാഹ്യവും ആഭ്യന്തരവുമായ കടുത്ത മാനസിക സമ്മർദ്ദങ്ങളാണ് ഇവരനുഭവിക്കുന്നത്. സ്വകാര്യ സുഖമോഹിയായ സ്ത്രീ മലയാറ്റൂരിന്റെ നോവലുകളിൽ കടന്നു വരുന്നു. സ്ത്രീയുടെ മാനസിക സംഘർഷങ്ങൾക്കു കാരണം പുരുഷസ്വാർത്ഥതയും സാന്മാർഗ്ഗിക നിയമങ്ങളും സാമ്പത്തിക ഞെരുക്കവും ദുർവിധിയുമാണെന്ന് പാറപ്പുറത്ത് ചിത്രീകരിക്കുന്നു.

മാതൃത്വം, ഭാര്യാത്വം, കാമുകിത്വം തുടങ്ങിയ സ്ത്രീഭാവങ്ങളെ ആദർശവൽക്കരിക്കുന്നവയാണ് മലയാള നോവലിലെ മിക്ക സ്ത്രീകഥാപാത്രങ്ങളുമെന്ന് എം. ലീലാകുമാരി ചൂണ്ടിക്കാട്ടുന്നു. (2000: 53). വിപരീത ഭാവങ്ങളെ നിന്ദിക്കുകയും ചെയ്യുന്നു. നോവലുകളിൽ വിപരീത സ്ത്രീ ബിംബങ്ങൾ സൃഷ്ടിക്കപ്പെടുന്നു. നല്ല സ്ത്രീയും ചീത്ത

സ്ത്രീയുമായി തരംതിരിക്കുന്നു. മാതൃത്വത്തിൽ ആദർശമാതൃത്വവും അധീശമാതൃത്വവും സ്വതന്ത്രമാതൃത്വവുമുണ്ട്. ഭാര്യാത്വത്തിൽ ആദർശഭാര്യാത്വവും അധീശഭാര്യാത്വവും സ്വതന്ത്രഭാര്യാത്വ സങ്കല്പവും കാണാം. പ്രേമസ്വരൂപിണിയായ കാമുകിയും വഴിപിഴപ്പിക്കുന്ന കാമാർത്തയായ കാമുകിയുമുണ്ട്.

സി. വി യുടെ നോവലുകളിലെ അമ്മമാർ - കാർത്ത്യായനിയമ്മ, മീനാക്ഷിയമ്മ, ലക്ഷിയമ്മ, ത്രിപുരസുന്ദരിക്കുഞ്ഞമ്മ, മാങ്കാവിൽ മാധവിയമ്മ തുടങ്ങിയവരെല്ലാം ആദർശ മാതൃത്വത്തിനുദാഹരണമാണ്. ഇവർ സ്വകാര്യദുഃഖങ്ങൾ നിശ്ശബ്ദം സഹിച്ച് മാതൃധർമ്മ മനുഷ്ടിക്കുന്നു. എം. ടി യുടെ *നാലുകെട്ടി*ലും(പാറുക്കുട്ടിയമ്മ) കേശവദേവിന്റെ *അയൽക്കാരി*ലും(സുമതിയമ്മ) *ഭ്രാന്താലയ*ത്തിലും(ഉമ്മ) ആദർശമാതൃത്വമാണുള്ളത്.

ധർമ്മസങ്കടങ്ങൾ പേറുന്ന അമ്മമാരാണ് ഉറൂബിന്റെ *ഉമ്മാച്ചു*വിലെ ഉമ്മാച്ചുവും ലക്ഷിയമ്മയും വിലാസിനിയുടെ അവകാശികളിലെ ഭദ്രയും. മക്കളെ ശരിയായി വളരാനനുവദിക്കാതെ ചൊല്പടിക്കു നിർത്തുന്ന അധീശമാതൃത്വത്തിനുദാഹരണം. വിലാസിനിയുടെ *ഊഞ്ഞാലി*ലും (വിജയന്റെ അമ്മ) *ചുണ്ടെലി*യിലും(ശശിയുടെ അമ്മ)ഉണ്ട്. മാതൃത്വത്തെ വിലമതിക്കാത്ത അമ്മമാരാണ് ഉറൂബിന്റെ *സുന്ദരികളും സുന്ദരന്മാരും* എന്ന നോവലിലെ ലക്ഷമിക്കുട്ടി മലയാറ്റൂരിന്റെ *വേരുക*ളിലെ ഗീത എന്നിവർ.

നോവലുകളിലെ ആദർശ ഭാര്യമാർ ഭർത്താവിനോട് സമ്പൂർണ വിധേയത്വം പുലർത്തുന്നു. ഭർത്താവിന്റെ സ്നേഹരാഹിത്യവും അവഗണനയും പരസ്ത്രീസംഗവുമെല്ലാം സഹിച്ച് ഭർതൃശുശ്രൂഷ നിർവഹിക്കുന്നവരാണിവർ. സി. വി. യുടെ നോവലുകളിലെ സുഭദ്രയും മീനാക്ഷിയമ്മയും ഉദാഹരണം. പരസ്ത്രീ തല്പരരായ ഭർത്താക്കന്മാരെ സേവിക്കുന്നതിൽ സംതൃപ്തിയനുഭവിക്കുന്നവരാണ് തകഴിയുടെ *ചുക്കി*ലെ മേരിയും വിലാസിനിയുടെ *അവകാശികളി*ലെ ഭദ്രയും. തകഴിയുടെ *രണ്ടിടങ്ങഴി*യിലെ ചിരുത കഠിനമായ ചാരിത്ര നിഷ്ഠപാലിക്കുന്നു. *അഗ്നിസാക്ഷി*യിലെ തേതിക്കുട്ടി ഭർത്താവുമായി അകന്നിരിക്കുമ്പോഴും ആത്മൈക്യം സൂക്ഷിക്കുന്ന ആദർശ ഭാര്യയാണ്.

ഭർത്താക്കന്മാരെ ചൊല്പടിക്കു നിർത്തുന്ന അധീശഭാര്യമാർക്കുദാഹരണമാണ് കേശവദേവിന്റെ *റൗഡി*യിലെ ശങ്കരിയമ്മയും *അയൽക്കാരി*ലെ ദേവകിയും. വിലാസിനിയുടെ *അവകാശികളി*ലെ സരസ്വതി ഭർത്താവിനെ ആജ്ഞാനുവർത്തിയാക്കുന്നത് ഭർതൃസഹോദരന്റെ സ്വത്തു കയ്യടക്കാൻ വേണ്ടിയാണ്. ലൈംഗികസ്വാതന്ത്ര്യം ആഘോഷിക്കുന്ന ഭാര്യമാരെ തകഴി ചിത്രീകരിക്കുന്നുണ്ട്.

സൗന്ദര്യസൗശീല്യാദി ഗുണങ്ങളും സ്നേഹം, ആർജ്ജവം, ലാളിത്യം, പ്രണയസ്ഥിരത എന്നീ ഗുണങ്ങളും ഉള്ളവരായാണ് ആദർശ കാമുകിമാർ ചിത്രീകരിക്കപ്പെട്ടത്. ഇന്ദുലേഖ പ്രണയസ്ഥിരതയുള്ള ആദർശകാമുകിയാണ്. സി. വി.യുടെ നോവലുകളിലെ

കാമുകിമാർ - മീനാക്ഷിക്കുട്ടി, സാവിത്രി, പാറുക്കുട്ടി - പ്രണയസ്ഥൈര്യമുള്ളവരാണ്. കേശവദേവിന്റെ *ഭ്രാന്താലയ*ത്തിലെ തത്തയ്ക്കു റഹിമിനോടുള്ളത് ആദർശപൂർണമായ കാല്പനിക പ്രണയമാണ്. നാടുവിട്ടുപോയ കാമുകനോടുള്ള പ്രണയം വർഷങ്ങളോളം മനസിൽ സൂക്ഷിച്ച പ്രണയിനിയാണ് തത്ത. പ്രണയഭാവം നടിക്കുന്ന ചപലകളായ കാമുകിമാരുമുണ്ട്. ശാരീരികവും ലൈംഗികവുമായ ചോദനകളാണവരിൽ മുന്നിട്ടു നിൽക്കുന്നത്. എം. ടി യുടെ നോവലുകളിലെ കാമുകിമാരിൽ കാമം ശക്തമാണ്. *കാല*ത്തിലെ തങ്കമണിയും സുമിത്രയും പ്രണയത്തേക്കാൾ ശാരീരികാനുഭവം കൊതിക്കുന്നു.

വിലാസിനിയുടെ *അവകാശികളി*ലെ രാജി നിരവധി കാമുകന്മാരെ വരിക്കുന്നു. ഇണങ്ങാത്ത കണ്ണികളിലെ ഉമ ഭർതൃമതിയാണെങ്കിലും വേറൊരാളുടെ കാമുകിയായി സാഫല്യം നേടുന്നു. ലൈംഗികകേളിയായി പ്രണയത്തെ മാറ്റുന്നു. മുകുന്ദന്റെ നോവലിലെ കാമുകിമാർ, *ഈ ലോകം അതിലൊരു മനുഷ്യൻ*-ലെ പൂർണ്ണിമാ പ്രേമാ അനിത എന്നിവർ അപ്പുവിന്റെ ലൈംഗിക പങ്കാളികളാണ്. *ദൽഹി*യിൽ കാമുകനെ വിട്ട് കാമുക സുഹൃത്തുമായി ബന്ധം പുലർത്തുന്നു ശാലിനി. *മയ്യഴിപ്പുഴയുടെ തീരങ്ങളിൽ* ചന്ദ്രി ദാസന്റെ അസ്തിത്വവ്യഥയകറ്റുന്നത് ലൈംഗികകേളികളിലൂടെയാണ്. മാധവിക്കുട്ടിയുടെ *മാനസി*യിൽ അമ്മയും മകളും ഒരേ പുരുഷനെ കാമിക്കുന്നു.

ദേവിന്റെ നോവലിലെ സ്ത്രീകഥാപാത്രങ്ങൾ പുരുഷനെ ചൂഷണം ചെയ്യുന്നവരാണ്. സ്വന്തം നില ഭദ്രമാക്കാൻ *ഓടയിൽ നിന്നി*ലെ കല്യാണി, *റൗഡി*യിലെ ശങ്കരിയമ്മ, *അധികാര*ത്തിലെ സരസ്വതി ഇവർ ഉദാഹരണം.

ഭാര്യയാവുക അല്ലെങ്കിൽ വേശ്യയാവുക ഇതാണ് സ്ത്രീജന്മം സഫലമാക്കാനുള്ള ഉപാധിയെന്നാണ് തകഴിയുടെ തത്വചിന്ത. തകഴിയുടെ നോവലുകളിൽ കാമാർത്തകളായ സ്ത്രീകളുണ്ട്. ശക്തമായ കാമാസക്തിയാൽ സ്വേച്ഛാചാരിണികളായവർ. *ഏണിപ്പടികളി*ലെ തങ്കമ്മയും *ചുക്കി*ലെ മോളിയും ഉദാഹരണം. തങ്കമ്മ ഒന്നിനു പിറകെ ഒന്നായി പുരുഷന്മാരെ പ്രാപിക്കുന്നു. പൂർവകാമുകനുമൊത്ത് ലൈംഗിക കേളികളാടുന്നു മോളി. *മാംസത്തിന്റെ വിളി*യിലെ മാലതി ഭർതൃ മതിയാണെങ്കിലും പരപുരുഷനെ പ്രാപിക്കാനാഗ്രഹിക്കുന്നു. കാമവികാരത്തിന്റെ ഉടൽ പൂണ്ട രൂപമായാണ് മാലതിയെ അവതരിപ്പിക്കുന്നത്.

കാക്കനാടന്റേയും മുകുന്ദന്റേയും നോവലുകളിൽ സ്ത്രീഭോഗോപകരണം മാത്രമാണ്. കാക്കനാടന് സ്ത്രീ സുഖം പകരുന്ന മധുരക്കനിയും വിഷലിസ്തമായ ആഹ്ലാദത്തിന്റെ കനി തീരുന്നവളുമാണ്. വന്യമൃഗങ്ങളും വിഷസസ്യങ്ങളും മുൾപ്പടർപ്പുകളും നിറഞ്ഞ അഗാധമായ കൊക്കയുമാണ്.

*ഉഷ്ണമേഖല*യിലെ വിലാസിനിയും കാന്തയും കാമാർത്തകളും പുരുഷന്മാരെ

വഴിപിഴപ്പിക്കാൻ അവസരം പാർത്തിരിക്കുന്നവരുമാണ്. *സാക്ഷി*യിലെ ധർമ്മയെ (വൈദ്യനാഥന്റെ ഭാര്യ) വിഷസർപ്പമായി ചിത്രീകരിക്കുന്നു.

*ഖസാക്കിന്റെ ഇതിഹാസ*ത്തിലെ സ്ത്രീകളും കാമാർത്തകളാണ്. മൈമുനയും രവിയുടെ ചിറ്റമ്മയും - *ഗുരുസാഗര*ത്തിൽ വഞ്ചനയുടെ പര്യായമാണ് ശിവാനി. സ്ത്രീയെന്ന മനുഷ്യജാതിയിൽ അവയവങ്ങൾ മാത്രം കാണുന്ന ഭോഗസംസ്കൃതി മലയാളത്തിലെ ആധുനികോത്തര സാഹിത്യം വരെ പടർന്നുകിടക്കുന്നുവെന്ന് എൻ. കെ. രവീന്ദ്രൻ അഭിപ്രായപ്പെടുന്നു. സ്ത്രീശരീരത്തിലേക്കുള്ള പുരുഷന്റെ ആർത്തിയോടെയുള്ള ഒളിഞ്ഞു നോട്ടത്തിനുദാഹരണമാണ് ചെമ്മീനിലെ കറുത്തമ്മയെ ഒറ്റമുണ്ടു മാത്രം ഉടുപ്പിച്ച് കടപ്പുറത്തേക്കാനയിക്കുന്ന ചിത്രീകരണം. ഖസാക്കിന്റെ ഇതിഹാസത്തിലെ രവി അവിടെ ആദ്യമായി കണ്ടെത്തുന്ന സ്ത്രീകളെ നോക്കുന്ന രംഗവും ഈ ഒളിനോട്ടത്തിനുദാഹരണമാണ്. സ്ത്രീയെന്ന കീഴ്ജാതിയുടെ ചിത്രീകരണത്തിൽ പുരോഗമന സാഹിത്യമടക്കം ആധുനികോത്തരതവരെയുള്ള ആധികാരികസാഹിത്യം മണിപ്രവാള ഘട്ടത്തിന്റേയോ തുടർന്നുള്ള വെൺമണി സംസ്കാരത്തിന്റേയോ ആഢ്യഭാവുകത്വത്തിൽ നിന്ന് അടിസ്ഥാനപരമായ വിഛേദങ്ങളൊന്നും സൃഷ്ടിച്ചിരുന്നില്ല (1993:4).

**2.1.3. കഥകളിലെ സ്ത്രീബിംബങ്ങൾ**

നവോത്ഥാന കാല ചെറുകഥകളിൽ അടിമകളാക്കപ്പെടുന്ന സ്ത്രീയവസ്ഥകൾ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. വ്യക്തിത്വമോ അസ്തിത്വമോ ആഗ്രഹിക്കുമ്പോഴും അതു നേടിയെടുക്കാനുള്ള പ്രാപ്തി കഥാപാത്രങ്ങൾക്കുണ്ടാകുന്നില്ല. സ്ത്രീയുടെ ഉന്നമനം ലക്ഷ്യം വയ്ക്കുന്ന ആദ്യകാല ചെറുകഥാകൃത്തുക്കളിൽ വി. ടി. ഭട്ടതിരിപ്പാട്, എം. ആർ.ബി. മുത്തിരിങ്ങോട് എന്നിവരുടെ രചനകൾ പ്രസ്താവ്യമാണ്. നമ്പൂതിരി സമുദായത്തിലെ അന്തർജ്ജനങ്ങളുടെ പീഡിതാവസ്ഥയാണിവർ തുറന്നു കാട്ടിയത്. സ്ത്രീകളുടെ രക്ഷ പുരുഷന്മാരിലൂടെ എന്ന കാഴ്ചപ്പാട് സ്ത്രീ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന പുരുഷ രചനകളിലുണ്ട്.

സ്ത്രീസ്വത്വാവബോധമുള്ള മലയാളത്തിലെ ആദ്യചെറുകഥ ലളിതാംബിക അന്തർജ്ജനത്തിന്റേതാണ്. അന്തർജ്ജനങ്ങളുടെ നിസ്സഹായതയും ദൈന്യതയും ചിത്രീകരിക്കുന്ന അവരുടെ കഥകളാണ് *യാത്രാവസാനം. മൂടുപടം, വിധിബലം, പ്രതിധ്വനി, പ്രതികാര ദേവത, കുറ്റസമ്മതം* തുടങ്ങിയവ. സമുദായത്തിനകത്തെ പുരുഷമേധാവിത്തം സ്ത്രീകളുടെ ജീവിതത്തെ തകർക്കുന്നതെങ്ങനെയെന്ന് അവർ കാണിച്ചുതരുന്നു. മൗനമായ സഹനങ്ങളുടെ പ്രതിനിധിയായ സ്ത്രീ പ്രത്യക്ഷപ്പെടുന്ന കഥയാണ് മൂടുപടം. സ്ത്രീപ്രതികാര ദേവതയാകുന്ന കഥയാണ് *പ്രതികാരദേവത.*

താൻപോരിമയുള്ള സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ച കഥാകാരിയാണ് കെ. സര

സ്വതിയമ്മ. വഞ്ചിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ പ്രതിഷേധങ്ങളാണ് അവരുടെ കഥകൾ. പുരുഷന്റെ കൈയിലെ കളിപ്പാട്ടമാകാൻ നിന്നു കൊടുക്കുന്നവരല്ല അവരുടെ സ്ത്രീകഥാപാത്രങ്ങൾ. ഒത്തുതീർപ്പുകൾക്കു വഴങ്ങാത്ത സ്ത്രീ കഥാപാത്രങ്ങളെ *പ്രേമഫലം, രമണി, പെൺബുദ്ധി, സ്വാതന്ത്ര്യവാദക്കാരി* തുടങ്ങിയ കഥകളിൽ കാണാം.

സ്ത്രീസ്വത്വത്തെയാവിഷ്കരിക്കുന്ന കഥകളാണ് മാധവിക്കുട്ടിയുടേത്. രോഗാതുരതയും ഭ്രാന്തും മരണാഭിമുഖ്യവും പ്രകടിപ്പിക്കുന്നു അവരുടെ സ്ത്രീ കഥാപാത്രങ്ങൾ. പ്രതിഷേധിക്കുന്നവരും കീഴടങ്ങുന്നവരും അവിടെയുണ്ട്. പരമ്പരാഗത കുടുംബഘടനയിൽനിന്നും ദാമ്പത്യബന്ധത്തിൽനിന്നും പുറത്തുകടക്കാൻ മടിയ്ക്കാത്തവരുണ്ട്. സ്ത്രീയുടെ രണ്ടാംകിട പദവിയെക്കുറിച്ച് മാധവിക്കുട്ടിയുടെ കഥകൾ ഉൽക്കണ്ഠപ്പെടുന്നു. *ചിത്തഭ്രമം, കവിയുടെ ഭാര്യ, എന്റെ സ്നേഹിത, അരുണ, ചതി, അരുണാചലത്തിന്റെ കഥ, പാതിവ്രത്യം, ചതുരംഗം, സൂര്യൻ* തുടങ്ങിയ കഥകൾ ഉദാഹരണം.

രോഗാതുരമായ സ്ത്രീമനസിന്റെ ആവിഷ്കാരമാണ് *പക്ഷിയുടെ മണം* എന്ന കഥ. ഇഛിക്കുന്ന ജീവിതം നഷ്ടപ്പെടുമ്പോഴുള്ള എതിർപ്പ് ഭ്രാന്തും മരണാഭിമുഖ്യവും രോഗവുമായി പ്രത്യക്ഷപ്പെടുന്നു. ഭർത്താവിനോടുള്ള പ്രതിഷേധം ഭ്രാന്തായി മാറുന്നു ചിത്തഭ്രമം എന്ന കഥയിൽ. അവഗണിക്കപ്പെടുമ്പോൾ ഉന്മാദാവസ്ഥയിലെത്തുന്ന കഥാപാത്രത്തെ *കുറ്റിക്കാട്ടിലെ നരി* എന്ന കഥയിൽ ചിത്രീകരിക്കുന്നു. പുരുഷന്റെ ഏകപക്ഷീയവും സ്വാർത്ഥവുമായ ലൈംഗികത ദാമ്പത്യത്തെ വിരൂപമാക്കുന്നതിന്റെ ആവിഷ്കാരമാണ് *രാത്രിയിൽ* എന്ന കഥ. സ്ത്രീയുടെ അബോധത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന സത്യമാണ് അടിമത്തമെന്ന് പല കഥകളിലും സ്ഥാപിക്കപ്പെടുന്നു. ഭർത്താവിലേക്കും കുടുംബത്തിലേക്കും മടങ്ങിയെത്തുകയോ എല്ലാം ക്ഷമിച്ച് കീഴടങ്ങുകയോ ചെയ്യുന്ന സ്ത്രീ കഥാപാത്രങ്ങളുമുണ്ട്. പീഡിതാവസ്ഥ തിരിച്ചറിയുന്ന സ്ത്രീസ്വത്വം സാറാജോസഫിന്റെ കഥകളിലുണ്ട്. പ്രതിഷേധങ്ങളും പോരാട്ടങ്ങളുമുണ്ട്. സ്ത്രീയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സാങ്കല്പികലോകങ്ങളാവിഷ്കരിക്കുന്നു *മേബിൾ അമ്മായിയുടെ വീട്, പെണ്ണു പൂക്കുന്ന നാട്* എന്നീ കഥകൾ. എഴുത്തുകാരി എന്ന നിലയിൽ സ്ത്രീയനുഭവിക്കുന്ന സംഘർഷങ്ങളും അമർഷങ്ങളുമാണ് *ഓരോ എഴുത്തുകാരിയുടെ ഉള്ളിലും* എന്ന കഥ. *സ്ക്കൂട്ടർ, പാപത്തറ, ദാമ്പത്യം* എന്നീ കഥകൾ സ്ഥാപനവൽകൃത ദാമ്പത്യത്തിനെതിരെ നില്ക്കുന്നു.

കീഴാള സ്ത്രീസ്വത്വമായ ശൂർപ്പണഖയെ കണ്ടെടുക്കുന്ന കഥയാണ് *തായ്കുലം.* ദലിതസ്ത്രീത്വത്തിന്റെ പ്രതീകമായി *അട്ടപ്പാടി* എന്ന കഥയിൽ നഞ്ചമ്മയെ അവതരിപ്പിക്കുന്നു. കണ്ണാടിയിൽ കാണുന്ന പ്രതിബിംബം സത്യമല്ലെന്ന തിരിച്ചറിവിൽ യഥാർത്ഥ സ്വത്വത്തിനുള്ള അന്വേഷണം നടത്തുന്ന കഥാപാത്രങ്ങൾ *ഒരുച്ചയ്ക്കു ശേഷം, സ്നേഹകാരുണ്യങ്ങളാൽ, വെളുത്ത നിർമ്മിതികളും കറുത്ത കണ്ണാടിയും* എന്നീ കഥകളിലുണ്ട്.

മലയാളത്തിലെ വ്യക്തിത്വമുള്ള സ്ത്രീകഥാപാത്രങ്ങളിൽ ഉറൂബിന്റെ രാച്ചിയമ്മയും ഉൾപ്പെടുന്നു. രാജലക്ഷ്മിയുടെ കഥാലോകത്തിലെ സ്ത്രീകൾ നിസ്സഹായരും വിഹ്വലാത്മാക്കളുമാണ്. കാല്പനിക വിഷാദവും മൃത്യുബോധവും അവരുടെ രചനകളിലുണ്ട്. എതിർപ്പുകൾ പ്രകടിപ്പിക്കാനാവാത്ത തരളചിത്തരാണ് സ്ത്രീകഥാപാത്രങ്ങൾ. അവരിൽ സ്നേഹത്തിനും സുരക്ഷിതത്വത്തിനും കൊതിക്കുന്നവരുണ്ട്. അഹന്തയും താൻപോരിമയും പ്രകടിപ്പിക്കുന്നവരുമുണ്ട്. കുടുംബബന്ധങ്ങളിലെ സ്നേഹരാഹിത്യവും അതിനുള്ളിൽ സ്ത്രീയനുഭവിക്കുന്ന ദൈന്യതയും രാജലക്ഷ്മി അവതരിപ്പിക്കുന്നു. *ദേവാലയത്തിൽ, മാഷ്, ഹാൻഡ്കർച്ചീഫ്, ആത്മഹത്യ* തുടങ്ങിയ കഥകൾ ഇതിനുദാഹരണമാണ്. ജീവിതത്തിൽ പരാജയം ഏറ്റുവാങ്ങുകയോ മരണത്തിലഭയം തേടുകയോ ചെയ്യുന്ന അവരുടെ സ്ത്രീ കഥാപാത്രങ്ങൾ. സ്ത്രീജീവിതത്തിലെത്തന്നെ അന്തസ്സംഘർഷങ്ങൾ ഗ്രേസിയുടെ കഥകളിൽ കാണാം. സ്ത്രീത്വം വിൽപ്പനച്ചരക്കാക്കുന്നതിനെതിരെയുള്ള ജാഗ്രതയുമുണ്ട്.

### 2.1.4. കവിതയിലെ സ്ത്രീബിംബങ്ങൾ

സംഘസാഹിത്യത്തെയാണ് കേരളത്തിന്റെ ആദിമ സാഹിത്യമായി കണക്കാക്കുന്നത്. ലൈംഗികമായ തൊഴിൽ വിഭജനം നടന്നതിന്റെ സൂചനകൾ അകം കവിതകളിലും പുറം കവിതകളിലുമുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആദ്യകാലസംഘം കൃതികളിൽ പുരുഷമേധാവിത്ത സൂചനകളില്ലങ്കിലും പിൽക്കാലത്ത് അത് പ്രത്യക്ഷപ്പെടുന്നതായി കെ. എൻ ഗണേശ് (1990 :219)പറയുന്നു. പ്രാചീന മണിപ്രവാള കൃതികളിൽ പൊതുവെ സ്ത്രീകളെ ഉപഭോഗ വസ്തുക്കളായാണ് ചിത്രീകരിക്കുന്നത്. കൃഷ്ണഗാഥയിലും ഈ സംസ്കാരം കാണാം. ചെറുശ്ശേരിക്ക് സ്ത്രീശരീരം ഭോഗവസ്തുവാണ്. ശരീരവർണനയിൽ മണിപ്രവാളസംസ്കാരവും പച്ചശൃംഗാരവുമാണുള്ളത്. കൃഷ്ണഗാഥയിൽ കാത്യായനിയുടെ കേശാദിപാദവർണനാ രുഗ്മിണിയുടെ അംഗപ്രത്യംഗവർണന, രാസക്രീഡാവർണന തുടങ്ങിയ ഉദാഹരണം. കൃഷ്ണഗാഥ രതിഗാഥയാണെന്നും ഭോഗാസക്തിയുടെ വിശ്വരൂപമാണ് കൃഷ്ണവർണം തടവുന്ന യമുനയിലും നക്ഷത്രമാല ചാർത്തിയ നീലാകാശത്തിലും ഗോപസ്ത്രീകൾ കാണുന്നതെന്നും എം.എം നാരായണൻ(1993 :105) പറയുന്നു. കുഞ്ചൻ നമ്പ്യാരുടെ തുള്ളലുകളിൽ സ്ത്രീകളെ പരിഹസിക്കപ്പെടേണ്ട വിഭാഗമായാണ് പരിഗണിക്കുന്നത്. ദുഷ്പ്രഭുക്കൾ, അല്പന്മാരായ രാജാക്കന്മാർ, എമ്പ്രാന്മാർ, അമ്പലവാസികൾ എന്നിവരോടൊപ്പം സ്ത്രീകളേയും നമ്പ്യാർ പരിഹസിക്കുന്നുണ്ട്. സാധാരണയായി അന്യോന്യസ്പർദ്ധയുള്ളവരും ആക്ഷേപരസികകളും ആയിട്ടാണ് നമ്പ്യാരുടെ സ്ത്രീകൾ കാണപ്പെടുന്നത്. "രണ്ടു സ്ത്രീകൾ ഒരുമിച്ചു കൂടിയാൽ മൂന്നാമതൊരു സ്ത്രീയെക്കുറിച്ചും അനേകം സ്ത്രീകൾ ഒരുമിച്ചുകൂടിയാൽ പൊതുശത്രുവായ പുരുഷജാതിയെക്കുറിച്ചും ആയിരിക്കും ആക്ഷേപമെന്ന് ഒരു പ്രസിദ്ധ പാശ്ചാ

ത്യഗദ്യകാരനുള്ള അഭിപ്രായത്തെ പിന്താങ്ങുവാൻ നമ്പ്യാരും ഏറെക്കുറെ സന്നദ്ധനായി കാണപ്പെടുന്നു". (പി. കെ. നാരായണപ്പിള്ള 1990:86)

വെണ്മണികൃതികളിൽ സ്ത്രീ അശ്ലീല ഉപഭോഗവസ്തുവായി വീണ്ടും പ്രത്യക്ഷപ്പെടുന്നു. കാല്പനിക കവിതയുടെ കാലത്ത് സ്ത്രീ പുരുഷബന്ധ ചിത്രീകരണത്തിൽ ഗുണപരമായ പരിവർത്തനം സംഭവിച്ചു. സ്ത്രീപുരുഷന്മാർ തമ്മിലുള്ള മാനസികൈക്യത്തിന് പ്രാധാന്യം ലഭിക്കുന്നത് ഇക്കാലത്താണ്. കുമാരനാശാന്റെ കൃതികളിൽ സ്ത്രീ കർതൃസ്ഥാനത്തേക്കുയരുന്നുണ്ട്. കേരളീയമായ സ്ത്രീസ്വത്വബോധത്തിന്റെ രൂപീകരണത്തിൽ കുമാരനാശാന്റെ നായികമാർക്ക് വലിയ പങ്കുണ്ട്. പാരമ്പര്യ സ്ത്രീ സങ്കല്പങ്ങളിൽനിന്നും അവർ ഉയർന്നു നില്ക്കുന്നു. പുരുഷമേധാവിത്തപരമ്മായ നിയമങ്ങൾ മറികടക്കാനുള്ള ധൈര്യം പ്രകടിപ്പിച്ച നായികമാരാണ് *നളിനിയും, ലീലയും, സീതയും* സ്ത്രീ വിമോചനാത്മകമായ ആശയങ്ങൾ ഇവരിൽ കാണാം. സ്ത്രീയെ ആദർശവൽക്കരിക്കാൻ സീതയേയും സാവിത്രിയേയും മാതൃകയാക്കുന്നു വള്ളത്തോൾ. തറ്റുടുത്ത വെണ്മണിയുടെ ശൃംഗാരത്തിന് സാരിയുടുപ്പിക്കുക മാത്രമാണ് വള്ളത്തോൾ ചെയ്തതെന്ന് മുണ്ടശ്ശേരി നിരീക്ഷിച്ചു. (എം. എം. നാരായണൻ 1993 :108)

ചങ്ങമ്പുഴ സ്ത്രീയെ ദേവിയായും വിശ്വവിപത്തിന്റെ നാരായവേരായും ചിത്രീകരിച്ചു. സ്വന്തം വൈകാരിക വിക്ഷോഭങ്ങൾക്കനുസരിച്ചുള്ള സ്ത്രീചിത്രണങ്ങളാണിവ. ജി. ശങ്കരക്കുറുപ്പ്, എൻ. വി. കൃഷ്ണവാര്യർ എന്നിവരുടെ കൃതികളിൽ സ്ത്രീ കർതൃസ്ഥാനത്തേക്കുവരുന്നില്ല. വൈലോപ്പിള്ളിയിൽ *കണ്ണീർപ്പാടത്തി*ലേയും *കുടിയൊഴിക്കലി*ലേയും സ്ത്രീകൾ വ്യത്യസ്തരായി നില്ക്കുന്നു.

മാതൃത്വത്തെ ആദർശവൽക്കരിക്കുന്നതാണ് ബാലാമണിയമ്മയിലെ സ്ത്രീ പരിചരണം. സ്വന്തം വികാരങ്ങളിൽ നിന്ന് സ്ത്രീ അന്യവൽക്കരിക്കപ്പെടുന്നതിന്റെ അനുഭവമായി മഴുവിന്റെ കഥയെ വായിക്കാം.

സുഗതകുമാരിക്കവിതയിലെ സ്ത്രീകൾ കാമിനികളും കാത്തിരിക്കുന്നവരും ദുഃഖിതകളുമാണ്. ഇതിഹാസ സ്ത്രീ സങ്കല്പത്തിൽനിന്നുള്ള വിട്ടുനില്ക്കൽ അംബ രാധയെവിടെ തുടങ്ങിയ കവിതകളിലുണ്ട്. പിതൃമേധാവിത്തത്തോട് ഏറ്റുമുട്ടി വീടുവിട്ടിറങ്ങുന്ന കഥാപാത്രമാണ് വിജയലക്ഷ്മിയുടെ *തച്ചന്റെ മകളി*ൽ ഭർത്താവിന്റെ സ്നേഹം നിഷേധിക്കപ്പെടുന്ന ആധുനിക സ്ത്രീത്വമായി കൗസല്യയെ ചിത്രീകരിക്കുന്നു കൗസല്യ എന്ന കവിതയിൽ.

സ്ത്രീയവസ്ഥയുടെ ഭൂതകാലവും വർത്തമാനകാലവും ഒന്നാണെന്ന് ധ്വനിപ്പിക്കുന്ന സാവിത്രീ രാജീവന്റെ ആരണ്യകാണ്ഡം പ്രത്യക്ഷമായ ഫെമിനിസ്റ്റ് പ്രമേയമാണ് കൈകാര്യം ചെയ്യുന്നത്. അയ്യപ്പപ്പണിക്കരുടെ കൃതികളിൽ വിശാലമായൊരു സ്ത്രീലോകം

ഉണ്ട്. അദൃശ്യയായ കാമിനിയാണ് *പുരൂരുവസ്സി*ലുള്ളത്. സ്ത്രീസങ്കല്പത്തിന്റെ ആത്മീയ തലങ്ങളാണ് *പകലുകൾ രാത്രികൾ, ഗോപികാദണ്ഡകം* എന്നീ കവിതകളിൽ കാണുന്നത്. വേദനാകരമായ ജീവിത വാസ്തവങ്ങളുടെ ചിഹ്നങ്ങളായി സ്ത്രീകളെ അവതരിപ്പിക്കുന്ന കവിതകളാണ് *കുട്ടനാടൻ ദൃശ്യങ്ങൾ, സുമംഗലി, ഭാർഗവി, ശീതസമരം ആന്ധ്ര, ഗ്രീഷ്മം* തുടങ്ങിയവ. കടമ്മനിട്ടക്കവിതയിലെ സ്ത്രീ സങ്കല്പത്തിന് കാല്പനികപ്രണയവുമായി ബന്ധമില്ല. സ്ത്രീയെ ഇണയും ശക്തിസ്വരൂപിണിയുമായാണ് *ശാന്ത*യിലും *കുറത്തി*യിലും *കാട്ടാളനി*ലുമെല്ലാം അവതരിപ്പിക്കുന്നത്.

സച്ചിദാനന്ദന്റെ കവിതകളിലെ സ്ത്രീ പ്രണയത്തിന്റെയും വിപ്ലവ പ്രതീക്ഷകളുടേയും ചിഹ്നങ്ങളായാണ് കാണപ്പെടുന്നത്. സാമൂഹിക പ്രതിനിധികളാണ് സച്ചിദാനന്ദൻ കവിതയിലെ സ്ത്രീകൾ. വിനയചന്ദ്രന്റെ കവിതകളിൽ സ്ത്രീശരീരത്തോടുള്ള ആസക്തി ഇണയെന്നഭാവത്തെ കവിഞ്ഞു നില്ക്കുന്നു. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിൽ വേദനാകരമായ സ്ത്രീ സാന്നിധ്യങ്ങളായി അമ്മ, പെങ്ങൾ, കാമുകി എന്നിവർ പ്രത്യക്ഷപ്പെടുന്നു.

ഇണയെന്ന രൂപത്തിലാണ് സ്ത്രീ കക്കാടിന്റെയും ദേശമംഗലം രാമകൃഷ്ണന്റേയും കവിതകളിലുള്ളത്. സഹനത്തിൽ നിന്ന് പ്രതിഷേധത്തിലേക്കുയരുന്ന സ്ത്രീത്വമാണ് ആറ്റൂർരവിവർമ്മ അവതരിപ്പിക്കുന്നത്. ദുഃഖിതയായ അമ്മയായും തിരസ്കരിച്ച കാമുകിയായും സ്നേഹവതിയായ പെങ്ങളായും സ്ത്രീ അയ്യപ്പന്റെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. ''കാമിനിയും സ്നേഹിതയും അമ്മയും ശക്തിസ്വരൂപിണിയുമായ ദേവതയുമായി ആധുനിക കവിതയിൽ സ്ത്രീ. കവിയുടെ വികാരസംക്രമണത്തിനുള്ള കാവ്യോപകരണത്തിനപ്പുറം സ്വത്വമുള്ള ഒരുജൈവസത്തയായി അവൾ ചിത്രീകരിക്കപ്പെടുന്നു'' (രാധിക സി. നായർ 1995 :73)

### 2.1.5. നാടകത്തിലെ സ്ത്രീബിംബങ്ങൾ

സ്ത്രീയുടെ അടിമത്തത്തെയും സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആവശ്യകതയേയും പ്രമേയമാക്കുന്നവയാണ് നവോത്ഥാനകാല സാമുദായിക നാടകങ്ങൾ. ഇവയിൽ പ്രധാനം വി. ടി. ഭട്ടതിരിപ്പാടിന്റെ *അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്* എം. ആർ. ബിയുടെ *മറക്കുടക്കുള്ളിലെ മഹാനരകം* പ്രേംജിയുടെ *ഋതുമതി* എന്നിവയാണ്. സ്ത്രീ സ്വാതന്ത്ര്യത്തിനായി പുരുഷൻ നടത്തുന്ന പോരാട്ടങ്ങളായാണ് ഇവ അവതരിപ്പിക്കപ്പെടുന്നത്.

1935 ൽ ലളിതാംബികാ അന്തർജ്ജനത്തിന്റെ *സാവിത്രിക്കുട്ടി അഥവാ വിധവാവിവാഹം* എന്ന നാടകത്തിൽ പരമ്പരാഗത സാമുദായികാചാരത്തെ വെല്ലുവിളിക്കുന്നുണ്ട് നായിക. വിധവാ വിവാഹം അവർ തെരഞ്ഞെടുക്കുന്നു. നായികയായ സാവിത്രിയുടെ പക്ഷത്തുനിന്നാണ് പ്രശ്നം അവതരിപ്പിക്കപ്പെടുന്നത്.

1948 ൽ സ്ത്രീകളുടെ കൂട്ടായ്മ എഴുതി അവതരിപ്പിച്ച നാടകമാണ് *തൊഴിൽ കേന്ദ്രത്തിലേയ്ക്ക്.* സാമാന്യ വിദ്യാഭ്യാസം നേടിയ ഒരു കൂട്ടം അന്തർജ്ജനങ്ങളുടെ അനുഭവമാണ് നാടകത്തിന്റെ പ്രമേയം. സ്വതന്ത്രരായ സ്ത്രീകളുടെ കൂട്ടായ്മ എന്ന സങ്കല്പത്തിലേക്കു വളരുന്നു നാടകം. പുരുഷമേധാവിത്തത്തിനു കീഴ്പെടാത്ത തന്റേടി കളായ നായികമാരാണ് ഈ നാടകത്തിന്റെ സവിശേഷത. ആശയപരമായ പൊരുത്ത ക്കേടുകളുടെ അടിസ്ഥാനത്തിൽ ഭർത്താവിൽ നിന്നു മോചനം നേടുകയാണ് ദേവകി. വീടുവിട്ടു തൊഴിൽ കേന്ദ്രത്തിലെത്തി സ്വന്തം കാലിൽ നില്ക്കാൻ ശ്രമിക്കുന്ന ദേവസേ ന. തൊഴിൽ കേന്ദ്രത്തിലേയ്ക്ക് എന്ന നാടകത്തിലുള്ളത് സ്ത്രീയുടെ ചെറുത്തുനില്പ്പും ധീരതയുമാണ്. ഇരുത്തം വന്ന സാമൂഹിക പ്രവർത്തകയായാണ് പാർവതിയെ ചിത്രീക രിച്ചിരിക്കുന്നത്.

''നായിക ഉൾപ്പെടെ വി.ടിയുടെ സ്ത്രീകഥാപാത്രങ്ങൾക്ക് പൂർണമായ ദൃശ്യതയി ല്ല. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് ലെ തേതിയും ഇട്ടങ്ങേലിയും മാറ്റങ്ങളെക്കു റിച്ച് കേൾക്കു കയല്ലാതെ അവ അംഗീകരിക്കാനോ എതിർക്കാനോ കഴിയാത്ത പാവകളാ ണ്''. (ആനന്ദി. ടി. കെ 2000:73)

സ്ത്രീ പ്രശ്നങ്ങൾ സ്ത്രീതന്നെ അവതരിപ്പിക്കുന്ന നാടകമാണ് കെ. സരസ്വതി യമ്മയുടെ *ദേവദൂതി*(1944). സ്ത്രീകേന്ദ്രിതമാണ് നാടകം. നല്ല സ്ത്രീ ചീത്തസ്ത്രീ സങ്ക ല്പത്തെ മറികടക്കുന്ന ദേവദൂതിയിൽ സ്ത്രീകളെ പരസ്പരം ശത്രുക്കളാക്കുന്നത് പുരു ഷവ്യവസ്ഥയുടെ തന്ത്രങ്ങളാണെന്ന് തിരിച്ചറിയുന്ന കഥാപാത്രങ്ങളുണ്ട്. സ്ത്രീവിദ്യാ ഭ്യാസാശയങ്ങളും ദേവദൂതിയിലുണ്ട്.

സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കീഴാളപക്ഷവീക്ഷണം ഉന്നയിക്കുന്ന നാടകമാണ് 1943ൽ രംഗത്തുവന്ന പള്ളത്തുരാമന്റെ *രാവണപുത്രൻ.* മലയാളത്തിൽ സ്രൈത്രണനാടക ങ്ങളും, സ്ത്രീവാദനാടകങ്ങളും സ്ത്രീവാദനാടകങ്ങളുമുണ്ടെന്ന് എൻ. ആർ ഗ്രാമപ്രകാശ് അഭിപ്രായപ്പെടുന്നു(1997 :103). സ്ത്രീയെ ഒരു ലൈംഗിക വസ്തുവെന്ന നിലയിൽ ഉപയോ ഗിക്കുന്നവയാണ് സ്രൈത്രണ നാടകങ്ങൾ പുരുഷന്റെ കാമം നിറഞ്ഞ കണ്ണുകൾക്കു കയ റിയിറങ്ങാനുള്ള ശരീരം മാത്രമാണിവിടെ സ്ത്രീ. മുഖ്യമായും കമ്പോളനാടകവേദിയി ലാണ് സ്ത്രീ ഉപഭോഗസാമഗ്രിയായി അരങ്ങത്തുവരിക.

പരിശുദ്ധ, പതിവ്രത, കുടുംബിനി ഇങ്ങനെ സ്ത്രീയെ ആദർശകഥാപാത്രമായി അവതരിപ്പിക്കുന്നവയാണ് സ്ത്രീനാടകങ്ങൾ. ചുഴിഞ്ഞാലോചിച്ചാൽ സ്തുതികളിലൂടെ വേട്ടമൃഗത്തെ മെരുക്കി വീട്ടുമൃഗമാക്കുന്ന പുരുഷതന്ത്രങ്ങളാണ് കുടുംബസമേതം കാണാൻ കൊള്ളാവുന്ന സ്ത്രീ നാടകങ്ങളിൽ കാണുന്നത്.

സ്ത്രീകൾ ലോകത്തെ നിരീക്ഷിക്കുന്നവിധം അവരുടെ അനുഭവത്തിന്റെ പശ്ചാ

ത്തലം, സ്വന്തം അടിമാവസ്ഥയും പരിമിതികളും തിരിച്ചറിയൽ, സ്ത്രീകൾക്കു മുന്നോട്ടു വയ്ക്കാനുള്ള സ്വാതന്ത്ര്യവും സമത്വപൂർണ്ണവുമായ ബദൽ ജീവിതരീതികൾ ഇവയെല്ലാ മാണ് സ്ത്രീവാദനാടകങ്ങളുടെ ഉള്ളടക്കം. വി. ടി, എം. ആർ. ബി, പ്രേംജി എന്നിവരുടെ നാടകങ്ങളാണ് മലയാളത്തിൽ സ്ത്രീവാദത്തിന്റെ ആശയം ആദ്യമവതരിപ്പിച്ചത് ( എൻ. ആർ ഗ്രാമപ്രകാശ് 1997 :104)

സ്ത്രീത്വത്തിന്റെ ഉദാത്ത മാതൃകകളായി കല്പിച്ചവതരിപ്പിക്കപ്പെട്ട സ്ത്രീകഥാ പാത്രങ്ങളിലും സൂക്ഷ്മതലത്തിൽ സ്ത്രീവിരുദ്ധത പ്രകടമാകുന്നുണ്ട്. സ്ത്രീകളോട് അനുഭാവം പ്രകടിപ്പിക്കുമ്പോൾ തന്നെ നിഷേധാത്മകമായ മനോഭാവങ്ങളും സ്ത്രീകഥാ പാത്രങ്ങളുടെ സൃഷ്ടിയിൽ പ്രവർത്തിച്ചതായി കാണാം.

സ്ത്രീകൾ രചിച്ച കൃതികളിൽ പോലും സ്ത്രീത്വത്തിന്റെ വികലബിംബങ്ങൾ പുനഃ സൃഷ്ടിക്കപ്പെടുന്നുണ്ട്. പുരുഷൻ സൃഷ്ടിച്ച ബിംബ പ്രതീക വ്യവസ്ഥക്കുള്ളിൽ അതനു സരിച്ച് രൂപപ്പെട്ടതാണ് സ്ത്രീയുടെ ലോകം. അതിനാൽ പുരുഷ മൂല്യങ്ങളെ പുനരു ല്പാദിപ്പിക്കുന്ന ധർമ്മം തന്നെയാണ് സ്ത്രീകളുടെ സാഹിത്യവും ആദ്യകാലത്തു ചെയ്തു പോന്നത്. ഭാഷയടക്കമുള്ള പുരുഷമൂല്യാധിഷ്ഠിതമായ പ്രത്യയശാസ്ത്രം സ്ത്രീ ഉപ യോഗിക്കുമ്പോഴും സ്ത്രീവിരുദ്ധമാകുന്നുണ്ട്. സ്ത്രീസ്വത്വത്തെ നിഷേധിക്കുന്നവയാണ് മലയാള സാഹിത്യത്തിലെ ആദ്യകാല സ്ത്രീബിംബങ്ങൾ. വികലമായി സൃഷ്ടിക്ക പ്പെട്ട ബിംബങ്ങളിലൂടെയാണ് സാഹിത്യത്തിന്റെ മുഖ്യധാര സ്ത്രീ വിരുദ്ധമായിത്തീർന്ന ത്. മണിപ്രവാളകാലഘട്ടത്തിൽ സവർണജാതി പുരുഷാധിപത്യത്തിന്റെ മൂല്യങ്ങളും നവോത്ഥാനകാലഘട്ടത്തിൽ മധ്യവർഗ്ഗപുരുഷമൂല്യങ്ങളും സാഹിത്യത്തിൽ സ്ഥാപന വൽക്കരിക്കപ്പെട്ടു.

സാഹിത്യവ്യവഹാരങ്ങളുടെ കേന്ദ്രസ്ഥാനം പുരുഷനുതന്നെയായിരുന്നു. സ്ത്രീനാ മങ്ങൾ തന്നെ ശീർഷകമായി വരുന്ന കൃതികളിൽ പോലും കേന്ദ്രസ്ഥാനം പുരുഷനു തന്നെയാണെന്നു കാണാം. സ്ത്രീയുടെ അസ്തിത്വം നിർണയിക്കപ്പെട്ടത് പുരുഷനോടു ള്ള ആശ്രിതത്വത്തിലൂടെ മാത്രമാണ്. സാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ട ജീവിത പ്രതി സന്ധികളും ഉൽക്കണ്ഠകളും ദുരന്തങ്ങളും പുരുഷന്റേതു മാത്രമായി ചുരുക്കപ്പെടുകയാ ണുണ്ടായത്.

മലയാള സാഹിത്യത്തിലെ സ്ത്രീകഥാപാത്രങ്ങളധികവും ജീവിതസാഫല്യം അനു ഭവിക്കുന്നത് പുരുഷനോടുള്ള വിധേയത്വത്തിലൂടെയാണ്. ഒത്തു തീർപ്പിനും വിധേയ ത്വത്തിനും തയ്യാറാകുന്ന ദുർബ്ബലയായ സ്ത്രീയാണ് ഏറ്റവുമധികം കൊണ്ടാടപ്പെട്ടത്. സാഹിത്യത്തിലെ സ്ത്രീചിത്രണത്തെക്കുറിച്ച് ജോസഫ് മുണ്ടശ്ശേരി (1955:41) ഇങ്ങനെ പറയുന്നു.

"എല്ലാ സാഹിത്യങ്ങളിലുമായി ചിത്രീകൃതമായ അനേകായിരം സ്ത്രീകളിൽ തൊണ്ണൂറുശതമാനവും പുരുഷന്റെ ദുഷ്പ്രഭുത്വത്തിനു കീഴിൽ ദുർഭഗത്വം അനുഭവിക്കേണ്ടി വന്നവരാണ്. അവരുടെ പേരിൽ വീണ്ടും വീണ്ടും വായനക്കാർ വേദനിച്ചുകൊണ്ടിരിക്കുന്നു............. ആ സ്ത്രീകഥാപാത്രങ്ങളിൽ മിക്കവരുടേയും ക്ലേശാനുഭവങ്ങൾ അവർക്കു ഭൂഷണങ്ങളാണെന്നും ദുരന്തം വരിയ്ക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അത് അവരെ സംബന്ധിച്ചിടത്തോളം ഒരു ആത്മോന്നതിയാണെന്നും തോന്നിക്കുന്ന മട്ടിലാണ് അവരെ അവരുടെ വിധാതാക്കൾ അവതരിപ്പിച്ചിട്ടുള്ളത്."

സ്ത്രീയുടെ യഥാർത്ഥ ജീവിതാവസ്ഥകൾ സാഹിത്യത്തിൽ ചിത്രീകരിക്കപ്പെടാതെ പോകുന്നതിനെക്കുറിച്ച് ലളിതാംബിക അന്തർജ്ജനം(2007:87) പറയുന്നു.

"കണ്ണുകൾ കരികൂവളം, കവിൾ റോസാപ്പൂ, നെറ്റി ചന്ദ്രക്കല, അധരം തൊണ്ടിപ്പഴം തന്നെ. പക്ഷേ ഇവക്കടിയിൽ മാറിനകത്ത് മിടിക്കുന്ന ഒരു ഹൃദയവും അതിലുള്ള ചൂടും കണ്ണീരും നെടുവീർപ്പും ഒന്നും ആരും കണ്ടില്ല. സ്ത്രീ എന്നും സാഹിത്യ ധാരണയിൽ ഭോഗത്തിനുള്ള ഉപകരണം മാത്രമായിരുന്നു".

പുരുഷവ്യവസ്ഥയുടെ അടിസ്ഥാനമൂല്യങ്ങളെ വിമർശിക്കാത്ത കൃതികളായിരുന്നു പുരോഗമന സാഹിത്യകാലത്തും മലയാളത്തിലുണ്ടായത്. സ്ത്രീകളുടെ പ്രാതിനിധ്യത്തിലും ചിത്രീകരണത്തിലും ചില വൈവിധ്യങ്ങൾ ഉണ്ടായിരുന്നു എന്ന തൊഴിച്ചാൽ പുരുഷവ്യവസ്ഥയുടെ അധികാരബന്ധങ്ങളെ ഈ കൃതികൾ ചോദ്യം ചെയ്തില്ല.

സമുദായപരിഷ്കരണപ്രസ്ഥാനങ്ങളുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും പിൽക്കാലത്ത് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെയും കാലങ്ങളിലെ മുഴുവൻ സാഹിത്യ കൃതികളും സ്ത്രീകളുടെ രണ്ടാംകിട പദവിയെ പുനരുല്പാദിപ്പിക്കുക തന്നെയായിരുന്നു. പുരുഷാധികാരത്തെ സ്വാഭാവിക കാര്യമെന്നോണം അംഗീകരിക്കുകയും ആ അധികാരത്തിനു കീഴ്പെടേണ്ടവളാണ് സ്ത്രീയെന്ന് സംശയലേശമേതുമില്ലാതെ വ്യക്തമാക്കുകയും ചെയ്യുന്നവയാണ് ആ കൃതികളെല്ലാം മാത്രമല്ല പലപ്പോഴും സ്ത്രീ വിരുദ്ധവുമാണവ(എൻ. കെ. രവീന്ദ്രൻ 1990: 80)

സാഹിത്യപാരമ്പര്യത്തിലെ സ്ത്രീ ചിത്രണത്തെക്കുറിച്ച് ഫെമിനിസ്റ്റ് സാഹിത്യ ദർശനത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഏതാണ്ടെല്ലാ സാഹിത്യകാരന്മാർക്കും ഭോഗാത്മക ശൃംഗാരരസികന്മാർ എന്ന പേരു ചേരുമെന്ന് എൻ. കെ. രവീന്ദ്രൻ അഭിപ്രായപ്പെടുന്നു. ഋഗ്വേദത്തിലെ പ്രഭാത വർണ്ണനയിൽ മാറിടം കാട്ടി ഇരുട്ടുകറ്റുന്ന തരുണിയും വാക്കിനെക്കുറിച്ചുള്ള പ്രശസ്തമായ ശ്ലോകത്തിൽ ഭർതൃസവിധത്തിൽ വിവസ്ത്രയായി നില്ക്കുന്ന ഭാര്യയും മുതൽ നമ്മുടെ മഹാകാവ്യങ്ങളിലും ശുദ്ധസാഹിത്യത്തിലും പുരോഗമനസാഹിത്യത്തിലും അസ്തിത്വദർശന സാഹിത്യത്തിലും ഇങ്ങേയ

റ്റത്ത് പുതുതലമുറക്കാരായ യുവാക്കളുടെ രചനകളിൽ വരെ നാം കണ്ടുമുട്ടുന്ന സ്ത്രീചിത്രങ്ങൾ സത്തയിൽ ഭിന്നങ്ങളല്ല. (എൻ. കെ. രവീന്ദ്രൻ 1996 :162)

### 2.2. സ്ത്രീ സാഹിത്യം മലയാളത്തിൽ

സ്ത്രീകളുടെ യാഥാർത്ഥ്യം അവതരിപ്പിക്കുന്ന സാഹിത്യത്തെയാണ് സ്ത്രീ സാഹിത്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സ്ത്രീയുടെ അടിമത്തം ഗാർഹികാധ്വാനം അധികാരവ്യവസ്ഥക്കെതിരായുള്ള അവരുടെ സമരങ്ങൾ, വിമോചനാഭിലാഷങ്ങൾ, മാതൃ ശിശുബന്ധം സ്ത്രീകൾ തമ്മിലുള്ള ഐക്യം, സാഹോദര്യം എന്നിവ സ്ത്രീ രചനകളിൽ പ്രത്യക്ഷപ്പെടുമ്പോഴാണ് അതിനെ സ്ത്രീ സാഹിത്യമെന്നു വിളിക്കുന്നത്.

സ്ത്രീ എഴുതിയതുകൊണ്ടുമാത്രം സ്രൈതണമുദ്രകൾ രചനകളിൽ പ്രത്യക്ഷപ്പെടണമെന്നില്ല. ജനിച്ച ലിംഗമല്ല ലൈംഗികമായ കാഴ്ചപ്പാടാണ് പ്രധാനം. സ്ത്രീകളുടെ സാഹിത്യമാണ് സ്ത്രീകളുടെ യഥാർത്ഥ ജീവിതാവസ്ഥയെ ചിത്രീകരിക്കുന്നതെന്ന് ഫെർഗൂൺ അഭിപ്രായപ്പെടുന്നു.(എൻ. കെ. രവീന്ദ്രൻ 1990:164)പുരുഷരചനകളിലേതുപോലെ ഒരേ അച്ചിൽ വാർത്തെടുത്ത സ്ത്രീബിംബങ്ങളല്ല സ്ത്രീരചനകളിൽ കാണുക. അവയിൽ സ്ത്രീയുടെ ജീവിത കൂടുതൽ സങ്കീർണഭാവങ്ങളും വൈവിധ്യങ്ങളും നിറഞ്ഞു പ്രത്യക്ഷപ്പെടുന്നു.

സ്ത്രീയുടെ സർഗ്ഗാത്മകതയെ ഞെരിച്ചമർത്തുന്ന അധീശവ്യവസ്ഥയിൽ നിന്നു പുറത്തുകടക്കാൻ വെമ്പൽ കൊള്ളുകയും അതിനെതിരെ കലാപം ചെയ്യുകയും ചെയ്യുന്ന ഒന്നാണ് സ്ത്രീയുടെ സാഹിത്യം. സ്ത്രീകൾ എഴുതിയതെല്ലാം ഫെമിനിസ്റ്റു സാഹിത്യമാവണമെന്നില്ല. സ്ത്രീസാഹിത്യത്തിന്റെ വ്യവഹാരമണ്ഡലം ലൈംഗികമായ അടിച്ചമർത്തലിനെക്കുറിച്ചു മാത്രമായിരിക്കണമെന്നുമില്ല.

ദേശകാല വ്യത്യാസങ്ങൾക്കതീതമായി സ്ത്രീസാഹിത്യത്തിന് സാർവത്രികമായ ഏകഭാവമുണ്ട്.പാട്രിയാർക്കൽ അധികാരബന്ധങ്ങൾ പ്രവർത്തിക്കുന്നത് ജാതിമതവംശ വർഗ്ഗവ്യത്യാസങ്ങൾക്കനുസരിച്ചായതിനാൽ സ്ത്രീ സാഹിത്യത്തിന് വ്യത്യസ്തതകളുമുണ്ടാകും. മലയാളത്തിലെ സ്ത്രീ സാഹിത്യചരിത്രം എഴുതപ്പെടാനിരിക്കുന്നതേയുള്ളു. സ്ത്രീയുടെ സ്വത്വബോധം പ്രകടിപ്പിച്ച ആദ്യത്തെ എഴുത്തുകാരി ലളിതാംബിക അന്തർജ്ജനമാണ്. സ്വാതന്ത്ര്യസമരപ്രസ്ഥാനമായും പുരോഗമനപ്രസ്ഥാനങ്ങളുമായും അവർക്കു ബന്ധമുണ്ടായിരുന്നു. വ്യക്തമായ സ്ത്രീപക്ഷപാതം ഉള്ള രചനകളാണവരുടേത്. പുരോഗമന സാഹിത്യത്തിനുവേണ്ടി വാദിച്ച എഴുത്തുകാരിയാണവർ. പുരോഗമനപ്രസ്ഥാനത്തിന്റെ സ്ത്രീ വിരുദ്ധനിലപാട് ആ എഴുത്തുകാരിയെ ഉൾക്കൊണ്ടില്ല. അന്തർജ്ജനത്തെ വ്യക്തിപരമായി ആക്ഷേപിക്കുന്ന ആദർശാത്മകത്വം എന്ന തകഴിയുടെ നികൃഷ്ട രചന പുരോഗമനപ്രസ്ഥാനത്തിന്റെ വികൃതമുഖം വെളിവാക്കുന്നു. 1935ൽ എഴുതിയ റിയ

ലിസം എന്ന കഥക്കു മറുപടിയായാണ് ആദർശാത്മകത്വം എഴുതിയത്. സാഹിത്യത്തിലെ ജെന്റർ സമരത്തിൽ എന്തെങ്കിലും മുന്നേറ്റങ്ങൾ നടത്തുവാൻ പുരോഗമനസാഹിത്യപ്ര സ്ഥാനത്തിനു കഴിഞ്ഞിട്ടേയില്ല. (1990:83)

സാഹിത്യചരിത്രത്തിൽ അവഗണിക്കപ്പെട്ട ശക്തയായ എഴുത്തുകാരിയാണ് കെ. സരസ്വതിയമ്മ. ഇവരുടെ സ്ത്രീപക്ഷപാതവും പുരുഷമൂല്യവിദ്വേഷവും തീവ്രമായിരുന്നു. അവഗണിക്കപ്പെടാനുള്ള കാരണവും ഒരു പക്ഷേ അതുതന്നെയാവാം. ക്രൂരമായ വിമർശനങ്ങളിൽ മനംനൊന്ത് സാഹിത്യരംഗത്തുനിന്ന് പിന്മാറിയ എഴുത്തുകാരിയാണവർ. പുരുഷവിദ്വേഷി എന്ന മുദ്രയടിച്ച് അവരുടെ കൃതികളെ തള്ളിക്കളയുകയാണ് വിമർശകലോകം ചെയ്തത്. ഒറ്റപ്പെട്ടുപോകുന്ന സ്ത്രീമനസിന്റെ വിഹ്വലതകളാണ് രാജലക്ഷ്മിയുടെ കൃതികളിലുള്ളത്. ഉള്ളിലെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാനാവാത്ത നിസ്സഹായതയും സ്നേഹനിഷേധവും രാജലക്ഷ്മിയുടെ കൃതികളിലെ സ്ത്രീകൾ അനുഭവിക്കുന്നു. സ്നേഹരഹിതമായ കുടുംബബന്ധങ്ങളിലെ ദൈന്യതയും അവർ അവതരിപ്പിക്കുന്നു. സ്ത്രീയുടെ അബലതയും നിസ്സഹായതയും ഉറപ്പിക്കപ്പെടുകയാണ് ചെയ്യുന്നതെങ്കിലും സ്ത്രീക്കു സ്വയം തിരിച്ചറിയാനുള്ള പ്രേരണ നല്കുന്നവയാണ് രാജലക്ഷ്മിയുടെ രചനകൾ എന്നു പറയാം.

സ്ത്രീയെ രണ്ടാംകിടയായി കാണുന്ന പുരുഷമേധാവിത്തത്തിനെതിരെയാണ് മാധവിക്കുട്ടിയുടെ രചനകൾ നിൽക്കുന്നത്. വ്യവസ്ഥാപിത നിയമങ്ങളെ ലംഘിച്ച് ആനന്ദം കൊള്ളുന്നവരും, കുടുംബത്തേയും പാരമ്പര്യത്തേയും നിഷേധിച്ച് പ്രതികാരം ചെയ്യുന്നവരും അവരുടെ കൃതികളിലുണ്ട്. ആന്തരീകരിച്ച അടിമത്തമാണ് അബോധമനസിൽ കാണുന്നതെന്നും അബോധമനസ്സിന്റെ ആവിഷ്കാരമാണ് സ്ത്രീ സാഹിത്യമെന്നും പറയുന്ന കേറ്റ്മില്ലറ്റിന്റെ വീക്ഷണം മാധവിക്കുട്ടിയുടെ കഥകൾക്ക് വളരെയധികം യോജിക്കുമെന്ന് ഡോ സി. പി. ലീല (2000:185) അഭിപ്രായപ്പെടുന്നു.

മലയാളത്തിലെ കരുത്തുറ്റ ഫെമിനിസ്റ്റ് എഴുത്തുകാരിയാണ് സാറാജോസഫ്. വന്യമായ സൈത്രണ ശക്തിയാവാഹിക്കുന്ന ബിംബങ്ങളും ഭാഷയും അവർ ഉപയോഗിക്കുന്നു. നിലവിലുള്ള യുക്തിഭദ്രമായ വ്യവഹാരങ്ങളെ നിരാകരിക്കുന്നവയാണ് അവരുപയോഗിക്കുന്ന ഭാഷയും ബിംബങ്ങളും. വിചാരത്തിലും വ്യവഹാരത്തിലും ഇന്നു നിലനില്ക്കുന്ന പുരുഷമേധാവിത്തഘടനകളെ അവ നിർമ്മിക്കുക, മുൻകാലങ്ങളിൽ ഒളിച്ചുവയ്ക്കപ്പെട്ടതോ അടിച്ചമർത്തപ്പെട്ടതോ അവഗണിക്കപ്പെട്ടതോ ആയ സൈത്രണാനുഭവത്തെ പുനർനിർമ്മിക്കുക എന്നീ ധർമ്മങ്ങളാണ് സാറാ ജോസഫിന്റെ കഥകൾ നിർവഹിക്കുന്നതെന്ന് സച്ചിദാനന്ദൻ (1996243 )ചൂണ്ടിക്കാട്ടുന്നു. അഷിത, ഗ്രേസി, മാനസി, ചന്ദ്രമതി, പ്രിയ എ എസ് തുടങ്ങിയ എഴുത്തുകാരികളും ശക്തമായ സ്ത്രീസ്വരത്തിനുടമകളാണ്. സ്ത്രീത്വം വിറ്റഴിക്കപ്പെടുന്നതിനെതിരെയുള്ള പ്രതിഷേധമാണ് ഗ്രേസിയുടെ

പടിയിറങ്ങിപ്പോയ പാർവ്വതി, നരകവാതിൽ എന്നീ ചെറുകഥകളിലുള്ളത്. സ്ത്രീ ജീവിതത്തിലെ അന്തസ്സംഘർഷങ്ങളേയും അവർ അവതരിപ്പിക്കുന്നു. സ്ത്രീയായി നിന്നുകൊണ്ട് സ്വന്തം ജീവിതം ആവിഷ്കരിക്കുമ്പോഴുള്ള സംഘർഷവും അതിനെ ആദേശിച്ചുകൊണ്ട് പ്രത്യക്ഷമാകുന്ന ആദർശവൽകൃത മാതൃത്വവുമാണ് ബാലാമണിയമ്മക്കവിതയുടെ ശക്തമായ അന്തർദ്ധാരയെന്ന് പി. ഗീത (1997d:105) നിരീക്ഷിക്കുന്നു.

ബാലാമണിയമ്മയുടെ കവിതകൾ നേരിട്ടും, പ്രതീകാത്മകമായും സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നുണ്ട്. ''ഏതവസ്ഥയിലും കുടുംബത്തിന്റെ അതിരുകൾക്കുള്ളിൽ സ്ത്രീയുടെ സ്വാതന്ത്ര്യവും സായൂജ്യവും ഒതുക്കിനിർത്തുന്നതിനും അങ്ങനെ അന്നത്തെ പൊതുബോധത്തിന്റെ അംഗീകാരം നേടുന്നവിധമുള്ള സ്ത്രീകളെ ആവിഷ്കരിക്കുന്നതിനും ബാലാമണിയമ്മ അനുഭവിച്ച ആശയപരവും അനുഭവപരവുമായ സംഘർഷങ്ങളുടെ കോറലുകളും കോടലുകളും അവരുടെ കവിതകളിലുണ്ട്''.(1997d:113).

സ്ത്രീയുടെ ദുഃഖവും പിഡിതാവസ്ഥയും വൈകാരിക സാന്ദ്രതയിലവതരിപ്പിക്കുന്നവയാണ് സുഗതകുമാരിയുടെ കവിതകൾ. അംബ, രാധയെവിടെ എന്നീ കവിതകൾ ഇതിഹാസ സ്ത്രീസ്വത്വത്തെ അപനിർമ്മിക്കുന്നവയാണ്. വിരഹാതുരയായ കാമുകിഭാവമാണ് അവരുടെ കവിതകളിൽ മുന്നിട്ടു നിൽക്കുന്നത്.

സ്ത്രീയവസ്ഥയുടെ തിരിച്ചറിവിന്റേയും മറികടക്കലിന്റേയും തലങ്ങൾ വിജയലക്ഷ്മിയിലും, സാവിത്രീ രാജീവനിലും കാണാം. വിജയലക്ഷ്മിയുടെ മൃഗശിക്ഷകൾ, കൗസല്യ, പ്രാർത്ഥന എന്നീ കവിതകളിൽ തിരിച്ചറിവും മറികടക്കലും വൈകാരികമായിരിക്കുന്നു. എന്നാൽ സാവിത്രീ രാജീവന്റെ കവിതകളിൽ ഇതിന്റെ ധൈഷണിക തലമാണുള്ളത്. ചരിവ്, കണ്ണാടി, സമയം എന്നെ വിളിക്കുന്നു, ദൂരം എന്നീ കവിതകൾ ഇതിനുദാഹരണമാണ്. വിജയലക്ഷ്മിയുടെ കവിതകൾ സ്ത്രീസത്തയുടെ വൈകാരിക ഭാവുകത്വങ്ങളുടെ സ്ഫോടനം തന്നെയിരിക്കുമ്പോൾ സാവിത്രീ രാജീവന്റെ കവിതകൾ സ്ത്രീസ്വത്വത്തിന്റെ ധൈഷണികമായ പ്രതിസന്ധിഘട്ടങ്ങളെ താത്വികമായി അവതരിപ്പിക്കുന്നു. പി. ഗീത (1997(e): 134)

സംസ്കൃതത്തിൽ നിന്നുള്ള വിവർത്തന കൃതികളായിട്ടായിരുന്നു മലയാളത്തിൽ നാടകം പിറന്നത്. തുടർന്ന് വിവിധ ഘട്ടങ്ങളിലായി മലയാള നാടകത്തെ മറ്റു ഭാഷയിലെ നാടകകൃതികളും അവതരണരീതികളും സ്വാധീനിച്ചു പോന്നു. പുരാണകഥകളും, ചരിത്രകഥകളുമായിരുന്നു ആദ്യകാല നാടകങ്ങളിൽ പ്രമേയമായത്. നാടകരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം മറ്റു സാഹിത്യ മേഖലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. തോട്ടക്കാട്ട് ഇക്കാവമ്മ *സുഭദ്രാധനഞ്ജയം* നാടകം 1891 ലാണ് രചിച്ചത്. 1892ൽ കുട്ടിക്കുഞ്ഞുതങ്കച്ചി *അജ്ഞാതവാസം* നാടകം രചിച്ചു. മുതുകുളം പാർവ്വതിയമ്മ രചിച്ച നാടകങ്ങളാണ് *ഭുവനദീപിക*(1944) *ധർമ്മബലി*(1946)*അഹല്യ*(1947)എന്നിവ. കെ. സരസ്വതിയ

മ്മയുടെ നാടകമായ *ദേവദൂതി* 1946ലാണ് രചിക്കപ്പെടുന്നത്. മറ്റുകലാരൂപങ്ങളെ അപേക്ഷിച്ച് നാടകത്തിനുള്ള സാങ്കേതിക സവിശേഷതകളും മറ്റു നാടകരചനയിൽ നിന്നും സംവിധാനത്തിൽ നിന്നും സ്ത്രീകളെ അകറ്റാനിടയാക്കി.

സ്ത്രീപ്രശ്നം അവതരിപ്പിക്കുന്ന നാടകങ്ങൾ ആദ്യമായി മലയാളത്തിലുണ്ടാകുന്നത് പുരുഷന്മാരുടെ രചനകളായാണ്. 1920ൽ വി. ടി. ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്കും എം. ആർ. ബിയുടെ മറക്കുടക്കുള്ളിലെ മഹാനരകവും പ്രേംജിയുടെ ഋതുമതിയും രംഗത്തെത്തി. സ്ത്രീയുടെ അവകാശങ്ങളേയും ചെറുത്തുനില്പ്പുകളേയും നാടകവൽക്കരിക്കുകയാണ് ഈ കൃതികൾ ചെയ്യുന്നത്. സ്ത്രീ വിദ്യാഭ്യാസത്തിനുവേണ്ടി ആദ്യമായി വാദിക്കുന്ന കഥാപാത്രം ഋതുമതിയിലെ ദേവകിയാണ്.

1935ലാണ് ലളിതാംബിക അന്തർജ്ജനം സാവിത്രി രചിക്കുന്നത്. സ്ത്രീപ്രശ്നമവതരിപ്പിക്കുന്ന സ്ത്രീ എഴുത്തുകാരിയുടെ ആദ്യത്തെ സ്ത്രീപക്ഷനാടകമാണ് സാവിത്രി. ഇളംപ്രായത്തിൽ തന്നെ വൈധവ്യമേറ്റുവാങ്ങേണ്ടിവരുന്ന സ്ത്രീകളുടെ മോചനമാണ് സാവിത്രിയിലെ പ്രമേയം. നാടകത്തിലെ സാവിത്രിയെന്ന വിധവക്ക് ബാലകാല സുഹൃത്ത് പുതിയൊരു ജീവിതം നല്കുന്നു.

ഒരു സംഘം സ്ത്രീകൾ ചേർന്നു രചിച്ച സ്ത്രീപക്ഷനാടകമാണ് *തൊഴിൽ കേന്ദ്രത്തിലേയ്ക്ക്.* 1944 ൽ അവതരിപ്പിച്ച ഈ നാടകം തൊഴിൽ രംഗത്തിറങ്ങാനും സാമ്പത്തിക സ്വാതന്ത്ര്യം നേടാനും സ്ത്രീകളെ ആഹ്വാനം ചെയ്യുന്നതാണ്. ഈ നാടകം ടി. കെ. ആനന്ദിയാണ് കണ്ടെടുക്കുന്നത്. 'മാനുഷി' എന്ന സ്ത്രീ സംഘത്തിനുവേണ്ടി സാറാ ജോസഫ് രചിച്ച തെരുവുനാടകങ്ങൾ ശ്രദ്ധേയമാണ്. സമകാലിക സ്ത്രീ പ്രശ്നങ്ങളെ അവതരിപ്പിക്കാൻ സമതപോലുള്ള സ്ത്രീ സംഘടനകളും തയ്യാറായിട്ടുണ്ട്. ശാസ്ത്ര സാഹിത്യപരിഷത്തിന്റെ കലാജാഥകൾ സ്ത്രീപക്ഷനാടകങ്ങൾ അവതരിപ്പിക്കുകയും സ്ത്രീവിമോചനാശയങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്തുപോന്നു. സാറാജോസഫിന്റെ *മുടിത്തെയ്യമുറയുന്നു* എന്ന കഥയുടെ സ്വതന്ത്രനാടകാവിഷ്കാരം തിരുവനന്തപുരം ആകാശവാണിയുടെ ആഭിമുഖ്യത്തിൽ അവതരിപ്പിക്കപ്പെട്ടു. ലളിത എന്ന കഥാപാത്രത്തിന്റെ വികാരവിചാരങ്ങളും സ്വപ്നങ്ങളും പീഢാനുഭവങ്ങളുമായാണ് നാടകം വികസിക്കുന്നത്. നാടകരചനയിലേക്കും അഭിനയം, സംവിധാനം തുടങ്ങിയ മേഖലകളിലേക്കും സ്ത്രീകൾ കടന്നുവന്നുകൊണ്ടിരിക്കുന്നു.

ഒരു കൃതി ഒരു സ്ത്രീ എഴുതി എന്ന ഒറ്റക്കാരണം കൊണ്ടുമാത്രം നല്ലതോ രസകരമോ ആകുന്നില്ല. സ്ത്രീകളുടെ സാഹിത്യപാരമ്പര്യത്തെക്കുറിച്ച് പുതിയ നിഗമനങ്ങളിലെത്തുവാൻ ആകൃതി സഹായിക്കണം. അവളുടെ സാമൂഹ്യപദവിയേയും സ്ത്രീയെന്ന പദവിയോടു ചേർത്തുവച്ചിട്ടുള്ള അവളുടെ പ്രതീക്ഷകൾ, ഭീതികൾ, അഭിലാഷങ്ങൾ, വിഭ്രാന്തികൾ എന്നിവയേയും അവളെങ്ങനെ ഒരു സാഹിത്യരൂപത്തിൽ പൊരുത്തപ്പെടുത്തുന്നു

എന്നും വൈയക്തികവും സ്വകാര്യവുമായ തലത്തിൽ തളച്ചിടപ്പെട്ടിട്ടും പരസ്യമായി സ്വയം ആവിഷ്കരിക്കപ്പെടുന്നതിനുവേണ്ടി വികസിപ്പിച്ചെടുത്തിരിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാമാണ് എന്നും സംബന്ധിച്ച പുതിയ ഉൾക്കാഴ്ചകളുണ്ടാക്കാൻ കഴിയുമ്പോഴാണ് ആ കൃതി നല്ലതോ രസകരമോ ആകുന്നതെന്ന് സിഗ്രിഡ് വെയ്ഗൽ (1994:78) സൂചിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ കൃതികളും ചരിത്രങ്ങളും അവരുടെ സംഘർഷങ്ങൾ, പ്രശ്നങ്ങൾ, പാളിച്ചകൾ, തോൽവികൾ പോലും സ്ത്രീകൾക്കു പഠിക്കാൻ ഉപകരിക്കുന്ന സാമഗ്രികൾ എന്ന നിലയിൽ വായിച്ചെടുക്കുകയും പരിശോധിക്കപ്പെടുകയും ചെയ്യുന്നതരത്തിലായിരിക്കണം ഫെമിനിസ്റ്റ് സാഹിത്യവിമർശനത്തിന്റെ പക്ഷപാതം.(1994:78)

സ്ത്രീകളുടെ രചനകളിലെ ഉളളടക്കവും ആഖ്യാനശൈലിയും സ്ത്രൈണാനുഭവത്തിന്റെ മൗലികാവിഷ്കാരങ്ങളാണെന്നു പറയുവാൻ സാധ്യമല്ല. അതിലേറെ അവ പുരുഷസംസ്കാരത്തിനുള്ളിൽത്തന്നെ ചെറിയൊരു സുരക്ഷിതസ്ഥാനം കണ്ടെത്താനുള്ള ശ്രമങ്ങളും അതിൽ നിന്നുള്ള മോചനത്തിനു വേണ്ടിയുള്ള ആദ്യത്തെ പടികളുമാണ്. (1994:83)

### 2.2.1. മലയാളത്തിലെ സ്ത്രീരചനാ പാരമ്പര്യം

സാഹിത്യത്തിലെ സ്ത്രീരചനാപാരമ്പര്യത്തെ തിരിച്ചറിയുന്നത് എഴുത്തുകാരികളുടെ രചനകളിൽ നിന്ന് പുതിയ കാവ്യാർത്ഥങ്ങൾ സൃഷ്ടിച്ചെടുക്കാൻ സഹായിക്കും. പുരുഷമൂല്യങ്ങളും പ്രതീകങ്ങളും ഉപയോഗിച്ച് സ്ത്രീരചനയെ വിലയിരുത്താനുള്ള ശ്രമത്തിനെതിരാണിത്. ബോധപൂർവ്വം മറ്റ് എഴുത്തുകാരികളുമായും അവരുടെ രചനകളുമായും ഐക്യദാർഢ്യം പുലർത്താൻ സ്ത്രീകൾക്ക് ഇതിലൂടെ കഴിയും. ഇതര എഴുത്തുകാരികളിലേക്കു തിരിഞ്ഞ് സ്വന്തം സ്വത്വത്തെ വിമോചിപ്പിക്കുവാനുള്ള ഏകമാർഗ്ഗമാണിത്.

സ്ത്രീരചനകളെ സ്ത്രീയുടെ കാവ്യാദർശത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തണമെന്ന് സ്ത്രീവാദനിരൂപകർ വാദിക്കുന്നു. ഒരു സ്ത്രീരചനയെ ഇതര സ്ത്രീ രചനകളുമായി താരതമ്യം ചെയ്യുന്നതാണുചിതം. പുരുഷരചനകൾക്കു ബാധകമായ കാവ്യാദർശങ്ങളോ അർത്ഥകല്പനകളോ സ്ത്രീ വായനയിൽ കൊണ്ടുവരുന്നത് അത്തരം രചനകളുടെ യഥാർത്ഥവിവക്ഷയെ തടയുകയേയുള്ളുവെന്നും അവർ പറയുന്നു.

മുഖ്യധാരാസാഹിത്യത്തിനു സമാന്തരമായി സ്ത്രീ സാഹിത്യചരിത്രം നിർമ്മിക്കപ്പെടേണ്ടതുണ്ട്. മുഖ്യധാരയിൽ നിന്നു വേറിട്ടുനിൽക്കുമ്പോഴും ശക്തമായ ഒരു പ്രത്യേക വിഭാഗമായി അതിനെ കണ്ടെത്തുകയാണ് ഫെമിനിസ്റ്റു സാഹിത്യവിമർശനം ചെയ്യുന്നത് സ്ത്രീകളുടേതാണെന്ന കാരണത്താൽ തിരസ്ക്കരിക്കപ്പെട്ട രചനകളുണ്ടാവാം. അവ കണ്ടെത്തുകയും സാഹിത്യചരിത്രത്തിൽ കൂട്ടിച്ചേർക്കുകയും ചെയ്യണം. സാഹിത്യം എന്ന മാധ്യമത്തിലൂടെ പുരുഷമേധാവിത്ത സമൂഹത്തിലെ സ്ത്രീകൾ തങ്ങളുടെ ആത്മപ്രകാ

ശനം നിർവഹിച്ചതെങ്ങനെ എന്നു തിരിച്ചറിയണം. ഇതോടൊപ്പം സ്വകാര്യവും വൈയക്തികവുമായ തലങ്ങളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന അവസ്ഥയിൽ സ്ത്രീകൾ വികസിപ്പിച്ചെടുത്ത ആവിഷ്കാര രീതികളും തന്ത്രങ്ങളും അന്വേഷിക്കണം.

മലയാളത്തിലെ സ്ത്രീസാഹിത്യചരിത്രം നിർമ്മിക്കാനുള്ള ശ്രമങ്ങൾ ചില ലേഖനങ്ങളിൽ കാണാം. സച്ചിദാനന്ദൻ സാറാജോസഫിന്റെ *പാപത്തറ*(1990) എന്ന കൃതിക്കെഴുതിയ 'മുടിത്തെയ്യങ്ങൾ' എന്ന അവതാരിക ഇതിൽ പ്രധാനമാണ്. എൻ. കെ. രവീന്ദ്രന്റെ 'ഫെമിനിസ്റ്റു സാഹിത്യവിമർശനം'(1996) എന്ന ലേഖനം മലയാള സാഹിത്യത്തിലെ സ്ത്രീയെഴുത്തുകാരികളെ നിശ്ശബ്ദരാക്കിയതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പി. ഗീതയുടെ 'സ്ത്രീരചനകളിലെ സ്ത്രീപുരുഷചിത്രണവും സങ്കല്പവും'(1997) എന്ന ലേഖനം സ്ത്രീകളുടെ ചെറുകഥയിലെ സൈത്രണമുദ്രകൾ അന്വേഷിക്കുന്നു. ടി. എൻ. ജയചന്ദ്രന്റെ 'മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ - ഒരു ആമുഖപഠനം' എന്ന ലേഖനം മലയാളത്തിലെ വനിതാ നോവലിസ്റ്റുകളുടേയും അവരുടെ കൃതികളുടേയും പട്ടിക കാലഗണനാക്രമത്തിൽ നിരത്തുന്നുണ്ട്. പി. കെ രാജശേഖരന്റെ *അന്ധനായ ദൈവം - മലയാള നോവലിന്റെ 100 വർഷങ്ങൾ* എന്ന കൃതിയിലെ 'സ്ത്രീകളുടെ അനുഭവലോകം' എന്ന ലേഖനം സ്ത്രീനോവലിസ്റ്റുകളുടെ രചനകളെ വിലയിരുത്തുന്നു. ചരിത്രം വിസ്മരിച്ച ആദ്യകാല കഥാകാരികളെക്കുറിച്ച് പി.കെ കനകലത(2006) എഴുതുന്നു. ഒറ്റയൊറ്റയായ പഠനങ്ങളും ലേഖനങ്ങളും മാത്രമേ മലയാളത്തിൽ ഉള്ളൂ.

സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ ലോകത്തെവിടെയും ആദ്യകാലത്ത് സ്ത്രീ സാന്നിധ്യം അദൃശ്യമാണെന്നുകാണാം. പുരുഷമേൽക്കോമയും സാമൂഹ്യമായ മുൻവിധികളും സ്ത്രീകളെ സാഹിത്യമണ്ഡലത്തിൽ നിന്നും മാറ്റിനിർത്തി. മലയാളത്തിലെ പ്രാചീന വരമൊഴി സാഹിത്യകാലം മുതൽ 19-ാം നൂറ്റാണ്ടുവരെ സ്ത്രീയ്ക്കു സാഹിത്യകർതൃത്വം നിഷേധിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ ആദ്യകാല രചനകൾ 19 -ാം നൂറ്റാണ്ടിലാണ് ഉണ്ടാകുന്നത്. രാജകുടുംബത്തിലേയും പ്രഭുകുടുംബത്തിലേയും സ്ത്രീകൾ സാഹിത്യരംഗത്തേക്കു ഇക്കാലത്ത് കടന്നു വരുന്നു. കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി, അംബാത്തമ്പുരാട്ടി, കുട്ടിക്കുഞ്ഞുതങ്കച്ചി, റാണി ലക്ഷമീഭായ്, കടത്തനാട്ട് ലക്ഷ്മിത്തമ്പുരാട്ടി, ഇക്കു അമ്മത്തമ്പുരാൻ, കല്യാണിക്കുട്ടി അമ്മച്ചി, തോട്ടക്കാട്ട് ഇക്കാവമ്മ, കെ. എം. കുഞ്ഞുലക്ഷ്മി കെട്ടിലമ്മ എന്നിവർ സ്മരണീയരാണ്. ഈ എഴുത്തുകാരികളിൽ നിന്നും പല രചനകളും മലയാളത്തിനു ലഭിച്ചിട്ടുണ്ട്. ഉന്നതകുലത്തിൽ ജനിച്ച പാരമ്പര്യമായി കലയും സാഹിത്യവും പരിചയിച്ച സ്ത്രീകളാണ് മലയാളത്തിലെ ആദ്യകാല എഴുത്തുകാരികൾ. സംശയത്തോടെയും ഭീതിയോടെയുമാണ് അവർ സാഹിത്യരംഗത്തേക്കു കടന്നു വന്നത്. സംസ്കൃതകൃതികളുടെ പുനരാഖ്യാനങ്ങൾ, തിരുവാതിരപ്പാട്ടുകൾ, കുറത്തിപ്പാട്ടുകൾ, കൈകൊട്ടിക്കളിപ്പാട്ടുകൾ എന്നിങ്ങനെയുള്ള രചനകളാണവർ നിർവഹിച്ചത്.

സ്ത്രീവിദ്യാഭ്യാസവും നൂതനാശയങ്ങളുടെ പ്രചാരവുമാണ് പൊതുരംഗത്തേക്കും സാഹിത്യകലാദികളിലേക്കും സ്ത്രീകളെ ആകർഷിച്ചത്. സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളുടെ പ്രവർത്തനവും ആശയങ്ങളും വലിയൊരു സ്ത്രീമുന്നേറ്റത്തിന് കാരണമായി. ജാതീയതക്കും സവർണമേധാവിത്തത്തിനുമെതിരെ നടന്ന മാറുമറക്കൽ സമരം, സ്ത്രീ വിദ്യാഭ്യാസത്തിലും സ്വാതന്ത്ര്യത്തിലും ഊന്നുന്ന ശ്രീനാരായണഗുരുവിന്റെ കാഴ്ചപ്പാട്. ഇവയെല്ലാം വിപ്ലവാത്മകമായിരുന്നു. നവോത്ഥാനകാലം മുതലാരംഭിക്കുന്ന സ്ത്രീവാദപാരമ്പര്യം മലയാളത്തിനുണ്ട് എന്നാൽ ഈ പാരമ്പര്യം വളർന്നില്ല. ഫ്യൂഡൽ മുതലാളിത്ത മൂല്യങ്ങളുടെ കൂടിച്ചേരലിലൂടെ സങ്കീർണമായ ചൂഷണവ്യവസ്ഥയായി അതുമാറി.

സ്ത്രീകൾക്കായുള്ള പ്രസിദ്ധീകരണങ്ങൾ 19-ാം നൂറ്റാണ്ടിന്റെ അവസാനകാലങ്ങളിൽ പുറത്തിറങ്ങിത്തുടങ്ങി. 1887 ലെ കേരളസുഗുണബോധിനിയാണ് ആദ്യത്തെ പ്രസിദ്ധീകരണം. 1904ൽ ശാരദ, ലക്ഷ്മീഭായ്(1906), മഹിളാരത്നം(1916), സഹോദരി(1925) എന്നീ പ്രസിദ്ധീകരണങ്ങളും സ്ത്രീകൾക്കായുളലതാണ്. പുരുഷകേന്ദ്രിതമായ സാമൂഹ്യ - കുടുംബ - അധികാരഘടനയിൽ ഭർത്താവിനേയും കുട്ടികളേയും പരിചരിച്ചു തൃപ്തിപ്പെടുത്തുന്ന വിദ്യാഭ്യാസമുള്ള മാതൃകാ കുടുംബിനികളെ സൃഷ്ടിക്കലായിരുന്നു ഈ പ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യം(ചന്ദ്രിക സി. എസ്. 1998:52). ശാരദ, ലക്ഷ്മിഭായ് തുടങ്ങിയവ സ്ത്രീകളുടെ തന്നെ നേതൃത്വത്തിൽ ഉണ്ടായ പ്രസിദ്ധീകരണങ്ങളാണ്. സ്ത്രീ പ്രസിദ്ധീകരണങ്ങൾ അഭ്യസ്തവിദ്യരായ സ്ത്രീകളെ ആകർഷിക്കുകയും അവർക്കൊരു സംവാദമണ്ഡലം ലഭിക്കുകയും ചെയ്തു. സ്ത്രീകളുടെ സാഹിത്യ രചനയ്ക്ക് ഇതു പ്രോത്സാഹകമായി. പരമ്പരാഗതമായ അടിമത്തത്തെ തിരിച്ചറിയുന്ന തരത്തിൽ സ്ത്രീകൾക്ക് ഐക്യപ്പെടാൻ കഴിഞ്ഞു. തരുവത്ത് അമ്മാളുവമ്മ, ടി. സി. കല്യാണിയമ്മ, ബി. കല്യാണിയമ്മ, കെ. പി. കുഞ്ഞിലക്ഷ്മിയമ്മ, കെ.പി. ഗൗരിക്കുട്ടിയമ്മ, കാത്തുള്ളി വീട്ടിൽ ദേവകിയമ്മ തെക്കേ കുന്നത്തു കല്യാണിക്കുട്ടിയമ്മ, അമ്പാടി ഇക്കാവമ്മ, അമ്പാടി കാർത്ത്യായനിയമ്മ തുടങ്ങിയ എഴുത്തുകാരികൾ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രചന നടത്തിയവരാണ്. സ്ത്രീകളുടെ സാഹിത്യകർതൃത്വം അംഗീകരിക്കാൻ വിമുഖമായിരുന്ന സാമൂഹ്യാവസ്ഥയെക്കുറിച്ച് ലളിതാംബിക അന്തർജ്ജനം(2007:86) ഇങ്ങനെ പറയുന്നു.

"ഇവിടെയും അവർ പട്ടികജാതി - പട്ടികവർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുന്നുണ്ട്. തീണ്ടലും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണു വിധി" സാഹിത്യരംഗത്തേക്കു സ്ത്രീകൾ കടന്നു വരുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന സംഭവങ്ങൾ നിരവധിയാണ്. സ്ത്രീരചന കൊള്ളരുതാത്തതാണെന്ന മുൻവിധിയോടെ തയ്യാറാക്കപ്പെട്ട കുഞ്ഞികൃഷ്ണപ്പൊതുവാളിന്റെ വരികൾ എൻ. കെ. രവീന്ദ്രൻ(1990) ഉദ്ധരിക്കുന്നു

തരുണീമണിമേലിലിത്തരം
കൊള്ളരുതാതുള്ളവ തീർത്തു കൊണ്ടിരുന്നാൽ
മുറി മുണ്ടുകളല്ല നല്ല വേലി-
ത്തറികൊണ്ടാന്നുതരും തരം വരുമ്പോൾ

സാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ എഴുത്തുകാരികൾ നിരവധിയാണ്. നോവൽ, ചെറുകഥ, നാടകം, പരിഭാഷ തുടങ്ങിയ രംഗങ്ങളിൽ നിസ്തുലമായ സംഭാവനകൾ നല്കിയ ആദ്യകാല എഴുത്തുകാരികളെ പുനഃപ്രതിഷ്ഠിക്കേണ്ടതാവശ്യമാണ്. ഈ വഴിക്കുള്ള അന്വേഷണങ്ങളും പഠനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ടി. എൻ. ജയചന്ദ്രന്റെ (1997) 'മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ ഒരു ആമുഖപഠനം' എന്ന ലേഖനം വനിതാ നോവലിസ്റ്റുകളുടെ സ്ഥാനം കണ്ടെത്താനുള്ള ശ്രദ്ധേയമായ ശ്രമമാണ്. 'ചരിത്രം വിസ്മരിച്ച ആദ്യകാലകഥാകാരികൾ' എന്ന ലേഖനത്തിൽ പി. കെ. കനകലത ചെറുകഥ പരിഭാഷ രംഗങ്ങളിൽ സംഭാവനകൾ നല്കിയ ആദ്യകാല എഴുത്തുകാരികളെ കണ്ടെത്തുന്നുണ്ട്. പി. ഗീതയുടെ പഠനങ്ങളും ഈ വഴിക്കുള്ളതാണ്. മലയാളത്തിലെ ഏതാണ്ടു രണ്ടായിരം വരുന്ന നോവലിസ്റ്റുകളിൽ ഇരുനൂറോളം പേർ വനിതകളാണ്. 1990 ഡിസംബർ വരെയുള്ള കണക്കെടുപ്പിൽ ചുരുങ്ങിയത് 165 വനിതകളെങ്കിലും മലയാളത്തിൽ നോവലെഴുതിയിട്ടുണ്ടെന്ന് ടി. എൻ. ജയചന്ദ്രൻ പറയുന്നു.

ആദ്യമായി ഒരു മലയാളി വനിത നോവലെഴുതിയത് 1914 ലാണെന്നും *ശ്രീശക്തിമയി അഥവാ ആപത്കരമായ മാല* എന്ന ആ കൃതിയെഴുതിയത് ശ്രീമതി ജെ. പാറുക്കുട്ടിയമ്മയാണെന്നും ടി. എൻ. ജയചന്ദ്രൻ രേഖപ്പെടുത്തുന്നു. കൊല്ലത്തെ മനോമോഹനം പ്രസ്സിലച്ചടിച്ച ഈ നോവൽ ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. മലയാളി വനിതയുടെ രണ്ടാമത്തെ നോവൽ 1917 ൽ ജി. പാർവതിയമ്മ രചിച്ച *വീരപുരുഷൻ* ആണ്. എ. ആർ. രാജരാജവർമ്മയുടേതാണ് അവതാരിക. തുടർന്ന് 1920ൽ കല്പകശ്ശേരിൽ എൻ. ജാനകിയമ്മയുടെ *സൂര്യഭായി* പുറത്തിറങ്ങി. 1922ൽ തരുവത്ത് ജാനകിയമ്മ പ്രസിദ്ധീകരിച്ച *കമലാഭായി*യും 1924ൽ കോടലിംഗം ടി. കെ മഹാദേവന്റെ അവതാരികയോടെ *ഹരിദാസി* യും പുറത്തിറങ്ങി. 1925ൽ *ശൂരസിംഹൻ* എന്ന കൃതി ഉള്ളൂരിന്റെ അവതാരികയോടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കാർത്തിക തിരുനാൾ അംബാദേവി തമ്പുരാട്ടിയാണ് എഴുത്തുകാരി. 1927ൽ തെരുവത്ത് അമ്മിണിയമ്മ രചിച്ച *വീരപത്നി* പ്രസിദ്ധീകരിക്കപ്പെട്ടു. ഈ ആദ്യകാല കൃതികളൊന്നും കണ്ടെടുക്കാനായിട്ടില്ല. കണ്ടുകിട്ടിയതിൽ വച്ച് ഏറ്റവും പഴയ കൃതി കെ. പി. സുമതിക്കുട്ടിയമ്മ എഴുതിയ *ശാന്തയുടെ മുരളി അഥവാ പുരന്ദരാന്തർദ്ധാനം* ആണ്. ഈ കൃതിയെഴുതാനുള്ള കാരണം അവർ രേഖപ്പെടുത്തുന്നുണ്ട്. ‘‘ഇങ്ങനെയൊരു കഥയെഴുതാൻ എന്നെ പ്രേരിപ്പിച്ചത് വിദ്യാഭ്യാസകാലത്തുതന്നെ പ്രബലമായുണ്ടായിരുന്ന ഗ്രന്ഥപാരായാണാസക്തിയും ചരിത്രപഠനത്തിലുള്ള ഉത്സാഹവുമാണ്. നിർഭാഗ്യ

വശാൽ വിദ്യാഭ്യാസഘട്ടം പെട്ടെന്നവസാനിക്കയാൽ മനസ്സിന്റെ നിഷ്കളങ്കമായ നിർവൃതിക്കനി പലതുമെഴുതാൻ തുടങ്ങി. അങ്ങനെയുണ്ടായ ചെറുകഥകളെ അപേക്ഷിച്ച് ശാന്തയുടെ മുരളിക്ക് ചരിത്രസംബന്ധമെന്ന വിശേഷം കാണുകയാൽ ഇതിനെ പുസ്തകമാക്കാൻ ചില മിത്രങ്ങളുപദേശിച്ചു. ആ ഉപദേശാനുസരണം പ്രകൃത കഥ ആദ്യമായി തിരുവനന്തപുരത്തു നിന്നു പുറപ്പെടുന്ന മഹിളാമന്ദിരം എന്ന മാസികയിൽ പ്രത്യക്ഷമായി. അനന്തരം ഇതാ ഗ്രന്ഥരൂപത്തിൽ സജ്ജനസമക്ഷം അവതരിപ്പിച്ചിരിക്കുന്നു".(ടി. എൻ. ജയചന്ദ്രൻ 1997 : 47)

1929ൽ പി. കാവമ്മയും പി. ഗൗരിഅമ്മയും ചേർന്ന് എഴുതി പ്രസിദ്ധീകരിച്ച നോവലുകളാണ് *മായാവിലാസം, പത്മാലയം* എന്നിവ. *ലീലാവതി, നാടിന്റെ മക്കൾ* എന്നീ നോവലുകൾ ലീല ജെ എന്നരിയിൽ എന്ന എഴുത്തുകാരിയുടേതാണ്. അമ്പാടി നാരായണി പൊതുവാൾസ്യാർ, ബി. ഭാഗീരഥിയമ്മ, ഒ. ടി. ശാരദാമ്മ, കെ. നാരായണിയമ്മ, വി. പി ഓമന അമ്മ എന്നീ എഴുത്തുകാരികളും അക്കാലത്തുണ്ടായിരുന്നു. 1935ൽ തരവത്ത് അമ്മാളുവമ്മ എഴുതിയ നോവലാണ് *കോമളവല്ലി.* ഒരു ഇംഗ്ലീഷ് നോവലിനെ ആധാരമാക്കി ടി. എസ്. ഡി സ്വാമി രചിച്ച തമിഴ്ഗ്രന്ഥത്തിന്റെ പരിഭാഷയാണ് കോമളവല്ലി. മനുഷ്യനുണ്ടായിരിക്കേണ്ട സദ്ഗുണങ്ങളെപ്പറ്റിയുള്ളതാണ് നോവൽ. സ്വാർത്ഥപരിത്യാഗം, പരോപകാര തല്പരത, ദീനദയാലുത്വം, പാപഭീരുത്വം, പിതൃഭക്തി, കർത്തവ്യകർമ്മാനുഷ്ഠാനം, ദൃഢനിശ്ചയം, ചരിത്രശുദ്ധി, ആശ്രാന്ത പരിശ്രമം, ദുഃഖസഹനം, ഈശ്വരവിശ്വാസം, യുക്തായുക്താവിവേചനം, ധൈര്യം, ഗൗരവം എന്നിവയാണവ(ടി. എൻ. ജയചന്ദ്രൻ 1997 47)എം.ഭരതകിനി എന്ന എഴുത്തുകാരി 1935 ൽ *വിധിയുടെ കാഠിന്യം* 1937ൽ *കാന്തമതി അഥവാ ഒരു ധർമ്മസങ്കടം* തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രസിദ്ധയായ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകയും നിയമാസഭാംഗവും അഭിഭാഷകയും ഗ്രന്ഥ രചയിതാവുമായിരുന്നു ആനിതയ്യിൽ. നോവൽ, ചെറുകഥ, ശാസ്ത്രം, മതം, ജീവചരിത്രം, ഹാസ്യം എന്നിങ്ങനെ എല്ലാ മേഖലകളിലും അവർ സംഭാവന നല്കിയിട്ടുണ്ട്. 1936ൽ എഴുതിയ *കൊച്ചമ്മിണി അഥവാ ലോകഗതി* ആണ് ആദ്യനോവൽ. *കല്യാണപ്പെണ്ണ്, മൂന്നുകോളേജ് കുമാരികളുടെ കഥ, മോൻ നിന്റെ മോളെന്റെ, വിശുദ്ധപാപി, മണിക്കുട്ടി, ഒരു നല്ല വൈദികന്റെ കഥ* തുടങ്ങിയ പത്തോളം നോവലുകൾ അവരുടേതായിട്ടുണ്ട്.

കെ. ഭാരതിയമ്മ 1937 ൽ പ്രസിദ്ധീകരിച്ച *ലതിക* ഉൾപ്പെടെ 13 നോവലുകൾ എഴുതിയിട്ടുണ്ട്. *ഓമന അഥവാ പുനർവിവാഹം, കാലത്തിന്റെ കാമുകൻ, കൃഷ്ണവേണി ജന്മിയുടെ പുത്രി, പെണ്മണി, മോഹനവല്ലി, വാടാത്ത പൂമാല, വെണ്മാടത്തിലെ റാണി, ശ്യാമളദേവി, ശ്രീവിശാഖചന്ദ്രൻ, സെക്രട്ടറി* തുടങ്ങിയവയാണ് ഇതര കൃതികൾ.

1940കളിലെ സ്ത്രീ സ്വാതന്ത്ര്യവാദിയായ ഒരേ ഒരു എഴുത്തുകാരിയാണ് കെ. സരസ്വതിയമ്മ. 10 ചെറുകഥാസമാഹാരങ്ങൾ അവരുടേതായുണ്ട്. *ദേവദൂതി* എന്ന നാടകവും *പ്രേമഭാജനം* എന്ന നോവലും എഴുതിയിട്ടുണ്ട്. *പെൺബുദ്ധി, കനത്തമതിൽ, പ്രേമപരീക്ഷണം, ചുവന്ന പൂക്കൾ, വിവാഹ സമ്മാനം, പൊന്നുകുടം, കീഴ്ജീവനക്കാരി, കലാമന്ദിരം* എന്നിവയാണ് പ്രധാന ചെറുകഥാ സമാഹാരങ്ങൾ, ആചാര മര്യാദകളെ ധിക്കരിക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിക്കാൻ അസാമാന്യ ധീരത കാണിച്ച എഴുത്തുകാരിയാണവർ.

നാല്പതുകളിലെ എഴുത്തുകാരികളിൽ ഓരോ നോവൽ മാത്രം എഴുതിയവർ ഇവരാണ്. പി. സി. തങ്കമ്മ (ശിലാചിത്തസിംഹൻ), ജി.എൻ ഭാഗീരഥിയമ്മ (ചക്കിത്തമ്പുരാട്ടി), ടി. നാരായണിയമ്മ (വാസവൻ അഥവാ ഒരു അലസശീലന്റെ അനുഭവങ്ങൾ), എം. തങ്കമ്മ വർഗ്ഗീസ് (കനകലത), കെ.എൻ ചന്ദ്ര (രാജേശ്വരി), കെ.ജി. കുഞ്ഞുക്കുട്ടിയമ്മ (മുഴക്കം), എൻ. പാർവതിയമ്മ (ഭാമിനി).

1950കളിൽ രംഗത്തുവന്നവർ ഇവരാണ്. സി.കെ ദേവകിയമ്മ (ശോഭന), വി.ശ്രീകുമാരി (ഒഴുകും മലർ), എം. സരസ്വതിയമ്മ (ദുരന്ത ദുർമോഹം), ഹൈമവതി (പേരില്ലാത്ത പ്രേതം), എലിനകുമാരി (രണഭൂമിയിൽ), ആനി ജോസഫ് വലിയ വീട് (ചിരിക്കുന്ന ചെന്നായ്). മാധവിക്കുട്ടിയും ടി.എ. രാജലക്ഷ്മിയും ഇക്കാലത്ത് സാഹിത്യരംഗത്തെത്തിയവരാണ്. 1960കളിൽ കുറേയെറെ നോവലിസ്റ്റുകൾ രംഗത്തെത്തി. കടത്തനാട്ട് മാധവിയമ്മ, പി. വത്സല, എ. പി മറിയാമ്മ, പി. ആർ ശ്യാമള, ചെല്ലമ്മ ജോസഫ്, നർമ്മദ കെ. സരോജാ ഭാസ്കർ, വസന്ത, സുമംഗല, സാറാ തോമസ് എന്നിവർ ഇതിലുൾപ്പെടുന്നു.

സ്ത്രീ എഴുത്തുകാരുടെ സാന്നിധ്യംകൊണ്ട് കൂടുതൽ സമ്പന്നമായ ദശകമാണ് 1970കൾ. പ്രശസ്തരും അപ്രശസ്തരുമായ നിരവധി എഴുത്തുകാരികളെ ടി. എൻ. ജയചന്ദ്രൻ തന്റെ ലേഖനത്തിലൂടെ പരിചയപ്പെടുത്തുന്നുണ്ട്.(1997)

മലയാളത്തിലെ ചെറുകഥാകാരികളുടെ ചരിത്രം ലളിതാംബിക അന്തർജ്ജനത്തിൽ നിന്ന് തുടങ്ങുന്നതായാണ് സാഹിത്യ ചരിത്രങ്ങളിൽ രേഖപ്പെട്ടിട്ടുള്ളത്. എന്നാൽ ചെറുകഥയുടെ ആദ്യദശകങ്ങളിൽതന്നെ കഥാകാരികൾ സ്വതന്ത്ര്യകൃതികൾ കൊണ്ടും, വിവർത്തന കൃതികൾ കൊണ്ടും സാഹിത്യത്തിൽ പ്രാതിനിധ്യം തെളിയിച്ചു കഴിഞ്ഞിരുന്നു. എങ്കിലും സാഹിത്യചരിത്രത്തിലെ പെൺപങ്കാളിത്തം അനാവരണം ചെയ്യാനുള്ള ശ്രമങ്ങൾ ഉണ്ടായില്ല.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം കൂടുതൽ ധീരത ആവശ്യമായി വരുന്നത് കഥാസാഹിത്യരചനയിലാണ്. സ്ത്രീ പുരുഷബന്ധം അഥവാ ലൈംഗിക ചിത്രീകരിക്കുമ്പോൾ സ്ത്രീയാണെഴുതിയത് എന്ന ഒറ്റക്കാരണത്താൽ അവർക്കെതിരായ മനോഭാവങ്ങൾ

സൃഷ്ടിക്കപ്പെടുന്നു. സ്വന്തം അനുഭവങ്ങളാണവർ ആവിഷ്കരിക്കുന്നതെന്ന തരത്തിലുള്ള വിധി നിഷേധങ്ങൾ സ്ത്രീകളെ അധീരരാക്കുന്നു.

മലയാളത്തിലെ ആദ്യകഥാകാരിയും പരിഭാഷക്കഥാകാരിയും ടി. സി. കല്യാണിയമ്മയാണെന്ന് പി. കെ കനകലത അഭിപ്രായപ്പെടുന്നു.(2006:40) ആദ്യ ചെറുകഥയായി കണക്കാക്കുന്നത് അവരെഴുതിയ രാജപങ്കജം ആണ്. 1901ലെ വിദ്യാവിനോദിനിയിലാണ് (തുലാമാസം 1077) ഇതു പ്രസിദ്ധീകരിച്ചത്. ഇതിനുമുമ്പ് ഈസോപ്പിന്റെ സാരോപദേശ കഥകൾ അവർ വിവർത്തനം ചെയ്ത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. 1897ലെ വിദ്യാവിനോദിനിയിൽ ആ പുസ്തകത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതിയിട്ടുണ്ട്.

പി. ലക്ഷ്മിക്കുട്ടിയമ്മയുടെ 'കാന്തിമതിയും കമലബാണനും' എന്ന കഥ ശാരദയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നു. ലക്ഷ്മീഭായി എന്ന പ്രസിദ്ധീകരണത്തിൽ കഥാകാരികളുടെ പ്രകടമായി സാന്നിധ്യം ഉണ്ടായിരുന്നു. 1913 മുതൽ 1923 വരെ ലക്ഷ്മീഭായിയിൽ സ്ത്രീകളെഴുതിയ കഥകൾ സമാഹരിച്ചതാണ് 1926ൽ പുറത്തിറങ്ങിയ *കഥയുള്ളകഥകൾ* എന്ന ഗ്രന്ഥം വെള്ളായ്ക്കൽ നാരായണമേനോനാണ് ഇത് സമാഹരിച്ചത്.

സരസ്വതിഭായിയുടെ 1911ൽ ഭാഷാപോഷിണിയിൽ എഴുതിയ തലച്ചോറില്ലാത്ത സ്ത്രീകൾ എന്ന കഥ മൗലികമായ പ്രമേയം കൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്നു. വ്യതിരിക്തമായ ഇതിവൃത്തമാണ് അമ്പാടി കാർത്ത്യായനിയമ്മയുടെ 'മനസ്സാക്ഷിയും മോഹവും' എന്ന കഥയിലും. ആദ്യകാല കഥാകാരികൾ എഴുതിയതിൽ വച്ചേറ്റവും ശക്തിയുള്ള കഥയായി എം. എം ബഷീർ ഇതിനെ വിലയിരുത്തുന്നു. പി. കെ കനകലത(2006 : 41) സ്ത്രീക്കും തലച്ചോറുണ്ടെന്നും ഗാർഹികജീവിതം മാത്രമല്ല സാഹിത്യകലാജീവിതവും കൂടി അവൾക്കവകാശപ്പെട്ടതാണെന്ന് സ്ഥാപിക്കുന്ന കഥയാണ് തലച്ചോറില്ലാത്ത സ്ത്രീകൾ. ലക്ഷ്മിക്കുട്ടി വാരസ്യാരുടെ 'ഇനി എന്താ ചെയ്ക' എന്ന കഥ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് അക്കാലത്തെ സ്ത്രീകൾക്കുണ്ടായിരുന്ന അഭിനിവേശത്തെ പ്രമേയമാക്കുന്നു. അപസർപ്പകകഥകളുടെ രംഗത്തു പുരുഷനെപ്പോലെ സ്ത്രീക്കു നിലയുറപ്പിക്കാനാകുമെന്ന തെളിയിക്കുന്നതാണ് ചമ്പത്തിൽ ചിന്നമ്മുന്നാർ ബി. എ യുടെ 'ഒരു കൊലക്കേസ്.'

സ്ത്രീകളെഴുതിയ കഥകൾ അക്കാലത്തെ സ്ത്രീകളുടെ മനോവ്യാപാരങ്ങളെ കുറിക്കുമ്പോൾ പോലും പരമ്പരാഗതം തന്നെയായിരുന്നു. എന്നാൽ അക്കാലത്ത് സ്ത്രീകളെഴുതിയ ലേഖനങ്ങളിൽ അധികവും സ്ത്രീവിമോചനാശയങ്ങളാൽ സമ്പന്നവും ശക്തമായിരുന്നു. ധൈഷണികമായി പുരുഷനോടേറ്റുമുട്ടാനാവുന്ന അവസ്ഥ സ്ത്രീ കൈവരിച്ചിരുന്നു. സ്ത്രീവിദ്യാഭ്യാസം, സ്ത്രീസ്വാതന്ത്ര്യം, സ്ത്രീവിമോചനം തുടങ്ങിയ ആശയങ്ങൾ ആനുകാലികങ്ങളിൽ ചർച്ചചെയ്യുകയും സ്ത്രീകൾ ശക്തമായി ഇടപെടുകയും ചെയ്തിരുന്നു. എൻ. കെ രവീന്ദ്രൻ (1990) ഇതിനുദാഹരണങ്ങൾ തന്റെ ലേഖനത്തിൽ

ചൂണ്ടിക്കാട്ടുന്നുണ്ട്.

കേരളത്തിൽ നിരവധി സ്ത്രീസമാജങ്ങൾ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രൂപപ്പെട്ടിരുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസവും, അച്ചടിയുടെ വ്യാപനവും സാമുദായിക പരി ഷ്കരണ പ്രസ്ഥാനങ്ങളും സ്വാതന്ത്ര്യസമരപ്രസ്ഥാനവുമുണ്ടാക്കിയ ഉണർവായിരുന്നു അതിന്റെ പശ്ചാത്തലം. 1886ൽ സ്ത്രീകൾക്കുവേണ്ടിയുള്ള ആദ്യത്തെ പ്രസിദ്ധീകരണം കേരളീയസുഗുണബോധിനി ആരംഭിച്ചു. ശാരദ, ലക്ഷ്മീഭായി എന്നീ മാസികകൾ സ്ത്രീക ളുടെ തന്നെ നേതൃത്വത്തിൽ പുറത്തിറങ്ങി. സ്ത്രീ വിദ്യാഭ്യാസം, സ്ത്രീ സ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങളിലുള്ള സംവാദങ്ങളായിരുന്നു വിദ്യാവിനോദിനി, ഭാഷാപോഷിണി തുടങ്ങിയ ആദ്യകാല മാസികകളിലെ പ്രധാന ഇനം. മഹിളാരത്നം, മഹിള തുടങ്ങിയ മാസികകളും പിൽക്കാലത്തു പ്രസിദ്ധീകരണമാരംഭിച്ചു. ഈ പ്രസിദ്ധീക്കരണങ്ങളിലെല്ലാം സർഗ്ഗാത്മകമായി ഇടപെട്ട ഒട്ടനവധി സ്ത്രീകളുണ്ടായിരുന്നു. സ്വാതന്ത്ര്യബോധത്താലും നവീനാശയങ്ങളാലും പ്രചോദിതരായിരുന്നു ഇവർ. എന്നാൽ സാംസ്കാരിക - സാംസ്കാ രിക ചരിത്രങ്ങളിൽ ഇവരുടെ പേര് ഇനിയും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

പുരുഷന്മാരോട് ബൗദ്ധികമായി ഏറ്റുമുട്ടാനുള്ള കരുത്ത് ഇക്കാലയളവിൽ സ്ത്രീക ളായി എഴുത്തുകാരികൾ ആർജ്ജിച്ചിരുന്നു. കേരളത്തിലെ സ്ത്രീ വിമോചന സംവാദങ്ങ ളിൽ ആദ്യത്തേതായി എൻ. കെ രവീന്ദ്രൻ കണ്ടെത്തുന്ന ഒരു പ്രതികരണം അദ്ദേഹ ത്തിന്റെ ലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്.(1990 :68,69)1857ലെ വിദ്യാവിനോദിനിയിൽ എൻ. ആർ. വി എന്ന പുരുഷൻ എഴുതിയ സ്ത്രീവിദ്യാഭ്യാസം എന്ന ലേഖനത്തെ ഖണ്ഡിച്ചു കൊണ്ട് എൻ. എ. അമ്മ എഴുതിയ മറുപടിയാണത്. സ്ത്രീകൾക്ക് വിദ്യാഭ്യാസം ആവശ്യ മില്ലെന്നും, അതുണ്ടായാൽ ജാരസംസർഗ്ഗം, സ്വാതന്ത്ര്യം മുതലായ ദുഷ്പ്രവൃത്തികൾ ഉണ്ടാകുമെന്നും ആയിരുന്നു എൻ. ആർ. വിയുടെ ലേഖനത്തിലെ അഭിപ്രായം. ഇതിനെ രൂക്ഷമായി പരിഹസിക്കുകയും ഖണ്ഡിക്കുകയും ചെയ്യുന്നതാണ് എൻ. എ. അമ്മയുടെ മറുപടി. ഒരു നൂറ്റാണ്ടു മുമ്പുതന്നെ ഫെമിനിസ്റ്റ് അവബോധം കേരളത്തിൽ ശക്തമായി രുന്നെന്നതിന്റെ തെളിവായാണ് എൻ. കെ രവീന്ദ്രൻ ഇതിനെ എടുത്തു കാട്ടുന്നത്.(1990:69)

1914ലെ മഹിളാരത്നം മാസികയിൽ സരോജിനി എഴുതിയ 'സ്ത്രീത്വം' എന്ന ലേഖനവും എൻ. കെ രവീന്ദ്രൻ ഉദ്ധരിക്കുന്നു. പുരാണേതിഹാസങ്ങളെ ഫെമിനിസ്റ്റ് പരി പ്രേക്ഷ്യത്തിൽ വായിക്കുവാനും(പുരുഷ)സൗന്ദര്യധാരണകളുടെ കാപട്യം അറിഞ്ഞ് സ്ത്രീസ്വത്വത്തെ ഉയർത്തിപിടിക്കാനും ഈ ലേഖനം ഉദ്യമിക്കുന്നുണ്ട്.(1990 :74) 1921 ലെ മഹിളാമാസികയിൽ 'സ്ത്രീകളും സ്വാതന്ത്ര്യവും' എന്ന ലേഖനത്തിൽ ബി. പാച്ചിയമ്മ സ്ത്രീ വിദ്യാഭ്യാസം സാമൂഹ്യ പുരോഗതിക്ക് എത്രമാത്രം അനിവാര്യമാണെന്ന് സൂചിപ്പി ക്കുന്നുണ്ട്. ഉയർന്ന ഫെമിനിസ്റ്റ് അവബോധം ഈ ലോകത്തിൽ കാണാമെന്ന് എൻ. കെ രവീന്ദ്രൻ അഭിപ്രായപ്പെടുന്നു(1990 :74)

സ്ത്രീസാഹിത്യപാരമ്പര്യത്തിന്റെ ആരംഭം പ്രാഥമികമായും സ്ത്രീകളുടെ കപട മായ ആത്മാവിഷ്കാരങ്ങളാണെന്ന് സിഗ്രിഡ് വെയ്ഗൽ പറയുന്നു.(1994: 83). ദ്വിതീയ ലിംഗജാതിയുടെ ആവിഷ്കാരങ്ങളായതിനാൽ യഥാർത്ഥത്തിൽ സ്വതന്ത്ര്യമായതുമല്ല. തങ്ങ ളുടെ ലിംഗവിഭാഗത്തിന്റെ റോളിനെക്കുറിച്ചുള്ള പുരുഷനിർവചനത്തെ അംഗീകരിക്കാതെ സ്ത്രീകൾക്കു പരസ്യമായി ഞാൻ എന്നു പറയാൻ സാധിക്കുന്നതു വരെ വളച്ചൊടിക്കാത്ത സ്ത്രീ സാഹിത്യമെന്ന ലക്ഷ്യത്തിലെത്താനാവില്ല. പുരുഷന്റെ കാഴ്ചപ്പാടിൽ നിന്നും ഒരു യഥാർത്ഥ സ്ത്രീകളുടെ രചനയിലേക്കും ഭാഷയിലേക്കുമുള്ള എഴുത്തിന്റെ പടിപടി യായ മോചനമായി സ്ത്രീസാഹിത്യചരിത്രത്തെ വിശദീകരിക്കാവുന്നതാണ്.

### 2.2.2. സ്ത്രീസാഹിത്യചരിത്രത്തിന്റെ ഘട്ടവിഭജനം

ഭൂതകാലത്തിലെ ഓരോ എഴുത്തുകാരിയും സ്ത്രീയെക്കുറിച്ചുള്ള അധീശധാര ണകളോട് അനുകൂലിച്ചും പ്രതികൂലിച്ചും പ്രതികരിച്ചിട്ടുണ്ട്. ഈ പ്രതികരണങ്ങൾ മുൻനിർത്തിയാണ് സ്ത്രീ സാഹിത്യചരിത്രത്തെ ഘട്ടങ്ങളായി തിരിക്കാനുള്ള പ്രവണത യുണ്ടായിട്ടുണ്ട്. സ്ത്രീ സാഹിത്യചരിത്രത്തെ ഘട്ടങ്ങളായി തിരിക്കുന്ന രീതി അപര്യാ പ്തമാണെന്ന് സിഗ്രിഡ് വെയ്ഗൽ അഭിപ്രായപ്പെടുന്നുണ്ട്.(1994:85) ഇംഗ്ലീഷ് സ്ത്രീ സാഹിത്യചരിത്രത്തെ എലൈൻ ഷൊവാൾട്ടർ ഫെമിനിൻ, ഫെമിനിസ്റ്റ്, ഫീമെയ്ൽ ഘട്ട ങ്ങളായി വിഭജിക്കുന്നുണ്ട്. പുരുഷ മാനദണ്ഢങ്ങൾ അനുകരിക്കുകയും സ്വാംശീകരി ക്കുകയും ചെയ്യുന്ന ആദ്യഘട്ടമാണ് ഫെമിനിൻ. എതിർപ്പിന്റേതായ രണ്ടാംഘട്ടമാണ് ഫെമിനിസ്റ്റ് ഘട്ടം. മൂന്നാമത്തെ ആത്മപൂർണതയുടെ ഘട്ടം ഫീമെയ്ൽ എന്നാണവർ തരംതിരിക്കുന്നത്. ഇതിനുസമാനമായി മലയാളത്തിലെ സ്ത്രീരചനകളെ സച്ചിദാനന്ദൻ മൂന്നുതരത്തിൽ വർഗ്ഗീകരിക്കുന്നുണ്ട്. ആദ്യത്തേത് പുരുഷപ്രത്യയശാസ്ത്രം സ്വീകരിച്ച രചനകളാണ്. ജനപ്രിയവാരികകളിൽ സ്ത്രീകളെഴുതുന്ന കാല്പനിക നോവലുകൾ ഇതി ലുൾപ്പെടുന്നു. ഇവിടെ സാമൂഹ്യസ്ഥലം പുരുഷന്മാർക്കുള്ള പൊതുമണ്ഡലവും സ്ത്രീകൾക്കുള്ള സ്വകാര്യമണ്ഡലവുമായി പകുക്കപ്പെടുന്നു.

സാമൂഹികസാമുദായിക പ്രശ്നങ്ങളെ ഉത്തരവാദിത്തത്തോടെ പ്രതിപാദിക്കുന്ന രചനകളെ രണ്ടാം വിഭാഗത്തിലുൾപ്പെടുത്തുന്നു. ഇതിൽ സ്ത്രീയുടെ പ്രശ്നം സാമൂഹ്യ പ്രശ്നത്തിന്റെ ഭാഗമെന്നനിലയിൽ ചിലപ്പോൾ തീവ്രമായി രചനകളിൽ കടന്നുവരുന്നു ണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റേയും പി. വത്സലയുടേയും രചനകളെ സച്ചിദാന ന്ദൻ ഈ വിഭാഗത്തിലുൾപ്പെടുത്തുന്നു. (1996:274)

ലിംഗബോധം വർഗ്ഗബോധത്തേക്കാൾ പ്രധാനമാകുന്നതാണ് മൂന്നാംവിഭാഗത്തി ലുൾപ്പെടുന്ന രചനകൾ. സ്ത്രീകൾക്കുമാത്രം രചിക്കാനാകുന്നതും വിവിധരീതിയിൽ സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നതുമായ കൃതികളാണ് ഇതിലുൾപ്പെടുക. ഭിന്നരീതി

കളിൽ സ്ത്രീസ്വത്വത്തിലൂന്നുന്ന സരസ്വതിയമ്മ, മാധവിക്കുട്ടി, സാറാജോസഫ് എന്നിവരെ സച്ചിദാനന്ദൻ ഉദാഹരിക്കുന്നു. (1996:274)

ഡോ. ഐറിസ് മറ്റൊരുതരത്തിൽ സ്ത്രീരചനകളുടെ വർഗ്ഗീകരണം നടത്തുന്നു. ഒന്ന് ആദ്യകാലരചനകളാണ്. സാഹിത്യമേഖലയിലേക്ക് പ്രവേശിക്കാൻ ഇച്ഛാശക്തി പ്രകടിപ്പിച്ച സ്ത്രീരത്നങ്ങളാണ് ബാലിമണിയമ്മയും ലളിതാംബിക അന്തർജ്ജനവും. കവിതയുടേയും ചെറുകഥയുടേയും ലോകത്ത് സ്ത്രീകളുടേതായ വ്യത്യസ്താനുഭവങ്ങളുമായിരുന്നു ഈ സാഹിത്യകാരികൾക്ക് അംഗീകാരത്തിന്റേയോ മാന്യതയുടേയോ അഭാവം ഒരിക്കലും നേരിടേണ്ടി വന്നിട്ടില്ല. കാരണം കേരളത്തിന്റെ സാംസ്കാരിക സാമൂഹ്യ സാഹചര്യങ്ങളിൽ മുമ്പുതന്നെ നിർണയിക്കപ്പെട്ടു കഴിഞ്ഞ സ്ത്രീസ്വത്വത്തെയാണവർ സ്വകൃതികളിലൂടെ അവിഷ്കരിച്ചത്.

സ്ത്രീയുടെ ഗാർഹികാന്തരീക്ഷം കൂട്ടുകുടുംബങ്ങളിലെ സ്ത്രീകളുടെ ജീവിത സാഹചര്യം മാതൃത്വത്തിന്റെ നിസ്സീമമായ സായൂജ്യം സ്ത്രീയുടെ ഇതര റോളുകളിലുള്ള വ്യവസ്ഥാപിതമായ അനുഭവങ്ങൾ, ഭക്തി, പ്രകൃതി, പുരാണകഥകളുടെ പുനാരാവിഷ്കാരം, മനുഷ്യാവകാശപ്രശ്നങ്ങൾ തുടങ്ങിയവയാണ് പ്രതിപാദ്യങ്ങളായത്. ഈ കൃതികളിൽ ഇന്നത്തെ സ്ത്രീവാദവീക്ഷണത്തിന് വലിയ പ്രസക്തിയെന്നും ഇല്ല.

സ്ത്രീ നേരിട്ട സാമൂഹ്യവിവേചനങ്ങളെക്കുറിച്ച് ഉൾക്കാഴ്ച നേടിയെടുത്ത കഥാകാരികളും സാഹിത്യരചയിതാക്കളും ആധുനികനിരയിൽ എത്തുന്നു. ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ട പേരാണ് സരസ്വതിയമ്മയുടേത്... ഇവർ തെളിച്ച ദീപം ഏറ്റുവാങ്ങാൻ ഒട്ടേറെപ്പേർ ഇന്നു ധൈര്യം കാട്ടിയിട്ടുണ്ട്. മാധവിക്കുട്ടി, രാജലക്ഷ്മി, സുഗതകുമാരി, വിജയലക്ഷ്മി, സാറാജോസഫ്, പി. വത്സല, ഗ്രേസി, ചന്ദ്രമതി ... എന്നിങ്ങനെ നിരവധി നാമങ്ങൾ ഓർക്കേണ്ടതുണ്ട്. ശക്തമായ സ്ത്രീവാദവീക്ഷണം ഇവരുടെ കൃതികളിൽ ദർശിക്കാം.(2000 :114,115)

**ഉപസംഹാരം**

നല്ലതും ചീത്തയുമായി വിഭജിക്കപ്പെട്ട വിപരീത സ്ത്രീബിംബങ്ങളാൽ സമൃദ്ധമാണ് മലയാള സാഹിത്യം. ഫ്യൂഡൽ കാലഘട്ടത്തിൽ പുരുഷൻ ചിന്തയുടേയും അധ്വാനത്തിന്റേയും പര്യായമാകുമ്പോൾ സ്ത്രീ ലൈംഗികതയുടെ പര്യായം മാത്രമാണ്. ബ്രാഹ്മണാധിപത്യമുള്ള വരമൊഴി സാഹിത്യ പാരമ്പര്യത്തിലും ബ്രാഹ്മണേതരമായ കീഴാളജനതയുടെ വാമൊഴി സാഹിത്യപാരമ്പര്യത്തിലുമാണ് കേരളീയമായ സ്ത്രീ സങ്കല്പങ്ങളുടെ ആദ്യമാതൃകകൾ ഉള്ളത്.

സാഹിത്യം സ്ത്രീകേന്ദ്രീതമാവുന്ന രണ്ടുഘട്ടങ്ങൾ മലയാള സാഹിത്യചരിത്രത്തിലുണ്ട്. ഒന്ന് തികച്ചും സ്ത്രീവിരുദ്ധമായ അച്ചീചരിതങ്ങളുടെ കാലമാണ്. വ്യക്തിത്വ

മുള്ള മനുഷ്യാസ്തിത്വം ഇക്കാലത്ത് സ്ത്രീക്ക് ലഭിച്ചിരുന്നില്ല. സ്ത്രീ പ്രശ്നം ചർച്ചചെയ്തുകൊണ്ട് 19, 20 നൂറ്റാണ്ടുകളിൽ സാഹിത്യരൂപങ്ങളിലൂടെ സ്ത്രീജീവിതപ്രശ്നങ്ങൾ ആവിഷ്കരിക്കപ്പെട്ടു.

പുരുഷമൂല്യങ്ങളെ പുനരുല്പാദിപ്പിക്കുന്ന ധർമ്മം തന്നെയാണ് സ്ത്രീകളുടെ സാഹിത്യവും ആദ്യകാലത്തു ചെയ്തു പോന്നത്. വികലമായി സൃഷ്ടിക്കപ്പെട്ട ബിംബങ്ങളിലൂടെയാണ് സാഹിത്യത്തിന്റെ മുഖ്യധാര സ്ത്രീവിരുദ്ധമായിത്തീർന്നത്. പുരുഷവ്യവസ്ഥയുടെ അധികാരബന്ധങ്ങളെ ചോദ്യം ചെയ്യാത്ത കൃതികളായിരുന്നു പുരോഗമ സാഹിത്യത്തിലും ഉണ്ടായത്.

സ്ത്രീകളെഴുതിയ കഥകൾ അക്കാലത്തെ സ്ത്രീകളുടെ മനോവ്യാപാരങ്ങളെ കുറിക്കുമ്പോൾ പോലും പരമ്പരാഗതം തന്നെയായിരുന്നു. എന്നാൽ സ്ത്രീകളെഴുതിയ അക്കാലത്തെ ലേഖനങ്ങളിൽ സ്ത്രീവിമോചനാശയങ്ങൾ ശക്തമായിരുന്നു. ഒരു നൂറ്റാണ്ടു മുമ്പുതന്നെ ഫെമിനിസ്റ്റ് അവബോധം കേരളത്തിൽ ശക്തമായിരുന്നതിന്റെ തെളിവാണിത്.

## കുറിപ്പുകൾ

### അധ്യായം 2


| | | |
|---|---|---|
| ആനന്ദി. ടി. കെ | 2000 (എ) | ആദ്യത്തെ സ്ത്രീപക്ഷനാടകം *ഭാഷാപോഷിണി* സെപ്തം |
| ഐറിസ് (ഡോ.) | 2000 | ''ഫെമിനിസവും ഭാഷയും'', *ഫെമിനിസം 2* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |
| കനകലത. പി. കെ | 2006 | ''ചരിത്രം വിസ്മരിച്ച ആദ്യകാല കഥാകാരികൾ'' *മാതൃഭൂമി* വാരിക ജൂൺ 25 - ജൂലായ് |
| ഗീത പി. | 1997(ഡി) | ''മധുരമോ മഹത്തോ മാതൃത്വം'', *കണ്ണാടികൾ ഉടയ്ക്കുതെന്തിന്?* കറന്റ് ബുക്സ്, തൃശൂർ |
| ഗീത് പി. | 1997(ഇ) | ''തിരിച്ചറിയു സ്ത്രീകവിത'', *കണ്ണാടികൾ ഉടയ്ക്കുതെന്തിന്?* കറന്റ് ബുക്സ്, തൃശൂർ |
| ഗണേശ് കെ. എൻ | 1996 | ''മലയാളസംസ്ക്കാരത്തിന്റെ രൂപീകരണം'', *ആധുനികാനന്തരസാഹിത്യസമീപനങ്ങൾ,* ബുക്ക് വേം, തൃശൂർ |
| ഗ്രാമപ്രകാശ് എൻ ആർ | 1997(എ) | ''അരങ്ങത്തു വരു സ്ത്രീ'' *പ്രത്യയശാസ്ത്രവും നാടകവും* നവീനദൃശ്യകല- തൃശ്ശൂർ |
| ഗ്രാമപ്രകാശ് എൻ ആർ | 1997(ബി) | ''നവോത്ഥാന നാടകത്രയവും സ്ത്രീവാദവും'' *പ്രത്യയശാസ്ത്രവും നാടകവും* നവീനദൃശ്യകല, തൃശ്ശൂർ. |
| ചന്ദ്രിക സി എസ് | 1998 | *കേരളത്തിലെ സ്ത്രീ മുേറ്റങ്ങളുടെ ചരിത്രം* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ |
| ജയചന്ദ്രൻ ടി. എൻ | 1997 | ''മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ - ഒരു ആമുഖ പഠനം'' *ഭാഷാപോഷിണി* നവം |
| ജിസാ ജോസ് | 1996 | *സ്ത്രീസത്ത പുരുഷരചനകളി, ഉറൂബ്, എം.ടി, എം. മുകുന്ദൻ, ഒ. വി. വിജയൻ, ഇവരുടെ രചനകളെ മുൻനിർത്തി ഒരു പഠനം,* അപ്രകാശിത പി. എച്. ഡി. പ്രിലിമിനറി തീസിസ്, കാലിക്കറ്റ് സർവ്വകലാശാല |
| ജോസഫ് മുശ്ശേരി | 1955 | ''സാഹിത്യത്തിലെ സ്ത്രീ'', *പുതിയ കാഴ്ചപ്പാടി,* മംഗളോദയം, തൃശൂർ |

നാരായണൻ, എം. എം. 1993 *വാ□ക്കണ്ണാടിയും പുകക്കുഴലും,* ചിന്ത, തിരു.

നാരായണപിള്ള, പി. കെ. 1990 *പ□ാനനന്റെ വിമർശത്രയം,* സാഹിത്യ അക്കാദമി, തൃശൂർ

പവിത്രൻ. പി 1994 ''വിമോചിത സ്ത്രീഭാവുകത്വത്തിലേക്കുള്ള ചുവട്'' *സാഹിത്യലോകം* ജനു - ഫെ സാഹിത്യ അക്കാദമി തൃശ്ശൂർ

രവീന്ദ്രൻ എൻ. കെ 1990 ''കേരളത്തിലെ സ്ത്രീ വിമോചന രാഷ്ട്രീയം ചരിത്രപരമായ ഒരന്വേഷണം'', *സ്ത്രീപഠനങ്ങൾ,* ബോധി ബുക്സ്, കോഴിക്കോട്

രവീന്ദ്രൻ എൻ. കെ 1993(എ) ''മൗനത്തിന്റെ അർത്ഥങ്ങൾ'' *മൗനത്തിന്റെ നാനാർത്ഥങ്ങൾ* തൃശ്ശൂർ ഹരിത പുസ്തക കേന്ദ്രം

രാധിക സി. നായർ 1995 ''ഉട□രൂപങ്ങൾ മലയാളകവിതയിലെ സ്ത്രീരൂപചിത്രീകരണത്തെപ്പറ്റി'', *സാഹിത്യലോകം,* നവം.. - ഡിസം.

ലളിതാംബിക അന്തർജ്ജനം 2007 *ആത്മകഥയ്ക്ക് ഒരാമുഖം,* കറന്റ് ബുക്സ്, തൃശൂർ

ലീല സി. പി. (ഡോ.) 2000 ''സാഹിത്യത്തിലെ ഫെമിനിസ്റ്റ് ചിന്തകൾ'', *ഫെമിനിസം - 1,* തിരുവനന്തപുരം : കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്

സച്ചിദാനന്ദൻ 1996 (എ) ''മുടിത്തെയ്യങ്ങൾ'' *മുഹൂർത്തങ്ങൾ* ഡി. സി ബുക്സ് കോട്ടയം

സിഗ്രിഡ് വെയ്ഗ□ 1994 ''ഇടംകണ്ണുകൊ□ുള്ള നോട്ടം'', *ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം,* ബുക് വേം: തൃശൂർ

## അധ്യായം മൂന്ന്

# വത്സലയുടെ കൃതികൾ :
# പ്രമേയവും പശ്ചാത്തലവും

3.1. : ഫ്യൂഡൽ - അർദ്ധഫ്യൂഡൽ പശ്ചാത്തലമുള്ള കൃതികൾ

3.1.1. : നെല്ല്

3.1.1.1. : ഗോത്രഘടനയും ആചാരങ്ങളും

3.1.1.2. : കല്യാണമുറപ്പിക്കൽ

3.1.1.3. : ലൈംഗികചൂഷണം

3.1.1.4. : ജന്മിമാരുടെ സ്പർദ്ധകൾ

3.1.1.5. : ഗോത്രനീതിയ്ക്കുള്ളിലെ പുരുഷമേധാവിത്തം

3.1.2. : കൂമൻകൊല്ലി

3.1.3. : ആഗ്നേയം

3.1.4. : ചാവേർ

3.1.4.1. : വ്യവസ്ഥയുടെ ഇരട്ടത്താപ്പ്

3.1.4.2. : വിപ്ലവകാരികളുടെ പുരുഷമേധാവിത്തം

3.1.5. : വിലാപം

3.2. : മുതലാളിത്തപശ്ചാത്തലമുള്ള കൃതികൾ

3.2.1. : റോസ്മേരിയുടെ ആകാശങ്ങൾ

3.2.2. : നിഴലുറങ്ങുന്ന വഴികൾ

3.2.3. : ആരും മരിക്കുന്നില്ല

3.2.4. : അരക്കില്ലം

3.2.5. : നമ്പരുകൾ

3.2.6. : ഗൗതമൻ

3.2.7. : തകർച്ച

3.2.8. : പാളയം

3.2.9. : മേല്പ്പാലം

കഴിഞ്ഞ അധ്യായത്തിൽ മലയാളസാഹിത്യത്തിലെ സ്ത്രീബിംബങ്ങളെ അപഗ്രഥിക്കുകയും സ്ത്രീ സാഹിത്യചരിത്രം നിർമ്മിക്കാനുള്ള സാധ്യത അന്വേഷിക്കുകയും ആണ് ചെയ്തത്. ഇത് നോവലുകളുടെ പ്രമേയവും പശ്ചാത്തലവും അനുസരിച്ച് വേർതിരിക്കുന്ന ഈ അധ്യായത്തിന്റെയും കഥാപാത്രങ്ങളെ സവിശേഷമായി വിശകലനം ചെയ്യുന്ന നാലാം അധ്യായത്തിന്റെയും പൊതുപശ്ചാത്തലമാണ്. ഇവിടെ പി.വത്സലയുടെ നോവലുകളിലെ പ്രമേയപരമായ സമീപനങ്ങളെ പരിചയപ്പെടുത്തുന്നു.

ആധുനികഭാവുകത്വത്തിന്റെ പേരിൽ എഴുത്തുകാരുടെ സാമൂഹിക പ്രതിബദ്ധത പരിഹസിക്കപ്പെട്ട 1960കളിലാണ് വത്സല സാഹിത്യരംഗത്തെത്തുന്നത്. വർഗ്ഗപരമായി ഇടത്തരക്കാരന്റെയും ലിംഗപരമായി പുരുഷന്റെയും മൂല്യബോധങ്ങളാൽ നയിക്കപ്പെട്ട ആധുനികഭാവുകത്വത്തിൽനിന്നു മാറി നിൽക്കുകയാണ് വത്സല ചെയ്തത്. പുതിയൊരു ലക്ഷ്യബോധത്തോടെ രാഷ്ട്രീയവൽക്കരിക്കപ്പെടുകയും ജനകീയവൽക്കരിക്കപ്പെടുകയും ചെയ്ത 1970കളുടെ കലാസാഹിത്യ അന്തരീക്ഷത്തിലാണ് വത്സലയുടെ മികച്ച രചനകൾ രൂപപ്പെട്ടത്. തൊഴിലാളികൾ, കർഷകർ, ദളിതർ, സ്ത്രീകൾ എന്നീ പീഡിത വിഭാഗങ്ങളുടെ വിമോചന സ്വപ്നങ്ങളോട് ഐക്യദാർഢ്യം പുലർത്തുന്നവയായിരുന്നു വത്സലയുടെ രചനകൾ.

അടിസ്ഥാനപരമായ സ്ത്രീവിരുദ്ധതയും കീഴാളവിരുദ്ധതയുമായിരുന്നു മലയാളത്തിലെ ആധുനികഭാവുകത്വത്തിന്റെ മുഖമുദ്ര. കീഴാളജീവിതം സാഹിത്യത്തിൽനിന്നു കുടിയൊഴിപ്പിക്കപ്പെട്ടു. സ്ത്രീയും പ്രകൃതിയും ഉപഭോഗവസ്തുക്കൾ മാത്രമായി. നക്സൽബാരിയുടെ രാഷ്ട്രീയമൂല്യങ്ങളാൽ നിർണ്ണയിക്കപ്പെട്ട നവീനമായ ഒരു സാംസ്ക്കാരിക പരിസരം 1970കളിൽ കേരളത്തിലുണ്ടായി. ‘‘നക്സൽബാരി

രാഷ്ട്രീയമെന്നതിനെക്കാളേറെ സാംസ്ക്കാരികമായാണ് കേരളത്തെ സ്വാധീനിച്ചതും ഇവിടെ ആവിഷ്കരിക്കപ്പെട്ടതും'' (കെ. എ. മോഹൻദാസ്, 1990: 16). എഴുത്തുകാരിൽ പുതിയ നൈതികത പ്രകടമായി. ഗുണപരവും മൂല്യപരവുമായി വ്യത്യസ്തമായ കൃതികൾ ഇക്കാലത്തുണ്ടായി. ഉത്തരവാദിത്വപൂർണ്ണമായ രചനകളിലൂടെ സാമൂഹികമായ അസ്തിത്വം എഴുത്തുകാർ വീണ്ടെടുത്തു. നക്സൽബാരിയുടെയും തീവ്രവാദരാഷ്ട്രീയത്തിന്റെയും സ്വാധീനം ഇക്കാലത്തെ എഴുത്തുകാരിൽ ഉണ്ടായി. 1967ൽത്തന്നെ എൻ. വി. കൃഷ്ണവാരിയർ *നക്സൽബാരി* എഴുതി. കഥയിൽ പട്ടത്തുവിളയും എം. സുകുമാരനും ഉണ്ടായി. നോവലിസ്റ്റുകളിൽ സി. ആർ. പരമേശ്വരൻ, സി. രാധാകൃഷ്ണൻ, എൻ. കെ. ഗംഗാധരൻ എന്നിവരുൾപ്പെടുന്നു. അക്കൂട്ടത്തിൽ പി. വത്സലയും ഉണ്ട്. വയനാട്ടിലെ നക്സലൈറ്റ് വിപ്ലവപ്രവർത്തനങ്ങളാണ് *ആഗ്നേയ*ത്തിന്റെ പശ്ചാത്തലം. അർദ്ധഫ്യൂഡലെന്നു വിളിക്കാവുന്ന വ്യവസ്ഥയാണ് 1960കൾ വരെ കേരളത്തിലുണ്ടായിരുന്നത്. ജന്മി നാടുവാഴിത്ത സാമ്പത്തികാടിത്തറ തകർന്നുപോവുകയും മുതലാളിത്ത വ്യവസ്ഥയിലേക്ക് കേരളം എത്തിപ്പെടുകയും ചെയ്തു. കേരളത്തിന്റെ ഇതര ഇടങ്ങളിൽനിന്ന് വ്യത്യസ്തമായ സാമൂഹിക ബന്ധമാണ് വയനാട്ടിലുണ്ടായിരുന്നത്. നക്സൽപ്രസ്ഥാനം വേരുപിടിച്ചത് ഇത്തരം പ്രദേശങ്ങളിലാണ്. *ആഗ്നേയം* 1974ൽ എഴുതപ്പെട്ട കൃതിയാണ്. *തൃഷ്ണയുടെ പൂക്കൾ* (1971), *നെല്ല്* (1972), *നിഴലുറങ്ങുന്ന വഴികൾ* (1975), *കനൽ* (1979), *വേനൽ* (1979), ഇവയും എഴുപതുകളിൽ പ്രസിദ്ധീകരിച്ച രചനകളാണ്.

വിപ്ലവപ്രസ്ഥാനത്തോടും വിപ്ലവരാഷ്ട്രീയത്തോടും സ്നേഹപൂർണ്ണമായ ഒരു അവിശ്വാസം വത്സല പുലർത്തുന്നതായി കാണാം. വിപ്ലവരാഷ്ട്രീയത്തിന്റെ നൈതികതയിലും ആത്മാർത്ഥതയിലും വിശ്വാസമർപ്പിക്കുമ്പോഴും മേധാവിത്വ ത്തിന്റെയും ഹിംസയുടേയും അംശങ്ങളെ അവർ നിരാകരിക്കുന്നു. ആഗ്നേയം, ആരും മരിക്കുന്നില്ല, ഗൗതമൻ എന്നീ കൃതികളിൽ വിപ്ലവ രാഷ്ട്രീയക്കാരായ കഥാപാത്രങ്ങൾ കടന്നുവരുന്നുണ്ട്. വിപ്ലവകാരികളിലെ പുരുഷമേധാവിത്വത്തെ തിരിച്ചറിയുന്ന രചനകളായി ഇവ മാറുന്നു.

വത്സലയുടെ നോവലുകളിൽ ഫ്യൂഡൽ അർധഫ്യൂഡൽ വ്യവസ്ഥയും മുതലാളിത്ത വ്യവസ്ഥയും പശ്ചാത്തലമായി വരുന്നുണ്ട്. നോവലുകളെ അവയുടെ സാമൂഹിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ സ്ഥൂലമായി രണ്ടു തരത്തിൽ വർഗ്ഗീകരിക്കാം. നെല്ല്, കൂമൻകൊല്ലി, ആഗ്നേയം, ചാവേർ, വിലാപം എന്നീ നോവ ലുകളിലാണ് ഫ്യൂഡൽ - അർദ്ധഫ്യൂഡൽ പശ്ചാത്തലമുള്ളത്. അരക്കില്ലം, തകർച്ച, റോസ്മേരിയുടെ ആകാശങ്ങൾ, നിഴലുറങ്ങുന്ന വഴികൾ, ആരും മരിക്കുന്നില്ല, പാളയം, ഗൗതമൻ, മേല്പാലം എന്നീ കൃതികളിൽ മുതലാളിത്ത വ്യവസ്ഥയാണ് പശ്ചാത്തലം.

### 3.1. ഫ്യൂഡൽ - അർദ്ധഫ്യൂഡൽ പശ്ചാത്തലമുള്ള കൃതികൾ

#### 3.1.1. നെല്ല്

മേലാള-കീഴാളജീവിതത്തിന്റെ വൈരുദ്ധ്യങ്ങളെ മുഖ്യപ്രമേയമാക്കുന്ന നോവലാണ് നെല്ല്. കുടിയേറ്റക്കാരായ ജന്മിമാരുടെ അടിമവേല ചെയ്തു പുലരുന്ന തിരുനെല്ലിയിലെ ആദിവാസി വിഭാഗമാണ് അടിയാന്മാർ. തിരുനെല്ലിയിലെ ക്ഷേത്രകർമ്മങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജന്മികുടുംബങ്ങളാണ് കുടിയേറ്റക്കാരായ മേലാളന്മാർ. അടിയാന്മാർക്ക് സ്വത്തവകാശമില്ലെന്നു മാത്രമല്ല, അവർ മേലാളന്മാരുടെ സ്വത്താണ് താനും. വിദ്യാഭ്യാസമോ അവകാശങ്ങളോ ഇല്ല. യജമാനന്മാർക്കു വേണ്ടി അവർ ചെയ്യുന്ന കടുത്ത അധ്വാനത്തിന് വേതനമില്ല. അക്രമങ്ങളുംഅപമാനങ്ങളും ജീവിതത്തിലെ സ്വാഭാവികതയായി അവർ അനുഭവിക്കുന്നു.

കൂമൻകൊല്ലിയുടെ ആമുഖമായി കൊടുക്കുന്ന കുടിയേറ്റക്കഥ, രണ്ടുനോവലുകളുടേയും (നെല്ല്, കൂമൻകൊല്ലി) പൊതു പശ്ചാത്തലമാണ്. നോവലിലെ പ്രധാനവില്ലനായി പ്രത്യക്ഷപ്പെടുന്ന സാമൂഹികവ്യവസ്ഥയുടെ രൂപവൽക്കരണമാണ് ആമുഖത്തിലുള്ളത്. തങ്ങളുടേതായ ആചാരാ നുഷ്ഠാനങ്ങളിലും അന്ധവിശ്വാസങ്ങളിലും പുതഞ്ഞുകിടക്കുകയാണ് ആദിവാസികൾ. സ്വന്തം ഗോത്രത്തിനുള്ളിൽത്തന്നെയുള്ള അധികാരബന്ധങ്ങളാൽ അവർ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. നാടന്മാരായ ഭൂസ്വാമികളും ഉദ്യോഗസ്ഥന്മാരും ഇടത്തട്ടുകാരും അവർക്കുമേൽ വർഗ്ഗപരമായി ആധിപത്യം ഉറപ്പിച്ചിരിക്കുന്നു. വ്യവസ്ഥയുടെ ഇരട്ടച്ചൂഷണമാണ് ആദിവാസികൾ അനുഭവിക്കുന്നത്. ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും നോവലിലെ സമാന്തരലോകമായി നിൽക്കുന്നു. ഗോത്രജീവിതത്തെ സൂക്ഷ്മമായി ആലേഖനം ചെയ്യാൻ നോവലിസ്റ്റിന് കഴിഞ്ഞിരിക്കുന്നു.

മേലാളന്റെ ആധിപത്യതന്ത്രങ്ങൾക്കും സ്പർദ്ധകൾക്കുമിടയിൽ മണ്ണും മാനവും ജീവിതവും നഷ്ടപ്പെട്ടുപോകുന്ന അടിയാളരുടെ കഥയാണ് നെല്ല്. ഇടത്തരക്കാരായ പുതുജന്മിമാരാണ് മണ്ണിന്റെയും ആദിവാസികളുടെയും ഉടമകൾ. അമ്മയ്ക്ക് ബലിയിടാൻ പാപനാശിനിയിലെത്തിയ രാഘവൻ നായർ തിരുനെല്ലിയിലെ കൃഷിക്കാരനായി മാറുകയാണ്. ഒരു കൊല്ലം മുൻപേ നാട്ടിൽനിന്നു പുറപ്പെട്ട് കാശിയിലും രാമേശ്വരത്തും ബദരീനാഥിലും പോയി അവസാനം എത്തിയതാണ് പാപനാശിനിയിൽ. അമ്പലക്കുന്ന് കളത്തിലെ അതിഥിയായി അവിടത്തെ കാര്യസ്ഥനും കൃഷിക്കാരനുമായി മാറിയ അയാൾ നാട്ടിലേക്കു തിരിച്ചുപോയില്ല. മാന്തോപ്പു കളത്തിന്റെ ഉമ്മറത്തു തുറന്ന പള്ളിക്കൂടത്തിലെ മാഷുമായി അയാൾ. വെളുത്ത ചുണ്ടെലിയോട് നിലം തിരിച്ചുവാങ്ങി ക്ഷുരകൻ ഗോപാലനോട് മുറിച്ചെഴ്മ ഒഴിച്ചു വാങ്ങി രാഘവൻ നായർ ജന്മി നായരായി. മല്ലന്റെ സഹായത്തോടെ എരുതുകളെ വാങ്ങി കാലാകാലങ്ങളായി നിലനിന്ന ചില പതിവുകൾ

തെറ്റിച്ച് അയാൾ ശ്രദ്ധ പിടിച്ചുപറ്റി. ഉച്ചയ്ക്ക് അടിയാർക്ക് ചോറുകൊടുത്തു. അധികം വല്ലി അളന്നു. മുറ്റമടിക്കാരിക്കു പോലും വല്ലി അളന്നു. അടിയാരെ വേണ്ടപോലെ ഉപയോഗിച്ച് നല്ല കൃഷിക്കാരനാകാനുള്ള ശ്രമത്തിലായിരുന്നു അയാൾ. വെളുത്ത ചുണ്ടെലിയേയും മല്ലനേയും അടിമപ്പണം കൊടുത്ത് തന്റെ പണിക്കാരാക്കി.

തമ്പ്രാന്മാരുടെ നെല്പാടത്തിന് അടിയാളർ രാത്രിയിൽ കാവൽനിന്നു. കാറ്റിലും മഴയിലും നിന്നു പണിയുക മാത്രമല്ല, രാത്രി കാട്ടുമൃഗങ്ങളിൽനിന്ന് വിളവിനെ രക്ഷിക്കുകയും ചെയ്യുന്നത് അവരാണ്. ദാരിദ്ര്യം അവരെ വിട്ടൊഴിഞ്ഞില്ല. ചിലപ്പോൾ അവരെല്ലാം വയ്ക്കോലല്ലാത്തതൊക്കെ തിന്നുന്ന മനുഷ്യരായി. ചെറുപ്പക്കാർ തേനോ കായ്കളോ വിറകോ തേടി കാടുകയറി. കാടുകയറാൻ പോകുന്ന ഒരു ദിവസമാണ് മല്ലനും മാരയും തമ്മിൽ കാണുന്നത്. അന്ന് കുറുമാട്ടിയും ഉണ്ടായിരുന്നു. തന്റെ മകൾക്കുവേണ്ടി മല്ലനെ മനസാ നിശ്ചയിച്ചുകഴിഞ്ഞിരുന്നു മാരയുടെ അച്ഛൻ വെളുത്ത ചുണ്ടെലി. കുറുമാട്ടിയ്ക്കും മല്ലനോടു പ്രിയമുണ്ട്. തനിക്ക് ചാത്തനെ വേണ്ടെന്ന് അവൾ മല്ലനോടു തീർത്തു പറഞ്ഞിരുന്നു. ചാത്തൻ കുറുമാട്ടിയെ ഉപേക്ഷിച്ചു പോയതാണ്. പുരുഷനുവേണ്ടിയുള്ള സ്ത്രീകളുടെ മത്സരമായി ഇതു വളരുന്നു. മല്ലനാകട്ടെ രണ്ടുപേരോടും താൽപ്പര്യമുണ്ട്. കുറുമാട്ടിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനാണെങ്കിലും അവളുടെ പെരുമാറ്റത്തെ ഭയക്കുന്നു മല്ലൻ. അവൾക്ക് മന്ത്രമറിയാം. പേയിനെ പേടിയില്ലാത്തവളാണ്. വള്ളിയൂർക്കാവിലെ ആറാട്ടു ദിവസം തനിക്കു കിട്ടിയ അടിമപ്പണം കൊണ്ട് മല്ലൻ മാരയ്ക്കു ചേല വാങ്ങിക്കൊടുത്തു. അതിന്റെ പിറ്റേന്ന് മാരയുടെ അവ്വ വയറ്റുവേദന പിടിപെട്ട് മരണപ്പെട്ടു. ഇത് കുറുമാട്ടിയുടെ മന്ത്രവാദം കൊണ്ടാണെന്ന് മാര വിശ്വസിച്ചു. മല്ലനും മാരയും തമ്മിലുള്ള ബന്ധം ഇല്ലാതാക്കാൻ കുറുമാട്ടി വഴികണ്ടുപിടിച്ചു. അവർ ഒരേ ചെമ്മത്തുള്ളവരും രക്തബന്ധമുള്ളവരുമാണെന്ന് അവൾ പറഞ്ഞുപരത്തി. രക്തബന്ധമുള്ളവർ തമ്മിൽ കല്യാണം പാടില്ല. വിശ്വാസം ലംഘിച്ച് തപ്പുചെയ്താൽ മലങ്കാരി കോപിക്കും. അത് അടിയാർക്കു മുഴുവനുമുള്ള ശിക്ഷയാകും. വിശ്വാസം രണ്ടുപേരെയും ഭയപ്പെടുത്തി. നാട്ടുമൂപ്പനെ ചെന്നു കണ്ടാൽ പരിഹാരമാകുമെന്ന് മാര കരുതി. എന്നാൽ കുറുമാട്ടി മൂപ്പനെ പുകയില കൊടുത്ത് വശപ്പെടുത്തിക്കഴിഞ്ഞിരുന്നു. ആയിരം വള തപ്പുകെട്ടണമെന്ന് മൂപ്പൻ വിധിച്ചു. തന്റെ ആഗ്രഹങ്ങൾ തകർക്കപ്പെടുകയാണെന്നറിഞ്ഞ അവൾ ഏനെ കട്ടുകൊണ്ടുപോ എന്ന് മല്ലനോട് അപേക്ഷിക്കുന്നുണ്ട്. മല്ലൻ അപ്രകാരം ചെയ്യുന്നു. രാത്രി അമ്പലക്കുന്നിൽ രാഘവൻ നായരുടെ അടുത്ത് ചെന്നെങ്കിലും അഭയം കിട്ടിയില്ല. വാരസ്യാരും അവർക്ക് അന്തിയുറങ്ങാൻ സ്ഥലം കൊടുത്തില്ല.

കേളനോടൊപ്പം കൂടിയ മല്ലനെ വിട്ടുകിട്ടാനുള്ള തന്ത്രം ആവിഷ്ക്കരിച്ചു രാഘവൻ നായർ. കാശുകൊടുത്ത് മല്ലനെക്കൊണ്ട് ഇഞ്ചക്കണ്ടത്തിൽ കൊടും കാടിന്റെ വായിൽ

കുടിലുകെട്ടിച്ചു അയാൾ. മൂപ്പന് തപ്പു കെട്ടാനുള്ള വക ഉണ്ടാക്കാനാണ് മല്ലൻ കൂപ്പിൽ പണിക്കു പോയത്. കൊടും തണുപ്പിലും മഞ്ഞിലും പെട്ട് കനത്ത പനിപിടിച്ച മല്ലനെ കരിയൻ താങ്ങിക്കൊണ്ടുവരുന്നു. മല്ലനു പേയാണെന്നും കാരണക്കാരി മാരയാണെന്നും എല്ലാവരും പഴിച്ചു. മല്ലന്റെ കുടുംബക്കാർ വന്ന് അയാളെ മഞ്ചലിലേറ്റിക്കൊണ്ടു പോയപ്പോൾ മാര അനാഥയായി. മല്ലന്റെ മരണവാർത്തയാണ് പിന്നീട് കേട്ടത്. കുറുമാട്ടി മല്ലനു കൊടുത്ത ഒറ്റമൂലി മരുന്നിനെപ്പറ്റി ആരുമറിഞ്ഞില്ല.

പണിക്കുപോയിത്തുടങ്ങിയ മാര വീണ്ടും അപവാദങ്ങളും പഴികളും കേട്ടു. ആരും അവളെ ആശ്വസിപ്പിച്ചില്ല. പണിയെടുപ്പിക്കുന്നതിൽ മാത്രമാണ് രാഘവൻ നായരും വാരസ്യാരും ശ്രദ്ധിച്ചത്. രാഘവൻ നായർ വെള്ളരൊടിയിൽ വീടു വച്ചപ്പോൾ മാരയെ ചേർത്ത് അപവാദകഥകളുണ്ടായി. മാരയെ രാഘവൻ നായർ കെട്ടി എന്ന വാർത്ത പരന്നു. വാരസ്യാർക്കും കുടുംബത്തിനും അയാളോട് നീരസമായി. മാരയെ കീഴടക്കാൻ ഉണ്ണിത്തമ്പുരാൻ ശ്രമിച്ചു. രാഘവൻ നായരും കിട്ടുവാര്യരും തമ്മിലുള്ള സ്പർദ്ധകൾ അടിയാരുടെ ജീവിതത്തെ അശാന്തമാക്കി. തോലാവെള്ളന്റെ കുടിൽ തകർക്കപ്പെട്ടു. അയാൾക്ക് നാടുവിടേണ്ടിവന്നു. തോലാവെള്ളൻ രാഘവൻനായരുടെ പ്രേരണയോടെ കൃഷിചെയ്യാൻ ആരംഭിച്ചതായിരുന്നു കാരണം.

അടിയാരുടെ കാര്യത്തിൽ ഇനി ഇടപെടില്ലെന്ന് രാഘവൻനായർ തീരുമാനിക്കുന്നു. തന്നെക്കുറിച്ചുള്ള അപവാദം ആളിക്കത്തിക്കാൻ വേണ്ടി അയാൾ മുപ്പതുരൂപ തപ്പുകെട്ടി മാരയുടെ ഗർഭത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നു. അയാൾ മാരയ്ക്കു ചേല വാങ്ങിക്കൊടുക്കുന്നുമുണ്ട്. തന്നെ തമ്പുരാൻ സ്വീകരിക്കുമെന്ന പ്രതീക്ഷ അവൾക്കുണ്ടായിരുന്നെങ്കിലും നിരാശയായി ഫലം. രാത്രി കുടിലിൽ ഒറ്റയ്ക്കായ അവളെ ഉണ്ണിത്തമ്പുരാൻ ബലാൽക്കാരം ചെയ്യുന്നു. അടുത്ത രാത്രിയിൽ ആക്രമണം ആവർത്തിച്ചപ്പോഴും രാഘവൻനായർ രക്ഷകനായി ഉണ്ടായില്ല. വള്ളിയൂർക്കാവ് ഉത്സവത്തിന്റെയന്ന് മാരയെ ഏറ്റെടുക്കാൻ രാഘവൻ നായർ സന്നദ്ധനാകുന്നു. ''നീ എന്നും ഇവിടെ താമസിച്ചോളൂ'' എന്ന് അയാൾ പറഞ്ഞു. ''നാനു ചീത്ത തമ്പ്രാ..'' എന്ന അവളുടെ തേങ്ങൽ, ''ആകട്ടെ'' എന്ന അയാളുടെ ഉറച്ച സ്വരത്തിനു കീഴ്പ്പെട്ടു.

#### 3.1.1.1. ഗോത്രഘടനയും ആചാരങ്ങളും

വീടിന് കുള്ള് എന്നാണ് പറയുക. ഒരു കുന്നിൻ ചെരുവിൽ ഇരുപതോ മുപ്പതോ കുള്ളുകൾ ഉണ്ടായിരിക്കും. ഓരോ കുന്നിനും മൂപ്പനുണ്ട്. പലദേശങ്ങളിലെ മൂപ്പൻമാർക്കും മുതലിയ്ക്കും മീതെയായി കന്നലാടി എന്ന പ്രധാന ഗോത്രത്തലവൻ കൂടിയുണ്ട്. പരമോന്നത പദവിയാണ് കന്നലാടിയ്ക്കുള്ളത്. അടിയാരുടെ ഏതു പ്രശ്നത്തിനും ഇടപെട്ട് പരിഹാരം നിർദ്ദേശിക്കലാണ് കന്നലാടിയുടെ ചുമതല. കുട്ടിച്ചാത്തൻ, ഗുളികൻ, മലങ്കാരി, പൂവാളൻ തെയ്യം, മാരിയമ്മ, ശിവൻ, ചിദ്ദപ്പൻ എന്നിങ്ങനെ ഒട്ടനവധി ദൈവങ്ങളെ അവർ

ആരാധിക്കുന്നു.

വിഷുവിന് ഗദ്ദികപ്പാട്ട് പതിവുണ്ട്. മുറ്റത്തിട്ട പന്തലിൽ ബലിക്കളയിൽ വച്ചാണിതു നടത്തുക. ആണുങ്ങൾ തുടിയടിക്കും. ശിവനെ ധ്യാനിച്ചുകൊണ്ടാണ് പാട്ടുപാടുന്നതെങ്കിലും ചിദ്ദപ്പദേവർ, മല്ലപ്പദേവർ, മാതപ്പ ദേവർ, നഞ്ചപ്പദേവർ, മാരിയമ്മ എന്നീ മൂർത്തികളെക്കൂടി സന്തോഷിപ്പിക്കുന്നു. കുന്നുമൂപ്പനാണ് കാർമ്മികത്വം. മുതലിയാണ് ഗദ്ദികപ്പാട്ടു പാടുക. സൗകര്യപ്പെടുന്ന മാസത്തിൽ ആദിവാസികൾ തിറ നടത്തുന്നു. അതിനുള്ള പണവും നെല്ലും മൂപ്പൻ മുതലി എന്നിവർ പിരിച്ചുണ്ടാക്കുന്നു. മൂപ്പന്റെ കുള്ളിൽവെച്ച് മൂപ്പൻ തന്നെയാണ് തിറയാടുക. രോഗം ഉണ്ടാക്കുന്നത് പേയി ആണെന്നാണ് വിശ്വാസം. രോഗവാർത്ത അറിയുന്ന മൂപ്പൻ രോഗിയുടെ കുള്ളിലെത്തി പേയി വിട്ടുപോകാൻ ബലിക്കളയെടുക്കുന്നു. പൂജയും കോഴിയറുക്കലും ഉണ്ടാകും. കോഴിച്ചോര പേയിക്കും ഇറച്ചി മൂപ്പനുമാണ്. പെണ്ണിനെക്കട്ടുകൊണ്ടുപോയി കല്യാണമുറപ്പിക്കുന്ന രീതിയും ഇവർക്കിടയിലുണ്ട്. ഉറാട്ടി (ഭാര്യ) മരിച്ചുപോയ ഉറാളനാണ് ഈ സമ്പ്രദായം ചെയ്യുന്നത്. കന്നലാടിയ്ക്കു പിഴവെച്ച് തെറ്റുകുറ്റം പൊറുത്താൽ ഭാര്യാ-ഭർതൃബന്ധം ഒഴിഞ്ഞവർക്കും ദാമ്പത്യം തുടരാം.

മരണത്തിന് ഏഴാം ദിവസം നടത്തുന്ന ചടങ്ങാണ് കാക്കപ്പുല. മുറ്റത്തിട്ട പന്തലിൽ വന്ന് രണ്ടാളുകൾ രണ്ടമ്പുകൾ വീതം തമ്മിൽത്തൊടാതെ പിടിക്കുന്നു. കന്നലാടി കർമ്മാനുഷ്ഠാനങ്ങൾ നടത്തുമ്പോൾ ഓരോരുത്തരുടേയും അമ്പുകൾ തമ്മിൽ കൂട്ടിമുട്ടണം. ഇല്ലെങ്കിൽ ആപത്താണെന്നാണ് വിശ്വാസം. വലിയ പുല കുംഭത്തിൽ നടത്തുന്നു. മരിച്ചവർക്കെല്ലാവർക്കുമായി ചെയ്യുന്ന ഈ പിതൃകർമ്മത്തിന് പണച്ചിലവു കൂടും. ബന്ധു മിത്രാദികളെ ക്ഷണിക്കണം. ചോറ്, മുറുക്കാൻ, റാക്ക് ഇവ കൊടുക്കണം. ഓരോ പുരയിൽനിന്നും പിരിഞ്ഞുകിട്ടുന്ന തലപ്പൊതി നെല്ല് സദ്യയ്ക്കു തികയില്ല. ഈ സമയത്താണ് ജന്മിമാർ ഇവരെ സ്വാധീനിക്കുക. അടിമപ്പണം കൈപ്പറ്റി ഒരു കൊല്ലത്തിന് ഭൂവുടമയുടെ അടിമയാവുന്ന സമ്പ്രദായവും ഉണ്ട്. വള്ളിയൂർക്കാവിലെ ഉത്സവദിവസമായ മീനം 14നാണ് ഇതു ചെയ്യുക.

### 3.1.1.2. കല്യാണം ഉറപ്പിക്കൽ.

കൊല്ലത്തിൽ ഒരിക്കലോ രണ്ടുതവണയോ അടിയാന്മാർ കാടുകയറുന്നു. ദാരിദ്ര്യത്തിൽ നിന്നു രക്ഷപ്പെടാൻ കായോ കിഴങ്ങോ സമ്പാദിക്കാനാണിത്. ഉത്സാഹത്തോടെ അവർ കൂട്ടമായി കാടുകയറി കൂട്ടുപിരിഞ്ഞ് ഇണതിരിഞ്ഞായിരിക്കും തിരിച്ചുവരവ്. മടക്കത്തിന് കാട്ടിൽനിന്നു ശേഖരിക്കുന്ന വിറക് മനസ്സിനു ബോധിച്ച പെണ്ണിന്റെ മുറ്റത്തു കൊണ്ടുവന്നിടുന്നു. അവളുടെ അപ്പന് ഒരു സേർ നെല്ലു സമ്മാനിച്ചാൽ കല്യാണം ഉറച്ചു എന്നാണർത്ഥം. കാടുകയറുന്ന ദിവസം ഇണയെ തിരഞ്ഞെടുക്കാനുള്ള ദിവസം കൂടിയാണ്.

#### 3.1.1.3. ലൈംഗിക ചൂഷണം

മേലാളൻമാർ അടിയാപ്പെണ്ണുങ്ങളെ ലൈംഗികചൂഷണത്തിന് ഇരയാക്കുന്നതിന്റെ നിരവധി കഥകൾ നോവലിലുണ്ട്. ബസവൻ തമ്പുരാന്റെ നെല്ലിന് കാവലിരിക്കാൻ പോയപ്പോൾ തമ്പുരാൻ അവന്റെ പെണ്ണിന് കാവലിരുന്നു. അപമാനിതനായി പിറ്റേന്നു സ്ഥലം വിട്ട ബസവൻ പിന്നീടു തിരിച്ചുവന്നില്ല. ജവനിയും വട്ടയും പേമ്പിയും ലൈംഗികചൂഷണത്തിനിരയായ അടിയാത്തികളാണ്. പല പുരുഷൻമാരുടേയും മക്കളെ പെറ്റുപുലർത്തേണ്ടിവന്നവർ. അമ്പലക്കുന്നിലെ ഉണ്ണിത്തമ്പുരാന്റെ ലൈംഗികാതി ക്രമത്തിന് ഇരയാകുന്നുണ്ട് മാരയും.

#### 3.1.1.4. ജന്മിമാരുടെ സ്പർദ്ധകൾ

അടിയാന്മാരെ വച്ച് ജന്മിമാർ പരസ്പരം പകതീർക്കുന്നു. തലമലയിലെ അടിയാരെ വിട്ട് രോഗിയായ മല്ലനെ മഞ്ചലിലേറ്റിക്കൊണ്ടുപോയത് കിട്ടു വാരിയർ പറഞ്ഞിട്ടാണ്. രാഘവൻ നായരോടുള്ള വിരോധമാണ് അയാളെക്കൊണ്ട് ഇതു ചെയ്യിച്ചത്. മല്ലനില്ലെങ്കിൽ കൊല്ലിമൂലയിലും വെള്ളരൊടിയിലും രാഘവൻ നായരുടെ കൃഷി നടക്കില്ലെന്ന് അയാൾക്കറിയാം. “എന്തേ ഇവർ ധരിച്ചത്? കിട്ടുവിനെ തോല്പിച്ച് ഇന്നാട്ടിലെ മികച്ച കൃഷിക്കാരനാവാമെന്നോ? രാഘവൻ നായർ കാണുന്നതിനു മുമ്പ്, വർഷങ്ങൾക്കുമുമ്പ് ഇവൻ കണ്ടിട്ടില്ലേ ഈ കറുത്ത മണ്ണിന്റെ ഗുണം? മാരയെക്കാൾ മുന്തിയ സുന്ദരികളെ? ഈ അടിയാരുടെ ബുദ്ധിയില്ലായ്മയെ? കൊള്ളരുതായ്മയെ? അവൻ ഒരു വൈദ്യൻ കൃഷിക്കാരൻ! ഒരു പാഠം പഠിപ്പിക്കണം. നായർ അവസാനം വാരിയത്ത് സംബന്ധം തുടങ്ങില്ലേ ഇക്കണക്കിന്?”(1999:201). എന്നെല്ലാം കിട്ടുവാരിയർ ചിന്തിക്കുന്നുണ്ട്.

രാഘവൻ നായരെച്ചേർത്തുള്ള അപവാദങ്ങൾക്കു പിന്നിലും കിട്ടു വാരിയരായിരുന്നു. മാരയുടെ ഗർഭത്തിന്റെ ഉത്തരവാദിത്തം തപ്പുകെട്ടി ഏറ്റെടുക്കേണ്ട അവസ്ഥ രാഘവൻ നായർക്കുണ്ടായി. മല്ലന്റെ കുടിലിൽ അയാൾ ഇടയ്ക്കിടെ എത്തുന്നത് വലിയ വാർത്തയായി. മല്ലന്റെ മരണശേഷം അതിനടുത്ത് കുടിലുകെട്ടിയതും. കൃഷി നന്നാക്കാൻ തടിമിടുക്കുള്ള അടിയാർ ചെറുപ്പക്കാരെ പിടിച്ചെടുക്കാൻ മത്സരിക്കുകയാണ് ജന്മിമാർ. രാഘവൻ നായർ അടിമപ്പണം കൊടുത്ത് മല്ലനെ സ്വന്തമാക്കുന്നത് മല്ലൻ വലിയ അദ്ധ്വാനിയായതുകൊണ്ടാണ്. ഇരുപതുറുപ്പിക കൊടുത്ത് കാട്ടിൽ കുടിലുകെട്ടിക്കോളാൻ പറഞ്ഞതും ഇതേ തന്ത്രത്തിന്റെ ഭാഗമാണ്.

#### 3.1.1.5. ഗോത്രനീതിയ്ക്കുള്ളിലെ പുരുഷമേധാവിത്തം.

പുരുഷനു സ്ത്രീയേക്കാൾ സ്വാതന്ത്ര്യം അനുവദിക്കുന്ന ഒരു രീതിയാണ് ഗോത്രത്തിനുള്ളിലും ഉള്ളത്. ഒരേ തെറ്റിന് ആണിനും പെണ്ണിനും ഗോത്രത്തിനുള്ളിൽ പ്രായശ്ചിത്തങ്ങൾ വേറെയാണ്. മേലാള-കീഴാള നീതിബോധങ്ങളിൽ അടിസ്ഥാനപരമായി

സ്ത്രീവിരുദ്ധതയുണ്ട്.

### 3.1.2. കൂമൻ കൊല്ലി

വയനാട്ടിലെ കൂമൻകൊല്ലി താഴ്വരയിലേക്കു കുടിയേറിപ്പാർത്ത ഏതാനും സവർണ്ണകുടുംബങ്ങളുടെ ജീവിതമാണ് കൂമൻകൊല്ലിയിലെ മുഖ്യപ്രമേയം. പരിഷ്ക്കാരികളായ കുടിയേറ്റക്കാരുടെ വരവോടെ ഉൾവലിയേണ്ടിവന്ന ആദിവാസികൾ മൃഗീയമായി ചൂഷണം ചെയ്യപ്പെടുന്നതിന്റെ ചിത്രവും നോവലിലുണ്ട്. നെല്ലും കൂമൻകൊല്ലിയും ആദിവാസികളോട് അനുഭാവം പ്രകടിപ്പിക്കുന്ന കൃതികളാണ്. മേലാളനും കീഴാളനും ഇടയ്ക്കുള്ള ഇടത്തരക്കാരന്റെ വർഗ്ഗവീക്ഷണമാണ് നോവലുകളിൽ കാണുന്നത്. ആദിവാസികളോട് അനുകമ്പയും മേലാളരോട് വിധേയത്വവും കാണിക്കുന്നതാണ് ആഖ്യാനത്തിന്റെ സ്വരം. മണ്ണുതട്ടിപ്പറിക്കുന്നതിലൂടെയാണ് ആദിവാസികൾക്കെതിരായ മേലാള ചൂഷണം ആരംഭിക്കുന്നത്. ഉഴാനും വിതയ്ക്കാനും നടാനും കളപറിക്കാനും അടിയാനേയും കുറുമനേയും കുറിച്ച്യനേയും അവർ ഉപയോഗപ്പെടുത്തി.

കുന്നത്തു കളവും തെക്കും കളവും പൂങ്കുന്നവും കൂമൻകൊല്ലിയിലെ ജന്മിത്തറവാടുകളാണ്. സ്ത്രീകൾ പടുത്തുയർത്തിയ സാമ്രാജ്യങ്ങളാണ് ഈ തറവാടുകൾ എന്നു പറയാം. (തെക്കും കളം - അപ്പുവിന്റെ അമ്മ, പൂങ്കുന്നം - ചിന്നമ്മു ബ്രാഹ്മണിയമ്മ, കുന്നത്തുകളം - സുനന്ദ). അവരുടെ കാലി മേയ്ച്ചും വേലചെയ്തും പുലരുന്ന അടിയാളർക്കിടയിൽ രോഗദാരിദ്ര്യങ്ങൾ കൊണ്ടുള്ള മരണങ്ങൾ സാധാരണം. പരമ്പരാഗത കൃഷിക്കാരും ഭൂവുടമകളും അവരുടെ ദാരിദ്ര്യവും തകർച്ചയും പ്രകൃതിയോടുള്ള ഏറ്റുമുട്ടലും കാലാവസ്ഥയും പ്രകൃതിയും മാറിപ്പോകുന്നതിന്റെ ചിത്രവും നോവലിലുണ്ട്. തറവാടുകൾ തകരുന്നതിന്റെ വേദനകളും ഗൃഹാതുരത്വങ്ങളും നോവലിൽ നിറഞ്ഞു നിൽക്കുന്നു.

തങ്ങളുടെ മണ്ണ് ഇതല്ല എന്ന വികാരം കൃഷിക്കാർക്കുണ്ട്. തങ്ങളുടെ വേരുകൾ ഇവിടെ ആഴ്ന്നിറങ്ങില്ലെന്നും അവരറിയുന്നു. ലാഭമുണ്ടാക്കി തിരിച്ചുപോകലാണ് അവരുടെ ലക്ഷ്യം. അവർ ആ നാടിനെ താൽക്കാലികമായ ആവാസകേന്ദ്രമായി കാണുന്നു. അതിനോടുള്ള സ്നേഹം ആഴത്തിലുള്ളതല്ല. മറ്റു ജനതയെ അപരിഷ്കൃതരായി കാണുകയും അവരെ പരിഷ്ക്കരിക്കാനെന്ന മട്ടിലെത്തുകയും ചെയ്യുന്ന മിഷനറിമാർ, അവരുടെ വക കന്യാസ്ത്രീ മഠവും കുരിശുപള്ളിയും സ്ഥാപിക്കുന്നു. മതവിഭാഗീയതകൾ അടിയാരേയും ജന്മി കുടുംബങ്ങളേയും സ്പർശിക്കുന്നുണ്ട്. ഭരതന് ക്രിസ്ത്യാനികളോടും മുസ്ലീങ്ങളോടും വിരോധമുണ്ട്. ശുദ്ധ നാഗരിക ഭ്രമമുണ്ടായിരുന്നിട്ടും ഭർത്താവിന്റെ ഹിന്ദു താല്പര്യത്തിന് അടിപ്പെട്ടുപോയ ഭാര്യയാണ് ഗംഗ.

അടിയാരോട് സഹഭാവം പ്രകടിപ്പിക്കുകയും അവരെ സംഘടിപ്പിച്ച് വർഗ്ഗബോധം ഉണർത്താൻ ശ്രമിക്കുകയും ചെയ്യുന്ന കമ്യൂണിസ്റ്റുകാരൻ ബാലൻ നമ്പ്യാർ. കമ്യൂണിസ്റ്റുകാരോടും ജന്മിമാരോടും അടിയാന്മാരോടും ഒരുപോലെ കരുണയും സ്നേഹവും കാണിക്കുന്ന സുനന്ദ. പരമ്പരാഗത രീതിയിൽ തറവാടിനെ പുലർത്തിക്കൊണ്ടുവരാൻ പാടുപെടുന്ന ചിന്നമ്മു ബ്രാഹ്മണിയമ്മ. പുതിയ കാലത്തിനനുസരിച്ച് ലാഭവും സൗകര്യവും നോക്കി ജീവിതം പുതുക്കിപ്പണിയുന്ന ഗംഗാധരമാരാർ. കമ്യൂണിസ്റ്റുകാരനായ ബാലൻ നമ്പ്യാരുമായുള്ള സഹവാസം കൊണ്ട് തന്റെ ജീവിത പ്രാരാബ്ധങ്ങൾ തിരിച്ചറിഞ്ഞ് കഴകം നിർത്തിയ വാസുദേവൻ. ജയിൽവാസവും ഒളിവു ജീവിതവുമായി അവസാനം നാട്ടിൽ തിരിച്ചെത്തിയ വിപ്ലവകാരി അപ്പു. അടിയാർക്കൊപ്പം പണിയെടുത്ത് ജാതിമേന്മയിൽ വിശ്വസിക്കാതെ നന്മ ചെയ്തു ജീവിച്ച കൃഷ്ണൻ നമ്പീശൻ എന്നിങ്ങനെ നിരവധി കഥാപാത്രങ്ങൾ നോവലിലുണ്ട്.

സ്ത്രീ ജീവിതത്തെ കേന്ദ്രപ്രമേയമാക്കുന്ന നോവലുകളല്ല, നെല്ലും കൂമൻകൊല്ലിയും. കുടിയേറ്റത്തിലൂടെ വെട്ടിപ്പിടിച്ച മണ്ണിൽ അടിയാളരെക്കൊണ്ടു പണിയെടുപ്പിച്ച് അന്തസ്സും ആഭിജാത്യവും തറവാടിത്തവും നിലനിർത്താൻ പാടുപെടുന്ന ജന്മികുടുംബങ്ങളാണ് നോവലിന്റെ കേന്ദ്രത്തിൽ. സ്വാഭാവികമായി കടന്നുവരുന്നവരാണ് സ്ത്രീകഥാപാത്രങ്ങൾ. സവിശേഷവ്യക്തിത്വവും വ്യത്യസ്തതകളും സ്ത്രീകഥാപാത്രങ്ങൾക്ക് മികവു നൽകുന്നുണ്ട്. കാർഷികവൃത്തിയിൽനിന്ന് ഒഴിച്ചുനിർത്താൻ പറ്റാത്തവർ എന്നനിലയിൽ ഭൂവുടമകളുമായി ബന്ധപ്പെട്ടുമാത്രമാണ് അടിയാളജീവിതം നോവലിൽ കടന്നു വരുന്നത്.

#### 3.1.3. ആഗ്നേയം

സ്ത്രീജീവിതത്തെ മുഖ്യപ്രമേയമാക്കുന്ന വത്സലയുടെ നോവലുകളിൽ പ്രധാനസ്ഥാനമാണ് ആഗ്നേയത്തിലുള്ളത്. സഹനവും ദുരന്തവും ഏറ്റെടുക്കുന്ന ആദർശാത്മകത നോവലിലെ നങ്ങേമ എന്ന കഥാപാത്രത്തിനുണ്ട്. ഏഴു പെണ്മക്കളെ വേളി കഴിച്ചുകൊടുത്ത ഇല്ലത്തെ അവസാനത്തെ പെണ്ണാണ് നങ്ങേമ. പാരമ്പര്യവും പ്രതാപവും കടംകയറി മുടിഞ്ഞപ്പോൾ ഓരോരുത്തരായി നാടുവിട്ടു. പുതിയ തലമുറയെ വളർത്താൻ പഴയ പ്രതാപങ്ങളുടെ ഓർമ്മകൾ പോരാത്തതുകൊണ്ട് നങ്ങേമയും വയനാട്ടിലെത്തി. വയനാട്ടിലേക്കുള്ള നമ്പൂതിരി കുടിയേറ്റം ഒരു ചരിത്ര യാഥാർത്ഥ്യമാണ്. അവർ കാട് നാടാക്കി പൂജ വ്രതവും കൃഷി തൊഴിലുമാക്കി. കുഞ്ഞുന്നാളിലേ കുടുംബ ബാധ്യതകളിലേക്ക് എടുത്തെറിയപ്പെടുന്നുണ്ട് നങ്ങേമ. അനിയൻ കുഞ്ഞപ്പുവിനെ പ്രസവിച്ചതോടെ നങ്ങേമയുടെ അമ്മ അവശയായി. അന്നു മുതൽ കുടുംബഭാരം തലയിൽ വന്നു ചേർന്നു. പ്രസവത്തോടെ ഏടത്തിയും മരിച്ചപ്പോൾ മറ്റൊരു ജീവനുകൂടി അന്നം തേടേണ്ട ചുമതലയായി നങ്ങേമയ്ക്ക്.

നങ്ങേമ ചെറുപ്പത്തിലേ വിധവയായി. അമ്മുവും അപ്പുവും കുട്ടികളായിരിക്കുമ്പോഴാണ് ഭർത്താവ് മരിച്ചത്. ഏട്ടത്തിയുടെ ഭർത്താവിന്റെ (അച്യുതേട്ടൻ) ക്ഷണപ്രകാരമാണ് നങ്ങേമ വയനാട്ടിലെത്തുന്നത്. നങ്ങേമ കച്ചവടം ചെയ്യുന്നു. പടിപ്പുരയിൽ അടിയാത്തികൾക്കു വേണ്ട ഉപ്പും മുളകും പുളിയും. കൊല്ലിമൂലയിൽ പങ്കുകൃഷി തുടങ്ങിയ അന്തർജ്ജനം അടിയാത്തികൾക്ക് ഒരു പുതുമയായി. പങ്കിനു കൃഷിഭൂമി വാങ്ങി വിളയിറക്കിയത് പലരുടേയും സഹായം കൊണ്ടായിരുന്നു. അഞ്ചുവർഷത്തിനു ശേഷം നങ്ങേമ ഒമ്പതേക്ര ഇരുപ്പൂ നിലത്തിന്റെ ഉടമയായി. നാലേക്ര കരകൃഷി കടമില്ലാത്ത ഒരേയൊരു ജന്മിയായി മാറി നങ്ങേമ.

ജന്മിത്തത്തിന്റെയും മാപ്പിളമാരുടേയും ഹുങ്ക് നങ്ങേമ അനുഭവിച്ചു. ഒറ്റയ്ക്കു താമസിച്ചിരുന്ന രണ്ടന്തർജ്ജനങ്ങളെ (നങ്ങേമയേയും ഏട്ടത്തിയേയും) മാപ്പിളമാർ ശല്യപ്പെടുത്തി. വാതിൽ തുറക്കാതിരുന്നപ്പോൾ തെങ്ങിന്റെ കുരലുകൾ അരിഞ്ഞിട്ടു. നാടിന്റെ മുഴുവൻ ജന്മിയായിരുന്ന കേയി മാപ്പിളയെ നങ്ങേമ എതിർത്തുനിന്നു. ഏടത്തിയുടെ ഭർത്താവ് മറ്റൊരു കേയിയാണെന്ന് നങ്ങേമ മനസ്സിലാക്കി. ഏടത്തിയുടെ അടുക്കളയിൽ അന്യപുരുഷന്റെ ശ്വാസത്തിനു കീഴെ നടുങ്ങിനിൽക്കേണ്ട ഗതികേട് നങ്ങേമയ്ക്കുണ്ടായി.

മകൻ അപ്പു വളർന്ന് രാഷ്ട്രീയക്കാരനായപ്പോൾ അവൻ കുടുംബത്തിനു നഷ്ടപ്പെടുമോ എന്ന ഭയം അവർക്കുണ്ടായി. മകൻ വഴിതെറ്റിപ്പോകുമോ എന്ന ഭയം അവന് നല്ല ബുദ്ധി കൊടുക്കാനുള്ള അവരുടെ പ്രാർത്ഥനയായി മാറി. മകന്റെ മുന്നിൽ മാത്രമാണ് അവരുടെ ഇച്ഛാശക്തി കീഴ്പ്പെട്ടു പോകുന്നത്. അപ്പുവിനെ നന്നാക്കിയെടുക്കാൻ അവർ കണ്ടുപിടിച്ച വഴി അവനെ കല്യാണം കഴിപ്പിക്കലായിരുന്നു. ഒതുക്കവും അടക്കവുമുള്ള കുലീനയായ ഒരു നമ്പൂതിരിപ്പെൺകുട്ടിയെ (പാർവ്വതി) അവർ മകനുവേണ്ടി മനസാ നിശ്ചയിക്കുകയും ചെയ്തു.

മകന്റെ രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽനിന്ന് അവനെ കുടുംബത്തിലേക്കു വീണ്ടെടുക്കാൻ ശ്രമിക്കുന്ന അമ്മയാണ് നങ്ങേമ. ആ ശ്രമം പാഴാകുന്നു. താൻ നിശ്ചയിച്ച പെൺകുട്ടിയെ മകന്റെ വധുവാക്കി ഭർത്താവായും ഗൃഹസ്ഥനായും അവനെ കുടുംബത്തിനുള്ളിൽ സൂക്ഷിക്കാനുള്ള ശ്രമം പാഴാകുമ്പോൾ കഠിനമായ ഇച്ഛാഭംഗം അവർ അനുഭവിക്കുന്നുണ്ട്. മകൻ തന്റെ നിയന്ത്രണത്തിലല്ല എന്നറിഞ്ഞിട്ടും അവസാനനിമിഷം മാത്രമേ അവന്റെ താല്പര്യത്തിന് അവർ വിട്ടുകൊടുക്കുന്നുള്ളൂ. അവൻ അച്ഛന്റെ മോനാണ് എന്ന ബോധംകൊണ്ടാണ് പിന്നീട് ആ സത്യത്തെ അവർ നേരിടുന്നത്.

ഭൂതകാലം നങ്ങേമയെ വേട്ടയാടുന്നില്ല. അകാലത്തിൽ വിധവയാകേണ്ടിവന്നതിന്റെ ആത്മസംഘർഷങ്ങൾ അവരിലുണ്ട്. വർത്തമാനത്തിൽ നിന്ന്

ഭാവിയിലേക്ക് അവർ ചിന്തിക്കുന്നു. സ്വപ്രത്യയസ്ഥൈര്യവും ഇച്ഛാശക്തിയും കൊണ്ട് ജീവിതത്തെ നേരിടാൻ അവർ ശ്രമിക്കുന്നു. ജീവിതത്തെ കാല്പനികമായി അല്ലാതെ തിരിച്ചറിയുകയും നേരിടുകയും ചെയ്യുന്നതുകൊണ്ടാണ് നങ്ങേമ മലയാളത്തിലെ സ്ത്രീകഥാപാത്രങ്ങളിൽ ഉയർന്നു നിൽക്കുന്നത്.

### 3.1.4. ചാവേർ

ചാവേറിന്റെ പശ്ചാത്തലം അർദ്ധഫ്യൂഡലാണ്. നാടുവാഴിത്തത്തിന്റെ രാഷ്ട്രീയ സാമ്പത്തിക ഘടന ബ്രിട്ടീഷുകാരുടെ വരവോടെ തകരുന്നു. ബ്രിട്ടീഷുകാരും ജന്മിമാരുമായുള്ള കൂട്ടുകെട്ടിന്റെ ഫലമായി രൂപപ്പെട്ട പ്രത്യേക രാഷ്ട്രീയ സാമൂഹികാവസ്ഥയാണ് നോവലിലുള്ളത്. സാമ്രാജ്യത്വവും ജന്മിത്തവും സാധാരണ ജീവിതത്തെ ദുസ്സഹമാക്കുന്നു.

നിറയൂർ ദേശം മുഴുവനും മൂന്നു ജന്മിമാരുടെ കീഴിലാണ്. കംസൻ പട്ടേലരും ശങ്കരൻ നായനാരും രുധിരമന നമ്പൂതിരിയുമാണ് ഈ ജന്മിമാർ. കൊയ്തുകൂട്ടുന്ന നെല്ലും അടയ്ക്കയും തേങ്ങയും മദിച്ചുവളരുന്ന പെൺകിടാങ്ങളും അവരുടേതാണ്. വെള്ളക്കാരുടേയും ജന്മിമാരുടെയും കാമവെറിയ്ക്കിരയാകുന്നുണ്ട് കീഴാളസ്ത്രീകൾ. താലയെ അവളുടെ കല്യാണദിവസം രുധിരമന നമ്പൂതിരിയുടെ കിങ്കരന്മാർ തട്ടിക്കൊണ്ടുപോകുന്നു. തിരുമാലയെ ബലാത്സംഗം ചെയ്തത് വെള്ളക്കാരനാണ്. കർഷകപ്രസ്ഥാനവും സ്വാതന്ത്ര്യസമരപ്രസ്ഥാനവും നിറയൂരിൽ വലിയ ചലനങ്ങളുണ്ടാക്കുന്നു. ദേശീയബോധവും സാമ്രാജ്യവിരുദ്ധ ബോധവും കീഴാള കർഷകരിൽ വേരുപിടിച്ചു. ജന്മി കുടുംബങ്ങളിലെ അനന്തരവൻമാരാണ് അനന്തനും മഹേശ്വരനും രാഘവനും. കോൺഗ്രസ്സിന്റെയും ഗാന്ധിജിയുടേയും ആശയങ്ങളിൽ അവർ ആകൃഷ്ടരാകുന്നു. അവർക്കുപിന്നിൽ കീഴാള ചെറുപ്പക്കാർ അണിനിരക്കുന്നുണ്ട്.

#### 3.1.4.1. വ്യവസ്ഥയുടെ ഇരട്ടത്താപ്പ്

അധികാരപ്രയോഗത്തിലെ വ്യവസ്ഥയുടെ ഇരട്ടത്താപ്പുകൾക്ക് നോവലിൽ നിരവധി ഉദാഹരണങ്ങളുണ്ട്. വിപ്ലവങ്ങളിലും സഹനസമരങ്ങളിലും ബലികഴിക്കപ്പെടുന്നത് കീഴാളജനതയാണ്. മേലാളവിഭാഗങ്ങൾക്ക് അവർ കുറ്റക്കാരാണെങ്കിലും വ്യവസ്ഥയുടെ ആനുകൂല്യം ലഭിക്കുന്നു. ജയിലിൽ പോയ മഹേശ്വരനും രാഘവനും ഒരു പോറലുമില്ലാതെ തിരിച്ചുവരുന്നു. എന്നാൽ കുഞ്ഞമ്പാടിയെപ്പോലുള്ള കീഴ്ജാതിക്കാരായ ചെറുപ്പക്കാർ തൂക്കിലേറ്റപ്പെട്ടു. അവരുടെ പെണ്ണുങ്ങൾ ബലാൽക്കാരത്തിന് ഇരയായി. കുഞ്ഞമ്പാടിയുടെ പെണ്ണ് കുഞ്ഞുമാണിക്യത്തെ പോലീസ് ചവിട്ടിക്കൊല്ലുകയായിരുന്നു.

തറവാട്ടു മഹിമയുടേയും പണത്തിന്റെയും ആനുകൂല്യത്തിലാണ് രാഘവൻ ജയിൽ മോചിതനായത്. മറ്റുള്ളവരുടെ മുമ്പിൽ കുറ്റവാളിയെപ്പോലെ അയാൾക്കു

നിൽക്കേണ്ടിവന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ മഹേശ്വരനെ ജയിലിൽനിന്നു വിട്ടപ്പോൾ ജയിലിലായിരുന്ന കുഞ്ഞമ്പാടി തൂക്കിലേറ്റപ്പെടുന്നു. കേളോർമ്മനാശാരിയും ജയിലിൽവച്ചു മരിക്കുന്നു. പോലീസും ജനങ്ങളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ - നിരോധനം ലംഘിച്ചു നടത്തിയ യോഗത്തിൽ - മരിച്ചത് പാവപ്പെട്ട ഗ്രാമീണരായിരുന്നു. മഹേശ്വരനും രാഘവനുമായിരുന്നു നേതാക്കൾ. മഹേശ്വരന് ചെറിയൊരു മുറിവുപറ്റി. പോലീസുകാർ പിന്നീട് ഗ്രാമങ്ങളെ വേട്ടയാടി. അമ്മമാരും സ്ത്രീകളും കരയുന്ന ശബ്ദം കൊണ്ട് അന്തരീക്ഷം മുഖരിതമായി. പിടികൂടിയ കുഞ്ഞമ്പാടിയെ പോലീസുകാർ തറയിലൂടെ, മുള്ളുകളിലൂടെ, കരിയിലകളിലൂടെ വലിച്ചുകൊണ്ട് മലകയറി.

വലിയ തറവാട്ടിലേയും ജന്മിവീട്ടിലേയും വിപ്ലവകാരികളെ പോലീസ് ഒന്നും ചെയ്തില്ല. മഹേശ്വരനേയും കൂട്ടരേയും ഒളിവിൽ പാർപ്പിക്കാനുള്ള സഹായങ്ങൾ ഗ്രാമീണർ ചെയ്തുകൊടുത്തു. കീഴൂരിലെ ചീരുവിന്റെ വീട്ടിലെ ഒളിവു ജീവിതം മഹേശ്വരന് അസഹ്യമായി തോന്നി. അമ്പാടി മഹേശ്വരനെ തന്റെ വീട്ടിൽ താമസിപ്പിക്കുന്നു. ആദ്യമായാണ് കുടിയാന്റെ കുടിലിന്റെ അകം അയാൾ കാണുന്നത്. രാത്രിതന്നെ അവിടെനിന്ന് ഇറങ്ങുകയും ചെയ്തു. യുദ്ധവിരുദ്ധ പ്രചരണത്തിന്റെയും നെല്ലെടുപ്പു കേസിന്റെയും പേരിലാണ് ചെറുപ്പക്കാരെ പോലീസും ജന്മി കിങ്കരന്മാരും നോട്ടമിട്ടത്. കാളീശ്വരം ക്ഷേത്രത്തിന്റെ ആൽത്തറയിൽ നിന്നു പാടിയ ശങ്കരുവിനെ ജന്മികിങ്കരന്മാർ വളഞ്ഞിട്ടു തല്ലി.

#### 3.1.4.2.വിപ്ലവകാരികളുടെ പുരുഷമേധാവിത്വം

കോൺഗ്രസിന്റെയും ഗാന്ധിയുടേയും ആശയങ്ങളിൽ ആകൃഷ്ടരായ ജന്മികുടുംബങ്ങളിലെ അനന്തരവന്മാരാണ് അനന്തനും മഹേശ്വരനും. പൊതു ജീവിതത്തിൽ തികഞ്ഞ സമത്വവാദിയായ അനന്തൻ, വ്യക്തിജീവിതത്തിൽ പുരുഷ മേധാവിത്തം പുലർത്തുന്നു. ഉച്ചിര കസവു പുടവയും ജാക്കറ്റും ധരിക്കുന്നത് അനന്തൻ ഇഷ്ടപ്പെട്ടില്ല. ആ ഇഷ്ടക്കേടിനെ അവൾ വകവെക്കാതിരുന്നപ്പോൾ ഉച്ചിര എനിക്കെപ്പോഴും എതിരാണ് (1998b: 144) എന്നാണ് അയാൾ ചിന്തിക്കുന്നത്. "നീയും കുഞ്ഞി മാളുവമ്മയെപ്പോലെ ഖദർമുണ്ടും വേഷ്ടിയും ധരിച്ച് കോൺഗ്രസ് യോഗങ്ങൾക്ക് പോകുമോ? ജാഥകൾ നയിക്കുമോ? കരുവാഞ്ചേരിയിലെ തമ്പുരാട്ടി ജാഥ നയിച്ചാ ഈ നാടുമുഴുവൻ ഓടിക്കൂടും".(1998b : 144). ഉച്ചിരയുടെ സ്വാതന്ത്ര്യബോധത്തിനെതിരായ ഇഷ്ടക്കേടുകളാണ് ഈ വാക്കുകളിലൂടെ പ്രകടമാകുന്നത്. പുതിയ ആശയങ്ങളിൽ ആകൃഷ്ടനായിരുന്നെങ്കിലും പാരമ്പര്യത്തിൽ മുറുകെപ്പിടിക്കുന്നുണ്ട് അനന്തൻ. തന്നെ അല്പനാക്കാൻ പോന്ന എന്തോ ഒന്ന് ഉച്ചിരയുടെ നോട്ടത്തിലും പെരുമാറ്റത്തിലും ഉണ്ടെന്ന് അയാൾക്കു തോന്നുന്നു.

താനൊരു ഉല്പതിഷ്ണുവാണെന്ന് അനന്തൻ സ്വയം കരുതി. സംബന്ധം ചെയ്ത

പെണ്ണിനെ (കീഴ്ജാതിക്കാരി ചെമ്മരത്തി) തറവാട്ടിൽ കൊണ്ടുവന്ന് ഇംഗ്ലീഷ് പഠിപ്പിക്കണം. സ്ത്രീസമാജത്തിലും കോൺഗ്രസ് ജാഥകളിലും പങ്കാളിയാക്കണം. എന്നൊക്കെ ചിന്തിച്ചു. എന്നാൽ ഭാര്യ തന്നേക്കാൾ കഴിവും തന്റേടവും പ്രകടിപ്പിക്കുന്നതിൽ അനന്തൻ അസ്വസ്ഥനായി. നായർ സ്ത്രീസമാജത്തിനു വിളിച്ചിട്ടും പോകാത്ത ഉച്ചിര അരയ സ്ത്രീസമാജത്തിനു പോകാൻ ശാഠ്യം പിടിക്കുന്നത് പെണ്ണിന്റെ കുബുദ്ധികൊണ്ടാണെന്ന് അയാൾ വിചാരിക്കുന്നു. ഉച്ചിരയുടെ ഇച്ഛാശക്തിയ്ക്കു മുമ്പിൽ അനന്തൻ പതറുന്നുണ്ട്. ''തന്റെ സ്വകാര്യ ജീവിതവും പൊതുജീവിതവും കൂടിക്കലരുന്നത് അനന്തനെ വല്ലാതെ അസ്വസ്ഥനാക്കി'' (1998b : 121). ഗാന്ധിയൻ ആദർശവുമായി പൊരുത്തപ്പെടാത്ത തരത്തിൽ ജാതിചിന്തയും സ്ത്രീലമ്പടത്തവും അയാളിൽ ഉണ്ടായിരുന്നു.

സ്വജാതിയിൽനിന്നു വിവാഹം കഴിക്കാനും കീഴ്ജാതിക്കാരെ സംബന്ധം ചെയ്യാനും ജന്മിത്തം അനുവദിച്ചുകൊടുത്ത സൗകര്യങ്ങൾ അനന്തൻ ആസ്വദിച്ചു. ചെമ്മരത്തി എന്ന മുക്കുവത്തിയുടെ സംബന്ധക്കാരനായി അനന്തൻ. ചെമ്മരത്തിയുടെ വിശപ്പിനെക്കുറിച്ചോ അവൾ ആഹാരം തേടുന്നതെങ്ങനെ എന്നതിനെക്കുറിച്ചോ അയാൾ അന്വേഷിച്ചില്ല. ''ചെമ്മരത്തിയില്ലാത്ത ഒരു ജീവിതമില്ല. ഉച്ചിരയെ പരിചരിക്കുന്നത് തന്റെ ധർമ്മമാണ്. ഉച്ചിരയും ചെമ്മരത്തിയും ഒരേ തട്ടിൽ തൂങ്ങുന്നവരല്ല. ചെമ്മരത്തി തന്റെ ലഹരിയാണ്, കവിതയാണ്. ചെമ്മരത്തിയുടെ കുടിയിലിരിക്കുമ്പോൾ കരുവാഞ്ചേരി തറവാട്ടിലിരിക്കുമ്പോഴുണ്ടാകാറുള്ള കന്മഷം മനസ്സിൽനിന്ന് അകന്നു പോകുന്നു.'' (1998b: 128). നമ്മുടെ തറവാടുകളിലെ പെണ്ണുങ്ങൾ കൂപമണ്ഡൂകങ്ങളാണ്. സാധാരണ സ്ത്രീകളാണ് ബുദ്ധിയും സംസ്ക്കാരവുമുള്ളത് എന്ന അനന്തന്റെ ന്യായം ഇരട്ടത്താപ്പാണ്.

### 3.1. 5. വിലാപം

ഉപരിതലത്തിൽ മാപ്പിളലഹളയെക്കുറിച്ചുള്ളതാണെങ്കിലും അതിലെ ദുരന്തത്തെ കേന്ദ്രബിന്ദുവാക്കി രചിച്ച നോവലാണ് വിലാപം. സകലകലാപങ്ങളിലും ലഹളകളിലും അന്തർഭവിച്ചിരിക്കുന്ന ഘോരമായ ദുരന്തത്തെ ഓർമ്മിപ്പിക്കുന്നു വിലാപം. വ്യക്തിയിലും സമൂഹത്തിലും ലഹള ഏൽപ്പിച്ച മുറിവുകൾ വലുതാണ്. വ്യക്തികളുടെ മനസ്സിൽ സംഭവങ്ങൾ സൃഷ്ടിക്കുന്ന പ്രതികരണങ്ങളായാണ് നോവലിന്റെ ആവിഷ്ക്കാരം. കലാപത്തിന്റെ സ്ത്രീപക്ഷക്കാഴ്ചകൾ മാളുണ്ണിയിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നു. സ്ത്രീകളേയും വൃദ്ധരേയുമാണ് കലാപം ഏറ്റവുമധികം ബാധിച്ചത്. കലാപങ്ങൾ തുടർച്ചകളാവുകയും ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് അത് തലമുറകളെ അതിജീവിച്ച് പടരുകയും ചെയ്യുന്നു.

ബോംബെ നഗരത്തിലെ എണ്ണമറ്റ കെട്ടിടസമുച്ചയങ്ങളിലെ ഒരു ഫ്ളാറ്റിലിരുന്ന് മാളുണ്ണി അരനൂറ്റാണ്ടിനപ്പുറത്തെ കാലത്തെപ്പറ്റി ഓർക്കുകയാണ്. ഫ്ളാറ്റിനുപുറത്ത്

നഗരത്തിൽ നടന്നുകൊണ്ടിരിക്കുന്ന കലാപങ്ങൾ തന്റെ ജന്മഗ്രാമത്തിലെ കലാപകാലത്തേക്ക് മാളുണ്ണിയെ നയിക്കുന്നു.

മാളുണ്ണിയ്ക്ക് ശൈശവവും ബാല്യകൗമാരങ്ങളും സുന്ദരമായിരുന്നില്ല. ഒരു കച്ചവടക്കാരന് കല്യാണം കഴിച്ചുകൊടുത്തതോടെയാണ് ജന്മഗ്രാമം വിട്ട് അവൾ നഗരത്തിലെത്തിയത്. ഇന്ന് ഒരു ഉദ്യോഗസ്ഥയുടെ പ്രൗഢിയിലാണ്. ബില്ലുകളും ചരക്കുകളും മാത്രമുള്ള ഒരു ലോകത്ത്, മാറിവരുന്ന ചുറ്റുപാടുകളോട് ഭംഗിയായി പൊരുത്തപ്പെട്ടുകൊണ്ട്, അവൾ കഴിയുന്നു. ജാതിയും മതവും നോക്കാതെ എല്ലാവരേയും ചികിത്സിക്കുന്ന നാലകത്തു വൈദ്യർ മാളുണ്ണിയുടെ മുത്തച്ഛനാണ്. ബ്രിട്ടീഷ് കമ്പനിയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനും ബ്രിട്ടീഷ് പക്ഷപാതിയുമാണ് വല്യമ്മാവൻ. ദേശീയവാദിയാണ് ചെറിയമ്മാവൻ. പാരമ്പര്യം മുറുകെ പിടിച്ചുകൊണ്ടുതന്നെ എല്ലാവരേയും സ്നേഹിക്കാൻ കഴിഞ്ഞ മുത്തശ്ശി. ഇവരടങ്ങുന്ന നാലകത്തു തറവാട്ടിലാണ് മാളുണ്ണി വളർന്നത്.

മാളുണ്ണിയും കളിക്കൂട്ടുകാരിയായ ആമിനയും സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ്. ജാതീയവും മതപരവുമായ വൈജാത്യങ്ങൾക്കിടയിലും സ്ത്രീകളെന്ന നിലയിൽ അവർ ഒന്നിക്കുന്നു. മാളുണ്ണിയേക്കാൾ കടുത്ത പരീക്ഷണങ്ങളിലൂടെയാണ് ആമിന കടന്നുപോയത്. ഗ്രാമത്തിലെ ഹിന്ദു-മുസ്ലീം ബന്ധങ്ങളുടെ നിഷ്ക്കളങ്കതയും സൗന്ദര്യവും ഇവരുടെ അടുപ്പത്തിൽ കാണാം.

ഇസ്ലാമിക നവോത്ഥാനത്തിൽ വിശ്വസിക്കുന്ന മുഹമ്മദ് മുസ്ല്യാരുടെ മകളാണ് ആമിനക്കുട്ടി. മുസ്ല്യാർക്ക് ഖിലാഫത്തിനോട് താല്പര്യമില്ലായിരുന്നു. പക്ഷേ അയാൾ പച്ച ബൽറ്റുകാരനായ അദ്രുമാൻ ഹാജിയുടേയും ഗംഗാധരമ്മാവന്റെയും നിർബ്ബന്ധങ്ങളിൽക്കുടുങ്ങിപ്പോയി. കൊട്ടാരക്കെട്ടിൽനിന്നിറങ്ങി കടത്തുപുരയിൽ താമസമാക്കിയ രുഗ്മിണി കോവിലമ്മ. മനുഷ്യസ്നേഹിയായ കാദരുണ്ണി ആണ് അവരെ പുഴയിൽനിന്ന് രക്ഷിച്ചത്. ജന്മിയോടുള്ള രോഷവും ജിഹാദിനോടുള്ള ആവേശവും കാദരുണ്ണിയെ മറ്റൊരു മനുഷ്യനാക്കി. ജിഹാദിനു തയ്യാറായ കാദരുണ്ണിയെപ്പോലുള്ളവർ അദ്രുമാൻ ഹാജിയുടെ വഴിയ്ക്ക് ക്രമേണ നീങ്ങി. അധികാരമോഹിയായ അദ്രുമാൻ ഹാജി സ്വാർത്ഥതാല്പര്യങ്ങൾക്കായി മതത്തേയും വിശ്വാസങ്ങളേയും ചൂഷണം ചെയ്യാൻ മടിച്ചില്ല.

### 3.2. മുതലാളിത്തപശ്ചാത്തലമുള്ള കൃതികൾ

#### 3.2.1. റോസ് മേരിയുടെ ആകാശങ്ങൾ

ഗാർഹികജീവിതത്തിന്റെ അകത്തുനിന്നും പുറത്തേക്കു തുരത്തപ്പെടുന്ന പെണ്ണനുഭവമാണ് *റോസ് മേരിയുടെ ആകാശങ്ങളിൽ*. സ്ത്രീയെന്ന നിലയിലുള്ള തന്റെ

വ്യക്തിത്വം നഷ്ടപ്പെടുത്താതെ ജീവിക്കാനുള്ള ആഗ്രഹമാണ് റോസ്മേരിയെ വീടുവിട്ടുപോകാൻ പ്രേരിപ്പിച്ചത്. സ്വന്തം കാലിൽ നിൽക്കണമെന്നും പഠിച്ചു ജോലി നേടണമെന്നും ചെറുപ്പത്തിലേ അവൾക്ക് തോന്നിയിരുന്നു. പക്ഷേ, പണമില്ല. കുടുംബാന്തരീക്ഷം മോശമാണ്. പ്രാരാബ്ധങ്ങളിൽ പെട്ടുഴലുന്ന അമ്മച്ചിയും മദിച്ച കാളയെപ്പോലെ നടക്കുന്ന അപ്പനും, ഭർത്താവ് ജീവിച്ചിരിക്കെ വിധവയെപ്പോലെ ജീവിക്കേണ്ടിവന്ന ചേച്ചിയും മന്ദബുദ്ധിയായ അനുജനും അടങ്ങുന്ന കുടുംബം. അനുഭവങ്ങളും യാതനകളും റോസ്മേരിയെ വേട്ടയാടുന്നു. വേനലൊഴിവിന് നാട്ടിലെത്തിയപ്പോൾ ചാരായം കുടിച്ചുവന്ന അപ്പന്റെ കടന്നാക്രമണം ഉണ്ടായി. സ്ത്രീത്വത്തിനേറ്റ ആഘാതവുമായി അവൾ നാടുവിടാൻ തീരുമാനിച്ചു.

മറിയാമ്മച്ചേടത്തിയുടെ അനിയത്തി, സിസ്റ്റർ മാർഗരറ്റിനെ തേടി ഉത്തരേന്ത്യയിലെ ഗ്രാമത്തിലേക്കു പോകുമ്പോൾ ഒരു ജോലിയായിരുന്നു റോസിയുടെ പ്രതീക്ഷ. രണ്ടുവർഷത്തിനു ശേഷം ജോലികിട്ടുന്ന നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ വാങ്ങിക്കൊടുത്തു മാർഗരറ്റ്. എന്നാൽ അതുതുടരുവാൻ റോസിയ്ക്കായില്ല. ''ജീവിതം ക്ഷണികമാണ്, നശ്വരമാണ്, എന്ന് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന രോഗവും വേദനയുമുള്ള മനുഷ്യരെ അഭിമുഖീകരിക്കാൻ അവൾക്കുവയ്യ''(1993:134). ആലീസിന്റെ കൂടെ ഗ്രാമത്തിലെ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കാനാണ് അവൾ പിന്നീട് തീരുമാനിക്കുന്നത്.

തനി ഗ്രാമീണന്റെ പരുങ്ങലും പ്രസരിപ്പുമുള്ള ഫാദർ എൽസങ്കി റോസിയോട് താല്പര്യം കാണിച്ചു. പുതുവിശ്വാസിയായ ആദിവാസിയാണ് അയാൾ. ''എൽസങ്കിയുടെ മുമ്പിൽ നിൽക്കുമ്പോൾ തന്റെ മനസ്സിന്റെ ഉള്ളറകൾ തുറക്കുന്നതും അവിടെ വെളിച്ചം വീശുന്നതും റോസ് മേരി അറിഞ്ഞു''(1993:80). ആദിവാസികളെ സംഘടിപ്പിച്ച് വിപ്ലവപ്രവർത്തനം നടത്തുന്ന ആലീസ് റോസിയ്ക്ക് വലിയൊരു ശക്തിയായി.

ലേഡീ വെല്ലിംഗ്ട്ടൺ ഹാളിൽ നഴ്സിംഗ് അസിസ്റ്റന്റായി ചെന്നപ്പോൾ അടിമവേലയുടെ വേദന റോസിയ്ക്ക് മനസ്സിലായി. രാജപ്രൗഢി ഇപ്പോഴും നിലനിർത്തുന്ന മാഡം ദേവികാറാണിയെ പരിചരിക്കുന്ന ജോലി. അമ്മയ്ക്ക് അഹിന്ദുക്കളെ ഇഷ്ടമല്ല. ''നിങ്ങളൊരു പൊട്ടുകുത്തിവരുമോ'' എന്നു മകൻ ചോദിച്ചപ്പോൾ പൊട്ടുകുത്തുന്നതിലെ മതചിന്ത റോസിയെ വിഷമിപ്പിച്ചു. ആലീസിന് ലുക്കീമിയ ബാധിച്ചു. മരണത്തെ മുഖാമുഖം കാണുന്ന ഒരു കെണിയിലാണ് അവൾ. ആലീസിനുള്ള ഭക്ഷണവുമായി ഓടിക്കിതച്ചുവന്ന റോസി എൽസങ്കിയുടെ കൈകളിലേക്ക് തളർന്നുവീണു. ആലീസിനെ നാട്ടിലേക്കു കൊണ്ടുപോയപ്പോൾ റോസിയ്ക്കു തോന്നിയ അനാഥത്വത്തെ എൽസങ്കിയുടെ സാമീപ്യം ആശ്വസിപ്പിച്ചു. അയാളുടെ നെഞ്ചിൽ മുഖമമർത്തിക്കരയാൻ റോസിയ്ക്ക് മടിതോന്നിയില്ല.

### 3.2.2.നിഴലുറങ്ങുന്ന വഴികൾ

കുടുംബഘടനയ്ക്കുള്ളിൽ വൈരുദ്ധ്യപ്പെട്ടുകഴിയുന്ന സ്ത്രീയനുഭവങ്ങൾ ചിത്രീകരിക്കുന്ന കൃതിയാണ് നിഴലുറങ്ങുന്ന വഴികൾ. സ്ത്രീയുടെ ജൈവികമായ ചോദനകളും സാംസ്ക്കാരികമായ സ്വത്വവും തമ്മിലുള്ള വൈരുദ്ധ്യപ്പെടലാണ് നോവലിന്റെ കേന്ദ്രം. സമൂർത്തമായ ജീവിത സാഹചര്യങ്ങളെ മനസ്സിലാക്കാനും മറികടക്കാനും കഴിയാത്ത തരത്തിൽ വിധേയത്വവും അപകർഷതയും പ്രകടിപ്പിക്കുന്ന കഥാപാത്രമാണ് മാധവി. ഒരു സ്ത്രീയെ ആത്മവിശ്വാസവും തന്റേടവുമില്ലാതെ രൂപപ്പെടുത്തിയെടുക്കുന്ന സാമൂഹിക സാംസ്ക്കാരിക സാഹചര്യങ്ങളെ വെളിപ്പെടുത്തുന്നുണ്ട് മാധവിയുടെ ബാല്യകാലം. പുരുഷമൂല്യങ്ങളോട് എതിർചോദ്യങ്ങളില്ലാതെ വിധേയപ്പെട്ടു കഴിയുന്നവരാണ് മുത്താച്ചിയും അമ്മായിയമ്മയും. സ്നേഹവും സാന്ത്വനവും നൽകുന്നതോടൊപ്പം പാരമ്പര്യത്തിന്റെ അടഞ്ഞ സങ്കല്പങ്ങളെ പെൺകുട്ടിയിലേക്ക് കടത്തിവിടുന്നത് മുത്താച്ചിയാണ്. സ്ത്രീവിരുദ്ധതയുടെ സ്ത്രീരൂപമാണ് അമ്മായിയമ്മ. പുരുഷമൂല്യങ്ങളുടെ നേരിട്ടുള്ള പ്രചാരകയാണവർ.

അടക്കവും ഒതുക്കവും ഇല്ലാത്തതിന്റെ പേരിൽ കുട്ടിക്കാലത്ത് ഏറെ ശകാരം കേട്ടിട്ടുണ്ട് മാധവി. പതിനഞ്ചു തികയുന്നതിനു മുമ്പുതന്നെ അവളെ കെട്ടിച്ചുവിടാൻ അമ്മാവനും മുത്താച്ചിയും തിടുക്കം കൂട്ടി. മാധവിയുടെ അമ്മ മീനാക്ഷിയുടെ രണ്ടാം കെട്ടിന്റെ സമയത്ത് അവരുടെ അമ്മാവൻ പറഞ്ഞുറപ്പിച്ച ഒരു കരാറാണ്. ഭാസ്ക്കരന്റെ അച്ഛൻ വന്നു കല്യാണം ഉറപ്പിച്ചപ്പോൾ താൻ ഒരു കുറ്റിയിൽ തളച്ചിടപ്പെടുക യാണെന്ന് അവൾക്കു തോന്നി. "കുറ്റിയും കയറും അനുവദിക്കുന്ന വൃത്തത്തിൽ കറങ്ങിക്കറങ്ങി തേഞ്ഞുതീരുന്ന ഒരു വണ്ടിച്ചക്രമായി തന്റെ ജീവിതം ഒടുങ്ങുമെന്ന ഭയം അവളെപിടികൂടി"(1998f:32).

വിവാഹശേഷമാണ് തന്റെ ഭർത്താവ് ഒരു രോഗിയാണെന്ന വിവരം അവൾ അറിയുന്നത്. മകനും ഭാര്യയ്ക്കുമിടയിൽ മുള്ളുവേലികെട്ടുന്ന അമ്മായിയമ്മ. വിളയ്ക്കു കാവൽ നിൽക്കുന്നതുപോലെ അമ്മായിയമ്മ രാത്രികളിൽ കാവൽ കിടന്നു. അയാൾ കല്യാണം കഴിച്ചതുതന്നെ അമ്മയെ പേടിച്ചാണ്. അമ്മായിയമ്മയിൽനിന്നു രക്ഷപ്പെടാൻ സ്വന്തം വീട്ടിലെത്തിയ മാധവി ഭർത്താവിന്റെ രോഗം മൂർച്ഛിച്ചതറിഞ്ഞാണ് തിരിച്ചുപോയത്. ഭർത്താവു മരിച്ചപ്പോൾ വീണ്ടുമവൾ മുത്താച്ചിയുടെ അടുത്തെത്തി.

ഇഷ്ടപുരുഷനായ ശങ്കരൻകുട്ടിയെ മാധവി ഓർക്കുന്നു. തന്നെ അയാൾ വിളിക്കുമെന്ന് അവൾ മോഹിച്ചു. പ്രാരാബ്ധക്കാരനായ അയാൾ ഒഴിഞ്ഞുമാറിയപ്പോൾ അവൾക്ക് അമർഷം തോന്നി. മറ്റുള്ളവർക്ക് ഭാരമാകാതിരിക്കാൻ സ്വയം ഭാരം ചുമക്കാൻ മാധവി തീരുമാനിക്കുന്നു. പൊന്നും പണവും നെല്ലും തേങ്ങയുമുള്ള സ്വർണ്ണപ്പല്ലുകാരൻ വയസ്സനെ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നു. വീട്ടുകാരുടെ ആവശ്യം അതായിരുന്നു.

“എന്നും ഒരാളുടെ ഭാഗ്യം ഒരുപോലെയാവില്ല. നിന്റെ നല്ല കാലം എവിടെയാ ഒളിഞ്ഞുകിടപ്പെന്ന് ആരറിഞ്ഞു”? (1998f:198). എന്നായിരുന്നു അമ്മാവന്റെ അഭിപ്രായം. ഭർത്താവിന്റെ തൊട്ടടുത്തമുറിയിൽ ശങ്കരൻകുട്ടിയുടെ മുഖം മനസ്സിൽ വരച്ച് അവൾ ആദ്യരാത്രി വെളുപ്പിച്ചു.

### 3.2.3. ആരും മരിക്കുന്നില്ല

പൂർവ്വികസമ്പാദ്യംകൊണ്ടു നിലനിന്നു പോരുന്ന ആര്യങ്കോട് തറവാട്. അതിനെ ആശ്രയിച്ചു കഴിയുന്ന ചാത്തുവും കുടുംബവും. കാരണവരുടെ അദൃശ്യ സാന്നിധ്യം കൊണ്ട് പുലർന്നുപോരുന്ന ചിട്ടവട്ടങ്ങൾ. തറവാട്ടമ്മയിലൂടെ കാരണവർ ഭരിക്കുന്ന തറവാട്. ഗോപീകൃഷ്ണനും അരവിന്ദനും തറവാട്ടധികാരത്തിൽ തുല്യപങ്കാണ്. മക്കളിൽ അരവിന്ദനോട് അമ്മയ്ക്ക് കൂടുതൽ സ്നേഹവും ആദരവും. അവരുടെ ഭാര്യമാരിലൂടെ തറവാടിന്റെ ചിട്ടകൾ വ്യത്യസ്തമാവുകയാണ്.

ആര്യങ്കോട്ടമ്മയ്ക്ക് കാരണവരോടുള്ള വിധേയത്വവും ആദരവും ഒരു തലമുറയുടെ ഭാര്യാഭർതൃ ബന്ധത്തിന്റെ സവിശേഷതയാണ്. കാരണവരുടെ അവിഹിതങ്ങളെപ്പോലും സാഹസികതയായി എണ്ണുന്ന ഭാര്യയാണ് തറവാട്ടമ്മ. അയാളുടെ മറ്റു ഭാര്യമാരോട് അസഹിഷ്ണുത അവർക്കുണ്ട്. അവർ ദുർന്നടത്തക്കാരികളാണെന്ന ആക്ഷേപവും. ഗിരിജയും പ്രഭാവതിയും പുതിയ തലമുറയിലെ സ്ത്രീകളാണ്. ഭർത്താവിനോട് വിധേയത്വം കാണിക്കുന്നില്ല എന്നു മാത്രമല്ല, പ്രതിഷേധിക്കുകയും ചെയ്യുന്നുണ്ട് അവർ. സ്വന്തം വ്യക്തിത്വം അവഗണിക്കപ്പെടുന്നത് സഹിക്കാത്ത സ്ത്രീകളാണ് അവർ.

വിദ്യാസമ്പന്നനും വിപ്ലവകാരിയുമായ അരവിന്ദൻ. കാര്യസ്ഥപ്പണിയുമായി നടക്കുന്ന ഗോപീകൃഷ്ണൻ. രണ്ടുപേരും ഭാര്യമാരെ അവരുടെ ജീവിതത്തിൽനിന്ന് അടർത്തിമാറ്റിയാണ് കാണുന്നത്. ദാമ്പത്യത്തിൽ പങ്കാളിയോട് തുല്യത കാണിക്കുന്ന കാര്യത്തിൽ ഇരുവരും പരാജയപ്പെടുന്നു. മേധാശക്തി തനിക്കില്ലാത്തതിൽ അപകർഷപ്പെടുന്ന നിശ്ശബ്ദ സഹനങ്ങൾ ഏറ്റുവാങ്ങുന്ന കഥാപാത്രമാണ് ഗിരിജ. തന്റേടമുള്ള സ്ത്രീകളെ അവൾ ബഹുമാനിക്കുന്നു. രമേടത്തിയേയും പ്രഭാവതിയേയും തറവാട്ടമ്മയേയും. വിദ്യാഭ്യാസമുള്ള അരവിന്ദനെ ബഹുമാനിക്കുമ്പോൾത്തന്നെ അയാളുടെ ഉത്തരവാദിത്തമില്ലായ്മയെ പരിഹസിക്കുന്നു. ഭർത്താവ് ഗോപീകൃഷ്ണന്റെ പരമാധികാരത്തെ ഗിരിജ വെറുക്കുന്നു. നീലനെപ്പോലെ നിറവും തരവും മാറുന്നവരിൽനിന്ന് അവൾ അകന്നുനിൽക്കുന്നു. ഇഷ്ടാനിഷ്ടങ്ങൾ ആരോടും പറയാൻ മടിക്കാത്ത സ്ത്രീയാണ് അരവിന്ദന്റെ ഭാര്യ പ്രഭാവതി. ധിക്കാരിയായ പെണ്ണ് എന്ന് എല്ലാവരും മുദ്ര കുത്തിയവൾ. “നടക്കുമ്പോൾ ഭൂമി അറിയും. അടുക്കുമ്പോൾ ആരും ഒന്നു നോക്കും. സംസാരിച്ചാൽ വ്യക്തമായ മറുപടി കിട്ടും. ഏതുകാര്യത്തിനും അവൾ സ്വന്തമായ അഭിപ്രായം പറയും”.(1998e:84) കാരണവരെക്കുറിച്ച് എത്രപറഞ്ഞാലും

മതിയാവില്ല, തറവാട്ടമ്മയ്ക്ക്. കാരണവർ വെറും ഒരു സഞ്ചാരിയായിരുന്നു. പോകുന്നിടത്തെല്ലാം ഭാര്യമാർ. കുന്നും താഴ്വരയും വിലയ്ക്കെടുത്തു. തറവാട്ടിലെ സ്വത്തുകളെല്ലാം അദ്ദേഹം ഉണ്ടാക്കിയതാണ്. കന്നുകാലികളെ നോക്കാനാണ് കന്നിമൂലയിൽ ചാത്തുവും കുടുംബവും താമസമാക്കിയത്.

### 3.2.4. അരക്കില്ലം

ഒരേസമയം പലരോടും നന്ദി കാണിക്കേണ്ട വളർത്തുമൃഗത്തിന്റെ ഗതികേടാകുന്ന സാമാന്യമായ പെണ്ണനുഭവത്തെ ആവിഷ്ക്കരിക്കുന്ന നോവലാണ് അരക്കില്ലം. ഇരയുടെ വിധിയെ സ്വാതന്ത്ര്യമായ എണ്ണുക, കീഴടങ്ങലിന്റെ സുഖത്തിൽ അഭയം കൊള്ളുക, വീടും അടുക്കളയും അരക്കില്ലമായി അനുഭവപ്പെടുന്ന സ്ത്രീജീവിതത്തെ അരക്കില്ലം പ്രതീകവൽക്കരിക്കുന്നു. ദാരിദ്ര്യവും വിശപ്പും പെണ്ണിന്റെ ജീവിതത്തെയാണ് തിരിച്ചുപിടിക്കാനാവാത്തവിധം നഷ്ടപ്പെടുത്തുന്നത്. വിശപ്പുമാറാൻ ആഹാരം തരുന്നവർക്കും നാണം മറയ്ക്കാൻ തുണിതരുന്നവർക്കും മുന്നിൽ എല്ലാം അടിയറവെയ്ക്കേണ്ടിവരുന്നത് അവൾക്കാണ്. വല്യേടത്തെ യശമാനൻ എന്ന വയസ്സായ ജീവച്ഛവത്തെ സാവിത്രിയ്ക്ക് ഭർത്താവായി സ്വീകരിക്കേണ്ടിവരുന്നത് ഈ നിസ്സഹായത കൊണ്ടാണ്. കുന്നോളം സ്വത്തുള്ള ഒരു കുടുംബത്തിലെ ബന്ധത്തിലേക്ക് അവളെ എറിഞ്ഞുകൊടുക്കാൻ വീട്ടുകാർക്കും താല്പര്യമായിരുന്നു.

വല്യേടത്തെ യശമാനനുമായുള്ള ബന്ധം ഉറപ്പിച്ച അച്യുതേട്ടനോട് ഒരു അറവുകാരനോടു തോന്നുന്ന വികാരമായിരുന്നു അവൾക്കുണ്ടായിരുന്നത്. ഒരു കുടുംബത്തെ രക്ഷപ്പെടുത്താൻ എന്ന നാട്യത്തിൽ ഈയൊരു കച്ചവടമുറപ്പിച്ച അയാൾക്ക് മറ്റുപല ലക്ഷ്യങ്ങളുമുണ്ടായിരുന്നു. താൻ കച്ചവടം ചെയ്യപ്പെടുകയാണ് എന്ന അറിവിൽ വേവലാതിപ്പെട്ടിട്ട് കാര്യമില്ലെന്ന് അവൾ ഉറപ്പിക്കുന്നുണ്ട്. ആത്മഹത്യയും ഒന്നിനും പരിഹാരമല്ലെന്ന് അവൾ തിരിച്ചറിയുന്നു. തന്റെ ജന്മം കൊണ്ട് മറ്റുപലർക്കും പ്രയോജനമുണ്ട്. കൊഴുത്തു മിനുത്ത ശരീരമുള്ള അറവു മൃഗത്തിന് കമ്പോളത്തിൽ ഡിമാന്റു കൂടും.

സാവിത്രിയുടെ വീട്ടുകാർക്ക് അവളുടെ കയ്യക്ഷരത്തിൽ കത്തും പണവും കൃത്യമായി അച്യുതേട്ടൻ അയച്ചുകൊണ്ടിരുന്നു. പലിശകൊടുത്ത് മുതൽ സ്വന്തമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു അത്. സാവിത്രിയുടെ കഴുത്തിൽ സൂത്രത്തിൽ എറിഞ്ഞുപിടിക്കാനുള്ള കയർ കുരുക്ക് എപ്പോഴും അയാൾ കയ്യിൽ സൂക്ഷിച്ചു. ആ ബലിഷ്ഠമായ കൈകളിൽനിന്ന് കുതറി രക്ഷപ്പെടാൻ പക്ഷേ അവൾ ശ്രമിച്ചില്ല. തന്റെ കാമുകനിലോ ഭർത്താവിലോ കാണാത്ത പൗരുഷം അയാളിലേക്ക് അവളെ അടുപ്പിച്ചു.

ദൈന്യം നിറഞ്ഞ ഒരു കഥയുടെ ബാക്കിയാണ് വല്യേടത്തെ യശമാനന്റെ

ഇപ്പോഴത്തെ ജീവിതം. അച്ഛൻ മദ്യപിച്ച് മച്ചിൻ മുകളിൽ കിടന്നുറങ്ങുമ്പോൾ അമ്മ കാര്യസ്ഥനുമായി വ്യഭിചരിക്കുന്നതുകണ്ട് നാടുവിട്ടതാണ് അയാൾ. തിരിച്ചുവന്നത് രോഗിയായിട്ടാണ്. എരേച്ചൻ നായരെന്ന കാര്യസ്ഥൻ വിദഗ്ധമായി പണികഴിപ്പിച്ച എട്ടുകെട്ട് അയാൾക്ക് സ്വയം സുഖിക്കാൻ വേണ്ടിത്തന്നെയായിരുന്നു. അന്തഃപുരസ്ത്രീകളുടെ ഗർഭങ്ങളിലൂടെ അയാൾ സ്വന്തം മക്കളെ വളർത്തി. മൂത്ത യശമാനന്റെ പേരിൽ. തോൽക്കാൻ ഇഷ്ടമില്ലാത്ത എരേച്ചൻ നായർ ഒരു സ്ത്രീയോടു തോറ്റു. വിത്തിന്റെ മുള പൊട്ടാറായപ്പോൾ അവർ നിഷ്ക്കരുണം നശിപ്പിച്ചു തന്നെ അടക്കം. മൂത്ത യശമാനനു ഭ്രാന്തുപിടിച്ചു. എരേച്ചൻ നാടുവിട്ടു. എരേച്ചൻ നായരുടെ മറ്റൊരു പതിപ്പാണ് റൈറ്റർ അച്യുതനും. എന്താണു രോഗമെന്നറിയിക്കാതെ വല്യേടത്തെ അവസാനത്തെ കണ്ണിയെ അയാൾ മരുന്നു തീറ്റിച്ചു. ആ ചികിത്സാ പദ്ധതിയിലെ ഒരിനമായിരുന്നു ഈ വിവാഹവും.

ഭർത്താവിന്റെ കെടാതെനിൽക്കുന്ന ആസക്തികൾ സാവിത്രിയെ അസഹ്യപ്പെടുത്തി. ചൊറിയൻ പുഴുക്കളുടെ ഇഴച്ചിൽ പോലെയായിരുന്നു അയാളുടെ സ്പർശനം. സങ്കടങ്ങളിൽ പുതഞ്ഞ് രോഗം മൂർച്ഛിച്ച് അയാൾ മരിച്ചപ്പോഴും സാവിത്രിയ്ക്ക് ഒന്നും തോന്നയില്ല. പഴയ കാര്യസ്ഥൻ സമ്പാദിച്ചുവച്ചതിന്റെ അവകാശിയായി സാവിത്രിയുടെ വയറ്റിൽ ഒരു ബീജം അയാൾ നിക്ഷേപിച്ചു കഴിഞ്ഞിരുന്നു. അച്യുതന്റെ സൂത്രക്കുരുക്കൾ അവളിൽ മുറുകിക്കൊണ്ടിരുന്നു. പാൽക്കഷായത്തിന്റെയും ലേഹ്യത്തിന്റെയും ഗന്ധങ്ങൾക്കു ശേഷം ഒരു പുതിയ ഗന്ധമായിരുന്നു അയാൾ. ഒരു കുഞ്ഞിനു വേണ്ടിയുള്ള സാവിത്രിയുടെ ദാഹം ശക്തമായിരുന്നു. വല്യശമാനനുമായുള്ള സാവിത്രിയുടെ വിവാഹത്തിനു മുമ്പ് കാമുകനോട് തനിക്കൊരു കുഞ്ഞിനെത്തരാൻ കൂസലില്ലാതെ അവൾ ആവശ്യപ്പെടുന്നു. സദാചാരഭീരുവായ കാമുകനെ പരിഹസിച്ചുവിടുകയും ചെയ്യുന്നു.

വല്യേടത്തെ യശമാനന്റെ കുട്ടിയെ പ്രസവിക്കാൻ അവൾക്ക് താല്പര്യമില്ലായിരുന്നു. അരക്കില്ലത്തിൽ തന്നെ തളച്ചിടാനുള്ള രണ്ടാമത്തെ തൂണായിരിക്കും അത് എന്നവൾ കരുതി. അച്യുതേട്ടനെന്ന ഒറ്റുകാരന്റെ കൂടി വിജയമാകും അത്. കാര്യസ്ഥന്റെ മാന്ത്രികച്ചരടിനറ്റത്തെ കളിപ്പാവയായ ഭർത്താവിനോട് സ്നേഹകാരുണ്യങ്ങൾ അവളിൽ നിറയുന്നുണ്ട്. അരക്കില്ലത്തിൽ നിന്നു രക്ഷപ്പെടാനുള്ള സാവിത്രിയുടെ ത്വര ശക്തമാകുന്നു. ഭർത്താവിന്റെയും കുഞ്ഞിന്റെയും മരണം ബന്ധനങ്ങളുടെ കുരുക്കഴിച്ചപ്പോൾ വഴിമുടക്കിനിന്നത് കാര്യസ്ഥൻ അച്യുതേട്ടനാണ്. അച്യുതന്റെ കരവലയം തന്റെ മൂന്നാമത്തെ ചങ്ങലയായി അവൾ അനുഭവിച്ചു. പുരുഷഗന്ധം കൊണ്ടുവന്ന അയാളോട് നന്ദിയുള്ളവളായെങ്കിലും തനിക്കൊരു കുഞ്ഞിനെ തരാത്ത ആ പൗരുഷത്തെ അവൾ വെറുത്തു. അവളുടെ കൊഴുത്ത ശരീരത്തോടു പൊരുതുമ്പോഴും വിധവയ്ക്ക് കുഞ്ഞുപിറക്കരുതെന്ന നിർബന്ധമായിരുന്നു അയാൾക്ക്.

സ്വയം ഷണ്ഡനായ അയാളെ പുച്ഛത്തോടെ തിരസ്ക്കരിക്കുകയാണ് സാവിത്രി.

വില്ലേജ് എക്സിക്ക്യൂട്ടീവ് ആയി വന്ന് പടിഞ്ഞാറേ കെട്ടിൽ വാടകയ്ക്കു താമസിക്കുന്ന ചെറുപ്പക്കാരൻ പഴയ കാമുകൻ അവളെ ജീവിതത്തിലേക്കു ക്ഷണിക്കുന്നുണ്ട്. എനിക്കൊരു കുഞ്ഞിനെ തരുമോ എന്ന പഴയ ചോദ്യമാണ് അവൾ ആവർത്തിക്കുന്നത്. ഒന്നിച്ചു ജീവിക്കാമെന്ന അയാളുടെ ആഗ്രഹത്തെ കടുത്ത വാക്കുകൾ കൊണ്ടാണ് സാവിത്രി നേരിടുന്നത്. "നിങ്ങൾ രണ്ടുപേരും ഭീരുക്കളാണ്. ഒളിച്ചുനിന്ന് അപഹരിച്ചു തിന്നുന്ന നായ്ക്കൾ. ഒരാൾ വിധവയ്ക്ക് കുഞ്ഞുപിറക്കരുതെന്നു കരുതി സ്വയം ഷണ്ഡനായി. നിങ്ങൾ എന്നെ കല്യാണം കഴിക്കുമെന്ന്! പേരുദോഷം വരാതിരിക്കാൻ"(1977:154). ഭീരുക്കളാണ് വ്യവസ്ഥയുടെ ഏറ്റവും നല്ല സംരക്ഷകന്മാർ. വാക്കും കർമ്മവും ജീവിതവും നീട്ടിവയ്ക്കുന്ന ഭീരുത്വത്തെയാണ് സാവിത്രി വെറുത്തത്. ഭീരുത്വം വെടിഞ്ഞ് അവൾ അരക്കില്ലം ഭേദിക്കുകയാണ്.

### 3.2.5. നമ്പരുകൾ

ഭരണകൂടത്തിന്റെ സെൻസസ് രേഖയിലെ നമ്പരുകൾ മാത്രമായി സമൂഹത്തിന്റെ പുറമ്പോക്കിൽ താമസിക്കുന്ന ഒരുകൂട്ടം കുടുംബങ്ങളുടെ കഥയാണ് വത്സലയുടെ നമ്പരുകൾ എന്ന നോവൽ. വൈകിയാണെങ്കിലും അധികാരികളുടെ ഔദാര്യം കൊണ്ടുകിട്ടിയ പൊൻപാറക്കുന്നിന്റെ തുണ്ടുഭൂമികളിൽ ഓലകെട്ടിപ്പാർക്കുകയാണ് അവർ. പല ജാതിക്കാരുണ്ട് അവരിൽ. കുലത്തൊഴിൽ ചെയ്യുന്നവർ. ജീവിതായോധനത്തിന് കുലത്തൊഴിൽ മതിയാകില്ലെന്നറിഞ്ഞ് മറ്റു പണികൾക്കായി തെണ്ടുന്നവർ. വയറ്റുപ്പിഴപ്പിനുള്ള വഴി തേടുന്ന ഇവരിൽ സ്നേഹവും കലഹവും ഇടകലരുന്നു.

ഒരുമയോടെ പാർക്കുന്ന കീഴാളകുടുംബങ്ങളാണ് ഈ നോവലിൽ. അവർ പരസ്പരം കലഹിക്കാറില്ല.പട്ടിണിയുടേയും ദാരിദ്ര്യത്തിന്റെയും അസ്വാസ്ഥ്യങ്ങളാണ് അവനവനോടുതന്നെയുള്ള കലഹങ്ങളായി ചിലപ്പോഴെങ്കിലും പുറത്തുവരുന്നത്. ജിവിക്കുക എന്നതിൽക്കവിഞ്ഞ മോഹമൊന്നും അവർക്കില്ല. കുടുംബത്തോട് ഉത്തരവാദിത്വം പുലർത്തുന്നത് ഇവിടെയും സ്ത്രീകൾതന്നെ. ഭർത്താവ് എന്നത് പേരിനുമാത്രമുള്ള ഒരു ആൺ തുണയാണ് അവർക്ക്. നോവലിലെ പുരുഷന്മാർ ഭാര്യമാരെ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്നു. പുരുഷന്മാർ സ്വന്തം സുഖം തേടിപ്പോകുന്നവരോ കുടുംബത്തോട് ആഭിമുഖ്യമില്ലാത്തവരോ ആണ്. കിടപ്പറയിലെ കൂട്ടാളികളും, ഗർഭം ധരിപ്പിക്കുന്നവരും എന്ന റോളാണ് അവർക്കുള്ളത്. ആറുമക്കളുടെ മാതാവും പ്രാരാബ്ധക്കാരിയുമായ നാരായണി തത്വജ്ഞാനം വിളമ്പുകയും തകിലുകൊട്ടിപ്പാടുകയും ചെയ്യുന്ന ഭർത്താവ് പാച്ചനെ ബഹുമാനിക്കുന്നു. പൊൻപാറക്കുന്നിന്റെ പുറത്ത് ആദ്യത്തെ കുടിൽ വച്ച അമ്മിണി ഭർത്താവിനെ വിറപ്പിക്കുന്ന ഭാര്യയാണെങ്കിലും അയാളോട് ഏറെ സ്നേഹമുള്ളവൾ തന്നെ. സുന്ദരിയും ചെറുപ്പക്കാരെ മയക്കുന്നവളുമായ കുംഭാരത്തി

സുന്ദരി ഭർത്താവ് നാഗപ്പനെ നിലയ്ക്കു നിർത്തുന്നവളാണ്. സ്വേച്ഛാചാരിണിയാണെങ്കിലും നാഗപ്പന് സുന്ദരിയെ വെറുക്കാനാകുന്നില്ല.

കേശവേട്ടന്റെ മകൾ രാധ സ്ത്രീ സഹജമായ തന്റെ അഭിലാഷങ്ങൾ മുരടിച്ചു പോകുന്നതിൽ അച്ഛനമ്മമാരോടു പകയുള്ളവളാണ്. കുന്നുംപുറത്തുനിന്ന് ഊരുതെണ്ടാൻ പോകാത്ത കാര്യമായൊരു വേലയും ചെയ്യാനില്ലാത്ത സ്ത്രീയാണ് അവൾ. കൗമാരത്തിന്റെ സ്വപ്നങ്ങളിലും നിരാശകളിലും പെട്ടുകിടക്കുന്നവൾ. ആറുമക്കളേയും ഭർത്താവിനേയും പോറ്റേണ്ട ജീവിത ഭാരം നാരായണിയ്ക്കാണ്. പാച്ചൻ കുലത്തൊഴിൽ അനുസരിച്ച് തിരുവരങ്കനെ തകിലുകൊട്ടിപ്പാടി ഉണർത്തിക്കൊണ്ടിരുന്നെങ്കിലും വരുമാനം കിട്ടിയില്ല. അയാൾ സ്വന്തം കഴിവുകേടിനേയും ദാരിദ്ര്യത്തേയും പഴിക്കുക മാത്രം ചെയ്തു. മൺവെട്ടിയെടുക്കാനോ ചുമടെടുക്കാനോ അയാൾക്ക് ആവില്ലായിരുന്നു. ചിലപ്പോഴെല്ലാം അയാളുടെ ദുരഭിമാനം നാരായണിയെ പണിക്കുപോകരുതെന്നു വിലക്കി. ഭാര്യയെ പോറ്റുന്ന ഭർത്താവാകാൻ മനസ്സിൽ മോഹമുണ്ടെങ്കിലും അയാൾ പണിയെടുത്തില്ല. ഗതികേടിന്റെ പാരമ്യത്തിൽ സഞ്ചരിച്ച നാരായണി പുറം ജോലികളും അടുക്കള ജോലികളും ചെയ്ത് മക്കളേയും ഭർത്താവിനേയും ഊട്ടി. പകൽ വീടുപണി, അടിച്ചുതളി, പാത്രം കഴുകൽ, തുണി തിരുമ്പൽ, നെല്ലുകുത്തൽ, എന്നിട്ടും വിശപ്പിനു പരിഹാരമായില്ല. ദാരിദ്രത്തിന്റെ അന്തമില്ലായ്മയിൽ അവൾ ഭർത്താവിനോട് ''നിങ്ങൾ എനിക്ക് ഒരുകുപ്പി മൂട്ടവിഷം വാങ്ങിത്തരുമോ'' എന്നു ചോദിക്കുന്നുണ്ട്.

കടംമേടിക്കാൻ കടയിൽ ചെന്ന നാരായണിയ്ക്ക് കടക്കാരൻ കേളന് വഴങ്ങിക്കൊടുക്കേണ്ടി വന്നു. സ്ത്രീത്വത്തിന്റെ ഏറ്റവും വലിയ ഗതികേടുകളിലൊന്നായി നാരായണി അതും അനുഭവിച്ചു. ''പെണ്ണായാൽ ബുദ്ധിവേണം. നല്ല പെണ്ണായാൽ നല്ല ബുദ്ധിവേണം''. ഇതായിരുന്നു കേളന്റെ കമന്റ്. കൂട്ടിക്കൊടുപ്പുകാരിയുടെ റോളിലും നാരായണിയ്ക്ക് അഭിനയിക്കേണ്ടിവന്നു. കറുപ്പനും സുന്ദരിയും ഒന്നിച്ച് അന്തിയുറങ്ങുന്നത് നാരായണിക്കുമാത്രം അറിയാവുന്ന ഒരു രഹസ്യമായിരുന്നു. അവർക്കുവേണ്ടി ഇറച്ചിയും ചോറും ഉണ്ടാക്കുന്നത് നാരായണിയാണ്. അതിൽ ഒരു പങ്ക് തന്റെ വിശപ്പടക്കാൻ കിട്ടുമല്ലോ എന്ന ചിന്ത കൊണ്ടു മാത്രം. മക്കളെയും ഭർത്താവിനേയും ഊട്ടി കഴിയുമ്പോൾ തനിക്കൊന്നും ശേഷിക്കാറില്ല. നാരായണി വിശപ്പടക്കുന്നതിന്റെ ദയനീയ രംഗം നോവലിലുണ്ട്. വസൂരി പിടിച്ചു തളർന്ന കിഴവൻ ശങ്കുവാശാൻ കുടിച്ചതിന്റെ ബാക്കി കഞ്ഞി പെരുത്ത ആർത്തിയോടെ ആരും കാണാതെ നാരായണി കുടിക്കുന്നു. വിശപ്പിന്റെ ആർത്തിക്കു മുമ്പിൽ പകരാനിരിക്കുന്ന രോഗത്തെക്കുറിച്ച് അവൾ ഓർത്തില്ല. പണത്തിനായി ശരീരം വിൽക്കാൻ വീണ്ടും അവൾ സന്നദ്ധയാകുന്നു.

### 3.2.6. ഗൗതമൻ

പിതൃമേധാവിത്തത്തിൽ അധിഷ്ഠിതമായ സാമൂഹികഘടനയുടെ വൈകൃതങ്ങൾ പ്രതീകാത്മകമായി അവതരിപ്പിക്കുന്നനോവലാണ് ഗൗതമൻ. രാമപുരം ഗ്രാമം രാമകൃഷ്ണപ്രഭുവിന്റെ ഏകശാസനയ്ക്കു കീഴിൽ ആണ്. നിയമവും പട്ടാളവും അയാളെ സംരക്ഷിക്കുന്നു. വിപ്ലവകാരികളായ ചെറുപ്പക്കാർ നശിപ്പിക്കപ്പെടുന്നു. സ്ത്രീകൾ പിച്ചിച്ചീന്തപ്പെടുന്നു. ഗ്രാമജീവിതം അസ്വാഭാവികതയുടെ പര്യായമാകുന്നു. ചെറുപ്പക്കാർ പൊയ്ക്കാലുകളിൽ നടക്കുന്നു. നിവർന്നു നിൽക്കാനുള്ള നട്ടെല്ലു നഷ്ടപ്പെട്ടവരാകുന്നു.

അപമാനിതയായി ഗ്രാമം വിട്ട് നഗരത്തിലേക്ക് ചേക്കേറിയതാണ് ഗൗതമന്റെ അമ്മ. ഒന്നരവയസ്സുകാരനായ ചോരക്കുഞ്ഞിനെ കന്യാസ്ത്രീമഠത്തിലുപേക്ഷിച്ച് അവർ ജീവിക്കാൻ ഒരു തൊഴിൽതേടി. ഗൗതമബുദ്ധന്റെ മുടിയിഴകളെ ഓർമ്മിപ്പിക്കുന്ന മുടിയുള്ള കുഞ്ഞിനെ ഗൗതമനെന്നു വിളിച്ചു വളർത്തി, മേട്രണായ സാവിത്രി അന്തർജ്ജനം. അമ്മ ഇടയ്ക്കെല്ലാം അവനെ കാണാനെത്തി. കൊല്ലത്തിലൊരിക്കൽ വിലകുറഞ്ഞ തുണിസഞ്ചിയിൽ അഞ്ചോ ആറോ മാമ്പഴങ്ങളുമായി അവൾ പ്രത്യക്ഷപ്പെട്ടു. ''അലക്കി വെളുപ്പിച്ച വസ്ത്രങ്ങളേ അമ്മ ധരിച്ചിരുന്നുള്ളൂ. ഒരു വീട്ടുവേലക്കാരിയുടെ അലക്കിത്തെളിഞ്ഞ വസ്ത്രങ്ങൾ. തേഞ്ഞുമാഞ്ഞുപോയ പുള്ളികൾ. എണ്ണമിനുക്കമുള്ള ഇടതിങ്ങിയ തലമുടി ചീകി വെടുപ്പായി കെട്ടിവയ്ക്കും''(1986:21).

അടുക്കളക്കാരിയും മേട്രനുമാണ് ഗൗതമന് അവന്റെ പൂർവ്വചരിത്രം പറഞ്ഞുകൊടുത്തത്. അനാഥമന്ദിരത്തിൽ ഇരുപത്തിരണ്ടു വർഷം കഴിഞ്ഞു അവൻ. സ്ക്കൂൾ പഠനം. ശകാരങ്ങൾ. അനാഥമന്ദിരത്തിലെ സ്ഥാനം നഷ്ടമായപ്പോൾ അവൻ ഹരിജൻ ഹോസ്റ്റലിലായി താമസം. വെള്ളവും വെളിച്ചവുമില്ലാത്ത അവിടത്തെ കോൺക്രീറ്റ് തുരങ്കങ്ങളിൽനിന്ന് അവൻ താമസിയാതെ വിടപറഞ്ഞു. പുസ്തകങ്ങൾ പെറുക്കിക്കൂട്ടി കടലവിൽപ്പനക്കാരന് വിറ്റു. കോളേജിലെ ലാബ് അറ്റന്ററുടെ ഔദാര്യത്തിൽഒന്നരമാസം താമസിച്ചു. ക്ലാസ്മേറ്റ് ഓമനകുമാരിയുടെ പിതാവിന്റെ സഹായം തേടിയെങ്കിലും ലഭിച്ചില്ല. നഗരത്തിലെ ന്യൂസ് സ്റ്റാന്റും ബസ് ഷെൽട്ടറും അവന് അഭയമായി. കോർപ്പറേഷനിൽ നിരത്തു പണിക്കാരനായി. രാത്രി ഗവൺമെന്റ് കോളേജിന്റെ പോർച്ചിൽ ഉറങ്ങി. രണ്ടാമത്തെ ആഴ്ച അമ്മയുടെ കത്ത് ഗൗതമനു ലഭിക്കുന്നു. ''എന്റെ മകനേ, ഞാൻ ആശുപത്രിയിൽ കിടക്കുകയാണ്. ഇന്ന് അവർ എന്നെ ഡിസ്ചാർജ് ചെയ്യും. വന്ന് കൊണ്ടുപോവുക''(1986:33). കൂലിമേടിച്ച് ആശുപത്രിയിലെത്തുന്ന ഗൗതമൻ അഴിമതിക്കാരനായ ഡോക്ടറെ ജനകീയ വിചാരണ ചെയ്യുന്ന ഒരുപറ്റം ചെറുപ്പക്കാരെയും അവരെ വേട്ടയാടാനെത്തിയ പോലീസിനേയും ഭയന്ന് ഗൗതമൻ ആശുപത്രിയിൽ അമ്മയെ വാർഡുതോറും അന്വേഷിച്ചു നടന്നു. വയസ്സുകാലത്ത് അമ്മയെ സംരക്ഷിക്കണമെന്നത് അവന് കിട്ടിയ ബോധോദയമായിരുന്നു. അതിന് എന്തു ത്യാഗംസഹിക്കാനും ഗൗതമൻ

തയ്യാറാകുന്നു. നാട്ടിലേക്കു പോകണമെന്നും അവിടെക്കിടന്നു മരിക്കണമെന്നു മായിരുന്നു അമ്മയുടെ ആഗ്രഹം. ആ നിമിഷത്തെയാണ് ഗൗതമൻ ഭയപ്പെട്ടതും. പാരമ്പര്യമായി കിട്ടിയ ക്ഷയരോഗമായിരുന്നു അമ്മയ്ക്ക്. അച്ഛനും മുത്തച്ഛനുമെല്ലാം ഇതേ രോഗമായിരുന്നു എന്ന് അവർ പറഞ്ഞു. ഗതിയില്ലാത്തവർക്ക് വിധിച്ചതാണത്രേ ക്ഷയരോഗം. നാട്ടിലേക്കുള്ള യാത്രാമധ്യേ അമ്മയുടെ ഓർമ്മകൾ. സ്വന്തം ഗ്രാമത്തിലെത്താതെ അമ്മ മരിക്കില്ലെന്ന് അവൻ വിശ്വസിച്ചു. രാമപുരം വിലക്കപ്പെട്ട പ്രദേശമാണ്. വഴി ദുർഘടമാണ്. കാലം അതിലേറെ മോശം. വണ്ടികളൊന്നും കടത്തിവിടുന്നില്ല. അത്യാവശ്യക്കാർ നടന്നുപോകുന്നു. അർദ്ധരാത്രിയിൽ ഏതോ ഒരുവളുടെ ശരീരത്തിന്റെ തടവറയിൽ ഊമയും കുരുടനും മൂഢനുമായി ഗൗതമൻ കിടന്നു. നെഞ്ചത്തെ കാലിയായ കുപ്പായക്കീശയും ഒട്ടിയവയറും കണ്ട് അവൾ അവന് ഒരുനേരത്തെ ഭക്ഷണവും ഊട്ടിയിരുന്നു. തന്റേത് ഒരു വൃത്തികെട്ട ഉൾപ്രേരണയാൽ ചലിക്കുന്ന മൃഗത്തിന്റെ ഉടലാണെന്ന് ഗൗതമൻ ഓർത്തു(1986:62). മഴയിൽ ചുരമിടിഞ്ഞതിനാൽ രാമപുരത്തേക്ക് നടന്നുതന്നെ പോകണം. നനഞ്ഞ മാറാപ്പായി മാറിയ അമ്മയേയും കൊണ്ട് ഗൗതമൻ ആശുപത്രിയിലെത്തി. ഒരാഴ്ചയ്ക്കു ശേഷം ആശുപത്രിയിൽ ചെന്നപ്പോൾ കണ്ടത് വെള്ളത്തുണിയിൽ പൊതിഞ്ഞ അമ്മയുടെ ജഡമാണ്. രാമപുരത്തെ കലാപകാരികളുടെ ഇടയിലേക്കു പോകാതെ ഇവിടെ മനസ്സമാധാനത്തോടെ മരിക്കാൻ കഴിഞ്ഞതിൽ ഗൗതമന്റെ അമ്മ ഭാഗ്യവതിയാണെന്ന് കന്യാസ്ത്രീ പറയുന്നു(1986:84).

ഒരു കൊച്ചു മൺകുടത്തിൽഅമ്മയുടെ ചിതാഭസ്മവുമായി ഗൗതമൻ രാമപുരത്തെത്തുന്നു. കലാപകാരികൾ തമ്പടിച്ചിരിക്കുകയാണ് അവിടെ. ചെക്ക്പോസ്റ്റിൽ വച്ച് ഗൗതമനെ പലവുരു ചോദ്യം ചെയ്യുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ട് അവർ. അമ്മയുടേതായിരുന്ന പഴകി നരച്ച പേഴ്സ് അവർ സ്വന്തമാക്കുകയും ചെയ്തു. വഴിയോരത്തെ ആൽച്ചുവട്ടിൽ ഒക്കത്ത് ഒരു കുഞ്ഞും കയ്യിൽ മറ്റൊരു പെൺകുട്ടിയുമായി നില്ക്കുന്ന സ്ത്രീയെ ഗൗതമൻ കാണുന്നു.

രാമപുരത്തെ ഗ്രാമീണർ മുടന്തുള്ളവരായിരുന്നു. വടിയൂന്നി നടക്കുന്ന വൃദ്ധൻമാരും യുവാക്കളും ഗൗതമനെ അമ്പരപ്പിച്ചു. മുടന്തില്ലാത്ത കുറ്റത്തിന് ഗൗതമൻ ഗ്രാമമുഖ്യന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു. കരംപിരിവായി അമ്മയുടെ മുണ്ട് അവർ പിടിച്ചുവാങ്ങുന്നു. ആരുമില്ലാത്തിടത്തേക്കാണ് താൻ പോകാൻ ആഗ്രഹിക്കുന്നത് എന്നു പറഞ്ഞ നന്ദിനി രാമപുരത്തേക്കുള്ള യാത്രയിൽ ഗൗതമനോടൊപ്പം ചേരുന്നു. നന്ദിനിയിലൂടെ തന്റെ അമ്മ പുനർജ്ജനിക്കുന്നതായി തോന്നി ഗൗതമന്.

സ്വന്തം കാലിൽ നടക്കാറാകുമ്പോൾ ഗ്രാമത്തിലെ ചെറുപ്പക്കാരെല്ലാം മുടന്തന്മാ രാകുന്നുവെന്ന് നന്ദിനി പറഞ്ഞു. ജോലി ചെയ്തു കിട്ടുന്ന കേസരിപ്പരിപ്പു തിന്നാൽ മുട ന്തിയാവും. അതുകൊണ്ട് പരിപ്പിനുപകരം അവൾ അരിചോദിച്ചു വാങ്ങുകയും പകരം

തമ്പുരാന്റെ മകനുവേണ്ടി കളപ്പുരയിലേക്കു ചെല്ലുകയും ചെയ്തു.(1986: 111)

തോട്ടം ഉടമകളുടെ ബംഗ്ലാവിനു തീ വയ്ക്കുന്ന കലാപകാരികളെക്കുറിച്ച് വൃദ്ധൻ ഗൗതമനോടു സംസാരിച്ചു. രാമകൃഷ്ണപ്രഭുവിനെക്കുറിച്ച് ചോദിച്ചപ്പോഴെല്ലാം ഗ്രാമീണർ സംശയദൃഷ്ടിയോടെ ഗൗതമനെ നോക്കി. പാതയോരങ്ങളിൽ തോക്കുധാരികളുണ്ടായിരുന്നു. രാമകൃഷ്ണപ്രഭുവിന്റെ ബംഗ്ലാവിലെത്തിയ ഗൗതമൻ അമ്മയുടെ വാക്കുകളോർമ്മിച്ച് ആ പരിസരത്തെ പരിചയപ്പെടാൻ ശ്രമിച്ചു. താൻ പ്രകൃതിയുടെ ഒരു ഭാഗമായി മാറുന്നുവെന്ന് ഗൗതമനറിഞ്ഞു. മനുഷ്യനിൽ നിന്നുള്ള ഒരു രൂപാന്തരപ്രാപ്തി അയാളാഗ്രഹിച്ചിരുന്നു.(1986:122)

കാട്ടുപുല്ലു വകഞ്ഞുമാറ്റി കുഴികുത്തി ഗൗതമൻ അമ്മയുടെ ചിതാഭസ്മം സംസ്കരിച്ചു. താഴ്വരയുടെ കറുത്ത മണ്ണിന് ചിതാഭസ്മം നല്കി അയാൾ കുഴിനികത്തി. കളപ്പുരയിൽ നിന്നു സംഭരിച്ച വിത്തുകൾ അവിടെ പാകി. വിത്തുമുളക്കുമ്പോൾ അമ്മ പുനർജ്ജനിക്കുമെന്ന പ്രത്യാശിച്ചു. മനുലനിൽ നിന്നുള്ള രൂപാന്തര പ്രാപ്തി ഗൗത മനിൽ സംഭവിച്ചു കഴിഞ്ഞിരുന്നു. അയാൾ ഇടയ്ക്ക് ശിശുവായി - പ്രാകൃതനായി - മൃഗമായിക്കൊണ്ടിരുന്നു.(ഞെട്ടിയുണർന്നു ശൂന്യതയിലേക്കു തുറിച്ചു നോക്കുന്ന ശിശുവായി) മാംസം ചുട്ടുതിന്നു വിശപ്പടക്കുന്ന പ്രാകൃതനായി. കൊച്ചുജന്തുക്കളെ അപ്പപ്പോൾ പിടിച്ചു തിന്നുന്ന ജന്തുവായി- ഈ ബംഗ്ലാവുമായി തനിക്കു ബന്ധമൊന്നുമില്ല. ഒരു മുജ്ജന്മ പാപം പോലെ അത് തന്റെ ജീവിതയാത്രയിൽ തടസ്സം സൃഷ്ടിക്കുകയാണെന്ന് ഗൗതമൻ ചിന്തിച്ചു.ഉറുമ്പിൻ മുട്ടകൾ, കൂണുകൾ, തേൻ കൂടുകൾ - ഭൂമിയിലെ സമസ്ത രുചിഭേദങ്ങളും ഗൗതമനറിഞ്ഞു. പച്ചപ്പയ്യുകളേയും പുൽച്ചാടികളേയും പിടിച്ചുതിന്നു. ശരീരത്തിന്റെ ഭാരം ഒഴിഞ്ഞു. അന്നാദ്യമായി അമ്മയുടെ മുലപ്പാലിന്റെ മാധുര്യവും രുചിയും അവൻ അനുഭവിച്ചു.(1986:140) വെളിച്ചമാണ് കണ്ണുകളോട് ശത്രുത പുലർത്തുന്നതെന്നും അവനറിഞ്ഞു. അടിമയായിരുന്ന അമ്മയുടെ മകൻ ഏതായാലും അടിമയാകണ്ട എന്ന് ഗൗതമൻ തീരുമാനിക്കുന്നു.

കലാപകാരിയായ ചെറുപ്പക്കാരൻ - അയാളിൽ നിന്നു രക്ഷപ്പെടാലായി പലപ്പോഴും ഗൗതമന്റെ ലക്ഷ്യം. കലാപകാരിയാണെന്ന് സംശയിച്ച് ഗൗതമന്നെ പോലീസുകാർ ലോക്കപ്പിലിട്ടു ചോദ്യം ചെയ്തു. പീഢനമേല്പിച്ചു. വന്ധ്യാകരണത്തിന് അവർ അയാളെ വിധേയനാക്കി. അത് ഗൗതമനെ അപമാനിതനാക്കി. അമ്മ ഭീരുവായിരുന്നു. ഒളിച്ചോടി. പിറന്ന കുഞ്ഞിനെ അനാഥമന്ദിരത്തിന്റെ പടിക്കലെ തൊട്ടിയിലുപേക്ഷിച്ച് ജീവിതകാലം മുഴുവനും അടിച്ചുതെളിച്ചു. എച്ചിൽ തിന്നു ജീവിച്ചു.

“മിടുക്കുണ്ടായിരുന്നെങ്കിൽ അന്നേ അച്ഛനെക്കൊണ്ട് ലോക്കപ്പിലെത്തിയേനെ” (153)എന്ന് ഗൗതമൻ ചിന്തിക്കുന്നുണ്ട്.

കൊട്ടാരത്തിൽ പാർത്ത് ഒളിപ്രവർത്തനം നടത്തുന്ന വിപ്ലവകാരികളോട് ഗൗതമന് അവിശ്വാസം തോന്നുന്നു. പ്രകൃതിക്കനുസരിച്ചു ജീവിക്കാതെ സ്വന്തം രുചിഭേദങ്ങൾക്കനുസരിച്ചുതന്നെ ജീവിക്കാനാണവർ ശ്രമിക്കുന്നതെന്ന് ഗൗതമൻ മനസിലാക്കി. ഉറുമ്പിൻ കൂട്ടത്താൽ പൊതിഞ്ഞ ചോരക്കുഞ്ഞിനെ (നന്ദിനിയുടെ) ഗൗതമൻ കാണുന്നു. നന്ദിനി ഗൗതമനു കഞ്ഞി വിളമ്പി - അവളുടെ തന്തയില്ലാത്ത കുഞ്ഞിന്റെ ഭാവിയെപ്പറ്റി ഗൗതമൻ ചിന്തിച്ചു.

നിസ്സാരനായ തനിക്ക് ഈ ലോകത്തിനു വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ഗൗതമൻ സംശയിക്കുന്നുണ്ട്. നന്ദിനിയോടൊത്തുള്ള ജീവിതം - അവളുണ്ടാക്കിയ നാടൻ ഭക്ഷണം അയാളിൽ അമ്മയെക്കുറിച്ചുള്ള ഓർമ്മകളുണർത്തി. നന്ദിനിയുടെ അന്നമൂട്ട് ഗൗതമന് അലോസരമായി. അവസാനത്തെ അത്താഴക്കഞ്ഞി ഗൗതമനെ നിർബന്ധിച്ചു കുടിപ്പിച്ച് അവൾ താൻ ഗ്രാമത്തിലേക്കു പോകുകയാണെന്നറിയിച്ചു. കുഞ്ഞിനെ അനാഥമന്ദിരത്തിലേല്പിച്ചു. പ്രതികാരമൂർത്തിയായ തന്റെ അമ്മയുടെ പുനരവതാരമായി ഗൗതമൻ നന്ദിനിയെ കണ്ടു. ആ കാട്ടു മൂലയിൽ താനെന്തിനു തനിച്ചു ജീവിക്കണമെന്നായിരുന്നു അവളുടെ ചോദ്യം.

ഈച്ചയാർത്ത് മൃഗങ്ങൾ കടിച്ചു വലിച്ച് വികൃതമായി ഒരു ചെറുപ്പക്കാരന്റെ ജഢം ഗൗതമൻ കണ്ടു. കളത്തിൽ നിന്ന് വീണ്ടും കുഞ്ഞിന്റെ കരച്ചിൽ - ഗൗതമൻ ബംഗ്ലാവിലെ കരിയിലക്കൂമ്പാരത്തിന് തീകൊടുത്തു. അതൊരു പൊട്ടിത്തെറിയോടെ ആകാശത്തേക്കു ജ്വലിച്ചുയർന്നപ്പോൾ കുഞ്ഞ് ഗൗതമന്റെ നെഞ്ചിലള്ളിപ്പിടിച്ചു.

### 3.2.7. തകർച്ച

കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്കുള്ള പരിവർത്തഘട്ടത്തെ അടയാളപ്പെടുത്തുന്ന നോവലാണ് തകർച്ച. കൂട്ടുകുടുംബ ജീവിതത്തിന്റേയും അതിന്റെ മൂല്യങ്ങളുടേയും തകർച്ചയാണ് നോവലിലുള്ളത്. ഗൃഹാതുരതയോടെയും വേദനയോടെയും ആ തകർച്ചയെ നോക്കിക്കാണുന്ന കഥാപാത്രങ്ങളാണ് സരസുവും അച്ഛൻ രാരുക്കുട്ടിയും. അന്തസ്സിന്റേയും ആഭിജാത്യത്തിന്റേയും തടവിൽനിന്നു പുറത്തു കടക്കാനാകാത്തയാളാണ് അച്ഛൻ കാലത്തിനൊത്തു ചിന്തിക്കാനും ജീവിക്കാനും മോഹിക്കുമ്പോഴും പാരമ്പര്യബോധങ്ങൾ അധീരയാക്കുകയാണ് സരസുവിനെ.

പൂർവികസ്വത്തിന്റേയും സമ്പന്നതയുടേയും പ്രതാപകാലത്തുനിന്നുള്ള തിരിച്ചിറക്കം രാരുക്കുട്ടിയുടെ ഗൃഹാതുരസ്മൃതികളായി നോവലിൽ നിറഞ്ഞുനില്ക്കുന്നു. അച്ഛന്റെ മരണത്തോടെ കുടുംബഭാരം സ്വന്തം ചുമലിലേറ്റു വാങ്ങി കഠിനാധ്വാനം ചെയ്തെങ്കിലും അവസാനം പഴിയും അവഗണനയും കേൾക്കേണ്ടി വരുന്നു അയാൾക്ക്. അനിയന്മാരും പെങ്ങന്മാരും അവരുടെ ഭാഗം വാങ്ങി പിരിയുന്നതോടെ മാനസികമായി തകർച്ചയെ

നേരിടുന്നുണ്ട്. രാരുക്കുട്ടി. തറവാട്ടുസ്വത്തും നിലങ്ങളും വല്ലപ്പോഴായി വിൽക്കേണ്ടിവന്നത് ഏറെ അംഗങ്ങളുള്ള വലിയ കുടുംബത്തെ പോറ്റാൻ വേണ്ടിത്തന്നെയാണ്.

ഇതൊക്കെ വിറ്റുമുടിക്കാൻ ഇവനൊരുത്തൻ ഉണ്ടായാമതിയല്ലോ(1968:147)എന്നു മുത്തശ്ശി പഴിക്കുന്നു. എല്ലാം വിറ്റുതുലച്ചു. അവസാനം ചാവുമ്പഴ് കുഴിച്ചിടാൻ മണ്ണുണ്ടാവൂലേ ദൈവേ എന്നും അവർ നിലവിളിയ്ക്കുന്നുണ്ട്. സ്വന്തം മക്കളെ നല്ലരീതിയിൽ വളർത്താൻ രാരുക്കുട്ടിക്കു കഴിഞ്ഞില്ല. രാരുക്കുട്ടിയുടെ മൂന്നുമക്കളിൽ ഇളയവളാണ് സരസു. സരസു മുതിർന്നപ്പോഴേക്കും വലിയ തറവാട് ഏതാണ്ടു ശൂന്യമായിക്കഴിഞ്ഞിരുന്നു. അച്ഛനുമമ്മയും മുത്തശ്ശിയും താനും മാത്രമടങ്ങുന്ന ദരിദ്രമായ കുടുംബം. ഏട്ടൻ ദൂരദേശത്തൊരു ജോലി നേടുകയും വിവാഹിതനായി അവിടെ സ്ഥിരമാക്കുകയും ചെയ്തു. വലിയൊരു വീട്ടിലെ വധുവായി ചേച്ചിയും കുടുംബത്തിൽനിന്നകന്നു. കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യത പീന്നിട് സരസുവിനായി. പഠിച്ച് ജോലിസമ്പാദിക്കാൻ അച്ഛന്റെ പാരമ്പര്യാഭിമാനം സമ്മതിച്ചില്ല.

പഠിച്ചിട്ടെന്താ - പെണ്ണുങ്ങൾക്ക് ഉദ്യോഗമൊന്നും പറ്റില്ല (1968:197) എന്ന് അച്ഛൻ. ക്ലാർക്കുദ്യോഗം കിട്ടിയപ്പോൾ അച്ഛൻ പറഞ്ഞു പെണ്ണുങ്ങൾ വേല ചെയ്താൽ തറവാട്ടിനാ മോശം(1968:245) വല്ല നാട്ടിലും ഒരു ലോവർഡിവിഷൻ ക്ലാർക്കിന്റെ ജോലി കിട്ടീടെന്താ - പോകണ്ട (1968:249) കുടുംബക്കാരെല്ലാം മോശക്കാരിയായി കാണുന്ന യശോദ ഇളയമ്മയാണ് ട്രെയിനിംഗിനു പോകാനും ജോലി നേടാനും അവളെ പ്രോത്സാഹിപ്പിച്ചത്. യശോദ ഇളയമ്മ ഒരു ക്ലാർക്ക് ജോലി നേടിയിരുന്നു. എന്തു കുറ്റമുണ്ടെങ്കിലും അവർ ബുദ്ധിമതിയാണ്, തന്റേടിയാണ്. കല്യാണം കഴിച്ചിവിടെ വന്നതിനു ശേഷം തോറ്റപരീക്ഷയ്ക്കിരുന്നു ജയിച്ചില്ലെ. ഒരു ക്ലാർക്കിന്റെ ഉദ്യോഗം നേടിയില്ലെ(1968: 246)

യാഥാസ്ഥിതികമായ ചുറ്റുപാടുകളെ തിരിച്ചറിയാൻ സ്ക്കൂൾ വിടുമ്പോൾ ഹെഡ്മിസ്ട്രസ് പറഞ്ഞ വാക്കുകളും സരസുവിനെ സഹായിച്ചു. ഇതുവരെ നിങ്ങൾക്കുവേണ്ടതെല്ലാം രക്ഷിതാക്കൾ തീരുമാനിച്ചു. ഭാവിയിൽ നിങ്ങളെ സംബന്ധിച്ചു തീരുമാനമെടുക്കേണ്ടത് നിങ്ങളാണ്. അതിനുള്ള തന്റേടം നിങ്ങൾക്കുണ്ടാകട്ടെ(1968: 249)

പെൺകുട്ടികൾക്കു ഭർത്താക്കന്മാർ നയിച്ചു ചെലവിനു കൊടുത്തുകൊള്ളും എന്ന വിശ്വാസക്കാരാണ് മുത്തശ്ശിയും അച്ഛനുമെല്ലാം. അധ്വാനിക്കുന്ന ഒരു കുടുംബനാഥൻ. അയാളുടെ തണലിൽ കഴിയുന്ന വലിയൊരു കുടുംബം. ഇതേ അവർക്കറിയൂ (1968:246) അമ്മയായിരുന്നു സരസുവിന് മറ്റൊരാശ്രയം. അമ്മക്ക് നല്ലൊരുദ്യോഗം നേടാനുള്ള കഴിവും വിദ്യാഭ്യാസവുമുണ്ടായിരുന്നു. വായനയിൽ വലിയ കമ്പമുണ്ടായിരുന്നു. 13-ാം വയസ്സിൽ വധുവായി വന്നുകയറിയതോടെ വെറും അടുക്കളക്കാരിയും പ്രാരാബ്ധക്കാരിയുമായി അവർ. വലിയൊരു കുടുംബത്തിനു വച്ചു വിളമ്പി സ്വയം ഇല്ലാതായിപ്പോയ അമ്മ. വെച്ചു വിളമ്പുന്ന കൈകൾക്ക് ഒന്നും ശേഷിക്കാറില്ല.(1968:288,289)

പണിക്കരുമാഷുടെ മകൾ ലക്ഷ്മിക്കുട്ടി സരസുവിന്റെ സഹപാഠിയായിരുന്നു. ദരിദ്രയായിരുന്നെങ്കിലും പഠിയ്ക്കാനേറെ മിടുക്കി. പഠനത്തിൽ അവർ പരസ്പരം മത്സരിച്ചു. ടീച്ചേഴ്സ് ട്രെയിനിംഗിനു ചേരാൻ ലക്ഷ്മിക്കുട്ടിയ്ക്കു തടസ്സമുണ്ടായില്ല. സിംഗപ്പൂരിൽനിന്നു വന്ന അമ്മാവൻ വാസുമേനോൻ സാമ്പത്തിക സഹായം ചെയ്തതോടെ ദാരിദ്രത്തിൽ നിന്നവർ കരകയറി. അമ്മയുടെ അനുഗ്രഹത്തോടെയും അച്ഛന്റെ അർദ്ധ മനസ്സോടെയുംമാണ് സരസു ട്രെയിനിംഗിനു പോയത്. താമസിച്ചു പഠിയ്ക്കാൻ സുഭദ്രേടത്തിയുടെ വീട് തരപ്പെടുത്തിക്കൊടുത്തത് യശോദ ഇളയമ്മയാണ്. അവരുടെ ചേച്ചിയാണ് സുഭദ്രേടത്തി.

സുഭദ്രേടത്തി രഹസ്യമായി വാറ്റുചാരായമുണ്ടാക്കി വിറ്റ് പണം സമ്പാദിച്ചു. അവരുടെ വീട്ടിൽ നിന്ന് പഠിയ്ക്കുന്ന കാര്യമറിഞ്ഞപ്പോൾ അച്ഛൻ പൊട്ടിത്തെറിക്കുന്നുണ്ട്. ''പോകണ്ട പോയാൽ പിന്നെ നീ ഇപ്പടി കേറണ്ട'' (1968:259) തനിക്കു കൂടി വേണ്ടിയാണ് അവൾ സമ്പാദിക്കുന്നതെന്ന അറിവ് അവളെ നിശ്ശബ്ദയാക്കി.

നീ പോടി. അരക്കാശുണ്ടാക്കണമെങ്കിൽ ഇതൊക്കെ വേണം ആ കിടക്കുന്ന പെൺകുട്ടിയുടെ കാര്യം ഒന്നാലോചിച്ചുനോക്ക്. നല്ലവനായിരുന്നാൽ ഇക്കാലത്ത് ഒന്നും നടക്കില്ല എന്ന് സുഭദ്രേടത്തി യശോദയുടെ പറയുന്നത് അവൾ കേട്ടു. പഠിക്കാനുള്ള ദിവസങ്ങളിൽ ഒരു ജോലിക്കും സുഭദ്രേടത്തി അവളെ വിളിക്കാറില്ല. സർവതും തന്നത്താൻ ചെയ്യും. രമയേയും വിളിക്കും. പെൺക്കുട്ടികൾ സ്വയമറിഞ്ഞു ജീവിക്കാൻ പഠിക്കണം എന്ന സിദ്ധാന്തക്കാരിയായിരുന്നു അവർ.

വേലായുധൻ പാപ്പൻ യശോദയെ വിവാഹം ചെയ്യുന്നത് ആദ്യം വീട്ടുക്കാർക്ക് കുറച്ചിലായിത്തോന്നിയിരുന്നു. യശോദയുടെ അമ്മ കള്ളുഷാപ്പില് കച്ചവടത്തിന്നുനിന്നവളാണ്. ഞാനൊരു തറവാട്ടിൽ പിറന്നോളാ - അവളോ എന്ന് നാണിത്തള്ള പോലും യശോദയെ തരംതാഴത്താറുണ്ട്. നെറ്റിയിൽ സിന്ദൂരപ്പൊട്ടും ചുമന്ന തടിച്ചചുണ്ടുകളും നല്ല വെള്ളുപ്പുനിറവും(1968:145) ഉള്ള അവർ പിടിപ്പുള്ളവളാണെന്ന് കുടുംബക്കാർക്കു പിന്നീട് തോന്നി. അവർ അമർത്തിച്ചവിട്ടിനടന്നതും, ഉറക്കെ സംസാരിക്കുന്നതും ആർക്കും ഇഷ്ടമായില്ലെങ്കിലും. ഗതികെട്ട കാലത്ത് മുത്തശ്ശനും കള്ളുകച്ചവടം ചെയ്തിരുന്നുവെന്ന സത്യം മുത്തശ്ശി ഓർക്കാറുണ്ട്. പക്ഷേ അഭിമാന പ്രശ്നം കൊണ്ട് പുറത്തു പറയാറില്ല.

ഉണ്ണൂലിവല്യമ്മയും നാണിത്തള്ളയും അകന്ന ബന്ധത്തിൽപെട്ട സ്ത്രീകളാണ്. വകയിലൊരു പെങ്ങളുടെ ഭർത്താവിന്റെ അമ്മയാണ് ഉണ്ണൂലിവല്യമ്മ. പണ്ട് കുടുംബത്തിൽ നിന്നു പിരിഞ്ഞു പോയ ഒരു താവഴിയിലെ അവശേഷിച്ച ഏകസന്തതിയാണ് നാണിത്തള്ള. തിരുവാതിര ഞാറ്റുവേലക്കാലത്ത് അവർ കയറി വരും - ഒരവകാശം പോലെ. ഉലുവാക്കഞ്ഞിവച്ചു കുടിക്കാൻ. തള്ളയ്ക്ക് എന്തിനോടും ആർത്തിയായിരു

ന്നു. മിഥുനത്തിൽ വിശപ്പ് ആളിക്കത്തും. അവർ തിന്നാത്ത വസ്തു ഒന്നും ഇല്ല. പഴുത്ത മാങ്ങാത്തൊലി, ഗോതമ്പിന്റെ ഉമി, തേങ്ങാപ്പുണ്ണാക്ക്, കെട്ടചക്കക്കുരു, പഴകിവീണ മാങ്ങ, തിരിച്ചുപോകുമ്പോൾ മുണ്ടും തോർത്തും വേണം. പട്ടാളത്തിൽ പോയ മകൻ മരിച്ചത് വിശ്വസിക്കാതെ അവൻ വരുമെന്ന പ്രതീക്ഷയിൽ കുറേക്കാലം ജീവിച്ചു. വരുമ്പോഴെല്ലാം വീടുപണികളിൽ അമ്മക്കു സഹായകമായി. ഉണ്ണൂലിവല്യമ്മ മൂന്നുപേരക്കുട്ടികളുമായി ഒറ്റക്കു കഴിഞ്ഞു. തനിയെ്ക്കാറ്റക്കവരെ പുലർത്താനാവില്ലെന്നു കണ്ടാണ് രാരുക്കുട്ടി യുടെ ആശ്രയം തേടിയത്. പേരക്കുട്ടികളിൽ മൂത്തവളാണ് വിലാസിനി. വീട്ടുവേലക ളെല്ലാം ഒരെതിർപ്പുമില്ലാതെ ചെയ്തു അവർ. വിഴുപ്പുകളലക്കി അടിച്ചുവാരി. യശോദ ഇളയമ്മ വിലാസിനിയെ സ്വന്തം വീട്ടിലേക്കു കൊണ്ടുപോയി. വേലക്കാരിയായിട്ട് അവ ളുടെ സമ്മതം കൂടാതെ തന്നെ അനിയൻ ജനാർദ്ദനനെക്കൊണ്ട് വിലാസിനിയെ വിവാഹം കഴിപ്പിച്ചു. അയാൾ മദ്യപാനിയായിരുന്നു. നാട്ടിൽ കുറച്ചു സ്വത്തും മിലിട്ടറി പെൻഷ നുമുണ്ട്.

കാല്പനികമായ ഒരു പ്രണയം സരസുവിന്റെ മനസ്സിൽ മൊട്ടിടുന്നു. പ്രധാന പത്രത്തിന്റെ ഈവനിംഗ് എഡിറ്ററും സാഹിത്യകാരനുമായ വ്യക്തിയോട് ഏകപക്ഷീയ മായി തോന്നിയ താല്പര്യം. താൻ വരച്ച ചിത്രങ്ങളെക്കുറിച്ച് നല്ല അഭിപ്രായം പറ ഞ്ഞതു മുതലാണ് അയാളോടവൾക്ക് ആരാധന തോന്നിയത്. എന്നാൽ കൂട്ടുകാരിയായ ലക്ഷ്മിക്കുട്ടിയുടെ പാട്ടിൽ അയാൾ ആകൃഷ്ടനായതിൽ സരസു അസൂയപ്പെടുകയും ചെയ്യുന്നു. ലക്ഷ്മിക്കുട്ടിയെ തന്റെ പ്രതിയോഗിയായി സരസു കാണുന്നു. അവൾ എന്നും തന്നോടു മത്സരിച്ചു(1968:280) എന്നാണ് സരസു ചിന്തിച്ചത്. ലക്ഷ്മിക്കുട്ടിയോട് അവ ളുടെ ദാരിദ്രത്തോട് പണ്ട് സഹതാപം തോന്നിയിരുന്നു. ഇപ്പോഴവൾ ഉടുക്കുന്നത് മേത്തരം സാരികളാണ്. ഫോറിൻസാരികൾ.

ലക്ഷ്മിക്കുട്ടിയുടെ അമ്മാവൻ വാസുമേനോനുമായി നേരത്തെ പരിചയക്കാ രനായിരുന്നു. അയാൾ ലക്ഷ്മിക്കുട്ടിയെ വിവാഹം കഴിക്കാൻ പോകുന്നു എന്നറിഞ്ഞത് സരസുവിനെ തളർത്തുന്നു. പഠനത്തിൽ ശ്രദ്ധ കുറയുകയും പരീക്ഷയിൽ തോൽക്കു കയും ചെയ്തു. ഈ വിവരം വീട്ടിലറിയിക്കാതെ സുഭദ്രേടത്തിയുടെ വീട്ടിൽതന്നെ പിടി ച്ചുനിന്നു അവൾ. മറ്റാരുമില്ലാത്ത ഒരു ദിവസം രാത്രിയിൽ വാസുമേനോൻ സരസു വിനെ കടന്നു പിടിക്കുന്നു. "കൊടുംവിഷമുള്ള ഒരു സർപ്പം തന്നെ വരിഞ്ഞിരിക്കുന്നു. രക്ഷപ്പെടാൻ വയ്യ"(1968:315)സുഭദ്രേടത്തിയുടെ അറിവോടെയായിരുന്നു ഇതെന്ന് സരസു തീർച്ചയിക്കുന്നുണ്ട്. ഇതുവരെ തനിക്കു ഭക്ഷണവും വസ്ത്രവും നല്കിയതിനു താൻ കൊടുക്കേണ്ടിവന്ന പ്രതിഫലമാണിതെന്നവൾക്കു തോന്നി. തന്റെ എല്ലാം നഷ്ടപ്പെ ട്ടെന്ന തോന്നലിൽ കുടുംബത്തിന്റെ തകർച്ചയിലേക്കു സ്വന്തം ജീവിതം കൂടി അർപ്പി ക്കാൻ തിരിച്ചുപോരികയാണ് സരസു.

### 3.2.8. പാളയം

ഗേൾസ് ഹൈസ്ക്കൂളിന്റെ പശ്ചാത്തലത്തിൽ അധ്യാപികമാരും, വിദ്യാർത്ഥിനിക ളുമടങ്ങുന്ന സ്ത്രീലോകത്തിന്റെ വൈവിധ്യങ്ങളാവിഷ്കരിക്കുന്ന നോവലാണ് പാളയം. നഗരത്തിലെ വലിയ ഉദ്യോഗസ്ഥന്മാരുടെ സഹധർമ്മിണിമാർ മാത്രം ജോലി ചെയ്യുന്ന സ്ക്കൂളിൽ പഠിക്കാനെത്തുന്ന വിദ്യാർത്ഥിനികളാകട്ടെ ദരിദ്രപശ്ചാത്തലമുള്ളവരാണ്. സാമ്പത്തികമായ ഉയർച്ചയുണ്ടെങ്കിലും ജീവിതപരാജയമനുഭവിക്കുന്നവരാണ് ഓരോ സ്ത്രീകഥാപാത്രവും. ദാമ്പത്യത്തിലെ വിള്ളലുകൾ വീട്ടിലും ജോലി സ്ഥലത്തുള്ള അധ്വാ നക്കൂടുതൽ ഇവ അവരുടെ ജീവിതത്തെ വിരസവും യാന്ത്രികവുമാക്കുന്നു. പലപ്പോഴും മാനസികാസ്വാസ്ഥ്യത്തിലേയ്ക്കവർ വഴുതിവീണു പോകുന്നുമുണ്ട്. പൊങ്ങച്ചക്കാരും കുശു മ്പികളും അവരിലുണ്ട്. പണം സമ്പാദിക്കാൻ മാത്രം ശ്രമിക്കുന്ന ഭാഗീരഥിത്തങ്കച്ചി. ഉല്ലാ സകേന്ദ്രങ്ങളിൽ പോയി വിനോദിക്കാൻ ആഗ്രഹിക്കുന്ന കൊച്ചമ്മിണി, വലിയവരുടെ ബംഗ്ലാവുകളിൽ മാറിമാറിത്താമസിക്കുന്ന സുഗന്ധപരിമളം പ്രസരിപ്പിച്ച് കാറിൽ വന്നിറ ങ്ങുന്ന രതിമോഹൻ, ഇങ്ങനെ വ്യതസസ്ത സ്വാഭാവക്കാരായ കഥാപാത്രങ്ങളാണ് പാള യത്തിലുള്ളത്. സാമ്പത്തികപ്രശ്നങ്ങൾക്കമുറപ്പുള്ളതാണ് ഈ മധ്യവർഗ്ഗ സ്ത്രീകളനുഭ വിക്കുന്ന ഉൽക്കണ്ഠകൾ. ഹെഡ്മിസ്ട്രസിനും അമ്മായിയമ്മക്കുമിടയിൽ ചാലിയന്റെ ഓടം പോലെ ചലിക്കുന്ന സീതാലക്ഷ്മി, ആൺമക്കളെ പ്രസവിക്കാത്തതുകൊണ്ട് ആട്ടും തുപ്പും ഏൽക്കുന്ന സ്ത്രീയാണ്. ദാമ്പത്യത്തിൽ സുഖമനുഭവിക്കാൻ തനിക്കു കഴിയുന്നി ല്ല. അംബികയോട് അവർക്കസൂയ തോന്നുന്നുണ്ട്. വിരുന്നുകാരെക്കൊണ്ട് പൊറുതിമു ട്ടുന്ന അമ്മുക്കുട്ടി ടീച്ചർ. ഇരിക്കാൻ പോലും നേരമില്ലാതെ വിഷമിക്കുന്നു. ചിലപ്പോൾ ഒരു അലക്കു കല്ലിനെപ്പോലെയും ചിലപ്പോൾ വഴിവക്കത്തെ അത്താണിപോലെയും താനു പയോഗിക്കപ്പെടുകയാണെന്നവൾ മനസ്സിലാക്കുന്നുണ്ട്. ഭർത്താവിന്റെ പരസ്ത്രീബന്ധം അയാളുടെ അമ്മയുടെ അറിവോടെയാണെന്നു വിശ്വസിക്കുന്ന രാജമ്മ ടീച്ചർ, തന്റെ മുഖത്തെ കറുത്തകുത്തുകളാണ് ഭർത്താവ് മറ്റൊരാളെ തേടാൻ കാരണമെന്നവർ ഉറച്ചു കരുതുന്നു.

പ്യൂൺ ചമ്പകരാമനുമായി വഴക്കടിക്കുകയും അധ്യാപികമാരുടെ സ്വഭാവങ്ങൾ നിരീക്ഷിച്ച് മനസ്സിൽ വെക്കുകയും മാസാവസാനം വ്യഭിചരിക്കുകയും ചെയ്യുന്ന കാക്കമ്മ യാണ് മറ്റൊരു കഥാപാത്രം ദരിദ്രയായ വിദ്യാർത്ഥിനി ഉഷ രോഗിയായ അച്ഛനും കുടും ബത്തിനുമിടയിൽ കഷ്ടപ്പെടുന്നു. നിർമ്മല കുമാരി അമ്മയെപോലെ സ്വൈര സഞ്ചാരി ണിയായി പേരെടുത്തു വരുന്നു. സ്ത്രീയവസ്ഥകളും, മധ്യവർഗ്ഗ പൊങ്ങച്ചങ്ങളും ദയനീ യതകളും പാളയത്തിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. സ്ത്രീകളുടെ സ്വകാര്യ ജീവിതവും പൊതു ജീവിതവും നോവലിൽ കടന്നു വരുന്നുണ്ട്. ഉപഗ്രഹങ്ങളായി മാത്രമേ പുരുഷക ഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നുള്ളൂ. സ്ത്രീകളുടെ ലോകം, ചലനം, അഭിലാഷം എന്നി

വകൊണ്ട് വ്യത്യസ്തമായ നോവലാണ് പാളയം.

സാമ്പത്തികമായി സ്വതന്ത്രരാണെങ്കിലും സ്ഥാപനവൽകൃതമായ ദാമ്പത്യത്തിന്റെ അസ്വസ്ഥതകൾ അവരനുഭവിക്കുന്നു. സ്ത്രീയുടേതുമാത്രമായി കണക്കാക്കപ്പെടുന്ന ഉത്തരവാദിത്തങ്ങളിൽ അവർ നട്ടം തിരിയുന്നു. കുടുംബപരിപാലനവും കുട്ടികളെ വളർത്തലും അവരുടെ മാത്രം ചുമതലയാകുന്നുണ്ട്. ഏതുവർഗ്ഗത്തിൽ പെടുന്നവളാണെങ്കിലും ആ വർഗ്ഗത്തിലെ പുരുഷനോളം അവകാശമോ സുരക്ഷിതത്വമോ സ്വാതന്ത്ര്യമോ സ്ത്രീ അനുഭവിക്കുന്നില്ലെന്ന് പാളയംസാക്ഷ്യപ്പെടുത്തുന്നു.

അധ്യാപികമാരും വിദ്യാർത്ഥിനികളും തമ്മിലുള്ള വർഗ്ഗ വൈരുദ്ധ്യം നോവലിൽ ചിത്രീകരിക്കുന്നുണ്ട്. മൂവായിരം വിദ്യാർത്ഥിനികളിൽ ഭൂരിഭാഗവും ദരിദ്ര പശ്ചാത്തലമുളളവരാണ്. രക്ഷിതാക്കളിൽ ഭൂരിഭാഗവും തൊഴിലാളികളാണ്. അവരിൽ മീൻപിടുത്തക്കാർ, കച്ചവടക്കാർ, കമ്പനിത്തൊഴിലാളികൾ, നടന്നു വില്പനക്കാർ, വീട്ടുവേലക്കാരികൾ എന്നിവരാണുളളത്. ദാരിദ്ര്യവും ഇല്ലായ്മയും ശിക്ഷയായി അനുഭവിക്കുന്നവരാണ് വിദ്യാർത്ഥിനികൾ. ഭംഗിയായി വസ്ത്രം ധരിക്കാത്തതിന്റെയും മുടി രണ്ടായി മെടഞ്ഞു കെട്ടാത്തതിന്റേയും പേരിൽ അവർ ക്ലാസ്സിൽ നിന്ന് പുറത്താക്കപ്പെടുന്നു. ഫീസു കൊടുക്കാത്തതിന്റെയും സ്റ്റാമ്പു വാങ്ങാത്തതിന്റേയും പേരിൽ അവരെ പുറത്തു നിർത്തുന്നു. അമ്മ വേല ചെയ്യുന്ന വീട്ടിൽ നിന്നു കിട്ടുന്ന പഴന്തുണികൾ ധരിച്ച വരുന്ന വിജയലക്ഷ്മിയും രോഗിയായ അച്ഛനെ ശുശ്രൂഷിക്കാനും പഠിക്കാനും വീട്ടുവേലക്കാരിയായ അമ്മയുടെ വരുമാനം മാത്രമുള്ള ഉഷയും ഇതിൽപ്പെടുന്നു.

ആഭരണങ്ങളുടെ കിലുക്കവും പരിമളതൈലങ്ങളുടെ സുഗന്ധവും പട്ടുപുടവയുടെ കലമ്പലുമായെത്തുന്ന അധ്യാപികമാർക്ക് വിദ്യാർത്ഥിനികളോട് പുച്ഛവും നീരസവുമാണുളളത്. അവർ സ്വന്തം കുട്ടികളുടെ പഠിപ്പ്, പെൺമക്കളുടെ കല്യാണം, ഭർത്താവിന്റെ ഗ്യാസ്ട്രബിൾ, പ്രമോഷന്റെ സാദ്ധ്യതക്കുറവ്, വീടിന്റെ അറ്റകുറ്റപ്പണി തുടങ്ങിയ വിഷയങ്ങൾ സ്റ്റാഫ് റൂമിൽ ചർച്ച ചെയ്തു. നവവരന്റെ ഇഷ്ടാനിഷ്ടങ്ങൾ കാത്തസൂക്ഷിക്കേണ്ടതെങ്ങനെ വേലക്കാരികളെ എങ്ങനെ നിലക്കു നിർത്താം, പുതുപുത്തൻ തുണിത്തരങ്ങളുടേയും ഗൃഹോപകരണങ്ങളുടേയും ഗുണദോഷങ്ങളെന്തെല്ലാം ഇവയും ചർച്ചാ വിഷയമാക്കി -

വിദ്യാർത്ഥിനികളുമായി താദാത്മ്യം പ്രാപിക്കാനാകുന്നത് അംബികക്കുമാത്രമാണ്. ഗ്ലാസു കഴുകിയും വെള്ളം കൊണ്ടു വന്നും അമ്മയെ സഹായിച്ച കുട്ടിക്കാലമാണവളുടേത്. ലോറി ഡ്രൈവറും ഇഷ്ടക്കാരനുമായ ജഗദീശന്റെ ചിലവിലാണവൾ പഠിച്ചത്. ഗേൾസ് ഹൈസ്ക്കൂളിലെ താല്ക്കാലിക ജോലി അംബികക്കു കിട്ടാൻ സഹായിച്ചതും ജഗദീശ് തന്നെ -

### 3.2.9. മേൽപ്പാലം

മണ്ണിനേയും പ്രകൃതിയേയും നശിപ്പിക്കുന്ന വികസനസങ്കല്പങ്ങളെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ പങ്കു വയ്ക്കുന്ന നോവലാണ് വത്സലയുടെ മേൽപ്പാലം. നവ മുതലാളിത്തത്തിന്റെ വികസനസങ്കല്പങ്ങളിലെ അടിസ്ഥാനപരമായ മനുഷ്യ വിരുദ്ധതയും പ്രകൃതിവിരുദ്ധതയും നോവൽ തുറന്നു കാട്ടുന്നു. കുന്നുകളെ നിരത്തുകയും താഴ്വരകളെ ഇല്ലാതാക്കുകയും നീർച്ചാലുകളെ വറ്റിക്കുകയും കൃഷിയിടങ്ങളെ കോൺക്രീറ്റ് കാടുകളാക്കുകയും ചെയ്യുന്ന വികസനം മനുഷ്യ ജീവിതത്തെ ഭീകര ദുരന്തമാക്കുമെന്ന വീക്ഷണം നോവലിലുണ്ട്.

ഏറെക്കാലങ്ങൾക്കുശേഷം ജന്മനാട്ടിൽ തിരിച്ചെത്തുന്ന ബാലാമണിയുടെ ഓർമ്മകളിലൂടെയും പ്രതികരണങ്ങളിലൂടെയും ഗ്രാമത്തിൽ വന്ന മാറ്റങ്ങൾ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ഗ്രാമത്തിലെ തന്റെ തകർന്ന തറവാടല്ല ഒഴുക്കുനിലച്ച് ചവറ്റുകൊട്ടയായ നദിയും അവിടത്തെ ജീവിതവുമായിരുന്നു ബാലാമണിയുടെ ദുഃഖം. കാലം പരിഷ്കരിച്ചെടുത്ത ഗ്രാമത്തിന്റെ പുതിയ മുഖത്തിനപ്പുറം പഴയ ഗ്രാമജീവിതാനുഭവങ്ങൾ ഓർത്തെടുക്കുന്നു ബാലാമണി.

ചെറുപ്പത്തിൽ ബാലാമണി നാടുവിട്ടതാണ് നഴ്സിംഗ് പഠിക്കാൻ. പാറ്റ്നയിലെ പാടലീപുത്രത്തിൽ നിന്ന് നഴ്സിംഗ് കോഴ്സ് പാസായി ജോലിയിൽ പ്രവേശിച്ചു. ഉത്തരേന്ത്യയിലെ ഗ്രാമീണർക്കിടയിൽ ദീർഘകാലം ജോലി ചെയ്തു. അവിചെ സ്വന്തമായി വീടുവച്ചു. അപൂർവ്വമായി മാത്രം നാട്ടിലെത്തി. ധീരുപാൻസിംഗെന്ന രജപുത്രനെ വിവാഹം കഴിച്ചു. ദീർഘകാലത്തെ ഇടവേളക്കുശേഷമുള്ള മറ്റൊരു തിരിച്ചുവരവിലാണ് തന്റെ നാടിന്റെ മാറ്റം ബാലാമണിയെ അമ്പരിപ്പിച്ചത്. പലവഴിക്കു പിരിയുകയും തകരുകയും ചെയ്ത തറവാട്ടിൽ അവശേഷിച്ച ഒരേയൊരാൾ അമ്മാവന്റെ മകൾ സരോജിനിയാണ്. അവിവാഹിതയായ അവൾ വീട്ടിലൊറ്റക്കു കഴിയുന്നു. കുറച്ചുകാലം പൊതു പ്രവർത്തിനിറങ്ങയെങ്കിലും ജീവിയ്ക്കാനൊരു തൊഴിലിനായി പലരോടൊപ്പം വനിതാഹോട്ടലിന്റെ നടത്തിപ്പുകാരിയായി.

സരോജിനിയിലൂടെയും കാളിയിലൂടെയും നോവലിന്റെ ആഖ്യാനം ഗ്രാമത്തിന്റെ വർത്തമാനക്കാഴ്ചകളായി മാറുന്നു. തനിയ്ക്കച്ഛനുമമ്മയുമില്ലെന്ന് സ്വയം വിശേഷിപ്പിക്കുന്ന കാളി തന്റേടവും പ്രയോഗികതയുമുള്ള ഒരു ദളിത് യുവതിയാണ്. അവിഹിതസന്തതിയായിപ്പിറന്ന കാളിയെ അമ്മയും രണ്ടാനച്ഛനും അവഗണിക്കുകയും അവഹേളിക്കുകയും ചെയ്തു. വീട്ടുവേലക്കാരിയായി അവൾ ജീവിതമാരംഭിച്ചു. തന്റെ കറുത്ത നിറത്തെ ചെറുപ്പക്കാർ പരിഹസിക്കുന്നതായി അനുഭവപ്പെട്ടപ്പോൾ അവർ ഗ്രാമം വിട്ടു. പുതിയ കാലത്തിന്റെ സൗന്ദര്യസങ്കല്പത്തിലേയ്ക്കവൾ വഴുതി വീഴുന്നുണ്ട്. വളർച്ച മുറ്റിയ സ്വന്തം മാറിടത്തെ ആദ്യം അപകർഷതയോടെ മറച്ചുവച്ച അവൾ ഉടുപ്പിലും നടപ്പിലും മോഡേൺ

ആകുന്നുണ്ട് പിന്നീട്. ബ്യൂട്ടി പാർലറിൽ പോയി മുടിമുറിക്കുകയും ശരീരവടിവുകൾ പ്രദർശിപ്പിക്കുന്ന വസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു. മേല്പാലം പണിയാൻ വന്ന എഞ്ചിനീയർ വില്യംസ് സായിപ്പുമായി കാളി അടുപ്പത്തിലാവുന്നു. സാംസ്കാരികമായി ധ്രുവാന്തരങ്ങളുള്ള കാളിയുടേയും വില്യംസിന്റേയും അടുപ്പം ഉദാത്തപ്രണയമെന്ന് നോവലിസ്റ്റ് പറയുന്നു. അവളുടെ കറുത്ത നിറത്തെ വില്യംസ് ഇഷ്ടപ്പെട്ടത് ആ നിറം അയാളുടെ ഗ്രീക്കുവംശജയായ അമ്മയെ ഓർമ്മിപ്പിച്ചതിനാലാണത്രെ.

നാട്ടിലെ ജനകീയ പ്രക്ഷോഭങ്ങൾക്കു നേതൃത്വം കൊടുക്കുന്നവരാണ് പ്രൊഫസർ ചന്ദ്രഭാനുവും മോഹനനും നാരായണൻ മാസ്റ്ററും. ഗ്രാമത്തിൽ വരാൻ പോകുന്ന ഹൈവേയുടെ പേരിൽ ജനങ്ങൾ രണ്ടുതട്ടാവുന്നുണ്ട്. ഗ്രാമത്തെ വിഭജിക്കുകയും കൃഷിയിടങ്ങളും നീർച്ചോലകളും കുന്നുകളും ഇല്ലാതാക്കുകയും സാധാരണക്കാരുടെ ഗതാഗതം തടസ്സപ്പെടുത്തുകയും ചെയ്യുന്ന ഹൈവേ ആർക്കു വേണ്ടി എന്ന ചോദ്യം ഒരു കൂട്ടർ ഉന്നയിക്കുന്നു. വികസനത്തിന്റെ പാതയാണിതെന്ന് മറ്റൊരു കൂട്ടർ. എല്ലാ മാക്രോ പ്രോജക്ടുകളും അതുമായി ബന്ധപ്പെട്ടവർക്കു പൊന്മുട്ടയിടുന്ന താറാവുകളാണ്. (2007:193)എന്ന അറിവ് സരോജിനിക്കും ഗ്രാമീണർക്കു ഉണ്ടായപ്പോഴാണ് സമരം തീക്ഷ്ണമായത്.

എളുപ്പം ശ്രദ്ധിക്കപ്പെടാനും പണമുണ്ടാക്കാനുള്ള വഴികളിലൂടെ യുവതലമുറ സഞ്ചരിക്കുന്നതിന്റെ ചിത്രങ്ങൾ നോവലിലുണ്ട്. നാരായണൻ മാസ്റ്ററുടെ മകൾ രുക്മിണിയുടെ പരിണാമം ഉദാഹരണമാണ്. കുലീനയും വിദ്യാസമ്പന്നയുമെന്ന വിശേഷിപ്പിക്കപ്പെട്ട അവൾ കാളിയെപ്പോലെ മുടി മുറിക്കുകയും ജോലിക്കായി നഗരത്തിലേക്കു ചേക്കേറുകയും ചെയ്യുന്നു. നഗരത്തിലെ അനാശാസ്യകേന്ദ്രങ്ങളിൽ പലരുടേയും കൂടെ പിന്നീട് അവൾ പ്രത്യക്ഷപ്പെടുന്നു. ഈ വാർത്ത അറിയുന്നതിനുമുമ്പു തന്നെ വൃദ്ധനായ നാരായണൻ മാസ്റ്റർ ആത്മഹത്യ ചെയ്യുന്നുണ്ട്.

ദാമ്പത്യത്തെയും കുടുംബജീവിതത്തെയുംക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടാണ് ബാലാമണിക്കുള്ളത്. പുരുഷനുകീഴിലുള്ള ജീവിതമാകരുത് ദാമ്പത്യം എന്നവൾക്കു നിർബന്ധമുണ്ടായിരുന്നു. ഇണയിൽ നിന്ന് - ഭർത്താവിൽനിന്ന് - നിരുപാധിക പ്രണയമാണവൾ ആവശ്യപ്പെട്ടത്. നാട്ടിൽ വേറെ ഭാര്യയുള്ള ധീരുപാൽസിങ്ങിനെ അവൾ വിവാഹം കഴിക്കുന്നത് പരസ്പരം അനുഭവപ്പെട്ട പ്രണയം ഒന്നുകൊണ്ടുമാത്രമാണ്. ജോലിയുപേക്ഷിച്ച് ഭർത്താവിന്റെ നാട്ടിലേക്കവൾ പോയില്ല. മകൾക്ക് അനാവശ്യ നിയന്ത്രണങ്ങൾ കല്പിച്ചില്ല. രണ്ടുപേരേയും വിട്ട് സ്വന്തം നാട്ടിലേക്ക് പോരുമ്പോൾ സങ്കടം ഉണ്ടായിരുന്നില്ല. അവിവാഹിതയായിക്കഴിയുമ്പോഴും ആത്മവിശ്വാസത്തോടെത്തന്നെ ജീവിതത്തെ നേരിടുകയാണ് സരോജിനി - ആചാരങ്ങളോ ഔപചാരികതകളോ കാര്യമാക്കാതെ കന്യകയായിരിക്കേത്തന്നെ വില്യംസിൽനിന്നു ഗർഭം ധരിക്കാൻ കാളി മടിക്കു

ന്നില്ല. താൻ പെൺകുട്ടിയെയാണ് പ്രതീക്ഷിക്കുന്നതെന്നും അവൾക്ക് ബാലാമണിയെന്നു പേരിടുമെന്നും കാളി പറയുന്നു.

**ഉപസംഹാരം**

സ്ത്രീ ജീവിതത്തെ അതിൻെറ വൈവിധ്യങ്ങളോടെ വത്സല ചിത്രീകരിക്കുന്നു. സ്ത്രീ കേന്ദ്രകഥാപാത്രവും, സ്ത്രീജീവിതം കേന്ദ്രപ്രമേയവും ആകുന്നുണ്ട്. കേവലമായി ഉദാത്തവത്ക്കരിക്കപ്പെട്ട കഥാപാത്രങ്ങളോ ജീവിതസന്ദർഭങ്ങളോ നോവലുകളിലില്ല.

ഗ്രാമ-നഗരപശ്ചാത്തലത്തിലെഴുതപ്പെട്ട നോവലുകളിൽ സ്ത്രീയുടെ അടിസ്ഥാനപരമായ പരാധീനത വെളിപ്പെടുന്നു. സ്ത്രീയായതുകൊണ്ടുമാത്രം അനുഭവിക്കുന്ന പരാധീനതകളാണിവ.

അർദ്ധഫ്യൂഡൽ മുതലാളിത്ത സാമൂഹ്യവ്യവസ്ഥകൾ വത്സലയുടെ നോവലിലെ പശ്ചാത്തലമായിനിൽക്കുന്നുണ്ട്. അടിസ്ഥാന വർഗ്ഗത്തിലെയും മദ്ധ്യവർഗ്ഗത്തിലെയും സമ്പന്ന വർഗ്ഗത്തിലെയും സ്ത്രീകൾ ഇതിൽ കടന്നുവരുന്നു. വ്യത്യസ്ത രാഷ്ട്രീയ വ്യവസ്ഥകളും സാമൂഹ്യവ്യവസ്ഥകളും സ്ത്രീയെ എങ്ങനെ പരിഗണിക്കുന്നുവെന്നതിന്റെ സൂക്ഷ്മമായ ആവിഷ്കാരം ഈ നോവലുകളിൽ കണ്ടെത്താം.

ഗാർഹിക ഘടനക്കുള്ളിലെ സ്ത്രീജീവിതമാണ് കൂടുതലായി വത്സല ചിത്രീകരിച്ചിട്ടുള്ളത്. കീഴാളജീവിതത്തിന്റെ പീഡിത ചിത്രം നെല്ല്, കൂമൻ കൊല്ലി, ചാവേർ എന്നീ നോവലുകളിലുണ്ട്. അടിമത്തവും, ലൈംഗികചൂഷണവും സാമ്പത്തിക ചൂഷണവും ഉൾപ്പെടുന്ന ജന്മിത്തത്തിന്റെ പൊതു പശ്ചാത്തലം ഇവക്കുണ്ട്.

പ്രത്യക്ഷമായ ഫെമിനിസ്റ്റ് പ്രമേയങ്ങളല്ല വത്സല കൈകാര്യം ചെയ്യുന്നത്. കൃതികളിലൂടെ രാഷ്ട്രീയ-സാമൂഹ്യ വ്യവസ്ഥിതിയുടെയും ആൺകോയ്മയുടെയും വിമർശനങ്ങൾ അവർ നിർവ്വഹിക്കുന്നുണ്ട്. സ്ത്രീപ്രശ്നങ്ങളോടുള്ള ഫെമിനിസ്റ്റിന്റെ പ്രതികരണമായല്ല നോവലുകളുടെ ആഖ്യാനം. അനുഭവസത്യങ്ങളുടെ ആവിഷ്ക്കാരമെന്ന നിലയിൽ അവ സ്വാഭാവികതയോടെ കടന്നുവരുന്നതാണ്. സമൂഹത്തെയും സാമൂഹിക ബന്ധങ്ങളെയും സവിശേഷ പശ്ചാത്തലത്തിൽ അവർ ആവിഷ്ക്കരിച്ചിരിക്കുന്നു. ചരിത്രത്തെയും സമൂഹത്തെയും കുറിച്ചുള്ള സുവ്യക്തബോധം കൃതികളിലുണ്ട്.

മണ്ണിലും പ്രകൃതിയിലും സ്ത്രീത്വത്തിനേൽപ്പിക്കുന്ന കളങ്കമായാണ് പ്രകൃതിചൂഷണത്തെയും വികലമായ വികസനസംരംഭങ്ങളെയും തിരിച്ചറിയുന്നത്. സാമൂഹ്യവ്യവസ്ഥയുടെ വർഗ്ഗലിംഗ പക്ഷപാതങ്ങളെ തുറന്നുകാണിക്കുകയും ചെറുക്കുകയും ചെയ്യുന്നതാണ് വത്സലയുടെ നോവലുകൾ - മേൽപ്പാലം ഇതിന്റെ ശക്തമായ ഉദാഹരണമാണ്. ആദ്യകാല നോവലായ തകർച്ചയിൽ നിന്ന് മേൽപ്പാലത്തിലെത്തുമ്പോൾ സ്ത്രീസ്വത്വബോധത്തിന്റെ ക്രമികമായ വികാസ-പരിണാമങ്ങൾ സംഭവിക്കുന്നത് കാണാം.

## കുറിപ്പുകൾ

### അധ്യായം 3


| | | |
|---|---|---|
| മോഹൻദാസ് കെ. എ. | 1990 | "വിദൂരതയി□നി□ുള്ള ഇടിമുഴക്കങ്ങൾ- നക്സ□ബാരിയുടെ സ്വാധീനം കേരളത്തിന്റെ സാംസ്ക്കാരികരംഗത്ത്", *സാംസ്ക്കാരിക മാസിക,* തൃശൂർ നവം. ഡിസം. |
| വത്സല. പി | 1968 | *തകർച്ച* പൂർണാ പബ്ലിക്കേഷൻസ് |
| വത്സല. പി | 1977 | *അരക്കി□ം* എസ്. പി. സി. എസ്, എൻ. ബി. എസ്. കോട്ടയം |
| വത്സല. പി | 1980 | *നമ്പരുകൾ* എൻ. ബി. എസ് കോട്ടയം |
| വത്സല. പി | 1981 | *പാളയം* എൻ. ബി. എസ് കോട്ടയം |
| വത്സല. പി | 1986 | *ഗൗതമൻ,* പി. കെ. ബ്രദേഴ്സ്, കോഴിക്കോട് |
| വത്സല. പി | 1993 | *റോസ് മേരിയുടെ ആകാശങ്ങൾ,* ഓഗസ്റ്റ് ബുക്സ്, തൃശൂർ |
| വത്സല. പി | 1998(എ) | *വിലാപം* ഡി. സി ബുക്സ് |
| വത്സല. പി | 1998(ബി) | *ചാവേർ* ഡി. സി ബുക്സ് |
| വത്സല. പി | 1998(സി) | *ആഗ്നേയം* ഡി. സി ബുക്സ് |
| വത്സല. പി | 1998(ഡി) | *കൂമൻകൊ□ി* ഡി. സി ബുക്സ് |
| വത്സല. പി | 1998(ഈ) | *ആരും മരിക്കു□ി□* കറന്റ്ബുക്സ്, തൃശ്ശൂർ |
| വത്സല. പി | 1998(എഫ്) | *നിഴലുറങ്ങു□ വഴികൾ* ഡി. സി ബുക്സ് |
| വത്സല. പി | 1999 | *നെ□ി* ഡി. സി ബുക്സ് |
| വത്സല. പി | 2007 | *മേ□പ്പാലം* മാതൃഭൂമി ബുക്സ് |

## അധ്യായം നാല്

# വത്സലയുടെ നോവലുകളിലെ സ്ത്രീജീവിതചിത്രീകരണം

4.1. : സ്ത്രീജീവിതത്തിന്റെ അകംപൊരുൾ

4.2. : കുടുംബഘടനയ്ക്കുള്ളിലെ സ്ത്രീ

4.3. : പുരുഷവ്യവസ്ഥയുടെ വളർത്തുമൃഗങ്ങൾ

4.3.1. : അരക്കില്ലം

4.3.2. : നിഴലുറങ്ങുന്ന വഴികൾ

4.3.3. : ആരും മരിക്കുന്നില്ല

4.3.4. : റോസ്മേരിയുടെ ആകാശങ്ങൾ

4.3.5. : ഗൗതമൻ

4.3.6. : പാളയം

4.3.7. : തകർച്ച

4.3.8. : നമ്പരുകൾ

4.3.9. : മേല്പ്പാലം

4.4. : ഫ്യൂഡൽഘടനയ്ക്കുള്ളിലെ സ്ത്രീജീവിതം

4.4.1. : ചാവേർ

4.4.2. : ചാവേറിലെ കീഴാളസ്ത്രീജീവിതം

4.4.3. : നെല്ല്

4.4.4. : കൂമൻകൊല്ലി

4.4.5. : വിലാപം

4.4.6. : ആഗ്നേയം

വൈവിധ്യമാർന്ന പ്രമേയപശ്ചാത്തലമുള്ള പി.വത്സലയുടെ നോവലുകളെ പരിചയപ്പെട്ടു കഴിഞ്ഞു. സ്ത്രീ കഥാപാത്രങ്ങൾക്ക് നോവലുകളിലുള്ള സ്ഥാനവും അവരുടെ അനുഭവങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവയും പരിശോധിക്കുകയാണ് ഈ അധ്യായത്തിൽ.

### 4.1. സ്ത്രീജീവിതത്തിന്റെ അകംപൊരുൾ

ഗാർഹിക ഘടനക്കുള്ളിലെ സ്ത്രീയനുഭവങ്ങൾ ആവിഷ്കരിക്കുന്ന കൃതികളാണ് അരക്കില്ലം, ആരും മരിക്കുന്നില്ല, നിഴലുറങ്ങുന്ന വഴികൾ, തകർച്ച എന്നിവ. സാമ്പ്രദായിക സ്ത്രീപുരുഷ ബന്ധത്തിനുള്ളിൽ സ്ത്രീജീവിതം നരകതുല്യമാകുന്നതിന്റെ യഥാർത്ഥ ചിത്രങ്ങൾ ഇവയിൽ കാണാം. സ്ത്രീപുരുഷബന്ധം അടിമ- ഉടമ ബന്ധമായി മാറുന്നത്. കുടുംബഘടനക്കുള്ളിൽ നിന്നുതന്നെയാണ്. കുടുംബത്തിനുള്ളിലെ സ്ത്രീപുരുഷന്റെ ആശ്രിത മാത്രമാണ്. പലപ്പോഴും വീട്ടിലെ ഗൃഹോപകരണത്തിന്റെ സ്ഥാനം മാത്രമാണ് അവർക്കുള്ളത്. ഭാര്യ, മകൾ, അമ്മ, പെങ്ങൾ, മുത്തശ്ശി എന്നീ റോളുകളിലൂടെ സ്ത്രീയെ കുടുംബത്തിനകത്തുതന്നെ നിലനിർത്തുന്ന പ്രത്യയശാസ്ത്രങ്ങൾ നോവലുകളിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. പ്രണയവും, ദാമ്പത്യവും രതിയും വിവാഹവും എത്രമാത്രം പുരുഷാനുകൂലമാണെന്ന് ഇവ തെളിയിക്കുന്നു.

### 4.2. കുടുംബഘടനക്കുള്ളിലെ സ്ത്രീ

കുടുംബത്തെ ചരിത്രപരമായ ഒരനിവാര്യതയാക്കിയത് സ്ത്രീയുടെ മാതൃത്വമാണ്. അതോടെ സ്ത്രീയുടെ ലോകം കുടുംബം മാത്രമായിത്തീർന്നു. സ്ത്രീയേയും കുഞ്ഞുങ്ങളേയും കേന്ദ്രമാക്കുന്ന ഗാർഹിക മണ്ഡലവും പുരുഷനെ കേന്ദ്രമാക്കുന്ന പൊതുമണ്ഡലവും രൂപം കൊണ്ടു. ഗാർഹിക മണ്ഡലത്തിൽ കുടുംബങ്ങൾക്കാണ് പ്രാധാന്യം. കുടുംബ പരിപാലനവും കുട്ടികളെ വളർത്തലും സ്ത്രീകളുടെ കടമകളായി.

*അരക്കില്ലം, തകർച്ച, ആരും മരിക്കുന്നില്ല, നിഴലുറങ്ങുന്ന വഴികൾ* എന്നീ നോവലുകളിൽ പുരുഷൻ സ്വേഛാനുസരണം രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന

കുടുംബങ്ങളാണുള്ളത്. അധികാരത്തിന് കീഴടങ്ങാനും അധികാരിയെ തേടാനുമുള്ള മനോഭാവം സൃഷ്ടിക്കുന്നതാണ് ഈ കുടുംബഘടന. അധികാരിയും രക്ഷാകർത്താവുമായി ഭർത്താവോ, അച്ഛനോ, മകനോ പ്രത്യക്ഷപ്പെടുന്നു. പുറത്തുപോയിവരുന്ന ഭർത്താവിന് ശാന്തിയും വിശ്രാന്തിയും പരിപാലിക്കുകയാണ് കുടുംബത്തിനകത്ത് സ്ത്രീയുടെ കടമ.

### 4.3. പുരുഷവ്യവസ്ഥയുടെ വളർത്തുമൃഗങ്ങൾ

ഒരേ സമയം പലരോടും നന്ദി കാണിക്കേണ്ട ഗതികേട് നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ അനുഭവിക്കുന്നു. സ്വന്തം ജീവിതത്തിലും സ്വപ്നങ്ങളിലും കർതൃത്വമില്ലാത്ത നിസ്സഹായത സാവിത്രിയിലും ഗിരിജയിലും മാധവിയിലും കാണാം. ഇരയായിത്തീരുക എന്ന യാഥാർത്ഥ്യത്തെ സ്വാതന്ത്ര്യമായംഗീകരിക്കേണ്ടി വരുന്നുണ്ടിവർക്ക്. വ്യക്തിത്വനാശവും സ്വത്ത്വനാശവും സംഭവിച്ച് കീഴടങ്ങുന്നത് സുഖമായെണ്ണേണ്ടിവരുന്നു. അടുക്കളയും വീടും അരക്കില്ലമായി അനുഭവപ്പെടുന്നു.

ഭൗതികവും ആത്മീകവുമായി പുരുഷമൂല്യങ്ങളുടെ ബന്ധനത്തിലാണിവർ. എങ്കിലും കൂട്ടിൽ ചിറകടിക്കുന്ന പ്രതിഷേധങ്ങളിലൂടെ ഇവരുടെ സ്വാതന്ത്ര്യബോധം പ്രകടമാണ്. അരക്കില്ലത്തിലെ സാവിത്രി സ്വന്തം സ്വതന്ത്രമോഹത്തിന്റെ പഥങ്ങളിലേക്ക് സ്വയം സമർപ്പിക്കുന്നു. ലക്ഷ്യമില്ലായ്മയുടെ കയങ്ങളിലേക്കാണ് പോകുന്നതെന്നറിയുമ്പോഴും പുരുഷ വ്യവസ്ഥയുടെ നിലനിൽപിനുവേണ്ടി സ്വയം കീഴടങ്ങുകയാണ് നിഴലുറങ്ങുന്ന വഴികളിലെ 'മാധവി'. സ്വതന്ത്ര്യബോധമുള്ളവളെങ്കിലും ഗാർഹിക ചുറ്റുപാടുകളെ നിഷേധിക്കാനാവാത്ത നിസ്സഹായതയിലാണ് ആരും മരിക്കുന്നില്ല എന്ന നോവലിലെ ഗിരിജ അകപ്പെടുന്നത്.

വിശപ്പും ദാഹവും പെണ്ണിന്റെ ജീവിതത്തെയാണ് തിരിച്ചുപിടിക്കാനാവാത്തവിധം നഷ്ടപ്പെടുത്തുന്നത്. വ്യവസ്ഥയുടെ ഇരട്ടചൂഷണം സ്വതന്ത്ര്യത്തിന്റേയും സ്വയം നിർണയത്തിന്റേയും ആകാശങ്ങൾ അവർക്കന്യമാക്കുന്നു. പുരുഷകേന്ദ്രത്തെ വലംവയ്ക്കുന്ന ഉപഗ്രഹമായല്ലാതെ ഒറ്റയ്ക്കൊരു നിലനിൽപ്പ് സ്ത്രീക്ക് അനുവദിക്കപ്പെടുന്നില്ല. വിശപ്പ് മാറ്റാൻ ആഹാരം തരുന്നവർക്കും നാണം മറയ്ക്കാൻ തുണി തരുന്നവർക്കും മുന്നിൽ എല്ലാം അവൾക്ക് അടിയറ വയ്ക്കേണ്ടിവരുന്നു. വല്യേടത്തെ യശ്മാനനെന്ന വയസ്സനായ ജീവചരവത്തെ സാവിത്രിക്ക് സ്വീകരിക്കേണ്ടിവരുന്നത് ഈ നിസ്സഹായത കൊണ്ടാണ്. ഭർത്താവിന്റെ മരണശേഷം മറ്റൊരു വയസ്സനെ മാധവിയെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതും അതുകൊണ്ടാണ്.

പുരുഷവ്യവസ്ഥയുടെ ഇര സ്ത്രീ മാത്രമല്ല പുരുഷനുംകൂടിയാണ് എന്ന പാഠം 'അരക്കില്ലത്തിലും ആരും മരിക്കുന്നില്ല' എന്ന കൃതിയിലും ഉണ്ട്. പുരുഷകഥാപാത്രങ്ങൾ വ്യവസ്ഥയുടെ നടത്തിപ്പുകാരോ ഉപഭോക്താക്കളോ ആണ്. നന്മയുടേയോ തിന്മയുടേയോ

പ്രത്യക്ഷങ്ങളല്ല ഇവരാരുംതന്നെ. സാവിത്രിയുടെ (അരക്കില്ലം) ഭീരുവായ കാമുകൻ അതിലൊരാളാണ്. സ്വതന്ത്ര്യദാഹിയാണെങ്കിലും അവളുടെ ദുർബ്ബലനും രോഗിയുമായ ഭർത്താവ് നിസ്സഹായായൊരു ഉപഭോക്താവാണ്. രക്ഷാകർത്താവിന്റെ ഭാവത്തിൽ മുന്നിലും പിന്നിലും നിന്ന് വഴിമുടക്കിയ അച്ചുതേട്ടന്റെ അധികാരരൂപം സാവിത്രിയുടെ മുന്നിൽ അവസാനം ഉടഞ്ഞുപോകുകയും ചെയ്യുന്നു.

മാധവിയുടെ ഭർത്താവ് സ്വന്തം അമ്മയെ ഭയക്കുന്നു. ഭാര്യയോടുള്ള അയാളുടെ അഭിനിവേശങ്ങളേയും സ്നേഹരാഗങ്ങളേയും തടയിടുകയാണ് അമ്മായിയമ്മ ചെയ്യുന്നത്. അമ്മായിയമ്മയിലൂടെ നടപ്പാക്കപ്പെടുന്ന പുരുഷമൂല്യങ്ങൾക്ക് കീഴ്പ്പെട്ടു ജീവിക്കാനേ തന്റെ ഭർത്താവിന് കഴിയൂ എന്ന് മാധവി മനസ്സിലാക്കുന്നു.

'ഓന്റെ സ്വഭാവം ചീത്ത്യാവാതിരിക്കാനാ മോളേ കൊണ്ടന്നത്.' (1998f:49) എന്ന് അമ്മായിയമ്മ മാധവിയോട് പറയുന്നുണ്ട്. അയാൾ ഭീരുവായിരുന്നു. അമ്മയുടെ തടവിൽ അയാൾ രോഗിയായി. മരുന്ന് കുടിച്ചു. അയാൾക്കൊരു രോഗവുമില്ലെന്ന് മാധവി അറിഞ്ഞു. കുടുംബത്തിനു വേണ്ടി കഠിനാധ്വാനം ചെയ്തെങ്കിലും സ്വന്തമായി ഒന്നും നേടാതെ സഹതാപാർഹമായ അന്ത്യമാണ് തകർച്ചയിലെ സരസുവിന്റെ അച്ഛൻ രാരുക്കുട്ടി നേരിട്ടത്.

#### 4.3.1. അരക്കില്ലം

വിവാഹം എന്ന പേരിൽ താൻ കച്ചവടം ചെയ്യപ്പെടുകയാണെന്ന് സാവിത്രി മനസ്സിലാക്കുന്നു. എന്നാൽ അതിൽ വേവലാതിപ്പെട്ടിട്ട് കാര്യമില്ലെന്നും അവളുറപ്പിക്കുന്നുണ്ട്. ആത്മഹത്യയും ഒന്നിനും പരിഹാരമല്ല. വല്യേടത്തെ യജമാനനുമായുള്ള ബന്ധം ഉറപ്പിച്ച അച്ചുതേട്ടനോട് ഒരു അറവുക്കാരനോട് തോന്നുന്ന വികാരമായിരുന്നു അവൾക്ക്. ഒരു കുടുംബത്തെ രക്ഷപ്പെടുത്താനെന്ന നാട്യത്തിൽ ഈയൊരു കച്ചവടമുറപ്പിച്ച അയാൾക്ക് മറ്റുപല ലക്ഷ്യങ്ങളുമുണ്ടായിരുന്നു. കാര്യസ്ഥനായ റൈട്ടർ അച്ചുതന്റെ കളിപ്പാവയായിരുന്നു വല്യെശ്മാൻ. എന്താണ് രോഗമെന്നറിയിക്കാതെ കാര്യസ്ഥൻ അയാളെ മരുന്ന് തീറ്റിച്ചു. ആ ചികിത്സാപദ്ധതിയിലെ ഒരിനമായിരുന്നു വല്യെശ്മാനനുമായുള്ള സാവിത്രിയുടെ വിവാഹവും.

തന്റെ ജന്മംകൊണ്ട് മറ്റുപലർക്കും പ്രയോജനമുണ്ട്. കൊഴുത്തുമിനുത്ത ശരീരമുള്ള മൃഗത്തിന് കമ്പോളത്തിൽ ഡിമാന്റ് കൂടും. വിവാഹം കഴിക്കാൻ പോകുന്ന പുരുഷന്റെ വൈകല്യങ്ങളോ കഴിവുകേടോ വീട്ടുകാർക്ക് പ്രശ്നമായിരുന്നില്ല. സ്വത്ത് മാത്രമാണവരുടെ നോട്ടം. കുന്നോളം സ്വത്തുള്ളതുകൊണ്ട് വല്യേടത്തെ കുടുംബത്തിലെ ബന്ധ(ന)ത്തിലേക്ക് മകളെ എറിഞ്ഞുകൊടുക്കാൻ അമ്മയ്ക്കും വലിയ താല്പര്യമായിരുന്നു.

'കൊട്ടാരംപോലത്തെ വീട്ടിൽ കാൽകഴുകിക്കയറണം. അലക്കിയ മുണ്ടുകൊണ്ട് തുട

ച്ചാൽ ചളി പറ്റാത്ത തറ. എടീ ഭാഗ്യമാണ് നിന്റെ' എന്നാണ് അമ്മ പറയുന്നത്. സ്ത്രീജന്മം വളർത്തുമൃഗത്തിന്റെ ജന്മമാണെന്ന് സാവിത്രി മനസ്സിലാക്കുന്നു. മറ്റുപലർക്കും പ്രയോജനമുള്ളതുകൊണ്ടും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ വിലപോവില്ലെന്നതുകൊണ്ടും അവൾ എല്ലാം സഹിക്കുന്നു. 'ഞാൻ ചത്താൽ എന്റമ്മയ്ക്ക് റേഷൻ മുടങ്ങും' എന്ന് അച്ചുതനോട് അവൾ പറയുന്നുണ്ട്(1977:17).

ദാമ്പത്യത്തെക്കുറിച്ച് സ്വപ്നങ്ങളുണ്ടായിരുന്ന സാവിത്രിയെ അവളുടെ ഇഷ്ടപുരുഷൻ വിവാഹം കഴിക്കാൻ തയ്യാറായില്ല. തൊഴിലില്ലെന്ന ഒറ്റക്കാരണത്താലായിരുന്നു അത്. മറ്റാലോചനകൾ വിലപേശി വന്നുകൊണ്ടിരുന്നു. ശാരീരികശേഷിയില്ലാത്ത, മരുന്നുകളിൽ ജീവിച്ചുപോകുന്ന വല്യൈശ്മാനനുമായുള്ള ആലോചന കൊണ്ടുവന്നത് അച്ചുതനാണ്. 'പൂടകൊഴിഞ്ഞ് ചിറകുകൾതാണ് രോഗംപോലും ഉപേക്ഷിച്ചുപോയ ഒരു കോഴിയായിരുന്നു അയാൾ' (1977:26)

'തനിക്ക് വേണ്ടെങ്കിലും മറ്റെല്ലാവർക്കും ഈ ബന്ധം ആവശ്യമാണ്.' (1977:26) എന്ന് സാവിത്രി മനസ്സിലാക്കുന്നു. ശാരീരികമായും മാനസികമായും ശേഷി കുറഞ്ഞ ആ മനുഷ്യനെ ശുശ്രൂഷിക്കലായി അവളുടെ ദാമ്പത്യം. പഥ്യമനുസരിച്ചില്ലെങ്കിൽ പറന്നുപോകുന്ന ജീവൻ. ഇരുപത്തിനാലുമണിക്കൂറും ഉറക്കംതൂങ്ങിയിരുത്താൻ ശക്തിയുള്ള മരുന്ന് അച്ചുതൻ നിർബന്ധമായും അയാളെ കഴിപ്പിക്കുന്നു. 'വിവാഹത്തിന്റെ ആദ്യരാത്രി കൂറ്റൻ കട്ടിലിൽ വിരിച്ച പൂവിൻ ഗന്ധമുള്ള മെത്തയുടെ അരികിൽ ഒരു കറുത്ത പല്ലിയെപോലെ അയാൾ കിടന്നു.' (1977:32) അവളുടെ ശരീരത്തിനും ചൂടിനുംവേണ്ടിയുടെ അയാളുടെ ദാഹത്തെ നിർദ്ദാക്ഷിണ്യം കെടുത്തി ലേഹ്യവും ഗുളികയും കഴിപ്പിച്ച് അവൾ നല്ലൊരു വേലക്കാരിയാവുന്നു.

സന്തതിയറ്റ് വീട് നശിച്ചുപോകുമെന്ന ഭയമായിരുന്നു സാവിത്രിയുടെ കിഴവൻ ഭർത്താവിന്. ആയുസ്സിന് കുഴപ്പമില്ലാത്തതുകൊണ്ട് കുട്ടികളുണ്ടാവാനുള്ള സമയവും കാലവുമുണ്ട്. പതുക്കെ മതിയെന്നും അയാൾ ധൃതി കാണിക്കുമ്പോൾ ക്ഷമിക്കണമെന്നും സാവിത്രിയെ അച്ചുതൻ ഉപദേശിക്കുന്നുണ്ട്. വല്യേടത്തെ സ്വത്തിനവകാശിയായി ആരുമുണ്ടാവരുതെന്ന കാര്യസ്ഥന്റെ താല്പര്യമായിരുന്നു അതിന് പിന്നിൽ.

കരുത്തേറിയ ഒരു ബീജത്തിനുവേണ്ടി സാവിത്രിയുടെ ഉള്ള് കൊതിച്ചപ്പോഴെല്ലാം 'ഒരു പല്ലിയെ ഓർമ്മിപ്പിച്ചുകൊണ്ട് മെത്തയിൽ അയാൾ കമിഴ്ന്നു കിടന്നുറങ്ങി.' മനസ്സിന്റെ വിശപ്പെന്ന ജൈവികചോദന അവളിലുണരുന്നു. 'ദാരിദ്ര്യം നാണം കെടുത്തുന്ന ഒരവസ്ഥയാണ്. ശരീരത്തിന്റെ വിശപ്പടക്കാൻ ഇരക്കേണ്ടിവരുന്ന അവസ്ഥ. അതിനേക്കാൾ കഷ്ടമാണല്ലോ മനസ്സിന്റെ വിശപ്പ്.' (1977:81)

കുഞ്ഞുണ്ടാവണമെന്നത് കിഴവന്റെ വലിയ ആഗ്രഹമായിരുന്നു. അതിനുവേണ്ടി

മരുന്നും മന്ത്രവുമെല്ലാം അയാളുപേക്ഷിച്ചു. മരുന്നുശാലയിൽനിന്ന് അച്ചുതൻ എത്തിച്ചിരുന്ന കഷായമരുന്നും ലേഹ്യങ്ങളും കുപ്പയിലെ പടുമരങ്ങൾക്ക് വളമായി.

'ഇന്നൊരു ദിവസമെങ്കിലും എന്റെ അസുഖത്തെപ്പറ്റി സാവിത്രി സൂചിപ്പിക്കരുത്' എന്നയാൾ അഭ്യർത്ഥിക്കുന്നു. കാരുണ്യമാണ് അയാളോട് തോന്നിയത്. തന്റെ ഉള്ളിൽ പൊടിച്ച ജീവന്റെ കാര്യം അയാളുടെ മരണക്കിടക്കയിൽവച്ചു മാത്രമാണ് അവളറിയിച്ചത്.

'മരുന്നുകഴിച്ച് വിളർത്ത തൂക്കലുബാധിച്ച കോഴിക്കുഞ്ഞിന്റെ' ഓർമ്മയിൽ വയറ്റിനുള്ളിലെ ജീവനോട് സാവിത്രിക്ക് വെറുപ്പുതോന്നി. തടവുപുള്ളിക്ക് തന്നെ ബന്ധിച്ച ചങ്ങലയോടു തോന്നുന്ന വികാരം(1977:115). കുഞ്ഞ് പിറന്നിട്ടും അവളുടെ ഭാവമിതായിരുന്നു.

'ഉണ്ണി പിറന്നത് എനിയ്ക്കാണോ ഞാനൊരു വെറും ചുമടുതാങ്ങി' (1977:119) എന്നവൾ പറയുന്നു. ഒടുങ്ങാത്ത സ്വത്തിന്റെ അവകാശിയായി പിറന്നുവീണ കുഞ്ഞിനോടും തന്നോടും മറ്റുള്ളവർ കാണിക്കുന്ന സ്നേഹവാത്സല്യങ്ങളിൽ അവൾക്ക് വെറുപ്പായിരുന്നു.

**4.3.2. നിഴലുറങ്ങുന്ന വഴികൾ**

ആത്മധൈര്യവും ഇച്ഛാശക്തിയും തളർത്തുന്ന കുട്ടിക്കാലത്തിലൂടെയാണ് മാധവി കടന്നുപോന്നത്. അച്ഛൻ നേരത്തെ മരിച്ചപ്പോൾ അമ്മയെ മറ്റൊരു കിഴവന് വിവാഹം ചെയ്തുകൊടുത്തു. അനാഥത്വം വളർത്തിയ അരക്ഷിതബോധം അവസാനംവരെ മാധവിയിൽ നിലനിന്നു. പതിനഞ്ചുവയസ്സു തികയുന്നതിനുമുമ്പുതന്നെ അവളെ കെട്ടിച്ചുവിടാൻ അമ്മാവനും മുത്തശ്ശിയും തിടുക്കംകൂട്ടി. പത്താം ക്ലാസിലെത്തിയപ്പോൾ പഠിക്കേണ്ടെന്ന് മുത്തശ്ശി വിലക്കി. 'പെങ്കുട്ട്യോള് കുറേ പഠിച്ചിട്ടെന്താ?' (1998f :16)എന്നായിരുന്നു അമ്മയുടെ അമ്മാവന്റെ പ്രതികരണം. 'വല്യ പരീക്ഷ വരാമ്പോന്നു. എന്റെ മോള് അതില് ജയിക്കണം. അതിലാ ജയിക്കേണ്ടത്.' അവളുടെ വിവാഹത്തെക്കുറിച്ചാണ് ഈ സൂചന. വിവാഹത്തെക്കുറിച്ചോ ദാമ്പത്യത്തെക്കുറിച്ചോ ഉള്ള സ്വപ്നങ്ങൾ മൊട്ടിടുന്നതിനുമുമ്പുതന്നെ അവളുടെ വിവാഹം നടന്നു. ഭാസ്കരന്റച്ഛൻ (മാധവിയുടെ അമ്മയുടെ രണ്ടാം ഭർത്താവ്) വന്നു. കല്യാണമുറപ്പിച്ചപ്പോൾ താൻ ഒരു കുറ്റിയിൽ തളച്ചിടപ്പെടുകയാണെന്നവൾക്ക് തോന്നുന്നു. 'കുറ്റിയും കയറും അനുവദിക്കുന്ന വൃത്തത്തിൽ കറങ്ങിക്കറങ്ങി' (1998f :32) തന്റെ ജീവിതം ഒടുങ്ങുമെന്ന ഭയം അവളെ പിടികൂടി. കച്ചവടം ചെയ്യപ്പെടുന്ന മൃഗത്തിനു തുല്യമായി മാധവി തന്നെ കാണുന്നു. 'അവർ എല്ലാം ഉറച്ചു കഴിഞ്ഞിരിക്കുന്നു. കച്ചവടം ഉറച്ചു അച്ചാരം കൊടുത്തു. കയർ മാറുകയേ വേണ്ടൂ. തനിക്കുള്ള പുതിയ കയർ അവർ തയ്യാറാക്കിയിരിക്കുന്നു' (1998f :32)

മാധവിയുടെ അമ്മയുടെ രണ്ടാം കെട്ടിന്റെ സമയത്ത് അവരുടെ അമ്മാവൻ പറഞ്ഞുറപ്പിച്ച ഒരു കരാറായിരുന്നു ഈ വിവാഹം. തന്റെ ഭർത്താവ് ഒരു രോഗിയാണെന്ന് വിവാ

ഹശേഷമാണ് മാധവി അറിയുന്നത്. എന്നും നെയ്യും പാലും പാൽക്കഷായവുമായി കഴിയുന്ന ഒരു ഹൃദ്രോഗി. 'പ്രത്യേകിച്ചൊരു വികാരവുമല്ലാത്ത മുഖം' അമ്മയെ അനുസരിക്കുന്ന ഒരു കുട്ടിയായ അയാളെ മാധവിക്ക് വെറുപ്പായിരുന്നു.

വിവാഹം കഴിക്കണമെന്ന് പ്രഭാകരൻ ആഗ്രഹിച്ചതല്ല. കല്യാണം കഴിച്ച മറ്റാൺമക്കളെയെല്ലാം അവരുടെ പെണ്ണുങ്ങൾ ചീത്തയാക്കി (!) അവർ വേറെ വീടുവച്ചുപോയി. ഇളയ മകനെ തന്റെ ചിറകിനടിയിൽത്തന്നെ വെച്ചുപോറ്റണമെന്ന ആഗ്രഹമായിരുന്നു അമ്മയ്ക്ക്. അമ്മയെ ഭയന്നാണ് വിവാഹത്തിന് പ്രഭാകരൻ സമ്മതിച്ചത്.

'എന്റമ്മയ്ക്കൊരു വീട്ടുവേലക്കാരിയെ വേണമായിരുന്നു' (1998f :68)എന്നയാൾ തുറന്നു പറയുന്നുണ്ട്. താൻ വിവാഹിതയായെന്ന് അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. 'അമ്മയുടെതായിരുന്ന പഴയ ആഭരണങ്ങൾ അണിയുന്നതും കോടിമുണ്ടുടുക്കുന്നതും അതിരാവിലെ ഉണർന്നെഴുന്നേല്ക്കുന്നതും ഒരുവളെ വിവാഹിതയാക്കുമോ?' (1998f :36) എന്ന സന്ദേഹം മാധവിയ്ക്കുണ്ടാകുന്നു.

'അരയിലുറയ്ക്കാത്ത മല്ലുമുണ്ടിനെ അവൾ വെറുത്തു. താനുപേക്ഷിച്ചുപോന്ന പുള്ളിപ്പാവാടക്കുവേണ്ടി അവളുടെ മനസ്സുകേണു.' (1998f :40) മകനും ഭാര്യയ്ക്കുമിടയിൽ മുള്ളുവേലി കെട്ടുകയായിരുന്നു അമ്മായിയമ്മ. രോഗിയായ മകനെ കാക്കാൻ വിളക്കുകാവൽ നിൽക്കുന്നപോലെ അമ്മ രാത്രികളിൽ കാവൽനിന്നു.

മോളേ അടക്കം വേണം. ഓനൊരു സോക്കേടുകാരനാ... ഓന്റെ സ്വഭാവം ചീത്ത്യാവാതിരിയ്ക്കാനാ മോളേ കൊണ്ടുവന്നത്.' രണ്ടുവർഷങ്ങൾക്കുശേഷം എല്ലാവരും നോക്കിനിൽക്കെ ഭർതൃഗൃഹത്തിൽനിന്ന് പടിയിറങ്ങിച്ചേരേണ്ടിവന്നു മാധവിക്ക്. ദേവൂനെ മാപ്പിളയ്ക്ക് കൂട്ടികൊടുത്തു എന്ന അപവാദം അമ്മായിയമ്മ അവൾക്കെതിരെ ആയുധമാക്കി. കാവിലെ ഉത്സവദിവസം രാത്രിയാണ് ദേവു ഹംസമാപ്പിളയുടെ കൂടെ പോയത്. ദേവൂന്റെ കൂട്ടിനുണ്ടായിരുന്നത് മാധവി മാത്രമാണ്. രാത്രി വീട്ടിൽ തിരിച്ചെത്തി വിവരം പറഞ്ഞപ്പോൾ അമ്മായിയമ്മ അവളെ മുറ്റത്തുനിർത്തി വാതിലടച്ചു.

രാവിലെ ഭർത്താവിന്റേയും അമ്മായിയമ്മയുടേയും വേലായുധേട്ടന്റേയും കൺമുന്നിലൂടെയാണവൾ പടിയിറങ്ങിയത്. മുത്തശ്ശി നിർബന്ധിച്ചിട്ടും ഭർത്താവിന്റെ വീട്ടിലേക്ക് തിരിച്ചുപോകാനവൾ കൂട്ടാക്കിയില്ല. 'ഞാനിവിടെ ചകിരി വിരിച്ചു കഴിഞ്ഞോളാം. നെല്ലുകുത്തി കഞ്ഞിക്ക് വകയുണ്ടാക്കാം. അങ്ങോട്ടിനി ഞാനില്ല' (1998f :110) എന്നവൾ തീർത്തു പറഞ്ഞു.

'പെണ്ണിനെ താലോലിച്ചു താലോലിച്ച് നിങ്ങളാ വഷളാക്കിയത്' അമ്മാവന്റെ വക മുത്തശ്ശിയെ കുറ്റപ്പെടുത്തൽ. മുത്തശ്ശന്റെ മരണം വീണ്ടും ഒരനാഥത്വം സൃഷ്ടിച്ചു.

പ്രഭാകരന്റെ അസുഖം മൂർച്ഛിച്ച് ആശുപത്രിയിലാക്കിയ വിവരം ശങ്കരൻകുട്ടി വന്നു പറഞ്ഞപ്പോൾ അവൾക്ക് പോകാതിരിക്കാനായില്ല. അമ്മായിയമ്മയ്ക്ക് ഭ്രാന്തായി ചികിത്സയിലായതുകൊണ്ട് വീടടച്ചിട്ടിരിക്കുകയാണ്. പ്രഭാകരന്റെ സഹായത്തിനാരും ഇല്ല എന്നറിഞ്ഞപ്പോൾ മാധവിയുടെ ഉള്ളിലെ മനുഷ്യസ്ത്രീ ഉണർന്നു. മരുന്നിനും ശുശ്രൂഷകൾക്കും പ്രഭാകരനെ രക്ഷിക്കാനായില്ല. ഭർത്താവുണ്ടായിരുന്നപ്പോൾത്തന്നെ വിധവയെപ്പോലെ കഴിയേണ്ടിവന്ന മാധവി എല്ലാ അർത്ഥത്തിലും വിധവയായി.

ഭർതൃഗൃഹത്തിലെ ജീവിതം സുരക്ഷിതമല്ലെന്ന് കണ്ട അവൾ അവിടം വിടുന്നു. ആരുടെയും അനുകമ്പയും സഹതാപവും ഏറ്റുവാങ്ങാൻ മാധവി ഇഷ്ടപ്പെട്ടില്ല. വിധവയായിത്തീർന്നതോടെ വീട്ടുകാരുടെ അങ്കലാപ്പുകൾ വർദ്ധിച്ചു. വിധവ മറ്റുള്ളവർക്കൊരു ഭാരമാണെന്നവർ കരുതുന്നു. മാധവിയെ വീണ്ടും വിവാഹം കഴിപ്പിക്കാനുള്ള ആലോചന കൊണ്ടുവന്നത് ഗോവിന്ദനാണ്. നിറയെ സ്വത്തും നിറഞ്ഞ കുടുംബവുമുള്ള ഒരു തറവാടിയെ ആദ്യത്തെ ഭാര്യയിൽ അഞ്ചു മക്കളുള്ള ഒരു കിഴവനാണയാൾ. മുത്തശ്ശി ആദ്യം എതിർത്തെങ്കിലും പിന്നീട് പൊരുത്തപ്പെട്ടു. മാധവിക്ക് പ്രത്യേകിച്ചൊരു വികാരവും തോന്നിയില്ല.

'കാഴ്ചക്ക് തരക്കേടൊന്നുമില്ല. യോഗ്യൻ. എവിടെച്ചെന്നാലും ഏതു വല്യ പണക്കാരന്റെ വീട്ടിലും പെണ്ണ് കിട്ടും.' (1998f :199)എന്നായിരുന്ന് അമ്മാവന്റെ വിലയിരുത്തൽ. 'എന്നും ഒരാളുടെ ഭാഗ്യം ഒരുപോലെയാവില്ല. നിന്റെ നല്ലകാലം എവിടെയാ ഒളിഞ്ഞിരിക്കുന്നതെന്ന് ആരു കണ്ടു?' (1998f :198)എന്നും അമ്മാവൻ അതിനെ ന്യായീകരിക്കുന്നുണ്ട്. മാധവിയെ സംരക്ഷിക്കാൻ തനിക്ക് കഴിയാത്തതിന്റെ കുറ്റബോധവും അമ്മാവന്റെ മനസ്സിലുണ്ട്. അവൾ ഇതിനെ എതിർത്തിരുന്നെങ്കിൽ ഒഴിഞ്ഞുമാറാൻ തനിക്കൊരു വൈക്കോൽതുരുമ്പ് കിട്ടുമായിരുന്നു എന്നയാൾ ചിന്തിക്കുന്നു. എന്നാൽ മാധവി എതിർത്തില്ല. മറ്റുള്ളവർക്ക് ഭാരമാവാതിരിക്കാനായി സ്വയം ഭാരം ചുമക്കാൻ അവൾ തീരുമാനിച്ചു.

'ഒന്നല്ലെങ്കിലും അയാളുടെ കൈയിൽ കാശുണ്ടല്ലോ. പൊന്നും പണവും നെല്ലും തേങ്ങയും' (1998f :196) എന്നായിരുന്നു മാധവിയുടെ പ്രതികരണം. തന്നോടും തന്റെ ജീവിതത്തോടുമുള്ള നിശ്ശബ്ദമായൊരു പ്രതിഷേധമായിരുന്നു അത്.

#### 4.3.3. ആരും മരിക്കുന്നില്ല

ഗോപികൃഷ്ണന്റേയും ഗിരിജയുടേയും ദാമ്പത്യത്തിലെ പൊരുത്തക്കേടുകളിൽനിന്നാണ് 'ആരും മരിക്കുന്നില്ല' എന്ന നോവൽ ആരംഭിക്കുന്നത്. ആദ്യരാത്രിയിൽതന്നെ ഭാര്യയോട് ഗോപികൃഷ്ണന്റെ അഹന്ത നിറഞ്ഞ ചോദ്യം ഇതായിരുന്നു – 'ഇപ്പോൾ നീയാരാണ്?' (1998e :7) എന്ന ചോദ്യം തന്നെ തന്റെ അസ്തിത്വത്തിൽനിന്നും പറിച്ചെടുക്കുന്ന ചോദ്യമായി ഗിരിജയ്ക്ക് അസ്വസ്ഥതയുണ്ടാക്കുന്നു. ആര്യങ്കോട് തറവാട് തന്റെ

തടവറയും ഗോപീകൃഷ്ണൻ തന്റെ അധികാരിയുമായി മാറിയിരിക്കുന്നു എന്ന് ആദ്യം അനുഭവപ്പെട്ട നിമിഷമാണത്.

വക്കീൽ ഗുമസ്തനായ ജയകൃഷ്ണന്റേയും മാലിനി ടീച്ചറുടേയും മകളായ തന്റെ അസ്തിത്വം വിവാഹത്തോടെ ശിഥിലമാകുന്നു. വിദ്യാഭ്യാസവും ഉദ്യോഗവുമുള്ള ഗിരിജ യുടെ അമ്മ വലിയൊരു വീട്ടിൽ മകളെ വിവാഹം കഴിച്ചയയ്ക്കാൻ മോഹിച്ചു. മകളുടെ കാര്യത്തിൽ അച്ഛനേക്കാൾ താല്പര്യം അമ്മ കാണിച്ചത് തന്റെ ജീവിതത്തിലെ അല്ലലു കൾ അവൾക്കുണ്ടാകരുതെന്ന് കരുതിയാണ്. വിവാഹത്തിലൂടെ മകൾക്ക് കിട്ടാവുന്ന സാമ്പ ത്തിക ഭദ്രതയാണ്, ജീവിതത്തിലെ അല്ലലുകൾക്ക് പരിഹാരമായി അമ്മ കണ്ടത്.

ദാമ്പത്യത്തിലെ അല്ലലുകൾക്ക് അതിലുപരി മാനങ്ങളുണ്ടെന്ന് അമ്മ ചിന്തിച്ചിട്ടില്ല. അമ്മയുടെ വാക്കുകളിലും അതിർത്തി രേഖകളിലും ഒതുങ്ങിക്കൂടാൻ ശീലിച്ച ഗിരിജ അതിനപ്പുറം ചിന്തിച്ചില്ല. ബാല്യകൗമാരങ്ങളെല്ലാം വാടകവീട്ടിൽ തുച്ഛമായ വരുമാനം കൊണ്ട് അളന്നുമുറിച്ച ജീവിതം. സംഗീതവും ഇംഗ്ലീഷു വദ്യാഭ്യാസവും വീട്ടിലും ഗേൾസ് ഹൈസ്കൂളിലുമായി അതിർത്തികൾക്കപ്പുറം പോകാത്ത ജീവിതാനുഭവങ്ങളായിരുന്നു ഗിരിജയുടേത്. എങ്കിലും വിവാഹത്തെക്കുറിച്ചും ദാമ്പത്യത്തെക്കുറിച്ചും അവൾക്ക് സ്വന്ത മായ ചില കാഴ്ചപ്പാടുകളുണ്ടായിരുന്നു.

ഗിരിജയെ വിവാഹം കഴിച്ചത് തന്റെ വിജയമായി ആഘോഷിക്കുന്ന പുരുഷനാണ് ഗോപീകൃഷ്ണൻ. അമ്മയുടെ അർദ്ധസമ്മതോടെയാണ് ഈ വിവാഹം നടത്തിയതെന്ന് അയാൾ പറയുന്നുണ്ട്. തുച്ഛമായ വരുമാനമുള്ള ഒരു വീട്ടിലെ പെണ്ണിന് ആഢ്യത്യമുള്ള ആര്യങ്കോട്ടു തറവാട്ടിലെ വധൂപദവി നിസ്സാരമല്ല എന്നയാൾ വിശ്വസിക്കുന്നു. ഈ വിവാഹം അയാളുടെ തെരഞ്ഞെടുപ്പായിരുന്നു. എനിക്ക് ഇണങ്ങിയവളെയാണ് ഞാൻ തെരഞ്ഞെ ടുത്തത്. മനസ്സിലായോ? (1998c :8) എന്നയാൾ തന്റെ പ്രണയം അവളെ അറിയിക്കുകയും ചെയ്യുന്നുണ്ട്.

തനിക്കിഷ്ടമുള്ള പെണ്ണിനെ തെരഞ്ഞെടുക്കാനുള്ള പുരുഷന്റെ സ്വാതന്ത്ര്യം തന്റെ ഇഷ്ടത്തിലേക്ക് അവളെ മെരുക്കിയെടുക്കാനുള്ള തന്ത്രം കൂടിയായിമാറുന്നു. തുല്യനില യിലുള്ള സഹവർത്തിത്വമല്ല ഭാര്യയോടുള്ള സംസാരത്തിലൂടെ ഗോപീകൃഷ്ണൻ വെളി വാക്കുന്നത്. ഭർതൃമതിയാകുക എന്നാൽ ഭർത്താവിന്റെ നിയമങ്ങൾക്കുള്ളിൽ ജീവിക്കുക എന്ന അർത്ഥമാണ് ഗിരിജയെ സംബന്ധിച്ചും. 'ഇപ്പോൾ നീയാരാണ്' എന്ന ചോദ്യത്തി ലൂടെ ഭർത്താവ്, പുരുഷൻ എന്നീ നിലകളിലുള്ള തന്റെ ഔദ്ധത്യമാണ് ഗോപീകൃഷ്ണൻ പ്രകടമാക്കുന്നത്.

ഒരു വലിയ മുതലാളിയുടെ തോട്ടങ്ങളുടെ കാര്യസ്ഥന്മാരിലൊരാളാണ് ഗോപീകൃ ഷ്ണൻ. വിദ്യാഭ്യാസം കുറവ്. ഗിരിജയെന്ന പീക്കിരിപ്പെണ്ണിനെ പാട്ടിലാക്കാൻ തനിക്ക്

കഴിയാത്തതിൽ അയാൾ അസ്വസ്ഥനാണ്. മാസത്തിൽ ഒന്നോ രണ്ടോ തവണയാണ് ഗോപീകൃഷ്ണൻ വീട്ടിലെത്തുന്നത്. തന്റെ ശരീരത്തോടുള്ള താല്പര്യംകൊണ്ടു മാത്രമാണത് എന്ന് മനസ്സിലായപ്പോഴാണ് ശരീരം ഒരു ഭാരമാണെന്ന് ഗിരിജ ചിന്തിക്കുന്നത്. ശരീരത്തോടുള്ള അയാളുടെ അഭിനിവേശങ്ങൾ അനുവദിച്ചുകൊടുക്കേണ്ടി വരുന്നത് താൻ ഭർതൃമതിയാണ് എന്ന് ഒറ്റച്ചിന്തകൊണ്ടുമാത്രം.

പഠിപ്പും വിദ്യാഭ്യാസവുമുണ്ടെങ്കിലും സ്ത്രീയും തന്റെ ഭാര്യയുമായതുകൊണ്ട് അവളെ മാനിക്കേണ്ടതില്ലെന്ന് ഗോപികൃഷ്ണൻ വിശ്വസിക്കുന്നു. സ്ത്രീക്ക് ബുദ്ധിയല്ല സൗന്ദര്യമാണ് വേണ്ടത്. 'പെണ്ണുങ്ങൾക്കെന്തിനാണ് ബുദ്ധി' (1998e :8) എന്നയാൾ  മുഖത്തടിച്ചപോലെ ചോദിക്കുന്നു. സൗന്ദര്യംകൊണ്ട് ആണിനെ തൃപ്തിപ്പെടുത്താനുള്ള ബുദ്ധിയേ പെണ്ണിനാവശ്യമുള്ളു.

'നിന്റെ പഠിപ്പ് കൊണ്ടെന്തുകാര്യം. പുസ്തകത്തിലിഴഞ്ഞു നടക്കുന്ന വാലൻപുഴുവാണ് നീ. ദൈവം നിനക്കെന്തിനാണ് ഇത്രയും സുന്ദരമായ ശരീരം തന്നിരിക്കുന്നതെന്ന് ഞാനദ്ഭുതപ്പെടുന്നു. ലുബ്ധന്റെ സ്വത്തുപോലെ നീയതു സൂക്ഷിച്ചു വയ്ക്കുന്നു. പണം കുഴിച്ചിട്ട അവൻ പട്ടിണി കിടക്കുന്നു.' (1998e :17)

സ്ത്രീ അവളുടെ ശരീരം മാത്രമാണെന്ന സൂചന ഈ വാക്കുകളിലുണ്ട്. അത് പുരുഷനെ രസിപ്പിക്കാനുള്ളതാണ്. തനിക്ക് ഇണങ്ങിയവളെയാണ് താൻ തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് അയാൾ പറഞ്ഞതിന് അവളുടെ ശരീരത്തോടുള്ള ഇണക്കം എന്നാണ് അർത്ഥം കല്പിക്കേണ്ടത്. അറിവും ബുദ്ധിയും പെണ്ണിന് ആവശ്യമില്ലെന്ന് ആര്യങ്കോട്ടമ്മയും വിശ്വസിക്കുന്നു. 'പത്രം വായിച്ചിരുന്നാൽ വീട്ടിലെ പണിയാരു ചെയ്യും?'(1998e :22) എന്ന് ഗിരിജയോടവൻ ചോദിക്കുന്നു. പുസ്തകം വാങ്ങാൻ അരവിന്ദന്റെ അടുത്തുചെന്നപ്പോൾ 'മോളേ നിനക്ക് പണിയൊന്നുമില്ലേ'(1998e :22)എന്നാണവർ ചോദിച്ചത്.

ഗിരിജയോട് അമ്മായിയമ്മക്കുള്ള സ്നേഹം രണ്ടുതരത്തിലാണ്. തറവാട്ടിലെ അടുക്കളപ്പണികളിൽ അവൾ നന്നായി ശ്രദ്ധിക്കുന്നു. കാരണവരെപ്പറ്റിയുള്ള കഥകൾ കേൾക്കാൻ ഇരുന്നുതരുന്നു. ഭർത്താവിനോടുള്ള ഒച്ചയില്ലാത്ത പ്രതിഷേധങ്ങൾ ഗിരിജയുടെ വാക്കുകളിലും പ്രവൃത്തികളിലും കാണാം. ഗോപികൃഷ്ണൻ കൊണ്ടുവരുന്ന സാരികളിൽ, കമ്മലിൽ, ചന്ദനത്തൈലത്തിൽ ഒന്നും അവൾ താല്പര്യം കാണിക്കുന്നില്ല. തന്റെ ഭാര്യാസങ്കല്പത്തിന് നിരക്കുന്നവളല്ല ഗിരിജ എന്നയാൾ മനസ്സിലാക്കുന്നു. അവൾക്കൊരു പൂർവ്വകാമുകനുണ്ടായിരിക്കുമോ എന്ന സംശയത്തിലേക്കാണ് ഇതയാളെ നയിക്കുന്നത്.

'ധിക്കാരിയായ പെണ്ണ്' എന്നാണ് പ്രഭാവതിയെ എല്ലാവരും വിലയിരുത്തിയത്. അവൾക്ക് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടെന്നറിഞ്ഞപ്പോൾ തറവാട്ടമ്മക്കും അവളോട് നീരസമായി. 'നടക്കുമ്പോൾ ഭൂമി അറിയും. അടുക്കുമ്പോൾ ആരും ഒന്നുനോക്കും. സംസാ

രിച്ചാൽ വ്യക്തമായ മറുപടി കിട്ടും. ഏതു കാര്യത്തിലും അവൾ സ്വന്തമായ അഭിപ്രായം പറയും.' (1998e :84)

ഗിരിജയുടെ വ്യക്തിത്വത്തെ അംഗീകരിച്ച ഒരേയൊരാളായിരുന്നു അരവിന്ദൻ. എന്നാൽ വിദ്യാസമ്പന്നനും വിപ്ലവകാരിയുമായ അയാൾക്ക് തന്റെ ഭാര്യ പ്രഭാവതിയോട് തുല്യത പുലർത്താൻ കഴിയുന്നില്ല. അരവിന്ദൻ വിവാഹത്തെ ലജ്ജാകരമായ കാര്യമായി ട്ടാണ് വിലയിരുത്തുന്നത്. ഒരു ഭീരുവിനെപ്പോലെയാണയാൾ പെരുമാറുന്നത്. അരവി ന്ദനോടെന്നതിനെക്കാൾ നീലനോട് (പട്ടാളത്തിൽ നിന്നുപോന്ന പേരമകൻ) പ്രഭ പ്രത്യേകം താല്പര്യം കാട്ടുന്നു.

'നീലൻകുറച്ച് എരിവും പുളിയുമുള്ള കൂട്ടത്തിലാണ്. അരവിന്ദന് അതാണില്ലാ ത്തതും' (1998e :98) എന്നവൾ പറയുന്നുണ്ട്. തന്റെ കഴുത്തിലെ താലിച്ചരടിനെക്കുറിച്ചും അവൾ ഉദാസീനയാണ്. 'കുളിക്കുമ്പോൾ കണ്ണിയറ്റുപോയി. കൂട്ടിച്ചേർക്കാൻനേരം കിട്ടിയ തുമില്ല' എന്നായിരുന്നു മറുപടി.

അർത്ഥശൂന്യമായ സ്വന്തം നിലനില്പിൽ ആത്മനിന്ദ അനുഭവിക്കുന്നുണ്ട് ഗിരിജ. 'തന്റെ നിലനില്പ് എത്ര അപമാനകരമാണ്. മാസത്തിലൊരിക്കൽ വരുന്ന ഭർത്താവിനു വേണ്ടി തൈലം പുരട്ടി, സോപ്പ് തേച്ച്, താളി തേച്ച് കുളിച്ചൊരുങ്ങി ശരീരം കാത്തു സൂക്ഷിക്കുക എന്നതിൽ കവിഞ്ഞ എന്തു കൃത്യമാണ് താൻ ചെയ്യുന്നത്. വെറും ജന്തുസ ഹജമായ നിലനില്പ്' (1998e :104).

അറിവും വിദ്യാഭ്യാസവുമുണ്ടെങ്കിലും ഇച്ഛാശക്തിയില്ലാത്തതിന്റെ നിശ്ശബ്ദസഹ നങ്ങളാണ് ഗിരിജക്കുള്ളത്. മേധാശക്തിയുള്ള സ്ത്രീകളെ അവൾ ബഹുമാനിക്കുന്നു. രമേടത്തിയെ, പ്രഭാവതിയെ, തറവാട്ടമ്മയെ, വിദ്യാഭ്യാസമുള്ള അരവിന്ദനെ മാനിക്കു മ്പോൾതന്നെ അയാളുടെ തന്റേടമില്ലായ്മയെ പരിഹസിക്കുന്നു. ദാമ്പത്യത്തിന്റെ ഉത്തര വാദിത്തങ്ങൾ മറന്ന് അർത്ഥമില്ലാത്ത വിപ്ലവപ്രവർത്തനം നടത്തുന്ന അരവിന്ദനെ അവൾ കുറ്റപ്പെടുത്തുന്നു. ഭർത്താവിന്റെ പരമാധികാരത്തെ വെറുക്കുന്നു. നീലനെപ്പോലെ നിറവും തരവും മാറുന്നതിൽനിന്നും കഴിയുന്നത്ര അകന്നുനിൽക്കുകയും ചെയ്യുന്നു. തറവാടിന്റെ ഒഴിച്ചുകൂടാനാവാത്ത ഒരു അവയവമായി മാറിക്കഴിഞ്ഞിരുന്ന വല്യേടത്തിയെ ആരും ഗൗനി ക്കുന്നില്ല. അവർ ഉണ്ണുന്നുണ്ടോ ഉറങ്ങുന്നുണ്ടോ എന്ന വേവലാതി ആർക്കുമില്ല. അമ്മാവ നുപോലും.

#### 4.3.4. റോസ്മേരിയുടെ ആകാശങ്ങൾ

സ്വന്തം കാലിൽ നിൽക്കാനുള്ള ആഗ്രഹംകൊണ്ട് പഠിച്ച് ജോലി നേടാൻ പ്രയത്നിച്ചവളാണ് റോസി. എന്നാൽ പിറകോട്ടു പിടിച്ചുവലിക്കുന്ന സാഹചര്യങ്ങളും കുടുംബാന്തരീക്ഷവും റോസിയെ വിഷമിപ്പിച്ചു. കിടപ്പിലായ അമ്മ, വിധവയായ ചേച്ചി,

ചാരായം മോന്തുന്ന അച്ഛൻ. മന്ദബുദ്ധിയായ അനിയൻ കൊച്ചാപ്പു. സ്വന്തമാക്കാനാഗ്ര ഹിച്ച ഉയരങ്ങൾ അവൾക്കന്യമായി. കുടുംബത്തെ രക്ഷിക്കാനെങ്കിലും ഒരു തൊഴിൽ അത്യാവശ്യമായിത്തീർന്നു.

വേനലൊഴിവിന് വീട്ടിലെത്തിയ റോസിയെ അപ്പൻ കീഴ്പ്പെടുത്താൻ ശ്രമിച്ചത് റോസി യുടെ ആത്മാവിനേറ്റ ക്ഷതമായി. ഒരു മൃഗത്തിൽ നിന്നെന്നപോലെ അവൾ ഓടി രക്ഷ പ്പെടുകയായിരുന്നു. അമ്മയുടെ സഹായി മറിയാമ്മച്ചേടത്തിയുടെ സാന്ത്വനത്തിലാണ് അവളന്നു നേരം വെളുപ്പിച്ചത്. തന്റെ സ്ത്രീത്വത്തിനേറ്റ ആഘാതമായി റോസിക്ക് ഈ സംഭവം. നാടും വീടും വിട്ട് എങ്ങോട്ടെങ്കിലും പോകാതെ തരമില്ലെന്നുവന്നു. ഉത്തരേ ന്ത്യയിലെ സ്വകാര്യ ആശുപത്രിയിൽ മിഡ്‌വൈഫായി ജോലിചെയ്യുന്ന മാർഗരറ്റ് ആന്റി മറിയാമ്മച്ചേടത്തിയുടെ അനിയത്തിയാണ്. അങ്ങോട്ടുപോകാനാണ് റോസി തീരുമാനിച്ച ത്. മറിയാമ്മച്ചേടത്തി ആ യാത്രയ്ക്ക് വേണ്ടതെല്ലാം സഹായിച്ചു.

കന്യാസ്ത്രീയാകാൻ റോസി ഇഷ്ടപ്പെട്ടില്ല. ജോലി തേടിയും മറ്റും ഗ്രാമത്തിൽനി ന്നു. പെൺകുട്ടികൾ അകന്നുപോകുന്നത് അവൾ കണ്ടു. ഒരിടുങ്ങിയ വഴിയിലൂടെ കടന്നു പോകുന്ന ശ്വാസത്തിന്റെ ഞരക്കം യാത്രയിലുടനീളം റോസിയിലുണ്ടായി. പിറന്ന നാട്ടിൽനിന്ന് തന്നെ ആട്ടിയകറ്റുന്ന ജീവിതത്തെക്കുറിച്ചാണവൾ ചിന്തിച്ചത്. അറ്റമില്ലാത്ത അപരിചിത ഭൂമികളിലേക്കുള്ള ആട്ടിയകറ്റൽ. തീവണ്ടിയിൽവച്ച് പലതരക്കാരേയും കണ്ടു. തടിച്ച യുവതി നയിക്കുന്ന ഒരു സംഘം. നാലു പെൺകുട്ടികളും രണ്ട് യുവാക്കുളുമുണ്ടാ യിരുന്നു. ആ സംഘത്തിലെ ആനിയെക്കുറിച്ച് റോസി മനസ്സിലാക്കി. അബദ്ധത്തിൽ വീടു വിട്ടുവന്ന് ഇവരുടെ സംഘത്തിൽ കുടുങ്ങിയതാണവൾ. ജോലി വാഗ്ദാനംചെയ്ത് ഗോവി ന്ദപുരത്തേക്കാണവരെ കൊണ്ടുപോകുന്നത്. ആനി ഒച്ചയില്ലാതെ കരയുന്നുണ്ടായിരുന്നു.

വണ്ടിയിറങ്ങിയപ്പോൾ മാർഗററ്റ് കാത്തുനിൽപ്പുണ്ടായിരുന്നു. തനി ഗ്രാമീണനായ ഫാദർ. യെത്സഗ്ഗി കൂടെ. അന്തസില്ലാത്ത വാചാലതയായിരുന്നു യെത്സഗ്ഗി. ആദിവാസി യാണയാൾ. പുതു വിശ്വാസിയായ യെത്സങ്കി റോസിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനാ യി. റോസി കോൺവെന്റിൽ (കന്യാശ്രമം) താമസിച്ചു.

അമ്മ റോസിയുടെ വിവാഹത്തെപ്പറ്റിയും സ്ത്രീധനത്തുകയെപ്പറ്റിയും വേവലാതി പ്പെട്ടുകൊണ്ടിരുന്നു. വിവാഹമേ തനിക്കുവേണ്ടെന്ന് അപ്പോഴെല്ലാം അവൾ പറഞ്ഞു. ഓരോ വേനലവധിക്കും വീട്ടിൽ പോകാതെ റോസി പലവഴിക്ക് അഭയം തേടി. വാക്കുകളിൽ ആജ്ഞാസ്വരമുള്ള ആലീസിനെ റോസി പരിചയപ്പെട്ടു. അവളെന്തൊക്കെയോ രഹസ്യം സൂക്ഷിക്കുന്നതായി തോന്നി. ആലീസ് ആദിവാസികളുടെ യോഗത്തിന് പോകുന്നു. 'എന്റെ കർമ്മം ഈ ഗ്രാമത്തിലാണ്. ഇവരെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ'. ക്രിസ്ത്യാനികൾ കാമപൂജാ ഉത്സവം കാണാൻ പോകുന്നത് നിയമവിരുദ്ധമാണത്രെ. പക്ഷേ പാതിരിയച്ചൻപോലും ആ നിയമം ലംഘിക്കുന്നു. ഞായറാഴ്ചകളിൽ ആദിവാസി കുടും

ബങ്ങൾ കാഴ്ചദ്രവ്യങ്ങളുമായി പള്ളിമുറ്റത്തെത്തുന്നു. പള്ളിപ്പെരുന്നാളിൽ അവൾക്ക് വലിയ താല്പര്യമില്ല.

യെത്സങ്കിയുടെ മുമ്പിൽ നിൽക്കുമ്പോൾ തന്റെ മനസ്സിന്റെ ഉള്ളറകൾ തുറക്കുന്നതും അവിടെ വെളിച്ചം വീശുന്നതും റോസ്മേറി അറിഞ്ഞു. മാർഗരറ്റും റോസിയും കുർശി യിലേക്ക് പോകാനുറച്ചു. ആലീസ് സമ്മതിച്ചില്ല. യെത്സങ്കിക്ക് ആ പിരിയൽ വേദനാകര മായി.

അനാഥത്വം റോസിയെ പിന്തുടർന്നുകൊണ്ടിരുന്നു. ലേഡി വെല്ലിംഗ്ടൺ ഹാളിൽ നഴ്സിംങ് അസിസ്റ്റന്റായി ചെന്നപ്പോൾ അടിമപ്പണിയുടെ വേദനയറിഞ്ഞു. മാഡം ദേവി കാറാണിയുടെ ഇംഗിതങ്ങൾക്കൊത്ത് അവൾക്ക് പ്രവർത്തിക്കേണ്ടിവന്നു. അമ്മയ്ക്ക് അഹി ന്ദുക്കളെ ഇഷ്ടമല്ലെന്നും അവളൊരു പൊട്ടു തൊട്ടുവരണമെന്നും മകൻ പറയുന്നുണ്ട്. (1993 :117) പൊട്ടുകുത്തുന്നതിലെ മതചിന്ത റോസിയെ വേദനിപ്പിച്ചു. റോസിയുടെ പൊട്ട് യെത്സങ്കിക്ക് അമ്പരപ്പായി. മാഡം ദേവികാറാണി പോകുമ്പോൾ മകൻ വച്ചുനീട്ടിയ പാരി തോഷികം അവൾ തിരസ്കരിച്ചു.

നഴ്സിംങ് റോസിക്ക് കുട്ടിക്കാലത്തേ ഇഷ്ടമായിരുന്നില്ല. മിസ് ഹാർഡിയോടവൾ തുറന്നു പറഞ്ഞ് അവിടം വിടുന്നു. ആലീസിന്റെ പാത തിരഞ്ഞെടുത്താലോയെന്ന് റോസി ആലോചിച്ചു. ആലീസ് ദളിത് മോർച്ചാ പ്രവർത്തകയാണ്.

ആലീസിനു ലുക്കേമിയയാണെന്നും മരണത്തെ മുഖാമുഖം കാണുകയാണെന്നും അറിഞ്ഞ് ആലീസിനുള്ള ഭക്ഷണവുമായി ഓടിക്കിതച്ചു വന്ന റോസി തളർന്നുവീണു. താങ്ങാൻ യെത്സങ്കിയുടെ കൈകളുണ്ടായി. ആലീസിനെ അവരുടെ നാട്ടിലേക്ക് കൊണ്ടു പോയപ്പോഴും റോസിക്ക് അനാഥത്വം തോന്നി. യെത്സങ്കിയുടെ നെഞ്ചിൽ മുഖമമർത്തി റോസി തേങ്ങി.

വ്യവസ്ഥാപിതമായ യാന്ത്രികജീവിതം ഇല്ലാത്ത ഏതു സ്ഥലവും തനിക്ക് ചേരു മെന്ന് റോസ്മേരി ചിന്തിച്ചു. കാണാപുറങ്ങൾ തേടിയുള്ള യാത്രകൾതന്നെ എവിടെയെ ത്തിക്കുമെന്ന് അവളാശങ്കപ്പെട്ടില്ല. ജീവിതം കഴുതപ്പുറത്തെ വിഴുപ്പായി കൊണ്ടുനടക്കലാ ണെന്ന് (1993 :138) അവൾക്ക് തോന്നി.

റോസ്മേരി തന്റെ മാർഗ്ഗത്തിലെത്തുമെന്ന് ആലീസ് നേരത്തെ കരുതിയിരുന്നു. ആലീ സിന്റെ സാഹചര്യം വ്യത്യസ്തമായിരുന്നു. കല്യാണം കഴിക്കാൻ ആലീസ് താല്പര്യപ്പെ ട്ടില്ല. വീട്ടുകാർക്കവളെ കന്യാസ്ത്രീയാക്കാനും താല്പര്യമില്ല. വീട്ടുകാരെ മറികടന്ന് ആലീസ് സ്വന്തം മാർഗ്ഗം തെരഞ്ഞെടുത്തതാണ്. വലിയമ്മാവനാണ് അവൾക്ക് വഴികാട്ടിയത്. 'ആലിസ് നീ വിവാഹിതയാകാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ വേണ്ട. വിവാഹം ഒരു പെൺകു ട്ടിയുടെ അൾട്ടിമേറ്റ് എയിം അല്ല. ആവുകയുമരുത്. പുരോഹിതപ്പട്ടം നിനക്കുവേണ്ടെ

ങ്കിൽ അതും സ്വീകരിക്കണ്ട. (1993 :142)

യെത്സങ്കിയോട് റോസിക്ക് വലിയ അടുപ്പം തോന്നിയിരുന്നു. അവളുടെ ഓർമ്മയിൽ ആദ്യവും അവസാനവും യെത്സങ്കിയാണ് വരുന്നത്. 'അവളുടെ ജീവിതത്തിൽ പുരുഷ ന്മാർ കുറവാണ്. യൗവനത്തിലേക്ക് കടക്കുമ്പോൾ ഉണ്ടായ അനുഭവം അവളുടെ മന സ്സിന്റെ ഒരു ഭാഗം മരവിപ്പിച്ചു കളഞ്ഞിരുന്നു.' (1993 :140) രോഗബാധിതയായിട്ടും അവൾ യോഗങ്ങളും പ്രസംഗവും മുടക്കിയില്ല. ആലിസ് ഓർക്കുന്നു.

'താനെന്നും സ്വാർത്ഥിയായിരുന്നു. കടമകളെക്കുറിച്ച് ഒരിക്കലും ചിന്തിച്ചിരുന്നില്ലെന്നും അവൾ ഓർത്തു. ലോകം തന്നോട് അനീതി കാണിക്കുന്നു എന്ന അടിസ്ഥാനചിന്ത അവളെ നയിച്ചു. ആരും ആരേയും നയിക്കുന്നില്ല. സ്വയം കീഴ്പ്പെടുകയോ സ്വയം ഭരിക്കുകയോ ആണ് ചെയ്യുന്നത്. ഈ അറിവ് അവൾക്ക് തന്റേടം നൽകി'. (1993 :153)

#### 4.3.5. ഗൗതമൻ

ഗൗതമന്റെ കാഴ്ചകളും അനുഭവങ്ങളുമായി ആഖ്യാനം നിർവഹിക്കപ്പെടുന്ന ഈ നോവലിൽ സാമൂഹിക വ്യവസ്ഥയും അതിന്റെ അധികാര പ്രയോഗങ്ങളും ആവിഷ്കരി ക്കുന്നു വത്സല. യാഥാർത്ഥ്യവും ഭ്രമാത്മകതയും കൂട്ടിക്കുഴയുന്നു ആഖ്യാനത്തിൽ. സാമൂ ഹികഘടനയുടെ ഏകപക്ഷീയമായ അധികാരപ്രയോഗങ്ങളിൽ വികൃതമാക്കപ്പെടുന്ന മനു ഷ്യജീവിതമാണ് ഗൗതമനിലെ പ്രമേയം.

സാമൂഹികവ്യവസ്ഥകളെല്ലാം പുരുഷമേധാവിത്തപരമാണ്. അതിനാൽ സ്ത്രീജീവി തമാണ് ഏതു സാമൂഹികവ്യവസ്ഥയിലും കൂടുതൽ ശിഥിലമാക്കപ്പെടുന്നത്. കൊല്ലിനും കൊലക്കും അധികാരമുണ്ടായിരുന്ന രാമകൃഷ്ണപ്രഭുവിന്റെ നാടാണ് രാമപുരം. അയാ ളുടെ കൂറ്റൻ ബംഗ്ലാവ് അധികാരത്തിന്റെ അധോലോകമാണ്. ഗ്രാമീണരെല്ലാം പട്ടിണി ക്കാരും സ്വത്വബോധം നശിച്ചവരുമാണ്. പ്രായപൂർത്തിയാകുമ്പോഴേക്കും മുടന്താൻ തുട ങ്ങുന്ന ജീവിതമാണവരുടേത്. സ്വന്തം കാലിൽ നിൽക്കാനാവാത്തതാണവരുടെ പ്രശ്നം. അപമാനവീകരിക്കപ്പെട്ട ലോകമാണത്. ക്രമേണ സ്വന്തം കാലിൽ നിൽക്കുന്നത് കുറ്റമാ ണെന്നവൾക്ക് തോന്നി തുടങ്ങുന്നു. ഈയവസ്ഥയിൽ സ്ത്രീയുടെ നിലയെന്തെന്ന് നോവൽ പറഞ്ഞുതരുന്നുണ്ട്. സ്ത്രീകൾ അധികാരികളുടേതാണ്. അവൾ അപമാനിക്ക പ്പെട്ടുകൊണ്ടേയിരിക്കുന്നു.

അപമാനിതയായി സ്വന്തം ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക് പലായനം ചെയ്തവ ളാണ് ഗൗതമന്റെ അമ്മ. ഒരു പാപം കഴുകിക്കളയാണെന്നപോലെയായിരുന്നു പലാ യനം. ബലാൽക്കാരത്തിനിരയായ സ്ത്രീ നാട്ടിൽനിന്നും വീട്ടിൽനിന്നും നിഷ്കാസിത യാകുന്നു. പാപഭാരവും കുറ്റങ്ങളും അവൾക്കുള്ളതായിത്തീരുന്നു. കുഞ്ഞിനെ കന്യാസ്ത്രീമഠത്തിന് മുമ്പിൽ കിടത്തി അവൾ ഒരു തൊഴിലുതേടി. അടിച്ചുതളിക്കാരിയാ

യി. കൊല്ലത്തിലൊരിക്കൽ വിലകുറഞ്ഞ തുണിസഞ്ചിയിൽ അഞ്ചോ ആറോ മാമ്പഴങ്ങളുമായി മകനെ കാണാനെത്തി.

'അലക്കി വെളുപ്പിച്ച വസ്ത്രങ്ങളേ അമ്മ ധരിച്ചിരുന്നുള്ളൂ. ഒരു വീട്ടുവേലക്കാരിയുടെ അലക്കിത്തെളിഞ്ഞ വസ്ത്രങ്ങൾ. തേഞ്ഞുമാഞ്ഞുപോയ പുള്ളികൾ. എണ്ണമിനുക്കമുള്ള ഇടതിങ്ങിയ തലമുടി ചീകി വെടിപ്പാക്കി കെട്ടിവയ്ക്കും.'(1986:21)

അച്ഛനും സഹോദരനുമുണ്ടായിരുന്ന നാട്ടിലേക്ക് തിരിച്ചുപോകാൻ പിന്നീട് അമ്മക്ക് കഴിഞ്ഞില്ല. പോകണമെന്ന ആഗ്രഹം ശക്തമായി അവരിലുണ്ടായിരുന്നു. ജോലിചെയ്ത് തളർന്നും പാരമ്പര്യമായികിട്ടിയ രോഗംകൊണ്ട് വലഞ്ഞും അവർ കിടപ്പിലായി. ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്യുന്ന ദിവസം തന്നെവന്നു കൊണ്ടുപോകണമെന്ന് ഗൗതമനോട് ആവശ്യപ്പെടുന്നുണ്ട് അമ്മ.

'നാട്ടിൽ കിടന്നു മരിക്കണമെന്നായിരുന്നു ആഗ്രഹം. ഇത് മാറുന്ന രോഗമല്ല. എന്റെ അച്ഛനും ഇതേ രോഗമായിരുന്നു. എന്റെ മുത്തശ്ശനും ഇതേ രോഗംതന്നെ. നമ്മേപോലെ ഗതിയില്ലാത്തോർക്ക് വിധിച്ചതാ ക്ഷയരോഗം' എന്നവർ പറയുന്നു.

രാമപുരത്തെത്താതെ അമ്മ മരിക്കുകയില്ലെന്ന ഗൗതമന്റെ പ്രതീക്ഷ അസ്ഥാനത്തായി. യാത്ര തടസ്സപ്പെടുകയും രോഗംമൂർച്ചിച്ച് അവർ മരിക്കുകയും ചെയ്തു. അമ്മയുടെ ചിതാഭസ്മവുമായി ഗൗതമൻ രാമപുരത്തേക്ക് യാത്രയാകുകയാണ്.

'കുട്ടീ നിന്റമ്മ ഭാഗ്യവതിയാണ്. രാമപുരത്തെ കലാപകാരികളുടെ ഇടയിലേക്ക് പോകാഞ്ഞതു നന്നായി. ഇവിടെ അവർക്ക് മനസ്സമാധാനത്തോടെ മരിക്കാൻ കഴിഞ്ഞു'(1986 :84) എന്ന് കന്യാസ്ത്രീ ഗൗതമനോട് പറയുന്നു.

#### 4.3.5.1. നന്ദിനി

ഗ്രാമമുഖ്യന്റെ മുമ്പിൽവച്ചാണ് ഗൗതമൻ നന്ദിനിയെ ആദ്യം കാണുന്നത്. കുറ്റക്കാരിയെപ്പോലെ ആൾക്കൂട്ടത്തോടൊപ്പം നിൽക്കുകയായിരുന്നു അവൾ. പിഴച്ചുപോയ അവളെ കൊണ്ടുപോകണമെന്ന് ഗൗതമനോട് അവർ ആവശ്യപ്പെട്ടു. അവളെ നാടു കടത്തരുതെന്ന് അച്ഛൻ പറയുന്നുണ്ടായിരുന്നു. കുടുംബത്തിൽ നേരെ നിൽക്കാൻ കഴിവുള്ളത് അവൾക്ക് മാത്രമാണ്. വലിയ തലപ്പാവുകാരൻ തന്റെ അന്തപ്പുരത്തിലേക്കവളെ ക്ഷണിക്കുന്നു. ആ ക്ഷണം അവഗണിച്ച് തനിക്കിഷ്ടമുള്ള ദിക്കിലേക്ക് പോകുമെന്നവൾ തറപ്പിച്ചുപറയുന്നു. രാമപുരത്തേക്കുള്ള യാത്രയിൽ ഗൗതമനോടൊപ്പം നന്ദിനിയും ചേരുന്നു. നന്ദിനിയിലുടെ തന്റെ അമ്മ പുനർജനിക്കുന്നതായി ഗൗതമന് തോന്നി. സ്വന്തം കാലിൽ നിൽക്കാറാവുമ്പോൾ എല്ലാ ചെറുപ്പക്കാരും മുടന്തന്മാരായി പോകുന്നു എന്ന സത്യം നന്ദിനിയാണ് ഗൗതമനോട് പറയുന്നത്. ജോലി ചെയ്തുകിട്ടുന്ന കൂലി (കേസരിപ്പരിപ്പ്) തിന്നാൽ എല്ലാവരും മുടന്തന്മാരാകും. അതറിയാവുന്നതുകൊണ്ട് അവൾ കേസരിപ്പരിപ്പിനുപകരം അരി

ചോദിച്ചുവാങ്ങി. പകരം തമ്പുരാന്റെ മകന് കീഴ്പ്പെട്ടു. (1986 :111)

നന്ദിനി ഗൗതമനെ ആശ്രയിച്ചില്ല. താൻ ശല്യക്കാരിയാവില്ലെന്ന ഗൗതമനോടവൾ പറയുന്നുണ്ട്. ആരുടേയും നിയന്ത്രണത്തിലല്ലാതെ അവൾ പോകുകയും വരികയും ചെയ്തു കൊണ്ടിരുന്നു (സ്വൈരസഞ്ചാരം നടത്തി) രാമകൃഷ്ണപ്രഭുവിന്റെ തോട്ടത്തിനകത്ത് ഉറുമ്പിൽ പൊതിഞ്ഞ നന്ദിനിയുടെ കുഞ്ഞിനെ കാണുന്നു ഗൗതമൻ. നന്ദിനി ഗൗതമന് കഞ്ഞി വച്ചുകൊടുക്കുന്നു. അവളുണ്ടാക്കിയ നാടൻ ഭക്ഷണം അമ്മയെക്കുറിച്ചുള്ള ഓർമ്മ യായി. താൻ ഗ്രാമത്തിലേക്ക് പോകുകയാണെന്നവൾ ഗൗതമനോട് പറഞ്ഞിരുന്നു. 'ഈ കാട്ടുമൂലയിൽ താനെന്തിന് തനിച്ചു ജീവിക്കണമെന്ന്'വൾ ചോദിച്ചു. പ്രതികാരമൂർത്തി യായ തന്റെ അമ്മയുടെ പുനരവതാരമാണ് അവളെന്ന് ഗൗതമന് തോന്നി.

#### 4.3.6. പാളയം

1981ൽ പുറത്തിറങ്ങിയ കൃതിയാണ് പാളയം. മധ്യവർഗ്ഗത്തിൽപെട്ട ഉദ്യോഗസ്ഥകളെ യാണ് കേന്ദ്രമാക്കുന്നത്. ഗേൾസ് ഹൈസ്കൂളിന്റെ പശ്ചാത്തലത്തിലാണ് നോവൽ ചിത്രീ കരിക്കപ്പെടുന്നത്. ഉദ്യോഗസ്ഥയായ സ്ത്രീയുടെ ഇരട്ടിയായ അധ്വാനവും, ഇരട്ടചൂഷ ണവും നോവലിൽ വെളിപ്പെടുന്നു. വിദ്യാർത്ഥിനികൾ, അവരുടെ രക്ഷിതാക്കളായ കുടും ബിനികൾ, അധ്യാപികമാർ എന്നീ കഥാപാത്രങ്ങളാണ് ഇതിലുള്ളത്. സ്ത്രീ കഥാപാത്ര ങ്ങളോടൊപ്പം ഉപഗ്രഹമായേ പുരുഷ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നുള്ളു. സ്ത്രീക ളുടെ ലോകം, ചലനം, അഭിലാഷം എന്നിവകൊണ്ട് വ്യത്യസ്തമാകുന്നു ഈ നോവൽ.

ശ്രീമതി അച്ചാമ്മയാണ് ഗേൾസ് ഹൈസ്കൂളിന്റെ ഹെഡ്മാസ്ട്രസ്. അധ്യാപികമാർ സൗന്ദര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നു. ആഭരണങ്ങളുടെ കിലുക്കവും പരിമളതൈലങ്ങ ളുടെ സുഗന്ധവും പട്ടുപുടവയുടെ കലമ്പലുമുള്ളവർ. വിദ്യാർത്ഥിനികളുടെ രക്ഷിതാക്ക ളിൽ ഭൂരിഭാഗവും തൊഴിലാളികൾ, മീൻപിടുത്തക്കാർ, കച്ചവടക്കാർ, കമ്പനിത്തൊഴിലാ ളികൾ, നടന്നു വില്പനക്കാർ, വീട്ടുവേലക്കാർ തുടങ്ങിയവരാണ്.

#### 4.3.6.1. കൊച്ചമ്മിണി

നാടുചുറ്റി ഉല്ലാസകേന്ദ്രങ്ങളിൽ താവളമടിക്കാനും ഡൻലപ് മെത്തകളിൽ കിടന്നുറ ങ്ങാനുമുള്ള മോഹമാണ് കൊച്ചമ്മിണിയെ നഗരത്തിലെ ഗേൾസ് ഹൈസ്കൂളിലെത്തിച്ച ത്. ഭർത്താവിന് തലസ്ഥാനത്ത് ഉയർന്ന ജോലിയുണ്ട്. ദാമ്പത്യം ഏറെ വിരസമായിരു ന്നു.

'കല്യാണം കഴിഞ്ഞിട്ട് ഏഴുകൊല്ലമായി. രണ്ടു പെറ്റു. ഭർത്താവിനെ ഒന്നു നേരെ ചൊവ്വേ കണ്ടില്ല. ഉള്ളതുറന്നൊന്ന് സംസാരിക്കാൻ കുടുംബം നിറച്ചുള്ളവർ അനുവദി ച്ചില്ല' (1981 :163) നഗരത്തിൽനിന്നകന്ന് സ്വന്തം വീടുവച്ച് താമസിക്കുന്ന പഴയ നാട്ടുകാരൻ

ജഗനാഥയ്യരുടെ രണ്ടു കിടപ്പുമുറിയും പാതിതുറന്ന ഒരടുക്കളയും മാത്രമുള്ള വീട്ടിലാണ് അവർക്കഭയം കിട്ടിയത്. മകന്റെയും മരുമകളുടെയും മുറിയിലാണ് പാട്ടിയമ്മയും രാത്രി കിടന്നുറങ്ങുക. ആ വീടിന്റെ വടക്കേമുറി അവർക്കൊഴിഞ്ഞുകിട്ടി.

കിടപ്പറയിൽതന്നെ സ്റ്റൗ കത്തിച്ച്, പച്ചരിച്ചോറുവച്ചു. തോരനുണ്ടാക്കി. പപ്പടം കാച്ചി. മകനെ കുളിപ്പിച്ച് കുപ്പായമിടീച്ച്, ചോറൂട്ടി ഭർത്താവിനെ ഏല്പിച്ചാണവൾ ജോലിക്ക് പോയത്. അന്നു മേടിക്കേണ്ട അടുക്കള സാധനങ്ങളുടെ ലിസ്റ്റുണ്ടാക്കികൊടുത്തു. ക്രിസ്തുമസിന് മൈസൂരിലും മദ്രാസിലും പോകണം. തിരുപ്പതിയിലും മധുരമീനാക്ഷിയിലും പോകണം. ഒരാഴ്ചത്തെ ലീവെടുത്ത് ഊട്ടിയിലും പോകണമെന്നാണ് കൊച്ചമ്മിണിയുടെ കണക്കൂകൂട്ടൽ.

#### 4.3.6.2. മിസിസ് രാഘവൻ

സാമ്പത്തികമായി മെച്ചപ്പെട്ടതെങ്കിലും തന്റെ ജീവിതത്തിൽ ഇല്ലാത്തത് സന്തോഷമാണെന്ന് മാസിസ് രാഘവൻ ഓർക്കുന്നു. വർഷങ്ങളായി ജോലി ചെയ്യുന്നു, യന്ത്രത്തിന് തുല്യമായി. ഒരേ താളത്തിൽ വേനലവധിക്കാലത്ത് നഗരത്തിൽതന്നെ വിരസമായി ജീവിച്ചുതീർക്കുന്നു.

നഗരത്തിൽ നല്ലൊരു വീടുപണിയിച്ച് മാതാപിതാക്കളെ ഭാര്യക്ക് കാവലാക്കി പോയിരിക്കുകയാണ് ദൂരദ്ദേശത്തെ ഉദ്യോഗസ്ഥനായ ഭർത്താവ്. എക്സൈസ് കമ്മീഷണറാണയാൾ. പരസ്പരം കാവലിരിക്കുക എന്നതിൽ കവിഞ്ഞ ഒരർത്ഥവും തന്റെ ജീവിതത്തിനുണ്ടെന്ന് അവൾക്ക് തോന്നിയിട്ടില്ല.

'ആഴ്ചക്കൊരു കത്തുവീതം അയച്ച് അയാൾ ഭാര്യയോടുള്ള സ്നേഹം തെളിയിച്ചു. അനുഭൂതികളിൽ പുതുവസ്ത്രങ്ങളുമായെത്തി ഒരാഴ്ച അവരുടെകൂടെ കഴിഞ്ഞു. അതിനിടയ്ക്ക് രണ്ട് കുട്ടികളുണ്ടായി. പിന്നെ ഭർത്താവിന്റെ ജോലിസ്ഥലത്തുപോയി താമസിക്കുക എന്ന ആഗ്രഹത്തിന് പ്രസക്തിയില്ലാതായി. മുത്തശ്ശനും മുത്തശ്ശിയും വേണ്ടതിലധികം ശ്രദ്ധയോടെ മക്കളെ വളർത്തുന്നതുകണ്ട് ഓരോ അവധി കഴിയുമ്പോഴും അച്ഛൻ തിരിച്ചുപോയി. ആഹ്ലാദത്തോടെ' (1981 :400) മിസിസ് രാഘവൻ കൃത്യമായി ജോലിക്കു പോയി. അവരുടെ കാഷ്വൽ ലീവുകൾ നിരുപയോജനമായി. വർഷങ്ങൾക്കുമുമ്പ് വെടിഞ്ഞ നാട്ടിൻപുറത്തെക്കുറിച്ച് അവരോർക്കും.

കാവിലെ ഉത്സവം - ചെണ്ടമേളം, കൊടികൂറകൾ ഈ വർഷമെങ്കിലും താൻ തന്റെ വീട്ടിൽപോകും എന്നവർ ഉറപ്പിക്കുന്നു. 'ഒരിക്കലും വരാനിടയില്ലാത്ത ഒരു വണ്ടി കാത്തു തെരുവീഥിയിൽ നിൽക്കുന്ന യാത്രക്കാരന്റെ (1981 :402) മടുപ്പായിരുന്നു അവൾക്ക്.

ഒരിക്കലും കായ്ക്കാത്ത ഒരു ചെടിനട്ടുപിടിപ്പിക്കുന്ന ശ്രമത്തിലായിരുന്നു മുപ്പ

ത്തിരണ്ടുവർഷങ്ങൾ കഴിച്ചുകൂട്ടിയതെന്നവർക്ക് ബോദ്ധ്യമായി. മിസിസ് രാഘവൻ ഭർത്താവിന്റെ അനുവാദംകൂടാതെ പുറത്തുപോകാറില്ല. അനുവാദമില്ലാതെ എന്തു ചെയ്താലും ഭർത്താവ് കോപിഷ്ഠനാകും. കമ്മീഷണദ്ദേഹത്തിന്റെ കലി പ്രസിദ്ധമാണ്. കോളേജ് സോഷ്യലിന് നഗരത്തിലെ വലിയ ഹോട്ടലിൽ കൂട്ടുകാരോടൊപ്പം പോയതിന് പ്രായപൂർത്തിയായ മകളെ ബെൽറ്റുകൊണ്ടടിച്ചത് മിസിസ് രാഘവന് കണ്ടുനിൽക്കേണ്ടിവന്നു.

#### 4.3.6.3. അംബിക

താഴ്വരയിലെ ചായക്കടയിൽ അരക്കല്ലിനുചുറ്റും നടന്നിരുന്ന പെൺകുട്ടി. തലമുടിക്ക് പപ്പടം കാച്ചിയ എണ്ണയുടെ കറുപ്പും മിനുസ്സവും ഗന്ധവും ഉണ്ടായിരുന്നു. എണ്ണ മിനുങ്ങുന്ന കവിളുകൾ. മസാല തെറിച്ചുവീണ മുഷിഞ്ഞ പാവാട. കണ്ണാടി നോക്കുമ്പോൾ സ്വന്തം കണ്ണുകൾ കൂർപ്പിച്ച പെൻസിലിനെ ഓർമ്മിപ്പിക്കുന്നു (1981:21) കണ്ണുകൾക്ക് മയം കുറഞ്ഞു. 'മഷിയെഴുതി മയപ്പെടുത്താൻ ശ്രമിച്ചാലും ചെളിയിൽനിന്ന് തലപൊക്കുന്ന കുപ്പിച്ചില്ലുപോലെ. ഗ്ലാസുകഴുകിയും വെള്ളം കൊണ്ടുവന്നും അംബിക അമ്മയെ സഹായിച്ചു. പണിക്കരുമാഷിട്ട പേരാണ് അംബിക. എൻ. അച്ഛനാരാണെന്നറിയില്ല. ജഗദീശിന്റെ കൂടെ നഗരത്തിലെത്തിയതാണ് അംബിക. ഹോസ്റ്റലിൽ നിർത്തി പഠിപ്പിച്ചതും അയാളായിരുന്നു. 'എല്ലാം ജഗദീശിന്റെ വകയാണ്. ഈ ഞരമ്പുകളിൽ തുടിക്കുന്ന ചോര. കണ്ണുകളിലെ കാഴ്ച, ...സ്വാദ്, വിരലുകളിലെ സ്പർശനം' (1981:20) തന്റേതായിട്ടൊന്നുമില്ല.

ജില്ലാ ആഫീസിൽ പോസ്റ്റിംങ് കൈകാര്യം ചെയ്യുന്ന ചക്രപാണിയെ കണ്ടാണ് അംബികയ്ക്ക് ജഗദീശ് ഗേൾസ് ഹൈസ്കൂളിലെ താല്കാലികജോലി ശരിപ്പെടുത്തിയത്. തുണിക്കടയിൽ കയറിയ അംബികയെ ഷോക്കേയ്സാണ് ആകർഷിച്ചത്. 'പ്രതിമകൾ, കളിപ്പാട്ടങ്ങൾ, കളിവണ്ടികൾ, ഊഞ്ഞാലിലാടുന്ന രാധാകൃഷ്ണന്മാർ, തലയാട്ടുന്ന നായ്ക്കുട്ടികൾ, സ്വന്തം കാലുകളിൽ നിൽക്കുന്നതിനുപകരം എല്ലാം പീഠങ്ങളിലുറപ്പിച്ച നിലയിലാണ്. കാലില്ലാത്ത മനുഷ്യർ, മൃഗങ്ങൾ, കിളികൾ - ഏതോ കമ്പനി പുറത്തിറക്കിയ റബ്ബർപാവകൾ.

താനിപ്പോൾ മേടിച്ചിരിക്കുന്ന നീലച്ചേല ചുറ്റി കടക്കാരന്റെ വകയായ മോഡലിനടുത്ത് സ്ഥാനം പിടിച്ചാൽ തന്റെ പാദങ്ങളിലിടുന്ന പ്രൈസ് സ്ലിപ്പ് എന്തു തുക കാണിക്കും (1981:94) എന്ന് അംബിക ആലോചിക്കുന്നു.

#### 4.3.6.4. സീതാലക്ഷ്മി

നാലുമണിയോടെ സ്ഥലം വിടുന്നവർ അധ്യാപികമാരാവാൻ യോഗ്യരല്ലെന്ന് എച്ച്. എം. വീട്ടിലിരിക്കാത്ത പെണ്ണ് വധുവാകാൻ യോഗ്യയല്ലെന്ന് അമ്മായിയമ്മയും. രണ്ടു പേർക്കുമിടയിലാണ് സീതാലക്ഷ്മി. ചാലിയന്റെ ഓടംപോലെ. നേരം വൈകി വീട്ടിലെത്തിയാൽ പുളിച്ച ദോശമാവിനേക്കാൾ പുളിച്ച തെറി സീതാലക്ഷ്മിയ്ക്കു

കേൾക്കേണ്ടിവരും.

മിസിസ് ജോസഫ് മൃഗാശുപത്രിയിലെ ഇൻകുബേറ്ററിൽവച്ച് മുട്ട വിരിയിക്കാറില്ലേ. അതുപോലെ വാടകക്കെടുത്ത ഒരു ഇൻകുബേറ്റർ മാത്രമാണ് സീതാലക്ഷ്മി. വെറും പെൺസന്തതികളെ മാത്രം വിരിയിയ്ക്കുന്ന ഇൻകുബേറ്റർ (1981:83)

'ശുദ്ധാശുദ്ധങ്ങളില്ലാത്ത മൂധേവി ആയതുകൊണ്ടാണ് പെണ്ണിനെത്തന്നെ പെറുന്ന തെന്ന് അമ്മ. കാക്കമ്മ പോറ്റുന്ന പണിപോലും ആണിനെ പ്രസവിക്കുന്നുണ്ട്.' (1981:83) ഭർത്താവ് കോവിലിനുമുന്നിൽ കുത്തിയിരിപ്പും വീട്ടിൽ ആഹാരവുമായി കഴിയുന്നു. സീതാ ലക്ഷ്മിയുടെ ശമ്പളം അവളുടെ ചോറ്റുകൂലിയായി കണക്കാക്കുന്നു. എൽ.ഐ.സി. ഏജന്റാ ണയാൾ. ദാമ്പത്തിൽ തനിക്ക് കിട്ടാത്ത സ്നേഹവും സംതൃപ്തിയും അംബികക്ക് കിട്ടിയി ട്ടുണ്ടാവുമെന്ന് സീതാലക്ഷ്മി കരുതുന്നു. മാരിയമ്മൻ കോവിലിന്റെ തെക്കേത്തെരുവി ലാണ് താമസമെന്ന് അംബിക പറഞ്ഞപ്പോൾ എന്നാലും 'എന്റെ നരകത്തേക്കാൾ ഭേദം' എന്ന് സീതാലക്ഷ്മിയുടെ മറുപടി. (1981:84)

ഡ്രൈവറായാലെന്താ, സ്നേഹം കാണും, ഇല്ലേ, നിങ്ങളുടേത് ഒരു പ്രേമവിവാഹമാ ണ്. തീർച്ച (1981:85). അയാളെ (ഭർത്താവ്) ഞാൻ ശരിക്കൊന്ന് കണ്ടിട്ട് എത്ര കാലമായി എന്നറിയാമോ? എന്ന് സീതാലക്ഷ്മി. 'നോക്കൂ അംബികേ, എനിക്ക് നിങ്ങളോട് അസൂയ തോന്നുന്നു. ഭാര്യയും ഭർത്താവും തനിച്ചായതുകൊണ്ട് അമ്മായിയമ്മയെ പേടിക്കണ്ട. ശുശ്രുഷിക്കാനാളുമുണ്ടല്ലോ' (1981:89)

#### 4.3.6.5. അമ്മുക്കുട്ടി

വിരുന്നുകാരായിരുന്നു അമ്മുക്കുട്ടിയുടെ തലവേദന. രണ്ടു മക്കളുണ്ട്. വിടാതെ പിടി കൂടുന്ന രോഗം ഇസ്നോഫീലിയ. ഒന്നു നേരത്തെ കിടന്നുറങ്ങണമെന്ന് തോന്നുമ്പോൾ വൈകീട്ട് കുട്ടികളെ കൂട്ടി ഫിലിമിന് പോകണമെന്ന് തോന്നുമ്പോൾ അവൾക്കൊരു പല ഹാരമുണ്ടാക്കി കൊടുക്കണമെന്ന് തോന്നുമ്പോൾ ഭർത്താവ് ഒന്നോ രണ്ടോ ദിവസം സംബന്ധത്തിന് വരുമ്പോൾ - വിരുന്നുകാർ കയറിവരും.

അമ്മുക്കുട്ടിക്ക് വിധിച്ചത് ഇതാണ്. അലക്കുകല്ലിന്റെ വിധി. വേണ്ടവർ തോന്നുമ്പോൾ വിഴുപ്പുകെട്ടുമായി ഇറങ്ങും. വേണ്ടുവോളം അലക്കി വെളുപ്പിച്ച തുണിയുമായി പോകും (1981:95) വഴിപക്കത്തെ അത്താണിയാണെന്നും ചിന്തിക്കുന്നുണ്ട് അമ്മുക്കുട്ടി.

അമ്മുക്കുട്ടി പരസ്യമായിത്തന്നെ കരയാറുണ്ട്. ഉപ്പുമാങ്ങപോലെ മുഖംചുളിച്ച് കര യും. കരച്ചിലടക്കി വിളർത്ത ദുഃഖം സാരിത്തലപ്പുകൊണ്ട് തുടച്ച് നനഞ്ഞ തൂവാല മേശമേ ലുപേക്ഷിച്ച് ഉപകരണങ്ങളുമായിട്ടാണ് ക്ലാസിൽ പോവുക. നാട്ടിൻപുറത്ത് സമൃദ്ധിയുടെ നടുക്ക് ജീവിച്ചവളാണ്. അച്ഛൻ ഇംഗ്ലീഷുകാരുടെ കമ്പനിയിൽ ജോലിക്കാരനായിരുന്നു.

അരിയോ പാലോ പച്ചക്കറികളോ കാശുകൊടുത്തു വാങ്ങണ്ട. ഭർത്താവ് ബാങ്ക് മാനേജർ. എന്നിട്ടും അമ്മുക്കുട്ടിക്കെപ്പോഴും ദാരിദ്ര്യം.

'ഏതിലൂടെയാണ് പണം ചോർന്നുപോകുന്നതെന്ന് എനിക്കറിഞ്ഞുകൂടാ ദൈവമേ. എന്റെ ദാരിദ്ര്യം അവർക്കും മനസ്സിലാവില്യ'(1981:102,103) വിരുന്നുകാരാണ് അവരെ ദാരിദ്ര്യത്തിലാക്കുന്നത്. തന്റെ മാനസികപ്രയാസങ്ങൾ അമ്മുക്കുട്ടി കുട്ടികളോട് തീർക്കുന്നു. രോഗമാണ് അവരുടെ മറ്റൊരു ശത്രു. നടക്കാൻ തുടങ്ങിയ വഴികൾ ഒരിക്കലും നടന്നു തീർക്കാൻ അനുവദിക്കാറില്ല. ലീവെടുത്ത് ടിക്കറ്റു റിസർവ് ചെയ്ത് ഫ്ളവർഷോവിന് ഊട്ടിയിൽ പോവാൻ തയ്യാറെടുത്ത് വന്നപ്പോൾ ചുമ തുടങ്ങി. ക്യാൻസലാക്കേണ്ടിവന്നു. 'നമ്മുടെ പുരുഷാർത്ഥങ്ങളെല്ലാം പൊത്തോടിയ വാടകവീട്ടിൽ വച്ചുതന്നെ അനുഭവിച്ചു തീർക്കേണ്ടിയിരിക്കുന്നു' (1981:148) എന്ന് ഭർത്താവ് അമ്മുക്കുട്ടിയോട് പറയുന്നുണ്ട്.

സന്ധ്യകളിൽ അവളുടെ ചുമ കുട്ടികളുടെ നാമജപവുമായി ഇടകലർന്നു. കിടപ്പറയിൽനിന്ന് വിക്സിന്റെ ഗന്ധം ഉയരും. ഭർത്താവ് മടങ്ങിപോയാൽ 'ഒരു നെടുവീർപ്പോടെ പടിവാതിൽ അടച്ചുപൂട്ടി കുട്ടികളുടെ കിടപ്പ് പരിശോധിച്ച് വിക്സിന്റെ ഗന്ധത്തിൽ ആണ്ടുപോയ ഭർത്താവിന്റെ ശരീരഗന്ധം പരതി അവൾ കരിമ്പടത്തിന് കീഴെ ചുരുങ്ങികൂടുന്നു(1981:148). ഭാവിയും ഭൂതവും മറിയുന്നതും രോഗചികിത്സ നടത്തുന്നതും കുട്ടപ്പപ്പണിക്കരെ ചെന്നു കണ്ടിട്ടാണ്. തങ്കച്ചിക്ക് പ്രമോഷൻ കിട്ടാനും കെട്ടിലമ്മക്ക് എക്സാമിനർ ഷീറ്റ് കിട്ടാനും അവർ പണിക്കരെ കാണുന്നു.

#### 4.3.6.6. മിസിസ് രതിമോഹൻ

അരയന്നപ്പിടപോലെ ഒഴുകിയെത്തുന്ന അംബാസഡർകാറിലാണ് മിസിസ്. രതിമോഹൻ സ്ക്കൂളിത്തെുക. വലിയങ്ങാടിയിലെ പ്രമാണിമാരുടെ കളിപ്പാവയായ മന്ത്രിയുടെ ഒത്താശയിലാണ് നഗരത്തിൽ രതിമോഹന്റെ വരവെന്ന് എല്ലാവർക്കുമറിയാം. രതിമോഹന്റെ താമസസ്ഥലത്തെക്കുറിച്ച് പലരും പലതും പറഞ്ഞു. വഞ്ചി രാജാവായ സുബ്രഹ്മണ്യത്തിന്റെ കടൽത്തീരബംഗ്ലാവിലാണ് താമസമെന്ന് മിസിസ് രാഘവനും തേവിടിശ്ശികൾക്ക് തോറ്റം പാടുന്നവരാണ് ഇവിടത്തെ മുതലാളിമാരെന്ന് തങ്കച്ചിയും അരിശപ്പെടുന്നുണ്ട്.

രതിമോഹനെ വേശ്യയായാണ് മറ്റുള്ളവർ പരിഗണിച്ചത്. നഗരത്തിൽ കുടിയേറിപ്പാർക്കുന്ന ഉദ്യോഗസ്ഥ പ്രമാണിമാരുടെ ചാരിത്ര്യവതികളായ ഭാര്യമാർക്ക് റിസർവ്വ് ചെയ്യപ്പെട്ട കോട്ടക്കകത്ത് രതിയുടെ പ്രവേശനം അവരിഷ്ടപ്പെട്ടില്ല. മിസിസ് അയ്യപ്പനാണ് കൂടുതൽ രോഷം.

'നിങ്ങളവരെ ഇവിടെ ജോയിൻ ചെയ്യാൻ അനുവദിച്ചോ? അവളൊരുത്തി വിചാരിച്ചാൽ പോരേ ഇവിടത്തെ പെൺകുട്ടികൾ കേടുവരാൻ എന്ന് അച്ചാമ്മയോട് അയ്യപ്പൻ

മിസിസ് പറയുന്നുണ്ട്' (1981:110) രതി ചെയ്ത കുറ്റം അച്ചാമ്മക്ക് പിടികിട്ടിയില്ല. ഇന്നവർ കടൽത്തീര ബംഗ്ലാവിൽ താമസിക്കുന്നു. നാളെ ഹോട്ടൽ രാജധാനിയിലാവാം. മറ്റന്നാൾ മൂന്നാറിലോ കോവളത്തോ ആകാം. സ്വന്തം വീട്ടുവേലക്കാരിയുടെ മോറൽസൈഡ് നോക്കാൻ നിന്നതുകൊണ്ടാണ് തനിക്കൊരു സ്ഥിരം വേലക്കാരി വാഴാത്തതെന്നവർക്കറിയാം. ചിരിവിതറി, പരിമളം പരത്തി, ചേലത്തുമ്പ് കാറ്റിൽ വിതിർത്താണ് രതിമേനോൻ പ്രത്യക്ഷപ്പെടുക. ടീച്ചർമാർ കുശുകുശുക്കും. അസ്സൽ സാധനം. കണ്ടാൽ തോന്ന്വോ പ്രൊഫഷണൽ ആണെന്ന്. നാമവറ്റയെ കണ്ടാൽ തിരിച്ചറിയുന്നതെങ്ങനെ? നമ്മുടെ കെട്ടിയന്മാരോട് ചോദിച്ചാൽ ഒരുനോക്കിനവർ തിരിച്ചറിയുമായിരിക്കും' (1981:113)

സൂസിമാത്രം രതിയുടെ ആഗമനത്തെ ആസ്വദിച്ചു. ചക്രപാണിയോടുള്ള വിരോധമായിരുന്നു കാരണം. സമ്പാദ്യപദ്ധതിക്ക് പ്രസംഗിക്കാൻ വരുന്ന വിദഗ്ധന്മാരെ രതിമേനോനാണ് സ്കൂളിലെത്തിച്ചത് - സ്വന്തം കാറിൽ.

#### 4.3.6.7. ഗോമതി

ഹാജിമാർ നടത്തുന്ന നാട്ടിലെ പ്രൈവറ്റ് സ്കൂളിൽനിന്നാണ് ഗോമതിയെത്തിയത്. ഭർത്താവ് കേന്ദ്ര ഗവൺമെന്റുദ്യോഗസ്ഥനാണ്. ഭർത്താവിന് നാട്ടിലേക്ക് ട്രാൻസ്ഫറായപ്പോൾ നഗരത്തിലെക്ക് താമസം മാറ്റണമെന്ന് ഗോമതിയ്ക്കു മോഹംതോന്നി. ഭർത്താവിന്റെ ഉന്നതങ്ങളിലെ പിടിപാടാണ് അതിന് സഹായിച്ചത്.

#### 4.3.6.8. സാഹിറ

ഭർത്താവ് ദുബായിലായതുകൊണ്ടാണ് സാഹിറ ഉദ്യോഗത്തിന് വരുന്നത്. സമയംകൊല്ലാൻ വേണ്ടിമാത്രം. പൊന്നുംവിലയ്ക്ക് സ്കൂളിനടുത്ത് സ്ഥലംവാങ്ങി വീടുവച്ചു. 'ഇതൊരു പൂരപ്പറമ്പാണ്. സ്കൂളല്ല. ഉത്സവം കാണാനാണ് കുട്ടികൾ വരുന്നത്' (1981:155) എന്നാണ് സാഹിറയുടെ അഭിപ്രായം.

#### 4.3.6.9. ഭാഗീരഥിത്തങ്കച്ചി

ഭാഗീരഥിത്തങ്കച്ചിയുടെ ഭർത്താവ് മിലിട്ടറിക്കാരനാണ്. മറ്റുള്ളവരിൽ അസൂയ ഉല്പാദിക്കാനുള്ള കഴിവ് അപാരം എന്നാണ് അവരെക്കുറിച്ച് പറയാനുള്ളത്. ഒന്നാം ഗ്രേഡ് ഗ്രാജ്വേറ്റ് അധ്യാപികയാണ് തങ്കച്ചി. പാട്ടും ഡാൻസും ചിത്രരചനയും പഠിച്ചിട്ടുണ്ട്. നഗരത്തിലെ വിവിധ ബാങ്കുകളിൽ അക്കൗണ്ടുണ്ട്. പണം സമ്പാദിക്കാനാണവർ ശ്രദ്ധിച്ചത്. ചിലവാക്കാൻ താല്പര്യപ്പെട്ടില്ല. പട്ടുചേലകൾ വാങ്ങിയുടുക്കാനോ, ബിരിയാണിയുണ്ടാക്കിത്തിന്നാനോ, ഇംഗ്ലീഷ് സിനിമ കാണാനോ അവർ ഇഷ്ടപ്പെട്ടില്ല. മലകളും മേടുകളും നിറഞ്ഞ സ്ഥലത്ത് ജനിച്ചു വളർന്നു. നഗരത്തിലെ പ്രമുഖന്മാരുമായെല്ലാം ബന്ധം സ്ഥാപിക്കാൻ താല്പര്യം.

#### 4.3.6.10. രാജമ്മ

ഭർത്താവ് രാജഗോപാലനോട് രാജമ്മ ഇടയ്ക്കിടെ കയർക്കാറുണ്ട്. അയാളുടെ കാമുകിയേയും കൂട്ടുനിൽക്കുന്ന അമ്മായിയമ്മയേയും കുറിച്ച് പൊട്ടിത്തെറിയ്ക്കുന്നു. ''ആ തേവിടിശ്ശി കൊടുത്തയച്ച ഇടിച്ചക്കത്തോരൻ. കൈവിഷം - അമ്മ അറിയാതെ നടക്കില്ല. അമ്മക്കവൾ തിരുപ്പതിയിൽനിന്ന് മുടിപ്പൂരണവും മധുരയിൽനിന്ന് പിത്തളമൊന്തയും മേടിച്ചുകൊടുത്തു. സ്വന്തം മകനെ അവൾക്ക് കൊടുക്കുകയാണ് അമ്മായിയമ്മ. അർദ്ധരാത്രി അവളുടെ വീട്ടിൽനിന്ന് ഇറങ്ങിവരുന്ന നിങ്ങൾക്ക് അമ്മ വാതിൽ തുറന്നു തരാറില്ലേ. എന്റെ മുഖത്ത് ഈ കറുത്ത കുത്തുകൾ വീഴാൻ തുടങ്ങിയതുമുതൽക്കലെ നിങ്ങൾ അവറുമായി ബന്ധം തുടങ്ങിയത്?'' (1981:223) ഭർത്താവിന്റെ അവിഹിതബന്ധത്തെക്കുറിച്ചുള്ള സംശയമാണ് രാജമ്മയുടെ സമനില തെറ്റിയ്ക്കുന്നത്.

ആരോടുതോറ്റാലും കിഴവിയോടു തോൽക്കില്ല എന്നവൾ പിറുപിറുക്കുന്നു. മേശവലിപ്പിലെ കണ്ണാടിയെടുത്തവൾ മുഖം നോക്കുന്നു. വിയർത്ത കവിളിൽ ചായത്തരികൾ പാറിവീണതുപോലെ കാണെക്കാണെ അവയുടെ രൂപം വലുതായിവന്നു. കാക്കപ്പുള്ളികളായിത്തീരുന്നു. മുഖം മുഴുക്കെ പരക്കുന്ന ഒരു വലിയ കാക്കപ്പുള്ളി (1981:224). തന്റെ മുഖസൗന്ദര്യത്തെക്കുറിച്ചുള്ള കടുത്ത അപകർഷത രാജമ്മയിൽ വളരുന്നു. കുടുംബജീവിതത്തിന്റെ താളപ്പിഴയായി അതു മാറുന്നുണ്ട്.

#### 4.3.6.11. കാക്കമ്മ

വർഷങ്ങളായിവന്ന് ഒപ്പിടുകയും പച്ചകരാമനുമായി വഴക്കടിക്കുകയും അധ്യാപികമാരുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിച്ച് മനസ്സിൽ സൂക്ഷിക്കുകയും മാസാവസാനം വ്യഭിചരിക്കുകയും ചെയ്യുക എന്നതായിരുന്നു കാക്കമ്മയുടെ തൊഴിൽ.

#### 4.3.6.12. ഉഷ (വിദ്യാർത്ഥിനി)

ആശുപത്രിയിൽകിടക്കുന്ന ക്ഷയരോഗിയായ അച്ഛൻ, വേലക്കാരിയായ അമ്മ, പാർക്കുന്ന ഒറ്റമുറി ചീട്ടുകളിക്കാർക്ക് ഒഴിഞ്ഞുകൊടുത്ത് കാലത്ത് സ്ഥലം വിടുന്നു. അച്ഛന് കഞ്ഞിയെത്തിക്കുന്നു. സ്കൂളിൽപോകുന്നു. ഫീസടയ്ക്കാത്തതിനാൽ പുറത്തുനിൽക്കുന്നു.

#### 4.3.6.13. നിർമ്മലകുമാരി (വിദ്യാർത്ഥിനി)

തനിക്കനുവദിക്കപ്പെട്ട ഉച്ചക്കഞ്ഞി കൂട്ടുകാരിക്ക് കൈമാറി ദിവസേന ഹോട്ടലിൽ ഊണുകഴിക്കാൻ പോകുന്ന വിദ്യാർത്ഥിനി. ലോഡ്ജിൽ മറന്നുവച്ചതാണെന്ന് പറഞ്ഞ് നിർമ്മലകുമാരിയുടേതാണെന്ന് പറയപ്പെടുന്ന ഒരു അണ്ടർവെയർ ബൈക്കിലെത്തിയ ചെറുപ്പക്കാർ സ്കൂളിൽ കൊണ്ടുവരുന്നു. അവൾ നേരത്തെ രാജമ്മയുടെ നോട്ടപ്പുള്ളിയാ

യിരുന്നു. അപവാദം പരന്നശേഷം ഒരാഴ്ച നിർമ്മലകുമാരി ലീവിലായി. മെഡിക്കൽ സർട്ടി ഫിക്കറ്റുമായി അടുത്ത ദിവസം സ്കൂളിലെത്തി. നിർമ്മലകുമാരിയുടെ അമ്മ സുന്ദരി 'കറുത്തു തടിച്ച ഒരു സുന്ദരി നൈലോൺ കസവുള്ള മുണ്ടും നേര്യതും ചുറ്റി. ചുണ്ടുകൾ മുറുക്കിച്ചോപ്പിച്ച് തലയിൽ പൂചൂടി മുഖത്ത് കനത്തിൽ പൗഡർപൂശി മയ്യെഴുതി പൊട്ടും പൊട്ടിന്മേൽപൊട്ടും തൊട്ട് നിരന്തരമായി പുഞ്ചിരിച്ച്'

അവളെ ഒരു ദിവസംപോലും ക്ലാസിലിരുത്തരുത്. മൂവായിരത്തിന്റെ സദാചാരം. കുലാംഗനമാരുടെ നിലപാട്. 'ഇക്കണ്ടമൂവായിരത്തെ നന്നാക്കിക്കളയാൻ നമ്മൾ വിചാരി ച്ചാൽ കഴിയുമോ? അവരെ കെട്ടിച്ചു വിടേണ്ട ചുമതലയുണ്ടോ നമുക്ക്' (1981:237) ഇതെല്ലാ മായിരുന്നു അധ്യാപികമാരുടെ പ്രതികരണം.

### 4.3.7. തകർച്ച

വത്സലയുടെ ആദ്യ നോവലാണ് 1968ൽ പ്രസിദ്ധീകരിച്ച തകർച്ച. തറവാടിനേയും കുടുംബത്തേയും തകർച്ചയിൽനിന്ന് രക്ഷിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടു പിൻവാങ്ങുന്ന സരസുവിന്റെ അനുഭവങ്ങളാണ് ഈ നോവലിൽ. സരസുവിന്റെ ചെറുത്തുനില്പുകളെല്ലാം ആത്യന്തികമായ തകർച്ചയിലേക്കാണവളെ നയിച്ചത്. പ്രണയഭംഗവും ചാരിത്ര്യഭംഗവു മാണവളുടെ മാനസികമായ തകർച്ച പൂർണ്ണമാക്കിയതെന്ന് നോവലിൽ പയുന്നു.

പ്രണയവഞ്ചിതരായ നിരവധി കഥാപാത്രങ്ങൾ വത്സലയുടെ നോവലുകളിലു ണ്ട്. സ്ത്രീയെയാണ് പ്രണയഭംഗം ഏറ്റവുമധികം തകർക്കുന്നത്. കുടുംബത്തിനകത്തു നിന്നും പുറത്തുനിന്നും പുരുഷന്റെ ലൈംഗികാക്രമണം കൂടിയാകുമ്പോൾ സ്ത്രീയുടെ തകർച്ച പൂർണ്ണമാകുന്നു. പ്രണയ പരാജയം ജീവിത പരാജയമായി ഏറ്റുവാങ്ങുന്ന സര സുവ്യക്തിത്വമില്ലാത്തവളായി തീരുകയാണ്. പുരുഷവ്യവസ്ഥയിൽ പുരുഷന്റെ പ്രണയ ത്തിലെ ആത്മാർത്ഥയില്ലായ്മ വെളിപ്പെടുന്നു. കഠിനമായ ഇഛാഭംഗമാണ് ഇത് സ്ത്രീയിൽ അടിച്ചേൽപ്പിക്കുന്നത്.

ആദ്യം തറവാടിനെ തകർച്ചയിലെത്തിച്ചത് അച്ഛന്റെ ധാരാളിത്തമായിരുന്നു. ജീവിതം തകർന്നുപോകുമ്പോഴും ആഭിജാത്യത്തിന് കുറവുവരുത്താൻ അച്ഛൻ തയ്യാറല്ല. പ്രായം ചെന്ന മുത്തശ്ശിയേയും രോഗികളായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ട ഉത്ത രവാദിത്തം സ്വയം ഏറ്റെടുക്കുകയാണ് സരസു. പഠിച്ചു ജോലി നേടാനുള്ള ആഗ്രഹവു മായി അവൾ ടീച്ചേഴ്സ് ട്രെയിനിങ്ങിന് ചേരുന്നു. ബന്ധുവീട്ടിൽ താമസിക്കുന്നു. ബന്ധു വായ സുഭദ്രേടത്തിയുടെ അനാശാസ്യപ്രവൃത്തികൾ അവൾക്ക് കണ്ടില്ലെന്ന് നടിക്കേണ്ടി വരുന്നു. വാറ്റുചാരായം ഉണ്ടാക്കിവിറ്റാണ് അവർ കാശുണ്ടാക്കുന്നത്. പല പുരുഷന്മാരു മായും അവർക്ക് ബന്ധമുണ്ട്. സരസു കോഴ്സ് പൂർത്തിയാക്കിയെങ്കിലും പരീക്ഷയിൽ പരാജയപ്പെട്ടു. സ്നേഹിച്ച പുരുഷൻ പിൻവാങ്ങിയതാണ് കാരണം. പഠനത്തിൽ ശ്രദ്ധകു

റഞ്ഞ് പരീക്ഷയിൽ തോറ്റ് അവസാനിപ്പിക്കേണ്ടിവന്നു അവൾക്ക്. സുഭദ്രേടത്തി വാസു മേനോനുവേണ്ടി സരസുവിനെ ഒറ്റിക്കൊടുക്കുന്നു. തന്റെ സ്ത്രീത്വം നഷ്ടപ്പെട്ട സംഭവ മായി സരസു ഇതിനെ കാണുന്നു. സരസുവിനെ വക തിരിക്കാനുള്ള ശ്രമങ്ങൾ നേര ത്തേത്തന്നെ അയാൾ തുടങ്ങിയിരുന്നു. സുഭദ്രയിലൂടെ സരസുവിന് ഫോറിൻ സാരിക ളെത്തിച്ചു കൊടുത്തത് ഇതിന്റെ ഭാഗമായിരുന്നു. സരസുവിന്റെ കാമുകനെ തന്ത്രപൂർവ്വം അകറ്റിയതും വാസുമേനോനാണ്. ഇതിനെല്ലാം സുഭദ്രേടത്തിയുടെ ഒത്താശയുമുണ്ടായി രുന്നു. ഇതെല്ലാമറിഞ്ഞ സരസു മാനസികമായി ശരിക്കും തകർന്നു.

നല്ല സ്ത്രീ/ചീത്ത സ്ത്രീ ദ്വന്ദത്തിലൂടെയാണ് സരസുവിനെയും സുഭദ്രേടത്തി യേയും നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. വാറ്റുചാരായമുണ്ടാക്കി വിറ്റ് പണക്കാരിയായ സുഭദ്രേടത്തി ചീത്ത സ്ത്രീയാണ്. അവർക്ക് മറ്റ് പല അവിഹിതബന്ധങ്ങളുമുണ്ട്. സര സുവിനെ ഒതുക്കാൻ വാസുമേനോനെ സഹായിച്ചതും സുഭദ്രേടത്തിയാണ്. നല്ല സ്ത്രീയായി ജീവിക്കാനുള്ള മാർഗ്ഗങ്ങൾ തന്റെ മുന്നിലില്ലാത്തതുകൊണ്ടാണ് സുഭദ്രേ ടത്തിയുടെ വീട്ടിൽനിന്നും സരസു തിരിച്ചുപോയത്. തകർന്നു വീഴാറായ വീട്ടിലിരുന്ന് വിലപിക്കുകയാണ് സരസു പിന്നീട്. പഠിച്ച് ജോലി നേടാൻ പോയ സരസുവിനെ ആദ്യം തോല്പിച്ചത് പ്രണയമാണ്. അതിൽനിന്ന് കയറുംമുമ്പേ വാസുമേനോനും സുഭദ്രേടത്തിയും വിരിച്ച വലയിൽ കുരുങ്ങി. തന്റേടവും കർമ്മധൈര്യവും നഷ്ടപ്പെട്ട സരസുവിനെയാണ് നോവലിന്റെ അവസാനം കാണുന്നത്.

സ്ത്രീ എങ്ങനെയാവരുതെന്ന് സുഭദ്രേടത്തിയിലൂടെ അവതരിപ്പിക്കുമ്പോൾ സമൂഹം സ്ത്രീയെ സ്വതന്ത്രമായി ജീവിക്കാൻ അനുവദിക്കുന്നില്ലെന്ന് സരസുവിലൂടെയും വ്യക്തമാക്കുന്നു. പ്രണയത്തിൽ നിന്നുള്ള പിൻവാങ്ങലിലൂടെ സരസുവിന്റെ കാമുകൻ പുരുഷവ്യവസ്ഥയുടെ സേവകനാകുകയാണ്. പുരുഷ ലൈംഗികതയുടെ ക്രൂരതയും മൃഗീ യതയും വാസുമേനോനിലൂടെ പ്രകടമാകുന്നു. പിതൃമേധാവിത്തസമൂഹത്തിൽ സ്ത്രീതന്നെ സ്ത്രീയുടെ ഒറ്റിക്കൊടുപ്പുകാരിയായി മാറുന്ന ചിത്രം സുഭദ്രേടത്തിയിലൂടെ ചിത്രീകരി ക്കുന്നു നോവലിസ്റ്റ്.

#### 4.3.8. നമ്പറുകൾ

##### 4.3.8.1. അമ്മിണി

പണിയെടുക്കാനുള്ള യന്ത്രമായി കുടുംബത്തിനകത്തും പുറത്തും മാറേണ്ടിവരുന്ന കഥാപാത്രമാണ് നമ്പറുകളിലെ അമ്മിണി. ഭർത്താവ് അലക്കുകാരൻ വേലു അമ്മിണി യുടെ കഠിനപ്രയത്നം കൊണ്ടുമാത്രമാണ് ജീവിക്കുന്നത്. ഊരുചുറ്റലും തീർത്ഥയാത്ര പോകലുമാണയാളുടെ പ്രധാന വിനോദം. നഗരത്തിൽപോയി ജീവിക്കാനും സുഖിക്കാ നുമാണയാൾക്ക് മോഹം.

'അമ്മിണിയൊരുത്തി ഇല്ലായിരുന്നേ താനും മക്കളും പട്ടിണി ആയേനെ. വയറിനെ ഓർത്തുമാത്രമാണ് താനിവളുടെ കെട്ടിയവനായിരിക്കുന്നത്' എന്ന് വേലു ആലോചിക്കുന്നുണ്ട് (1980:14)

ആരോഗ്യമുള്ള ദേഹം പണിയെടുത്ത് ജീവിക്കാനാണെന്ന് അമ്മിണി വിശ്വസിക്കുന്നു. ഒരു പണിയും ചെയ്യാതെ തെണ്ടാനിറങ്ങുന്ന ഭർത്താവ് വേലുവിനോട് അവൾക്കുള്ള ദേഷ്യവും അതുതന്നെ. സ്കൂളിൽപോകുന്ന മകന്റെ തലയിലും അവൾ അലക്കുകെട്ട് വച്ചുകൊടുക്കുന്നുണ്ട്. കുലത്തൊഴിൽ ചെയ്തു ജീവിക്കാൻ വേലു ആഗ്രഹിച്ചിരുന്നില്ല. സ്കൂളിൽ പഠിച്ച് വലിയൊരാളായി കസേരയിലിരുന്ന് ചെയ്യുന്ന ഒരു ജോലി നേടണമെന്നായിരുന്നു മോഹം. ദാരിദ്ര്യം കൊണ്ടു പഠിപ്പ് നിർത്തി. ജോലിയില്ലെങ്കിലും ചാടക്കടയിൽ കയറി ഒരു ചായ കുടിക്കാൻ, സിനിമ കാണാൻ, വെറുതെ ഒന്ന് നടക്കാൻ ഒക്കെയാണയാൾ ആഗ്രഹിക്കുന്നത്.

നാഗപ്പനെപ്പോലയല്ല തന്റെ ഭർത്താവ്. വേലുവിന്റെ അറ്റകൈ പ്രയോഗത്തിൽ അമ്മിണി അലിയുന്നു. നമ്മുടെ കുട്ടികൾ ആരാന്റെ തുണിചുറ്റുന്നില്ലല്ലോ എന്ന് അമ്മിണി ആശ്വസിക്കുന്നു. ഭർത്താവിന്റെ കടമകൾ ഏറ്റെടുക്കാത്ത വേലുവിന് അതിൽ കുണ്ഠിതവുമില്ല. എന്നാൽ കുടുംബത്തിനകത്തെ തന്റെ അധികാരം നഷ്ടപ്പെടുന്നുണ്ടോ എന്ന സംശയത്തിൽ അയാൾ വേവലാതി കൊള്ളുന്നു.

'താനാണോ ഭർത്താവ്..... അതോ അമ്മിണിയോ' എന്ന് വേലു ചിന്തിക്കുന്നു (1980:108) നിന്നുതിരിയാൻ നേരമില്ലാത്ത പണിത്തിരക്കിലും വേവലാതിയിലും അമ്മിണി മുഴുകുന്നത് ജീവിക്കാൻവേണ്ടിത്തന്നെ. താൻ വീണ്ടും ഗർഭിണിയാണെന്നറിയുമ്പോൾ വേലുവിനോട് വെറുപ്പും ദേഷ്യവുമാണവൾക്കുണ്ടാകുന്നത്. കുഞ്ചീലെ പൈസയുമെടുത്ത് അയാൾ പതിവുപോലെ സ്ഥലം വിടുകയാണ്. 'ആ കാലകണ്ടൻ ഞാനാരെന്നാ വിചാരിച്ചത്? കഴുതയോ പന്നിയോ?'(1980:141)

ഗർഭം അലസിപ്പിക്കാനുള്ള പച്ചമരുന്നുതേടി നടന്നു അമ്മിണി. ജീവിക്കാൻ ഗതിയില്ലാത്തവർക്ക് ഇതൊരു ഭാരമാണെന്നവൾ മനസ്സിലാക്കുന്നു. ഗർഭഭാരവും ചുമന്ന് പുരമേച്ചിലിനുള്ള ഒരുക്കങ്ങൾ ഒറ്റക്ക് ചെയ്യേണ്ടിവന്നു അമ്മിണിക്ക്. വേലു വന്നില്ല. അവസാനം മേയാനും അവൾതന്നെ പുരപുറത്തുകയറി. റേഷനരി കിട്ടുന്ന ദിവസം മൂന്നുമണി പുലർച്ചയ്ക്ക് നഗരത്തിലെ കടയുടെ മുന്നിൽ നിറവയറുമായി അമ്മിണിയെത്തുന്നു രാധയോടൊപ്പം. കടയുടെ മുന്നിൽ നടുറോഡിൽ അവൾ പ്രസവിക്കുകയും ചെയ്തു. വയസ്സനായ പക്ഷിക്കാരനമ്മാവന് സഹായിയാകുന്നുണ്ട് അമ്മിണി. കുടിൽ അടിച്ചു തെളിക്കുകയും വേണ്ടതെല്ലാം ഒരുക്കികൊടുക്കുകയും ചെയ്തത് അവളാണ്.

#### 4.3.8.2. സുന്ദരി

ഈച്ചകളുള്ള തേൻകൂടാണ് തന്റെ ഭാര്യ സുന്ദരിയെന്ന് നാഗപ്പൻ കരുതുന്നു. സുന്ദരി കടുകട്ടിയാണ്. അളന്നു മുറിച്ച സംസാരം. അവൾ നാഗപ്പനെ ഭരിച്ചു. മാസത്തിലൊരിക്കൽ സുന്ദരിക്ക് ഗന്ധർവൻ കേറുന്നു. വെട്ടിയ വാഴപോലെ വീഴും. പിന്നെ കരച്ചിലാണ്. അപ്പോൾ ചെട്ട്യാരെ കണ്ടുകൂടാ. മുനിസിപ്പാലിറ്റിയിലെ മരുന്നടിക്കുന്ന ഉദ്യാഗസ്ഥനാണ് കറുപ്പൻ. പെണ്ണുങ്ങളെ തേടി നടക്കലാണ് ഇഷ്ടവിനോദം. സുന്ദരിയെ കണ്ട കറുപ്പൻ നഗരത്തിലെ പെണ്ണുങ്ങളൊന്നും പെണ്ണുങ്ങളല്ലെന്നാണ് പറയുന്നത്. സുന്ദരിയും നാഗപ്പനുമായുള്ള പിണക്കങ്ങളെ മുതലാക്കുകയാണ് കറുപ്പൻ. നാഗപ്പന് നിറയെ കുടിക്കാൻ വാങ്ങികൊടുത്തിട്ട് സുന്ദരിയോടൊപ്പം അയാൾ അന്തിയുറങ്ങുന്നു.

കുന്നുമ്പുറത്തെ ആണുങ്ങളെ മുഴുവൻ മയക്കുന്നവളാണ് സുന്ദരിയെന്നാണ് അമ്മിണി പറയുന്നത്. തന്നെയീ മണ്ണമായി ചേർത്തുനിർത്തുന്നത് നാഗപ്പനാണെങ്കിലും ജീവിക്കുന്നു എന്ന തോന്നലുണ്ടാക്കുന്നത് കറുപ്പനാണെന്ന് സുന്ദരി ചിന്തിക്കുന്നുണ്ട്. സുന്ദരി പ്രസവിച്ചില്ല. അമ്മയായില്ല. നാരായണിയുടെ കുഞ്ഞിനെക്കണ്ട് അവളുടെ മാതൃത്വം ഉണരുന്നുണ്ട്. കറുപ്പന്റെ വാക്കുകളോട് ഒരു മമതയും ഇല്ലാതിരുന്നിട്ടും അവൻ പോകുന്നത് സുന്ദരിക്കിഷ്ടപ്പെട്ടില്ല. ലൈംഗിക പങ്കാളിയായി അയാളെയാണ് സുന്ദരി തെരഞ്ഞെടുത്തത്.

സുന്ദരിയുടെ പൂച്ചട്ടികളെക്കുറിച്ച് അഭിപ്രായം പറയാൻ ഇടയ്ക്കിടെ മുതലാളി പുത്രൻ വരുന്നത് നാഗപ്പനിഷ്ടപ്പെട്ടില്ല. കറുപ്പനും സുന്ദരിയുമായുള്ള ബന്ധമറിഞ്ഞ നാഗപ്പൻ അവളുണ്ടാക്കിയ പൂച്ചട്ടികൾ തട്ടിത്തകർക്കുന്നു. പട്ടിയെപ്പോലെ അവൾക്ക് കീഴടങ്ങിയാണ് താൻ ജീവിക്കുന്നതെന്ന് അയാളറിഞ്ഞു. അവളെ കൊന്നിട്ട് താനും ചത്താലോ എന്ന് നാഗപ്പൻ ചിന്തിച്ചെങ്കിലും മനസ്സുറച്ചില്ല. സുന്ദരി നന്നായി പൂച്ചട്ടികളുണ്ടാകും. ഭൂമി വാങ്ങി പുര പണിയാനാണ് അവളുടെ പ്ലാൻ. പൈസയുണ്ടാക്കാൻ അവൾ പുതിയ വഴികൾ തേടി. സുന്ദരിയെത്തേടി ചെറുപ്പക്കാർ വന്നുകൊണ്ടിരുന്നു. പുന്നശ്ശേരി തറവാട്ടിൽ (ഭാര്യവീട്) സുന്ദരി സ്വന്തം വീടുവയ്ക്കുന്നത് നാഗപ്പനിഷ്ടപ്പെട്ടില്ല. വടക്കൻ റെയിലിന്റെ പണിക്കുവേണ്ടി കുന്നുമ്പുറം വിടുകയാണ് നാഗപ്പൻ. പൊൻപാറക്കുന്നിലേക്ക് സുന്ദരി മടങ്ങിവന്നില്ല. നാഗപ്പനും.

#### 4.3.8.3. രാധ

കുലത്തൊഴിലു ചെയ്യാതെ ഊരുചുറ്റുന്ന അച്ഛനും കൈരേഖ നോക്കി. ഊരുചുറ്റുന്ന അമ്മയ്ക്കുമിടയിൽ ഒറ്റപ്പെട്ടുപോയ മകളാണ് രാധ. കളിക്കാനോ ചിരിക്കാനോ ഉല്ലസിക്കാനോ അവൾക്കവിടെ സമപ്രായക്കാറില്ല. ഉള്ളവരാകട്ടെ ഒന്നും രണ്ടു കുട്ടികളുടെ അമ്മമാരാണ്. 'സ്ത്രീത്വം' കാത്തു സൂക്ഷിച്ച് ശിലപോലെയുള്ള തന്റെ ജീവിതം വ്യർത്ഥ

മാണെന്നവൾക്ക് തോന്നുന്നു. തന്റെ കാര്യത്തിൽ ശ്രദ്ധയില്ലാത്ത അച്ഛനമ്മമാരോടവൾക്ക് പക തോന്നുന്നു. ഒന്നു പുറത്തിറങ്ങാനാകാത്തതിൽ, ഒരു സിനിമക്ക്, നാടകത്തിന്, കാവിലെ തിറയ്ക്കെങ്കിലും പോകാനവൾ ആഗ്രഹിക്കുന്നു. വെയിൽ കാളുന്ന തലയും മനസ്സുവുമായി വരുന്ന ഒരു കരുത്തനെ രാധ പ്രതീക്ഷിക്കുകയാണ്.

പരിചയപ്പെട്ട പുരുഷന്മാരെല്ലാം തന്റെ ശരീരത്തെ മാത്രമാണ് കൊതിക്കുന്നതെന്നവളറിഞ്ഞു. പ്ലാസ്റ്റിക് മെടയാൻ പഠിപ്പിച്ച ചെറുപ്പക്കാരൻ തന്നോടുപറഞ്ഞ മധുരവാക്കുകൾ എല്ലാ പെൺകുട്ടികളോടും അയാൾ പറയാറുണ്ടത്രേ. ടെയ്‌ലർ കുഞ്ഞുരാമൻ ദാവണിക്കുചോട്ടിൽ അറിയാത്ത നാട്യത്തിൽ പിടിച്ചപ്പോൾ അയാളുടെ ഉള്ളിലിരിപ്പും മനസ്സിലായി. അവരോടെല്ലാം രാധക്ക് വെറുപ്പുതോന്നി. പെണ്ണുങ്ങളുടെ ശരീരം തേടി നടക്കുന്ന കറുപ്പനേയും അവളിഷ്ടപ്പെട്ടില്ല. ശരീരത്തിലാണവന്റെ കഴുകൻ കണ്ണുകൾ. സ്നേഹം പകരാനൊരു ആൺതുണയെന്ന അവളുടെ സങ്കല്പങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടില്ല.

'നീയിപ്പോൾ പട്ടണത്തിലെ പെണ്ണല്ല, തനിനാടൻ. നാടൻ ചാരായംപോലെ കലർപ്പില്ലാത്ത' - എന്നാണ് കറുപ്പൻ രാധയെപ്പറ്റി പറഞ്ഞത്. കറുപ്പനെ പിണക്കുന്നത് വിഡ്ഢിത്തമാണെന്നവൾക്കു തോന്നി. ശരീരം വച്ചുനീട്ടാൻ മടിക്കുന്ന രാധയോട് കറുപ്പന് താല്പര്യമില്ലാതായി. നിധിയെന്ന് കരുതി താൻ കാത്തുകൊണ്ടിരിക്കുന്നത് ശൂന്യമായൊരു മൺകുടമാണ്. ഒരു മൺപുറ്റുപോലെ വളർന്നു വ്യർത്ഥമായി ചേരുകയാണ് തന്റെ ശരീരം' (1980:178) എന്ന് രാധയറിയുന്നു. കറുപ്പന്റെ ഇരുമ്പു പോലത്തെ കൈകൾതന്നെ കെട്ടി വരിഞ്ഞപ്പോൾ രാധ കരയുകയാണ് ചെയ്തത്. അവൻ അവളെവിട്ട് മറ്റൊരുത്തിയെ തേടി. താൻ എന്ന സ്ത്രീ തന്റെ ശരീരം മാത്രമാണെന്ന് രാധയ്ക്ക് തോന്നിയ നിമിഷമാണത്. പണിയില്ലാതായപ്പോൾ തന്റെ തകില് പണയംവയ്ക്കാൻ പാച്ചൻ രാധയുടെ അടുത്തെത്തി. പണയം സ്വീകരിച്ച് 10 രൂപ തരണമെന്ന യാചന രാധയുടെ മനസ്സലിയിച്ചു. അവൾ തകിലു വാങ്ങാതെ പണംകൊടുത്തു.

#### 4.3.8.4. നന്ദിനി (രാധയുടെ അമ്മ)

പുര കെട്ടിക്കാനും കടം തീർക്കാനുംതന്നെ ആശ്രയിക്കുന്ന കേശവനെ ഭാര്യ നന്ദിനി ദേഷ്യവും സങ്കടവും കലർന്ന് ശകാരിക്കുന്നു. നാടായ നാടെല്ലാംതെണ്ടി ഇര തേടാൻ നടക്കുന്ന നന്ദിനി വല്ലപ്പോഴുമൊക്കെയാണ് വരിക. ചക്കക്കുരു, കാപ്പിക്കുരു, കുരുമുളക്, പഴഞ്ചേലകൾ ഇതെല്ലാം അവൾ കൊണ്ടുവരും. ഭർത്താവ് കുലത്തൊഴില് ചെയ്യില്ല.

#### 4.3.8.5. നാരായണി

ദാരിദ്ര്യം തന്നെയാണ് നാരായണിയുടെ ജീവിതത്തെയും ദുരിതത്തിലാക്കിയത്. ഭർത്താവും കുട്ടികളുമുണ്ട്. ഭാര്യയെ നല്ല നിലയിൽ പോറ്റണമെന്നുണ്ട് പാച്ചന്. അവൾ

പണിക്ക് പോകുന്നത് തടയാൻ ശ്രമിച്ചിട്ടുമുണ്ട്. പക്ഷേ കുടുംബം പുലർത്താൻ തനിക്കാവുന്നില്ല. വിത്തിടാതെ വിളയിറക്കുന്ന മണ്ണാണ് നാരായണി എന്ന് പാച്ചൻ ചിന്തിക്കുന്നുണ്ട്(1980:148).

നാരായണി രാവും പകലും പണിയെടുത്തു കുടുംബം പോറ്റി. രാവിലെയിറങ്ങും വീടുപണികളന്വേഷിച്ച്. അടിച്ചുതളി, പാത്രം കഴുകൽ, തുണിയലക്ക്, നെല്ലുകുത്ത് ഇങ്ങനെ പലതും. മകന് അഭിനയവും പാട്ടും വശമുണ്ട്. അവൻ വലുതാവുമ്പോൾ വിശപ്പിന് പരിഹാരമാകും എന്ന് നാരായണി പ്രതീക്ഷിച്ചുവെങ്കിലും പാച്ചൻ മകനെ വീട്ടുവേലയ്ക്കാക്കി. പാട്ടുപാട്യാലൊന്നും, വയറു നെറയൂലാ - കണ്ടവരുടെ ഏല്പിച്ച് കഴുകാനോ കുപ്പ കേറാനോ, പഠിച്ചോ അതാ നിനക്ക് നല്ലത്. എന്നാൽ പട്ടിണിയില്ലാതെ കഴിക്കാം എന്നാണ് പാച്ചന്റെ തിരിച്ചറിവ്(1980:68). നിങ്ങളെനിക്ക് ഒരു കുപ്പി മൂട്ടവെഷം വാങ്ങിത്തരോ(1980:69) എന്ന് നാരായണി ഭർത്താവിനോട് ചോദിക്കുന്നു.

കടം വാങ്ങാൻ കേളന്റെ കടയിൽചെന്ന നാരായണി അയാൾക്ക് വഴങ്ങിക്കൊടുത്തു. 'പെണ്ണായ ബുദ്ധിവേണം. നല്ലാ പെണ്ണായാ നല്ല ബുദ്ധിവേണം. നീയിങ്ങനെ കഷ്ടപ്പെടേണ്ട ഒരു കാര്യവുമില്ല. ഞാനിതുവരെ ഒറ്റ പെണ്ണിനും കടം കൊടുത്തിട്ടില്ല. അതാ കേളന്റെ കണക്ക് (1980:76)എന്ന് കേളൻ. വീടിന് നമ്പറിടാൻ വന്നവരോട് ദേഷ്യപ്പെടുന്നുണ്ട് പാച്ചൻ. തനിക്കുവേണ്ടത് നമ്പറല്ല റേഷൻ കാർഡാണ്. ചുമരും വാതിലുമില്ലാത്ത വീടിന് നമ്പറിടാനാവാതെ വന്നവർ കുഴങ്ങി.

വസൂരി കൊണ്ടുതളർന്ന കിഴവനെ ശുശ്രൂഷിക്കാനെത്തിയ അമ്മിണി അയാൾ ബാക്കിവച്ച കഞ്ഞി ആർത്തിയോടെ കുടിച്ചു. കറുപ്പനിൽനിന്നും പണം പറ്റുന്നുണ്ട് നാരായണി. അവൾ കൂടുതൽ തടിച്ചു കൊഴുക്കുന്നതിന്റെ രഹസ്യം പാച്ചനെ രോഷാകുലനാക്കുന്നു. നാരായണി തന്റെ നാരായണിയല്ലെന്നും തങ്ങളെ തമ്മിലകറ്റുന്ന എന്തോ ഒന്നുണ്ടെന്നുമുള്ള അറിവ് അയാൾക്കുണ്ടായി. വയർ നിറയ്ക്കാൻ പറ്റിയ ജോലി നാരായണി കണ്ടെത്തിക്കഴിഞ്ഞുവെന്ന് മനസ്സിലാക്കിയ പാച്ചൻ നാടുവിടാൻ തീരുമാനിക്കുന്നു. രാധ കൊടുത്ത ചില്ലറയുമായി അയാൾ പോകാനൊരുങ്ങി.

### 4.3.9. മേൽപ്പാലം

#### 4.3.9.1. ബാലാമണി

സാഹസികമായി സ്വന്തം ജീവിതം വെട്ടിപ്പിടിച്ചവളാണ് ബാലാമണി. നാടും വീടും വിട്ട് ദൂരദേശത്തുപോയി പഠിക്കാനും ജോലി നേടാനും കഴിഞ്ഞത് അവളുടെ ഇച്ഛാശക്തി ഒന്നു കൊണ്ടു മാത്രമാണ്. കുടുംബക്കാരും അയൽക്കാരുമെല്ലാം എതിർത്തിട്ടും അവൾ കുലുങ്ങിയില്ല.

ഇറങ്ങിപ്പോ പെണ്ണേ. ഈ നരകത്തിൽ നിന്ന്. നിനക്കുള്ള അന്നം തേടാൻ നോക്ക് (2007 :128) എന്ന് അമ്മ അവളെ ധൈര്യപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. പാടലീപുത്രത്തിൽ പോകാനും നേഴ്സിംഗ് പഠിക്കാനും കമല എന്ന കൂട്ടുകാരിയുടെ സഹായം ലഭിച്ചു. നഴ്സായി ഉത്തരേന്ത്യയിലെ കുഗ്രാമങ്ങളിൽ വളരെക്കാലം ജോലി ചെയ്തു. പെൺകുട്ടികളെ ബാധ്യതയായി കരുതിയിരുന്ന ഗ്രാമീണർക്കിടയിൽ പ്രവർത്തിച്ച്, ബോധവൽക്കരണം നടത്തി. ഹെൽത്ത് വിസിറ്ററായി തുടങ്ങി ജനങ്ങളുടെ ഡോക്ടറമ്മയായി.

മുപ്പതു വർഷങ്ങൾക്കുള്ളിൽ മൂന്നു തവണയാണ് ബാലാമണി നാട്ടിൽ വന്നത്. ആദ്യം ഉദ്യോഗത്തിൽ ചേരും മുമ്പ്. പിന്നീട് ഭർത്താവ് ധീരുവിനോടൊപ്പം. പിന്നീട് മകളേയും കൂട്ടി. എക്സ്മിലിറ്ററിക്കാരനായ അമ്മാവനോടൊപ്പമാണ് പാടലീപുത്രത്തിൽ ആദ്യമെത്തിയത്. പ്രവാസിയുടെ പ്രഥമ ദുഃഖത്തിന്റേയും വിടുതിയുടേയും വഴികൾ കണ്ടെത്തി കീഴടക്കി പറിച്ചു നട്ടു തെളിഞ്ഞു. ''ഇവിടന്ന് രക്ഷപ്പെടണം എന്നില്ല. എനിക്ക് ഇപ്പോഴത്തെ എന്നിൽ നിന്ന് രക്ഷപ്പെടണം''(2007: 9) എന്നാണവൾ കമലയോട് പറയുന്നത്. ധീരുപാൽ സിങ്ങെന്ന ഗ്രാമീണനായ രജപുത്രനോടു തോന്നിയ പ്രണയം ഒന്നിച്ചു ജീവിക്കാനുള്ള തീരുമാനത്തിലെത്തിക്കുന്നു അവരെ. നിരുപാധിക പ്രണയമാണ് തനിക്കാവശ്യമെന്ന് ബാലാമണി ധീരുവിനോട് പറയുന്നുണ്ട്. ധീരുവിന് നാട്ടിൽ ഭാര്യയുണ്ട്. ഒന്നിലധികം വിവാഹം അവർക്കനുവദനീയമാണ്. വിവാഹം കഴിക്കാതെ തന്നെ ധീരുവും ബാലാമണിയും ഭാര്യാഭർത്താക്കന്മാരായി. പരസ്പരം ബാധ്യതയും ഭാരവുമാകാതെയുള്ള ദാമ്പത്യമെന്ന പരീക്ഷണമാണ് ഇവരും ജീവിതത്തിൽ പരീക്ഷിച്ചത്. ''പൂ വിടരുന്ന ലാഘവത്തോടെ രാഗം ഉണർന്നു''(2007 :142) എന്ന് തന്റെ പ്രണയത്തെക്കുറിച്ച് ബാലാമണി ഓർക്കുന്നു. ''ധീരുവിനെ വിലക്കാൻ എനിക്കു കഴിയുമായിരുന്നില്ല. അവന്റെ ആഗമനത്തിൽ മലനിരകളുടെ മണം ഉയർന്നു. കഠിനകാലാവസ്ഥകളുടെ ശക്തി ജ്വലിച്ചു. ദേവദാരുച്ചില്ലകളുടെ മർമ്മരംപോലെ ശബ്ദമുണർന്നു. എന്റെ ആദ്യത്തേതും അവസാനത്തേതുമായ പ്രണയപുഷ്പം''(2007 :142)

ഗംഗാനദിയുടെ തീരത്തെ സന്യാസിയെക്കണ്ട് അനുഗ്രഹം വാങ്ങി. അതായിരുന്നു വിവാഹം. ''എന്തിനു ചടങ്ങുകൾ. എന്തിനു വിവാഹം ആത്മസമർപ്പണത്തിന്റെ നിമിഷങ്ങൾ ചടങ്ങുകൾ ജീവിതാകാശത്തിൽ നിന്ന് അപ്പൂപ്പൻ താടിപോലെ പറന്നകന്നു വിസ്മൃതമായി'' (2007 :145) പ്രണയത്തിന് വിവാഹവുമായി ഒരു ബന്ധവുമില്ലെന്നു ബാലാമണി വിശ്വസിച്ചു.

''വിവാഹം ഒരു സ്ഥാപനമാണ്. വേണമെങ്കിലും വേണ്ടെങ്കിലും അവരതിൽ കുടുങ്ങുന്നു''(2007 :152) വിവാഹം വീട്ടുകാരും ബന്ധുക്കളും എതിർത്തപ്പോഴും അമ്മ അംഗീകരിച്ചു. ''നന്നായി. നീ ഇണയെ കണ്ടെത്തിയത് വളരെ നന്നായി. നല്ലൊരു തീരുമാനം.

അല്ലെങ്കിൽ നീ ജീവിതത്തിലൊരിക്കലും വിവാഹിത ആവില്ലായിരുന്നു''. (2007 :146)എന്ന അമ്മ എഴുതിയത് ബാലാമണിക്ക് ആത്മവിശ്വാസ്യവും ധൈര്യവും നല്കി. പാരമ്പര്യത്തിന്റെ വഴികളിൽ വളർന്നു വന്ന അവൾക്ക് അമ്മയോട് അത്ഭുതത്തിൽ കുതിർന്ന ആരാധന തോന്നി. മക്കളുണ്ടാകുമ്പോൾ അമ്മമാർ കൂടുതൽ സംസ്കൃതചിത്തരായി പുനർജ്ജനിക്കുന്നു(2007: 146)

ജോലി ഉപേക്ഷിച്ച് ഭർത്താവിന്റെ നാട്ടിൽ പോകാൻ ബാലാമണി ഇഷ്ടപ്പെട്ടില്ല. നിർബന്ധിച്ചു കൊണ്ടു പോകാൻ ധീരുവും തയ്യാറായില്ല. എനിക്കു ജോലിയിൽ താല്പര്യം കുറഞ്ഞെങ്കിലും അതിൽനിന്നു വിടുതി നേടി ശൂന്യതയിൽ ലയിക്കാൻ എനിക്കാഗ്രഹമില്ല. ഈ ജോലിയാണ് എന്നെ ഒരുപൂർണ വ്യക്തിയാക്കിയത്.(2007 :147)എന്നവൾ പറയുന്നുണ്ട്. പരസ്പര സ്നേഹവും ബഹുമാനവും നിലനിർത്തിക്കൊണ്ടാണവർ പിരിഞ്ഞത്. തിരിച്ചുവരവിനെക്കുറിച്ചോ ബാലാമണിയെ കൂടെ കൊണ്ടുപോകുന്നതിനെക്കുറിച്ചോ സൂചിപ്പിക്കാതെ യാണ് ധീരു നാട്ടിലേക്കു മടങ്ങിയത്. മടങ്ങുമ്പോൾ അയാൾ രോഗിയായിരുന്നു. ധീരു സ്വന്തം നാട്ടിലേക്ക് പെറ്റമ്മയുടെ മടിയിലേക്കാണ് പോയതെന്ന സമാധാനമായിരുന്നു ബാലാമണിക്ക്. മകൾ മഞ്ജരിയെ പഠിപ്പിക്കേണ്ട ബാധ്യത ബാലാമണി ഏറ്റെടുക്കുന്നു. അച്ഛനുമ്മമാരുടെ ഇഷ്ടാനിഷ്ടങ്ങളിലും അധികാരബന്ധങ്ങളിലും മക്കളെ തളച്ചിടരുതെന്ന് ബാലാമണിയും ധീരുവും ആഗ്രഹിച്ചു. മകൾക്ക് പാത കാണിച്ചു കൊടുക്കുക മാത്രമേ അവർ ചെയ്യുന്നുള്ളൂ. മക്കൾ സ്വതന്ത്രരായി വളരണം. കെട്ടുപാടുകളില്ലാതെ. മകൾ മുതിർന്ന പെണ്ണായപ്പോൾ സ്വന്തം തീരുമാനങ്ങളിലേക്കവളെ സ്വതന്ത്രയാക്കുന്നുണ്ട്. ''അവളുടെ രഹസ്യങ്ങൾ ഞാൻ ആരായുന്നതിൽ ഒരു സംസ്കാര രാഹിത്യമുണ്ട് - അവളുടെ ഇഛകളെ തടയാൻ ..... നിയന്ത്രിക്കാൻ എനിക്കാര് അധികാരം നല്കിയിരിക്കുന്നു''(2007 :132) എന്ന് ബാലാമണി ചിന്തിച്ചു.

മകൾക്ക് കിന്റർഗാർട്ടനിൽ അഡ്മിഷനു ചെന്നപ്പോൾ അച്ഛന്റെ പേര് ദൈവം (നാരായൺ) എന്നാണ് ബാലാമണി പറഞ്ഞു കൊടുത്തത്. ''ധീരുവിന്റെ പേരിൽ തങ്ങി നിൽക്കാൻ എനിക്കാഗ്രഹമില്ല. അവൾ എന്റെ കുഞ്ഞാണ് എന്റെ ഉടലിന്റെ ഭാഗം'' (2007 :138) കുഞ്ഞ് ഇരിക്കുമ്പോൾ ധീരു അടുത്തില്ലായിരുന്നു. ഒരു വർഷം കഴിഞ്ഞാണവൾ നാട്ടിൽ നിന്നു തിരിച്ചെത്തിയത്.

''അഡ്രസ്സില്ലാത്ത ഒരാൾക്കും ഈ ഭൂമിയിൽ നില അസ്തിത്വമില്ല. ഒരു ടെസ്റ്റ്യൂബ് ശിശുവെ പോറ്റാനും ഞാനൊരുക്കമായിരുന്നു. എന്റെ ജില്ലാ ആശുപത്രിയിൽ അങ്ങനെയൊരു സംവിധാനം വന്നാൽ ഞാനാദ്യം ഒരു പരീക്ഷണപാത്രമായി സ്വയം സമർപ്പിച്ചേനെ...... ധീരു ഒരു മേൽവിലാസമായി അധഃപതിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ധീരു എന്റെ പ്രേമപാത്രമാണ്. അത്രതന്നെ. അതുമതി''(2007 :138)

താൻ ജോലി ചെയ്തു സമ്പാദിച്ച വീടും സ്ഥലവും വിറ്റാണ് ബാലാമണി ജന്മനാ

ട്ടിലേക്ക് വണ്ടി കയറിയത്. ഭർത്താവിനേയും മകളേയും പിരിഞ്ഞ് നാട്ടിലേക്ക് തിരിക്കുമ്പോൾ ബാലാമണിക്ക് സങ്കടങ്ങളില്ലായിരുന്നു. രോഗിയായ പിതാജിയെ ചെന്നു കാണണമെന്ന് മകൾക്ക് മെയിലയിച്ചു. പിന്നീടു ദുഖിക്കരുതെന്നും താൻ നാട്ടിലുണ്ടാവുമെന്നും അറിയിച്ചു. നാട്ടിൽ നടക്കുന്ന മാറ്റങ്ങളുടേയും ജനകീയ പ്രക്ഷോഭങ്ങളുടേയും ദൃക്സാക്ഷിയാവുകയാണ് പിന്നീട് ബാലാമണി.

#### 4.3.9.2. കാളി

അവിഹിതസന്തതിയായി കുറ്റിക്കാട്ടിൽ പിറന്നു വീണവളാണ് കാളി. അമ്മ അവളെ ഒരു പെരുച്ചാഴിയെപ്പോലെ അകറ്റി. രണ്ടാനഛന്റെ ശകാരം പൊറുക്കാഞ്ഞ് ആദ്യ അവിഹിത സന്തതിയായ കാളിയെ അവർ തല്ലിച്ചതച്ചു. അച്ഛനെ വിളിച്ചു കരയുമ്പോൾ "നിനക്കഛനില്ലെടീ മിണ്ടിപ്പോയാൽ കുറ്റിക്കാട്ടിലെടുത്തെറിയും" (2007:188)എന്ന് അമ്മ ഭീഷണിപ്പെടുത്തും. ഓർമ്മ വച്ച നാൾ മുതൽ കാളി രണ്ടാനച്ഛന്റെ കുടിലിലായിരുന്നു. അഞ്ചു വയസ്സുവരെ അമ്മയോടൊപ്പം കഴിഞ്ഞു. നഴ്സറി സ്ക്കൂളിൽ ചേർന്നതുകൊണ്ട് നേരത്തിന് വല്ലതുമൊക്കെ തിന്നാൻ കിട്ടി. രണ്ടാം ക്ലാസുവരെ സ്ക്കൂളിലെ ചോറും പയറും. രണ്ടാംക്ലാസിൽ നിന്നിറക്കി അവളെ വീട്ടുവേലയ്ക്കയച്ചു രണ്ടാനച്ഛൻ. അവിടുന്നങ്ങോട്ട് കാളിയ്ക്ക് അധ്വാനം തന്നെ. പതിനഞ്ചു വയസിനിടയിൽ ഹൗസ് മെയ്ഡായി പലയിടത്തും ജോലി ചെയ്തു.

അഞ്ചാൺമക്കൾ ഗൾഫിലുള്ള ഒരു വല്യമ്മക്കു കൂട്ടിരുന്നാണ് തുടക്കം. അവിടെയവൾക്കു സുഖമായിരുന്നു. നല്ല ഭക്ഷണം ജോലി കുറവ്. രണ്ടുനേരവും പാലുവാങ്ങാൻ പുറത്തിറങ്ങാം. ടി. വി കാണാം. രണ്ടാനച്ഛൻ എല്ലാ ഒന്നാം തീയ്യതിയും ശമ്പളം എണ്ണിവാങ്ങാൻ വരും. രണ്ടാനച്ഛന് ആറുമക്കളുണ്ട്. തരംകിട്ടുമ്പോഴെല്ലാം അവളൊരു ഭാരമാണെന്നമട്ടിൽ രണ്ടാനച്ഛൻ സംസാരിക്കും. അവളുടെ മാറിടം വളരാൻ തുടങ്ങിയപ്പോഴാണ് വല്യമ്മയുടെ മകൾ അവളെ തിരിച്ചയയ്ക്കാൻ ചിന്തിച്ചു തുടങ്ങിയത്.(2007:95) വല്യമ്മയുടെ മരണത്തോടെ അവളെ പറഞ്ഞു വിട്ടു. മകളെ വേലയ്ക്കയയ്ക്കാമെന്നു വാഗ്ദാനം ചെയ്ത് രണ്ടാനച്ഛൻ പലരിൽ നിന്നും കാശു വാങ്ങിയിരുന്നു. വല്യമ്മയുടെ വീട്ടിൽ നിന്ന് നാട്ടിൽ തിരിച്ചെത്തിയപ്പോൾ ഒരു ഗൾഫ് വീട്ടിലേയ്ക്കുള്ള കരാറൊപ്പിട്ടു കഴിഞ്ഞിരുന്നു അയാൾ. അപരിചിതന്റെ കൂടെ അവളെ (അമ്മയെ കാണാൻ പോലും സമ്മതിക്കാതെ )പറഞ്ഞുവിട്ടു രണ്ടാനച്ഛൻ. മറ്റൊരു ബസ്സിൽ ചാടിക്കയറി അയാളിൽ നിന്നും കാളി രക്ഷപ്പെട്ടു. പെണ്ണുങ്ങളെ പാട്ടത്തിന്നെടുക്കാനെത്തുന്ന ആൾക്കാരിൽ നിന്നും ഓടിപ്പോവുകയാണല്ലോ. ഏതു നരകത്തിലും ജോലി ചെയ്തു ജീവിയ്ക്കാനുള്ള കായികശേഷിയും മനശ്ശക്തിയും തനിക്കുണ്ടെന്നവൾ വിശ്വസിച്ചു. (2007 98)അങ്ങനെയാണ് അവിവാഹിതരായ ആങ്ങളയും പെങ്ങളും താമസിക്കുന്ന വീട്ടിലെത്തിയത്. ശമ്പളം ഒരു മാസം കഴിഞ്ഞു പറഞ്ഞാമതി എന്ന ഉറപ്പിലാണവൾക്കു പണി കിട്ടിയത്. കാളിയുടെ

വാക്കും നാക്കും അവർക്കിഷ്ടപ്പെട്ടു. വീട്ടുകാരേക്കാൾ വൃദ്ധമായിരുന്നു വീട്. വീടിന്നും ബാല്യവും യൗവനവും വാർധക്യമുവുണ്ടെന്നവൾക്കുതോന്നി. തന്റെ അവസ്ഥയെക്കുറിച്ച് സങ്കടവും "അവൾക്കു മാത്രം പ്രായം നിശ്ചലം എന്നും അവഗണന എന്നും ശകാരം എന്നും സ്നേഹമില്ലായ്മ. പിന്നെതൊനെന്തിന് എന്റേതെന്നു പറയപ്പെടുന്ന ഗ്രാമത്തിൽ പോണു വീട്ടിൽ പോണ്"(2007:96). വീട്ടിലെ ചേച്ചി ഉണർന്നിരിക്കുമ്പോഴെല്ലാം നാനാതരം വിഭവങ്ങളുണ്ടാക്കി. കറികൾ - പലഹാരങ്ങൾ - കാളിയ്ക്കു സ്വൈര്യമില്ല. തുടക്കൽ, തൂക്കൽ, കഴുകൽ, വഴക്കുകേൾക്കൽ (2007: 95)

ഗ്രാമം വിട്ടുപോന്ന താൻ ഭാഗ്യവതിയാണെന്നവൾ കരുതുന്നുണ്ട്. അവൾ വേലയ്ക്കു നിന്ന എല്ലാ വീട്ടുകളിലും ടി. വി യുണ്ടായിരുന്നു. പുതിയ വീട്ടുകാരി ടി. വിക്കു പകരം അവളോടു പത്രം വായിയ്ക്കാൻ പറഞ്ഞു. പാഠപുസ്തകങ്ങളും ചിത്രങ്ങളും നോക്കി സ്ലേറ്റിലെഴുതാനും.

ലോകം പലതരം മനുഷ്യരെക്കൊണ്ടു നിറഞ്ഞിരിക്കുന്നുവെന്ന് പതിനഞ്ചുവയസുപ്രായമാകുമ്പോഴേയ്ക്ക് അവളറിഞ്ഞു.

പെൺകുട്ടികൾ ഏതുവഴിക്കും അപകടത്തിൽ ചെന്നുചാടാമെന്ന അറിവിൽ വീട്ടുകാരി കാളിയെ വളരെ സൂക്ഷിച്ചു. വീടിനകത്ത് അവളുടെ സാന്നിധ്യം അവരിഷ്ടപ്പെടാത്തതുകൊണ്ട് ഒഴിവുള്ളപ്പോഴെല്ലാം കാളി തൊടിയിൽ ചുറ്റിനടന്നു. അന്നപൂർണയിലെ പണിക്കാരിയാവുന്നത് അതിനുശേഷമാണ്. പ്രായത്തിൽ കവിഞ്ഞ തന്റെ വളർച്ച ഹാളിലെ നിലക്കണ്ണാടിയിലോ കുളത്തിലോ നോക്കി ആസ്വദിക്കുമായിരുന്നു അവൾ. "തന്റെ വളർച്ച മുഴുവനും അസാധാരണമാംവിധം തയ്യാറായി നില്ക്കുന്ന മാറിടത്തിലാണെന്നു കണ്ട് അവൾ അന്ധാളിപ്പോടെ ചുറ്റും നോക്കി". (2007 :87) കഴുത്തിനുകീഴെയുള്ള വളർച്ച തീർത്തും പ്രാകൃതമാണെന്ന് അവളുറപ്പിക്കുന്നു. (2007: 87) തനിയ്ക്കന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നതായി അവളാശങ്കപ്പെട്ടു. അവൾ ഇറുകിയ വസ്ത്രം ധരിച്ചു. നൂലും സൂചിയുമെടുത്ത് എല്ലാ മാർച്ചട്ടകളുടേയും വലിപ്പം തയ്ച്ച് കുറച്ചു. കാളി സുന്ദരിയാണ്. മാൻപേടയുടേതു പോലെ കറുത്തു തിളങ്ങുന്ന നീണ്ട കണ്ണുകൾ (2007:88) കറുത്ത നിറം. തന്റെ ഗ്രാമത്തിലെ ചെറുപ്പക്കാരെല്ലാം വെളുത്തതൊലിയുള്ള പെൺകുട്ടികളെ മാത്രം തേടിനടക്കുകയാണ്. തന്റെ ഗ്രാമം വെടിഞ്ഞ് അവൾ ഓടിപ്പോരാനുള്ള പ്രധാന കാരണം അതാണ് (2007: 88) അന്നപൂർണയിലെത്തിയ കാളിയെ ഇങ്ങനെയാണ് സരോജിനി കണ്ടത്. "ബാഹ്യലോകത്തു നിന്ന് എത്തുന്ന ഒരു ജീവിയെപ്പോലുണ്ട് പെൺകുട്ടി. ഒരു യക്ഷി. അല്ലെങ്കിൽ വിസ്മരിക്കപ്പെട്ട ഒരു പ്രാചീന ദേവത" (2007:56,57)

കാഴ്ചയിൽ മഹാഗണിയിൽ കടഞ്ഞെടുത്തൊരു പെണ്ണ്. സ്കർട്ടിനു കീഴെ വടിവൊത്ത റോസ് വർണനഖങ്ങളോടു കൂടിയ പാദങ്ങൾ... കഴുത്തിലെ മാലയും കൈയിലെ വളകളും നിറം ഇഷ്ടപ്പെട്ട പുരാതന ചരിത്രവസ്തുക്കൾ പോലിരിക്കുന്നു. (2007 :59)

പൊയപോയൊരു കാലത്തേയും ദേശത്തേയും തലമുറയേയും സ്മരിക്കാൻ പടുത്തുയർത്തിയ ഒരു പ്രതിമ പോലുണ്ട് അവൾ (2007: 57)

സിനിമാതാരങ്ങളേയും സിനിമാഷൂട്ടിംഗും സ്വപ്നം കണ്ടാണവളുടെ ഉറക്കം. തന്റെ കൈപ്പത്തികൾക്കും കാലടികൾക്കും റോസ് വർണമാണെന്നതിലവൾ അഭിമാനിച്ചിരുന്നു. വീട്ടിൽ മറ്റാർക്കുമില്ലാത്ത പ്രത്യേകതയാണത്. നിന്റെ ജീൻ വ്യത്യസ്തമായിരിക്കും എന്ന് സരോജിനി അവളോടു പറയുന്നു. തന്റെ ഗോത്രത്തെപ്പറ്റി അവൾ അഭിമാനിച്ചു. കൂട്ടത്തിലൊരുവളല്ല താനെന്നഹങ്കരിച്ചു. കാളി ബ്യൂട്ടീപാർലറിൽപോയി മുടിമുറിപ്പിച്ച് പാന്റും ടോപ്പും ധരിച്ച് മോഡേൺ ആവാൻ ശ്രമിച്ചു.

വീട്ടുവേലക്കാരിയാകുന്നതിൽ അവൾക്ക് അഭിമാനമുണ്ട്. തന്റെ ഗ്രാമത്തിൽ ജോലി ചെയ്യുന്നവരെല്ലാം വലിയവരാണ്. അവൾക്കു ചായക്കടകളിൽ പ്രവേശനമുണ്ട്. മേലാളരുടെ ഒന്നിച്ചു വേണമെങ്കിൽ അവരിരിക്കുന്ന ബഞ്ചിലിരുന്നു ചായ കുടിയ്ക്കാം. പട്ടണത്തിലൊരു പണിതേടി യാത്രയാകുന്നുണ്ട് കാളി. സാമാന്യത്തിലധികം ഉയർന്ന ഹീലുള്ള ഷൂവിൽ തന്റെ കറുപ്പും റോസ് നിറവും കലർന്ന നീലത്താമരപ്പാദങ്ങളുടെ സൗകുമാര്യം തിരുകിക്കയറ്റി കാളി ഒരു പുതിയ നടത്തത്തിൽ തെന്നിത്തെന്നി മറഞ്ഞുപോയി(2007:92).

രണ്ടുകിണ്ണം കഴുകി സമയം കളയണ്ട പെണ്ണേ. നിനക്കു നിന്റെ വിലയറിയില്ല (2007:111) എന്ന് കാളിയോട് കാർത്ത്യായനി പറയുന്നുണ്ട്. കാളിയുടെ വേഷവും രൂപവും കണ്ട് രുഗ്മണി അന്തംവിടുന്നു. മനോഹരമായ വളവുകളിൽ പൂർത്തീകരിക്കപ്പെട്ട കാളിയുടെ ഉടലിനു പറ്റിയ വിധം വൃത്തത്തിൽ പര്യവസാനിക്കുന്ന ഹെയർകട്ട്. ഇപ്പോളവൾ ഏതു വർഗ്ഗം ഏതു ഗോത്രം ഏതുമണ്ണ് എന്നിവയ്ക്കതീതയാണ്. മുഴുത്തുചക്കകളുടെ പരുവത്തിലുള്ള പൃഷ്ഠവും മാറിടവും മുഴുപ്പിച്ചു കാണിക്കുന്ന വേഷം. അവളുടെ ചുണ്ടിൽ തെളിയുന്ന ലഹരി തന്നിലേക്കും പകരുമോ എന്നു രുക്മിണി നയിച്ചു. (2007: 117)

പുതിയ കാലത്തിനനുസരിച്ചു ജീവിയ്ക്കാനുള്ള പ്രയോഗികതയും തന്റേടവും കാളക്കുണ്ട്. ആരുടേയും നേർക്കുനേർ നിന്നു സംസാരിക്കാനവൾക്കു കഴിയും. ഹോട്ടൽ വേലക്കാരിയായി നിൽക്കുമ്പോൾ അവൾ മാത്തുച്ചേട്ടനെ ഉപദേശിക്കുന്നുണ്ട്. കാശുണ്ടാക്കണോ കാശെറക്കണം. തടിമാത്രം എറക്കി കാശുണ്ടാക്കണ കാലം പോയി ചേട്ടാ. അതിനൊരു കണക്കുണ്ട്. ഇപ്പോ കണക്കിലൊതുങ്ങാത്ത കാശാ എല്ലാർക്കുവേണ്ടത്.

ബ്രാ ധരിച്ച് ചില്ലുകൂട്ടിൽ പരസ്യ മോഡലായി നിൽക്കാൻ കാളി മടിച്ചില്ല. തുഛം കൂലി കൊടുത്ത മാനേജരെ വിരട്ടുകയും ചെയ്യുന്നുണ്ടവൾ. നാളെയും വരണമെന്നു മാനേജർ പറഞ്ഞപ്പോൾ "അതിന് ഇയാടെ കെട്ടിയവളേം മകളേം ഇടവും വലവും രണ്ടു കൂട്ടിലടച്ചോ. നാറി" (2007:178) എന്നായിരുന്നു പ്രതികരണം.

സൗന്ദര്യവർദ്ധകവസ്തുക്കൾ ഉപയോഗിച്ച് മറ്റുള്ളവരേക്കാൾ സുന്ദരിയാകാൻ ശ്രമിച്ച അവൾ അവസാനം മനസിലാക്കുന്നു. എല്ലാ പെണ്ണുങ്ങളേയും ഒരേഛായയിലുള്ള കൊരങ്ങന്മാരാക്കുന്നത് ഒരു പാപകർമ്മമാണ്. ആർക്കും ഒരാളെ സുന്ദരിയാക്കാൻ പറ്റില്ല. കഴിഞ്ഞിരുന്നെങ്കിൽ എന്റെ സമ്പാദ്യം മുഴുവനും കൊടുത്തു ഞാനൊരു സുന്ദരി ആകുമായിരുന്നില്ലെ (2007 :174)

കാളി ഗ്രാമത്തേക്കാൾ പട്ടണങ്ങളെയും നഗരങ്ങളെയും ഇഷ്ടപ്പെട്ടു. പട്ടണത്തിലേക്കു തന്നെക്കൊണ്ടു പോകാൻ വില്യംസിനോടാവശ്യപ്പെടുന്നുണ്ടവൾ. നിന്നെപ്പോലുള്ള പെൺകുട്ടികളുടെ ശത്രുവാണ് നഗരം എന്നാണ് വില്യംസ് പ്രതികരിച്ചത്. അന്നപൂർണയിലെ ജോലി മടുത്ത് അവൾ പോകുന്നത് പട്ടണത്തിലേക്കാണ് ജോലി തേടി. തന്റേത് വൃത്തികെട്ട പഴയകാലമാണെന്ന് കാളി ഓർക്കുന്നു (2007:113)വില്യംസ് കറുത്ത തൊലിയുള്ള കാളിയെ ഇഷ്ടപ്പെട്ടു. അവളുടെ കറുത്തമുടികൾ ഗ്രീക്കുവംശജയായ അയാളുടെ അമ്മയെ ഓർമ്മിപ്പിച്ചിരുന്നു.

വില്യംസ് സായിപ്പുമായി കാളി അടുപ്പത്തിലായത് എല്ലാവർക്കും അവിശ്വസനീയമായി. ഉദാത്ത പ്രണയമായി നോവലിസ്റ്റ് അവരുടെ ബന്ധത്തെ ഉയർത്തിപിടിക്കുന്നു. ''പരസ്പരം ഒഴുകിച്ചേരുന്ന രണ്ടുറവകൾ പോലെ അവർ ഒന്നായി. ഒരേ ആകാശം ഒരേ പരുപരുത്തഭൂമി'' (2007 :192)

നാട്ടിലേക്കു തിരിച്ചു പോകുമ്പോൾ കാളി ഗർഭിണിയായിരുന്നു. താനൊരുപെൺകുഞ്ഞിനെയാണ് പ്രതീക്ഷിക്കുന്നതെന്നും അവളുടെ പേരു ബാലാമണിയെന്നായിരിക്കുമെന്നും കാളി പറയുന്നുണ്ട്.

**4.3.8.3. സരോജിനി**

ബാലാമണിയുടെ അമ്മാവന്റെ മകളാണ് സരോജിനി. തറവാട്ടിലെ അവിവാഹിതയായ ഒരേയൊരു പെൺകുട്ടി. ഭയവും ഏകാന്തതയും സഹിച്ച് ഒറ്റയ്ക്കാണവൾ കഴിയുന്നത്. എങ്കിലും ആത്മവിശ്വാസമുണ്ട്. സ്വന്തമായൊരു വീടും. ഡിഗ്രി പാസായെങ്കിലും ജോലി കിട്ടിയില്ല. പഞ്ചായത്തിലെ വനിതാ മെംബറായി. എല്ലാവർക്കും വളഞ്ഞ വഴികളിലൂടെ സഞ്ചരിക്കാനാണിഷ്ടമെന്ന് (29) പൊതുപ്രവർത്തനത്തിന്റെ നാളുകളിൽ അവൾ മനസിലാക്കി. രാഷ്ട്രീയത്തിൽ പിടിപാടില്ലാത്തതുകൊണ്ട് നാട്ടിലൊരു വനിതാ ഹോട്ടൽ തുടങ്ങാൻ സരോജിനി മുൻപന്തിയിൽ നിന്നു.

ജോലി തേടി വന്ന കാളിയെ സരോജിനി അന്നപൂർണയിലെ പണിക്കാരിയാക്കുകയും സ്വന്തം വീട്ടിൽ താമസിപ്പിക്കുകയും ചെയ്യുന്നു. അവൾ പോയപ്പോൾ സരോജിനി ഒറ്റപ്പെടുന്നു. നഷ്ടത്തിലായപ്പോൾ ഹോട്ടൽ പൂട്ടി. സരോജിനി സിറ്റിയിലെ ശീലക്കടയിലെ വിൽപനക്കാരിയായി.

#### 4.3.9.4. കസിൻലക്ഷ്മി

അനാഥയായിരുന്നു ലക്ഷ്മി. വീട്ടിൽ നിറയെ കണ്ണിചിനച്ച കുടുംബങ്ങൾ. 20 ഓളം പേർ. അവളവിടെ ബന്ധുവായി - വേലക്കാരിയായി - അലക്കുകല്ലായി - കഴിഞ്ഞു. ലക്ഷ്മി ബാലാമണിയുടെ മുറിയിലാണ് കഴിഞ്ഞത്. മുത്തശ്ശിയുടേയും അനിയത്തിയുടേയും കൂടെ വീട്ടിലേക്കു കയറി വന്നതാണവൾ. മുത്തശ്ശി ലക്ഷ്മിയെ ഓർമ്മിപ്പിക്കാറുണ്ട്. ''നിയ്യ് വലിയ പെൺകുട്ടിയായി. ഒച്ചകേൾപ്പിക്കാതെ നടക്കണം. ഉറക്കെ വർത്തമാനം പറയരുത്. പകലുറങ്ങരുത്. പുലർച്ചെ എഴുന്നേല്ക്കണം. ആരെന്തു ജോലി പറഞ്ഞാലും വയ്യെന്നു പറയരുത്''. യുവതിയായ ലക്ഷ്മി ഒരു മുന്നറിയിപ്പുമില്ലാതെ മരണപ്പെട്ടു.

#### 4.3.9.5. കാർത്ത്യായനി

ഗ്രാമത്തിലെ വേശ്യയാണ് കാർത്ത്യായനി. മലഞ്ചെരുവിലെ ഒറ്റമുറിവീട്ടിൽ നിരവധി ആടുകളെ തീറ്റിപ്പോറ്റി ഒറ്റക്കു കഴിയുന്നു. ''സർവതന്ത്ര സ്വതന്ത്ര തികഞ്ഞ ഫെമിനിസ്റ്റ്. പരിഷ്കാരി. നല്ല പോലെ വഴങ്ങുന്ന നാക്കും വാക്കും നോക്കും. ഗ്രാമത്തിലെല്ലാവർക്കും പരിചിത. കുറേപേർക്കു വേണ്ടപ്പെട്ടവൾ....... നല്ല വെളുത്ത ശരീരം. അതാണവളുടെ മൂലധനം'' (2007 :109)

ഇക്കാലത്ത് പരസ്യം വേണ്ടാത്തൊരാൾ (2007:110) എന്നാണ് നോവലിസ്റ്റ് കാർത്ത്യായനിയെപ്പറ്റി എഴുതുന്നത്. ആവശ്യക്കാർ ഏതു തരക്കാരായാലും കാർത്ത്യായനിയുടെ വീടും വഴിയും കണ്ടുപിടിച്ചോളും. ആടുകളെ തീറ്റിപ്പോറ്റാൻ ബുദ്ധിമുട്ടായപ്പോൾ എല്ലാത്തിനേയും വിറ്റ് റോഡരികിൽ സ്ഥലം വാങ്ങി മാളിക തീർക്കാനും കാർത്ത്യായനി ആലോചിക്കുന്നു. നാടൻ കോഴികളെ വലിയ വിലക്ക് സായിപ്പിന് വിറ്റു കാശുണ്ടാക്കാനുള്ള സാമർത്ഥ്യം കാണിക്കുന്നു അവൾ.

അടിമുടി വളർന്ന കാളിയോട് കാർത്ത്യായനി പറയുന്നു. ''രണ്ടുകിണ്ണം കഴുകി സമയം കളയണ്ട പെണ്ണേ. നിനക്കു നിന്റെ വിലയറിയില്ല''. (2007:111) എന്ന്. കാർത്ത്യായനി കാളിയുടെ അരികുകളും വളവുകളും കണ്ണുകൊണ്ടു തടവി. കന്നുകച്ചവടക്കാരൻ ഉരുപ്പടിയെ എന്നോണം അവളെ തൂക്കിനോക്കി.

#### 4.3.9.6. രുക്മിണി

പൊതുജനസേവകനായ നാരായണൻമാസ്റ്ററുടെ മകളാണ് രുക്മിണി. രുക്മിണി ഡിഗ്രി വരെ കഷ്ടപ്പെട്ടു പഠിച്ചത്. ജോലി കിട്ടുമെന്ന പ്രതീക്ഷയിലാണ്. അന്നപൂർണ ഹോട്ടലിലെ ക്ലാർക്കാകാനേ കഴിഞ്ഞുള്ളൂ. കാളിയെ മാതൃകയാക്കി രുക്മിണിയും നഗരത്തിൽ പോയി മുടിമുറിക്കുന്നുണ്ട്. ബില്ലുകണ്ടവൾ കരഞ്ഞുപോയി. മിസ് റേച്ചൽ ആശ്വ

സിപ്പിച്ചു. ''ആദ്യം മുടി മുറിച്ചപ്പോൾ ഞാനും കരഞ്ഞിരുന്നു. പിന്നെ ഫസ്റ്റ് നൈറ്റിൽ കന്യകാത്വം നഷ്ടപ്പെട്ടതിന്റെ പേരിൽ. ഞാനൊരു ഫൂൾ ആയിരുന്നു എന്നതിനു തെളിവെന്തു വേണം'' (2007:118).

കാളിയുടെ രൂപവും വേഷവും കണ്ട് രുക്മിണി അമ്പരക്കുന്നു. മുഴുത്ത ചക്കകളുടെ പരുവത്തിലുള്ള പൃഷ്ഠവും മാറിടവും മുഴുപ്പിച്ചു കാണിക്കുന്ന വേഷം. അവളുടെ ചുണ്ടിൽ തെളിയുന്ന ലഹരി തന്നിലേക്കും പകരുമോ എന്ന് രുക്മിണി ശങ്കിച്ചു. (2007:117)

നാരായണൻ മാസ്റ്റർക്കത് അപമാനകരമായെങ്കിലും അവളെ തടയാൻ കഴിഞ്ഞില്ല. അമ്മയും ബന്ധുക്കളുമില്ല. ഒരു സഹോദരനുണ്ടായിരുന്നത് നാടുവിട്ടു. മോഹനൻ അവളെ മനസിലാക്കുന്ന ഏകചെറുപ്പക്കാരനാണ്. പട്ടണത്തിൽ കോൺട്രാക്ടർ പരുഷുവിന്റെ കണക്കെഴുത്തുകാരിയായി രുക്മിണി. നഗരത്തിൽ നിന്ന് മകൾ തിരിച്ചെത്തുന്നതും കാത്തിരുന്ന മാഷ് പിന്നീടൊരിക്കലും അവളെ കണ്ടില്ല. രുക്മിണി തിരിച്ചു വന്നില്ല. നാരായണൻ മാസ്റ്റർ മരിച്ചു. രുക്മിണിചേച്ചിയെ എയർപോർട്ടിനടുത്ത ഒരു ഹോട്ടലിൽ വച്ചു കണ്ടെന്ന് കാളിയാണ് ബാലാമണിയേയും സരോജിനിയേയും അറിയിച്ചത്. കാണാൻ പാടില്ലാത്ത സ്ഥലത്ത് എന്നും അവൾ കൂട്ടിച്ചേർത്തു.

### 4.4.ഫ്യൂഡൽഘടനയ്ക്കുള്ളിലെ സ്ത്രീ ജീവിതം

ഫ്യൂഡൽ വ്യവസ്ഥക്കുള്ളിലെ സ്ത്രീയനുഭവത്തിന്റെ വ്യത്യസ്ഥകൾ 'ചാവേറിൽ' വത്സല ചിത്രീകരിക്കുന്നു. വ്യക്തിത്വമുള്ള കഥാപാത്രങ്ങളാണ് ഗൗരിയും ഉണ്ണിമായയും ദേവയാനിയും രുഗ്മിണിയും നിശബ്ദസഹനങ്ങളിൽ കഴിയുന്നവരാണ്. മനുഷ്യസ്നേഹത്തിന്റേയും തന്റേടത്തിന്റേയും പ്രതീകമായി വാക്കിലും പ്രവൃത്തിയിലും വേറിട്ടുനിൽക്കുന്നു ഉന്നിക്കാളിയമ്മ. വർഗ്ഗപരമായി ഉയർന്നവരെങ്കിലും പിതൃമേധാവിത്തത്തിന്റെ പീഢകൾ ഇവരുടെ ജീവിതത്തിലും കരിനിഴലാകുന്നു. കുടുംബത്തിനകത്തും പുറത്തും വ്യക്തിത്വത്തിന് പോറലേറ്റാണവർ ജീവിക്കുന്നത്. ജന്മാവിരുദ്ധ സമരത്തോട് അനുഭാവം പുലർത്തുന്ന സ്ത്രീകളാണ് ഉണ്ണിമായയും ഗൗരിയും ദേവയാനിയും ഉച്ചിരയും ഉണ്ണിക്കാളിയമ്മയും. ജന്മി കുടുംബങ്ങളിലെ ഈ സ്ത്രീകൾക്ക് പ്രവർത്തനത്തിന്റെ പൊതുമണ്ഡലം തുറന്നു കിട്ടിയിരുന്നെങ്കിലും കുടുംബത്തിനുള്ളിൽ അവർ തളച്ചിടപ്പെട്ടിരുന്നു.

#### 4.4.1. ചാവേർ

#### 4.4.1.1. ഗൗരി

ഗൗരീശങ്കരം എന്ന് പേരിട്ട് ശങ്കരൻനായനാർ തനിക്ക് പണിത കൂറ്റൻ കൊട്ടാരത്തിൽ ദാസിയുടെ പരിചരണങ്ങളേറ്റ് കഴിയുന്ന ഗൗരിയിൽ മനുഷ്യസ്നേഹമുണ്ട്. വേദനകൾ അറിയാനവർക്കാകുന്നു. മകനെ കാത്തുനിൽക്കുന്ന കേളോർമനാശാരിയെ ചൂണ്ടി ഗൗരി പറയുന്നുണ്ട് 'ഒരാൾ മാത്രം പിരിഞ്ഞുപോകാതെ നിൽക്കുമ്പോൾ ഈ കൊട്ടാരം

നമ്മുടേതുമാത്രമാകുന്നില്ല.' (1998b:6)എന്ന്.

അന്തപ്പുരത്തിൽ തളംകെട്ടി നിൽക്കുന്ന നിശ്ശബ്ദ ജീവിതമാകുന്നില്ല ഗൗരിയുടേത്. കാലത്തോടൊപ്പം സഞ്ചരിക്കാൻ ശ്രമിക്കുന്ന മനസ്സുണ്ടവർക്ക്. അതുകൊണ്ടാണ് ഗൗരി ഭർത്താവിനെ വകവയ്ക്കാതെ സ്ത്രീ സമാജത്തിന് പോകുന്നത്. ശൃംഗാര ശ്ലോകങ്ങളിൽ രമിക്കുന്ന ഭർത്താവിനെ പുച്ഛിക്കാനവർക്ക് മടിയില്ല. കവിതയും സ്ത്രീയും നായനാർക്ക് ഒരു പോലെയാണ്. കവിത വായിച്ചുകൊണ്ട് തന്നെ പരിരംഭണം ചെയ്ത ഭർത്താവിനോട് ഗൗരി ക്ഷോഭിക്കുന്നു 'ഈ കവിതകൊണ്ടെന്തു പ്രയോജനമുണ്ടായി?' (1998b:65) എന്നവർ ചോദിച്ചപ്പോൾ അയാൾ സ്തംഭിച്ചു.

ഭർത്താവിന്റെ അഹന്തകൾക്ക് പരിക്കേല്പിക്കാൻ ഗൗരിക്കാവുന്നു. പെണ്ണിന്റേയും സ്വത്തിന്റേയും മേൽ താൻ നേടിയെടുത്ത ഉടമസ്ഥതയിൽ അയാൾ സന്തുഷ്ടനാണ്. എന്നാൽ ഭാര്യ തനിക്ക് വഴങ്ങുന്നില്ലെന്നയാൾക്ക് തോന്നുന്നു. ഭാര്യയുടെ ശരീരം തനിക്കാശിക്കുമ്പോഴെല്ലാം ഉപഭോഗിക്കാനുള്ളതാണെന്നയാൾ കരുതുന്നു. വാശി നൽകിയ യാന്ത്രിക ബലത്തിൽ ഭാര്യയെ കീഴ്പ്പെടുത്താനയാൾ ശ്രമിച്ചു. 'അവളുടെ മിഴികളുമായി ഏറ്റുമുട്ടാനയാൾക്ക് ധൈര്യമുണ്ടായിരുന്നില്ല' (1998b:67) സന്ധികളില്ലാത്ത മരപ്പാവപോലെ വെൽവെറ്റ് മെത്തയിൽ അവൾ കിടന്നു. അയാളുടെ വാശിയേറിയ കിതപ്പുമാത്രം മുറിയിൽ മുഴങ്ങി. 'നിങ്ങളൊരു ആണാണോ?' എന്ന ഗൗരിയുടെ ചോദ്യത്തിലയാൾ ചൂളിപ്പോകുന്നു.

കുളിമുറിയിൽപോയി ധാരധാരയായി വെള്ളം കോരിച്ചൊരിഞ്ഞ് വസ്ത്രംധരിച്ച് കോണിയിറങ്ങി ഗൗരി പോയപ്പോൾ നായനാരുടെ പരാജയം പൂർണ്ണമാകുന്നു. തന്റെ പ്രതാപം തകർന്നുപോകുന്നതയാളറിഞ്ഞു. പണം മാത്രമാണ് തന്റെ പ്രതാപമെന്നും പെണ്ണിനുമുന്നിൽ താൻ തോറ്റുപോകുന്നുവെന്നുമുള്ള വേദനിപ്പിക്കുന്ന അറിവ്. ഗൗരീശങ്കരത്തിലെ ദാസിപ്പെണ്ണുങ്ങളെല്ലാം കുപ്പായമിട്ടു മുടി ചീകികൊണ്ട് അഴകുള്ളവരായി ഇരിക്കണമെന്ന് ശങ്കരൻ നായനാർക്ക് നിഷ്കർഷമുണ്ട്. 'അവനല്ലാം അയാൾക്ക് കണ്ണിനിമ്പം നൽകുന്ന പൂവുകളായിരുന്നു' (1998b:365)

അന്തഃപുരത്തിലെ അടിമത്തത്തെക്കുറിച്ച് ഗൗരി ഓർക്കുന്നു 'ഞാൻ ഭീരുവാണ് - ഒരു മനുഷ്യ സ്ത്രീ പോലുമില്ല. അഴികൾക്കുള്ളിലെ ഒരു കിളി. എനിക്കെന്നാണ് സ്വാതന്ത്ര്യം കിട്ടുക?' (1998b:367)

വെള്ളക്കാരന്റെ ഉറ്റമിത്രമായിരുന്ന ശങ്കരൻ നായനാരുടെ വീട്ടിൽവച്ചാണ് സ്വാതന്ത്ര്യദിനത്തിന്റെ ആഘോഷപരിപാടികൾ നിശ്ചയിച്ചത്. ഭർത്താവിന്റെ ഈ നപുംസകത്വത്തെ ചോദ്യം ചെയ്യാനും ഗൗരി മറക്കുന്നില്ല 'സ്വാതന്ത്ര്യത്തിൽ നിങ്ങൾക്കെന്താണ് കാര്യം? ഇവിടെയെന്തിനാണ് സ്വാതന്ത്ര്യം ആഘോഷിക്കുന്നത്? അന്തഃപുരം വിട്ടിറങ്ങാ

നാണ് അവസാനം ഗൗരി തീരുമാനിച്ചത്. പുൽപ്പുരകളുടെ, കൂരകളിലെ പെണ്ണുങ്ങളുടെ കഥ ഉണ്ണിക്കാളിയമ്മ ഗൗരിക്ക് വിശദീകരിച്ചുകൊടുക്കുന്നു.

#### 4.4.1.2. ഉണ്ണിമായ

സാമ്രാജ്യത്തിനും ജന്മിത്തത്തിനുമെതിരെ ഉറച്ചുനിന്നു പോരാടുന്ന ഗ്രാമീണജനത ഉണ്ണിമായയ്ക്കും ആവേശം നൽകുന്നു. പുരുഷന്മാരെ തെരഞ്ഞ് വീടുകളിൽപോയി പോലീസും ജന്മികിങ്കരന്മാരും ഗ്രാമീണ സ്ത്രീകളെയാണ് വേട്ടയാടുന്നത്. ഉണ്ണിമായ തന്റെ അവസ്ഥയും ഗ്രാമത്തിലെ സ്ത്രീകളുടെ ദൈന്യാവസ്ഥയും ഒന്നാണെന്ന് ചിന്തിക്കുന്നു.

'മർദ്ദനമേറ്റ് സർവ്വതും തട്ടിപ്പറിക്കപ്പെട്ട ഈ ഗ്രാമീണ സ്ത്രീകളിൽനിന്ന് വ്യത്യ സ്തമായി ഇപ്പോൾ എനിക്കെന്താണുള്ളത്?' (1998b:336)

ഒരു ഘട്ടത്തിൽ സമരക്കാരോടൊപ്പം ചേർന്നാലെങ്കിലെന്ത് എന്ന് ഉണ്ണിമായ ആശി ക്കുന്നു. സുരക്ഷിതമായ തന്റെ ജീവിതം അപമാനകരമായി അനുഭവിക്കുകയാണവർ. 'ഇവിടെ അടച്ചിരിക്കുന്നതിലും ഭേദം അതാണെന്നെനിക്കുതോന്നും. അവരെപ്പോലെ എനിക്കും മനക്കരുത്തുണ്ടായിരുന്നെങ്കിൽ' കരയരുത്, ഗ്രാമത്തിലെ പെണ്ണുങ്ങളെ കണ്ടു പഠിക്കാറായി, എന്ന് മഹേശ്വരൻ ഒരിക്കൽ ഉണ്ണിമായയോടു പറഞ്ഞു. തന്റെ ജീവിതവും ചുറ്റുപാടുകളും അവരിൽനിന്ന് വ്യത്യസ്തമാണെന്നറിയാവുന്നതുകൊണ്ട് ഉണ്ണിമായയുടെ മറുപടി ഇതായിരുന്നു.

'ഞാനെങ്ങനെ ഒരു ഗ്രാമീണയാവും? ഒരുനേരം ഉണ്ണാതിരുന്നാൽ ഒരു രാവുറക്കം തെറ്റിയാൽ ഞാൻ തളർന്നുപോവുമായിരുന്നു. ഇപ്പോൾ ശീലിച്ചുവരികയാണ്' (1998b:338)

ഒരേ സാമൂഹ്യഘടനക്കുള്ളിലെ മേലാള കീഴാള ജീവതങ്ങളുടെ വ്യത്യസ്ഥത ഈ വാക്കുകുളിൽ പ്രതിഫലിക്കുന്നു. വർഗ്ഗപരമായി സാമൂഹ്യാംഗീകാരവും അധികാരവും ഉള്ള സ്ത്രീകൾ അതില്ലാത്ത സ്ത്രീകളേക്കാൾ നിസ്സഹായത പ്രകടിപ്പിക്കുന്നു. വ്യവസ്ഥ യുടെ അധികാരപ്രയോഗങ്ങൾ കീഴാളരിൽ ഏകപക്ഷീയമായി നടപ്പിലാക്കപ്പെടുന്നതിന്റെ ചിത്രവും നോവലിലുണ്ട്. കീഴാള പെൺകുട്ടികളെ പോലീസും കിങ്കരന്മാരും ക്രൂരമായി വേട്ടയാടുമ്പോൾ മേലാള സ്ത്രീകൾക്ക് രക്ഷപ്പെടാനുള്ള പഴുത് ഇട്ടുകൊടുക്കുന്നുണ്ട്. 'കുഞ്ഞമ്പാടീന്റെ പെണ്ണിനുകിട്ടിയത് നീയും അനുഭവിക്കും...' എന്ന പോലീസുകാരന്റെ ഓർമ്മപ്പെടുത്തൽ ഒരു മുന്നറിയിപ്പാണ്. കുഞ്ഞമ്പാടിയുടെ പെണ്ണിനെ പോലീസു പിടി ച്ചുകൊണ്ടുപോയി മർദ്ദിച്ചു. നിറഗർഭിണിയായ കുഞ്ഞിമാക്കം പോലീസിന്റെ ചവിട്ടേറ്റ് പ്രസവിച്ചു. അവൾ മരിച്ചു. രാത്രി ഉണ്ണാങ്ങയോടൊപ്പം കുഞ്ഞിനേയുമെടുത്ത് ഉണ്ണിമായ രക്ഷപ്പെടുന്നു.

#### 4..4.1.3. ഉച്ചിര

വാദ്യമേളങ്ങളും വാണങ്ങളും പൂക്കുറ്റികളും അമിട്ടുകളുമായി അകമ്പടിയോടെ ത്തന്നെയാണ് ഉച്ചിരയുടെ വിവാഹം നടന്നത്. തന്റെ ഇച്ഛാശക്തികൊണ്ട് ഭർത്താവിന്റെ അഹന്തകളെ അവൾ നേരിടുന്നുണ്ട്. ഉച്ചിര ഭർത്താവിനെപ്പോലെ ഉല്പതിഷ്ണുത്വം അഭിനയിക്കുകയല്ല ജീവിതത്തിൽ പ്രയോഗിക്കുകയാണ്. സ്ത്രീ സമാജത്തിന് പോകുകയും അടഞ്ഞുകിടന്നിരുന്ന ദേവയാനിയുടെ മനസ്സിന്റെ വാതിലുകൾ തുറക്കുകയും ചെയ്തു ഉച്ചിര. അന്തഃപുരത്തിലെ അടിമത്തത്തിൽ കിടന്നു ശ്വാസം മുട്ടുന്ന രുഗ്മിണിയേയും ഉച്ചിര മനസ്സിലാക്കുന്നു.

'പെണ്ണായി പിറക്കുന്നത് ഒരു ശാപമാണ്' (1998b:147) എന്ന രുഗ്മിണിയുടെ അറിവ് അവളുടെ അനുഭവം തന്നെയായിരുന്നു. കൊട്ടാരക്കെട്ടിനകത്ത് ഒന്നിനും കൊള്ളാത്തവരായി തങ്ങൾ മാറുകയാണെന്ന് ഉച്ചിര മനസ്സിലാക്കി. 'നാമെല്ലാം നാടകത്തിനുപോലും കൊള്ളാത്ത ജീവനറ്റ പ്രതിമകളായി മാറിയിരിക്കുന്ന രുഗ്മിണി. കുളിക്കുക, തിന്നുക, ഉറങ്ങുക, കുട്ടികളെ പ്രസവിക്കുക, കഷായം കുറുക്കുക, കുടിപ്പിക്കുക' (1998b:148) എന്ന് ഉച്ചിര പറയുന്നു.

ആദ്യം കണ്ടുമുട്ടുമ്പോൾതന്നെ ഉച്ചിരക്കും രുഗ്മിണിക്കും ആത്മസുഹൃത്തുക്കളെപ്പോലെയും ചിരകാല പരിചിതരെപ്പോലെയും ഹൃദയം തുറന്നു സംസാരിക്കാനാകുന്നു. ഒരേ ആത്മാവിന്റെ ഒരേ ദുഃഖങ്ങളായിരുന്നു അവർക്ക്. രുഗ്മിണി ലക്ഷ്മിയെന്ന ദാസിയെ ഭയന്നു. തന്റെ ഭർത്താവ് കോമൻനായർക്ക് അവളിലൊരു കണ്ണുണ്ടെന്ന് രുഗ്മിണിക്കറിയാം. ഒരു വിഷപ്പൂപോലെയാണ് അവൾ വിടരാൻ ഭാവിക്കുന്നതെന്ന് രുഗ്മിണിക്ക് തോന്നുന്നു. ലക്ഷ്മിയുടെ ലാവണ്യം തന്റെ ജീവിതത്തിൽ ആപത്തായത്തീരുമെന്ന ആശങ്ക. ആപത്തുകൾ ഒന്നല്ല എന്ന സമാധാനത്തോടെ പിന്നീടവൾ ലക്ഷ്മിയെ നിസ്സംഗതയോടെ വീക്ഷിക്കാൻ തുടങ്ങി. പുരുഷന്റെ അതിരില്ലാത്ത ലൈംഗികത കുടുംബബന്ധങ്ങളെ ഉലക്കുന്നതിന്റെ ദൃഷ്ടാന്തമാണിത്. നിശ്ശബ്ദമായി സഹിക്കാനേ സ്ത്രീക്കാവുന്നുള്ളു.

#### 4.4.1.4. ദേവയാനി

ജാക്കറ്റിട്ട് ഭർത്താവിന്റെകൂടെ അന്യനാട്ടിൽ പോകുന്നത് ജാതിഭ്രഷ്ടിനിടയാക്കുമെന്നതിനാൽ ജീവിതം നിഷേധിക്കപ്പെട്ട കഥാപാത്രമാണ് ദേവയാനി. കരുവഞ്ചേരിയുടെ വിശാലമായ തളങ്ങളിൽ തളയും വളയും കിലുക്കി ഓടിച്ചാടി നടന്ന പെൺകുട്ടിയായിരുന്നു അവൾ. കൽക്കത്തയിലെ ഒരു വെള്ളക്കാരന്റെ കമ്പനിയിൽ ഉയർന്ന പദവിയിലിരുന്നു നീലകണ്ഠൻനായരാണ് ദേവയാനിക്ക് പുടവകൊടുത്തത്. നീലകണ്ഠൻ അവളെ കൽക്കത്തക്ക് കൊണ്ടുപോകാനാഗ്രഹിച്ചു. 'കോരപ്പുഴ കടന്ന് നീയവളെ കൊണ്ടുപോയാപ്പിന്നെ ഇങ്ങോട്ടു കടക്കണ്ട' (1998b:119) എന്നായിരുന്നു കാരണവരുടെ ഉഗ്രശാസന.

'വേതക്കാരുടെ എടേലിയ്ക്ക് ഓള് പോവാണെന്ന് ഒറപ്പിച്ചെങ്കില് ആയ്ക്കോട്ടെ. കുപ്പായം ഇട്ടു മാനം കളയാൻ ഓൾക്ക് വിചാരം ഉണ്ടെങ്കിൽ പിന്നെ ഓളെ ഇപ്പടി കയറ്റു കയില്ല' (1998b:119)

നീലകണ്ഠൻ തിരിച്ചുപോയി. ഓരോരുത്തരായി അവളെ മറന്നു. അവൾക്കുള്ള ആഹാരം ദാസി മാളികയിലെത്തിച്ചു. വാക്കുകളുടെ  പഴുതടച്ച് അവൾ അന്തഃപുരത്തിൽ സ്വന്തം അറയിലേക്ക് തലവലിച്ചു. അവളുടെ അറവാതിൽ ഒരു മണ്ടകത്തിന്റെ കവാടമായി. അതു തുറക്കുന്നതാരും കണ്ടില്ല. പുറത്തിറങ്ങുന്നതു കുളിക്കാനായി മാത്രം. 'ഓളെ വാതിലുകൾ മറ്റുള്ളോര് ആദ്യം അടച്ചു. പിന്നെ ഓളാരെ കാത്തിരിയ്ക്കണം. എന്തിന് വാതിൽ തുറക്കണം.' (1998b:119)എന്ന് ഉണ്ണിക്കാളിയമ്മ പറയുന്നു. 'ഇടയ്ക്ക് കാതരസ്വരത്തിൽ അറയിൽനിന്ന് വീണ തേങ്ങുന്നതുകേൾക്കാം. പിന്നീടതുമില്ലാതെയായി. ജാലകം അടഞ്ഞു. മാടപ്രാവുകൾ ചേക്കേറുന്നു. ഉയരത്തിലുള്ള ഒരു വാതായനംമാത്രം തുറന്നു കിടന്നു. അവൾ പ്രാവുകളോട് സംസാരിച്ചു. വാതായനത്തിലൂടെ എത്തിനോക്കുന്ന നിലാവിനോടും നിലാത്തുണ്ടിനോടും സംസാരിച്ചു' (1998b:118) ഉച്ചിരയുടെ പ്രേരണയോടെ ദേവയാനിയുടെ മനസ്സിൽ പ്രതീക്ഷകുണർന്നു. അവൾ ഗാന്ധിമാർഗ്ഗത്തിൽ കൂടുകയും കണ്ണൂരുപോയി ഹിന്ദി പഠിപ്പിക്കുകയും ചെയ്തു.

#### 4.4.1.5. ഉണിക്കാളിയമ്മ

കരുവാഞ്ചേരിക്കാരണവർക്ക് ഭയമുള്ള ഒരേയൊരാളായിരുന്നു ഭാര്യ ഉണിക്കാളിയമ്മ. ഭർത്താവിനോടൊപ്പം കഴിയാൻ ഉണിക്കാളിയമ്മ ഇഷ്ടപ്പെട്ടില്ല. തോന്നുമ്പോൾ വരുംപോവും. ഭർത്താവിനെ ശാസിക്കാനും മടിയില്ല. 'എനിക്കൊരു കുഞ്ഞുമതി. മച്ചിയല്ലെന്ന് ലോകരെ ബോധിപ്പിക്കാൻ' എന്ന് പറയാനുള്ള ചങ്കുറ്റവും അവർ കാട്ടി.

മനുഷ്യസ്നേഹത്തിന്റെ മൂർത്തിയായിരുന്നു അവർ. ശങ്കരുവിനെ ഭർത്താവിന്റെ കിങ്കരന്മാർ പിടിച്ചുകൊണ്ടുപോയി തല്ലിയപ്പോൾ അവർ അട്ടഹസിച്ചു. 'നാണമില്ലേ നിങ്ങൾക്ക്. ഒരു ബാല്യക്കാരനെ പിടിയ്ക്കാൻ. ആയിരം ഈച്ചകളെവിട്ട നിങ്ങളൊരു ഭീരുവല്ലേ?' (1998b:288) ജാതിഭേദം അവർ വകവച്ചില്ല. തീയത്തിയായ ദാസിയെക്കൊണ്ട് കഞ്ഞിവിളമ്പിച്ചു കുടിച്ചു. പത്തുപണവും പത്തുനാഴി അരിയും ബട്ളറുടെ മോൾക്ക് കൊടുത്തു. കംസൻ പട്ടേലർ പിഴപ്പിച്ച ദാസിപ്പെണ്ണുങ്ങളെ ഉണിക്കാളിയമ്മ പെറാനനുവദിച്ചു. പ്രസവച്ചെലവിന് അരിയും തുണിയും കൊടുപ്പിച്ചു. കിടക്കാൻ കൂര പണിയിച്ചു. വാരം ഒഴിവാക്കി കണ്ടങ്ങൾ ചാർത്തിക്കൊടുത്തു. കംസംപട്ടേലർ അവശനായപ്പോൾ ഉണിക്കാളിയമ്മയെ വിളിപ്പിച്ചു. 'മധുരരോഗത്തിന് ചികിത്സ ഉണിക്കാളിയല്ല. കുറെ കയ്പനുഭവിക്കലല്ല. ദുഃഖം ശരീരത്തിന്റെ ഭാരം കുറയ്ക്കട്ടെ'യെന്നാണ് ഉണിക്കാളിയമ്മ ഭർത്താവിനോട് പറഞ്ഞത്' (1998b:247)

പാങ്ങില്ലാതായാലും താൻ ഒരാളേയും ആശ്രയിക്കുകയില്ലെന്ന് അവർ ദൃഢമായി പറയുന്നു. പോലീസിന്റെ ചവിട്ടേറ്റു പ്രസവിച്ച കുഞ്ഞിമാക്കത്തിന്റെ ചോരക്കുഞ്ഞിനെ ചീരുവിന്റെ കൈയിൽനിന്ന് ഉണിക്കാളിയമ്മ കോരിയെടുക്കുന്നു. കുഞ്ഞമ്പാടിയോട് അവന്റെ കുഞ്ഞ് ജീവിച്ചിരിപ്പുണ്ടെന്ന് പറയാൻ ഉക്കാരൻ ഗുരിക്കളെ ഏല്പിക്കുകയും ചെയ്യുന്നു. കംസൻപട്ടേലർ മരിച്ചപ്പോൾ മൃതദേഹത്തെനോക്കി ഭാവഭേദങ്ങളില്ലാതെത്തന്നെ ഉണിക്കാളിയമ്മ പടിയിറങ്ങുന്നു. പുൽപ്പുരകളുടെ കൂരകളിലെ പെണ്ണുങ്ങളുടെ സഹന ത്തിന്റെ കഥ ഉണിക്കാളിയമ്മ ഗൗരിക്ക് വിശദീകരിച്ചുകൊടുത്തു.

#### 4.4.2. ചാവേറിലെ കീഴാളസ്ത്രീ ജീവിതം

പരസ്പരം വൈരികളാണെങ്കിലും സായ്പിനോട് കൂറുകാട്ടുന്ന മൂന്നു ജന്മിമാരുടെ കീഴിലാണ് നിറയൂർ ദേശം മുഴുവൻ. കൊയ്തുകൂട്ടുന്ന നെല്ലും അടയ്ക്കയും തേങ്ങയും മദിച്ചുവളരുന്ന പെൺകിടാങ്ങളും അവരുടേതാണ്. സാമ്രാജ്യത്തിന്റേയും ജന്മിത്തത്തി ന്റേയും ആധിപത്യങ്ങൾക്കിടയിൽ കീഴാള ജീവിതം കൂടുതൽ ദയനീയമായിരുന്നു.

ജന്മിമാരുടെ കാമവെറിയ്ക്കിരയാകുന്നുണ്ട് കർഷക പെൺകുട്ടികൾ. താലയെ അവ ളുടെ കല്യാണദിവസം രുധിരമനനമ്പൂതിരിയുടെ കിങ്കരന്മാർ തട്ടിക്കൊണ്ടുപോകുന്നു. എന്നാൽ തിരുമാലയെ തട്ടിക്കൊണ്ടുപോയി നശിപ്പിക്കുന്നത് വെള്ളക്കാരനാണ്. വെള്ള ക്കാരും ജന്മിമാരും കീഴാള സ്ത്രീകളെ ഒരുപോലെ ലൈംഗികപീഢനത്തിരയാക്കി. എല്ലാ വർഷവും ചേരിക്കല്ലിലെ പണിക്കുപോവുക പെണ്ണുങ്ങളുടെ ചുമതലയായിരുന്നു. പത്താ യപ്പുരയിലെ അടുക്കളക്കാരികളാവാനും പെൺകുട്ടികൾ വിധിക്കപ്പെട്ടിരുന്നു.

'എല്ലാരും പേടിത്തൂറികളാണ്. ഭീരുക്കൾ. നിറയൂരെ പെണ്ണുങ്ങൾ വഴിക്കുവഴി അന്യ ന്റേതായിത്തീരുന്നു. താൻ വിത്തിട്ടുപരിപാലിച്ചത് ജന്മിയുടെ കളത്തിലെത്തുന്നു' (1998b:71) കുഞ്ഞമ്പാടിയുടെ ധാർമ്മകരോഷത്തിൽനിന്ന് അക്കാലത്തെ യാഥാർത്ഥ്യം വെളിവാകുന്നു.

ജന്മിത്തവിരുദ്ധസമരത്തിൽ പുരുഷനോടൊപ്പം പൊരുക്കുന്ന കർഷകസ്ത്രീകളെ ചാവേറിൽ കാണാം. വർഗ്ഗപരമായ സ്നേഹവും ഉത്തരവാദിത്തവും സമരോത്സുകതയു മാണ് അവർ പ്രകടിപ്പിക്കുന്നത്. സാമൂഹ്യരാഷ്ട്രീയഘടനയിലെ ഏറ്റവും താഴേക്കിടയിലെ സ്ഥാനം കാരണം പരോക്ഷമായാണ് അവരുടെ പങ്കാളിത്തം കാണുന്നത്. പുരുഷന്മാ രെല്ലാം രക്തസാക്ഷികളാകുകയോ ഒളിവിൽ പോകുകയോ ചെയ്തപ്പോൾ കർഷകസ്ത്രീ കൾ ജീവിക്കുന്ന രക്തസാക്ഷികളായി. യുദ്ധവും ക്ഷാമവുംകൊണ്ട് കർഷകർ പൊറുതി കെട്ടപ്പോൾ ജന്മിമാരുടെ അറകൾ കുത്തിത്തുറന്ന് നെല്ലെടുത്ത് വിതരണം ചെയ്യാൻ ചെറു പ്പക്കാർ സന്നദ്ധരാവുന്നു. നിറയൂരിലെ ചെറുപ്പക്കാർ അതിനുശേഷം പോലീസ് വേട്ടക്കി രയായി. അവർ സ്ത്രീകളെ തല്ലിച്ചതച്ചു. പോലീസും പട്ടാളവും തല്ലിച്ചതച്ചിട്ടും ആണു

ങ്ങൾ എവിടെ ഒളിച്ചിരിക്കുന്നുവെന്ന കാര്യം അവർ പറഞ്ഞില്ല. 'അരപ്പട്ടിണിയും കീറ ത്തുണിയും കരയുന്ന കുഞ്ഞുങ്ങളുമായി' നടന്നകലുന്ന ആ സ്ത്രീകളെ ഉണിക്കാളിയമ്മ ഗൗരിക്ക് കാണിച്ചുകൊടുക്കുന്നു. ഗൗരിക്കത് അവിശ്വസനീയമായിരുന്നു.

ഒളിവിലെ വിപ്ലവകാരികളെ സംരക്ഷിക്കേണ്ട ചുമതലയും സ്ത്രീകൾക്കായിരുന്നു. സ്വയം പട്ടിണി കിടന്നും അവർ ഭക്ഷണം പാകം ചെയ്തുകൊടുത്തു. വെച്ചുവിളമ്പുന്നതും വെള്ളം കോരുന്നതും തുണിയലക്കുന്നതുമൊക്കെ സ്ത്രീകളുടെ രാഷ്ട്രീയ പ്രവർത്തന ത്തിന്റെ ഭാഗമായിരുന്നു. തങ്ങളുടെ സ്ത്രീകൾക്ക് നേരെയുള്ള കൈയേറ്റങ്ങളിൽ ഒരു ഘട്ടത്തിൽ ഗ്രാമീണർ നിസ്സഹായരായിരുന്നു. ഗ്രാമത്തിൽ സംഭവിക്കുന്ന ഇത്തരം അപക ടങ്ങളെ വിധിയാണെന്ന് കരുതാനേ അവർക്കാകുമായിരുന്നുള്ളൂ. അഭിമാനക്ഷതത്തോടെ അവർ തലതാഴ്ത്തി ഗ്രാമത്തിലെ അജ്ഞാതമായ ഏതെങ്കിലും കോണിൽനിന്ന് മലയിടു ക്കിലെ കൊല്ലിയിൽനിന്ന് ഒരു പെൺകുട്ടിയുടെ രോദനം എപ്പോൾ വേണമെങ്കിലും ഉയ രാമെന്ന് അവസ്ഥ.

'മീനക്കാറ്റിലും മുൾക്കാട്ടിലും പുൽപ്പാറകളിലും നീർക്കയങ്ങളിലും അവരുടെ ദുഃഖ പൂർണമായ കരച്ചിൽ തിങ്ങിവിങ്ങുന്നു.' (1998b:37)

തേങ്ങ പെറുക്കാൻ പോയ തിരുമാലപ്പെണ്ണ് വെള്ളക്കാരനാൽ ബലാത്സംഗം ചെയ്യ പ്പെടുന്നു. തിരുമാല നിറയൂർക്കാരെ സംബന്ധിച്ചിടത്തോളം അതോടെ അന്യയായി. നിറ യൂർ കുന്നിന്റെ ഉച്ചിയിലുള്ള കുടിലിൽനിന്ന് അവൾ പുറത്തിറങ്ങിയില്ല. അവളുടെ അച്ഛൻ വെള്ളുങ്ങയുടെ അഭിമാനത്തിനും ക്ഷതമേറ്റു.

'ആ പെണ്ണിന്റെ കാര്യം കഷ്ടമായി. ആരാ തിരിഞ്ഞു നോക്കാനുള്ളത്? ആരുമൊട്ടു സംബന്ധം ചെയ്യുകമില്ല' (1998b:30)

പഠിപ്പു കഴിഞ്ഞു തിരിച്ചുവന്ന ജന്മിപുത്രനായ മഹേശ്വരന് അവരോടനുഭാവമുണ്ട്. സ്വന്തം അധികാരത്തിന്റെ കുടക്കീഴിലുള്ള ഒരു കർഷകപ്പെൺകൊടിയെ വെള്ളക്കാരൻ മാനഭംഗപ്പെടുത്തിയതിൽ അയാൾക്കമർഷമുണ്ടെങ്കിലും നിസ്സംഗനാവാനേ കഴിഞ്ഞുള്ളൂ. സ്വന്തം പിതാവിന്റെ കാമവെറിയുടെ കഥകളറിയാവുന്ന അയാൾക്ക് ധാർമ്മികരോഷത്തിന് അവകാശമില്ലായിരുന്നു. താലയെ തട്ടിക്കൊണ്ടുവന്നത് അച്ഛന്റെ കിങ്കരന്മാരാണ്. അമ്മ മരിച്ചതിനും ദാസിയുടെ മകൻ കുഞ്ഞിമാതു കൊല്ലപ്പെട്ടതിനും പിന്നിൽ രുധിരമനനമ്പൂ തിരിയുടെ കൈകളാണ്.

തിരുമാലയെ എടപ്പത്തിൽ ജോലിക്ക് വിളിച്ചു നിർത്തുന്നു കോമൻനായർ. കിടപ്പാടം പോലുമില്ലാതിരുന്ന ആ പെൺകുട്ടിയുടെ വർദ്ധിച്ചുവരുന്ന സൗന്ദര്യത്തിലായിരുന്നു അയാ ളുടെ കണ്ണ്. 'അവളെ നശിപ്പിച്ച വെള്ളക്കാരനോടയാൾക്ക് അസൂയ തോന്നി'(1998b:104) 'തിരുമാല കിനാവള്ളിയിൽ ഞാണുകിടക്കുന്ന ഒരു മധുരഫലം. കൈയേന്തിയാൽ തൊടാം.

ചാടിയാൽ അറുത്തെടുക്കാം. അമൃതു നിറച്ച ഫലം' (1998b:106) തിരുമാല പ്രസവിച്ചു. പള്ളിക്കുന്നു കന്യാസ്ത്രീമഠത്തിലാണ് തിരുമാല തന്റെ കുഞ്ഞിനെ ഏല്പിച്ചത്. അവൾ ഇടയ്ക്കുവന്നു കണ്ടിട്ടുപോകും. വെളുത്തുതുടുത്ത കൊച്ചിസായ്പിനെ അവളൊരിക്കൽ മുലയൂട്ടി. 'ഞാനീടെ വരില്ല. ആ കുഞ്ഞിനെ എനിയ്ക്കിനി കാണണ്ട' എന്നവൾ പറയുന്നു.

#### 4.4.2.1. ചെമ്മരത്തി

ചെമ്മരത്തി വേദക്കാരുടെ പള്ളിക്കൂടത്തിൽ പഠിച്ചവളാണ്. തന്റേടിയാണ്. അവളുടെ വ്യക്തിത്വമല്ല അനന്തനെ ആകർഷിച്ചത്. 'പൂവിരിഞ്ഞുവരുന്ന പൂവിലെ മധു' (1998b:55)വാണ്.

'ഒടേതെ. കരുത്തല്യോത്തോളാ. കണ്ട വേതക്കാരുടെ പള്ളിക്കൂടത്തിലെ പടിച്ചിറ്റ് എഴുത്തുട്ട്ന്ന് കിട്ട്യ കുരുത്തൊക്കെ പോയി. തല തിരിഞ്ഞ വാക്കു പറയണ ഓളെ കുറ്റം പൊറുക്കണം'(1998b:55)എന്നാണ് ചീരു അനന്തനോട് ചെമ്മരത്തിയെപ്പറ്റി പറഞ്ഞത്.

അനന്തനുമായുള്ള ബന്ധത്തെ ചെമ്മരത്തി ആദർശവൽക്കരിക്കുന്നു. തിരിച്ചൊന്നും പ്രതീക്ഷിക്കാത്ത ഉദാത്തപ്രണയമായി. താൻ ഭാഗ്യവതിയാണെന്നും അനേകം ജീവിതങ്ങൾക്കുടമയായ ചക്രവർത്തിനിയാണെന്നും അവൾ കരുതുന്നു. (1998b:97) അനന്തൻ വേറെ സംബന്ധം ചെയ്തതിലും ചെമ്മരത്തിക്ക് പരാതിയില്ല. 'അതിന് ഞാനൊരു നായര്ച്ചി അല്ലല്ലോ. ഒടയോറ് എത്ര സംബന്ധം ചെയ്താലും ചോദിയ്ക്കാന്' (1998b:94) എന്നായിരുന്നു അവളുടെ പ്രതികരണം. അനന്തൻ പുടമുറി കഴിച്ച സംബന്ധക്കാരി തന്നേക്കാൾ സുന്ദരിയാണോ എന്നാണവൾക്കറിയേണ്ടത്. അനന്തന്റെ സംസാരത്തിലേയും പെരുമാറ്റത്തിലേയും കാപട്യങ്ങൾ ചെമ്മരത്തി മനസ്സിലാക്കുന്നുണ്ട്. മധുരം പുരട്ടിയ കുന്തമുനയായി അവളുടെ വാക്കുകൾ അനന്തനിൽ തറയ്ക്കുന്നു. 'ആഹാരം അത്ര വലുതാണോ പൊന്നേ' എന്ന അയാളുടെ ശൃംഗാരത്തിൽ പൊതിഞ്ഞ ആദർശചിന്തയ്ക്ക് അവളുടെ മറുപടി 'ഈടെ ഒരാൾക്ക് എന്നെങ്കിലും വിശന്നിട്ടുണ്ടോ?' (1998b:93) എന്നായിരുന്നു.

അനന്തനുമായുള്ള ബന്ധത്തിന്റെ യുക്തിരാഹിത്യമറിഞ്ഞിട്ടും അയാളെ ഇഷ്ടപ്പെടുകയാണ് ചെമ്മരത്തി. എല്ലാ ജാതികളും ഒന്നാവുന്നതിന് തെളിവായിട്ടാണ് താൻ ചെമ്മരത്തിയെ സംബന്ധം ചെയ്തതെന്ന് പറഞ്ഞപ്പോൾ അവൾ ഖണ്ഡിക്കുന്നു.

'അതുപോട്ട്. ഇങ്ങനത്തെ സംബന്ധം ആരറിയണ്. ഇബടന്ന് ചെമ്മരത്തിയെ കരുവാഞ്ചേരി കൊണ്ടുപോയി താമസിപ്പിക്ക്വോ? ഇല്ല. ഇബടന്ന് ചെമ്മരത്തീടടുത്ത് സ്ഥിരം താമസിയ്ക്ക്വോ? ഇല്ല. ചെമ്മരത്തീന്റെ ബന്ധുക്കളെ സ്വന്തം ബന്ധുക്കളായി കാണ്വോ? ഇല്ല്' (1998b:127)ചെമ്മരത്തി നിനക്കും എന്നോട് സ്നേഹമില്ലേ എന്നയാൾ ചോദിച്ചപ്പോൾ 'ഒന്നിലധികം സ്നേഹത്തിന് മാർഗ്ഗമുള്ളവർക്ക് അങ്ങനെ തോന്നും.' (1998b:263) എന്നാണവൾ പറഞ്ഞത്.

രുക്ഷമായ രീതിയിൽ ഒരിക്കൽ ചെമ്മരത്തിയെ നേരിട്ട കാരിച്ചിയമ്മ കീഴാള സ്ത്രീയുടെ സ്വത്വബോധം പ്രകടിപ്പിക്കുന്നു. കാരിച്ചിയമ്മ ചെമ്മരത്തിയെ ഒരാട്ടാട്ടി. 'പോടീ അവടന്ന്. പണക്കാരെ പാട്ടിന് പുടിച്ചാ എനക്കും നെന്നെപ്പോലെ സാരിചിറ്റി നടക്കായിനു. ഇച്ചെക്കന് രണ്ടുനേരം കഞ്ഞികൊടുക്കാൻ അരി കരിഞ്ചന്തേന്ന് വാങ്ങായിനു എടീ പണക്കാർക്ക് പത്തു പെണ്ണുങ്ങളെ പുലർത്താം. ഞാനൊരുത്ത്യെ പുലർത്താൻ കഴിയാഞ്ഞിറ്റാ എന്റെ പെരുവണ്ണാൻ തൂങ്ങിച്ചത്തത്. എന്റെ കുഞ്ഞിനെ തൊടണ്ടാ നീയ്യ്. പെരുവണ്ണാൻ തെയ്യം കെട്ടാൻപോമ്പം എനിക്ക് വേറെ വഴി നോക്കാൻല്യാഞ്ഞിട്ടാണോ?'(1998b:260)

ചെമ്മരത്തിയുടെ ആദ്യശിശു ആദ്യമോഹംപോലെ മരിച്ചുപോയി. രണ്ടാം ഗർഭം ധരിക്കാൻ അവൾക്കാഗ്രഹമുണ്ട്. ചികിത്സ വേണ്ടിവരും. വലിയ രാമൻവൈദ്യർ കീഴ്ജാതിക്കാരിയായ ചെമ്മരത്തിയെ ചികിത്സിക്കില്ല. 'ചെമ്മരത്തി എപ്പോഴും ചെമ്മരത്തിതന്നെ. കീഴൂരെ അയിത്തക്കാരത്തി. വേണ്ടാത്തപ്പോൾ ചവിട്ടിത്തേയ്ക്കാനുള്ളോൾ' (1998b:375) അനന്തനോടവൾ ഒരിയ്ക്കൽ പരിഭവിക്കുന്നു.

താൻ രണ്ടാമതും ഗർഭിണിയാണെന്നവിവരം അനന്തനെ അറിയിച്ചപ്പോൾ 'ഓൻ എന്റെ കുഞ്ഞാണോ?' (1998b:376)എന്ന സംശയമായിരുന്നു അനന്തന്. 'എന്തായാലും ഓൻ എന്റെ മോനാണ്. പെരിയോറെ പോതിപ്പിക്കാൻ ഞാനാള്'ല്ലെന്ന് ചെമ്മരത്തി പറയുന്നു.

**4.4.3. നെല്ല്**

**4.4.3.1. മാര**

വെളുത്ത ചുണ്ടെലിയുടേയും പേമ്പിയുടേയും മകളാണ് മാര. തിരുനെല്ലിയിൽനിന്ന് തൃശ്ശിലേരിയിൽപോയി തിരിച്ചുവന്ന കുടുംബമാണ് അവരുടേത്. മറ്റു കുടുംബക്കാരെല്ലാം തിരുനെല്ലിയിൽത്തന്നെയാണ് താമസംൗ. കുടുംബമൂപ്പനും നാട്ടുമൂപ്പനുമവർക്കുണ്ട്.

ഇരുനിറത്തിൽ മെലിഞ്ഞ് സെയ്തുവിന്റെ ആട്ടിൻ കുട്ടിയേക്കാൾ ശാന്തയാണവൾ – മാര. 'കാണണമെന്നും കാണിക്കണമെന്നും ആഗ്രഹമില്ലാത്ത ഒരു പെണ്ണ്. തൊഴുത്തിനു പുറകിലെ കരിമ്പാറക്കുമറവിൽ പൂത്തുനിൽക്കുന്നൊരു കാട്ടുപനിനീർ പോലെ' (1999:46)

മല്ലനെ മാറനുവേണ്ടി മനസാ നിശ്ചയിക്കുന്നു വെളുത്ത ചുണ്ടെലി. തൃശ്ശിലേരിയിൽനിന്ന് മാരയേയുംകൂട്ടി ഇങ്ങോട്ടുപോന്ന ബുദ്ധിയിൽ പേമ്പിയെക്കുറിച്ചഭിമാനിക്കുന്നു ചുണ്ടെലി. മാര അമ്പലക്കുന്ന് കളത്തിലെ മുറ്റക്കാരിയായി. നേരം പുലരുംമുമ്പുവന്ന് മുറ്റമടിച്ചുപോകും. എല്ലാ ദിക്കിലും എല്ലാ പണിയും ചെയ്യാൻ മാരയുണ്ട്. മുറ്റമടിച്ചു തളിക്കാരി എന്ന പേരിൽ വീട്ടിലെ സർവ ജോലികളും അവൾ ചെയ്തു. അടിച്ചുതളിക്കാരിക്ക്

വല്ലിയില്ല. ഇരുട്ടിക്കഴിഞ്ഞാലും പണിയവസാനിക്കാറില്ല. മല്ലനും മാരയും തമ്മിൽ കാണുന്നത്, കാടു കയറാൻ പോകുന്ന ദിവസമാണ്. അന്ന് കുറുമാട്ടിയും ഉണ്ടായിരുന്നു. കുറുമാട്ടി മാരയെ നിരീക്ഷിച്ചു കൊണ്ടുനടന്നു. അവളുടെ നോട്ടത്തിൽ നിന്നകന്ന് മാരയും. വള്ളിയൂർ കാവിലെ ഉത്സവദിവസം തനിക്കുകിട്ടിയ അടിമപ്പണം കൊണ്ട് മല്ലൻ മാരയ്ക്ക് ചേല വാങ്ങികൊടുത്തു. മാലയും വളയുമിടുവിച്ചു. രാഘവൻ നായരുടെ സഹായത്തോടെ വാങ്ങിയ ഉറുപ്പികത്താലി അവൻ അവളുടെ കഴുത്തിൽ കെട്ടി. കുറുമാട്ടി മല്ലനെ തട്ടിയെടുക്കുമോ എന്ന ഭീതിയായിരുന്നു മാരയ്ക്ക്.

ആറാട്ടിന്റെ പിറ്റേന്ന് മാരയുടെ അമ്മ വയറ്റിൽ വേദന പിടിപ്പെട്ടു മരിച്ചു. കുറുമാട്ടി പിശാചുബാധയുള്ളവളാണ്. തന്റെ അമ്മയുടെ മരണത്തിനുകാരണം അവളാണെന്ന് മാര കരുതുന്നു. അമ്മ മരിച്ചാൽ ഒരുകൊല്ലം മുഴുവൻ ആഭരണമില്ലാതെ നടക്കണം എന്നാണ് ആചാരം.

രാഘവൻനായരുടെ പുഞ്ചക്കൊയ്ത്തു ദിവസം കുറുമാട്ടി ഒരു രഹസ്യംപോലെ അതു പറഞ്ഞു പരത്തി. മല്ലനും മാരയും ഒരേ ചെമ്മരത്തുള്ളവരാണെന്ന്. അതുകൊണ്ട് കല്യാണം നടക്കില്ലെന്ന്. (ഒരേ മണ്ണിലുള്ളവർ തമ്മിൽ ആങ്ങളപെങ്ങൾ ബന്ധമാണ്. ആങ്ങളയും പെങ്ങളും തമ്മിലുള്ള വിവാഹം പാപമാണ്. പാപം ചെയ്താൽ മലങ്കാരി പിശാചുക്കളെയെല്ലാം അഴിച്ചുവിടും) കല്യാണം നടക്കില്ലേയെന്ന മാരയുടെ ഭീതിക്ക് മല്ലനിൽനിന്ന് പ്രതികരണമുണ്ടായില്ല. മല്ലന് വേറെ പെണ്ണ് കിട്ടുമെന്ന് മൂപ്പൻ വെളുത്ത ചുണ്ടെലിയെ ഉപദേശിച്ചുകഴിഞ്ഞിരുന്നു. 'ഇതിന് തപ്പില്ലെ' - എന്നും.

നാട്ടുമൂപ്പനെ ചെന്നു കണ്ട് കാര്യത്തിന് പരിഹാരം കാണാൻ മാര തീർച്ചയാക്കി. ആയിരംവള തപ്പുകെട്ടണമെന്ന പരിഹാരമായിരുന്നു നാട്ടുമൂപ്പൻ വിധിച്ചത്. വെള്ളരൊടി മൂലയിൽ രാത്രി കാവലിരിക്കുമ്പോൾ മാര മല്ലനടുത്തെത്തുന്നു. തന്നെ കട്ടുകൊണ്ടു പോകാനപേക്ഷിക്കുന്നു.

മാരയെ കട്ടുകൊണ്ടുപോകാൻ മല്ലനെത്തുമ്പോൾ വെളുത്ത ചുണ്ടെലി കിടപ്പിലായിരുന്നു. അസുഖം ബാധിച്ച് അപ്പനെ ഇട്ട് ഓടിപ്പോകേണ്ടി വരുന്നതിൽ അവൻ വേദനിച്ചു. അടിയാൻ പെണ്ണിനെ കട്ടുകൊണ്ടുവരുന്നതെന്തിനാണെന്ന് രാഘവൻനായർക്കറിയില്ല. എല്ലാമറിയുന്ന വാരസ്യാർ അന്തിയുറങ്ങാൻ സ്ഥലം കൊടുത്തതുമില്ല.

ഇഞ്ചക്കണ്ടത്തിൽ കുടിലുകെട്ടി പൊറുക്കാൻ മല്ലനോട് രാഘവൻനായർ പറഞ്ഞു. ആനക്കാടിന്റെ അണ്ണിയിൽ കെട്ടിയ കുടിലുകളിലേക്ക് മല്ലനും മാരയും താമസം മാറ്റി. ആയിരംവള മൂപ്പന് കൊടുത്താലേ ഇനി അവരെ കൂട്ടത്തിൽച്ചേർക്കൂ. മല്ലൻ പണിക്കുപോയപ്പോൾ മാര തനിച്ചായി. തമ്പുരാട്ടിയുടെ മൂത്തമകൻ കൃഷ്ണനുണ്ണി തമ്പുരാൻ മാരയെ നോട്ടമിട്ടിരിക്കുന്നു. രാത്രിയിൽ മല്ലനെത്താണ്ടി കറിയൻ വന്നു. കനത്തപനി. കാട്ടിലെ

വിഷമം പിടിച്ച പണിയും തണുപ്പും മഞ്ഞുമാണ് കാരണം. മറ്റാരും സഹായിക്കാനും ആശ്വസിപ്പിക്കാനുമില്ല. മറ്റുള്ളവരെല്ലാം മാരയെ നോട്ടം കൊണ്ട് ശകാരിക്കുകയായിരുന്നു. ആചാരപ്രകാരം ഗദ്ദികയാടി. മല്ലനു പേയാണ് എന്ന് വെളിപ്പാടുണ്ടായി. കോഴിയെ അറുത്തു കൂട്ടുമരുന്ന് അരച്ചുകലക്കി വായിലിറ്റിച്ചു. മല്ലൻ ബോധമറ്റുതന്നെ കിടന്നു.

സ്വന്തം കുടുംബത്തിലെ ഒരാണിനെ പ്രേമിച്ച പിഴച്ച പെണ്ണ്. അതായിരുന്നു മാരയ്ക്കെതിരായുള്ള അപവാദം. മല്ലന് പേയ്‌വരാൻ കാരണം മാരയാണ്. ആരും പിന്നീടാ കുടിയിലേക്ക് തിരിഞ്ഞുനോക്കിയില്ല. വെറുത്ത തമ്പുരാൻ (രാഘവൻനായർ) മല്ലന്റെ കുടിലിൽചെന്നത് മറ്റൊരു വാർത്തയായി. മാരയുടെ പ്രതിഷേധം വകവയ്ക്കാതെ മല്ലനെ ബന്ധുക്കൾ മുളമഞ്ചലിൽ ഇറക്കിക്കൊണ്ടുപോയി. ആരുമില്ലാത്ത ഒരു സമയത്ത് കുറുമാട്ടി മല്ലന് ഒരു ഒറ്റമൂലി മരുന്ന് കലക്കിക്കൊടുത്തു (അതു കുടിച്ചാൽ രോഗി എല്ലാം മറക്കും. എഴുന്നേൽക്കും. മാരയെപ്പോലും മറക്കും) മാര ഒറ്റപ്പെട്ടു. മല്ലന്റെ മരണം അവളെ തളർത്തി. മല്ലനെ മഞ്ഞളും എണ്ണയും തേച്ച് ചുടുവെള്ളത്തിൽ കുളിപ്പിച്ചത് കുറുമാട്ടിയാണ്.

മല്ലന്റെ മരണശേഷം കുശുകുശുപ്പുകൾകേട്ട് മാര പണിയെടുത്തു. തിരുവോളമ്മയുടെ എച്ചിൽപാത്രങ്ങൾ കഴുകിക്കൊടുക്കുന്ന അവൾക്ക് ഒറ്റ ആശ്വാസവാക്കുപോലും അവരിൽനിന്ന് കേൾക്കാനായില്ല. അവരുടെ പഴകിപ്പുളിച്ച ചോറ് അവൾ ചാണകക്കുഴിയിലിട്ടു. വെള്ളരൊടിയിൽ രാഘവൻനായർ വീടുവെച്ചത് വീണ്ടും വാർത്തയായി. മാര താമസിക്കുന്ന സ്ഥലമാണത്. അടിയാൻ മരിച്ചിട്ടും സ്ഥലം മാറിപ്പോകാത്ത ജന്മി. ചുണ്ടെലിയുടെ മകൾ മാരയെ വെളുത്ത തമ്പുരാൻ കെട്ടി എന്ന വാർത്തകേട്ട് കുന്നുമൂപ്പനും മാരയുടെ ബന്ധുക്കളും എത്തിയിരുന്നു. അവരെ മടക്കിയയയ്ക്കാൻ പാടുപെടേണ്ടിവന്നു. ജവനിയുടെ കുടിലിനുമുമ്പുള്ള തെക്കുവശത്തെ പൊന്തയിൽവച്ച് മാരയെ ഉണ്ണിത്തമ്പുരാൻ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചു. അവൾ രക്ഷപ്പെട്ടോടി. വെള്ളരൊടിയിലെ വീട്ടിൽ രാഘവൻനായർ ഇടയ്ക്കൊക്കെ തങ്ങുന്നു. ഒരിക്കൽ മാരതന്നെ അയാൾക്ക് വെള്ളംവച്ച് അരിയിട്ടു കൊടുത്തു. കാക്കുപ്പുല കഴിഞ്ഞെന്നും മാരയെ ശുദ്ധമാക്കിയെടുത്തെന്നും ഗർഭിണിയായ അവൾ പ്രസവിക്കുംമുമ്പ് കറുകെട്ടി സ്വീകരിക്കണമെന്നും കുന്നുമൂപ്പൻമാർ രാഘവൻനായരോട്. തനിക്കെതിരേയുള്ള അപവാദം ആളിക്കത്തിക്കാൻ രാഘവൻനായർ 30 രൂപ തപ്പുകെട്ടി. പനിപിടിപ്പിച്ച അയാളെ മാര ശുശ്രൂഷിച്ചു. രാത്രിയിൽ അയാൾക്ക് കാവൽനിന്നു. തിരുവോളമ്മ തിരിഞ്ഞുനോക്കിയില്ല.

തമ്പുരാൻ തന്ന ചേലയുമായി കുടിലിൽ വന്നുകയറിയ മാര നിരാശയിലായിരുന്നു. അയാൾ തന്നെ സ്വീകരിക്കുമെന്നവൾ കരുതി. അന്ന് രാത്രി ഒറ്റയ്ക്കായ അവളെ ഉണ്ണിത്തമ്പുരാൻ കീഴടക്കി. രാഘവൻനായരെ കണ്ടില്ല. ഉണ്ണിത്തമ്പുരാൻ പിറ്റേന്നും മാരയെ പ്രാപിക്കുന്നു. ദിവസങ്ങൾക്കുശേഷം രാഘവൻനായർ തന്റെ തീരുമാനം മാരയെ അറി

യിക്കുന്നു. 'നീയെന്നും ഇവിടെ താമസിച്ചോളൂ...' എന്നയാൾ പറഞ്ഞു. 'നാൻ ചീത്ത തമ്പ്രാ....' എന്ന അവളുടെ തേങ്ങൾ 'ആകട്ടെ' എന്ന അയാളുടെ ഉറച്ച സ്വരത്തിന് കീഴ്പ്പെട്ടു.

#### 4.4.3.2. കുറുമാട്ടി

കാളിയുടെ മകൾ കുറുമാട്ടിക്ക് പേയിനെ പേടിയില്ല. മൂപ്പന്മാരുടെ തീർപ്പിനേയും. തള്ള മരിച്ച് പുല കഴിയുന്നതിനുമുമ്പേ അവൾ പൂചൂടി മാലയും വളയുമിട്ടു. അടിയാത്തികളുടെ റാണിയാണ് കുറുമാട്ടി. തോട്ടത്തിലെ വേലയ്ക്കുപോയി വന്നശേഷം അവൾ പരിഷ്കാരിയാണ്. മണ്ണിന്റേയും വിയർപ്പിന്റേയും ഗന്ധം പിടിയ്ക്കില്ല. വാസന സോപ്പിന്റെ ഗന്ധമാണിഷ്ടം. കുറുമാട്ടി സ്വന്തം പേരെഴുതും വായിക്കും. കൈവണ്ണയിൽ പച്ച കുത്തും. നെറ്റിയിലും മൂക്കിന്മേലും പച്ചമഷികൊണ്ട് ചിത്രപ്പണി ചെയ്യും.

മാരയെപ്പോലെയല്ല കുറുമാട്ടി മറിച്ചാണ്. 'പുഴവക്കത്ത് ചിരിച്ചുനിൽക്കുന്നൊരു വെളളിലക്കൊടി. വരുന്നവരോടൊക്കെ അവൾ ചിരിക്കുന്നു. വറ്റാത്ത ചിരി. വറ്റാത്ത യൗവ്വനം. വേണ്ടവരൊക്കെ ആ വള്ളിയിൽനിന്ന് ഇലക്കമ്പുകൾ പറിച്ച് മുടിക്കെട്ടിൽ തിരുകുന്നു. പറിക്കുന്തോറും തെഴുത്തുവരുന്നൊരു വള്ളി' (1999:46). വിഷം ഒളിപ്പിച്ചുവച്ച ഒരു മേന്തോന്നിച്ചെടിയെന്ന പോലെ ചെറുപ്പക്കാർക്ക് അവളെ ഭയമാണ്. അവൾക്ക് പലവിദ്യകളറിയാം. 'അവളുടെ കൈയിൽ കാശുണ്ട് അഹങ്കാരം അതുകൊണ്ടാണ്. വള്ളിയൂർ കാവിലെ ആറാട്ടുകാലം അവളുടെ കൊയ്ത്തുകാലമാണ്. കുംഭം പിറന്നാൽ പെൺകിടാങ്ങൾ അവളുടെ കുടിലിലേക്ക് കയറിച്ചെല്ലും. പച്ച കുത്താൻ' മാര ചിന്തിക്കുന്നു. സുന്ദരിയും തെറിച്ചവളുമെന്ന് പ്രസിദ്ധയാണ് കുറുമാട്ടി. കുറുമാട്ടിക്കും മല്ലനെ വേണം. അതുകൊണ്ടാണവൾ തന്നെ ഉപേക്ഷിച്ചുപോയ ചാത്തനെ സ്വീകരിക്കാത്തത്. അവൻ കൊടുക്കാൻ തയ്യാറായ പിഴ വാങ്ങാൻ മൂപ്പന്മാരെ അനുവദിക്കാതിരുന്നത്. കൂടുതൽ പണം അവർക്ക് കൊടുത്തത്.

മല്ലനും കുറുമാട്ടിയോട് താല്പര്യമുണ്ട്. 'ഉറങ്ങിക്കിടക്കുന്ന കുടിലിൽനിന്ന് ആരും കാണാതെ അവളെ കൊണ്ടുപോരണം. അവളെ തനിക്ക് കെട്ടാൻ പാടില്ല. കട്ടുകൊണ്ടുപോരാം. അവൾക്കൊരു കെട്ടിയവനും മകളുമുണ്ട്. അവൾക്ക് തന്നെക്കാൾ പ്രായമുണ്ടാകും. എന്നാലും അവൾ കുറുമാട്ടിയാണ്. തമ്പുരാന്റെ കാര്യസ്ഥൻ നായരെ ആട്ടിയകറ്റിയവൾ' (1999:10,11) 'വള്ളിയൂർക്കാവിൽ ആറാട്ടിനുപോകുമ്പോൾ അവൾക്കൊരു ചുവന്ന ചേല വാങ്ങിക്കൊടുക്കണം' എന്നും മല്ലൻ ചിന്തിക്കുന്നുണ്ട്.

ആരേയും കൂസാത്ത പ്രകൃതമാണ് അവളുടേത്. നിശ്ചയിച്ച കാര്യം സാധിക്കാൻ എന്തുവഴിയും സ്വീകരിക്കാനുള്ള മനക്കരുത്ത് കുറുമാട്ടിക്കുണ്ട്. മല്ലനും മാരയും തമ്മിലുള്ള വിവാഹം മുടക്കാനുള്ള കുറുക്കുവഴി കുറുമാട്ടി കണ്ടെത്തുന്നുണ്ട്. മൂപ്പന് പുകയില നൽകി കാര്യം കാണുകയാണവൾ. ഒറ്റയ്ക്ക് മൂപ്പനെ ചെന്നുകാണാൻ അവൾക്ക് മടിയില്ല.

നല്ല പുകയില സമ്മാനിച്ച സുന്ദരിക്കുവേണ്ടി മൂപ്പൻ വഴങ്ങുന്നു. ഭർത്താവില്ലാതെ വയറ്റി ലുണ്ടായവൾ, മറ്റൊരുത്തിയുടെ ഭർത്താവിനെ കൊതിക്കുന്നവൾ, തമ്പുരാന്റെ വെപ്പാട്ടി, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവൾ ഇങ്ങനെയെല്ലാമാണ് കുറുമാട്ടി അറിയപ്പെടുന്നത്.

കുറുമാട്ടിയെക്കുറിച്ച് ഭയവും ആശങ്കയും മല്ലനുണ്ട്. 'ഇവളെന്താണ് ഭാവം? പുല തീരാത്ത തന്റെ പുറകെ ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്ത്? അന്ന് ആ തണുത്ത രാത്രി യിൽ ഇവൾ ചതിച്ചു. അവൾ എല്ലാം നശിപ്പിച്ചു. അവൾക്ക് പേയിന്റെ സ്വാധീനമുണ്ട്. ഇവൾ മന്ത്രവാദിനി കാളിയുടെ മകളാണ്. താനും ഇവളുടെ പിടിയിൽ! ചാത്തന്റെ ഗതി തനിക്കും.'

'ആ കണ്ണുകളിലെ തിളക്കം. അവ ഇരയന്വേഷിച്ചു നടക്കുന്ന കാട്ടുപൂച്ചയുടെ കണ്ണു കളാണ്.... ഒരു കുഴി. അതിന്റെ വക്കത്താണു താൻ. ചാത്തൻ വീണ കുഴി. മറ്റനേകം ചെറു പ്പക്കാർ വീണ കുഴി... താനും...' (1999:50)

അവളുടെ നേർക്ക് അറിയാതെ നീണ്ട കൈകൾ തീയിൽ തൊട്ടപ്പോലെ അവൻ പിൻവലിച്ചു. ഇവൾ പേയാണ്. ഗന്ധകശാലയിൽ പന്നി കയറിയത്. അന്നുരാത്രി തന്നെ തമ്പുരാൻ മരിച്ചത്. ഒരു കൊല്ലത്തെ അടിമപ്പണി ചെയ്തിട്ടും കുണ്ടൽ കിട്ടാതിരുന്നത്. ഇതും പേയിന്റെ കണ്ണുകൾ കനൽപോലെ തിളങ്ങുന്നു. ഒരിക്കലും കെടാത്ത, തൊടുന്ന തിനെയൊക്കെ ദഹിപ്പിക്കുന്ന അകന്നു നിൽക്കുന്നവയെ തന്നിലേക്കാകർഷിച്ച, മയക്കുമ രുന്നിന്റെ ഫലം ചെയ്യുന്ന കനലുകൾ (1999:51)

#### 4.4.3.3. മാരയും കുറുമാട്ടിയും

മാരയും കുറുമാട്ടിയുമാണ് നെല്ലിലെ രണ്ട് അടിയാള സ്ത്രീ കഥാപാത്രങ്ങൾ. ശാന്തയും നിശബ്ദയുമായ മാര നല്ല സ്ത്രീയും അടക്കമില്ലാത്തവളും തെറിച്ചവളുമായ കുറുമാട്ടി ചീത്ത സ്ത്രീയായും നോവലിൽ കടന്നുവരുന്നു. മല്ലന്റേയും മാരയുടേയും അടു പ്പവും അതിനേറ്റ ദുരന്തവും നോവലിന്റെ ഗതി നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ആന യുടെ കരുത്തുള്ള മല്ലനെന്ന പുരുഷനെ സ്വന്തമാക്കാനുള്ള ശ്രമങ്ങൾ കുറുമാട്ടിയെ നോവ ലിലെ പ്രതിനായികയാക്കുന്നു.

തന്റെ മകൾക്ക് അനുയോജ്യനായ വരനായി മല്ലനെ മനസ്സാ നിശ്ചയിക്കുകയാണ് മാരയുടെ അച്ഛൻ വെളുത്ത ചുണ്ടെലി. മല്ലന്റെ കരുത്തും അധ്വാനിക്കാനുള്ള കഴിവുമാണ് അയാളെ ആകർഷിക്കുന്നത്. പെണ്മക്കൾ ധാരാളവും ആൺപിള്ളേർ കുറവും എന്ന അവ സ്ഥയാണ് ഇവിടെപുരുഷനെ നേടാനുള്ള സ്ത്രീയുടെ മത്സരം സൃഷ്ടിക്കുന്നത്.

മല്ലന് മാരയോടും കുറുമാട്ടിയോടും താല്പര്യമുണ്ട്. രാത്രി നെൽപ്പാടത്തിന് കാവ ലിരിക്കുമ്പോൾ മല്ലന്റെ മനസ്സിൽ കുറുമാട്ടിയായിരുന്നു. കുറുമാട്ടിക്ക് കെട്ടിയവനും ഒരു

മകളുമുണ്ട്. അവൾ തന്റേടിയാണ് തമ്പുരാന്റെ കാര്യസ്ഥൻ നായരെപ്പോലും ആട്ടിയകറ്റിയവൾ. തന്നെ പിരിഞ്ഞുപോയി, തിരിച്ചുവന്ന ചാത്തനെ ഇനി തനിക്ക് വേണ്ടെന്നവൾ തീരുമാനിക്കുന്നു. മല്ലനോടുള്ള തന്റെ ഇഷ്ടം അറിയിക്കുകയും ചെയ്യുന്നു. പാതിരാത്രിയിൽ മല്ലന്റെ കാവൽമാടത്തിൽ അവളെത്തുന്നുണ്ട്. കുറുമാട്ടിയുടെ ശരീരവും സൗന്ദര്യവും മല്ലനെ പ്രലോഭിപ്പിച്ചു. അന്ന് രാത്രി ഗന്ധകശാലയിൽ പന്നി കയറിയത് കുറുമാട്ടിയുടെ കെണിയിൽ താനകപ്പെട്ടതുകൊണ്ടാണെന്ന് മല്ലൻ ചിന്തിക്കുന്നു.

സ്വന്തം പ്രണയവും കാമവും ഇഷ്ടപ്പെട്ട പുരുഷനോട് തുറന്നുപറയുന്നു കുറുമാട്ടി. മല്ലൻ അവളെ ഒരു പേയിനെപ്പോലെയാണ് കാണുന്നത്. കെട്ടിയവനെ വേണ്ടെന്ന് പറയാൻ തന്റേടം കാണിക്കുന്ന അവൾ ചീത്തയാണെന്നാണ് മല്ലന്റെ സിദ്ധാന്തം. തന്റെ തെറ്റുകളുടെ മുഴുവൻ ഉത്തരവാദിത്തവും മല്ലൻ കുറുമാട്ടിയിൽ കെട്ടുകയും അവളെ അകറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു മല്ലൻ. ഭർത്താവും മകളുമുള്ള കുറുമാട്ടിയെ കട്ടുകൊണ്ടുപോന്ന് തന്റെ റാട്ടിയാക്കാമെന്ന് ആലോചിക്കുമ്പോഴും അവളുടെ സൗന്ദര്യം ഒരു രാത്രി ആസ്വദിക്കുമ്പോഴും പുരുഷനെന്ന നിലയിൽ കുറ്റബോധം മല്ലനെ തീണ്ടുന്നില്ല. പെണ്ണിന്റെ സൗന്ദര്യം ആണിന്റെ ചതിക്കുഴിയാണെന്നും മല്ലൻ കരുതുന്നു. തന്നെ പരീക്ഷിക്കാൻ കുറുമാട്ടിയുടെ രൂപത്തിൽ പേയ് വന്നതാണ്. (1999:50)

കാവൽമാടത്തിൽ വച്ചുണ്ടായ സമാഗമത്തിനുശേഷം മല്ലനുനേരിട്ട വ്യക്തിപരമായ പ്രയാസങ്ങളാണ് കുറുമാട്ടിയിൽ നിന്നകലാനുള്ള കാരണമായിത്തീർന്നത്. ഗന്ധകശാലയിൽ പന്നി കയറിയതും തമ്പുരാൻ മരിച്ചതും തനിക്ക് കുണ്ടൽ കിട്ടാതിരുന്നതും കുറുമാട്ടിയുടെ മന്ത്രവാദം കൊണ്ടാണെന്നും മല്ലൻ കരുതി.

മല്ലനെ സൗന്ദര്യംകൊണ്ട് പ്രലോഭിപ്പിക്കുകയാണ് കുറുമാട്ടി. പെണ്ണിന്റെ ശരീരം ആണിന്റെ ചതിക്കുഴിയാണെന്ന വിശ്വാസത്തെ ഉറപ്പിക്കുന്ന തരത്തിൽ മല്ലനെ തന്റെ ശരീരം കൊണ്ടവൾ ആകർഷിച്ചടുപ്പിക്കുന്നു. മല്ലനെ നേടാനുള്ള താല്പര്യം കൊണ്ടാണ് ചാത്തനെ വീണ്ടും സ്വീകരിക്കാൻ കുറുമാട്ടി തയ്യാറാകാത്തത്. ഒരിക്കൽതന്നെയുപേക്ഷിച്ചു പോയവനാണ് ചാത്തൻ. ചാത്തൻ കെട്ടിയാൽ അവർക്ക് വീണ്ടും ഭാര്യാഭർത്താക്കന്മാരാകാം. ആണിന് ഇഷ്ടമുള്ളപ്പോൾ ബന്ധം വിട്ടുപോകാനും തോന്നുമ്പോൾ തപ്പുകെട്ടി ബന്ധം സ്ഥാപിക്കാനും സ്വാതന്ത്ര്യമുണ്ട്. പുരുഷന്റെ ഈ സ്വാതന്ത്ര്യത്തെയാണ് കുറുമാട്ടി അവഗണിക്കുന്നത്. ചാത്തൻ കൊടുക്കാൻ തയ്യാറായ പിഴ വാങ്ങാൻ മൂപ്പന്മാരെ അവൾ അനുവദിച്ചില്ല. അവൾ മൂപ്പന്മാർക്ക് കൂടുതൽ പണവും പുകയിലയും നൽകി തന്റെ പക്ഷത്തു നിർത്തി.

'കുറുമാട്ടിയുടെ കെട്ടിയവനായി ഏതടിയാനും പുലരാനൊക്കുമോ? ചോരയും നീരുമുള്ള ചെറുപ്പക്കാരനെ കണ്ടാൽ അവൾ പോകില്ലേ.' കുറുമാട്ടിയെ റാട്ടിയാക്കാൻ മല്ലനുള്ള ഭയം ഇതായിരുന്നു.

#### 4.4.4. കൂമൻകൊല്ലി

അകംലോകത്തെ അടഞ്ഞ വ്യവഹാരങ്ങളാണ് സമ്പന്ന കുടുംബങ്ങളിലെ സ്ത്രീ കഥാപാത്രങ്ങളായ സുനന്ദ, ചിന്നമ്മു ബ്രാഹ്മണിയമ്മ, ഗംഗ എന്നിവരുടേത്. ഗാർഹിക ചുറ്റുപാടുകളിൽനിന്ന് വിട്ട് അവർക്കൊരു ജീവിതമോ നിലനിൽപ്പോ ഇല്ല. സുനന്ദ നിവേദ്യച്ചോറു വാങ്ങാൻ മാത്രം പുറത്തിറങ്ങുന്ന സ്ത്രീയാണെന്ന് സൂചിപ്പിക്കുന്നു. എന്നാൽ ലോകവിവരമുള്ള സ്ത്രീയായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട് സംസാരത്തിൽ. കമ്മ്യൂണിസ്റ്റുകാരനും പുരോഗമനവാദിയുമായ ബാലൻനമ്പ്യാരെപ്പോലും അതിശയിപ്പിക്കുന്നുണ്ട് അവർ. നാട്ടിൽ ഭാര്യയും മക്കളുമുള്ള കൃഷ്ണനുണ്ണിയുടെ വെപ്പാട്ടിയായാണ് അവർ കഴിയുന്നത്. ബാലൻ നമ്പ്യാരോടും വിപ്ലവകാരികളായ മറ്റ് മനുഷ്യരോടും അവർക്ക് താല്പര്യമുണ്ട്. അവരെയെല്ലാം വീട്ടിൽവിളിച്ച് സൽക്കരിക്കുകയും ചെയ്യുന്നു. കാരുണ്യവും സ്നേഹവുമാണ് സുനന്ദയിലെ അടിസ്ഥാന വികാരങ്ങൾ. അവസാനം താനെന്തു നേടിയെന്ന് അവർ ചിന്തിക്കുന്നുണ്ട്. ആരും അവസാനം തന്നെ ഓർക്കുകയില്ലെന്ന് തിരിച്ചറിയുമ്പോൾ സ്വയം ഒറ്റപ്പെടുകയും ചെയ്യുന്നു.

ചിന്നമ്മു ബ്രാഹ്മണിയമ്മ പാരമ്പര്യമായി കിട്ടിയ ആഭിജാത്യവും അന്തസ്സും നിലനിർത്താൻ പാടുപെടുന്ന തറവാട്ടമ്മയാണ്. കാലം മാറുന്നുവെന്ന് അവരറിയുന്നുണ്ടെങ്കിലും അതിനോട് പൊരുത്തപ്പെടാൻ കഴിയാത്ത പഴയ സ്ത്രീയാണവർ. കഴിഞ്ഞ കാലത്തെ കുറിച്ചുള്ള ഗൃഹാതുരത്വം മനസ്സിൽ സൂക്ഷിക്കുന്നുണ്ട് അവർ.

പൂങ്കുന്നം തറവാടു പൊളിക്കുന്നത് അവർക്ക് വലിയ വേദനയായിരുന്നു. കൂട്ടുകുടുംബങ്ങൾ വിഭജിച്ചുപോകുന്ന ഒരു സാമൂഹികാവസ്ഥ അംഗീകരിക്കാൻ അവർക്കാവുന്നില്ല. കാലികളെ മേച്ചും അവയ്ക്ക് പുല്ലരിഞ്ഞും പാൽകറന്നും അടുക്കളപ്പണി ചെയ്തും അവരുടെ ജീവിതം നീങ്ങുന്നു. ഭരിക്കാനറിയുന്ന പുരുഷൻ എന്ന നിലയിൽ ഗംഗാധരന്മാരെ ഇഷ്ടപ്പെടുമ്പോഴും അയാളുടെ പരിഷ്കാരങ്ങളെ സ്വീകരിക്കുന്നില്ല. ആരെയും വകവയ്ക്കാത്ത ആർക്കുമുന്നിലും പ്രിയങ്കരനായിത്തീരുന്ന വ്യത്യസ്ത സ്വഭാവ വിശേഷമാണ് ഗംഗാധരമാരാരുടേത്.

പഠിപ്പും പരിഷ്ക്കാരവുമുള്ള ഗംഗ ഭർത്താവിന്റെ വിഭാഗീയ വിശ്വാസങ്ങളിൽ വീണുപോകുന്നു. തന്റേടിയും ബുദ്ധിമതിയുമായിരുന്ന ഗംഗ വിവാഹത്തോടെ പൂർണമായും ഭർത്താവിന് കീഴടങ്ങി ജീവിക്കാനാണ് ശ്രമിച്ചത്. ഗാർഹിക കൃത്യങ്ങളൊഴിഞ്ഞ നേരം അവൾക്കില്ലായിരുന്നു. ഭർത്താവിന്റെ കൂട്ടുകാർക്ക്വച്ച് വിളമ്പി അവൾ സഹികെട്ടു. പതുക്കെപ്പതുക്കെ മൗനത്തിന്റെ മഹത്വം മനസ്സിലാക്കി. ഇംഗ്ലീഷ് മീഡിയത്തിൽ കുട്ടികളെ പഠിപ്പിക്കണമെന്ന് കരുതിയ അവൾ കാവ്യങ്ങളും സംസ്കൃതവും അവരെ പഠിപ്പിച്ചു. മാർക്സിന്റെയും ഗാന്ധിയുടെയും ചില്ലിട്ട പടങ്ങൾക്കുപകരം നഗ്നസന്യാസിമാരുടെ പടങ്ങൾ ചുമരിൽ തൂക്കി. ഹിന്ദു താല്പര്യവും വിധേയത്വവും കൃസ്ത്യാനികളോടും മുസ്ലീം

കളോടുമുള്ള അസഹിഷ്ണതയും അവളുടെ മാനസിക ഭാവമായിത്തീർന്നു. പെങ്ങളുടെ ഈ മാറ്റത്തിൽ വാസുദേവൻ അതിശയപ്പെടുന്നുണ്ട്. വെള്ളച്ചിയുടെ മകൾ ബന്ദിയാണ് നോവലിൽ കടന്നുവരുന്ന ഒരേയൊരു അടിയാളസ്ത്രീ കഥാപാത്രം.

#### 4.4.4.1. സുനന്ദ

കൂമൻകൊല്ലിയിലെ മൂന്ന് ജന്മിത്തറവാടുകളിലൊന്നായ കുന്നത്തുകളത്തിലെ സന്ത തിയാണ് സുനന്ദ. കുന്നത്തുകളും കൂമൻകൊല്ലിയുടെ കൊട്ടാരവും സുനന്ദ അവിടത്തെ റാണിയുമാണെന്നാണ് ജനസംസാരം. അവിടെ രാജാവായി വാഴാൻ മോഹിച്ചവർ പലരാ ണ്. കൃഷ്ണനുണ്ണിക്കാണതു സാധിച്ചത്. നാട്ടിൽ ഭാര്യയും അഞ്ചുമക്കളുമുള്ള കൃഷ്ണനു ണ്ണിയുടെ വെപ്പാട്ടിയായി കഴിയുകയാണ് സുനന്ദ. തെക്കുംകളം തറവാട്ടിലെ അപ്പുവിന്റെ അകന്ന ബന്ധുവാണ് സുനന്ദ. സുനന്ദയെ ഓർത്താണ് കൃഷ്ണനുണ്ണി നാട്ടിലേക്ക് പോകാ ത്തത്.

ഉഷപ്പൂജ കഴിയുമ്പോൾ താഴെ അമ്പലത്തിൽനിന്ന് നിവേദ്യച്ചോറു മേടിച്ചു കൊണ്ടു വരാൻ മാത്രമാണ് സുനന്ദ പുറത്തിറങ്ങുന്നത്. താഴ്വരകളിലെ നഗരങ്ങൾ കാണാനും മേലങ്ങാടിയിലെ പൂരം കാണാനുമൊക്കെ അവൾക്ക് മോഹമുണ്ട്. എന്നാൽ കൃഷ്ണ നുണ്ണി അവളെ പുറത്തേക്ക് കൊണ്ടുപോകാൻ ആഗ്രഹിച്ചില്ല. പുറത്തേക്കുള്ള നിരവധി നിശബ്ദ കവാടങ്ങളിലൂടെ സുനന്ദ അപ്രത്യക്ഷയാകുമെന്നയാൾ ഭയന്നു (1998d:113) വയലിലും തോട്ടത്തിലും കായ്കറിക്കണ്ടങ്ങളിലും സുനന്ദക്ക് താല്പര്യമുണ്ടായിരുന്നി ല്ല. കുന്നത്തുകളത്തിന്റെ പുറത്തേക്കുള്ള വാതിലുകൾ അടഞ്ഞുതന്നെയിരിക്കാൻ കൃഷ്ണ നുണ്ണി ശ്രദ്ധിച്ചു.

കൂമൻകൊല്ലിയിലെ സന്ദർശകർക്ക് സുനന്ദ കുന്നത്തുകളത്ത് താവളവും അത്താ ഴവുമൊരുക്കി. എന്തിനാണ് കൊച്ചമ്മ ഇവരെയെല്ലാം സൽക്കരിക്കുന്നതെന്ന് വേലക്കാരി ആശ്ചര്യപ്പെടുന്നുണ്ട്. അതിഥികൾക്ക് മുഖം കാണിക്കാറില്ല സുനന്ദ. അവരെപ്പറ്റി സംസാ രിക്കാറുമില്ല. അത്താഴത്തിൽ താല്പര്യം കാണിച്ചിട്ടില്ല. വേലക്കാരി അത്താഴമൊരുക്കും. വിളമ്പും. പിറ്റേന്ന് തിണ്ണമെഴുകി വൃത്തിയാക്കും (1998d:114)

തനിക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് അവൾ കീറിയ മുണ്ടകൾ ഇഴയിട്ടു. സ്വെറ്ററിന്റെ സുഷിരം കമ്പിളിനൂലുകൊണ്ട് തയ്ച്ചു. ഷർട്ടിന്റെ ബട്ടണുകൾ ഉറ പ്പിച്ചു. കൃഷ്ണനുണ്ണിയെ കൂടുതൽ മനസ്സിലാക്കാൻ ആഗ്രഹിച്ചില്ല. അയാൾ താഴ്വരയി ലെത്തുന്ന നാളുകളിൽ മാത്രം അവൾ എട്ടുകെട്ടിലെ വലിയ കിടപ്പറ തുറന്നു (1998d:115)

കമ്മ്യൂണിസ്റ്റ്കാരനും പൊതുജനസേവകനുമായ ബാലൻനമ്പ്യാരോട് സ്നേഹാദ രങ്ങൾ പുലർത്തുന്നുണ്ട് സുനന്ദ. ജന്മിത്തറവാട്ടുകാരെ വർഗശത്രുക്കളായി ബാലൻന മ്പ്യാർ കാണുന്നു. മടിച്ചാണെങ്കിലും സുനന്ദയുടെ വീട്ടിലേക്കുള്ള ക്ഷണം അയാൾ സ്വീക

രിച്ചു. വർഗശത്രുതയ്ക്കപ്പുറം സുനന്ദയിൽ മാനസികമായ നന്മകൾ ഏറെയുണ്ടെന്നയാൾ മനസ്സിലാക്കുന്നു. മറ്റൊരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് കൃഷ്ണനുണ്ണിയോട് സഹായമഭ്യർത്ഥിച്ചെത്തി ബാലൻനമ്പ്യാർ. അന്ന് രാത്രി സുനന്ദയുടെ നിർദ്ദേശപ്രകാരം അവിടെത്തങ്ങാനയാൾക്ക് മടിയുണ്ടായില്ല. ജന്മിയുടെ വീട്ടിൽ കമ്മ്യൂണിസ്റ്റുകാരൻ കയറിയാലുള്ള അപവാദങ്ങൾ അയാൾ തല്ക്കാലം മറന്നു.

സുനന്ദ വിചാരിച്ചു - 'ബാലൻനമ്പ്യാർ ഇനിയും വരും. വൃത്തിയുള്ള ഒരൂണ് കഴിക്കാൻ അയാൾക്കിവിടെ വരാതെ പറ്റില്ല. ഉണ്ണ്യേട്ടനുമായി സംസാരിക്കാതെ പുതിയ പ്രശ്നങ്ങൾ ഒതുക്കിത്തീർക്കാനുമാവില്ല.' (1998d:74)

തന്റെ ഒറ്റപ്പെടലുകളെക്കുറിച്ച് സുനന്ദയ്ക്ക് തിരിച്ചറിവുണ്ട്. ''എത്രയെത്ര മനുഷ്യർ. ഏതെല്ലാം ദിക്കിൽനിന്നു വന്നവർ. അവരിലൊരാളും ഈ താഴ്വരക്കപ്പുറം തന്നെ ഓർക്കുകയില്ല. ഞാനാർക്കുവേണ്ടിയാണ് ഈ ഉമ്മറം അടിച്ചുതളിച്ചു സൂക്ഷിക്കുന്നത്. എന്റെ അടുപ്പിൽ നിരന്തരം തീയെരിക്കുന്നത്? ഉണ്ണ്യേട്ടൻപോലും കൂമൻ കൊല്ലിയോട് വിടപറയാൻ തക്കം നോക്കിയിരിപ്പാണ്''.

പ്രതീക്ഷിച്ചപോലെ കൃഷ്ണനുണ്ണി നാട്ടിൽ പോയപ്പോൾ സുനന്ദ ഒറ്റപ്പെട്ടു. കുന്നത്തുകളം വിജനമായി. നാട്ടിലയാൾ സുഖമില്ലാതെ കിടപ്പിലായിരുന്നെങ്കിലും സുനന്ദ കാണാൻ പോയില്ല. അയാൾക്കവിടെ ഭാര്യയും മക്കളുമുണ്ട്. കുന്നത്തെ തോട്ടങ്ങൾ വിറ്റ് അവിടെ ചെന്ന് താമസിക്കാമെന്ന് അയാൾ സുനന്ദയോട് ആവശ്യപ്പെട്ട് പലകുറി കത്തയച്ചു. ആരുമല്ലാത്ത ബാലൻനമ്പ്യാരെ അവൾ വെറുതെ പ്രതീക്ഷിക്കുന്നു. ക്ഷീണിതനായി എത്തിയ അയാൾ നാട്ടിൽ പോകാനുള്ള തന്റെ തീരുമാനവും അറിയിക്കുന്നു. സുനന്ദക്കത് വിശ്വസിക്കാനോ ഉൾക്കൊള്ളാനോ ആയില്ല. നാട്ടിൽ ഭാര്യയും മക്കളുമുണ്ട്. തനിയ്ക്കിനി വിശ്രമിക്കണമെന്നാണ് ബാലൻനമ്പ്യാർ പറയുന്നത്.

കൂമൻകൊല്ലി വിട്ടു പോകണമെന്നാണ് സുനന്ദയുടേയും ആഗ്രഹം. 'എനിക്കിവിടം വിട്ടുപോകണം. എങ്ങോട്ടെന്നില്ല. നാലു മനുഷ്യരോട് സംസാരിക്കാൻ. നാലു മനുഷ്യരുടെ സുഖദുഃഖങ്ങൾ കണ്ടറിയാൻ കഴിയുന്ന ഒരു നാട്ടിൻപുറത്തേയ്ക്ക്' (1998d:205).

സുനന്ദക്കു തന്നോടുള്ള താല്പര്യങ്ങളെ ബാലൻനമ്പ്യാർ കരുണയോടെ അവഗണിച്ചു. ഈ സ്ഥലം വിട്ടുപോകരുതെന്നും പതിവുപോലെ ഇവിടെയുള്ളവർക്ക് വിഷുവിന് സദ്യ കൊടുക്കണമെന്നും ഓണത്തിന് പുടവ കൊടുക്കണമെന്നും അയാൾ ഓർമ്മിപ്പിക്കുന്നു. കുന്നത്തുകളത്തിൽ ഇനിയും കൃഷി നടക്കണമെന്നാണയാളുടെ ആഗ്രഹം.

#### 4.4.4.2. ഗംഗ

പട്ടണത്തിലെ പഠിപ്പ് കഴിഞ്ഞുവന്ന ഗംഗ പരിഷ്കാരിയാണ്. 'നഗരം പഠിപ്പിച്ച

എല്ലാ കുസൃതികളും  നിറഞ്ഞ പെണ്ണ്' എന്ന് ഭരതൻ. പൂങ്കുന്നത്തെ ചിന്നമ്മു ബ്രാഹ്മണി യമ്മയുടെ മകളാണ് ഗംഗ. മേലങ്ങാടിയിലെ  സർക്കാറാഫീസിൽ പകർത്തെഴുത്തു ഗുമ സ്തനായ ഭരതനാണ് ഭർത്താവ്. വിവാഹശേഷം മേലങ്ങാടിയിൽനിന്ന് ട്രാൻസ്ഫർ വാങ്ങി അയാൾ കൂമൻകൊല്ലിയിലെത്തി. കാവിക്കാരായ ചങ്ങാതിമാരെ അയാൾ സൽക്കരിച്ചു. മാപ്പിളമാരോടും കൃസ്ത്യാനികളോടും മുഴുവൻ വെറുപ്പാണയാൾക്ക്. പാരമ്പര്യവാദിയായ ഭരതനും ശുദ്ധനാഗരികയായ ഗംഗയും രണ്ടു ധ്രുവങ്ങളിലാണ്.

മേലങ്ങാടിയിൽനിന്ന് ഭർത്താവ് താഴെ നാട്ടിലേക്ക് സ്ഥലം മാറ്റം വാങ്ങുമെന്നും അങ്ങനെ ഈ കറുത്ത കൊല്ലിയിൽനിന്ന് എന്നെന്നേക്കും രക്ഷപ്പെടാമെന്നുമായിരുന്നു ഗംഗ പ്രതീക്ഷിച്ചത്. ഒഴുക്കില്ലാത്ത ഈ കുണ്ടുകുളമാകെ ദുർഗന്ധപൂരിതമാണെന്നവൾക്ക് തോന്നിയിരുന്നു. ഭർത്താവിന്റെ കൂടെ വരുന്നവർക്ക് ചായയും ദോശയുമൊരുക്കി കൊടു ക്കലായി ഗംഗയുടെ പ്രധാന ജോലി. എന്തുകൊടുത്താലും പരാതി പറയുന്ന ഭർത്താവ്. ഭർത്താവിന്റെ അല്പത്തരം. അതോടെ ഗംഗ പതുക്കെ നിശ്ശബ്ദയാവാൻ തുടങ്ങി. മൗന ത്തിന്റെ മഹത്വം അവൾക്ക് ബോധ്യമായി. ദീർഘകാലം ഹോസ്റ്റലിലെ കുളിമുറിയിൽ കുളിച്ചു ശീലിച്ച അവൾക്ക് പൂങ്കുന്നത്തെ ചിറ ഒരു കാഴ്ചവസ്തു മാത്രമായിരുന്നു. പൂങ്കുന്നത്തെ മുറികൾ തടവറകളും. കന്നുകാലികളെപ്പോലെ ജീവിക്കുന്ന മനുഷ്യരോട് അറപ്പായിരുന്നു. കാലികൾ വൈക്കോൽ തിന്നുമ്പോലെ ചോറും സാമ്പാറും കഴിച്ച് വയറു വീർപ്പിക്കുന്നവരോടും തന്റെ മക്കളെ ഇങ്ങനെ വളർത്തില്ലെന്ന് അവളുറപ്പിക്കു ന്നു. അവരെ നഗരത്തിലെ ഇംഗ്ലീഷ് വിദ്യാലയത്തിൽ ചേർക്കണം. ഗംഗ മക്കൾക്ക് പാൽപ്പൊടിയും ധന്വന്തരവും വാങ്ങിക്കൊടുത്തു. വിറ്റാമിൻ ഗുളികകൾ തീറ്റിച്ചു. ഭർത്താ വാകട്ടെ കുട്ടികളെ 'ഹിന്ദു'ക്കളാക്കി വളർത്താനാഗ്രഹിച്ചു. അവരെ സംസ്കൃതവും കാവ്യവും പഠിപ്പിച്ചു.

ഭരതൻ താഴ്വരയുടെ രാജാവാകുന്നതുകണ്ട് ഗംഗ സന്തോഷിക്കുന്നുണ്ട്. കൃഷ്ണ നുണ്ണിയേക്കാൾ കേമനായ ആതിഥേയനായി ചമഞ്ഞിരിക്കുന്ന ഭരതന്റെ വീട്ടുകാരിയെന്ന തിൽ അവൾക്ക് അഭിമാനം തോന്നുന്നു. എന്നാൽ ആട്ടുകല്ലിന്റെ മുന്നിൽനിന്ന് അവൾക്ക് എഴുന്നേൽക്കാൻ കഴിയാതായി. ഭർത്താവിന്റെ സമ്മതം നോക്കാതെ അടിയാത്തി കാളിയെ ഗംഗ പണിക്കൂട്ടിന് വിളിക്കുന്നു. ഭരതന്റെ ജാതിബോധം എതിരായിരുന്നെങ്കിലും ഇടയ്ക്ക് ഗംഗ ഇങ്ങനെ ചിന്തിക്കുന്നുണ്ട്. ''ഇതൊരു വീടല്ല. താല്കാലിക താവളം മാത്രമാണ്. ഇതൊരു മൃഗശാലയിലെ കൂടാണ്. ഇതിനകത്ത് എത്രയോ പേർ കയറിവരുന്നു. ഭക്ഷണം കഴിക്കുന്നു. ഇറങ്ങിപ്പോകുന്നു. അവർക്കുള്ള ഭക്ഷണം എടുക്കുന്നതിനിടയിൽ ഗംഗ സ്വയം നഷ്ടപ്പെടുന്നു. അവൾ അടുക്കളയിലെ പാത്രങ്ങളിൽ ഒന്നായി മാറുന്നു''. (1998d:180)

ഭർത്താവിന്റെ ജീവിതശൈലികൾക്കും വിശ്വാസസംഹിതകൾക്കും പൂർണ്ണമായി അടി പ്പെടുന്നു ഗംഗ. ഭരതന്റെ ഹൈന്ദവ ആവേശം അവളിലും പ്രകടമായി. ഗാന്ധിയുടേയും

ലെനിന്റെയും ചിത്രങ്ങൾക്കുപകരം ചുമരിൽ താടിക്കാരുടെയും സന്യാസിമാരുടെയും ചിത്രങ്ങൾ അവൾ തൂക്കി. കഴകം നിർത്തിവന്ന വാസുദേവനോട് ക്ഷോഭിച്ചു. 'കഴകം നിർത്തി എന്നു പറഞ്ഞ് ഇവിടെ കേറിവരാൻ ഏട്ടന് നാണമില്ലേ, നമ്മൾ ഹിന്ദുവിന്റെ വേരു മറന്നോ, അല്ലെങ്കിൽ അമ്പലത്തിൽ പണി ഉപേക്ഷിച്ച് കമ്മ്യൂണിസ്റ്റുകാരുടെ കൂടെ നടക്കോ? അവർക്ക് മതമുണ്ടോ, ജാതിയുണ്ടോ' (1998d:100)

#### 4.4.4.3. ചിന്നമ്മു ബ്രാഹ്മണിയമ്മ

പൂങ്കുന്നത്തെ തറവാട്ടമ്മയാണ് ചിന്നമ്മു ബ്രാഹ്മണിയമ്മ. പാമ്പര്യമായി കിട്ടിയ അന്തസ്സും ആഭിജാത്യവും മുറുകെ പിടിക്കുന്നു. കുടിയേറ്റത്തിലൂടെ കെട്ടിപ്പടുത്തതാണ് പൂങ്കുന്നം തറവാട്. ജന്മനാടിനെക്കുറിച്ചുള്ള ഗൃഹാതുരത്വവും അവർക്കുണ്ട്. എന്നോ കുളം തോണ്ടിയ നാട്ടിലെ തറവാട്ടിലേക്ക് പോകാൻ മോഹമുണ്ട്. കൊയ്ത്തു കഴിഞ്ഞാൽ തന്നെ നാട്ടിലേക്കൊന്ന് കൊണ്ടുപോകുമോ എന്ന് കൃഷ്ണൻ നമ്പീശനോട് ചോദിക്കുന്നുണ്ട്. ഒരു കുപ്പി പശുവിൻ നെയ്യുണ്ടാക്കി കുട്ടികൾക്ക് കൊടുത്തയയ്ക്കാൻ കഴിയുന്നില്ലല്ലോ ദൈവമേ എന്ന് പരിതപിക്കുന്നു.

മക്കളെക്കാൾ മരുമകൻ ഗംഗാധരൻമാരാരോടാണ് അടുപ്പം. നല്ലൊരു കാര്യസ്ഥനെപ്പോലെയാണ് ഗംഗാധരമാരാർ. കറവ തീർന്ന പശുക്കൾ വിൽക്കണമെന്ന് മരുമകൻ പറഞ്ഞപ്പോൾ ഇക്കണക്കിന് തന്റെ മകളുടെ അതിബുദ്ധിമാനായ ഈ ഭർത്താവ് ഉപയോഗം കുറഞ്ഞ മനുഷ്യരെയും വിൽക്കുമോ എന്നവർ ചിന്തിക്കുന്നുണ്ട് (1998d:25).

ഇഴയിടുന്തോറും പിഞ്ഞിക്കീറുന്ന തന്റെ പഴയ കരിമ്പടത്തിന്റെ ഇളം ചൂടിൽ കഴിഞ്ഞുകൂടാനാണല്ലോ തന്റെ ഭർത്താവെന്ന് പറയുന്ന കുഞ്ചുണ്ണി എന്നും ഇഷ്ടപ്പെട്ടത് എന്ന് സ്വന്തം ജീവിതാവസ്ഥ അവരോർക്കുന്നു. പൂങ്കുന്നം തറവാട് ഭാഗിക്കണമെന്നത് മകൻ ശിവരാമന്റെ ആവശ്യമായിരുന്നു. തറവാട് പൊളിക്കുന്നതിൽ ചിന്നമ്മു അമ്മയ്ക്ക് വലിയ വേദനയുണ്ട്. വീടു പൊളിക്കുമ്പോൾ അവർ ഗംഗയുടെ വീട്ടിൽ വീർപ്പുമുട്ടിയിരിക്കുകയായിരുന്നു. തന്റെ വാരിയെല്ലുകളാണ് മരുമകൻ ഊരിയെടുക്കുന്നതെന്ന് തോന്നി. അവർ നിശബ്ദമായി കരഞ്ഞു. അഞ്ചാം പക്കം അവർ തറവാടിന്റെ മൃതശരീരം കണ്ടു. അമ്പലത്തിൽ തൊഴുതി മടങ്ങി വീട്ടിലെത്തിയപ്പോൾ പേരക്കിടാവിന്റെ മരണവാർത്തയാണ് അറിഞ്ഞത്.

#### 4.4.4.4. വസുമതി

കുടുംബത്തിനകത്തെ പ്രാരാബ്ധങ്ങളൊഴിഞ്ഞ നേരമുണ്ടായിരുന്നില്ല വസുമതിയ്ക്ക്. ''അവൾ കേട്ടൂന്ന് നടിക്കില്ല. തൊഴുത്തിലെ ചാണകം നീക്കും. പശുവിനെ കറക്കും. കിടാങ്ങളെ കുളിപ്പിക്കും. വീട്ടുജോലികൾ മുഴുക്കെ ചെയ്യും. ഉച്ചതിരിഞ്ഞാൽ അവൾക്ക് നടുനിവർത്താൻ നേരമില്ല. വെള്ളച്ചാലുകൾ വരണ്ടുപോയോ. നെൽക്കതിരുകൾ നിരന്നി

ട്ടുണ്ടോ. തത്തകൾ ഇറങ്ങുന്നോ. പൈക്കിടാവ് കയറഴിച്ച് പോയോ. അടിയാത്തി അളവു തെറ്റിച്ച് നെൽ അളന്നുവോ. എന്തെല്ലാം കാര്യങ്ങൾ. ഇതിനിടയിൽ ഭർത്താവിന്റെ മാനസിക പ്രശ്നങ്ങൾ. വസുമതിക്ക് പ്രശ്നമായില്ല. അടുത്ത വേള വിളവു ഭദ്രമാക്കുന്നതെങ്ങനെയെന്ന് മാത്രം ചിന്തിച്ചു. മക്കളെപ്പോലും അവൾ വേണ്ടത്ര ശ്രദ്ധിച്ചില്ല. അവർക്ക് കൊണ്ടാട്ടം ഉണ്ടാക്കി വെക്കുന്നതിലും മാങ്ങ ഉപ്പിലിടുന്നതിലുമായിരുന്നു കൂടുതൽ ശ്രദ്ധ. മക്കളെ അവൾ കുളിപ്പിക്കാറേയില്ല. നിറഞ്ഞ ശുഷ്കാന്തിയോടെ കറവപ്പശുക്കളെ കുളിപ്പിച്ച് ഊട്ടി". (1998d:106)

കൃഷ്ണൻ നമ്പീശൻ വസുമതിയെപ്പറ്റി ചിന്തിക്കുന്നു. സുമതി എപ്പോഴാണ് അടങ്ങിയിരിക്കാറുള്ളത്. അവൾ പ്രവർത്തിക്കുന്ന ഒരു യന്ത്രം പോലെയാണ്. എത്രപേർ ചെയ്യുന്ന ജോലി ഇവിടെ ഒരു ദിവസം ചെയ്തു തീർക്കുന്നുണ്ട്. ജോലി ചെയ്യാതെ വല്ലോർക്കും ജീവിക്കാനൊക്കോ. ചെയ്തിട്ടുതന്നെ ഒരു ഗതി കിട്ടുന്നുണ്ടോ (1998d:172)

ഇതുവരെ ഒരുജോടി പോത്തുകളായിരുന്നു നമ്മൾ. ഇത്രകൊല്ലവും അറിയാതെയാണ് നാം ഉണ്ടത്, ഉറങ്ങിയത്, ഉണർന്ന് പണിയിൽ മുഴുകിയത് എന്ന് കൃഷ്ണൻ നമ്പീശൻ പറയുന്നു.

#### 4.4.4.5. ബന്ദി

കൂമൻകൊല്ലിയിലെ ഒരേയൊരു അടിയാള സ്ത്രീകഥാപാത്രമാണ് ബന്ദി. തെക്കുങ്കളം തറവാട്ടിലെ ആശ്രിതരായിരുന്നു വെള്ളിയും മകൾ ബന്ദിയും. തെങ്കുങ്കളത്തിലെ അമ്മയും മകനും വീടുപേക്ഷിച്ച് പോയപ്പോൾ ഇരുവരും താമസം മാറ്റി. വെള്ളി തൈലപ്പുല്ലും റാക്കും മാറ്റി. തൈലം വിൽക്കാൻ പോയിവരുന്ന ഒരു ദിവസമാണ് ബന്ദി ഡാനിയേലച്ചനെ കാണുന്നത്. കുന്നുമ്പുറത്ത് കുരിശുനാട്ടാൻ വന്നതാണ് ഡാനിയേലച്ചനും കൂടെയുള്ള മനുഷ്യനും. ഞായറാഴ്ചകളിൽ അച്ചൻ വന്നു പ്രസംഗിക്കും. കന്യാസ്ത്രീകളുടെ മഠം പുല്ലുമലയിൽ സ്ഥാപിച്ചപ്പോൾ ബന്ദി അവിടത്തെ തൂപ്പുകാരിയായി. ഇടയ്ക്ക് പാചകക്കാരിയായി. പുല്ലുമലയിൽ മരക്കുരിശ്ശ് സ്ഥാപിക്കാൻ സമ്മതം കൊടുത്തത് വെള്ളിയാണ്. കുളിച്ച് വൃത്തിയായി ചമഞ്ഞൊരുങ്ങി നടക്കണമെന്ന് ഡാനിയേലച്ചനും കന്യാസ്ത്രീകളും ബന്ദിയെ ഉപദേശിച്ചു. കന്യാസ്ത്രീ കൊടുത്ത പുള്ളിപ്പാവാടയും ബ്ലൗസും അവൾക്കിടാൻ അറിഞ്ഞുകൂടായിരുന്നു. അവൾക്ക് കൊടുത്ത കുരിശ്ശുമാലയും ഉടുപ്പും കണ്ട് ഗംഗ കോപിക്കുന്നുണ്ട്. നിന്നെ അവസാനം അവർ കുരിശ്ശിൽ തൂക്കുകതന്നെ ചെയ്യുമെന്ന് ഗംഗ ബന്ദിയോടു പറയുന്നു (1998d:128).

കന്യാസ്ത്രീകളോടൊപ്പം ബന്ദി പല്ലുപ്പാറയിൽ വിരുന്ന് പാർക്കാൻ പോയി. അവൾ കന്യാസ്ത്രീകളെ അമ്പലം കാണിക്കാനും പക്ഷിപാതാളം കാണിക്കാനും മല കാണിക്കാനും കൊണ്ടുപോവും. മുറ്റത്തെ പുല്ലുപറിച്ചും വെള്ളം കോരിയും പാത്രം കഴുകിയും

വിറകു കൊണ്ടുവന്നും ബന്ദി സമയം കളഞ്ഞു. സമയം കിട്ടുമ്പോൾ ഡാനിയേലച്ചന്റെ സുന്ദരമായ പല്ലുകളെക്കുറിച്ചും നീണ്ടുതടിച്ച കൈവിരലുകളെക്കുറിച്ചും ഓർത്തു(1998d:89).

ഒരു ചേല നനച്ചാൽ മാറിയുടുക്കാൻ ഇല്ലാത്തവൾ. അവൾ കന്യാസ്ത്രീകൾ കൊടുത്ത പുള്ളിപ്പാവാടയും ജാക്കറ്റും ധരിച്ച് മുടിയിൽ കാട്ടുമുല്ലപ്പൂക്കൾ ചൂടി. ബന്ദിയുടെ കാത്തിരിപ്പ് ഡാനിയേലച്ചനും ഞായറാഴ്ചകൾക്ക് വേണ്ടിയുള്ളതായി. തെക്കുങ്കളത്തിലെ അപ്പുവിനോട് അവൾക്ക് താല്പര്യം തോന്നിയില്ല. അപ്പു തന്നെ ശ്രദ്ധക്കുന്നില്ല എന്നവൾക്ക് മനസ്സിലായി. ഒരുദിവസം സിസ്റ്റർമാരില്ലെന്ന് മനസ്സിലായിട്ടും ബന്ദി പുല്ലുമലയിലേക്കു പോയി ഡാനിയേലച്ചനെക്കാണാൻ. തന്റെ ആത്മകഥ പറഞ്ഞു ബന്ദിയെ കണ്ണീരണിയിച്ച അച്ചൻ അവളെ പ്രാപിച്ചു. കടും നീലയിൽ പൊതിഞ്ഞുവച്ച അവളുടെ നവയൗവ്വനമായിരുന്നു അയാൾക്കാവശ്യം. അടുത്ത് മഴപെയ്യുന്ന ദിവസം താൻ തിരിച്ചുവരുമെന്ന് ഡാനിയേലച്ചൻ പറഞ്ഞിരുന്നു. കുറേദിവസം കഴിഞ്ഞ് ജീപ്പിൽ വന്നിറങ്ങിയ കന്യാസ്ത്രീകളാണ് അച്ചൻ ഇനി ഇങ്ങോട്ട് വരില്ലെന്ന കാര്യം പറഞ്ഞത്. രാത്രി കഞ്ഞികുടി കഴിഞ്ഞുനോക്കുമ്പോൾ ഇറയത്തിരിക്കുന്ന ബന്ദിയെ അനന്തൻ കണ്ടു. അകത്തെ ബെഞ്ചിൽ പോയിക്കിടന്നോളാൻ അയാൾ പറഞ്ഞതാണ്. രാവിലെ ഉറങ്ങി ഉണർന്നപ്പോൾ അവളെ കണ്ടില്ല. കാളിന്ദിയുടെ കയത്തിലേക്കുള്ള വഴിയിൽ ഒരു നീലത്തൂവാല കിടക്കുന്നു. ബന്ദി കാളിന്ദിയിൽ ചാടി ആത്മഹത്യ ചെയ്തുകഴിഞ്ഞിരുന്നു.

**4.4.5.വിലാപം**

**4.4.5.1. മാളുണ്ണി**

മാളുണ്ണിയുടെ ചെറുപ്പത്തിലേ അച്ഛൻ നാടുവിട്ടതാണ്. അമ്മ രോഗം ബാധിച്ച് മരിച്ചു. നാലകത്തിലെ വൈദ്യർ അവളുടെ മുത്തശ്ശനാണ്. ബ്രിട്ടീഷ് ഉദ്യോഗസ്ഥനാണ് വലിയമ്മാവൻ. ദേശീയവാദിയാണ് ചെറിയമ്മാവനായ ഗംഗാധരൻ. മാളുണ്ണിയെ പട്ടണത്തിലെ പെൺപള്ളിക്കൂടത്തിലേക്കയച്ച് പഠിപ്പിച്ചാലോ എന്ന് മുത്തശ്ശൻ ആലോചിച്ചതാണ്. അത്ര വലിയ പഠിപ്പൊന്നും അവൾക്ക് വേണ്ടെന്ന് മുത്തശ്ശി വിലക്കി. പഠിക്കണമെന്നും അടുപ്പിൻ ചോട്ടിൽ ഇരിക്കാതെ ഉദ്യോഗത്തിന് പോകണമെന്നും മാളുണ്ണിക്ക് മോഹമുണ്ടായിരുന്നു. മദാമ്മയുടെ അടുത്ത് ഇംഗ്ലീഷ് പഠിപ്പിക്കുന്നതനോട് മുത്തശ്ശിക്ക് യോജിപ്പില്ല. ലഹളക്കാലത്ത് പട്ടണത്തിലെ വലിയമ്മാവന്റെ വീട്ടിലാണ് അവൾ കഴിഞ്ഞത്. വലിയമ്മാവന്റെ വീട്ടിലെ സപ്പർ സന്ധ്യകളിൽ അമ്മായി കതകടച്ചിരിക്കുന്നത് അവൾ ശ്രദ്ധിച്ചു. മുത്തശ്ശൻ മാളുണ്ണിയെ അഷ്ടാംഗഹൃദയം പഠിപ്പിക്കാൻ ശ്രമിച്ചു. വലിയൊരു ബിസിനസ്സുകാരന് വിവാഹം കഴിച്ചുകൊടുത്തതോടെ നാടുവിട്ട് ബോംബെയിലെത്തിയതാണ് മാളുണ്ണി. ഏത് ചുറ്റുപാടിനോടും പൊരുത്തപ്പെടാൻ അവൾ പഠിച്ചു. ബോംബെയിൽനിന്ന് മാളുണ്ണിയും പഴയ കൂട്ടുകാരൻ മാനുവും സ്വന്തം ഗ്രാമത്തിലെത്തുന്നു. പഴയ കാലത്തെ അവർ ഓർത്തെടുക്കാൻ ശ്രമിക്കുന്നു. കുട്ടിക്കാലത്ത് തന്റെ ഉടലിനെക്കുറിച്ചുള്ള അപ

കർഷതയിലായിരുന്നു അവൾ. കൂട്ടുകാരി ആമിനയാകട്ടെ വേഗം വളർന്നു. വലിയ പെണ്ണായ ആമിനയ്ക്ക് പുറത്തിറങ്ങാൻ വിലക്കായതോടെ മാളുണ്ണി ഒറ്റപ്പെട്ടു. തനിക്കും മറ്റുള്ള വർക്കും തമ്മിലൊരു വേലിയുണ്ടെന്ന് അവൾക്ക് തോന്നി. തന്റെ ഉടൽ ചെറുതാണ്. ഇപ്പോൾ പാവാടക്കാരിയാണ്. താനെന്നാണ് വളർന്ന് യുവതിയാവുക ഗ്ലാഡിസ് മിസിയെപ്പോലെ എന്നവൾ ചിന്തിക്കുന്നു.

മാളുണ്ണിക്ക് ഗ്ലാഡിസ് മിസിയോട് വളരെ താല്പര്യമായിരുന്നു. അവൾ കണ്ണാടിയിൽ നോക്കുകയും തന്റെ ശരീരത്തെയും അവയവങ്ങളെയും അപകർഷതയോടെ കാണുകയും ചെയ്യുന്നു. ആമിന മക്കന ധരിക്കുന്നു. വലിയ പെണ്ണായതിന്റെ ഗമ. കറുത്ത കോട്ടുകാരെ പോലൊരു ആളെ കിനാവ് കാണാറുണ്ടത്രെ അവൾ. മാളുണ്ണി അവളുടെ മെലിഞ്ഞുണ ങ്ങിയ ചുള്ളിക്കമ്പുകളിലേക്കും നിറപ്പായ മാറിടത്തിലേക്കും നോക്കി (1998a:64).

എഴുത്തും വായനയും പഠിക്കുന്നതിനെപ്പറ്റി ഇരുവരും സംസാരിക്കുന്നു. ആര്യെയ്ത്ത് പഠിക്കാൻ പാടില്ലെന്ന് ആമിന. മാളുണ്ണി ഇന്ദുലേഖ വായിക്കുന്നു. മാധവനും ഇന്ദുലേ ഖയും തമ്മിലുള്ള പ്രണയത്തെപ്പറ്റി ആമിനയോട് പറയുന്നു. കല്യാണം കഴിക്കുന്നതിന് മുമ്പുള്ള പ്രേമത്തെപ്പറ്റി ആമിനക്ക് ചിന്തിക്കാൻ വയ്യ. ആണിനെ തൊടാൻ സമ്മതിക്കാതി രുന്നാൽ മതിയെന്ന് മാളുണ്ണി പറയുന്നു. ഗ്ലാഡിസ് മിസിയും വലിയമ്മാവനും തമ്മിലുള്ള ബന്ധം ഏതു തരത്തിലുള്ളതാണെന്ന് അവൾക്ക് മനസ്സിലായില്ല.

ആമിനയുടെ പുതിയ അറിവുകളിൽ മാളുണ്ണി അസൂയപ്പെട്ടു. വലിയമ്മായിയോട് മുത്ത ശ്ശിക്ക് വെറുപ്പും അസൂയയും ഉണ്ടെന്ന് മാളുണ്ണി ചിന്തിക്കുന്നു. കൂട്ടിതൊട്ടുതിന്നുന്ന ദിക്കാണ് അവരുടെ നാടെന്നാണ് മുത്തശ്ശി പറയുക. ഇംഗ്ലീഷ് സംസ്കാരത്തോട് വെറുപ്പും സ്വന്തം സംസ്കാരത്തോട് പ്രിയവും ആണ് അവർക്ക്. എന്നാൽ വലിയമ്മാവന്റെ സംസ്കാ രത്തെ മാളുണ്ണി വിലമതിച്ചു.

കാളിന്ദിയാറ്റിലൂടെ പട്ടണത്തിലെ അമ്മാവന്റെ വീട്ടിലേക്ക് മുത്തശ്ശനോടൊത്ത് യാത്ര ചെയ്യുമ്പോൾ അമ്മയെ മൂടിപ്പുതപ്പിച്ച് ആശുപത്രിയിലേക്ക് കൊണ്ടുപോയ ഓർമ്മ മാളു ണ്ണിയിലുണ്ടായി. ''നല്ലോണം പഠിച്ചോളണട്ട്വോ. എഴുത്തു പഠിക്കുന്നതിന്റെ ഗുണം മറ്റൊ ന്നുകൊണ്ടും കിട്ടില്ല''. (1998a:80) എന്നത് അയ്യപ്പന്റെ ഉപദേശമാണ്.

അമ്മായിയുടെ കുലച്ച ചെന്തെങ്കിൻതൈ പോലുള്ള സൗന്ദര്യവും സ്നേഹത്തോടെ യുള്ള പെരുമാറ്റവും മാളുണ്ണിയെ ആകർഷിച്ചു. സപ്പർരാവുകളിൽ അവർ വാതിലടച്ച് അക ത്തിരിക്കും. അന്ന് ഗ്ലാഡിസ് മിസിയുടെ ദിവസമാണ്. സുന്ദരിയും ബുദ്ധിമതിയുമായിട്ടും മദാമ്മയുടെ മുഖത്തെ അടിമഭാവം അവളെ വെറുപ്പിച്ചു. പണമുണ്ടാക്കി നാട്ടിൽ പോകാ നാണ് അവരുടെ പ്ലാൻ. ഗംഗമ്മാവനെക്കുറിച്ച് മദാമ്മക്ക് നല്ല അഭിപ്രായമാണ്. മാളുണ്ണി പട്ടണത്തിൽ പഠിക്കാൻ പോയി. ഇംഗ്ലീഷ് പഠിച്ചു. ബാറ്റ്മിന്റൻ പഠിച്ചു. ചിത്രത്തയ്യൽ

ചെയ്തു. കലാപം ബാധിച്ച ഗ്രാമത്തിന്റെ ഓർമ്മകളിലാണ് മാളുണ്ണി. നിലവറക്കുണ്ടിൽ മൂന്നുപേരും ഒളിച്ചിരുന്നു. മാപ്പിളമാരെല്ലാം കവർന്നുകൊണ്ടുപോയി. നിരവധിപ്പേരെ മതം മാറ്റി. ആളുകൾ നാടുവിട്ട് പാഞ്ഞു. ആളൊഴിഞ്ഞ ഇല്ലങ്ങളിലേക്ക് പട്ടാളം മാർച്ച് ചെയ്തു. എങ്ങോ കിരീടം തെറിച്ചുപോയ ഒരു സുൽത്താന്റെ പേരിൽ.

കലാപങ്ങൾക്ക് സാക്ഷിയായിരുന്ന മാളു രാത്രി ഖിലാഫത്തുകാർ ഗ്ലാഡിസ് മിസിയെ കൊല്ലുന്നതിനും സാക്ഷിയായി. മരണത്തിന്റെയും ജീവന്റേയും ശബ്ദങ്ങൾ വേർതിരിച്ചെടുക്കാനാവാതെയാണ് മാളുണ്ണിനിന്നത്.

ഗ്ലാഡിസ് മിസി നല്ല സ്ത്രീയായിരുന്നുവെന്ന് മാളുണ്ണിക്ക് അറിയാം. കണ്ണീരു കണ്ടാൽ കരയരുതെന്ന് പറയും. ഒരു പൊട്ടിച്ചിരിയിൽ ഇരുട്ടകറ്റും. വെളുത്ത തൊലിക്കകത്തെ നെഞ്ചിൻകൂട്ടിൽ ഭദ്രമായി സൂക്ഷിക്കുന്ന ഒരു ഹൃദയം അവർക്കുണ്ട്. പിറന്ന ഗ്രാമം മക്കളിൽ പാതിയും വധിക്കപ്പെട്ട ശാപഗ്രസ്തമായ ഒരു തകർന്ന തറവാടായി മാറുകയാണെന്ന് മാളുണ്ണി ഭയന്നു.(1998a:121)

ലഹളക്കാർ നാലകത്ത് തറവാട്ടിലെത്തിയപ്പോൾ കാദറുണ്ണിയാണവരെ പറഞ്ഞുവിട്ടത്. നാട്ടുപട്ടാളവും വെള്ളപ്പട്ടാളവും കാളിയാറിന്റെ തീരത്തു വേട്ടയാടി നടന്ന നാളുകൾ മാളുണ്ണിയുടെ ഓർമ്മയിലുണ്ട്. കാദരുണ്ണിയുടെ മരണവും അവൾ മുഖാമുഖം കണ്ടു. കടത്തുതോണിയിൽ പുതപ്പിച്ചുകിടത്തിയ ഭഗ്ന ശരീരത്തിനുമുമ്പിൽ രുഗ്മിണി കോവിലമ്മ അനക്കമറ്റ് ഇരുന്നതും അയ്യപ്പൻ ഭ്രാന്തനായതും അവൾ കണ്ടു.

മഞ്ഞപ്പട്ടാളത്തിന്റെ വേട്ട വീണ്ടും ആരംഭിച്ചപ്പോൾ മാനു നാടുവിട്ടു. അപ്പോഴാണ് മാളുണ്ണി തീർത്തും ഒറ്റപ്പെട്ടത്. 'എന്റെ സ്വാതന്ത്ര്യങ്ങളെല്ലാം കൈവിട്ടു പോകുന്നല്ലോ' (1998a:183). അനവസരത്തിൽ വന്നുകയറിയ യൗവ്വനത്തെ അവൾ ശപിച്ചു.

നാടുവിട്ടുപോയ അച്ഛൻ കാലങ്ങൾക്കുശേഷം തിരിച്ചുവന്നു. അമ്മ മരിച്ചപ്പോഴും എത്താതിരുന്ന അച്ഛൻ. അച്ഛന്റെ രൂപം മാളുണ്ണിക്ക്. ഒരു കട്ടയിരുട്ടും അതിന്റെ തലപ്പത്ത് ജ്വലിക്കുന്നത് ജാപ്പാണം ചുരുട്ടുമായിരുന്നു. അച്ഛനെ എനിക്ക് വേണ്ട, അച്ഛനെ ഞാൻ അറിയുകയേയില്ല എന്നവൾ നിലവിളിക്കുന്നു.'

ഒരു പെൺകുട്ടിയുടെ വാക്കുകൾക്ക് കണ്ണീരാനോ യാതൊരു വിലയുമില്ലെന്നവളറിഞ്ഞു. പെൺകുട്ടി കുടുംബത്തിന്റെ മനശ്ശാന്തി കെടുത്തുന്നു. അവൾ സദാ നിരവധി കണ്ണുകളുടെ തടങ്കലിലാണ്. അല്ലെങ്കിൽ രുഗ്മിണി കോവിലമ്മയാകണം. സ്വാതന്ത്ര്യം ഇച്ഛിക്കണം. അവർക്ക് ആരെയും ഭയമില്ല. തനിക്കിവിടം വിട്ടുപോകണമെന്ന് അന്നാണ് മാളുണ്ണി തീർച്ചയാക്കിയത്. (1998a:186)

ഭൂമി തരിശിടുന്നതും പെൺകുട്ടികളെ കല്യാണം കഴിച്ചു കൊടുക്കാതിരിക്കുന്നതിനും അധർമ്മമാണെന്ന് പണ്ടുള്ളവർ പറഞ്ഞിട്ടുണ്ട് എന്ന് മുത്തശ്ശൻ (1998a:187). അതു കേട്ട

പ്പോൾ മാളുണ്ണിക്ക് അരിശം വരുന്നു. എന്നുമുതലാണ് താൻ തറവാട്ടിൽ അധികപ്പറ്റായത്. പുഴക്കരയുടെ നിലാവത്ത് മുത്തശ്ശൻ നടക്കുമ്പോൾ കൂടെ നടക്കാൻ മോഹമുണ്ടായിരുന്നു. അയ്യപ്പൻ തടഞ്ഞു. 'നടന്നൂടാ, നട്ടപ്പാതിരായ്ക്ക് പെൺകുട്ടികൾ നിലാവത്തിറങ്ങി നടന്നൂടാ' (1998a:188). എനിക്ക് വലുതാവണ്ട, എനിക്ക് മാളുവിന്റൊപ്പം കളിച്ചു നടക്കണം. ആമിനയേടൊപ്പം കൊത്താങ്കല്ലാടണം എന്നവൾ കൊതിക്കുന്നു. ആമിന നിക്കാഹ് കഴിഞ്ഞ് അക്കരെ പോയത് മാളുണ്ണിയെ ജീവിതത്തെ വർണ്ണരഹിതമാക്കി. തന്റേതും തന്റേതല്ലാത്തതുമായ ലോകങ്ങൾക്കിടയിലുള്ള അതിർവരമ്പ് എവിടെയാണ്. നടന്നു തുടങ്ങുമ്പോൾ പെട്ടെന്നവസാനിക്കുന്ന വഴികളാണ് തന്റേതെന്ന് അവൾക്കുതോന്നി. എവിടെയും എത്താത്തൊരു പാതയിലെ അനാഥയായി അവൾ തന്നെ അനിശ്ചിതത്വത്തിലേക്ക് തള്ളിയിട്ടവരോടെല്ലാം വെറുപ്പു തോന്നി.

'വേണ്ട ഒരു പെൺകുട്ടിയായി എനിക്ക് ജീവിക്കണ്ട. ആണെങ്കിൽത്തന്നെ ഗ്ലാഡിസ് മിസിയെപ്പോലെ ഒറ്റയ്ക്ക സഞ്ചരിക്കാൻ കഴിയണം. നാലു മനുഷ്യരെക്കാണണം. പുതിയ ആകാശങ്ങളിലെത്തണം.'(1998a:191)

മാളുണ്ണി മദ്രാസിക്ക് പോകുന്നു. മുത്തശ്ശൻ മരിച്ചിട്ടും വരാനായില്ല. മുത്തശ്ശി ഒറ്റപ്പെട്ടു. മുഹമ്മദ് മുസ്ലിയാരെ തൂക്കിക്കൊന്നു. അദ്രുമാൻഹാജിയെ നാടുകടത്തി. ആമിന അനാഥയായി. ഭ്രാന്തായതുകൊണ്ട് അയ്യപ്പൻ മരിച്ചില്ല. നാട്ടിലെ മണ്ണും പിറന്ന വീടും വിറ്റ് രാത്രിതന്നെ മാളുണ്ണി വണ്ടി കയറി. നാലകത്തുവീട് ഇബ്രാഹിം വിലയ്ക്ക് വാങ്ങി

#### 4.4.5.2. ആമിന

ഇസ്ലാമിക വിപ്ലവത്തിൽ വിശ്വസിക്കുന്ന മുഹമ്മദ് മുസ്ലിയാരുടെ ഒരേയൊരു മകളാണ് ആമിന. മതിമറന്ന് കളിക്കാനും ചിരിക്കാനുമുള്ള കുട്ടിക്കാലം ആമിനക്ക് കിട്ടിയില്ല. അവളുടെ ശരീരം വേഗം വളർന്നു. വളർന്ന പെണ്ണ് പുറത്തിറങ്ങിക്കൂടെന്ന് വിലക്കിൽ അവളുടെ ബാല്യം ഭയന്നു. പുരുഷനെക്കുറിച്ചും പുതിയാപ്ലയെക്കുറിച്ചുമുള്ള കനവുകളിലേക്കവൾ വളരെ വേഗം വളർന്നു. ഒരിക്കൽ രാത്രി പള്ളിയിലേക്ക് പോയിവന്ന ബാപ്പയുടെകൂടെ ഒരു കറുത്ത കൂട്ടുകാരനെ ആമിന കണ്ടു. അയാൾക്ക് വീതിയേറിയ പച്ചബെൽറ്റും കോലുറയിൽ കഠാരകത്തിയും ഉണ്ടായിരുന്നത് അവൾ ശ്രദ്ധിച്ചു. അത്താഴത്തിന് ഒരാൾകൂടി ഉണ്ടെന്ന് ബാപ്പ പറയുന്നതുകേട്ട് അവൾ അണിഞ്ഞൊരുങ്ങുന്നു. ബാപ്പ ഗ്രാമങ്ങളിൽചെന്ന് മതപ്രസംഗം നടത്തുമായിരുന്നു. മാളുണ്ണിയോടൊപ്പം കളിച്ചുനടക്കാനുള്ള സ്വാതന്ത്ര്യം അങ്ങനെയാണ് ആമിനയ്ക്ക് വീണുകിട്ടിയത്. എഴുത്തും വായനും പഠിക്കാനവൾക്ക് അവസരം കിട്ടിയില്ല. ആര്യയ്ത്ത് പഠിക്കാൻ പാടില്ലെന്നാണ് അവളുടെ പക്ഷം. മാധവനും ഇന്ദുലേഖയും തമ്മിലുള്ള പ്രേമത്തെക്കുറിച്ച് മാളുണ്ണി ആമിനയോട് പറയുന്നുണ്ട്. കല്യാണത്തിന് മുമ്പുള്ള പ്രേമം അവൾക്ക് സങ്കല്പിക്കാനേ ആയില്ല. മുഹമ്മദ് മുസ്ലിയാർക്ക് ഖിലാഫത്തിൽ താല്പര്യം ഇല്ലായിരുന്നു. പച്ച ബെൽറ്റുക്കാരനും മാളുണ്ണിയുടെ ചെറിയ

മ്മാവനും നിർബന്ധിച്ചതാണ്. പച്ച ബെൽറ്റുകാരനായ അദ്രുമാൻഹാജി ആമിനയെ നിക്കാഹ് ചെയ്തു. പിറന്ന വീട്ടിൽനിന്നുള്ള പെണ്ണിന്റെ പറിച്ചുനടൽ ആമിനയ്ക്കും മുസ്ലിയാർക്കും ഒരുപോലെ വേദനയായി. ദാമ്പത്യത്തിന്റെ അറയിൽ ഏകാന്തതയിൽ ആമിന കുടുങ്ങി. അവളെ തടവിലാക്കി അദ്രുമാൻ ഹാജി എങ്ങോ പോയി. പുതിയാപ്ലയുടെ പെരുമാറ്റങ്ങളിലും ചിട്ടകളിലും ഒരു വെല്ലുവിളിയുടെ കൃത്യതയും പൂർണ്ണതയും അവൾ കണ്ടു. 'നഗാറയുടെ നിലവിളികൾ ആമിനയുടെ രാവുകളെ അസ്വസ്ഥമാക്കി. അദ്രുമാൻഹാജിയുടെ ആലിംഗനത്തിൽ അവളുടെ കവിളിന്റെ കുമ്പിളിൽ ഒതുക്കി പിടിച്ചിരുന്ന ബാല്യകാല കുസുമങ്ങൾ ചതഞ്ഞുപോയി. കെട്ടിയവന്റെ പുരുഷഗന്ധം മുറിയിൽ മുറ്റിനിന്നു. അതു തന്റെ പുതുജീവിതത്തിന്റെ ഗന്ധമാണെന്ന് അംഗീകരിക്കാൻ അവളുടെ മനസ്സ് കൂട്ടാക്കിയില്ല. അടച്ചുപൂട്ടിയ വീട്ടിനകത്ത് താനൊരു തടവുപ്പുള്ളിയാണ്.' (1998a:109)

ഹാലിളകിയ തന്റെ ഉണ്ണിക്ക ജിഹാദ് വിളിച്ച് മാളുണ്ണിയെയും മാനുവിനെയും കൊല്ലാൻ വരുന്നതായി ആമിന സ്വപ്നം കണ്ടു. രുഗ്മിണി കോവിലമ്മ ഗ്രാമത്തിൽ അലഞ്ഞു നടക്കുന്ന കഥ അദ്രുമാൻഹാജി ആമിനയോട് പറയുന്നുണ്ട്. 'പെണ്ണായാൽ ഭാഗ്യം വേണം നിന്നെപ്പോലെ. ഈ നാട്ടിലിപ്പോൾ ഏത് പെണ്ണിനാ ഭയംകൂടാതെ ഒരു രാവ് ഉറങ്ങാൻ കഴിയുന്നത് (1998a:111)'എന്ന് അദ്രുമാൻ ഹാജി ആമിനയോടു പറയുന്നു.

ഗ്രാമത്തിലെ കുഴപ്പങ്ങൾ അടങ്ങിയപ്പോൾ നാട്ടിൽ പോകാൻ തോന്നി ആമിനക്ക്. മാളുണ്ണിയെ കണ്ടു. മുത്തശ്ശി ആമിനക്ക് നറുവെണ്ണയും ഉപദേശങ്ങളും കൊടുത്തു. നാലകത്തെ അറകളിൽനിന്ന് താൻ അന്യയായോ എന്ന് വേദനയോടെയാണ് അവൾ തിരിച്ചുപോന്നത്.

മുഹമ്മദ്മുസ്ലിയാർക്ക് ഗ്രാമവും മദ്രസ്സയും കുട്ടികളുമൊക്കെയായിരുന്നു സ്വർഗ്ഗം. ആമിന അവർക്കിടയിൽ ഒരാൾ. അവൾ മുതിർന്നതും കെട്ടിച്ചുകൊടുത്തതും അയാളെ സംബന്ധിച്ച് യാദൃശ്ചിക സംഭവം മാത്രം. ഭാര്യമാരെ മൊഴി ചൊല്ലി. വീടും നാടും വിട്ട് ആത്മത്യാഗത്തിന് (ഖിലാഫത്തിന്)വന്നിരിക്കുകയാണ് പുരുഷഗണങ്ങൾ. മാപ്പിളപട്ടാളം പെണ്ണുങ്ങളെ ആക്രമിക്കില്ല, കൊള്ളയടിക്കില്ല, ഇസ്ലാമിന്റെ മാനം രക്ഷിക്കാനാണ് ഈ ലഹള. എന്ന് അദ്രുമാൻ ഹാജി പറയുന്നുണ്ടെങ്കിലും പുതിയാപ്ലയുടെ വാക്കുകൾ ആമിനയുടെ ആശങ്ക നീക്കിയില്ല. കോൺഗ്രസ്സിനെയും ഖിലാഫത്തിനെയും അമർച്ച ചെയ്യാനെത്തിയ പട്ടാളം പെണ്ണുപിടിയന്മാരെന്ന് ആമിന മനസ്സിലാക്കുന്നു.

അരയിൽ നീണ്ട വാളും കൈയിൽ കുന്തവും തുർക്കിത്തൊപ്പിയുമായി വന്ന അദ്രുമാൻ ഹാജിയെ കണ്ടപ്പോൾ ആമിന ബോധം കെട്ടുവീണു. അവൾ തീർത്തും അശരണയും അനാഥയും ആയിത്തീർന്ന സന്ദർഭമായിരുന്നു അത്. ദാമ്പത്ത്യത്തിന്റെ മെത്തയിൽ പുത്യാപ്ല അവൾക്കന്യനായിരുന്നു. തന്റെ ബാപ്പയുടെ അതിലോലവും സാത്വികവുമായ മനസ്സിന്റെ നേർ എതിരാണ് കെട്ടിയവന്റെ ഉള്ളെന്ന് അവളറിഞ്ഞു.

അത്താഴം കഴിക്കാതെ അദ്രുമാൻ ഹാജി പുറത്തിറങ്ങിയപ്പോൾ ഹൃദയത്തിനകത്ത് ഒരു വാതിൽ എന്നേന്നേക്കുമായി അടയുന്നതായി അവൾക്കുതോന്നി(1998a:145).

ബാപ്പയും യുദ്ധക്കളത്തിന്റെ നടുവിലേക്ക് പോകാനുറച്ചപ്പോൾ ആമിന മുള ചീന്തും പോലെ കരഞ്ഞു. ഗർഭിണിയായ ആമിനയെക്കാണാൻ മാളുണ്ണിയും മുത്തശ്ശിയും എത്തുന്നു. ആമിനയുടെ ദയനീയ രൂപംകണ്ട് മാളുണ്ണിക്ക് അലിവുതോന്നി. 'വഴിയോരത്ത് പൂത്തുനിന്ന വെള്ളിലവള്ളി അകത്ത് വാടിക്കിടക്കുന്നു' (1998a:149) ആമിനയുടെ ദുഃഖഭാരം മാളുണ്ണിയുടെ ഹൃദയത്തിലമർന്നു. ഖിലാഫത്തിൽചേർന്ന് ഹാലിളകിയ അദ്രുമാൻഹാജി ബാപ്പുട്ടി ഹാജിയെ വെട്ടിക്കൊന്ന് ശിരസ്സ് കുന്തത്തിൽ കോർത്ത് പൂർണ്ണ ഗർഭിണിയായ ആമിനയുടെ മുമ്പിലെത്തുന്നു. 'ബാപ്പുട്ടിഹാജിയുടെ വിസ്മയഭരിതമായിരുന്ന നോട്ടം ശാപഗ്രസ്തമായി മാറുന്നതും അതു തന്റെ പൂർണഗർഭത്തിനുമേൽ തറഞ്ഞുനിൽക്കുന്നതുമറിഞ്ഞ് അവൾ മെല്ലെ കാലുകൾ പുറകോട്ടു വലിച്ചെടുത്തു.' (1998a:153)

'ബരണ്ട പുറത്തേക്ക് ബരണ്ട. ഈ ദുനിയാവു നിറച്ചും പിശാചുകളാണ്. അവിടത്തെന്നെകെടക്ക്' (1998a:153) എന്ന് പുതിയ ജീവന്റെ വരവിനെ അവൾ നിരുത്സാഹപ്പെടുത്തുന്നു. രണ്ടു ദിവസത്തേക്ക് ആമിന കതകുകൾ തുറന്നില്ല. അന്നപാനം ചെയ്തില്ല.

മുഹമ്മദ് മുസ്ല്യാരെ തൂക്കിക്കൊല്ലുകയും അദ്രുമാൻ ഹാജിയെ നാടുകടത്തുകയും ചെയ്തപ്പോൾ ആമിന അനാഥയായി. കുഞ്ഞിനെയുമെടുത്ത് ആമിന കണ്ട വണ്ടിയിൽ കയറി. എങ്ങോട്ടെന്നില്ലാതെ യാത്രയായി. അപരിചിതരായ ആൾക്കാരോടൊപ്പം പോകുമ്പോൾ ഇനിയെന്തെന്ന് അവൾ ചിന്തിച്ചില്ല. കുട്ടിക്കാലത്ത് തൊട്ടാവാടിയായിരുന്ന അവൾ കരഞ്ഞതേയില്ല. അവളുടെ കവിളുകൾ വിളറിവെളുത്തു. കണ്ണുകൾ രണ്ടു നേർത്ത വരകളായി. തകര കഷ്ണത്തിൽ ചുട്ടെടുത്ത ചപ്പാത്തിതിന്ന് അവളുടെ കുഞ്ഞു വളർന്നു.

#### 4.4.5.4. രുഗ്മിണികോവിലമ്മ

മരണം കാത്തിരിക്കുന്ന വയസ്സൻ തമ്പുരാന്റെ സഹധർമ്മിണിയായിരുന്നു രുഗ്മിണിക്കോവിലമ്മ. കൊട്ടാരക്കെട്ടിൽനിന്ന സ്വയം ഭ്രഷ്ടയായി കടത്തുപുരയിൽ കഴിയുകയാണവർ. കാളിയാറിൽനിന്ന് കാദരുണ്ണിയാണവരെ രക്ഷിച്ചത്. ഗ്രാമസ്ത്രീകൾക്കവർ കോലോത്തമ്മയായി മാറി. ആരേയും ഒന്നിനേയും കാലത്തെപോലും ഭയപ്പെടാത്തൊരു സ്ത്രീ. കാവിൽ ദേവിയുടെ മണ്ഡപത്തിൽ ചിലപ്പോൾ കിടക്കും. ഉപേക്ഷിച്ചുപ്പോന്ന ജീവിതത്തിലേക്ക് തിരിച്ചുപോകാനാവർ ആഗ്രഹിച്ചില്ല. കോലോത്ത് ശീലിച്ചതൊന്നും താനിനി തൊടില്ലെന്ന് കോവിലമ്മ. കൊട്ടാരം നരകമാണ്. നാടുനീളെ കുളിച്ചുതൊഴാൻ പോകുന്ന തമ്പുരാനെക്കാത്ത് ആ നരകത്തിൽ ജീവിക്കാനാവില്ല. മുജ്ജന്മ പാപം തീർക്കാനാണ് താനീ കടത്തുപുരയിൽ ജീവിക്കുന്നത് എന്നവർ പറയുന്നുണ്ട്.

ഗ്രാമത്തിന്റെ ദേവതാരൂപമായി അവർ ഗ്രാമത്തിൽ അലഞ്ഞുനടന്നു. സ്വർഗ്ഗത്തിൽ

നിന്നിറങ്ങിവന്ന ഹുറിയാണെവരെന്ന് തോന്നും. പ്രകൃതിയുടെ ഒരു ഭാഗമായി ഗ്രാമീണർ തമ്പുരാട്ടിയെ അംഗീകരിച്ചു.

മാളുണ്ണിയുടെ കുട്ടിക്കാലത്ത് അവർ നിറയെ കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. കുട്ടികളെ സ്നേഹിക്കുന്ന ദുഷ്ടന്മാരെ നിഗ്രഹിക്കുന്ന ദേവിയുടെ കഥ. കുട്ടിക്കാലത്തവർ സർപ്പക്കാവിൽ പാലും നൂറും നേദിക്കാറുണ്ടായിരുന്നു. സർപ്പക്കാവിൽ ഉറഞ്ഞുതുള്ളുന്ന പെൺകുട്ടികളെ നാഗങ്ങൾ ആവേശിക്കും.

വൃദ്ധനായ അവരുടെ ഭർത്താവിന് വാലായ്മ പോലൊരു ഭരണഭാരം കൂടിയുണ്ടായിരുന്നു. ഭരണത്തിനും മരണത്തിനുമിടയിലെ നൂൽപ്പാലത്തിന് ബലം കൂട്ടാനാണ് അമ്പലങ്ങൾതോറും അയാൾ കുളിച്ചുതൊഴുതു നടന്നത്. 'മറ്റൊന്നും എനിക്ക് വേണ്ടായിരുന്നു. ഒരു കുഞ്ഞ്. എന്റെ ഒരു കുഞ്ഞ്. കോവിലകത്തെ അറകളിലെ അനപത്യദുഃഖത്തേക്കാൾ നല്ലത് ഗ്രാമവീഥികളിലെ ഈ ജീവിതം. കാവുകളിലെ അന്തിയുറക്കം'(1998a:135)

തനിക്ക് ഒരു ഉണ്ണിയെത്തരാൻ കഴിവില്ലാത്ത വൃദ്ധ ഭർത്താവ് അവളുടെ മുഖത്ത് നോക്കിയിരുന്നില്ല. ദുർബലമായ പുരുഷത്വം അവളുടെ മുമ്പിൽ കുഴഞ്ഞുവീണു. പിറക്കാത്ത കുഞ്ഞിനെ സ്വപ്നം കണ്ട് രുഗ്മിണിക്കോവിലമ്മ കയത്തിലേക്ക് കൂപ്പുകുത്തി (1998a:156).

അവർ തന്നെ ഒരഗ്നിപർവ്വതമാണ്. അപമാനത്തിന്റെ കയത്തിൽനിന്ന് ചുഴികളും മലരികളും വകഞ്ഞുമാറ്റി ഉയർത്തെഴുന്നേറ്റ ഒരുതീമല. (1998a:154)

രുഗ്മിണിക്കോവിലമ്മ ഒരിക്കലും ഗർഭവതി ആയില്ല. പ്രസവം എടുത്തിട്ടുമില്ല. ഒരു പിറവിയുടെ ആശ്വാസവും ആനന്ദവും തേടിയാണവർ ആമിനയുടെ അടുത്തെത്തിയത്. ആമിനയ്ക്ക് അവർ പേറ്റിച്ചിയാവുന്നു.

#### 4.4.6. ആഗ്നേയം

ആദർശവൽകൃതമായ മാതൃപുത്രബന്ധമാണ് ആഗ്നേയത്തിൽ ചിത്രീകരിക്കുന്നത്. മാതൃത്വത്തിന്റെ സ്ത്രൈണയാഥാർത്ഥ്യങ്ങൾക്കപ്പുറത്താണ് നങ്ങേമയുടെ നില. നോവലിൽ അവർ എല്ലാവരുടെയും അമ്മയാണ്. സഹനത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തി. ഇച്ഛാശക്തിയും തന്റേടവും അവരുടെ വാക്കിനും പ്രവൃത്തിയും മൂർച്ചയേറ്റുന്നു.

സ്ത്രീയുടെ പരമോന്നത ലക്ഷ്യവും സാഫല്യവുമായി മാതൃത്വം ആഗ്നേയത്തിൽ പ്രത്യക്ഷപ്പെടുന്നു. അമ്മ അവശയായതോടെ കുടുംബഭാരം ചുമക്കുകയും ഏടത്തിയുടെ മരണത്തോടെ അവരുടെ കുഞ്ഞിനെ സംരക്ഷിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം നങ്ങേമ ഏറ്റെടുക്കുന്നു. വയനാട്ടിലെത്തി അഞ്ചു വർഷത്തിനുശേഷം നങ്ങേമ ഒമ്പത് ഏകർ ഇരുപ്പൂനിലത്തിനുടമയായി. കടമില്ലാത്ത ഒരേയൊരു ജന്മിയായിമാറി നങ്ങേമ.

കൃഷി ചെയ്യാനും കച്ചവടം ചെയ്യാനും നങ്ങേമ മടിച്ചില്ല. കൃഷിയിറക്കാൻ മറ്റു പലരുടേയും സഹായം തേടിയപ്പോൾ ഏടത്തിയുടെ ഭർത്താവ് നീരസപ്പെട്ടു. ഒറ്റക്ക് നടക്കരുതെന്ന് രാഘവൻനായർ താക്കീതു ചെയ്തപ്പോൾ ഞാനെന്നും തനിച്ചല്ലേ എന്നായിരുന്നു മറുപടി. ചെറുപ്പത്തിലെ വിധവയായി അവർ. അപ്പുവും അമ്മുവും കുട്ടികളായിരിക്കെയാണ് ഭർത്താവിന്റെ മരണം. അപ്പുവിന്റെ അച്ഛൻ നാടു നന്നാക്കാൻ നടന്നു. ദേഹം ശ്രദ്ധിച്ചില്ല. അങ്ങനെ മരിച്ചു. ഭർത്താവിനോടുള്ള ആദരവും ഭക്തിയുമാണ് നങ്ങേമയുടെ ശക്തി. (1998C:77)

മാപ്പിളലഹളക്കാലത്താണ് നമ്പൂതിരി കുടുംബങ്ങൾ വയനാട്ടിലേക്കും മറ്റിടങ്ങളിലേക്കും പലായനം ചെയ്തത്. വീടിനകത്തും പുറത്തുമുള്ള ജോലികൾ നങ്ങേമ സ്വയം ഏറ്റെടുത്ത് നടത്തുന്നു. കച്ചവടത്തിനും കൃഷിക്കും അവർ മടിച്ചില്ല. നോവലിലെ പുരുഷകഥാപാത്രങ്ങളെ കുറച്ചുവയ്ക്കുന്ന പ്രജ്ഞാദാർഢ്യം നങ്ങേമയിലുണ്ട്. പുരുഷനുമായി ബന്ധപ്പെടുത്തിയല്ലാതെയുള്ള ഒരു നിലനില്പിനായി അവർ ശ്രമിക്കുന്നുണ്ട്.

#### 4.4.6.2. വൈധവ്യം

വൈധവ്യം നങ്ങേമയെ തളർത്തിയില്ല. ജീവിതത്തിന്റെ കർതൃത്വം സ്വയം ഏറ്റെടുക്കുകയും ജാഗ്രതയോടെ മുന്നിട്ടിറങ്ങുകയുമാണവർ ചെയ്തത്. മറ്റൊരു വിവാഹത്തെക്കുറിച്ച് അവർ ചിന്തിക്കുന്നേയില്ല. പത്മനാഭമേനോൻ നങ്ങേമയോട് അടുപ്പം സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴെല്ലാം നങ്ങേമ അതിനെ അവഗണിക്കുന്നു. 'എന്റെ മക്കളെ നോക്കാൻ ഞാൻ മതി' (1998C:77) എന്നവർ പറയുന്നുണ്ട്. അമ്പലവട്ടത്തെ പുതുതായിവന്ന മാനേജരായിരുന്നു പത്മനാഭമേനോൻ. നങ്ങേമയുണ്ടാക്കുന്ന ചോറും കറികളുമെല്ലാം കുഞ്ഞപ്പുമേനോനെത്തിച്ചു. മേനോന്റെ പ്രശംസകളെ നങ്ങേമ ഗൗനിച്ചില്ല. മേനോന്റെ സഹായം തേടിയാണ് നങ്ങേമ കൃഷി ചെയ്യാനാരാംഭിച്ചതെങ്കിലും അയാളോട് വിധേയത്വം കാണിച്ചില്ല. മേനോന്റെ അതിരുവിട്ട പ്രവൃത്തികളെ വിമർശിക്കുകയും ചെയ്തു. കുഞ്ഞപ്പുവിനെ സൽക്കരിച്ചു വയറിളക്കവും ഛർദ്ദിയും പിടിപ്പെട്ടതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് മേനോനോട് നങ്ങേമ പൊറുത്തില്ല. അയാളോടവർ പൊട്ടിത്തെറിക്കുന്നുണ്ട്.

ഏടത്തിയുടെ ഭർത്താവിന്റെകൂടെ താമസിക്കാൻ നങ്ങേമ നഷ്ടപ്പെട്ടില്ല. ഏട്ടത്തിയുടെ മരണശേഷം കൊല്ലാമൂലയിലെ കൊച്ചുപ്പുൽപ്പുറകിലേക്ക്. അവർ താമസം മാറ്റി. ശിവൻകുട്ടിയുടെ സംരക്ഷണം സ്വയം ഏറ്റെടുത്തു.

'നങ്ങേമയ്ക്ക് നങ്ങേമേടെ വഴി. അതിടുങ്ങിയതാണ്. നങ്ങേമ ഏതു മൂക്കുപാലത്തിമ്മലും നടക്കാൻ ശീലിച്ചിട്ടുണ്ട്. അതോണ്ട് വീഴില്ല' (1998C:125). പത്മനാഭമേനോനോട് പറയുന്ന ഈ വാക്കുകൾ എല്ലാവരോടുമുള്ള താക്കീതാണ്. നങ്ങേമയോട് അടുക്കാനുള്ള അയാളുടെ ശ്രമങ്ങൾ പാഴിലാക്കുന്നതായിരുന്നു ഈ വാക്കുകൾ.

#### 4.4.6.3. അമ്മയും മകനും

തന്റെ മക്കളിൽ അപ്പുവിനോടുള്ള നങ്ങേമയുടോ സ്നേഹം ഭർത്താവിനോടുള്ള അവരുടെ ആദരവിന്റെ ഒരു ഭാഗമാണ്. ഭർത്താവിന്റെ പ്രതിരൂപമായി മകനെ അവർ കാണുന്നു. അപ്പുവിന്റെ താല്പര്യങ്ങൾക്കൊന്നും എതിർ നിൽക്കാനവർക്ക് കഴിഞ്ഞില്ല. അടിയാക്കുട്ടികളുടെകൂടെ പുഴക്കരയിലെ ഏകാധ്യാപക വിദ്യാലയത്തിലാണ് അപ്പുവിനെ ചേർത്തത്. അടിയാക്കുട്ടികളോടൊപ്പം പഠിച്ച അപ്പു അവരിലൊരാളായപ്പോൾ തകർച്ചയുടെ ലക്ഷണമായി നങ്ങേമ അതിനെ കണ്ടു. അപ്പുവിനെ പഠിപ്പിച്ചു വലിയൊരാളാക്കുന്നമെന്നാഗ്രഹിച്ചുവെങ്കിലും അവന്റെ വഴി വേറെയാണെന്നവർ വേദനയോടെ മനസ്സിലാക്കി. അപ്പു അച്ഛന്റെ വഴിയിലാണ്.

'അവൻ അച്ഛന്റെ മകനാണ്. പോലീസിന്റെ തല്ലുകൊണ്ട് എല്ലുവെള്ളവും മനസ്സു കല്ലുമാക്കപ്പെട്ട അച്ഛന്റെ മറ്റുള്ളവർക്കുവേണ്ടി സ്വന്തം എല്ലുകളെ പണയപ്പെടുത്തിയ അച്ഛന്റെ' (1998C:148) നാടു നന്നാക്കാൻ നടന്ന അച്ഛന്റെ പ്രതിരൂപമായാണ് മകനെ നങ്ങേമ കാണുന്നത്. ഭർത്താവിനെക്കുറിച്ചോർക്കുമ്പോഴുള്ള ആദരവുംകൊണ്ട് അപ്പുവിനെ അവർക്ക് പ്രതിരോധിക്കാനാവുന്നില്ല.

അപ്പുവിന്റെ കൂട്ടുകാർ എന്ന നിലയിലും നാടു നന്നാക്കാൻ നടന്ന ഭർത്താവിന്റെ വംശക്കാർ എന്ന നിലയിലുമായിരുന്നു നക്സലൈറ്റുകളായ ചെറുപ്പക്കാരോട് നങ്ങേമക്കുണ്ടായിരുന്ന താല്പര്യം. ചെറുപ്പക്കാരുടെ രാഷ്ട്രീയ ലക്ഷ്യത്തെക്കുറിച്ച് അവർ അജ്ഞയാണ്. വിശക്കുന്നവർക്ക് അന്നം കൊടുക്കുക എന്ന മനുഷ്യത്വപരമായ സമീപനമാണവരെടുത്തത്. കലാപകാരികളാണവരെന്ന് മറ്റെല്ലാവരും പറഞ്ഞപ്പോഴും അപ്പുവിന്റെ കൂട്ടുകാരാണ് എന്നതായിരുന്നു അവരുടെ ആശ്വാസം. ചെറുപ്പക്കാർ നങ്ങേമയെ 'അമ്മേ' എന്ന് വിളിച്ചു.

അമ്മുവിന് നാട്ടിൽ നിന്ന് വിവാഹാലോചന വന്നപ്പോഴാണ് നങ്ങേമ അവളെ ഓർമ്മിപ്പിക്കുന്നത്. കേശുവും കുഞ്ഞപ്പുവും വിവാഹകാര്യം നേരിട്ടുവന്നറിയിച്ചു. ഉദ്യോഗസ്ഥനായ, നാല്പതിനോടടുത്ത ഒരാൾക്ക് പഠിച്ചു കഴിയാത്ത അമ്മുവിനെ കെട്ടിച്ചു കൊടുക്കാനവർ തീരുമാനിച്ചു.

അപ്പുവിന്റെ കൂട്ടുകാർക്ക് ചോറുവെച്ചു വിളമ്പിക്കൊടുത്ത് അവരുടെ ഒളിവ് ജീവിതത്തിനും രാഷ്ട്രീയ പ്രവർത്തനത്തിനും നങ്ങേമ കൂട്ടുനിൽക്കുന്നുണ്ട്. എന്നാലിത് അവരുടെ രാഷ്ട്രീയബോധം കൊണ്ടായിരുന്നില്ല. ഭർത്താവിനോടുള്ള ആദരവ് മകനിലേക്കും കൂട്ടുകാരിലേക്ക് പരക്കുന്ന പ്രക്രിയമാത്രമായിരുന്നു. ഭൂതകാലത്തിന്റെ ഓർമ്മകളിൽ സ്വയം നഷ്ടപ്പെടുത്തുന്നില്ല നങ്ങേമ. അകാലത്തിൽ വിധവയാകേണ്ടി വന്നതിന്റെ ആത്മസംഘങ്ങളെ അവർ അതിജീവിക്കുന്നു. ജീവിതത്തെ കാല്പനികമായല്ലാതെ തിരിച്ചറിയു

കയും നേരിടുകയും ചെയ്യുന്നു.

സാമൂഹ്യരാഷ്ട്രീയ ജീവിതത്തിലേക്ക് വികസിക്കുന്ന സ്വത്വമല്ല നങ്ങേമയുടേത്. അവരുടെ ലോകം ഗാർഹിക തക്കുള്ളിൽ തന്നെയാണ്. സവർണസമുദായാംഗമായതു കൊണ്ട് ആശ്രിതരേയും അടിയാളരേയും ഉപയോഗപ്പെടുത്തി സ്വയം വളരാൻ അവർക്ക് കഴിയുന്നുണ്ട്.

'വയനാട്ടിലെത്തി അഞ്ചുവർഷത്തിനുശേഷം നങ്ങേമ ഒമ്പതേക്കര ഇരുപ്പൂനിലത്തിനുടമയായി. നാലേക്ര കരകൃഷിയും. കടമില്ലാത്ത ഒരേയൊരു ജന്മിയായി മാറി നങ്ങേമ.'

മേലാള കീഴാള ബന്ധത്തിലധിഷ്ഠിതമായ സാമൂഹ്യ (അധികാര)ഘടനയെ സമർത്ഥമായി പ്രയോജനപ്പെടുത്തിയതിന്റെ വിജയമാണത്. വർഗമേധാവിത്തഘടന നങ്ങേമയുടെ ഉയർച്ചകനുകൂലമാണ്. ലിംഗപരമായ അധസ്ഥിതത്വം അവർക്കെതിരുമാണ്. സ്ത്രീയാണെന്ന ഒറ്റ കാരണത്താൽ കച്ചവടവും കൃഷിയും നടത്തുന്നതിൽ നങ്ങേമക്ക് എതിർപ്പുകൾ നേരിട്ടു. ഏട്ടത്തിയുടെ ഭർത്താവിന്റെ നീരസമായിരുന്നു അതിലൊന്ന്. കൃഷിക്കുവേണ്ടി പത്മനാഭമേനോനിൽനിന്ന് വാങ്ങിയ പണത്തിന്റെ പേരിൽ അച്ചുതേട്ടൻ അവിഹിതങ്ങൾ സംശയിച്ചു. എങ്കിലും അവയെ സമർത്ഥമായി നേരിടാനും അച്ചുതേട്ടനെ തനിക്കനുകൂലമാക്കാനും നങ്ങേമക്ക് കഴിയുന്നു.

**ഉപസംഹാരം**

വത്സലയുടെ കഥാപാത്രങ്ങൾ മൂന്നുതരത്തിൽ വ്യവസ്ഥയോട് പ്രതിഷേധിക്കുന്നു.

1. നിശ്ശബ്ദമായ പ്രതിഷേധങ്ങൾ

പുരുഷമേധാവിത്തത്തോടുള്ള അബോധപൂർവ്വമായ കലഹങ്ങളാണിവ. കുടുംബത്തിനുള്ളിൽ അടച്ചിടപ്പെട്ട ജീവിതം അവരെ വെറുപ്പിക്കുന്നു. വീട് ഒരു തടവറയാണെന്ന അനുഭവപാഠം അവർക്കുണ്ട്. പുരുഷന്റെ അഹന്തകളാൽ അവർ നിരന്തരം മുറിവേറ്റു കൊണ്ടിരിക്കുന്നു. ഏറ്റവുമൊടുവിൽ മാത്രം അവൾ പ്രതിഷേധിക്കുന്നു. സ്ത്രീയുടെ അടിമജീവിതത്തെക്കുറിച്ച് ബോധമുള്ള ഈ കഥാപാത്രങ്ങൾ വ്യവസ്ഥയോട് കലഹിക്കാൻ ഭയപ്പടുന്നു. എങ്കിലും അബോധപൂർവ്വം അവരുടെ പ്രതിഷേധം ഉയരുന്നുണ്ട്.

2. കൂടുതകർക്കുന്ന പ്രതിഷേധങ്ങൾ

പുരുഷ വ്യവസ്ഥിതിയിൽതന്നെ പ്രതിഷേധിക്കുന്ന കഥാപാത്രങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. സ്ത്രയനുഭവിക്കുന്ന ഇരട്ടച്ചൂഷണത്തെ ഇവർ തിരിച്ചറിയുന്നു.വ്യവസ്ഥാ

പിതൃത്ത്വത്തെ സഹിക്കാൻ ഇവരിലെ ഉല്പതിഷ്ണുത തയ്യാറല്ല. സ്ത്രീ രണ്ടാംകിട യല്ലെന്ന് അവർ സ്വന്തം കഴിവുകൾ കൊണ്ട് തെളിയിക്കുന്നു.

3. സ്ത്രീജീവിതം പരിമിതപ്പെട്ടു പോകുന്നതിന്റെ സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനാൽ അവക്കെതിരെ പ്രതിക രിക്കുന്ന സ്വത്വബോധമാണ് ഈ വിഭാഗത്തിൽപ്പെടുന്ന കഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്ന ത്. വൈയക്തികമായ രോഷ പ്രകടനങ്ങളായി അവസാനിക്കുന്നില്ല ഇവരുടെ പ്രതിഷ ധം. സാമൂഹിക ബോധത്തിന്റെ കരുത്തുണ്ട്. സ്ത്രീ സ്വത്വബോധം ആർജിച്ചു കഴിഞ്ഞ തിന്റെ തെളിവാണ് ഈ മാതിരിയുള്ള അവരുടെ പ്രതികരണങ്ങൾ. സ്ത്രീ സ്വത്വബോധം വികസിച്ചു വിമോചനാത്മകമാക്കുന്ന ഈ ഘട്ടം പുരുഷപ്രത്യയശാസ്ത്രത്തോടുള്ള സമ്പൂർണ്ണമായ കലഹമാകുന്നു.

▲ വത്സലയുടെ നോവലുകളിൽ സ്ത്രീചിത്രണത്തിന്റെ പ്രമേയപരവും ദർശനപര വുമായ പരിണാമം സംഭവിക്കുന്നുണ്ട്. സ്ത്രീയുടെ കുടുംബതല ബന്ധങ്ങളും സമൂഹത ലബന്ധങ്ങളും സൂക്ഷ്മമായി ചിത്രീകരിച്ചിട്ടുണ്ട്.

▲ വത്സലയുടെ എല്ലാ നോവലുകളും സ്ത്രീയുടെ രണ്ടാംകിടസ്ഥാനം തിരിച്ചറിയു ന്നതിന്റെ ആവിഷ്ക്കരണങ്ങളാണ്. സ്ത്രീകളുടെ സ്ത്രീജീവിതാവസ്ഥകൾ ഇവയിൽ പ്രതിഫലിക്കുന്നുണ്ട്. മേലാള-കീഴാള-മദ്ധ്യവർഗ്ഗവിഭാഗത്തിലെ രചനകളിൽ കടന്നുവരുന്ന ഗാർഹിക മണ്ഡലത്തിലും തൊഴിലിടങ്ങളിലും സ്ത്രീ അനുഭവിക്കുന്ന പ്രയാസങ്ങൾ സാമൂഹത്തിലെ വർണ്ണ-വർഗ്ഗലിംഗ മേധാവിത്തത്തിന്റെ പ്രശ്നങ്ങളിലേക്കു വിരൽ ചൂണ്ടു ന്നു.

▲ പൊതുമണ്ഡലത്തിലെത്തിപ്പെട്ട സ്ത്രീകഥാപാത്രങ്ങൾ വത്സലയുടെ നോവലു കളിൽ അധികമില്ല. പരമ്പരാഗതമായി പുരുഷന്റേതെന്നു നിർണ്ണയിച്ചുവച്ച ഇടങ്ങളിലേ ക്കുള്ള സ്ത്രീകളുടെ കടന്നുകയറ്റമോ പ്രതീകാത്മകമായ പ്രവേശനമോ അവർ ആവി ഷ്കരിച്ചിട്ടില്ല. പൊതുമണ്ഡലത്തിലെ സ്ത്രീകഥാപാത്രങ്ങളിലധികവും രണ്ടാംലിംഗ ജാതിയായ സ്ത്രീക്കു നീക്കിവച്ച ജോലികളിൽ ഏർപ്പട്ടവരാണ്- ( റോസ്മേരിയുടെ ആകാശങ്ങളിലെ റോസ്മേരിയും, മേൽപ്പാലത്തിലെ ബാലാമണിയും നേഴ്സിങ് ജോലി ചെയ്യുന്നവരാണ്. തകർച്ചയിലെ സരസു നേഴ്സിങ് കോഴ്സിനാണ് ചേരുന്നത്. പാളയ ത്തിലെ മുഖ്യ സ്ത്രീകഥാപാത്രങ്ങൾ അധ്യാപികമാരാണ്. മേൽപ്പാലത്തിലെ സരോജി നിയും കാളിയും സെയിൽസ് ഗേൾ, ഹോട്ടൽ സപ്ലെയർ എന്നീ ജോലികൾ ചെയ്യുന്നു.

സ്ത്രീ അബലയാണെന്ന പാരമ്പര്യബോധത്തെ പത്സലയുടെ സ്ത്രീ കഥാപാത്രങ്ങൾ തിരസ്ക്കരിക്കുന്നു. സ്വപ്നം കാണാനും ഉയർച്ച നേടാനും അവർ ശ്രമിക്കുന്നു. പ്രതികൂ ലാവസ്ഥകളോട് പ്രതിഷേധിക്കുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഘടന

കൾക്കകത്തുനിന്നുകൊണ്ട് പ്രതികരണശേഷി സൂക്ഷിക്കുന്നു. കീഴ്‌വഴക്കങ്ങളെ ലംഘിച്ച് സ്വാതന്ത്ര്യം തേടാനുള്ള കരുത്ത് ചിലർ പ്രകടിപ്പിക്കുന്നു. മറ്റു ചിലരിൽ ബന്ധങ്ങളെയും കടമകളെയും കുറിച്ചുള്ള ബോധം ശക്തമാണ്. സ്വതന്ത്രമാകുന്നതിനും സ്വന്തം അസ്തിത്വം അന്വേഷിക്കുന്നതിനും ഈ കുടുംബബോധം തടസ്സമാകുന്നു.വ്യക്തി ജീവിതത്തിനും സുഖ ത്തിനും പ്രധാന്യം കൊടുക്കുന്നില്ല. സാമുദായിക മര്യാദകളെ ചവിട്ടിമെതിച്ച് സ്വന്തം വഴി തെരഞ്ഞെടുക്കണമെന്ന് അവർ ആഗ്രഹിക്കുന്നില്ല. (കൂമൻ കൊല്ലിയിലെ സുനന്ദ, വസുമതി, ചിന്നമ്മു ബ്രാഹ്മണിയമ്മ). ഇച്ഛക്കൊത്ത ജീവിതം നേടിയെടുക്കുന്നതിൽ ചിലർ പരാജയപ്പെടുന്നു(സരസു, മാധവി, ഗിരിജ).

- വത്സല യാഥാസ്ഥിതികമായ സ്ത്രീത്വഭാവങ്ങളിൽ കഥാപാത്രങ്ങളെ തളച്ചിടുന്നില്ല. എന്നാൽ ത്യാഗപൂർണ്ണമായ ഭാര്യാത്വവും, മാതൃത്വവും പുത്രസ്നേഹവും ചിലരിലുണ്ട്. (*ആരും മരിക്കുന്നില്ല*യിലെ വല്ല്യേടത്തി;ആഗ്നേയത്തിലെ നങ്ങേമ) സ്ത്രീയുടെ പാരത ന്ത്ര്യമായി ഈഭാവങ്ങൾ മാറുകയാണ്. ഇതെല്ലാമേറ്റെടുക്കാൻ സമകാലിക വ്യവസ്ഥയാൽ നിർബന്ധിക്കപ്പെട്ടിക്കുന്നു എന്ന തിരിച്ചറിവാണ് ഇവിടെയുള്ളത്. മറ്റുള്ളവർക്കായി സ്വയം ത്യജിക്കുന്ന ഭാവം സരസുവിലായാലും മാധവിയിലായാലും കാണാം. ഇവർ പുരുഷാധി ഷ്ഠിത കുടുംബഘടനയുടെ ബലിയാടുകളാണ്. പുത്രസ്നേഹവും ഭർത്താവിനോടുള്ള ആദരവുമാണ് നങ്ങേമയുടെ ആദർശാത്മകതയുടെ നിദാനം. ജീവിതത്തിൽ കൂടുതൽ ഉത്തരവാദിത്തം ആൺകോയ്മ സ്ത്രീയിൽ കെട്ടിവക്കുന്നുവെന്ന യാഥാർത്ഥ്യമാണ് വത്സല തുറന്നു കാട്ടുന്നത്. പുരുഷന്റെ താങ്ങോ സഹായഹസ്തമോ കൂടാതെത്തന്നെ ജീവിതത്തെ നേരിടാനാവുമെന്ന് ആഗ്നേയത്തിലെ നങ്ങേമയും, മേൽപ്പാലത്തിലെ ബാലാമണിയും തെളി യിക്കുന്നു. നിലവിലുള്ള വ്യവസ്ഥയിൽ സ്ത്രീയുടെ സ്വാതന്ത്രത്തിന് സാധ്യതകളെക്കാ ളേറെ പരിമിതികളാണെന്ന യാഥാർത്ഥ്യം വത്സല അനാവരണം ചെയ്യുന്നു.

- വിദ്യാഭ്യാസമോ തൊഴിലോ നേടിയ പുതിയ തലമുറയിലെ സ്ത്രീകൾ കുടുംബ ഘടനക്കുള്ളിൽ സംഘർഷമനുഭവിക്കുന്നു. മുത്തശ്ശി, അമ്മായിയമ്മ മുതലായവരി ലൂടെയാണ് അവർ സംഘർഷത്തിലാവുന്നത്. ഭാര്യാ-ഭർത്തൃ ബന്ധത്തിൽ സഹവർത്തിത്വ മാണിഷ്ടപ്പെടുന്നത്. പരമ്പരാഗതമായ ഭാര്യാ-ഭർത്തൃ ബന്ധത്തെ അടിമ-ഉടമ ബന്ധമായി തിരിച്ചറിയുന്ന ഇവർ തങ്ങളുടെ അവസ്ഥയിൽ പ്രതിഷേധിക്കുകയും ചെയ്യുന്നുണ്ട്. (ഗിരി ജ, പ്രഭാവതി, പാളയത്തിലെ ഉദ്യോഗസ്ഥകൾ) രക്ഷകനായോ അധികാരിയായോ ഉള്ള പുരുഷന്റെ മേധാവിത്തം ഇവർ അംഗീകരിക്കുന്നില്ല.

നിരുപാധികമായ കീഴടങ്ങൽ പ്രതിഷേധത്തിന്റെ ഒരു വകഭേദമാണ്. നിശ്ശബ്ദമായി പ്രതിഷേധിക്കുന്ന കഥാപാത്രങ്ങൾ വത്സലയുടെ നോവലിലുണ്ട്. അരക്കില്ലത്തിലെ സാവിത്രി കിഴവനായ ഭർത്താവിനെ സ്വീകരിക്കുന്നു. സാമൂഹികസുരക്ഷിത ത്വത്തെക്കുറിച്ചുള്ള വേവലാതി സ്ത്രീയെ തന്റെ സ്വാതന്ത്ര്യം നേടുന്നതിൽ നിന്ന് പിന്തിരി

പ്പിക്കുന്നു. അരക്കില്ലത്തിലെ സാവിത്രിയുടെ കാമുകൻ തനിക്ക് ജോലിയില്ലെന്ന കാരണത്താൽ അവളെ വിവാഹം കഴിക്കാൻ തയ്യാറാകുന്നില്ല. സ്വത്തുമാത്രം മോഹിക്കുന്ന വീട്ടുകാർക്ക് വഴങ്ങേണ്ടിവരുന്നത് മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ടു കൂടിയാണ്. മാധവിയുടെ തീരുമാനവും ഇത്തരമൊരു സാഹചര്യത്തിൽ നിന്നുള്ളതാണ്. റോസ്മേരി എൽസങ്കിയെ അഭയം പ്രാപിക്കുകയാണ്. അവസാനം, സ്വാതന്ത്ര്യത്തിലേക്കുള്ള മാനസിക സഞ്ചാരം നടത്തുന്നുണ്ട് സാവിത്രിയും മാധവിയും. ചാവേറിലെ ദേവയാനി സ്വന്തം അറക്കുള്ളിൽ ഒതുങ്ങിക്കൂടി. സദാചാരത്തെ മനസ്സുകൊണ്ടു ലംഘിക്കുന്നു ചിലർ.

ഗാർഹികതയുടെ അതിരുകൾ വിട്ട് പുറത്തു പോകുന്നവരാണ് റോസ്മേരിയും മേൽപ്പാലത്തിലെ ബാലാമണിയും. സ്വന്തമായ ഇടംതേടി പോകുന്ന കഥാപാത്രങ്ങളാണിവർ. സരസു മാനസികമായി തകർന്ന് കുടുംബത്തിന്റെ തകർച്ചയിലേക്ക് തിരിച്ചെത്തുന്നു. റോസ്മേരി പഠിച്ച് ജോലിനേടി സ്വന്തം കാലിൽ നിൽക്കാമെന്ന മോഹവുമായി വീട് വിടുകയാണ്. സാവിത്രി ഭർത്താവിന്റെയും കുഞ്ഞിന്റെയും മരണത്തോടെ തന്നെക്കുരുക്കിയ ചങ്ങലക്കെട്ടുകൾ പൊട്ടിപ്പോയതിൽ സന്തോഷിച്ച് വീട് വിട്ടുപോകുന്നു. നങ്ങേമ സ്വന്തം നാട്ടിൽ നിന്നും വയനാട്ടിലേക്ക് കുടിയേറുന്നു. ആമിന അനാഥയാക്കപ്പെടുകയും ലക്ഷ്യമില്ലാതെ കുട്ടിയെയും കൊണ്ട് നാടുവിടുകയുമാണ്. രുക്മിണികോവിലമ്മ കോവിലകത്തുനിന്ന് സ്വയം ഭ്രഷ്ഠയാവുകയും ഭ്രാന്തിയായിത്തീരുകയും ചെയ്യുന്നു. ബാലാമണി സ്വന്തം ജീവിതം വെട്ടിപ്പിടിക്കുകയും ചെയ്യുന്നു. നിശബ്ദമായി പ്രതിഷേധിക്കുന്ന കഥാപാത്രങ്ങളാണ് ആരും മരിക്കുന്നില്ല, നിഴലുറങ്ങുന്ന വഴികൾ, അരക്കില്ലം, പാളയം, നമ്പരുകൾ എന്നീ കൃതികളിലുള്ളത്.

## കുറിപ്പുകൾ

### അധ്യായം 4


| | | |
|---|---|---|
| വത്സല. പി | 1968 | *തകർച്ച* പൂർണാ പബ്ലിക്കേഷൻസ് |
| വത്സല. പി | 1977 | *അരക്കി□ം* എസ്. പി. സി. എസ്, എൻ. ബി. എസ്. കോട്ടയം |
| വത്സല. പി | 1980 | *നമ്പരുകൾ* എൻ. ബി. എസ് കോട്ടയം |
| വത്സല. പി | 1981 | *പാളയം* എൻ. ബി. എസ് കോട്ടയം |
| വത്സല. പി | 1986 | *ഗൗതമൻ*, പി. കെ. ബ്രദേഴ്സ്, കോഴിക്കോട് |
| വത്സല. പി | 1993 | *റോസ് മേരിയുടെ ആകാശങ്ങൾ,* ഓഗസ്റ്റ് ബുക്സ്, തൃശൂർ |
| വത്സല. പി | 1998(എ) | *വിലാപം* ഡി. സി ബുക്സ് |
| വത്സല. പി | 1998(ബി) | *ചാവേർ* ഡി. സി ബുക്സ് |
| വത്സല. പി | 1998(സി) | *ആഗ്നേയം* ഡി. സി ബുക്സ് |
| വത്സല. പി | 1998(ഡി) | *കൂമൻകൊ□ി* ഡി. സി ബുക്സ് |
| വത്സല. പി | 1998(ഈ) | *ആരും മരിക്കു□ി□* കറന്റ്ബുക്സ്, തൃശ്ശൂർ |
| വത്സല. പി | 1998(എഫ്) | *നിഴലുറങ്ങു□ വഴികൾ* ഡി. സി ബുക്സ് |
| വത്സല. പി | 1999 | *നെ□ി* ഡി. സി ബുക്സ് |
| വത്സല. പി | 2007 | *മേ□പ്പാലം* മാതൃഭൂമി ബുക്സ് |

## അധ്യായം അഞ്ച്

# സ്ത്രീയനുഭവങ്ങളുടെ വർണ്ണ–വർഗ്ഗ–ലിംഗതലങ്ങൾ

5.1. : സ്ത്രീയനുഭവത്തിന്റെ വർണ്ണതലം

5.1.1. : മതം, ഭക്തി, വിശ്വാസം, ആചാരങ്ങൾ

5.1.1.1. : നെല്ല് (മല്ലൻ-മാര പ്രണയം)

5.1.1.2. : ചാവേർ

5.1.1.3. : വിലാപം

5.1.1.4. : റോസ്മേരിയുടെ ആകാശങ്ങൾ

5.1.2. : ജാതി

5.1.2.1. : ചാവേർ

5.1.2.2. : കൂമൻകൊല്ലി

5.2. : സ്ത്രീയനുഭവത്തിന്റെ വർഗ്ഗതലം

5.2.1. : ആരും മരിക്കുന്നില്ല

5.2.2. : കൂമൻകൊല്ലി

5.2.3. : ചാവേർ

5.2.4. : നമ്പരുകൾ

5.2.5. : പാളയം

5.3. : സ്ത്രീയനുഭവത്തിന്റെ ലിംഗതലം

5.3.1. : ശരീരം

5.3.1.1. : തകർച്ച

5.3.1.2. : റോസ്മേരിയുടെ ആകാശങ്ങൾ

5.3.1.3. : വിലാപം

5.3.1.4. : മേല്പ്പാലം

5.3.1.5. : ആരും മരിക്കുന്നില്ല

5.3.1.6. : ചാവേർ

5.3.1.7. : കൂമൻകൊല്ലി

5.3.2. : ബാല്യകൗമാരങ്ങൾ

5.3.2.1. : നിഴലുറങ്ങുന്ന വഴികൾ

5.3.2.2. : വിലാപം

5.3.2.3. : റോസ്മേരിയുടെ ആകാശങ്ങൾ

5.3.3. : വിവാഹം, ദാമ്പത്യം

5.3.3.1. : ആരും മരിക്കുന്നില്ല

5.3.3.2. : നിഴലുറങ്ങുന്ന വഴികൾ

5.3.3.3. : വിലാപം

5.3.3.4. : അരക്കില്ലം

5.3.3.5. : ചാവേർ

5.3.3.6. : പാളയം

5.3.3.7. : മേല്പ്പാലം

5.3.4. : ദാമ്പത്യം, പ്രണയം

5.3.5. : രതി

5.3.6. : ഭ്രാന്ത്, മരണം

5.3.7. : വൈധവ്യം

5.3.8. : സ്ത്രീകൾക്കിടയിലെ ആത്മബന്ധം

5.3.9. : മാതൃത്വപ്രശ്നങ്ങൾ

പി.വത്സലയുടെ നോവലുകളിൽ സ്ത്രീജീവിതം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്നും സാമൂഹിക സാഹചര്യത്തിൽ അവർ നിർണയിക്കപ്പെടുന്നതെങ്ങനെയെന്നും പരിശോധിക്കുകയാണ് കഴിഞ്ഞ അധ്യായത്തിൽ ചെയ്തത്. ഇവിടെ വർണ്ണപരവും വർഗ്ഗപരവും ലിംഗപരവുമായ തലങ്ങളിൽ വെച്ച് സ്ത്രീയനുഭവങ്ങളെ ക്രോഡീകരിക്കുകയാണ് ചെയ്യുന്നത്.

വ്യക്തിയും സമൂഹവും തമ്മിലുള്ള ഇടപെടലാണ് ജീവിതത്തെ നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. വർണപരവും വർഗപരവും ലിംഗപരവുമായ തലങ്ങൾ ഈ പരസ്പരബന്ധത്തിനുണ്ട്. മതവും ആചാരവിശ്വാസങ്ങളുമടങ്ങുന്നതാണ് വ്യക്തിസമൂഹബന്ധങ്ങളിലെ വർണതലം. സാമ്പത്തികഘടകങ്ങളുടെ മേൽക്കോയ്മ സൃഷ്ടിക്കുന്ന അധികാരബന്ധങ്ങളടങ്ങുന്നതാണ് വർഗ്ഗതലം. ശാരീരികവും മാനസികവും ലൈംഗികവുമായ വ്യാപാരങ്ങളെ സ്വാധീനിക്കുന്ന പ്രത്യയശാസ്ത്രങ്ങളടങ്ങുന്നതാണ് ലിംഗതലം. വർണവർഗലിംഗതലങ്ങളിലെ സ്ത്രീയനുഭവങ്ങൾ വത്സലയുടെ നോവലുകളിൽ കടന്നുവരുന്നതെങ്ങനെയെന്നാണ് ഈയധ്യായത്തിൽ അന്വേഷിക്കുന്നത്.

വ്യക്തിതലത്തിലും സമൂഹതലത്തിലുമുള്ള സ്ത്രീയനുഭവങ്ങൾ വത്സല തന്റെ കൃതികളിൽ ആവിഷ്കരിക്കുന്നു. സ്ത്രീയനുഭവത്തിന്റെ ആവിഷ്കാരത്തിലെ ചില സാധ്യതകളും പരിമിതികളും ഇവയിൽ പ്രകടമാണ്. ഒരേ ജീവിതം തന്നെ സ്ത്രീയും പുരുഷനും അനുഭവിക്കുന്നത് വ്യത്യസ്തമായാണെന്നതിന്റെ തെളിവായി നോവലുകളിലെ സ്ത്രീജീവിതചിത്രണത്തെകാണാം.

### 5.1. സ്ത്രീയനുഭവത്തിന്റെ വർണ്ണതലം

മതവും വിശ്വാസാചാരങ്ങളും ജീവിതത്തെ ചിട്ടപ്പെടുത്തുന്നത് ആൺകോയ്മക്കനുകൂലമായാണ്. സ്ത്രീയെ നിയന്ത്രിക്കാനുള്ള പ്രത്യയശാസ്ത്രങ്ങളായാണ് മതവും ഭക്തിയും വിശ്വാസാചാരങ്ങളും പ്രവർത്തിക്കുന്നത്.

### 5.1.1. മതം, ഭക്തി, വിശ്വാസം, ആചാരങ്ങൾ

#### 5.1.1.1. നെല്ല് (മല്ലൻ-മാര പ്രണയം)

ഒരേ ചെമ്മക്കാർ വിവാഹം കഴിക്കാൻ പാടില്ലെന്ന വിശ്വാസം ആദിവാസികൾക്കിടയിലുണ്ട്. ഈ വിശ്വാസമാണ് മല്ലന്റേയും മാരയുടേയും അടുപ്പത്തിനും ഒന്നിച്ചു ജീവിക്കാനുള്ള ആഗ്രഹത്തിനും തടസ്സമായത്. ഇരുവരും ഒരേ ചെമ്മക്കാരാണെന്നത് കുറുമാട്ടി പറഞ്ഞുപരത്തിയ വാർത്തയായിരുന്നു. അതിലെ സത്യം അന്വേഷിക്കാൻ മുതിരാതെ ശരിവയ്ക്കുകയാണ് മൂപ്പനും നാട്ടുകൂട്ടവും ചെയ്തത്. ഒരേ ചെമ്മക്കാർ ആങ്ങളയും പെങ്ങളും പോലെയാണ്. അവർ വിവാഹം കഴിച്ചാൽ മലങ്കാരി കോപിക്കും. താഴ്‌വാരങ്ങളിൽ വിഷപനി വരും. വയലുകളിൽ ചുഴലിയുണ്ടാവും. തപ്പുകെട്ടിയാൽ പ്രശ്നപരിഹാരമാവുമെന്ന മറ്റൊരു വിശ്വാസവും അവർക്കിടയിലുണ്ട്. മാരയോട് ആയിരം വള തപ്പുകെട്ടാനാണ് മൂപ്പൻ ആവശ്യപ്പെട്ടത്. വിശ്വാസത്തിനെതിരായി മല്ലൻ മാരയെ കട്ടുകൊണ്ടുപോയി റാളനും റാട്ടിയുമായി ജീവിക്കുന്നു. സമുദായത്തിൽ നിന്നു ബഹിഷ്കരിക്കപ്പെടാതിരിക്കാൻ തപ്പുകെട്ടണമായിരുന്നു. തപ്പുകെട്ടാനുള്ള പണം സ്വരൂപിക്കാൻ കൂപ്പിൽ പണിക്കു പോയ മല്ലന് കടുത്ത പനി പിടിച്ചു. മല്ലനു പേയാണെന്നും തെറ്റു ചെയ്തതിലുള്ള മലങ്കാരിയുടെ കോപമാണെന്നും വെളിപാടുണ്ടായി. മാരയാണ് അതിനുള്ള ശകാരങ്ങൾ മുഴുവൻ കേൾക്കേണ്ടിവന്നത്. അവളൊരുത്തിയാണ് ആണൊരുത്തനെ നശിപ്പിച്ചത് എന്നവർ പഴിച്ചു. രോഗത്തിനു ചികിത്സ കിട്ടാതെ മല്ലൻ മരിച്ചതോടെ മാര അനാഥയും അപമാനിതയുമായി കഴിയേണ്ടി വന്നു. മല്ലനെ ബന്ധുക്കൾ സ്വീകരിച്ചപ്പോൾ മാര ബഹിഷ്കരിക്കപ്പെട്ടു.

മാരയുടെ പ്രതിയോഗിയായി പ്രത്യക്ഷപ്പെടുന്ന കുറുമാട്ടി ആചാരങ്ങൾ മുറുകെപ്പിടിക്കുന്നവളല്ല. അവ്വയുടെ പുലകഴിയുന്നതിനുമുമ്പേ മാലയും വളയുമണിഞ്ഞു നടക്കാനവൾ ധൈര്യം കാട്ടുന്നു. ആചാരലംഘനം അവളെ ചീത്തസ്ത്രീ യാക്കുന്നു. കുറുമാട്ടിയുടെ ധൈര്യവും തന്റേടവും മല്ലനെ ഭയപ്പെടുത്തുന്നുണ്ട്. അവൾക്ക് പേയിനെ ഭയമില്ല. രാത്രി ഒറ്റക്കു നടക്കാനും. അതുകൊണ്ട് അവൾ മറ്റൊരു പേയാണെന്ന് ചെറുപ്പക്കാർ വിശ്വസിച്ചു. അവളുടെ പ്രലോഭനവും ചതിയുമാണ് ഗന്ധകശാലയിൽ പന്നി കയറാനും നെല്ല് നശിപ്പിക്കാനുമിടയാക്കിയതെന്ന് മല്ലൻ കരുതി. അവളിൽ നിന്നകലാനിടയാക്കിയതും ഈ വിശ്വാസമായിരുന്നു. മാരയോടെന്ന പോലെ കുറുമാട്ടിയോടും മല്ലന് താല്പര്യമുണ്ടായിരുന്നു. അവളെ കട്ടുകൊണ്ടുപോകുന്നതിനെക്കുറിച്ചുപോലും മല്ലൻ ചിന്തിക്കുന്നുണ്ട്. തന്റെ അവ്വ വയറ്റുവേദന പിടിപെട്ടു മരിച്ചത് കുറുമാട്ടിയുടെ മന്ത്രവാദം കൊണ്ടാണെന്ന മാരയുടെ വിശ്വാസം അവർക്കിടയിലെ ശത്രുത വർധിപ്പിക്കുന്നു. സ്ത്രീകൾക്കിടയിലെ പരസ്പര വൈരത്തിന് വിശ്വാസാചാരങ്ങൾ കാരണമാകുകയാണിവിടെ. ഒരു പേയിനെപ്പോലെ മല്ലൻ അവളെ ഭയക്കുകയും വെറുക്കുകയും

ചെയ്യുന്നു.(1999:50, 51)

#### 5.1.1.2.ചാവേർ

വിശ്വാസാചാരങ്ങളിലെ ആൺകോയ്മയാണ് ചാവേറിലെ ദേവയാനിയുടെ വിവാഹജീവിതത്തെയും ദാമ്പത്യത്തെയും നിഷേധിച്ചത്. കരുവാഞ്ചേരിമനയിലെ ചുറു ചുറുക്കുള്ള പെൺകുട്ടിയായിരുന്നു കംസൻ പട്ടേലരുടെ മകൾ ദേവയാനി. അവൾക്കു പുടവ കൊടുത്തത് നീലകണ്ഠൻ നായരാണ്. കൽക്കട്ടയിലെ വെള്ളക്കാരന്റെ കമ്പനി യിലെ ഉദ്യോഗസ്ഥനായിരുന്നു അയാൾ. ദേവയാനിയെ കൽക്കത്തക്കു കൊണ്ടു പോകാൻ ഭർത്താവ് ആഗ്രഹിച്ചു. എന്നാൽ അവൾ കോരപ്പുഴ കടന്നു പോകാൻ പാടില്ലെന്ന് കരുവാ ഞ്ചേരി കാരണവർ വിധിച്ചു. ''കുപ്പായമിട്ടു മാനം കളയാൻ മുതിർന്നാൽ പിന്നെ ഓളെ ഇപ്പടി കയറ്റുകയില്ല.''(1998b:119) എന്നയാൾ ശപഥം ചെയ്തു. ജാക്കറ്റിട്ട് അന്യനാട്ടിൽ പോകുന്നത് ജാതിഭ്രഷ്ടാനിടയാക്കുമെന്ന വിശ്വാസമാണ് ഇവിടെ പ്രവർത്തിച്ചത്. കോര പ്പുഴയ്ക്കപ്പുറം കടക്കുന്നത് ആഭിജാത്യത്തിനെതിരാണെന്നും. നീലകണ്ഠൻ ദേവയാനിയെ കൂടാതെ തിരിച്ചു പോയി. ദേവയാനി മാളികയിലെ സ്വന്തം അറയിൽ ഏകാന്തതയിൽ കഴിഞ്ഞുകൂടി. ആരും അവളെപ്പറ്റി അന്വേഷിച്ചില്ല. ദാമ്പത്യം നിഷേധിക്കപ്പെട്ട അവൾക്ക് വിധവയെപ്പോലെ ജീവിക്കേണ്ടി വന്നു. അവൾ പ്രാവുകളോടു സംസാരിച്ചു. വാതായന ത്തിലൂടെ എത്തി നോക്കുന്ന നിലാവിനോടും നിലാത്തുണ്ടിനോടും സംസാരിച്ചു. (1998b:118)

#### 5.1.1.3. വിലാപം

ജീവിതത്തിന്മേൽ മതവൈരവും കലാപങ്ങളും കടന്നുകയറുന്നതാണ് വിലാപത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. മതവൈരത്തിന്റെ ഭാഗമായ കലാപത്തിൽ നിസ്സഹായരായ സ്ത്രീകളും കുട്ടികളും ഇരകളാകുന്ന രംഗം നോവലിലുണ്ട്. കലാപങ്ങളുടെ സ്ത്രീപക്ഷ ക്കാഴ്ചയാണ് വിലാപം. രാത്രി ഖിലാഫത്തുകാർ ഗ്ലാഡിസ് മാസിയെ കൊല്ലുന്നതിന് മാളുണ്ണി സാക്ഷിയായി. കണ്ണീരു കണ്ടാൽ കരയരുതെന്നു പറയുന്ന നല്ല സ്ത്രീയായി രുന്നു ഗ്ലാഡിസ് മാസി. കൂരമായാണവർ വധിക്കപ്പെട്ടത്. ''പിറന്ന ഗ്രാമം മക്കളിൽ പാതിയും വധിക്കപ്പെട്ട ശാപഗ്രസ്തമായ തകർന്ന തറവാടായി മാറുകയാണെന്ന് മാളുണ്ണി ഭയന്നു''.(1998a:121) കലാപം അടിച്ചമർത്താനിറങ്ങിയ പട്ടാളവും സ്ത്രീകളെയാണ് നേരി ട്ടത്. ഭയം കൂടാതെ ഒരു രാത്രി പോലും ഉറങ്ങാൻ കഴിയാത്ത അവസ്ഥയിലായിരുന്നു സ്ത്രീകൾ. ''പെണ്ണായാൽ ഭാഗ്യം വേണം. നിന്നെപ്പോലെ. ഇന്നാട്ടിൽ ഇപ്പോൾ ഏതു പെണ്ണിനാ ഭയം കൂടാതെ ഒരു രാവുറങ്ങാൻ കഴിയുന്നത്''(1998a:112) എന്ന് അദ്രുമാനാജി ആമിനയോടു പറയുന്നുണ്ട്.

മതഭ്രാന്ത് ബന്ധങ്ങളെ മുറിയ്ക്കുന്നു. മതഭ്രാന്തനായി മാറിയ തന്റെ ഉണ്ണിക്കാ

(കാദരുണ്ണി) ജിഹാദുവിളിച്ച് മാളുണ്ണിയേയും മാനുവിനേയും കൊല്ലാൻ വരുന്നതായി ആമിന സ്വപ്നം കാണുന്നു. ഖിലാഫത്തിലെ പുരുഷന്മാർ ഭാര്യമാരെ മൊഴിചൊല്ലി നാടും വീടും വിട്ടുവന്നവരാണ്. മാപ്പിളപ്പട്ടാളം പെണ്ണുങ്ങളെ ആക്രമിക്കില്ല. കൊള്ളയടിക്കില്ല.(1998a:128) എന്ന അദ്രുമാനാജിയുടെ തീർപ്പുകൾക്കെതിരായിരുന്നു യാഥാർത്ഥ്യം.

ഖിലാഫത്തിനേയും കോൺഗ്രസിനേയും അമർച്ചചെയ്യാനെത്തിയ പട്ടാളം പെണ്ണു പിടിയന്മാരാണെന്ന് ആമിന പറയുന്നു. ഇസ്ലാമികവിപ്ലവത്തിൽ വിശ്വസിച്ചിരുന്ന സാത്വി കനായ മുഹമ്മദ് മുസ്ല്യാർ മതതീവ്രവാദിയായി. മകളെ ഉപേക്ഷിച്ച് ഖിലാഫത്തിനു പോകാ നയാൾ തയ്യാറാകുന്നു. ആമിനയുടെ ഭർത്താവായ അദ്രുമാൻ ഹാജി ഖിലാഫത്തിൽ ചേർന്ന് ബാപ്പുട്ടി ഹാജിയെ വെട്ടിക്കൊന്നു. ബാപ്പുട്ടി ഹാജിയുടെ ശിരസ് കുന്തത്തിൽ കോർത്ത് പൂർണഗർഭിണിയായ ആമിനയുടെ മുമ്പിൽ വരാനയാൾക്കു മടിയുണ്ടായില്ല. ''ബാപ്പുട്ടി ഹാജിയുടെ വിസ്മയഭരിതമായിരുന്ന നോട്ടം ശാപഗ്രസ്തമായി മാറുന്നതും അതു തന്റെ പൂർണഗർഭത്തിനുമേൽ തറഞ്ഞുനിൽക്കുന്നതുമറിഞ്ഞ് അവർ മെല്ലെ കാലു കൾ പുറകോട്ടു വലിച്ചെടുത്തു''. (1998a:153)

മുഹമ്മദ് മുസ്ല്യാരെ തൂക്കിക്കൊല്ലുകയും അദ്രുമാഹാജിയെ നാടുകടത്തുകയും ചെയ്തതോടെ അനാഥയും അശരണയുമായ ആമിന എങ്ങോട്ടെന്നില്ലാതെ വണ്ടി കയറു കയാണ്. കുഞ്ഞിനേയുമെടുത്ത്.

രുഗ്മിണിക്കോവിലമ്മയും കാദരുണ്ണിയും തമ്മിൽ തങ്ങളുടെ മതവിശ്വാസത്തിന പ്പുറം മാനസികമായൊരടുപ്പം വളർന്നു വന്നിരുന്നു. കോവിലകത്തുനിന്ന് സ്വയം ഭ്രഷ്ട യായതോടെ സ്വസമുദായത്തിൽ നിന്നും അവർ ഭ്രഷ്ടയാകുന്നുണ്ട്. ആത്മഹത്യയിൽ നിന്നവരെ രക്ഷിച്ചത് കാദരുണ്ണിയാണ്. പക്ഷേ ദൃഢമായൊരു ബന്ധത്തിലേയ്ക്കതു വള രുന്നതിന് തടസ്സമായത് മതം തന്നെയാണ്. കലാപത്തിൽ കാദരുണ്ണി കൊല്ലപ്പെട്ടത് രുഗ്മി ണിക്കോവിലമ്മയെ തളർത്തുന്നു. കടത്തുതോണിയിൽ പുതപ്പിച്ചു കിടത്തിയ കാദരുണ്ണി യുടെ ഭഗ്നശരീരത്തിനുമുമ്പിൽ രുഗ്മിണിക്കോവിലമ്മ അനക്കമറ്റിരിക്കുന്നുണ്ട്(1998a:176)

#### 5.1.1.4. റോസ്മേരിയുടെ ആകാശങ്ങൾ

മതങ്ങൾ സ്ത്രീശരീരത്തെ പ്രകടമായി ഉപയോഗിക്കുന്നുണ്ട്. മതചിഹ്നങ്ങൾ പുരു ഷനിലെക്കാളേറെ സ്ത്രീശരീരങ്ങളിലണിയാനാണ് മതം നിർബന്ധിക്കുന്നത്. വസ്ത്രം ധരിക്കുന്നതിലും പൊട്ടുതൊടുന്നതിലും മതബന്ധമുണ്ട്. പൊട്ടുതൊടുന്നതിലെ മതബന്ധം റോസ്മേരിയെ വേദനിപ്പിച്ച ഒരനുഭവമാണ്. ലേഡീവെല്ലിംഗ്ടൺ ഹാളിൽ നഴ്സിംഗ് അസിസ്റ്റന്റായി ജോലി ചെയ്യുമ്പോഴായിരുന്നു ഈയനുഭവം. രാജപ്രൗഢിയും ഹിന്ദുമത ബോധവും മനസ്സിൽ സൂക്ഷിക്കുന്ന മാഡം ദേവികാറാണിയുടെ നഴ്സായിരുന്നു റോസ്മേ രി. അഹിന്ദുക്കളെ ഇഷ്ടമല്ലായിരുന്നു ആ സ്ത്രീയ്ക്ക്. ''നാളെ വരുമ്പോൾ നിങ്ങൾ നെറ്റി

യിലൊരു തിലകം ചാർത്തുമോ'' (1993:117) എന്നു ചോദിക്കുന്നു അവരുടെ മകൻ. റോസ്മേരി ഹിന്ദുവാണെന്നറിഞ്ഞാൽ ആ നിമിഷം അമ്മ പുറത്താക്കും. അവിടെ ഹിന്ദു പെൺകുട്ടികളെ കിട്ടാനുമില്ല എന്നയാൾ പറഞ്ഞു. മാഡം ദേവികാറാണിയെ സന്തോഷി പ്പിക്കാനവൾക്കു പൊട്ടു കുത്തേണ്ടിവന്നു. ലക്ഷ്മീ എന്നായിരുന്നു അവർ റോസ് മേരിയെ വിളിച്ചത്. ആദ്യം അസാധാരണവും അന്യവുമായി തോന്നിയ ആ വിളിയിൽ പിന്നീട വൾക്ക് അപ്രിയം തോന്നിയില്ല.

കുട്ടിക്കാലത്ത് അമ്മച്ചി അവൾക്ക് പൊട്ടുതൊടുവിച്ചുകൊടുക്കുമായിരുന്നു. സ്ക്കൂളി ലേക്ക് ഇറങ്ങുമ്പോൾ ഓർമ്മിപ്പിക്കും. ''സ്ക്കൂളിലെത്തുമ്പോൾ മായിച്ചുകളയണം നിന്റെ പൊട്ട്.'' (1993:117) സങ്കുചിത മതവിഭാഗീയതകൾ സാധാരണമനുഷ്യന് തടസ്സം സൃഷ്ടി ക്കുമ്പോൾ വരേണ്യാധികാരത്തിനു മുമ്പിൽ അത് ശിരസുകുനിയ്ക്കുകയാണ് ചെയ്യുന്ന ത്. കൂർജിയിലെ അതിഥിമന്ദിരത്തിൽ താമസിക്കുമ്പോൾ അടുത്തുള്ള ഗംഗ കാണണ മെന്ന് റോസ്മേരിക്ക് ആഗ്രഹം തോന്നി. ''പറ്റില്ല പെണ്ണേ അതു വിലക്ക പ്പെട്ടതീരം''(1993:107) എന്ന് മാർഗരറ്റ് പറയുന്നുണ്ട്. ഹിന്ദുക്കളുടെ പുണ്യനദി കൃസ്ത്യാ നികൾക്കു വിലക്കപ്പെട്ടതാണ്. അതിനപ്പുറത്തുള്ള ഹിന്ദുക്കളുടെ ശ്മശാനഘട്ടങ്ങളിലും മറ്റു മതക്കാർക്കു പ്രവേശനമില്ലത്രെ. മദാം ഹാർഡിക്കു വിലക്കുകളില്ല. അവരുടെ വെളു ത്തതൊലി അവർക്കു സർവ്വസ്വാതന്ത്ര്യവും നല്കുന്നു.(1993:108)

#### 5.1.2. ജാതി

ജാതീയമായ ഉച്ചനീചത്വങ്ങൾ സ്ത്രീയെ സവിശേഷമായി ബാധിക്കുന്നു. നെല്ലിലും കൂമൻകൊല്ലിയിലും ചാവേറിലും ഇതു വ്യക്തമാണ്. ജാതിയിലധിഷ്ഠിതമായ മേലാളകീ ഴാളബന്ധമാണ് നെല്ലിലും കൂമൻകൊല്ലിയിലും ചാവേറിലുമുള്ളത്. ജാതിമേധാവിത്തം അടിയാള സ്ത്രീകളെ നികൃഷ്ടമായി ഉപയോഗപ്പെടുത്തുന്നതിന്റെ ചിത്രങ്ങൾ ഈ നോവ ലുകളിൽ കാണാം. നെല്ലിലെ മാര, വട്ട, പേമ്പി തുടങ്ങിയ അടിയാളസ്ത്രീകൾ മേലാ ളന്റെ ലൈംഗിക പീഡനത്തിന് ഇരയായവരാണ്. സവർണ്ണ പുരുഷന്മാരുടെ മക്കളെ ഗർഭ ത്തിൽ ചുമക്കേണ്ടിവന്നവർ. സ്വന്തം ഗോത്രത്തിനുള്ളിലെ വിശ്വാസാചാരങ്ങളുടേയും മേലാള കീഴാളവ്യവസ്ഥയിലെ അസ്വാതന്ത്ര്യങ്ങളുടേയും ഇരകളാണവർ.

ചാവേറിൽ കീഴാള സ്ത്രീകൾ കൂട്ടമായി മാനഭംഗത്തിനിരയാകുന്നുണ്ട്. ജന്മിമാ രുടേയും വെള്ളക്കാരുടേയും കാമവെറിക്കാണവർ ഇരയാകുന്നത്. താലയെ അവളുടെ കല്യാണദിവസം ജന്മികിങ്കരന്മാർ തട്ടിക്കൊണ്ടുപോയി. തിരുമാല മാനഭംഗം ചെയ്യപ്പെ ട്ടു. ക്രൂരതക്കിരയായവർ സമൂഹത്തിൽ നിന്നൊറ്റപ്പെട്ടു. പീഢനത്തിനിരയാകുന്ന കീഴാള പെൺകുട്ടികൾക്ക് മറ്റൊരു ജീവിതം ലഭിക്കുന്നില്ല.

സവർണമേലാളർ അവരുടെ സ്ത്രീകളെ അവർക്കുമാത്രം ഉപയോഗിക്കാവുന്ന

സ്വകാര്യസ്വത്തായി കണ്ടു. കീഴാള സ്ത്രീകളെ അവർക്ക് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാവുന്ന വസ്തുവൽക്കൃത ലൈംഗിക ജീവികളായും. ചാവേറിലെ അനന്തനും ചെമ്മരത്തിയുമായുള്ള ബന്ധം ഇതിനുദാഹരണമാണ്. പുറത്തിറങ്ങി അധ്വാനിക്കാതെ കീഴാള സ്ത്രീകൾക്ക് നിലനില്ക്കാനാവില്ലായിരുന്നു. അതിനാൽ പണിയിടങ്ങളിൽ വച്ചാണിവർ ലൈംഗിക ചൂഷണത്തിനിരയായിക്കൊണ്ടിരുന്നത്.

മുക്കുവത്തിയായ ചെമ്മരത്തിയെ അനന്തൻ സംബന്ധം ചെയ്തതാണ്. സ്വജാതിയിൽ നിന്നു വിവാഹം കഴിക്കാനും കീഴ്ജാതിയിൽ നിന്നു സംബന്ധം ചെയ്യാനുമുള്ള സൗകര്യം ജന്മിത്തം അനുവദിക്കുന്നു. മേലാളന്റെ അധികകാമത്തെ ശമിപ്പിക്കാനുള്ള ഉപായമാണിത്. ഉപാധികളില്ലാത്ത ലൈംഗികതയാണ് അനന്തൻ ചെമ്മരത്തിയിലൂടെ ആസ്വദിക്കുന്നത്. ചെമ്മരത്തിയില്ലാത്ത ഒരു ജീവിതമില്ലെന്നും അവൾ തന്റെ കവിതയും ലഹരിയുമാണെന്നും അയാൾ ചിന്തിക്കുന്നു.(1998b:128) എന്നാൽ ഉച്ചിരയെ പരിചരിക്കുന്നതുമാത്രമേ തന്റെ ധർമ്മമായി അയാൾ കാണുന്നുള്ളൂ. അനന്തന്റെ നോട്ടത്തിൽ ഒരേ തട്ടിൽ ഉച്ചിരയും ചെമ്മരത്തിയും തൂങ്ങാത്തതിനുകാരണം ചെമ്മരത്തി കീഴ്ജാതിക്കാരിയായതാണ്. തനിക്കു വേണ്ടാത്ത കുഞ്ഞിനെയാണ് അവൾ പ്രസവിക്കാൻ പോകുന്നതെന്നറിഞ്ഞ് അനന്തൻ നടുങ്ങുന്നു. ഗാന്ധിസവും കോൺഗ്രസുമെന്നപോലെ അനന്തന് സംബന്ധവും ഒരു ഫാഷനായിരുന്നു.

നിറയൂരെ സാമൂഹ്യപ്രവർത്തകനും കലാകാരനുമായ കോമൻനായർക്ക് സുന്ദരികളായ കീഴാളപെൺകുട്ടികൾ രുചിക്കാനുള്ള വിശിഷ്ടഫലങ്ങളാണ്. ബലാൽക്കാരത്തിനിരയായ തിരുമാലയെക്കുറിച്ചോർത്തപ്പോൾ വെള്ളക്കാരനോട് അയാൾക്ക് അസൂയയാണത്രേ തോന്നിയത്(1998b:104) എടപ്പത്തിൽ തിരുമാലയെ വിളിച്ചു പണിക്കു നിർത്തുന്നുണ്ടയാൾ. ഭാര്യയായ രുക്മിണിയെക്കുറിച്ചും കീഴാളപ്പെണ്ണായ തിരുമാലയെക്കുറിച്ചും കോമൻ നായർ ചിന്തിക്കുന്നു. ''രുക്മിണിക്കില്ലാത്ത ഒരു വശ്യത അവൾക്കുണ്ട്. രുക്മിണി അറയിൽ കെട്ടിത്തൂക്കിയ ഒരു പഴക്കുലയാണ്. ഓരോ സന്ദർഭത്തിൽ തനിക്കു വേണ്ടത് ഉരിഞ്ഞെടുത്തനുഭവിക്കാം. തിരുമാല കിനാവള്ളിയിൽ ഞാന്നു കിടക്കുന്ന ഒരു മധുരഫലം. കൈയേന്തിയാൽ തൊടാം. ചാടിയിൽ അറുത്തെടുക്കാം. അമൃതു നിറച്ചഫലം'' **(1998b:106)** കൂമൻകൊല്ലിയിലെ അടിയാളപെണ്ണായ ബന്ദി ആത്മഹത്യ ചെയ്തത് ഒരു പ്രണയനൈരാശ്യത്താലാണ്. മതപ്രചരണത്തിനെത്തിയ അച്ചനാണിവിടെ ബന്ദിയെ ലൈംഗികമായ ചൂഷണം ചെയ്യുന്നത്.

### 5.2. സ്ത്രീയനുഭവത്തിന്റെ വർഗ്ഗതലം

വർഗപരവും വർണപരവുമായ വിഭജനങ്ങളിൽ സ്ത്രീയവസ്ഥ പ്രത്യേക പരിഗണിക്കേണ്ടതുണ്ട്. ഏതുവർഗ്ഗത്തിൽ പെടുന്നവളായാലും സ്ത്രീയെന്ന നിലയിൽ ചുമക്കേണ്ടി വരുന്ന അധ്വാനവും ഉത്തരവാദിത്തങ്ങളും അവർക്കുണ്ട്. ''പ്രവൃത്തിയുടേയും

വരുമാനത്തിന്റേയും അടിസ്ഥാനത്തിലുള്ള വർഗവ്യത്യാസം സാധുവാകുന്നത് പുരുഷനെ സംബന്ധിച്ചു മാത്രമാണ്''. (ഗീത പി. 1999:29). ആരും മരിക്കുന്നില്ല എന്ന നോവലിലെ ആര്യങ്കോട്ടമ്മയുടേയും കൂമൻകൊല്ലിയിലെ ബന്ദിയുടേയും സുനന്ദയുടേയും ജീവിതാനുഭവങ്ങൾ ഇതിനു തെളിവാണ്.

### 5.2.1. ആരും മരിക്കുന്നില്ല

ആര്യങ്കോട്ടു കുന്നും താഴ്വരയും വിലയ്ക്കെടുത്ത് വലിയ വീടും തൊഴുത്തും പണിയിച്ച് താമസമാക്കിയ സാഹസികനായ കാരണവരുടെ ഭാര്യയാണ് ആര്യങ്കോട്ടമ്മ. തീർത്ഥാടകനും കാമകലാകോവിദനുമായിരുന്നു കാരണവർ. കന്നുകാലികളെ നോക്കാനാണ് കൊല്ലിമൂലയിൽ ചാത്തുവിനേയും കുടുംബത്തേയും പാർപ്പിച്ചത്. ''തറവാട്ടിൽ ഞാനും തൊഴുത്തിൽ പശുക്കളും പെറ്റുകുട്ടി തിന്നാൻ വായകളേറെയുണ്ടായി''(1998e:14) എന്ന് സ്വന്തം ജീവിതാവസ്ഥ ആര്യങ്കോട്ടമ്മ ഗിരിജയോടു പറയുന്നു.

''ചുമന്ന് ചുമന്ന് എന്റെ ചുമലിടിഞ്ഞു. അരവിന്ദനെ ഒക്കത്തിരുത്തി ഞാൻ ഞാറു പറിച്ചിട്ടുണ്ട്. അവൻ കൈക്കുഞ്ഞായിരുന്നപ്പോൾ എനിക്കു പത്തു കൈകളുണ്ടായിരുന്നാലും തീരാത്ത പണിയായിരുന്നു. ... പെണ്ണായി ഒരു ജന്മം തരരുതേ. ഈ ശാപം ആർക്കും കിട്ടരുതേ''(1998e:87) എന്ന പ്രാത്ഥന തറവാട്ടമ്മയിൽ നിന്നുണ്ടാകുന്നു.

### 5.2.2. കൂമൻകൊല്ലി

പഠിപ്പും പരിഷ്കാരവുമുള്ളവളായിരുന്നു ഗംഗ. സർക്കാരാഫീസിലെ പകർപ്പെഴുത്തു ഗുമസ്തനാണ് ഭർത്താവ് ഭരതൻ. ദാമ്പത്യ ജീവിതം അവളെ പതുക്കെപ്പതുക്കെ നിശ്ശബ്ദയാക്കുന്നു. ഭർത്താവിന്റെ കൂട്ടുകാർക്ക് വച്ചുവിളമ്പലായി പ്രശ്ന ജോലി. ഇതൊരു വീടല്ല. താല്ക്കാലിക താവളം മാത്രമാണ്. ഇതൊരു മൃഗശാലയിലെ കൂടാണ്. ഇതിനകത്ത് എത്രയോപേർ കയറിവരുന്നു. ഭക്ഷണം കഴിക്കുന്നു. ഇറങ്ങിപ്പോകുന്നു. അവർക്കുള്ള ഭക്ഷണം എടുക്കുന്നതിനിടയിൽ ഗംഗ സ്വയം നഷ്ടപ്പെടുന്നു. അവൾ അടുക്കളയിലെ പാത്രങ്ങളിൽ ഒന്നായി മാറുന്നു(1998d:180)

കൂമൻകൊല്ലിയിലെ സമ്പന്ന ഗൃഹങ്ങളിലൊന്നായി കുന്നത്തു കളത്തിലെ സന്തതിയാണ് സുനന്ദ. കുന്നത്തുകളം കൂമൻകൊല്ലിയുടെ കൊട്ടാരവും സുനന്ദ അവിടത്തെ റാണിയുമാണെന്ന് നാട്ടുകാർ പറയുക. നാട്ടിൽ ഭാര്യയും അഞ്ചു മക്കളുമുള്ള കൃഷ്ണനുണ്ണിയുടെ വെപ്പാട്ടിയായാണ് സുനന്ദ കഴിയുന്നത്. വിവേകവും ബുദ്ധിയുമുള്ള സ്ത്രീയായിരുന്നു അവർ. മറ്റുള്ളവർ പാഴ്വാക്കുകൾ കൊണ്ടു പരിക്കേല്പിക്കുന്ന സുന്ദരി. സുനന്ദയെ കൃഷ്ണനുണ്ണി പുറത്തേക്ക് കൊണ്ടു പോകാനാഗ്രഹിച്ചില്ല. സുന്ദരിയായ അവൾ തനിക്ക് നഷ്ടപ്പെട്ടു. പോകുമോ എന്ന ഭീതിയായിരുന്നു അയാൾക്ക്. തനിക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് അവൾ കീറിയ മുണ്ടുകൾ ഇഴയിട്ടു. സൈ്വറ്ററിന്റെ

സുഷിരം കമ്പിളിനൂലുകൊണ്ടു തയ്ച്ചു. ഷർട്ടിന്റെ ബട്ടണുകൾ ഉറപ്പിച്ചു. കൃഷ്ണനുണ്ണിയെ കൂടുതൽ മനസിലാക്കാൻ ആഗ്രഹിച്ചില്ല. അയാൾ താഴ്വരയിലെത്തുന്ന നാളുകളിൽ മാത്രം അവൾ എട്ടുകെട്ടിലെ വലിയ കിടപ്പറ തുറന്നു. (1998d:115)

**5.2.3. ചാവേർ**

കീഴാള സ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിലെ സാമ്പത്തികഘടകങ്ങളുടെ പങ്ക് കൂമൻകൊല്ലിയിലും നമ്പരുകളിലും ചാവേറിലും തെളിയുന്നുണ്ട്. ദരിദ്രയാണെങ്കിലും പണമുണ്ടാക്കാനും സുഖിച്ചു ജീവിക്കാനും വേണ്ടി അന്തസും അഭിമാനവും പണവും വയ്ക്കാൻ തയ്യാറില്ലാത്ത കാരിച്ചിയമ്മ അനന്തന്റെ സംബന്ധക്കാരിയായ ചെമ്മരത്തിയോട് ക്ഷോഭിക്കുന്നുണ്ട് ചാവേറിൽ. ദാരിദ്ര്യം അടിയാളപെണ്ണുങ്ങളെ അവിഹിതമാർഗ്ഗങ്ങളിലേക്കു തിരിക്കുന്നുവെന്ന് കാരിച്ചിയുടെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

''പണക്കാരെ പാട്ടിനു പുടിച്ചാ എനക്കും നെന്നെപ്പോലെ സാരി ചിറ്റി നടക്കായിരുന്നു. ഇച്ചെക്കനു കഞ്ഞികൊടുക്കാൻ അരി കരിഞ്ചന്തേന്ന് വാങ്ങായിനു. എടീ പണക്കാർക്കു പത്തു പെണ്ണുങ്ങളെ പുലർത്താം. ഞാനൊരുത്ത്യേ പുലർത്താൻ കഴിയാഞ്ഞിറ്റാ എന്റെ പെരുവണ്ണാൻ തൂങ്ങിച്ചത്തത്''(1998b:260). കൂമൻകൊല്ലിയിലെ മതപ്രചാരകസംഘം ആദിവാസികളെ പ്രലോഭിപ്പിക്കുന്നത് അവർക്ക് ഉണ്ണാനും ഉടുക്കാനും നല്കിയാണ്. ഡാനിയേലച്ചൻ ബന്ദിയെ പ്രാപിക്കുന്നത് ഇതിന്റെ തുടർച്ചയായിട്ടാണ്. അനന്തൻ മാസ്റ്റർ ഇങ്ങനെ ചിന്തിക്കുന്നു.

''ഈ ചായ്പ് ഒരു മണിയറയാക്കാൻ തനിക്ക് എളുപ്പമായിരുന്നു. തുണിയലക്കിത്തരാൻ വരുന്ന കാളിയും സ്ക്കൂൾ തൂത്തുവാരാൻ വരുന്ന ബന്ദിയും പാദസ്വരങ്ങളുടെ കളസ്വനം കേൾപ്പിച്ചു കൊണ്ട് അവിടെ തങ്ങിനിൽക്കാറുണ്ടായിരുന്നു. അവരുടെ മുമ്പിൽ താനൊരു ചെകിടനായി, മന്ദബുദ്ധിയായി, ഷണ്ഢനായി അഭിനയിച്ചതെന്തിന് അലിയുടെ കടയിലെ കടുപ്പമുള്ള ചായയും കുന്നത്തുകളത്തിലെ സുനന്ദയുടേതു പോലുള്ള പുള്ളി ജാക്കറ്റും കാംക്ഷിച്ചിരുന്ന ബന്ദിയെ ഒരുപരിഷ്കാരിയാക്കാമെന്ന് തനിക്കു പ്രലോഭിപ്പിക്കാമായിരുന്നു. ഒരു മുടിപ്പിന്ന്, റോൾഡ് ഗോൾഡിന്റെ ഒരു മാല, ഒരു ജോഡി കല്ലുവളകൾ, ഒരു സിന്ദൂരച്ചെപ്പ് കൊച്ചു കൊച്ചു സമ്മാനങ്ങൾ കൊണ്ട് ഇളകിത്തുള്ളുന്ന കാളി. ഇക്കരെയെത്താൻ ഉത്സുകരായിരുന്നവർ. ചുവന്ന സന്ധ്യകളിൽ ഇരുണ്ട അക്കരെകുടിലുകളിലേക്കു തിരിച്ചുപ്പോകാൻ അവർക്കെന്നും മടിയായിരുന്നു. നാളെ കഴുകുമ്പോൾ നിറം മങ്ങുമെന്നു വച്ച് ഇന്ന് ഒരു പുള്ളിക്കുപ്പായം ഇടാതൊക്കുമോ തന്റെ വിഢ്ഢിത്തമോർത്ത് അനന്തന് ചിരിവന്നു''(1998b:125)

### 5.2.4. നമ്പരുകൾ

നമ്പരുകളിലെ നാരായണിക്ക് ശരീരം വിൽക്കേണ്ടി വന്നത് ദാരിദ്ര്യം ഒന്നുകൊണ്ടുമാത്രമാണ്. മക്കളെ പുലർത്തുന്നതിലോ അധ്വാനിക്കുന്നതിലോ ഉത്തരവാദിത്തം കാണിക്കാത്ത ഭർത്താക്കവാണ് അവളെ ഈയവസ്ഥയിലെത്തിക്കുന്നത്.

### 5.2.5. പാളയം

സ്ത്രീകളുടേതു മാത്രമായി കണക്കാക്കപ്പെടുന്ന ഉത്തരവാദിത്തങ്ങളാണ് കുടുംബ പരിപാലനവും കുട്ടികളെ വളർത്തലും. പാളയത്തിലെ മധ്യവർഗ ഉദ്യോഗസ്ഥകൾ മാതൃ ധർമ്മത്തിലും ശിശുപരിപാലനത്തിലും തളച്ചിടപ്പെട്ടവരാണ്. എന്നാൽ അവരുടെ ഭർത്താക്കന്മാർ കൂടുതൽ അധികാരവും സമ്പത്തും സുരക്ഷിതത്വവും ആസ്വദിക്കുന്നു. മധ്യ വർഗ്ഗ ഉദ്യോഗസ്ഥകളുടെ കഥ പറയുന്ന നോവലാണ് പാളയം. ഗേൾസ് ഹൈസ്ക്കൂളിലെ അധ്യാപികമാർ ഭൂരിഭാഗവും സമ്പന്നരുടെ ഭാര്യമാരാണ്. എന്നാൽ ജോലിസ്ഥലത്തും ഗൃഹാന്തരീക്ഷത്തിലും അവർ സംതൃപ്തരല്ല. ദാമ്പത്യം ഏറെ വിരസമാണവർക്ക്. ഗൃഹജോലികളും ഔദ്യോഗിക ജോലികളും ഒരുമിച്ചു കൊണ്ടുപോകാൻ പാടുപെടുന്നവർ.

തലസ്ഥാനത്ത് ഉയർന്ന ജോലിയുണ്ട് കൊച്ചമ്മിണിയുടെ ഭർത്താവിന്. കുടുസ്സായ ചെറിയ വീട്ടിൽ വാടകക്കു താമസിക്കുകയാണവർ. നാടുചുറ്റാനും ഉല്ലാസകേന്ദ്രങ്ങളിൽ പോയി ആസ്വദിക്കാനുള്ള മധ്യവർഗ്ഗമോഹങ്ങൾ കൊച്ചമ്മിണിക്കു സഫലമായില്ല. സ്റ്റൗ കത്തിച്ച് പച്ചരിച്ചോറുവച്ച്, കറിയുണ്ടാക്കി പപ്പടം കാച്ചി മകനെ കുളിപ്പിച്ച്, കുപ്പായമിടീച്ച് ചോറൂട്ടി അവൾ ജോലിക്കു പോകുന്നു.

വർഷങ്ങളായി യന്ത്രത്തെപ്പോലെ ജോലി ചെയ്യുന്ന അനുഭവമാണ് മിസിസ്സ് രാഘവന്റേത്. എക്സൈസ് കമ്മീഷണറായ ഭർത്താവ് ദൂരദേശത്താണ്. അവധിക്കാലത്ത് നാട്ടിൽ വന്ന് തിരിച്ചുപോകുന്ന ഭർത്താവ് ഇടയ്ക്കിടെ കത്തയച്ച് സ്നേഹം തെളിയിയ്ക്കുന്നു. വേനലവധിക്കാലം പോലും അവർ വിരസമായി തള്ളി നീക്കുന്നു. സ്വന്തം നാട്ടിൻ പുറവും വീടും അവർക്കൊരോർമ്മ മാത്രമായി. കണിശക്കാരനായ ഭർത്താവിന്റെ അനുവാദത്തോടെ മാത്രമേ പുറത്തു പോകാനാവൂ. പ്രായപൂർത്തിയായ മകളെപ്പോലും ബെൽറ്റുകൊണ്ടടിച്ച് കലിതീർക്കുന്നയാളാണ് ഭർത്താവ്.

ജോലിക്കാരിയായ മരുമകളെ സഹിക്കാത്ത അമ്മായിയമ്മയോടൊപ്പമാണ് സീതാലക്ഷ്മി കഴിയുന്നത്. പെൺകുട്ടികളെ മാത്രം പ്രസവിക്കുന്നത് അവളുടെ വലിയ കുറ്റമായി അമ്മായിയമ്മ ഉയർത്തുന്നു. ശുദ്ധാശുദ്ധങ്ങളില്ലാത്ത മൂധേവിയായതു കൊണ്ടാണ് ആൺകുട്ടികളെ പ്രസവിക്കാത്തതെന്ന് അമ്മായിയമ്മ. സീതാലക്ഷ്മിയുടെ വരുമാനത്തിന് കുടുംബത്തിൽ ഒരു വിലയുമില്ല. അതവളുടെ പോറ്റുകൂലിയായിട്ടാണ് ഭർത്താവും അമ്മയും

കണക്കാക്കുന്നത്. സ്നേഹവും സംതൃപ്തിയും ജീവിതത്തിലാവൾക്ക് ലഭിക്കുന്നില്ല. ദാമ്പത്യവും ഉദ്യോഗവും നിരർത്ഥകമായി സീതാലക്ഷ്മിക്കു തോന്നുന്നു.

ബാങ്ക് മാനേജരാണ് അമ്മുക്കുട്ടിയുടെ ഭർത്താവ്. സമൃദ്ധിയുടെ നടുക്കു ജീവിച്ച കുട്ടിക്കാലം. അച്ഛൻ ഇംഗ്ലീഷുകാരുടെ കമ്പനിയിലെ ഉദ്യോഗസ്ഥനായിരുന്നു. വിവാഹത്തോടെ ബാധ്യതകളും ദാരിദ്രവുമായി. വിരുന്നുകാരെ ഊട്ടിയാണ് അവർ തളർന്നത്. വരുന്നവർക്ക് ഇരുന്നു ക്ഷീണം തീർക്കാനുള്ള അത്താണിയാണവർ. ചിലപ്പോൾ അലക്കുകല്ലുപോലെ. ''വേണ്ടവർ തോന്നുമ്പോൾ വിഴുപ്പുകെട്ടുമായി ഇറങ്ങും. വേണ്ടുവോളം അലക്കി വെളുപ്പിച്ച തുണിയുമായിപോകും''. (1981:95)

ചിരിവിതറി, പരിമളം പരത്തി, ചേലത്തുമ്പു കാറ്റിൽ പരത്തി കാറിൽ വന്നിറങ്ങാറുള്ള മിസിസ്സ് രതിമോഹനെപ്പറ്റി അധ്യാപികമാർക്കിടയിൽ നല്ല അഭിപ്രായമില്ല. പ്രമാണിമാരുടെ കളിപ്പാവയായ മന്ത്രിയുടെ ഒത്താശയിലാണ് രതിമോഹൻ നഗരത്തിലെ സ്ക്കൂളിലെത്തിയത്. നഗരത്തിലെ വൻകിടഹോട്ടലുകളിൽ മാറിമാറിത്താമസിക്കുന്ന അവർ തേവിടിശ്ശിയായാണ് കരുതപ്പെടുന്നത്.

മക്കളോ ഭർത്താവോ ഉൾപ്പെടുന്ന വർഗ്ഗത്തിലല്ല സ്ത്രീയുടെ നില എന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. ''ഉയർന്ന വർഗ്ഗത്തിലോ മദ്ധ്യവർഗ്ഗത്തിലോപെടുന്ന പുരുഷന്റെ അമ്മയും ഭാര്യയും അയാളുടെ വർഗ്ഗത്തിനവകാശപ്പെടാവുന്ന ജീവിതസൗകര്യങ്ങൾ അനുഭവിക്കുന്നില്ല''.(ഗീത പി. 1999 :31).

എല്ലൻ വില്ലിസ് പറയുന്നു:

''ഉയർന്ന മധ്യവർഗ്ഗക്കാരൻ അഥവാ മധ്യവർഗ്ഗക്കാരൻ എന്ന വിളിക്കപ്പെടുന്ന ഒരു പുരുഷന് - അതിന്റെ അർത്ഥം കൃത്യമായി എന്തുതന്നെയായിരുന്നാലും പ്രത്യേക്ഷത്തിൽ തന്നെ തന്റെ ഇണയേക്കാൾ കൂടുതൽ സമ്പത്തും അധികാരവും സുരക്ഷിതത്വവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. മിക്ക സ്ത്രീകളും പൂർണമായോ ഭാഗികമായോ പുരുഷന്റെ പിന്തുണയെ ആശ്രയിച്ചു കഴിയുന്ന ഭാര്യമാരും അമ്മമാരുമാണ്. പുരുഷൻ നല്കുന്നത് അവന് തിരിച്ചെടുക്കാനും കഴിയും''. (സച്ചിദാനന്ദൻ 1990: 40). ഈ നിരീക്ഷണത്തെ ശരിവയ്ക്കുന്നതാണ് വത്സലയുടെ നോവലുകളിലെ മധ്യവർഗ്ഗ സ്ത്രീജീവിതം.

### 5.3. സ്ത്രീയനുഭവങ്ങളുടെ ലിംഗതലം

ചൂഷണത്തിന്റെ ലിംഗതലമാണ് സ്ത്രീയനുഭവത്തെ പുരുഷാനുഭവത്തിൽ നിന്നു വ്യത്യസ്തമാക്കുന്നത്. പുരുഷമേധാവിത്ത സമൂഹങ്ങളിൽ സ്ത്രീയെ ദ്വിതീയലിംഗജാതി ആയാണ് പരിഗണിക്കുന്നത്. സാമൂഹികവൽക്കരണ പ്രക്രിയയുടെ ഭാഗമായി രണ്ടാം ലിംഗജാതിയെന്ന പദവിയിലേക്കാണ് പെൺകുട്ടി പ്രവേശിക്കുന്നത്. സാമൂഹിക നിർമ്മിതിയായ ലിംഗ പദവി പെൺകുട്ടിയിൽ അപകർഷതയായും ആൺകുട്ടിയിൽ അഭിമാന

മായും (അഹന്ത) നിലനിൽക്കുന്നു.

ആൺകുട്ടികൾ അമ്മയിൽനിന്നു മോചനം നേടാൻ ശ്രമിക്കുന്ന ഈഡിപ്പൽ കലഹത്തിന്റെ ഘട്ടത്തിൽ അവൻ പുരുഷത്വത്തെക്കുറിച്ച് ഭ്രമകല്പനകൾ നെയ്ത് സ്ത്രീകളെ പുച്ഛിക്കാൻ ശീലിക്കുന്നു പിതാക്കന്മാർ ഇതിനെ പ്രോത്സാഹിപ്പിക്കുന്നു (സച്ചിദാനന്ദൻ 1990:34). കീഴടക്കുന്നവൻ എന്ന നിലയിൽ ആധിപത്യപരമായി പുരുഷത്വവും കീഴടക്കപ്പെടുന്നവൾ എന്ന നിലയിൽ വിധേയത്വത്തോടെ സ്ത്രീത്വവും നിർവചിക്കപ്പെട്ടു. ശരീരവും ബാല്യകൗമാരങ്ങളും യൗവനവുമെല്ലാം സ്ത്രീക്കു പീഡാകരമാവുന്നത് ഈ സാമൂഹിക സാംസ്കാരിക സാഹചര്യത്തിലാണ്.

കുടുംബത്തിനകത്തു നിന്നോ പുറത്തുനിന്നോ അനുഭവിക്കേണ്ടി വരുന്ന ശാരീരിക ലൈംഗികാക്രമങ്ങൾ പെൺകുട്ടിക്ക് ശരീരം ഒരു ബാധ്യതയാണെന്ന ഭീതിയുണ്ടാക്കുന്നു. തകർച്ച യിലെ സരസുവിന് സുഭദ്രേടത്തിയുടെ വീട്ടിൽ നിന്നാണ് ഈയനുഭവം നേരിടുന്നത്. ശരീരത്തിന്റെ പരിശുദ്ധി നഷ്ടമായെന്ന ചിന്തയാണവളെ മാനസികമായ തകർച്ചയിലെത്തിക്കുന്നത്. "തകർന്നിരിക്കുന്നു. താനും തന്റെ സർവവും" (1968:316) റോസ്മേരിയുടെ ആകാശങ്ങളിൽ റോസ്മേരിക്ക് സ്വന്തം വീട്ടിൽ വച്ച് അപ്പനിൽ നിന്നും കടന്നാക്രമണം നേരിടുന്നു. സ്വയരക്ഷയ്ക്കായാണവൾ നാടു വിടുന്നത്. "ഉടഞ്ഞുപോയ കുപ്പിവളകളുടെ ദന്തക്ഷതങ്ങൾ. അതിന്റെ നീറ്റൽ അവളറിഞ്ഞില്ല. ചുവപ്പ് മാഞ്ഞ് കറുത്തു നീലിച്ച പാടുകൾ. ഇത് എന്റെ സ്ത്രീത്വത്തിനേറ്റക്ഷതമാണല്ലോ എന്റെ കർത്താവേ" (1993:24)

വിലാപത്തിൽ മാളുണ്ണി സ്വന്തം ശരീരത്തിന്റെ വളർച്ചയില്ലായ്മയിൽ അപകർഷപ്പെടുന്നുണ്ട്. പ്രായത്തിൽ കവിഞ്ഞ ശരീരവളർച്ച നേടിയ ആമിനയുമായി അവൾ തന്നെ താരതമ്യം ചെയ്യുന്നു. "മാളുണ്ണി അവളുടെ മെലിഞ്ഞുണങ്ങിയ പുള്ളിക്കമ്പുകളിലേക്കും നിരപ്പായ മാറിടത്തിലേയ്ക്കും നോക്കി" (1998a:64) താനെന്നാണ് വളർന്നു യുവതിയാവുക എന്നാണവൾ സങ്കടപ്പെട്ടുകൊണ്ടിരുന്നത്. വിവാഹജീവിതത്തിലേക്ക് ഇളം പ്രായത്തിൽ ആമിനയെ കൊണ്ടെത്തിച്ചതും അവളുടെ ശരീരവളർച്ചയാണ്. പുറത്തിറങ്ങാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടതോടെയാണ് ശരീരം എന്ന ബാധ്യത ആമിനയെ അലട്ടിയത്. കാമാസക്തമായ പുരുഷനോട്ടങ്ങൾക്ക് വിധേയമായിരുന്നു ചാവേറിലെ കീഴാള സ്ത്രീശരീരം. ചെമ്മരത്തിയെന്ന പൂവിലൂറുന്ന മധുവായിരുന്നു അനന്തന്റെ ആകർഷണം. മേൽപ്പാലത്തിൽ കാളി തന്റെ വളർച്ച മുറ്റിയ മാറിടത്തെ ഭയത്തോടെയും അപകർഷതയോടെയും കാണുന്നു. "തന്റെ വളർച്ച മുഴുവനും അസാധാരണമാംവിധം തയ്യാറായി നില്ക്കുന്ന മാറിടത്തിലാണെന്നു കണ്ട് അവൾ അന്ധാളിപ്പോടെ ചുറ്റും നോക്കി" (2007: 87) കഴുത്തിനെ കീഴെയുള്ള വളർച്ച തീർത്തും പ്രാകൃതമാണെന്നും തനിക്കെന്തോ സംഭവിച്ചു കൊണ്ടിരിക്കുകയാണെന്നും അവൾ ഭയപ്പെട്ടു.

ശരീരവളർച്ചയിലെ അപകടം അറിയാവുന്ന വീട്ടുകാർ അവളെ വീട്ടുവേലയിൽ നിന്നും ഒഴിവാക്കുന്നു. ''അവളുടെ മാറിടം വളരാൻ തുടങ്ങിയപ്പോഴാണ് വല്യമ്മയുടെ മകൾ അവളെ തിരിച്ചയയ്ക്കാൻ ചിന്തിച്ചു തുടങ്ങിയത്''(2007:95)

സ്നേഹരഹിതമായ ലൈംഗികതയാണ് ആരും മരിക്കുന്നില്ല എന്ന നോവലിലെ ഗിരിജയെക്കൊണ്ട് ശരീരം ഒരു ഭാരമാണ്.( 1998e:17)എന്ന് തോന്നിപ്പിക്കുന്നത്. ഭർതൃമ തിയാണ് എന്ന ഒറ്റച്ചിന്തകൊണ്ടാണ് ലൈംഗികവിധേയത്വം പ്രകടിപ്പിക്കേണ്ടി വരുന്നത്. ശങ്കരൻ നായനാരിൽ നിന്ന് ഗൗരിക്കുണ്ടാകുന്നതും ഇതേ അനുഭവം തന്നെ.

ശുദ്ധമായ ലൈംഗികാനന്ദം തേടി നടന്ന ഡാനിയേലച്ചന്(കൂമൻകൊല്ലി) ബന്ദി ഒരുസൗഗന്ധികപ്പൂവായിരുന്നു. ''അവളുടെ കടുന്നീലയിൽ പൊതിഞ്ഞു സൂക്ഷിച്ച നവ യൗവനം''(1998d:132)ആസ്വദിച്ച് അയാൾ നാടുവിടുന്നു. ഡാനിയേലച്ചൻ മടങ്ങി വരില്ലെന്ന് മനസിലായപ്പോൾ അപമാനഭാരവും പാപചിന്തയും ബന്ദിയെ ആത്മഹത്യയിലെത്തിച്ചു.

ശരീരവും സൗന്ദര്യവുമാണ് ചാവേറിലെ താലക്കും തിരുമാലക്കും ചതിക്കുഴിക ളായത്. വെള്ളക്കാരനാൽ ബലാൽക്കാരത്തിനിരയായ തിരുമാല തീർത്തും ഒറ്റപ്പെടുന്നു. കൈയേന്തിയാൽ തൊടാവുന്ന ചാടിയാൽ അറുത്തെടുക്കാവുന്ന അമൃതുനിറച്ചഫലമാ യാണ് കോമൻനായർ തിരുമാലയെ കണ്ടത്.(1998b:106)

സ്ത്രീയുടെ ബാല്യകൗമാരങ്ങളോ യൗവനമോ ലൈംഗികമായി സുരക്ഷിതമല്ലെന്ന് ഇതു തെളിയിക്കുന്നു. ആക്രമിക്കപ്പെടാവുന്ന അവസ്ഥയാണ്. വീടിനകത്തും പുറത്തും ഉള്ളത്. ദാമ്പത്യത്തിനുള്ളിൽ രതി പോലും പുരുഷന്റെ ഏകപക്ഷീയമായ ബലാൽക്കാര മായി അനുഭവപ്പെടുകയാണ് സ്ത്രീയ്ക്ക്.

### 5.3.2. ബാല്യകൗമാരങ്ങൾ

നിരവധി വിലക്കുകളിലൂടെ കടന്നു പോകുന്ന പെൺകുട്ടിക്കാലം വിലാപം നിഴ ലുറങ്ങുന്ന വഴികൾ എന്നീ നോവലുകളിൽ കാണാം. സ്ത്രീയെന്ന സാംസ്കാരിക സ്വത്വം സൃഷ്ടിക്കപ്പെടുന്നതിനു പിന്നിൽ നിരവധി വിധി നിഷേധങ്ങൾ പ്രവർത്തിക്കുന്നു. ഇഛാ ശക്തിയും തന്റേടവും ഇല്ലാതാക്കി, സ്ത്രീയെ മാറ്റുന്ന അനുഭവങ്ങളാണിവ.

#### 5.3.2.1. നിഴലുറങ്ങുന്ന വഴികൾ

തന്റേടവും ധൈര്യവും കുട്ടിക്കാലത്തു മാധവിക്കുണ്ടായിരുന്നു. പെണ്ണായതു കൊണ്ട് അവളുടെ വികൃതികൾക്കു നല്ല തല്ലുകിട്ടി. എത്ര അടികൊണ്ടാലും അവൾ കര യില്ല. ആരുടെ നേർക്കും തിരിഞ്ഞു നിന്നു മറുപടി പറയും. ഭാസ്കരനെ തള്ളിയിട്ടതിന് അമ്മ തലങ്ങും വിലങ്ങും അടിച്ചു. ''അവളൊരു പെങ്കുട്ട്യല്ലെ'' (1998f:9) എന്നന്യായത്തി ലാണ് ഭാസ്കരനെ രക്ഷിക്കുകയും അവളെ ശിക്ഷിക്കുകയും ചെയ്തത്.

“ആള്വോള് എന്താ വിചാരിയ്ക്ക്യാ വയസ്സരീക്കാറായ ഒരു പെണ്ണ വയൽവക്കത്തു നിന്നാൽ, മോന്തി നേരം” (1998f:7) എന്ന് മുത്താച്ചി ആ വാശിക്കാരിയോട് ചോദിക്കുന്നുണ്ട്. നീയൊരു പെങ്കുട്ട്യല്ലേ (1998f:7) പോട്ടെ മോളേ നീ പെങ്കുട്ട്യല്ലേ ക്ഷമിച്ചാളാ (1998f:9) എന്ന് ചിരുതേയ്യമ്മ.

അവൾക്ക് ഈറ വന്നു. “ഒരു പെൺക്കുട്ടിയാണെന്നും പറഞ്ഞ് എല്ലാവർക്കും തോണ്വേതു ചെയ്യാം. നല്ല കാര്യം ആ പീറച്ചെറുക്കൻ എന്നിട്ട് സുജായിയായിട്ടു നടക്കേം(1998f:7).

താനൊരു പെണ്ണാണെന്ന് നിരന്തരം ഓർമ്മപ്പെടുത്തുന്നതായിരുന്നു കുട്ടിക്കാലം. ആൺകുട്ടിക്കും പെൺകുട്ടിക്കും സ്ഥാനം രണ്ടാണെന്നവളറിഞ്ഞു. അവൾക്കുചുറ്റും അരുതുകളെക്കൊണ്ട് അവൾ കമ്പിവേലി കെട്ടി. മാഞ്ചില്ലയിലെ പഴുത്ത മാങ്ങ പറിക്കാൻ കയറുമ്പോൾ തോർത്തും സോപ്പുമെടുത്തു കവുങ്ങിൻ തോട്ടത്തിലേക്കു കുളിക്കാനോടുമ്പോൾ എല്ലാം അവളെ വിലക്കും. “അനങ്ങാതെനിന്നോ ഞാനാ പറയണത് അനങ്ങാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ട അവർ നിന്നുകൊടുത്തു”(1998f:33)

#### 5.3.2.2.വിലാപം

“പെൺകുട്ട്യോളെ ആൺകുട്ട്യോളെപ്പോലെ വളർത്തരുതെന്ന്” (1998a:190) മാളുണ്ണിയുടെ മുത്തശ്ശി പറയാറുണ്ട്. പുഴക്കരയിലൂടെ നിലാവത്ത് മുത്തശ്ശന്റെ കൂടെ നടക്കാൻ മാളുണ്ണി തുനിഞ്ഞപ്പോൾ അയ്യപ്പൻ വിലക്കി “നടന്നൂടാ നട്ടപ്പാതിരക്കു പെൺകുട്ടികൾ നിലാവത്തിറങ്ങി നടന്നൂടാ” (1998a:188). ഒരു പെൺകുട്ടിയുടെ വാക്കുകൾക്കോ കണ്ണീരിനോ യാതൊരു വിലയുമില്ലെന്ന് മാളുണ്ണി അറിഞ്ഞു. കുടുംബത്തിന്റെ മനശ്ശാന്തി കെടുത്തുന്നവരാണ് പെൺകുട്ടികളെന്നും. “നിരവധി കണ്ണുകളുടെ തടങ്കലിലാണ് പെൺകുട്ടി.”(1998a:186) ചിരിക്കാനും കളിക്കാനുമുള്ള ഒരു കുട്ടിക്കാലം ആമിനക്കു കിട്ടിയില്ല. അവളുടെ ഒരേയൊരു കൂട്ടുകാരി മാളുണ്ണിയായിരുന്നു. ശരീരത്തിന്റെ വളർച്ച അവളെ വലിയൊരു പെണ്ണാക്കി. അതോടെ വീടിനു പുറത്തിറങ്ങിക്കൂടടെന്ന വിലക്കു വീണു. അടിന്റെ താടിയും കാലകോഴിയുടെ ഒച്ചയുമുള്ള ഉറുക്കുമൊയില്യാരെ ആമിന ഭയപ്പെട്ടു. “മൊയില്യാരെ കരുതിക്കോ ആമിനാ അയാളന്നെ ഒരു ചൈത്താനാ” (1998a:93) എന്ന് ആണ്ടിയുടെ പെണ്ണിന്റെ മുന്നറിയിപ്പ് അവളുടെ സുരക്ഷിതത്വബോധം കെടുത്തി.

#### 5.3.2.3. റോസ് മേരിയുടെ ആകാശങ്ങൾ

ബാല്യകാലത്തെക്കുറിച്ചുള്ള റോസ്മേരിയുടെ ഓർമ്മകളിൽ അപ്പൻ ഭീതിയായി കടന്നു വരുന്നു. “റോസ്മേരി തന്റെ കൈത്തണ്ടിൽ മിഴിയൂന്നി. ഒരു കാലത്ത് ബാല്യസ്വപ്നങ്ങൾ പോലെ വിവിധ വർണാഞ്ചിതമായ കുപ്പിവളകൾ ഇട്ടിരുന്ന കൈ. കുപ്പിവളകൾ അവളുടെ കൈകളിൽ എളുപ്പത്തിൽ ഉടഞ്ഞുതീർന്നു. മഴക്കാലത്തെ നിറഞ്ഞുപത

ഞ്ഞൊഴുകുന്ന തോട്ടിൽ നിന്ന് അപ്പൻ കൈപിടിച്ചു കര കയറ്റിയപ്പോൾ അവസാനത്തെ ചുവന്ന വളകൾ ചെളിയിൽ മുറിഞ്ഞു വീണു. എന്നല്ല അതിൽ ചവിട്ടി അവളുടെ കാൽവിരലിൽ മുറിവുണ്ടായി. ആ മുറിവ് നിഗൂഢമായി കരളിൽ എത്തിയെന്ന് അറിയാൻ പിന്നേയും വേണ്ടി വന്നുവല്ലോ..... വർഷങ്ങൾ'' (1993:97)

### 5.3.3. വിവാഹം, ദാമ്പത്യം

സ്ത്രീയുടെ സ്ഥാനം നിർണയിക്കുന്നത് പുരുഷനുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. മകൾ പെണ്ണ് കുടുംബത്തിന്റെ ബാധ്യതയാണെന്നത് പാരമ്പര്യ സമൂഹത്തിന്റെ മാത്രമല്ല ആധുനിക സമൂഹത്തിന്റെയും വിശ്വാസത്തിലുൾച്ചേർന്നു കിടക്കുന്നു. പുരുഷൻ സമൂഹത്തിന്റെയും കുടുംബത്തിന്റെയും സമ്പത്തും സ്ത്രീ ബാധ്യതയുമായിത്തീരുന്നത് പുരുഷമൂല്യങ്ങളുടെ ആധിപത്യത്തെയാണ് കാണിക്കുന്നത്. പുരുഷകേന്ദ്രിത കുടുംബ വ്യവസ്ഥ മകന് പ്രാധാന്യം കൊടുക്കുന്നു. പിതാവ്, ഭർത്താവ്, പുത്രൻ എന്നിവരാൽ സംരക്ഷിക്കപ്പെടേണ്ടതാണ് സ്ത്രീയുടെ ജീവിതം എന്ന് മനുസ്മൃതി(2006:376) പറയുന്നു. പുരുഷനുമായി ബന്ധപ്പെടുത്തി മാത്രം സ്ത്രീയുടെ സ്ഥാനം നിർണയിച്ച പ്രാചീന ഹൈന്ദവ സമൂഹത്തിന്റെ രേഖയാണ് മനുസ്മൃതി. ഈയർത്ഥത്തിൽ പുരുഷൻ സമൂഹത്തിന്റെയും കുടുംബത്തിന്റെയും ആവശ്യമാണ്. വിവാഹം എന്ന സങ്കല്പം തന്നെ ഇതിന്റെ സാക്ഷാത്കാരമാണ്. പെൺകുട്ടികളാണെങ്കിൽ വിവാഹം കഴിപ്പിച്ചയയ്ക്കലാകുന്നു രക്ഷിതാക്കളുടെ പ്രധാന ചുമതല. "മറ്റേതു വസ്തുവിനേയും പോലെ ദാനം ചെയ്യാനുള്ള വസ്തുവാണ് കന്യകയെന്ന് മനു സ്ഥാപിച്ചു. കൊടുക്കപ്പെടുകയും വാങ്ങപ്പെടുകയും ചെയ്യുന്ന കന്യകയ്ക്ക് വിവാഹവിഷയത്തിൽ കർതൃത്വമില്ല''. (ഗീത പി. 2000:77) വിവാഹത്തിനു മുമ്പ് സ്ത്രീയുടെ ഉടമ അച്ഛനെന്ന പുരുഷനാണെങ്കിൽ വിവാഹശേഷം അത് ഭർത്താവെന്ന പുരുഷൻ ഏറ്റെടുക്കുകയാണ്. ഒരു പുരുഷനിൽ നിന്ന് മറ്റൊരു പുരുഷനിലേക്കുള്ള സ്ത്രീയുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റമായി വിവാഹം മാറുന്നു. ദാമ്പത്യവും വിവാഹവും സ്ത്രീയെ സംബന്ധിച്ച് നിലനില്പിന്റെ പ്രശ്നമാണ്.

വിവാഹിതയായ സ്ത്രീ അവിവാഹിതയേക്കാൾ മാനിയ്ക്കപ്പെടുന്നു. തന്റേതല്ലാത്ത കുറ്റം കൊണ്ട് വിധവയാകുന്നവളും സമൂഹത്തിൽ അവഗണിക്കപ്പെടുന്നു. പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ പെൺകുട്ടികളെ വിവാഹം ചെയ്തയക്കാനുള്ള രക്ഷിതാക്കളുടെ താല്പര്യം ഇങ്ങനെയാണുണ്ടാകുന്നത്.

അവിവാഹിതയും വിധവയും സമൂഹത്തിനു ഭാരമാണ്. സ്ത്രീ തനിക്കു തന്നെ ഭാരമായി സ്വയം തിരിച്ചറിയുന്നു. സ്ത്രീ വിരുദ്ധമായ ഇത്തരം പാരമ്പര്യ സങ്കല്പങ്ങളുടെ പശ്ചാത്തലത്തിലാണ് ആരും മരിക്കുന്നില്ല, അരക്കില്ലം നിഴലുറങ്ങുന്ന വഴികൾ എന്നീ നോവലുകളിലെ സംഘർഷം രൂപപ്പെടുന്നത്. ദാമ്പത്യത്തിൽ സ്ത്രീയുടെ സ്ഥാനം രണ്ടാം കിടയാണ്. സ്ത്രീധർമ്മങ്ങൾ പുരുഷനാൽ നിർണയിക്കപ്പെട്ടു കഴിഞ്ഞതാണ്. അതു

സ്വജീവിതത്തിലനുഷ്ഠിക്കുമ്പോൾ മാത്രമേ സ്ത്രീക്കു മാന്യത ലഭിക്കുന്നുള്ളൂ

#### 5.3.3.3. ആരും മരിയ്ക്കുന്നില്ല

ആര്യങ്കോട്ടു തറവാട്ടിലെ മൂത്തപുത്രനായ ഗോപീകൃഷ്ണൻ ഗിരിജയെ ഭാര്യയായി തെരഞ്ഞെടുക്കുന്നത് അവളുടെ സൗന്ദര്യത്തിലാകൃഷ്ടനായിട്ടാണ്. അവളുടെ ബുദ്ധിയും ചിന്താശേഷിയും അയാളെ സംബന്ധിച്ച് അനാവശ്യമാണ്. ആര്യങ്കോട്ടു തറവാട്ടിലെ അദൃശ്യമായ പിതൃസാന്നിദ്ധ്യത്തിൽ തറവാട്ടമ്മയിലൂടെയാണ് തറവാട് ഭരിക്കപ്പെടുന്നത്.

ഭാര്യയിൽ അധികാരം പ്രയോഗിക്കുന്ന ഭർത്താവാണ് ഗോപീകൃഷ്ണൻ. അയാളെ ഭരിക്കുന്നത് പാരമ്പര്യത്തിൽ നിന്നാർജ്ജിച്ച പുരുഷമൂല്യങ്ങളാണ്. കാരണവരുടെ അവിഹിതങ്ങളെപ്പോലും വീരാരാധനയോടെ ആദരിക്കുന്ന തറവാട്ടമ്മയാണ് അയാളുടെ അമ്മ. അമ്മയിലൂടെ ലഭിച്ച പിതൃഭക്തി അയാളിലുമുണ്ട്. എന്റെ കാരണവരായിരുന്നു ബുദ്ധിമാൻ (1998e:17)എന്ന് ഗോപീകൃഷ്ൺ ഗിരിജയോടു പറയുന്നു.

സ്വന്തം പോരായ്മകളുടെ ഉത്തരവാദിത്തം ഭാര്യയിൽ കെട്ടിവയ്ക്കുന്നുണ്ടയാൾ. ഭാര്യയെ പാട്ടിലാക്കാൻ അയാൾ ശ്രമിക്കുന്നത് തന്റെ അഹന്തയും പൊങ്ങച്ചവും കൊണ്ടാണ്. ഗിരിജയുടെ ശരീരം മാത്രമേ അയാൾക്കു കീഴടക്കാനാവുന്നുള്ളൂ. മനസ്സ് അപ്രാപ്യമാണ്. ഭാര്യയെന്ന സ്ത്രീയെ ഉൾക്കൊള്ളാനാകാതെ അയാൾ പരാജിതനും അസ്വസ്ഥനുമാകുന്നു. പരമ്പരാഗതമായി ഭാര്യയിൽ നിന്ന് ഭർത്താവ് ആവശ്യപ്പെടുന്ന കടമകൾ നിറവേറ്റുന്നതിൽ ഉദാസീനയാണ് ഗിരിജ. അവളെ സംബന്ധിച്ച് ആത്മനിന്ദയുളവാക്കുന്നുണ്ട് ഇതെല്ലാം. പാരമ്പര്യബോധത്തിൽ നിന്ന് കുതറിരക്ഷപ്പെടാനുള്ള ആഗ്രഹവും ശ്രമവും ഗിരിജയിലുണ്ട്. പക്ഷേ കുടുംബത്തിനകത്തോ പുറത്തോ അവൾക്കു സഹായഹസ്തങ്ങളില്ല.

ഭാര്യക്കു തന്നേക്കാൾ വിദ്യാഭ്യാസവും ബുദ്ധിയുമുണ്ട് എന്നതാണ് ഗോപീകൃഷ്ണനെന്ന ഭർത്താവിന്റെ അസ്വസ്ഥതക്കു പ്രധാന കാരണം. ഭാര്യയെ തരംതാഴ്ത്തുന്നതിലാണയാൾ രസം കണ്ടെത്തുന്നത്. പെണ്ണിനെന്തിനാണു ബുദ്ധി എന്നയാൾ ചോദിക്കുന്നത് അതുകൊണ്ടാണ്. അലങ്കരിക്കപ്പെടേണ്ട വസ്തുവായി ഗോപീകൃഷ്ണൻ ഭാര്യയെ കാണുന്നു. ഗിരിജക്കുള്ള പുത്തൻ വസ്ത്രങ്ങൾ വിശേഷാവസരങ്ങളിൽ അയാൾ വാങ്ങിക്കൊണ്ടുവരുന്നുണ്ട്. ഭർത്താവിന്റെ കടമ ഭാര്യയെ അണിയിച്ചൊരുക്കുന്നതിലാണെന്നയാൾ കരുതി. എന്നാൽ വസ്ത്രങ്ങളിലോ ആഭരണങ്ങളിലോ ഗിരിജ താല്പര്യം കാണിക്കുന്നില്ല.

#### 5.3.3.2. നിഴലുറങ്ങുന്ന വഴികൾ

പതിനഞ്ചാം വയസിൽ വിവാഹമുറപ്പിക്കുമ്പോൾ താൻ ഒരു കുറ്റിയിൽ തളച്ചിടപ്പെടുകയാണെന്ന് മാധവിക്കു തോന്നുന്നു. വിവാഹം ഒരു കച്ചവടമാണെന്നും താൻ

കൈയാമം ചെയ്യപ്പെടുന്ന മൃഗമാണെന്നും മാധവി ചിന്തിക്കുന്നുണ്ട്. അവർ എല്ലാം ഉറച്ചു കഴിഞ്ഞിരിക്കുന്നു. കച്ചവടം ഉറച്ചു. അച്ചാരം കൊടുത്തു. കയർ മാറുകയേ വേണ്ടൂ. തനിക്കുള്ള പുതിയ കയർ അവർ തയ്യാറാക്കിയിരിക്കുന്നു. (1998f:32) ഭർത്താവിന്റെ അമ്മ ക്കാവശ്യം ഒരു വീട്ടുവേലക്കാരിയെയായിരുന്നു. അതിനാണ് ഹൃദ്രോഗിയായ മകനെ അവർ വിവാഹം കഴിപ്പിച്ചത്.

"അമ്മയുടേതായിരുന്ന പഴയ ആഭരണങ്ങൾ അണിയുന്നതും കോടിയുടുക്കുന്നതും അതിരാവിലെ ഉണർന്നെഴുന്നേല്ക്കുന്നതും ഒരുവളെ വിവാഹിതയാക്കുമോ?" (1998f:36) അമ്മായിയമ്മക്കും ഭീരുവായ ഭർത്താവിനുമിടയിലെ ജീവിതം അസഹ്യമായപ്പോൾ രണ്ടു വർഷത്തിനുശേഷം അവൾ സ്വന്തം വീട്ടിലേക്കു തിരിച്ചുപോരുന്നു. ഭർത്താവിരിക്കുമ്പോഴേ വിധവയെപ്പോലെ ജീവിക്കേണ്ടി വന്നു അവൾക്ക്. ഭർത്താവിന്റെ മരണത്തോടെ മാധവി ഒറ്റപ്പെടുന്നു. വീട്ടുകാരുടെ നിർബന്ധം കൊണ്ടാണവൾ സ്വർണപ്പല്ലുകാരനും രണ്ടാം കെട്ടുകാരനുമായ കിഴവനെ വിവാഹം കഴിക്കുന്നത്.

ദാമ്പത്യമെന്തെന്ന് അവളറിഞ്ഞില്ല. മകനു കാവലായി അമ്മായിയമ്മ എപ്പോഴുമു ണ്ടായിരുന്നു. ഇളയമകനെ ചീത്തയാക്കുവാൻ ഭാര്യക്കു വിട്ടുകൊടുക്കരുതെന്ന വാശിയാ യിരുന്നു അവൾക്ക്. ഭർത്താവുമായുള്ള സമ്പർക്കങ്ങളിൽ നിന്ന് മാധവിയെ ബോധപൂർവ്വം അകറ്റി നിർത്തുകയായിരുന്നു അമ്മായിയമ്മ. "മോളേ അടക്കം വേണം. ഓനൊരു സോക്കേ ടുകാരനാ, ഓന്റെ സ്വഭാവം ചീത്ത്യാവാതിരിക്കാനാ മോളെ കൊണ്ടുന്നത്"(1998f:49) എന്ന് അവർ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

ഭർത്താവ് രോഗിയാണെന്ന് ദേവയാനിയിൽ നിന്നാണ് മാധവി അറിയുന്നത്. നെയ്യും പാലും പാൽക്കഷായവും കഴിച്ച് അനുസരണയോടെ അമ്മയുടെ ചിറകിനടി യിൽ കഴിയുന്ന കുട്ടിയായിരുന്നു അവളുടെ ഭർത്താവ്. "അരയിലുറക്കാത്ത മല്ലുമുണ്ടിനെ അവൾ വെറുത്തു. താനുപേക്ഷിച്ചു പോന്ന പുള്ളിപ്പാവാടക്കു വേണ്ടി അവളുടെ മനസു കേണു". (1998f:40)

നിങ്ങളൊരു മനുഷ്യനോ ബൊമ്മയോ എന്ന് മാധവി ഭർത്താവിനോടു ചോദിക്കു ന്നുണ്ട്. "അകാലത്തു വാടിയ ഒരു പൂവായി അവൾ. വിടർന്നപ്പോൾ തന്നെ ഞെട്ടുകൊ ഴിഞ്ഞ യൗവനത്തിന്റെ വിളർപ്പു കുടിയേറിപ്പാർത്തു. കണ്ണാടിയിൽ കണ്ട മുഖം തന്റേതല്ലെ ന്നവൾക്കു തോന്നി". (1998f:93)

#### 5.3.3.3. വിലാപം

പ്രായപൂർത്തിയാവുന്നതിനു മുമ്പുതന്നെ വിവാഹിതയാകേണ്ടി വന്ന ദുരനുഭവം ആമിനയ്ക്കുമുണ്ടായി. വിവാഹത്തെ മാളുണ്ണിയും ഭയപ്പെട്ടു. പിതാവെന്ന നിലയിൽ മക ളോടുള്ള ബാധ്യതതീർക്കലായിരുന്നു ബാപ്പയെ സംബന്ധിച്ച് ആമിനയുടെ വിവാഹം.

ഖിലാഫത്തിന് നേതൃത്വം കൊടുക്കുന്ന അദ്രുമാൻ ഹാജിക്കാണ് ആമിനയെ വിവാഹം കഴിച്ചു കൊടുത്തത്. വിവാഹം ഭയവും ഏകാന്തതയുമാണ് നല്കിയത്. ''വിജനതയുടെ നടുക്കടലിൽ കൗമാരം പിന്നിട്ട ഒരു പെൺകുട്ടി. അവൾക്കൊന്നു കരയണം. എവിടെ യാണ് എന്റെ ബാപ്പ. എന്റെ ബാല്യത്തിന്റെ കാൽത്തളകൾ നടന്നു പോന്ന ഇടവഴികളിൽ അറ്റുപോയല്ലോ'' (1998a:91) എന്ന് ആമിന വിലപിക്കുന്നു. ആമിനയെ വിവാഹം കഴിച്ചു കൊണ്ടുവന്ന് ഒരു വീട്ടിൽ പാർപ്പിച്ച് അദ്രുമാനാജി എങ്ങോ പോയി. അയാളുടെ പെരു മാറ്റങ്ങളിലും ചിട്ടകളിലും ഒരു വെല്ലുവിളിയുടെ കൃത്യതയും പൂർണതയുമാണവൾ കണ്ട ത്. ബാപ്പയുടെ ലോലവും സാത്വികവുമായ മനസിന്റെ നേരേതിരായിരുന്നു അദ്രുമാൻഹാ ജി. ബാപ്പുട്ടി ഹാജിയെ വെട്ടിക്കൊന്ന് തലകുന്തത്തിൽ കോർത്ത് ഭാര്യയെ കാണിക്കാൻ കൊണ്ടുവന്ന ക്രൂരനാണയാൾ. ''ദാമ്പത്യത്തിന്റെ അറകളിൽ അവളൊറ്റപ്പെട്ടു. നഗാര യുടെ നിലവിളികൾ ആമിനയുടെ ആലിംഗനത്തിൽ അവളുടെ കവിളിന്റെ കുമ്പിളിൽ ഒരു ക്കിപ്പിടിച്ചിരുന്ന ബാല്യകാലരുസുമങ്ങൾ ചതഞ്ഞു പോയി. കെട്ടിയവന്റെ പുരുഷഗന്ധം മുറിയിൽ മുറ്റിനിന്നു. അതു തന്റെ പുതുജീവിതത്തിന്റെ ഗന്ധമാണെന്നുഗീകരിക്കാൻ അവളുടെ മനസു കൂട്ടാക്കിയില്ല. അടച്ചുപൂട്ടിയ വീട്ടിനകത്ത് താനൊരു തടവുപുള്ളിയാ ണ്''.(1998a:109)

വിവാഹത്തെ മാളുണ്ണിയും ഭയന്നു. വലുതാകുന്നതോടെ വിവാഹിതയാകുന്ന തോടെ തന്റെ ലോകം അവസാനിക്കുമെന്നായിരുന്നു അവളുടെ ഭയം. ''എനിക്കു വലു താകണ്ട. എനിക്കുമാനുവിനൊപ്പം കളിച്ചു നടക്കണം. ആമിനയുടെ ഒപ്പം കൊത്തങ്കല്ലാ ടണം''(1998a:190) എന്ന് അവളിലെ കുട്ടി നിലവിളിച്ചു കൊണ്ടിരുന്നു. ''ഭൂമി തരിശിടു ന്നതും പെൺമക്കളെ കല്യാണം കഴിച്ചു കൊടുക്കാതിരിക്കുന്നതും അധർമ്മമാണെന്ന് പണ്ടുള്ളവർ പറഞ്ഞിട്ടുണ്ട്.''(1998a:187) എന്നായിരുന്നു മുത്തശ്ശന്റെ ന്യായം. തന്നെ വീട്ടി ലടച്ചിരിക്കുന്ന പെണ്ണാക്കി മാറ്റാനുള്ള വീട്ടുകാരുടെ ശ്രമങ്ങളിൽ അവൾ പ്രതിഷേധിച്ചു. ഒരു പെൺകുട്ടിയുടെ വാക്കുകൾക്കോ കണ്ണീർക്കണങ്ങൾക്കോ യാതൊരു വിലയുമില്ലെന്ന് അവളറിഞ്ഞു. ''പെൺകുട്ടി കുടുംബത്തിന്റെ ശാന്തി കെടുത്തുന്നു. പെൺകുട്ടി സദാ നിരവധി കണ്ണുകളുടെ തടങ്കലിലാണ്''. (1998a:186)

രുഗ്മിണിക്കോവിലമ്മയുടെ ഭർത്താവ് മരണം കാത്തിരിക്കുന്ന ഒരു വയസൻ തമ്പു രാനായിരുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ഹൂറിയുടെ സൗന്ദര്യമായിരുന്നു അവൾക്ക്. തന്റെ വിധിയിൽ അപമാനിതയായ അവർ പ്രതിഷേധത്തിന്റെ അഗ്നിപർവ്വതമായിത്തീർന്നു. കോവിലകത്തുനിന്ന് സ്വയം ഭ്രഷ്ടയാകുകയാണവർ. ''അവർ തന്നെ ഒരഗ്നി പർവ്വതമാണ് അപമാനത്തിന്റെ കയത്തിൽ നിന്ന് ചുഴികളും മലരികളും വകഞ്ഞു മാറ്റി ഉയിർത്തെഴു ന്നേല്ക്കുന്ന ഒരു തീമല''. (1998a:154)

ഒരു കുഞ്ഞ് അവരുടെ വലിയ സ്വപ്നമായിരുന്നു. തനിക്കു ഒരുണ്ണിയെത്തരാൻ

കഴിവില്ലാത്ത വൃദ്ധ ഭർത്താവ് അവളുടെ മുഖത്ത് നോക്കിയിരുന്നേയില്ല. ദുർബ്ബലമായ പുരുഷത്വം അവളുടെ മുമ്പിൽ കുഴഞ്ഞു വീണു. കാളിയാറിൽ ചാടി അവർ ആത്മഹത്യക്കു ശ്രമിച്ചു. കാദരുണ്ണിയാണവരെ രക്ഷിക്കുന്നത്. കോവിലകത്തു നിന്നും സമുദായത്തിൽ നിന്നും ഭ്രഷ്ടയായി ഉന്മാദിനിയെപ്പോലെ അവൾ ജീവിച്ചു. പിന്നീട് നാട്ടുകാർ പ്രകൃതിയുടെ ഭാഗമായി അവരെ കാണാൻ തുടങ്ങി.

ആഗ്നേയത്തിൽ നങ്ങേമ മകനെ വിവാഹം കഴിപ്പിക്കാൻ തീരുമാനിക്കുന്നത് അവനെ നേർവഴിക്കു നടത്താനാണ്. മകന്റെ വിപ്ലവപ്രവർത്തനം തനിക്കും കുടുംബത്തിനും നഷ്ടമാണെന്നവർ മനസിലാക്കുന്നു. കുടുംബത്തിലേക്കും ഉത്തരവാദിത്തത്തിലേക്കും മകനെ തിരിച്ചു കൊണ്ടുവരാനുള്ള ഉപായമായാണ് നങ്ങേമ വിവാഹത്തെ കണ്ടത്.

### 5.3.3.4. അരക്കില്ലം

വിവാഹമെന്നപേരിൽ താൻ കച്ചവടം ചെയ്യപ്പെടാൻ പോകുകയാണെന്ന തിരിച്ചറിവ് സാവിത്രിക്കുമുണ്ടായിരുന്നു. വിവാഹബന്ധം കൊണ്ടുവന്ന അച്ചുനേട്ടനോട് തോന്നിയത് ഒരറവുകാരനോടുള്ള വികാരമാണ്. കുന്നോളം സ്വത്തുള്ള കുടുംബമാണെന്ന മേന്മയിലാണ് കിഴവൻ ഭർത്താവിന്റെ വൈകല്യങ്ങളോ കഴിവുകേടുകളോ വീട്ടുകാർ ശ്രദ്ധിക്കാതിരുന്നത്. ഇഷ്ടപുരുഷൻ തൊഴിലില്ലെന്ന കാരണം പറഞ്ഞ് സാവിത്രിയെ വിവാഹം കഴിക്കുന്നതിൽ നിന്ന് അകന്നുപോയപ്പോഴാണ് അവൾക്കു പിടിച്ചുനില്ക്കാൻ കഴിയാതായത്.

''തനിക്കു വേണ്ടെങ്കിലും മറ്റെല്ലാവർക്കും ഈ ബന്ധം ആവശ്യമാണ്''(1977:20) എന്ന തിരിച്ചറിവ് അവളെ നിശ്ശബ്ദയാക്കി.

അച്ചുതന്റെ കളിപ്പാവയായിരുന്നു വല്യേടത്തെ യശ്മാൻ എന്ന കിഴവൻ ഭർത്താവ്. വല്യേടത്തെ സ്വത്തിന് അവകാശി ഉണ്ടാവണമെന്ന് കിഴവനും ഉണ്ടാവരുതെന്ന് അച്ചുതനും ആഗ്രഹിച്ചു. കിഴവന്റെ മരണശേഷം സ്വത്തും പെണ്ണും തന്നിൽ വന്നുചേരുമെന്നയാൾക്കറിയാമായിരുന്നു. തറവാടിന് അവകാശിയെ സാവിത്രിയുടെ ഗർഭത്തിൽ നിക്ഷേപിച്ചാണ് യശ്മാൻ മരിച്ചത്. ജനനത്തോടെ കുഞ്ഞും മരിച്ചു. അച്ചുതന്റെ കരവലയം സാവിത്രിക്ക് മറ്റൊരു ബന്ധനമായി.

ശാരീരികമായും മാനസികമായും ശേഷികുറഞ്ഞ ഭർത്താവിനെ ശുശ്രൂഷിക്കലായി സാവിത്രിയുടെ ദാമ്പത്യം പൂപ്പൽ ഗന്ധമുള്ള മെത്തയുടെ അരികിൽ കയറുന്ന പല്ലിയെപ്പോലെ അയാൾ കിടന്നു. വിധവക്കു കുഞ്ഞു പിറക്കരുതെന്ന നിർബന്ധത്തോടെ അച്ചുതൻ സാവിത്രിയുടെ ശരീരത്തോടു പൊരുതി. അയാളുടെ കരുത്തിൽ നന്ദിയുള്ളവളായെങ്കിലും സ്വയം ഷണ്ഢനായ അയാളെ സാവിത്രി വെറുത്തു.

#### 5.3.3.5. ചാവേർ

സ്വപ്രത്യയസ്ഥൈര്യവും തന്റേടവുമുള്ള ഭാര്യമാരാണ് ചാവേറിലെ ഗൗരിയും ഉച്ചിരയും ഉണ്ണിക്കാളിയമ്മയും ഭർത്താക്കന്മാരുടെ അഹന്തകളേയും പൊങ്ങച്ചങ്ങളേയും ഇവർ നേരിടുന്നുണ്ട്. ഗൗരിക്കു മുമ്പിൽ തന്റെ പൗരുഷം തോറ്റുപോകുന്നതായി ശങ്കരൻ നായനാർ വേവലാതിപ്പെടുന്നു. ഉച്ചിരയുമായുള്ള ദാമ്പത്യം അനന്തനെ അസ്വസ്ഥനാക്കി. അയാളുടെ പുരുഷാഹന്തകൾ ചെമ്മരത്തിയുമായുള്ള ബന്ധത്തിലൂടെയാണ് തൃപ്തിപ്പെട്ടത്. കംസൻ പട്ടേലർക്ക് ഭാര്യ ഉണ്ണിക്കാളിയമ്മയെ ഭയമായിരുന്നു. അവർ ഭർത്താവിനോടൊപ്പം കഴിയാൻ താല്പര്യപ്പെട്ടില്ല. തോന്നുമ്പോൾ വരികയും പോവുകയും ഭർത്താവിനെ ശാസിക്കുകയും ചെയ്തു.

#### 5.3.3.6. പാളയം

തൃപ്തികരമായ ദാമ്പത്യജീവിതം പാളയത്തിലെ സ്ത്രീകഥാപാത്രങ്ങൾക്കുമില്ല. കൊച്ചമ്മിണിയുടെ ദാമ്പത്യാനുഭവം ഇതായിരുന്നു. "കല്യാണം കഴിഞ്ഞിട്ട് ഏഴുകൊല്ലമായി രണ്ടുപെറ്റു. ഭർത്താവിനെ ഒന്നു നേരേ ചൊവ്വേ കണ്ടില്ല. ഉള്ളുതുറന്നൊന്നു സംസാരിക്കാൻ കുടുംബം നിറച്ചുള്ളവൻ അനുവദിച്ചില്ല"(1981:163). മിസിസ് രാഘവന്റെ അനുഭവവും വ്യത്യസ്തമല്ല. നഗരത്തിൽ നല്ലൊരു വീടു പണിയിച്ച് മാതാപിതാക്കളെ ഭാര്യക്കു കാവലാക്കി ഭർത്താവ് ദൂരദേശത്തു പോയി. "ആഴ്ചയിലൊരുകത്തു വീതം അയച്ച് അയാൾ ഭാര്യയോടുള്ള സ്നേഹം തെളിയിച്ചു. ആണ്ടറുതികളിൽ പുതുവസ്ത്രങ്ങളുമായെത്തി ഒരാഴ്ച അവരുടെ കൂടെ കഴിഞ്ഞു. അതിനിടക്കു രണ്ടുകുട്ടികളുമുണ്ടായി"(1981:400).നിസ്സംഗനായ ഭർത്താവിനും കുറ്റം കണ്ടുപിടിച്ച് തെറിപറയുന്ന അമ്മായിയമ്മക്കുമിടയിൽ സീതാലക്ഷ്മിയുടെ ദാമ്പത്യവും അസ്വസ്ഥമാണ്. ആൺകുട്ടികളെ പ്രസവിക്കാത്തതിന്റെ പേരിലവൾ അപവാദങ്ങൾ കേട്ടു. രോഗവും വിരുന്നുകാരുമാണ് അമ്മുക്കുട്ടിയുടെ ദാമ്പത്യത്തെ ദുരിതപൂർണമാക്കിയത്. ഭർത്താവിൽ പരസ്ത്രീബന്ധം സംശയിക്കുന്ന ഭാര്യയാണ് രാജമ്മ. ഭാഗീരഥിത്തങ്കച്ചി ഭർത്താവിനെ തന്റെ ആജ്ഞാനുവർത്തിയാക്കിയ ഭാര്യയാണ്.

വൈയക്തികവും സാമൂഹികവുമായ ജീവിതത്തിന്റെ അതിരുകളിൽ സ്ത്രീ ഒറ്റപ്പെട്ടുപോകുന്ന പുരുഷമേധാവിത്തപരമായ ദാമ്പത്യവ്യവസ്ഥയുടെ ചിത്രമാണ്. ഈ കൃതികളിലെല്ലാം ഉള്ളത്.

#### 5.3.3.7. മേല്പ്പാലം

മേല്പാലത്തിലെ ബാലാമണിയുടെ വിവാഹവും ദാമ്പത്യവും അവരുടെ സ്വന്തം തെരഞ്ഞെടുപ്പായിരുന്നു. കുടുംബം, വിവാഹം, ദാമ്പത്യം എന്നീ പാരമ്പര്യ സങ്കല്പങ്ങളെ സ്വന്തം ജീവിതത്തിലൂടെ നിഷേധിച്ചു മുന്നേറിയ കഥാപാത്രമാണ് ബാലാമണി.

ഉത്തരേന്ത്യയിലെ ധീരുപാൽസിങ്ങെന്ന ഗ്രാമീണനെ വിവാഹത്തിന്റെ ഔപചാരികതകളൊന്നുമില്ലാതെ ബാലാമണി ജീവിതസഖാവാക്കുന്നു. പരസ്പരമുള്ള പ്രണയവും ഒന്നിച്ചുള്ള ജീവിതവും നിരുപാധികമായിരിക്കണമെന്നവർ തീരുമാനിച്ചു.

''എന്തിനു വിവാഹം? ആത്മസമർപ്പണത്തിന്റെ നിമിഷങ്ങൾ. ചടങ്ങുകൾ ജീവിതാകാശത്തിൽ നിന്ന് അപ്പൂപ്പൻ താടിപോലെ പറന്നകന്നു വിസ്മൃതമായി''(2007: 145) പരമ്പരാഗതമായ വിവാഹം ഒരുസ്ഥാപനമാണെന്ന് ബാലാമണി തിരിച്ചറിയുന്നു. ബാലാമണിയുടെ ഈ ബന്ധത്തെ നാട്ടിൽ നിന്ന് അമ്മ മാത്രമാണ് തുണച്ചത്. ''നന്നായി. നീ ഇണയെ കണ്ടെത്തിയത് വളരെ നന്നായി. നല്ലൊരു തീരുമാനം'' (2007 :140) എന്ന് അമ്മ ആശീർവദിക്കുന്നു.

ഒന്നിച്ചുള്ള ജീവിതത്തിൽ ഭാര്യഭർത്താവിലോ ഭർത്താവ് ഭാര്യയിലോ ആധിപത്യം ചെലുത്തിയില്ല. തന്നെ സ്വന്തം കാലിൽ നില്ക്കാൻ സഹായിച്ച ജോലി വിട്ട് ഭർത്താവിന്റെ നാട്ടിൽ പോകാൻ ബാലാമണി തയ്യാറാകുന്നില്ല. മകൾ മഞ്ജരിയെയും ബന്ധങ്ങളുടെ അധികാര പരിധിയിൽ നിന്നവൾ സ്വതന്ത്രമാക്കുന്നു. പാറ്റ്നയിൽ നിന്ന് ഭർത്താവിനേയും മകളേയും പിരിഞ്ഞ് ജന്മനാട്ടിലേക്കു തിരിച്ചു പോരാൻ ബാലാമണിക്ക് വിഷമം തോന്നിയില്ല. ജീവിതത്തെക്കുറിച്ച് സ്വതന്ത്രമായ ഉൾക്കാഴ്ച നേടിയെടുത്ത കഥാപാത്രമാണ് ബാലാമണി. സ്ത്രീസ്വത്വബോധത്തിൽ വത്സലയുടെ മറ്റെല്ലാ കഥാപാത്രങ്ങളിൽ നിന്നും ഉയർന്നു നില്ക്കുന്നുണ്ടവൾ.

### 5.3.4. ദാമ്പത്യവും പ്രണയവും

ദാമ്പത്യജീവിതത്തിൽ പുരുഷനിൽ നിന്ന് സ്നേഹം കൊതിക്കുകയും അതു കിട്ടാതെ അസ്വസ്ഥരാവുകയും ചെയ്യുന്ന ഭാര്യമാർ വത്സലയുടെ നോവലുകളിൽ ഉണ്ട്. നിഴലുറങ്ങുന്ന വഴികൾ, ആരും മരിക്കുന്നില്ല, പാളയം, നമ്പരുകൾ, അരക്കില്ലം, ചാവേർ എന്നീ കൃതികളിലെ ഭാര്യമാർ ഇതിനുദാഹരണമാണ്. വിവാഹജീവിതത്തിൽ പ്രണയം ലഭിക്കാത്ത സ്ത്രീ കഥാപാത്രങ്ങൾ ആത്മനിന്ദയനുഭവിക്കുന്നു. മറ്റൊരു ബന്ധം സ്ഥാപിച്ചെടുക്കാൻ പുരുഷനെപ്പോലെ അവർ മുതിരുന്നില്ല. എങ്കിലും സദാചാര സങ്കല്പങ്ങളെ മനസുകൊണ്ടവർ അതിലംഘിക്കുന്നുണ്ട്. വൃദ്ധനായ ഭർത്താവിനരികെ ചെറുപ്പക്കാരനായ കാമുകനെ സ്വപ്നം കണ്ടുകിടക്കാൻ അരക്കില്ലത്തിലെ നായിക ശ്രമിക്കുന്നു. കൃഷ്ണൻകുട്ടി എന്ന ഇഷ്ടപുരുഷനെ മനസിലോർത്ത് നിശ്ശബ്ദമായി സങ്കല്പങ്ങൾ നെയ്യുന്നു നിഴലുറങ്ങുന്ന വഴികളിലെ നായികയായ മാധവി. വിവാഹ ജീവിതവും പ്രണയവും രണ്ടായിത്തീരുകയാണിവിടെ. വ്യവസ്ഥാപിത ദാമ്പത്യത്തിൽ നിന്ന് സ്നേഹം ലഭിക്കാതെ വരുന്ന സ്ത്രീ മനസും ശരീരവും വേറിട്ട അവസ്ഥയിലാകുന്നു. തന്നെ സ്നേഹിക്കുന്ന പുരുഷനെക്കുറിച്ചുള്ള സങ്കല്പങ്ങളിലേയ്ക്ക് അവളിറങ്ങുന്നു. സ്ത്രീയുടെ അസ്വാസ്ഥ്യവും അസംതൃപ്തിയുമാണിതിനു കാരണം. വിലാപത്തിലെ രുഗ്മിണിക്കോ

വിലമ്മ ഈ അതൃപ്തിയിൽ നിന്നാണ് സ്വയം ഭ്രഷ്ടയായി പുറത്തിറങ്ങുന്നത്. പുരുഷന്റെ പരസ്ത്രീബന്ധങ്ങൾ ഭാര്യയുടെ ആത്മവിശ്വാസവും സ്വര്യവും തകർക്കുന്ന കുടുംബസാഹചര്യങ്ങളിലൊന്നാണ്. ആരും മരിക്കുന്നില്ല എന്ന നോവലിൽ കാരണവർക്ക് ഓരോ തീർത്ഥാടന കേന്ദ്രത്തിലും വെപ്പാട്ടിമാരുണ്ട്. കാരണവരോടു വീരാരാധനയും വെപ്പാട്ടിമാരോടു വെറുപ്പും നീരസവുമാണ് തറവാട്ടമ്മക്കുള്ളത്. ഗോപീകൃഷ്ണൻ ഭാര്യയെ ചൊല്പ്പടിക്കു നിർത്താൻ കാരണവരുടെ ബുദ്ധിയെക്കുറിച്ച് പറയുന്നുണ്ട്. ഭാര്യയെക്കൂടാതെ മറ്റുബന്ധങ്ങളുണ്ടാക്കാൻ തനിക്കു മടിയില്ലെന്നാണിതിന്റെ സൂചന. ഒന്നിലേറെ ബന്ധങ്ങളിൽ ഊറ്റം കൊള്ളുന്നത് പൗരുഷലക്ഷണമായി കരുതപ്പെടുന്നു. ചാവേറിലെ ജന്മിമാർക്കും പരസ്ത്രീ ബന്ധങ്ങളുണ്ട്. ശങ്കരൻ നായനാർക്കും രുധിരമനനമ്പൂതിരിക്കും കംസൻ പട്ടേലർക്കുമുള്ള പരസ്ത്രീബന്ധങ്ങൾക്ക് വ്യവസ്ഥയുടെ ആനുകൂല്യമുണ്ട്. കോമൻനായർ ദാസിപ്പെണ്ണായ ലക്ഷ്മിയോടു കാണിക്കുന്ന താല്പര്യം രുക്മിണിയിൽ അസ്വസ്ഥതയുണ്ടാക്കുന്നു.

പുരുഷവ്യവസ്ഥ രൂപപ്പെടുത്തിയ സ്ത്രീസങ്കല്പങ്ങൾക്കുള്ളിൽ നിൽക്കുമ്പോഴേ സ്ത്രീ ആദരിക്കപ്പെടുന്നുള്ളൂ. ചാവേറിൽ അനന്തന് ഭാര്യ ഉച്ചിരയോട് അപ്രിയവും ചെമ്മരത്തിയോട് പ്രേമവുമാണ്. ഉൽപ്പതിഷ്ണുത്വം അഭിനയിക്കുന്ന ഭർത്താവിന്റെ കാപട്യങ്ങളെ എതിർക്കുന്നതുകൊണ്ട് ഉച്ചിര എപ്പോഴും എനിയ്ക്കെതിരാണെന്ന് അനന്തൻ ചിന്തിക്കുന്നു. എന്നാൽ ചെമ്മരത്തിയെ തന്റെ ലഹരിയും കവിതയുമായി അയാൾ അംഗീകരിക്കുന്നത് അവളുടെ നിരുപാധിക വിധേയത്വം കൊണ്ടാണ്. ആരും മരിക്കുന്നില്ല എന്ന നോവലിൽ തറവാട്ടമ്മക്ക് ഗിരിജയോടുള്ള സ്നേഹത്തിനു കാരണം അവൾ അടുക്കളപ്പണിയിൽ സഹായിക്കുന്നതുകൊണ്ടും കാരണവരുടെ കഥകൾ കേൾക്കാൻ ഇരുന്നു തരുന്നതു കൊണ്ടുമാണ്. എന്നാൽ പ്രഭാവതിയോടവർക്കു നീരസം അവൾക്ക് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ഉള്ളതുകൊണ്ടാണ്. ''നടക്കുമ്പോൾ ഭൂമി അറിയും. അടുക്കുമ്പോൾ ആരും ഒന്നു നോക്കും. സംസാരിച്ചാൽ വ്യക്തമായ മറുപടി കിട്ടും. ഏതു കാര്യത്തിലും അവൾ സ്വന്തമായ അഭിപ്രായം പറയും''(1998c:84) ഇതെല്ലാമാണ് അരവിന്ദനും ഭാര്യയോടു നീരസം തോന്നാനുള്ള കാരണം.

താൻ കൊണ്ടുവരുന്ന വസ്ത്രങ്ങളിലും ആഭരണങ്ങളിലും ഗിരിജക്കു താല്പര്യമില്ലാത്തതും പുസ്തകങ്ങൾ വായിക്കുന്നതും അഭിപ്രായം പറയുന്നതുമാണ് ഭാര്യയോടുള്ള ഗോപീകൃഷ്ണന്റെ അപ്രിയത്തിനു കാരണം.

നെല്ലിൽ മല്ലൻ മാരയെ ഇഷ്ടപ്പെട്ടതും വിവാഹം കഴിച്ചതും അവൾ അടക്കവും ഒതുക്കവുമുള്ളവളായതുകൊണ്ടാണ്. ''ഇരുനിറത്തിൽ മെലിഞ്ഞ് സെയ്തുവിന്റെ ആട്ടിൻകുട്ടിയേക്കാൾ ശാന്തയാണവൾ. തൊഴുത്തിനു പുറകിലെ കരിമ്പാറക്കു മറവിൽ പൂത്തു നിൽക്കുന്നൊരു കാട്ടു പനിനീർപോലെ'' (1999:46) എന്നാൽ കുറുമാട്ടി മറിച്ചാണ്. അവൾ

തന്റേടിയാണ്. പേയിനേയോ മൂപ്പൻ മാരേയോ പേടിയില്ല. പച്ചകുത്തും പേരെഴുത്തും വായിക്കും. വിഷം ഒളിപ്പിച്ചു വച്ചമേന്തോണിച്ചെടിയെന്നപോലെ ചെറുപ്പക്കാർക്കവളെ ഭയമാണ്.

ജന്മിയുടെ കാര്യസ്ഥനെപ്പോലും ആട്ടിയകറ്റിയ അവൾ മറ്റൊരു പേയാണെന്ന് മല്ലൻ ഭയക്കുന്നു. അവളെ ചീത്തയായും പിഴച്ചവളായും കരുതുന്നത് അംഗീകൃത സ്ത്രീ മാതൃകയിൽ അവൾ ഒതുങ്ങാത്തതു കൊണ്ടാണ്.

### 5.3.5. രതി

ഇണയിൽ നിന്ന് ലൈംഗികതമാത്രം കൊതിക്കുന്ന പുരുഷൻ സ്ത്രീയെ സ്നേഹിക്കുന്നില്ല. സ്നേഹരഹിതമായ ലൈംഗികത പീഢനമാണ്. സ്ത്രീ ഭാര്യയെന്ന നിലയിൽ അനാഥത്വവും ഏകാകിതയും ഏറ്റുവാങ്ങുന്നു. വസ്ത്രം കൊണ്ടും ആഭരണംകൊണ്ടുമാണ് സ്ത്രീയെ രമിപ്പിക്കേണ്ടതെന്ന് മനുസ്മൃതി(2006:97)യിൽ പറയുന്നു. രതി സ്ത്രീയെ സംബന്ധിച്ച് ഏകപക്ഷീയമായ ബലാൽക്കാരങ്ങളായി അനുഭവപ്പെടുന്നതിന്റെ ചിത്രങ്ങൾ വത്സലയുടെ നോവലിൽ കാണാം. ചാവേർ, വിലാപം ആരും മരിക്കുന്നില്ല എന്നീ നോവലുകളിൽ.

ഭാര്യയുടെ ശരീരം തനിയ്ക്കാശിക്കുമ്പോഴെല്ലാം ഭോഗിക്കാനുള്ളതാണെന്ന് ശങ്കരൻനായനാർ കരുതി. എന്നാൽ അവൾ തനിക്കു വഴങ്ങുന്നില്ലെന്നയാൾക്കു തോന്നി. ''വാശി അയാൾക്കു യാന്ത്രികബലം നല്കി. തന്റെ കായികബലം പ്രയോഗിച്ച് അയാൾ അവളെ കീഴടക്കി. സന്ധികളില്ലാത്ത ഒരു മരപ്പാവ പോലെ വെൽവെറ്റ് വിരിച്ചമെത്തയിൽ ഗൗരി കിടന്നു. അയാളുടെ വാശിയേറിയ കിതപ്പുമാത്രം മുറിയിൽ മുഴങ്ങി''(1998b:67) ഗൗരി ചാടിയെഴുന്നേറ്റ് കുളിമുറിയിൽ പോയി വെള്ളം കോരിച്ചൊരിഞ്ഞ് വസ്ത്രം മാറി. കോണിയിറങ്ങിപ്പോയപ്പോൾ നായനാരുടെ പരാജയം പൂർണമായി. ''നിങ്ങളൊരു ആണാണോ'' (1998b:67) എന്ന ഗൗരിയുടെ ചോദ്യത്തിലയാൾ ചൂളി. പണം മാത്രമാണ് തന്റെ പ്രതാപമെന്നും പെണ്ണിനുമുമ്പിൽ താൻ തോറ്റു പോകുന്നുവെന്നുമയാൾ വേവലാതിപ്പെട്ടു

ഗിരിജയെന്ന പീക്കിരിപ്പെണ്ണിനെ പാട്ടിലാക്കാൻ കഴിയാത്തതിൽ അസ്വസ്ഥനാണ് ഗോപീകൃഷ്ണൻ. മാസത്തിൽ ഒന്നോരണ്ടോ തവണ ഭർത്താവ് വീട്ടിലെത്തുന്നത് തന്റെ ശരീരത്തോടുള്ള താല്പര്യം കൊണ്ടുമാത്രമാണെന്ന് ഗിരിജ അറിഞ്ഞു. തന്റെ മനസ്സ് ശരീരത്തിനു പുറത്താണെന്ന് അവൾക്കു തോന്നി. ''ഒരനാഥജഢത്തെ എന്ന വണ്ണം അവൾ സ്വന്തം ഉടലിൽ മിഴിയോടിച്ചു. അതിനെ സ്വായത്തമാക്കാൻ ശ്രമിക്കുന്ന ഗോപീകൃഷ്ണനോട് അവൾക്ക് അനുകമ്പ തോന്നി. അവസാനം വിയർപ്പിൽ മുങ്ങിയ ഗോപീകൃഷ്ണൻ പറഞ്ഞു. എന്റെ കാരണവർ തന്നെയായിരുന്നു ബുദ്ധിമാൻ'' (1998e:17) ഗിരി

ജയ്ക്കു തന്റെ ശരീരം ഒരു ഭാരമാണെന്ന് അനുഭവപ്പെട്ട നിമിഷമാണിത്. അച്ഛന്റെ ബുദ്ധി യെക്കുറിച്ച് അയാൾ സൂചിപ്പിക്കുന്നത് ഭാര്യയെ വിരട്ടാനാണ്. സ്ത്രീ സുഖത്തിന് നീയ ല്ലെങ്കിൽ മറ്റൊരുവൾ എന്നാണതിന്റെ ധ്വനി. വിലാപത്തിലെ ആമിനയുടെ അനുഭവവും വ്യത്യസ്തമായിരുന്നില്ല. "അദ്രുമാനാജിയുടെ ആലിംഗനത്തിൽ അവളുടെ കവിളിന്റെ കുമ്പിളിൽ ഒതുക്കിപ്പിടിച്ചിരുന്ന ബാല്യകാലകുസുമങ്ങൾ ചതഞ്ഞു പോയി"(1998c:109)

വ്യവസ്ഥാപിത ദാമ്പത്യത്തിനപ്പുറത്ത് പ്രണയത്തിലധിഷ്ഠിതമായ രത്യനുഭവമു ണ്ടെന്ന് നോവലിസ്റ്റ് മേൽപ്പാലത്തിൽ വ്യക്തമാക്കുന്നു. കാളിയും വില്യംസുമായുള്ള ബന്ധത്തിന് ഉപാധികളില്ലായിരുന്നു. വിവാഹത്തെക്കുറിച്ചോ കുടുംബജീവിതത്തെക്കു റിച്ചോ ഉള്ള നിബന്ധനകളില്ല. "പരസ്പരം ഒഴുകിച്ചേരുന്ന രണ്ടുറവകൾ പോലെ അവർ ഒന്നായി. ഒരേ ആകാശം ........ ഒരേ പരുപരുത്ത ഭൂമി" (2007: 192)

#### 5.3.6. ഭ്രാന്ത്, മരണം

പുരുഷമേധാവിത്ത സമൂഹം സ്ത്രീയെ മനസിലാക്കുന്നതിൽ പരാജയപ്പെടുമ്പോ ഴാണ് ഉന്മാദത്തിലേക്കും മരണത്തിലേക്കും അവർ നടന്നടുക്കുന്നത്. മാനസികമായ സ്നേഹപ്രതീക്ഷകൾ തകരുമ്പോഴിതു സംഭവിക്കാം. ഏകാന്തതയിൽ നിന്നും അപമാന വീകരണത്തിൽ നിന്നും രക്ഷപ്പെടാനുള്ള പഴുതായി ഭ്രാന്തും മരണവും മാറുന്നു.

വിലാപത്തിൽ രുഗ്മിണിക്കോവിലമ്മ മാനസിക സംഘർഷങ്ങൾക്കടിപ്പെട്ട് ആത്മ ഹത്യക്കു ശ്രമിക്കുന്നു. വയസനായ തമ്പുരാനൊത്തുള്ള ജീവിതമാണ് അവരുടെ ജീവിത സ്വപ്നങ്ങൾ തകർത്തത്. സമ്പത്തിലും പ്രതാപത്തിലും സ്ത്രീയുടെ സ്വപ്നങ്ങൾ തള ച്ചിടപ്പെട്ടിരിക്കുന്നുവെന്നവർ അറിഞ്ഞു. സ്ത്രീയുടെ ജൈവിക ചോദനകൾക്ക് കോവില കത്ത് സ്ഥാനമില്ലെന്നറിഞ്ഞു. ജീവിതത്തെ അർത്ഥ പൂർണമാക്കാൻ ഒരു കുഞ്ഞിനുവേണ്ടി അവർ കൊതിച്ചു. അതു സാധ്യമല്ലെന്നു വന്നപ്പോൾ അവർ കാളിയാറിൽ ചാടി കാദ രുണ്ണി അവരെ രക്ഷിക്കുന്നുണ്ട്. തിരിച്ചുകോവിലകത്തേക്കു പോകാനവർ തയ്യാറായില്ല. കോവിലകത്തെ അനപത്യദുഃഖത്തേക്കാൾ നല്ലത് കാവുകളിലെ അന്തിയുറക്കമാണെന്ന വർ പറഞ്ഞു. കാളയാറിന്റെ പൂഴി മണലിലൂടെ അവർ ഉന്മാദിനിയായി സഞ്ചരിച്ചു.

പുരുഷനുവേണ്ടിയുള്ള സ്ത്രീകളുടെ മത്സരവും സ്ത്രീകൾ തമ്മിലുള്ള വൈരവും പുരുഷമേധാവിത്തത്തിന്റെ സൃഷ്ടിയാണ്. മകനെ നിയന്ത്രിക്കാനും മരുമകളെ അകറ്റി നിർത്താനും ശ്രമിക്കുന്ന അമ്മായിയമ്മപ്പോരിന്റെ മനശ്ശാസ്ത്രവും ഇങ്ങനെയാണ് രൂപ പ്പെടുന്നത്. സമൂഹത്തിൽ പുരുഷന് മാത്രം നല്കിപ്പെട്ടിട്ടുള്ള അധികാരവും സ്ഥാനവു മാണ് പുരുഷനു വേണ്ടിയുള്ള മത്സരമാകുന്നത്. പുരുഷനാണ് അമ്മയെന്ന സ്ത്രീയേയും ഭാര്യയെന്ന സ്ത്രീയേയും സംരക്ഷിക്കുന്നവൻ. ഈ സുരക്ഷിതത്വവും സംരക്ഷണവും നേടിയെടുക്കാനുള്ള മത്സരത്തിലാണ് സ്ത്രീകൾ കുടുംബത്തിനകത്തും പുറത്തും ഏർപ്പെ

ടുന്നത്. നിഴലുറങ്ങുന്ന വഴികളിൽ മാധവിയുടെ ഭർത്താവിന്റെ അമ്മക്കു ഭ്രാന്തു പിടിക്കുന്നു. ആൺമക്കളെ കാൽക്കീഴിൽ നിർത്താൻ ശ്രമിച്ച സ്ത്രീയായിരുന്നു അവർ. എന്നാൽ ആറുമക്കളും അവരുടെ നിയന്ത്രണത്തിൽ നിന്നു പുറത്തുപോയി. ഭാര്യമാരാണ് മക്കളെയെല്ലാം ചീത്തയാക്കിയതെന്നവർ വിശ്വസിച്ചു. മരുമക്കളുടെ വിരോധിയായ അവർ ഇളയമകനെ ചിറകിനു കീഴിലൊതുക്കി. മകൻ രോഗിയാണെന്ന് ധരിപ്പിച്ച് മരുമകളെ അകറ്റി നിർത്തി. അവിടത്തെ ജീവിതം അസഹ്യമായപ്പോൾ മാധവി സ്വന്തം വീട്ടിലേക്കു പോരുകയും പ്രഭാകരൻ അസുഖം മൂർഛിച്ചു മരിക്കുകയും ചെയ്തു. ''പൊന്നു പോലിരുന്ന എന്റെ മോൻ - ഓള് യക്ഷി, രക്തയക്ഷി - ഓനെ ഈമ്പിക്കുടിച്ചു കൊല്ലും'' (1998e:166) എന്ന് ആ സ്ത്രീ പുലമ്പി.

#### 5.3.7. വൈധവ്യം

വൈധവ്യം സ്ത്രീയുടെ നിലനില്പിനെ അസ്ഥിരപ്പെടുത്തുന്ന ഒരവസ്ഥയാണ്. സ്ത്രീയുടെ ഒറ്റക്കുള്ള നിലനില്പ് വ്യവസ്ഥ അംഗീകരിക്കുന്നില്ല. അതിനാലവളെ വീണ്ടും വിവാഹം കഴിപ്പിക്കുകയോ ആചാരമര്യാദകളിൽ കുടുക്കി വീട്ടിൽ തളച്ചിടുകയോ ചെയ്യുന്നു. പുരുഷസഹായമില്ലാത്ത മാധവിയുടെ നിലനില്പ് സങ്കല്പിക്കാനാവാത്തതുകൊണ്ട് അവളെ വീണ്ടും വിവാഹം കഴിപ്പിക്കാൻ വീട്ടുകാർ ബദ്ധപ്പെടുന്നു. ഒന്നാം വേളിയിൽ അഞ്ചുമക്കളുള്ള കിഴവനായ സ്വർണപ്പല്ലുകാരനെ ഭർത്താവായി നിശ്ചയിക്കുകയും ചെയ്യുന്നു. സ്വത്തും പണവും ആഗ്രഹിക്കുന്ന വീട്ടുകാർക്കു വേണ്ടി വഴങ്ങിക്കൊടുക്കുകയായിരുന്നു മാധവി. താനിഷ്ടപ്പെട്ടിരുന്ന പുരുഷനോട് തന്നെ സ്വീകരിക്കാൻ അവളാവശ്യപ്പെടുന്നില്ല. സ്വന്തം വഴി ധീരമായി തെരഞ്ഞെടുക്കാനാവാത്ത സ്വത്വപ്രശ്നം മാധവി നേരിടുന്നു. ഭൗതികമായി വ്യവസ്ഥകളുടേയും ആചാരങ്ങളുടേയും ബന്ധനത്തിലേക്കു സ്വയം വിട്ടുകൊടുത്തുകൊണ്ട് മാനസികമായൊരു സ്വതന്ത്രലോകം സൃഷ്ടിക്കുകയാണ് മാധവി ചെയ്യുന്നത്.

അരക്കില്ലത്തിലെ സാവിത്രിയ്ക്കു വൈധവ്യത്തോടെ സംതൃപ്തിയനുഭവപ്പെടുന്നു. ഭർത്താവിന്റേയും കുട്ടിയുടേയും മരണത്തിൽ അവൾ നിസ്സംഗയായിരുന്നു. അസ്വാതന്ത്ര്യങ്ങളിൽ നിന്നുള്ള വിടുതിയായി അവളതിനെ കാണുന്നു. ആഗ്നേയത്തിലെ നങ്ങേമ വൈധവ്യം എന്ന അവസ്ഥയെ നിശ്ചയദാർഢ്യത്തോടെ നേരിടുന്നു. അവർ അധ്വാനത്തിൽ മുഴുകുന്നു. ചാവേറിൽ വിധവയെപ്പോലെ കഴിയേണ്ടി വന്ന ദേവയാനി മുറിക്കുളിൽ അടച്ചുപൂട്ടിയിരുന്നു. ജീവിതം നിഷേധിക്കപ്പെട്ടതിന്റെ പ്രതിഷേധം കൂടിയായിരുന്നു അത്. ഭർത്താവ് ജീവിച്ചിരിക്കേതന്നെ വിധവയായി കഴിയേണ്ടി വന്ന മറ്റൊരു കഥാപാത്രമാണ് റോസ്മേരിയുടെ ചേച്ചി. ഭർത്താവ് വിദേശത്താണ്. അയാൾ തിരിച്ചു വരുമെന്ന് ചേച്ചി പ്രതീക്ഷിക്കുന്നില്ല. വരരുതേയെന്നാണ് പ്രാർത്ഥന. ''അവളിപ്പോൾ വെള്ള വസ്ത്രങ്ങളാണ് ധരിക്കുന്നത്. പ്രേതലോകത്തു നിന്നെന്ന പോലെ പ്രകാശമി

ല്ലാത്ത ആത്മാവില്ലാത്ത ഒരു ചിരി. അവർ പൗഡറിടുകയോ കണ്ണെഴുതുകയോ ചെയ്യാറില്ല''(1993:11).

### 5.3.8. സ്ത്രീകൾക്കിടയിലുള്ള ആത്മബന്ധം

സ്ത്രീയെന്നനിലയിലുള്ള സമാനാനുഭവങ്ങളുംസംഘർഷങ്ങളും അവർക്കിടയിൽ ആത്മബന്ധങ്ങൾ രൂപപ്പെടുത്തുന്നുണ്ട്. ചാവേറിലെ ഉച്ചിരയും രുഗ്മിണിയും തമ്മിലുള്ള ഹൃദയൈക്യം ഇങ്ങനെയുള്ളതാണ്. ഒരേ ആത്മാവിന്റെ ഒരേ ദുഃഖങ്ങളാണവർ പങ്കുവച്ചത്. ആദ്യം കണ്ടുമുട്ടുമ്പോൾ തന്നെ ചിരപരിചിതരെപ്പോലെയും ആത്മസുഹൃത്തുക്കളെപ്പോലെയും ഹൃദയം തുറക്കാനവർക്കു കഴിയുന്നു. പെണ്ണായി പിറക്കുന്നത് ഒരു ശാപമാണ്(1998b:147) എന്നായിരുന്നു രുക്മിണിയുടെ അറിവും അനുഭവവും. ഭർത്താവിന്റെ പരസ്ത്രീതാല്പര്യം രുഗ്മിണിയെ വേലലാതിപ്പെടുത്തുന്നുണ്ട്. തന്റെ ആദർശങ്ങൾക്കനുസരിച്ച് ഭാര്യ ജീവിക്കണമെന്നയാൾ ശഠിച്ചു.

കൊട്ടാരക്കെട്ടിനകത്തുള്ള പെണ്ണിന്റെ ജീവിതം ഒന്നിനും കൊള്ളാത്തതായി മാറുന്നുവെന്ന് ഉച്ചിര ചിന്തിച്ചു. ഉച്ചിര രുക്മിണിയോടതു പറയുന്നുണ്ട്. നാമെല്ലാം നാടകത്തിനുപോലും കൊള്ളാത്ത ജീവനറ്റ പ്രതിമകളായിരിക്കുന്നു രുക്മിണി. കുളിക്കുക, തിന്നുക, ഉറങ്ങുക, കുട്ടികളെ പ്രസവിക്കുക, കഷായം കുറുക്കുക, കുടിപ്പിക്കുക(1998b:148) തറവാടും ഐശ്വര്യവും ദൈവദത്തമാണെന്നന്ന സിദ്ധാന്തക്കാരനായിരുന്നു ഭർത്താവ് അനന്തൻ. കപടമായ ആദർശങ്ങൾക്കുള്ളിലാണ് ഭർത്താവെന്ന് ഉച്ചിര മനസിലാക്കുന്നുണ്ട്. ചെമ്മരത്തിയുമായുള്ള അയാളുടെ ബന്ധത്തെ അവഗണിക്കാൻ ഉച്ചിരക്കു കഴിയുമായിരുന്നില്ല. രുക്മിണിയും ഉച്ചിരയും സ്വന്തം ജീവിതാവസ്ഥളെ നിസ്സംഗതയോടെ കാണാൻ തുടങ്ങിയിരുന്നു.പൊട്ടിയൊഴുകുന്ന രണ്ടുറവകൾ സന്ധിക്കുമ്പോലെ സ്വന്തം ചിന്തകൾ വെളിയിൽ വന്നു പരസ്പരം പുണരുന്നതു കണ്ട് അവർ ഏറെനേരം മൂകരായിരുന്നു.(1998b:148)

വിലാപത്തിലെ മാളുണ്ണിയും ആമിനയും തമ്മിലുള്ള ബന്ധത്തിൽ ഗ്രാമത്തിലെ ഹിന്ദുമുസ്ലീം ബന്ധങ്ങളിലെ നിഷ്കളങ്കതയും സൗന്ദര്യവും കാണാം. മാളുണ്ണിയും ആമിനയും സ്ത്രീജീവിതത്തിന്റെ വ്യത്യസ്തമുഖങ്ങളാണ്. മതപരമായ വൈജാത്യങ്ങൾക്കിടയിലും സ്ത്രീകളെന്ന നിലയിലാണ് അവരൊന്നിക്കുന്നത്. മാളുണ്ണിയേക്കാൾ കടുത്ത ജീവിതപരീക്ഷണങ്ങളിലൂടെയാണ് ആമിനയും കടന്നുപോയത്.

നിഴലുറങ്ങുന്ന വഴികളിലെ മാധവിയും ദേവയാനിയും ഒറ്റ ദിവസം കൊണ്ടുതന്നെ വലിയ കൂട്ടുകാരാവുന്നു. മാധവിയുടെ ഭർത്താവിന്റെ ഏട്ടന്റെ മകളാണ് ദേവയാനി. അമ്മയുടെ ചിറകിനടിയിലൊതുങ്ങി നിൽക്കുന്ന ഭീരുവായ പുരുഷനായിരുന്നു മാധവിയുടെ ഭർത്താവ്. അമ്മായിയമ്മക്കും ഭീരുവായ ഭർത്താവിനുമിടയിലെ ജീവിതം അസഹ്യമായി

ത്തോന്നി മാധവിക്ക് - വിവാഹവും ദാമ്പത്യവും എത്ര നിരർത്ഥകമാണെന്നവളറിഞ്ഞു. ദേവുവായിരുന്നു ഒരേയൊരാശ്വാസം. ദേവു പകൽ വീട്ടിലെ പണികളെല്ലാം ചെയ്യുന്നു. അച്ഛന് മരുന്നിനു പണമുണ്ടാക്കാൻ രാത്രി ചകിരി പിരിക്കുന്നു. ശിരസിൽ വലിയൊരു ഭാരവുമായാണവൾ പിറന്നുവീണതെന്ന് ദേവുവിനെപ്പറ്റി മാധവി ആലോചിക്കുന്നുണ്ട്. പ്രായത്തിൽ കവിഞ്ഞ അനുഭവങ്ങളവൾക്കുണ്ട്. എല്ലാമറിയുന്ന ഒരമ്മയുടെ കൂട്ടുകാരി യുടെ ചിരിയാണ് ദേവയാനിയുടേത്. (1998c:40)നമ്മളും മിണ്ടാപ്രാണികള് - പറയണംന്ന് തോന്നണത് നാം വിഴുങ്ങുന്നു(1998c:52) മാധവി ദേവയാനിയോട് ഇങ്ങനെ പറയുന്നുണ്ട്. കളരിപ്പയറ്റുകാരനായ ഹംസമാപ്ലയുടെ കൂടെ പോകാൻ ദേവു ധൈര്യപ്പെടുന്നു. തന്നെ ക്കാൾ ഉയരത്തിലാണ് ദേവു എന്നു മനസിലാകുമ്പോൾ തന്റെ നിശ്ശബ്ദ ജീവിതത്തെക്കു റിച്ച് മാധവി അപകർഷപ്പെടുന്നുണ്ട്. അവൾ രക്ഷപ്പെടട്ടെ. ദേവുവെങ്കിലും. ഹംസയുടെ കരങ്ങൾക്കു കരുത്തുണ്ട്. ഒരു വീടുവേലക്കാരിയായി അവൾ അവസാനിക്കാതിരിക്കട്ടെ എന്ന മാധവി മനസു കൊണ്ടനുഗ്രഹിക്കുന്നു.

''നിന്റെ ധൈര്യത്തിന്റെ പാതി എനിക്കുണ്ടായിരുന്നെങ്കിൽ'' (1998c:171) എന്ന് മറ്റൊ രവസരത്തിൽ ചിന്തി ക്കുന്നു.

**5.3.9.മാതൃത്വപ്രശ്നങ്ങൾ**

ഗർഭധാരണം, ഗർഭ നിരോധനം, ശിശുപാലനം, സ്നേഹനിർഭരമായ കുടുംബബ ന്ധങ്ങൾ ഇവയൊന്നും തന്നെ സ്വയം പീഢാകരമല്ല. അവയെ പീഢകമായി മാറ്റുന്നത് പുരുഷമേധാവിത്വവും ബന്ധങ്ങളിലെ അസമത്വവുമാണ്.സച്ചിദാനന്ദൻ.(1990: 42)

മാതൃത്വത്തിന് അനുഭവം, സ്ഥാപനം എന്നിങ്ങനെ രണ്ടവസ്ഥകളുണ്ടെന്ന് ആൻഡ്രി യൻ റിച്ച് (1976: 13) പറയുന്നു. ആദ്യത്തേത് ഗർഭം ധരിക്കാനും പ്രസവിക്കാനും കുഞ്ഞു ങ്ങളെ സ്നേഹിക്കാനുള്ള സ്വന്തം കഴിവിലുള്ള വിശ്വാസവും അതിനോടുള്ള തീവ്രബന്ധ വുമാണ്. സ്ഥാപനവൽക്കൃതമായ മാതൃത്വം സ്ത്രീയെ അമ്മയാകാൻ നിർബന്ധിക്കു കയും അതവൾക്കു പീഡാകരമായിത്തീരുകയും ചെയ്യുന്ന അവസ്ഥയാണ്.

മാതൃത്വം പീഡാകരമാവുന്ന അനുഭവമാണ് നമ്പരുകളിലും വിലാപത്തിലും ചാവേ റിലുമുള്ളത്. ആഗ്നേയത്തിലെ നങ്ങേമയുടേത് ഉദാത്തവൽകൃതമായ മാതൃത്വമാണ്. അര ക്കില്ലത്തിലും മേൽപ്പാലത്തിലും മാതൃത്വത്തെക്കുറിച്ചുള്ള വ്യവസ്ഥാപിതസങ്കല്പങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. ദരിദ്രമായ ജീവിതാവസ്ഥയും സ്ത്രീയുടെ കീഴാള നിലയുമാണ് നമ്പരുകളിലെ നാരായണിയുടേയും അമ്മിണിയുടേയും മാതൃത്വത്തെ ദയനീയാനുഭവ ങ്ങളാക്കുന്നത്. കുടുംബത്തോടുത്തരമവാദിത്തമില്ലാത്ത ഭർത്താക്കന്മാരിൽ നിന്ന് വർഷാ വർഷം ഗർഭം ധരിക്കേണ്ടിവരുന്നതിന്റെ ഗതികേടാണ് ഇവരനുഭവിക്കുന്നത്. ''ആ കാല കണ്ടൻ ഞാനാരെന്നാ വിചാരിച്ചത് കഴുതയെന്നോ പന്നിയെന്നോ''(1980:141) നാരായണി

ഭർത്താവിനോടുള്ള രോഷം പ്രകടിപ്പിക്കുന്നത് ഇങ്ങനെയാണ്.

ഗർഭം അലസിപ്പിക്കാൻ പച്ചമരുന്നു തേടി നടന്നു നാരായണി. വിത്തിടാതെ വിള യിറക്കുന്ന മണ്ണാണ് നാരായണിയെന്ന് പാച്ചൻ വിചാരിക്കുന്നു. ''കല്യാണം കഴിച്ചേപ്പിന്നെ അവൾക്ക് പെറാനല്ലാതെ നേരമുണ്ടായിട്ടുണ്ടോ''(1980:158) നിറവയറുമായി നാരായണി വേലക്കു പോകുന്നു. നാളെ നാരായണി വരണ്ട. ഇനി പെറ്റുകുളിച്ചിട്ടു വന്നാ മതി എന്നു വീട്ടുകാരിക്കു പറയേണ്ടി വന്നു.

''പട്ട്യേ പോലെ പെറാൻ തൊടങ്ങ്യാ എപ്പഴും ആളെക്കിട്ടില്ല്യ നോക്കാൻ....''(1980:95) എന്ന് അമ്മിണി നാരായണിയെ ഓർമ്മിപ്പിക്കുന്നു. ''പച്ചപ്പറങ്കിയണ്ടി പോലെ വിളറിയ കുഞ്ഞ് പായിൽ ചുരുണ്ടുകിടന്നു. അതു വായിലിട്ട വിരൽ ശക്തിയായി മൊത്തി''(1980:96). ഒരു മാസം പോലും തികയാത്ത കുഞ്ഞിനെ കുടിലിലാക്കി നാരായണി വേലക്കു പോയി. നിർത്താതെ വിശന്നു കരഞ്ഞ കുഞ്ഞിന് അമ്മിണി അമ്മയായി. തന്റെ വയറ്റിലെ കുഞ്ഞിന്റെ കാര്യമോർക്കുമ്പോൾ അമ്മിണിക്കു ലോകത്തോടു മുഴുവൻ പകയാണ് തോന്നു ന്നത്. ''ഉള്ളിലെ അനക്കങ്ങളോട് അവൾക്കു തരിമ്പും മമതയില്ല.'' (1980:200)

''പണിത്തിരക്കുകൾക്കും പ്രാരാബ്ധങ്ങൾക്കുമിടയിൽ തനിയെ്ക്കവിടെ പ്രസവി ക്കാൻ നേരം പെറ്റുകിടക്കാൻ നേരം''(1980:133) എന്നായിരുന്നു അമ്മിണിയുടേയും വേവ ലാതി. ദിവസത്തിന് ഇരുപത്തിനാലു മണിക്കൂറല്ല നാല്പത്തെട്ടു മണിക്കൂറായാലും തന്റെ ഗതി ഇതുതന്നെ എന്നവൾ ചിന്തിക്കുന്നുണ്ട്. ഗർഭം ഒഴിവാക്കാൻ അമ്മിണി ഡോക്ടറെ ചെന്നു കാണുന്നു. ''ഇതൊന്നൊഴിവാക്കിക്കിട്ടണം''(1980:165) ''ഞാനെത്രയെണ്ണത്തിന് തിന്നാനുണ്ടാക്കും. ഞാനൊരുത്തി. തുണിതിരുമ്പി എന്റെ തണ്ടലൊടിഞ്ഞു. ഇനി തല ക്കുഭ്രാന്തുപിടിക്കും മുമ്പ് നിങ്ങളിതു കളഞ്ഞു തരണം.''(1980:166) ഗർഭം ധരിക്കാനും പ്രസ വിക്കാനുമുള്ള സുന്ദരിയുടെ മോഹങ്ങൾ സഫലമായില്ല. നാരായണിയുടെ കുഞ്ഞിനെ ക്കാണാനവൾ എത്തുന്നുണ്ട്. അവളിലെ മാതൃത്വഭാവം ഉണരുന്നു.

വിലാപത്തിൽ സഫലമാവാത്ത മാതൃത്വാഭിലാഷം രുഗ്മിണിക്കോ വിലമ്മയെ ഉന്മാ ദി നിയാക്കുന്നു. ആത്മഹത്യക്കുള്ള അവരുടെ ശ്രമം പരാജയപ്പെട്ടു. കുഞ്ഞിനുവേണ്ടി യുള്ള മോഹം അവരിൽ ശക്തമായിരുന്നു. ഒരു കുഞ്ഞ് - ഒരു കുഞ്ഞുമാത്രം മതിയായി രുന്നു എനിയ്ക്ക് എന്നവർ പറയുന്നുണ്ട്. കോവിലകത്തെ അനപത്യദുഃഖത്തോക്കാൾ നല്ലത് കടത്തുപുരയിലെ അന്തിയുറക്കം എന്നു തീരുമാനിച്ച അവർ പിന്നീട് മടങ്ങിപ്പോ യില്ല. ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്തിട്ടില്ലാത്ത രുഗ്മിണിക്കോവിലമ്മ ആമിനയുടെ പേറ്റിച്ചിയായി. അപകടകരമായ സ്ഥിതിയിൽ നിന്ന് അമ്മയേയും കുഞ്ഞി നേയും രക്ഷിച്ചെടുക്കുകയായിരുന്നു അവർ.

ആമിനയ്ക്ക് പ്രസവവും മാതൃത്വവും നിർവൃതിദായകമായ അനുഭവമായില്ല. ലോകം

ജീവിക്കാൻ പറ്റിയതല്ല എന്ന അറിവിൽ അവൾ പുറത്തേക്കുള്ള കുഞ്ഞിന്റെ വരവിനെ പ്രതിരോധിക്കുന്നു. "ബരണ്ട- പുറത്തേക്കു ബരണ്ട - ഈ ദുനിയാവു നിറച്ചും പിശാചുക്കളാണ്. അവിടത്തന്നെ കിടക്ക്" (1998a:153) ബാപ്പ ജിഹാദിനു പോയതു ഭർത്താവ് കൊലപാതകിയായതും ഗർഭിണിയായ ആമിനയിൽ കടുത്ത സംഘർഷങ്ങളായി. ബാപ്പയെ തൂക്കിക്കൊല്ലുകയും ഭർത്താവിനെ നാടുകടത്തുകയും ചെയ്തപ്പോൾ അനാഥയായ ആമിന കുഞ്ഞിനേയുമെടുത്ത് വണ്ടികയറുകയാണ്.

ചാവേറിൽ ബലാത്സംഗത്തിനിരയായ തിരുമാലയുടെ അവിഹിത മാതൃത്വം അവൾക്കു പീഡാകരമായ അനുഭവമായിത്തീർന്നു. അവിഹിത മാതൃത്വത്തിന് സാമൂഹ്യ സ്വീകാര്യതയില്ല. കീഴടക്കപ്പെട്ട തന്റെ ശരീരത്തോട് തിരുമാലക്കും അവജ്ഞയാണ്. പ്രസവാനന്തരം അവൾ കുട്ടിയെ കന്യാസ്ത്രീമഠത്തിലേല്പിക്കുന്നു.

ജന്മിപുത്രന്റെ (അനന്തന്റെ) സംബന്ധക്കാരിയാകുന്നതിലും അയാളിൽ നിന്നു ഗർഭം ധരിക്കുന്നതിലും കീഴാളസ്ത്രീയായ ചെമ്മരത്തി അഭിമാനിക്കുന്നു. അനന്തനുമായുള്ള ബന്ധത്തെ തന്റെ ഭാഗ്യമായവൾ കണ്ടു. ജാതീയമായ വിധേയത്വം നിരുപാധികമായ അവളുടെ കീഴടങ്ങലിലേക്കു പരിണമിക്കുന്നു. തന്റെ ബന്ധത്തെ ആദർശവൽക്കരിക്കുന്നതിലൂടെ ജാതീയവും വർഗ്ഗപരവുമായ അസമത്വങ്ങളെ നിഗൂഢമാക്കുകയാണ് ചെമ്മരത്തി ചെയ്തത്.

പാളയത്തിലെ സീതാലക്ഷ്മി ആൺകുട്ടികളെ പ്രസവിക്കാത്തതുകൊണ്ട് അമ്മായിയമ്മയുടെ ശകാരങ്ങൾ കേൾക്കുന്ന കഥാപാത്രമാണ്. ശുദ്ധാശുദ്ധങ്ങളില്ലാത്ത മൂധേവിയായതുകൊണ്ടാണവൾ ആൺകുട്ടികളെ പ്രസവിക്കാത്തതെന്ന് അമ്മായിയമ്മ. ആൺസന്തതികളെ പ്രസവിക്കലാണ് മാതൃത്വത്തിന്റെ സാഫല്യമെന്ന ആൺകോയ്മാവീക്ഷണം സീതാലക്ഷമിയുടെ മാതൃത്വാനുഭവത്തെ നിസ്സാരവൽക്കരിക്കുന്നു.

ദാമ്പത്യത്തിലെ അല്ലലുകൾക്കു പരിഹാരമായാണ് ഒരു കുഞ്ഞിനെ ഗിരിജ(ആരും മരിക്കുന്നില്ല)ആഗ്രഹിക്കുന്നത്. തന്റെ പിതൃത്വശേഷിയെക്കുറിച്ചുള്ള ആശങ്കയിലേക്കും സൈത്രണലൈംഗികതയോടുള്ള ഭയത്തിലേക്കും ഇത് ഗോപീകൃഷ്ണനെ നയിക്കുന്നു. കുഞ്ഞുങ്ങൾ സാവധാനത്തിൽ മതി എന്നയാൾ ആശ്വസിക്കാൻ ശ്രമിച്ചു(1998e:122)

ആഗ്നേയത്തിലെ നങ്ങേമയിൽ നിറഞ്ഞു നില്ക്കുന്ന ഭാവം മാതൃത്വത്തിന്റേതാണ്. അടിയാന്മാരും കുടിയാന്മാരും അവരെ അമ്മേ എന്നു വിളിച്ചു. ചെറുപ്പക്കാരായ വിപ്ലവകാരികൾക്കും അവർ അമ്മയായിരുന്നു. മാതൃസ്നേഹത്താൽ കീഴടക്കപ്പെട്ട വിപ്ലവകാരിയായാണ് പൗലോസിന്റെ പരിണാമം. അമ്മേ മാപ്പ് എന്ന് അവസാനം കുറ്റബോധത്താൽ കുനിയുന്നുണ്ടയാൾ. പ്രായവും പക്വതയും തികയാത്തതിന്റെ ലക്ഷണങ്ങളായി ചെറുപ്പക്കാരുടെ വിപ്ലവ പ്രവർത്തനങ്ങളെ അമ്മ കണ്ടു.

തൊഴുത്തിലെ പശുക്കൾക്കും മൃഗങ്ങൾക്കും അവർ അന്നദാതാവായ അമ്മയായി. അന്നമൂട്ടുന്നതിൽ അവർക്കുള്ള സംതൃപ്തി കുഞ്ഞുങ്ങൾക്കു മുലയൂട്ടുന്ന മാതൃത്വത്തിന്റേതായിരുന്നു. അടുക്കളച്ചുമരിന്റെ വിടവിൽ നിന്ന് മണ്ണട്ടകരഞ്ഞപ്പോൾ അവർ പറയുന്നു. ''ഇറങ്ങി വായോ നിനക്കും തരാം കഞ്ഞി''(1998C:8).

നേരവും കാലവും നോക്കാതെ ചെറുപ്പക്കാർക്കു വച്ചുവിളമ്പിക്കൊടുക്കാൻ അവരിലെ മാതൃത്വം സന്നദ്ധമായി പോലീസിന്റെ നോട്ടപ്പുള്ളിയായ പൗലോസിനെ ഒറ്റിക്കൊടുക്കാനവർ തയ്യാറായില്ല. വിശന്നു വലഞ്ഞ് പ്രേതരൂപത്തിലെത്തിയ പിടികിട്ടാപ്പുള്ളിയായ പൗലോസിനെ അവസാനമായി അവർ ഊട്ടുന്നു.

''അമ്മേ വിശക്കുന്നു ചോറു തരാം അമ്മ ചോറു വിളമ്പി. അവൻ വാരി വിഴുങ്ങി''(1998C:226) മകനോടുള്ള അവരുടെ സ്നേഹവാത്സല്യങ്ങളാണ് അയാളുടെ കൂട്ടുകാരിലേക്കും സംക്രമിച്ചത്

''അപ്പൂ ഇന്നു ഞാൻ ശരിക്കും നിന്റെ അമ്മയായി. ഒന്നു കൈ ഞൊടിച്ചാൽ ഒരു ശ്വാസം ചെലവാക്കിയാൽ എനിക്കവനെ അക്കരെ തമ്പടിച്ചു നിൽക്കുന്ന പട്ടാളത്തെ ഏല്പിക്കാമായിരുന്നു.......... ഞാൻ നിന്റെ അമ്മയല്ലാതായിത്തീരാൻ ആഗ്രഹിക്കുന്നില്ല.(1998C:226)''

മകനെ നല്ല നിലയിൽ പഠിപ്പിച്ച് ഉദ്യോഗസ്ഥനാക്കണമെന്നായിരുന്നു നങ്ങേമയുടെ ആഗ്രഹം. എന്നാലവൻ വിപ്ലവകാരികളായ ചെറുപ്പക്കാരുടെ സംഘത്തിലാണെത്തിയത്. എങ്കിലും പുത്രവാത്സല്യം മകന്റെ മുമ്പിലവരെ മുട്ടുകുത്തിക്കുന്നു. അവനെ കല്യാണം കഴിപ്പിച്ച് കുടുംബത്തിലൊതുക്കാമെന്ന മോഹവും നടന്നില്ല. മരിച്ചുംപോയ ഭർത്താവിനോട് ആദരവുണ്ടവർക്ക് അവൻ അച്ഛന്റെ മകനാണ് എന്ന ബോധം അപ്പുവിനെ നേരിടാൻ അവരെ അശക്തയാക്കി. ''എന്റെ അപ്പു. രാഷ്ട്രീയത്തിനു പോയി ഒടിഞ്ഞ എല്ലുകളുടെ ചുമടുകളുമായി വീട്ടിൽ തിരിച്ചെത്തിയ നിന്റെ അച്ഛൻ - അച്ഛനു പിറന്ന മകൻ'' (1998C:208). മകനോടുള്ള വിധേയത്വം അതിരുകടക്കുന്നുമുണ്ട്. കുടുംബത്തോടുള്ള ഉത്തരവാദിത്തം മറക്കുന്ന മകനെ മരുമകളുടെ (ലീല) മുമ്പിൽ നങ്ങേമ ഇങ്ങനെ ന്യായീകരിക്കുന്നു. ''അവൻ ആണ്. നമുക്കു മനസിലാവാത്ത പലതും ചെയ്തെന്നുവരും''.(1998C:219)

നങ്ങേമക്ക് മകനോടാണ് കൂടുതലടുപ്പം. മകളേക്കാൾ - അപ്പു വഴിതെറ്റിപ്പോകുന്നു എന്നു തോന്നിയതുമുതൽ അവർ വേദനിക്കുന്നു.

''ഈ പോക്ക് എങ്ങോട്ട്''

''നീയിങ്ങനെ തലയുയർത്തി നടക്കാറായത് - നിന്നെ നടക്കാറാക്കിയത് എങ്ങനെയെന്ന് നിനക്കറിയില്ല. നിന്റെ ചുണ്ടിൽ വീഴേണ്ട പാൽത്തുള്ളികൾ കാട്ടുപാതയിലെ കരി

യിലകളിൽ ഇറ്റുചിതറിയപ്പോൾ എന്റെ കരൾ നീറിയതു നീയറിയില്ല. ചുരന്നമുലകളുടെ വിങ്ങൽ ഞാനിന്നും ഓർക്കുന്നു............ നിനക്കു വേണ്ടി -എല്ലാം നിനക്കു വേണ്ടി'' (1998C:10)

പേരക്കുട്ടിയോടുള്ള മുത്തശ്ശിയുടെ വാത്സല്യമാണ് ഈ വാക്കുകളിലുള്ളത്. ''എന്റെ അപ്പുവിന്റെ മകൻ - എന്റെ ചോരയുടെ ഗന്ധം. എന്റെ സുകൃതത്തിന്റെ ഫലം - എനിക്കവനെ കാണണം''. അപ്പു കൊലക്കുറ്റത്തിനു ജയിലിലായപ്പോൾ നങ്ങേമ തകർന്നുപോകുന്നു. ജാമ്യം പോലും കിട്ടാത്തകേസിൽ നിന്ന് മകനെ രക്ഷിക്കാൻ അവർ മനസ്സുരുകി ചെയ്തതൊന്നും ഫലം കണ്ടില്ല. വീണ്ടും കൃഷിയിറക്കാനും കൊയ്യാനും അവർക്കായില്ല. ''വയ്യ. അപ്പുവില്ലാതെ വയ്യ''(1998C:261) എന്നവർ നിസ്സഹായയാവുന്നു. ചേച്ചിയുടെ ആവശ്യപ്രകാരം അവരുടെ ഗർഭം അലസിപ്പിക്കാൻ കുറ്റി പറിച്ചു കൊണ്ടു വന്ന പച്ചമരുന്ന് നങ്ങേമ കാളിയാറിലേക്കു വലിച്ചെറിയുന്നു. ശിവൻകുട്ടിയെ പ്രസവിച്ച് അധികം കഴിയാതെ ചേച്ചി മരിച്ചു. നശിപ്പിക്കപ്പെടാനനുവദിക്കാതെ താൻ വളർത്തിയെടുത്ത (1998C:103) കുഞ്ഞായിത്തന്നെ ശിവൻകുട്ടിയെ നങ്ങേമ ശുശ്രൂഷിക്കുന്നു.

മാതൃത്വത്തിന്റെ സ്വതന്ത്രാനുഭവങ്ങൾ നേടിയെടുക്കാൻ അരക്കില്ലത്തിലെ സാവിത്രി ശ്രമിക്കുന്നുണ്ട്. ഭർത്താവായ വല്യേടത്തെയശ്മാനനെന്ന കിഴവന്റെ കുഞ്ഞിനെ പ്രസവിക്കാനവൾക്ക് താല്പര്യമില്ലായിരുന്നു. ഒടുങ്ങാത്ത സ്വത്തിന്റെ അവകാശിയായി ഒരു കുഞ്ഞിനെ വേണമെന്നത് കിഴവന്റെ നിർബന്ധമാണ്. തന്റെ വയറ്റിൽ പൊടിച്ച ജീവനോട് സാവിത്രിയ്ക്കു വെറുപ്പു തോന്നുന്നു. ''തടവുപുള്ളിയോടു തന്നെ ബന്ധിച്ച ചങ്ങലയോടു തോന്നുന്ന വികാരം'' (1977:115)കുഞ്ഞ് ജനിച്ചിട്ടും ഒരു സന്തോഷവും തോന്നുന്നില്ലേ എന്ന അച്യുതന്റെ ചോദ്യത്തിന് അവളുടെ മറുപടി ഇതായിരുന്നു. ''ഉണ്ണി പിറന്നത് എനിയ്ക്കാണോ ഞാനൊരു വെറും ചുമടുതാങ്ങി''(1977:119). ഭർത്താവിന്റേയും കുഞ്ഞിന്റേയും മരണം ഒരു ചലനവും അവളിലുണ്ടാക്കിയില്ല. ഒരു ബന്ധനത്തിൽ നിന്ന് രക്ഷപ്പെട്ടതിന്റെ ആശ്വാസം തോന്നുകയും ചെയ്തു. എന്നാൽ കാര്യസ്ഥൻ അച്യുതൻ അവൾക്കു മറ്റൊരു ബന്ധനമായി. പൗരുഷത്തിന്റെ കരുത്ത് അയാളിൽ സാവിത്രി കണ്ടെങ്കിലും ഒരു കുഞ്ഞിനെത്തരാൻ കഴിയാത്ത അയാളെ വെറുത്തു. വിധവക്കു കുഞ്ഞു പിറക്കരുതെന്നു കരുതി അയാൾ സ്വയം ഷണ്ഢനായി. പഴയ കാമുകൻ ജീവിതത്തിലേക്ക് സാവിത്രിയെ ക്ഷണിക്കുമ്പോഴും തനിയ്ക്കൊരു കുഞ്ഞിനെത്തരുമോ എന്ന പഴയ ചോദ്യമാണവൾ ചോദിച്ചത്. വല്യേടത്തെ യശമാനനുമായുള്ള വിവാഹത്തിനു മുമ്പ്തന്നെ തനിക്കൊരു കുഞ്ഞുവേണമെന്ന ആഗ്രഹം കൂസലില്ലാതെ കാമുകനോടവൾ പ്രകടിപ്പിച്ചിരുന്നു. അച്യുതനേയും പഴയ കാമുകനേയും ഇങ്ങനെയാണ് സാവിത്രി നേരിടുന്നത്.

നിങ്ങൾ രണ്ടുപേരും ഭീരുക്കളാണ്. ഒളിച്ചു നിന്ന് അപഹരിച്ചുതിന്നുന്ന നായ്ക്കൾ. ഒരാൾ വിധവക്കു കുഞ്ഞുപിറക്കരുതെന്നു കരുതി സ്വയം ഷണ്ഢനായി. നിങ്ങൾ (കാമുകൻ)എന്നെ കല്യാണം കഴിക്കുമെന്ന്! പേരുദോഷം വരാതിരിക്കാൻ......... സ്ഥാപനവൽകൃത

മാതൃത്വാനുഭവങ്ങളെ നിഷേധിക്കുകയും യഥാർത്ഥ മാതൃത്വാനുഭവം നേടിയെടുക്കാൻ മോഹിക്കുകയും ചെയ്യുന്ന സാവിത്രിയുടെ ശ്രമങ്ങൾ പുരുഷമേൽക്കോയ്മയെക്കതിരാ യുള്ള വെല്ലുവിളിയാവുന്നുണ്ട്.

മേൽപ്പാലത്തിൽ വില്യംസുമായുള്ള കാളിയുടെ ബന്ധം സ്വന്തം തെരഞ്ഞെടുപ്പാ യിരുന്നു. കാളിയുടെ കറുപ്പുനിറവും ചുറുചുറുക്കും വില്യംസ് ഇഷ്ടപ്പെട്ടു. ഈയംഗീകാ രമാണ് വില്യംസുമായി അവളെ അടുപ്പിക്കുന്നത്. കാളിയുടെ കറുപ്പുനിറം ഗ്രീക്കുവംശജ യായ തന്റെ അമ്മയെ ഓർമ്മിപ്പിക്കുന്നുവെന്ന് വില്യംസ് പറയുന്നു. അയാളിൽ നിന്നു ഗർഭം ധരിക്കാനും മാതൃത്വാഭിലാഷം സാക്ഷാത്കരിക്കാനും കാളി ധൈര്യം കാണിക്കു ന്നു. സദാചാര വിരുദ്ധമായ അവിഹിതബന്ധമായി വ്യാഖ്യാനിക്കാനിടയുള്ള തന്റെ പ്രവൃ ത്തിയിൽ അവർക്കു കുറ്റബോധമോ അപകർഷതയോ ഇല്ല.

ഔപചാരികതകളില്ലാതെ ധീരുപാൽസിങ്ങിനോടൊപ്പം ഒന്നിച്ചു ജീവിക്കുകയും മാതൃത്വം ഏറ്റെടുക്കുകയും ചെയ്യുന്ന ബാലാമണിയും ഉറച്ച സ്ത്രീത്വബോധം പ്രകടിപ്പി ക്കുന്നു. മാതൃത്വത്തിന്റെ അനുഭവത്തിനായുള്ള സ്വതന്ത്രശ്രമങ്ങളാണിവ. മാതൃത്വമെന്ന സ്ഥാപനവ്യവസ്ഥയെക്കതിരും.

**ഉപസംഹാരം**

പുരുഷനെക്കാൾ ഉയർന്ന സാമൂഹ്യബോധവും, ധൈഷണികതയും സ്ത്രീകൾ പ്രകടിപ്പിക്കുന്നു. (ഗിരിജ, സുനന്ദ, വസുമതി, ബാലാമണി, സാവിത്രി) ഭർത്താവും കാമു കനുമായ പുരുഷൻ സ്ത്രീയെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. (ഗോപീകൃഷ്ണൻ-ഗിരിജ, അരവിന്ദൻ-പ്രഭാവതി, മാധവി-പ്രഭാകരൻ, ശങ്കരൻകുട്ടി, സാവിത്രി-അച്ച്യുതൻ, ശങ്കരൻ നായനാർ-ഗൗരി, അനന്തൻ-ഉച്ചിര, കോമൻനായർ-രുക്മിണി.) നമ്പരുകളിൽ വീട്ടിനുള്ളിലും പുറത്തും ജോലി ചെയ്ത് സ്ത്രീകൾ പരുഷൻമാരെയും കുട്ടികളെയും സംരക്ഷിക്കുന്നു. കുടുംബത്തിന്റെ ഉത്തരവാദിത്തം പുരുഷൻമാർ ഏറ്റെടുക്കുന്നില്ല. പാള യത്തിലെ ഉദ്യോഗസ്ഥകൾ ഔദ്യോഗിക ജോലിയും ഗൃഹഭരണവും ഒന്നിച്ചുകൊണ്ടുപോ കുന്നു. പുരുഷന്റെ അവഗണനയും മേധാവിത്തബോധവും ദാമ്പത്യത്തെ തകർക്കുന്നു.- ആരും മരിക്കുന്നില്ല. വ്യവസ്ഥയുടെ താത്പര്യാർത്ഥം രൂപപ്പെടുത്തിയ സ്ത്രീഭാവങ്ങൾ പ്രശംസിക്കപ്പെടുന്നു. (അനന്തൻ-ചെമ്മരത്തി, ഉച്ചിര) അമ്മായിയമ്മയിലൂടെയും, മുത്തശ്ശിയിലൂടെയും പാരമ്പര്യത്തിന്റെയും ആൺകോയ്മയുടെയും മൂല്യങ്ങൾ പ്രവർത്തിക്കുന്നത്, നിഴലുറങ്ങുന്ന വഴികൾ, ആരും മരിക്കുന്നില്ല എന്നീ കൃതികളിൽ കാണാം. മേധാവിത്വം പുലർത്തുന്ന വ്യവസ്ഥയുടെ നീതികൾ സ്ത്രീയിലും പുരുഷനിലും പ്രർത്തിക്കുന്നുവെന്ന് വത്സലയുടെ നോവലുകൾ സാക്ഷ്യപ്പെടുത്തുന്നു.

▼ സ്ത്രീയുടെ രണ്ടാംകിട സ്ഥാനം തിരിച്ചറിയുന്ന തരത്തിൽ ലൈംഗികമായ കാഴ്ച്ചപ്പാടുകൾ വത്സലയുടെ നോവലുകളിലുണ്ട്. സ്ത്രീ എന്ന സാംസ്കാരികസ്വത്വം സൃഷ്ടിക്കപ്പെടുന്നത് മാധവിയുടെ കുട്ടിക്കാലത്തിലൂടെ വത്സല ചിത്രീകരിക്കുന്നു. ആണും പെണ്ണും സ്ത്രീ പുരുഷന്മാരായിത്തീരുന്നതിന്റെ സാംസ്ക്കാരിക സാഹചര്യങ്ങളെയാണതിൽ അടയാളപ്പെടുത്തുന്നത്. ഇച്ഛാശക്തിയും തന്റേടവും ഇല്ലാതാക്കി സ്ത്രീയെ മാറ്റുന്ന അനുഭവങ്ങളാവിഷ്ക്കരിക്കുന്ന ഇത്തരം സന്ദർഭങ്ങളിൽ കൃതി ലിംഗബോധമാർജ്ജിക്കുന്നു. വിലാപത്തിലെ മാളുണ്ണിയുടെയും ആമിനയുടെയും കുട്ടക്കാലങ്ങൾ സ്ത്രീയെ മനശ്ശാസ്ത്രപരമായി വിധേയപ്പെടുത്തുന്നതിന്റെ ചിത്രമാണ് തരുന്നത്.

▼ വത്സലയുടെ സ്ത്രീകഥാപാത്രങ്ങളിൽ ഭാര്യമാർ എല്ലാംതന്നെ അസംതൃപ്ത ദാമ്പത്യം അനുഭവിക്കുന്നവരാണ്. പാളയത്തിലെ മദ്ധ്യവർഗ്ഗകുടുംബിനികൾ ആധുനിക കുടുംബാവസ്ഥയുടെയും അതിലെ ആൺകോയ്മയുടെയും ഇരകളാണ്. സാമ്പത്തിക സുരക്ഷിതത്വം ഉണ്ടെങ്കിലും താനുൾപ്പെടുന്ന വർഗ്ഗത്തിലെ പുരുഷൻമാരോടൊപ്പമല്ല തന്റെ നിലയെന്നവരറിയുന്നു. വ്യവസ്ഥയുടെ സുഖാസക്തികൾ അവരെ ഭരിക്കുന്നു. അത് ലഭിക്കാത്തതിന്റെ നിരാശതകളും ഇച്ഛാഭംഗവും അനുഭവിക്കുന്നു.

▼ പുരുഷന്റെ അഹന്തയും മേധാവിത്തബോധവുമാണ് ദാമ്പത്യത്തെ അസംതൃപ്തമാക്കുന്നത്. ഭാര്യക്കു വിദ്യാഭ്യാസവും ചിന്താശേഷിയുമുണ്ടെങ്കിലും ഭർത്താക്കൻമാർ അവരെ തരംതാഴ്ത്താനാണ് ശ്രമിക്കുന്നത്. (ഗോപീകൃഷ്ണൻ-ഗിരിജ, ശങ്കരൻ നായനാർ-ഗൗരി, അനന്തൻ-ഉച്ചിര) അമ്മായിയമ്മയിലൂടെ പുരുഷമേധാവിത്തം പ്രവർത്തിക്കുന്നത് നിഴലുറങ്ങുന്ന വഴികളിൽ കാണാം.

## കുറിപ്പുകൾ

### അധ്യായം 5


| | | |
|---|---|---|
| ഗീത. പി | 1999 | "സ്ത്രീരചനകളിലെ സ്ത്രീപുരുഷബന്ധ ചിത്രണവും സങ്കല്പവും" *ദേവദൂതികൾ മാഞ്ഞുപോവത്* എസ് പി സി എസ് എൻ ബി എസ് കോട്ടയം |
| ഗീത. പി | 2000 | "സ്ത്രീ സങ്കല്പം, മതങ്ങളുടെ കാഴ്ചപ്പാടി□", *ഫെമിനിസം* ഒ□, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം |
| വത്സല. പി | 1968 | *തകർച്ച* പൂർണാ പബ്ലിക്കേഷൻസ് |
| വത്സല. പി | 1977 | *അരക്കി□ം* എസ്. പി. സി. എസ്, എൻ. ബി. എസ്. കോട്ടയം |
| വത്സല. പി | 1980 | *നമ്പരുകൾ* എൻ. ബി. എസ് കോട്ടയം |
| വത്സല. പി | 1981 | *പാളയം* എൻ. ബി. എസ് കോട്ടയം |
| വത്സല. പി | 1986 | *ഗൗതമൻ*, പി. കെ. ബ്രദേഴ്സ്, കോഴിക്കോട് |
| വത്സല. പി | 1993 | *റോസ് മേരിയുടെ ആകാശങ്ങൾ,* ഓഗസ്റ്റ് ബുക്സ്, തൃശൂർ |
| വത്സല. പി | 1998(എ) | *വിലാപം* ഡി. സി ബുക്സ് |
| വത്സല. പി | 1998(ബി) | *ചാവേർ* ഡി. സി ബുക്സ് |
| വത്സല. പി | 1998(സി) | *ആഗ്നേയം* ഡി. സി ബുക്സ് |
| വത്സല. പി | 1998(ഡി) | *കൂമൻകൊ□ി* ഡി. സി ബുക്സ് |
| വത്സല. പി | 1998(ഈ) | *ആരും മരിക്കു□ി□* കറന്റ്ബുക്സ്, തൃശ്ശൂർ |
| വത്സല. പി | 1998(എഫ്) | *നിഴലുറങ്ങു□ വഴികൾ* ഡി. സി ബുക്സ് |
| വത്സല. പി | 1999 | *നെ□്* ഡി. സി ബുക്സ് |
| വത്സല. പി | 2007 | *മേ□പ്പാലം* മാതൃഭൂമി ബുക്സ് |
| സച്ചിദാനന്ദൻ(എഡി) | 1990 | *സ്ത്രീപഠനങ്ങൾ* ബോധി വിമൻസ് ലൈബ്രറി കോഴിക്കോട് |
| Andrienne Rich | 1976 | *Of Woman Born, Motherhood as Experience and Institution*, NewYork: WW Norton |

# അധ്യായം ആറ്

# ഉപസംഹാരം

ഫെമിനിസം അഥവാ സ്ത്രീവാദം സ്ത്രീവിമോചനമെന്ന ലക്ഷ്യത്തെ കേന്ദ്രപ്രചോദനമാക്കുന്ന ആശയസമുച്ചയമാണ് ലിംഗപരമായ വിവേചനത്തെ സ്ത്രീയുടെ അടിമത്തത്തിനു കാരണമായി ഫെമിനിസ്റ്റുകൾ വിലയിരുത്തുന്നു.

സ്ത്രീജീവിതത്തിന്റെ സൂക്ഷ്മവും സ്വകാര്യവുമായ തലങ്ങളിൽ ഊന്നുന്ന രണ്ടാംഘട്ട ഫെമിനിസ്റ്റു പ്രസ്ഥാനം 1960കൾക്കുശേഷം ശക്തിയാർജ്ജിച്ചു. സ്ത്രീയുടെ സ്വാഭാവികവും സ്വതന്ത്രവുമായ ആവിഷ്കാരമാണ് ഫെമിനിസ്റ്റു കലയെന്ന് Gynesis സിദ്ധാന്തിക്കുന്നു. സ്ത്രീയുടെ രചനകൾ അവയുടെ സാമൂഹികപദവിയുമായി ബന്ധപ്പെട്ടാണ് സവിശേഷമാകുന്നതെന്നാണ് Gender theory പറയുന്നത്.

1970കളിലാണ് ഫെമിനിസ്റ്റ് സാഹിത്യവിമർശനപദ്ധതി ലക്ഷ്യബോധവും ഉൾക്കാഴ്ചയും നേടുന്നത്. പാഠത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ആവിഷ്കാര സമ്പ്രദായങ്ങളുടെ പ്രത്യേകതകൾ പഠിക്കുകയാണ് അമേരിക്കൻ ഫെമിനിസ്റ്റു സാഹിത്യവിമർശകർ മുഖ്യമായി ചെയ്തത്. ഇംഗ്ലീഷ് ഫെമിനിസ്റ്റ് സാഹിത്യവിമർശകർ ലിംഗതലവും വർഗ്ഗതലവുമുൾപ്പെടെ സംസ്കാരത്തിന്റെ മുഖ്യധാരകളെയാകെ പഠനവിധേയമാക്കി ഫ്രഞ്ചുഫെമിനിസ്റ്റുകൾ മനോവിശ്ലേഷണ പദ്ധതികൾ സ്വാംശീകരിച്ചു. ജർമ്മൻ ഫെമിനിസ്റ്റുകൾ സാഹിത്യസംവേദനത്തിലെ സ്ത്രീവിരുദ്ധതയെ ചെറുക്കുന്നതിന് ഫ്രാങ്ക്ഫർട്ട് സ്ക്കൂളിന്റേയും ഹെർമ്മന്യൂട്ടിക്സിന്റേയും വെളിച്ചം സ്വീകരിച്ചു.

സാഹിത്യത്തിലെ സ്ത്രീചിത്രണത്തിന്റെ രീതികളും സ്ത്രീപ്രതിനിധാനങ്ങളിലെ ലിംഗപരമായ വിവേചനങ്ങളും അപഗ്രഥിക്കുകയാണ് ആദ്യകാല ഫെമിനിസ്റ്റു വിമർശകർ ചെയ്തത്. സാഹിത്യത്തിലെ സ്ത്രൈണ പാരമ്പര്യത്തെ കണ്ടെത്തുകയും അധീശസംസ്കാരത്തിന്നെതിരായ പ്രതിസംസ്കാരത്തെ ഉയർത്തിപ്പിടിക്കുകയുമാണ് രണ്ടാംഘട്ടത്തിൽ ചെയ്തത്. വർണ വർഗ്ഗ ഗോത്രവ്യത്യസ്തതകളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള വിശകലനങ്ങൾ ഇന്ന് ഫെമിനിസ്റ്റ് സാഹിത്യവിമർശന പദ്ധതിയുടെ ഭാഗമാണ്.

സാഹിത്യത്തിന്റെ മുഖ്യധാരയിൽ അവഗണിക്കപ്പെടുകയോ തെറ്റായി ചിത്രീകരിക്കപ്പെടുകയോ ചെയ്ത സ്ത്രീയനുഭവങ്ങളെ കണ്ടെത്തുന്നത് ഫെമിനിസ്റ്റ് സാഹിത്യവിമർശനത്തിന്റെ ഭാഗമാണ്. പുരുഷപാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായി സ്ത്രീയുടെ സാഹിത്യപാരമ്പര്യത്തെ പുനർനിർമ്മിക്കുന്നതും ഇതോടൊപ്പം പ്രധാനമാണ്.

ഫ്യൂഡൽ കാലഘട്ടത്തിൽ പുരുഷൻ ചിന്തയുടേയും അധ്വാനത്തിന്റേയും പര്യായമാകുമ്പോൾ സ്ത്രീ ലൈംഗികതയുടെ പര്യായം മാത്രമാണ്. ബ്രാഹ്മണാധിപത്യമുള്ള വരമൊഴി സാഹിത്യ പാരമ്പര്യത്തിലും ബ്രാഹ്മണേതരമായ കീഴാളജനതയുടെ വാമൊഴി സാഹിത്യപാരമ്പര്യത്തിലുമാണ് കേരളീയമായ സ്ത്രീ സങ്കല്പങ്ങളുടെ ആദ്യമാതൃകകൾ ഉള്ളത്.

സ്ത്രീകളുടെ രക്ഷ പുരുഷന്മാരിലൂടെ എന്ന കാഴ്ചപ്പാട് സ്ത്രീപ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന പുരുഷ രചനകളിലുണ്ട്. പുരുഷമൂല്യങ്ങളെ പുനരുല്പാദിപ്പിക്കുന്ന ധർമ്മം തന്നെയാണ് സ്ത്രീകളുടെ സാഹിത്യവും ആദ്യകാലത്തു ചെയ്തു പോന്നത്. വികലമായി സൃഷ്ടിക്കപ്പെട്ട ബിംബങ്ങളിലൂടെയാണ് സാഹിത്യത്തിന്റെ മുഖ്യധാര സ്ത്രീവിരുദ്ധമായിത്തീർന്നത്. പുരുഷവ്യവസ്ഥയുടെ അധികാരബന്ധങ്ങളെ ചോദ്യം ചെയ്യാത്ത കൃതികളായിരുന്നു പുരോഗമ സാഹിത്യത്തിലും ഉണ്ടായത്.

സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്താതെപോയ എഴുത്തുകാരികൾ നിരവധിയാണ്. മലയാളത്തിലെ ആദ്യകഥാകാരിയും പരിഭാഷക്കഥാകാരിയും ടി. സി കല്യാണിയമ്മയാണ് (പി.കെ.കനകലത 2006:40)

സ്ത്രീകളെഴുതിയ കഥകൾ അക്കാലത്തെ സ്ത്രീകളുടെ മനോവ്യാപാരങ്ങളെ കുറിക്കുമ്പോൾ പോലും പരമ്പരാഗതം തന്നെയായിരുന്നു. എന്നാൽ സ്ത്രീകളെഴുതിയ അക്കാലത്തെ ലേഖനങ്ങളിൽ സ്ത്രീവിമോചനാശയങ്ങൾ ശക്തമായിരുന്നു. ഒരു നൂറ്റാണ്ടു മുമ്പുതന്നെ ഫെമിനിസ്റ്റ് അവബോധം കേരളത്തിൽ ശക്തമായിരുന്നതിന്റെ തെളിവാണിത്.

വിപ്ലവപ്രസ്ഥാനത്തോടും വിപ്ലവ രാഷ്ട്രീയത്തോടും സ്നേഹപൂർണമായ അവിശ്വാസം വത്സല പുലർത്തുന്നു. ഗാർഹികഘടനക്കുള്ളിലെ സ്ത്രീയനുഭവങ്ങൾ ആവിഷ്കരിക്കുന്ന കൃതികളാണ് അരക്കില്ലം, ആരും മരിക്കുന്നില്ല, നിഴലുറങ്ങുന്ന വഴികൾ, തകർച്ച, നമ്പരുകൾ എന്നിവ. പ്രണയവും വിവാഹവും, രതിയും, ദാമ്പത്യവും എത്രമാത്രം പുരുഷാനുകൂലമാണെന്ന് ഇവ തെളിയിക്കുന്നു. പുരുഷൻ സ്വേഛാനുസരണം രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന കുടുംബങ്ങളാണിതിലുള്ളത്. സ്വന്തം ജീവിതത്തിലും സ്വപ്നങ്ങളിലും കർതൃത്വമില്ലാത്ത നിസ്സഹായത സാവിത്രിയിലും (അരക്കില്ലം) ഗിരിജയിലും (ആരും മരിക്കുന്നില്ല) മാധവിയിലും (നിഴലുറങ്ങുന്ന വഴികൾ) കാണാം.

പുരുഷവ്യവസ്ഥയുടെ ഇര സ്ത്രീ മാത്രമല്ല പുരുഷനും കൂടിയാണ് എന്ന പാഠം അരക്കില്ലത്തിലും, നിഴലുറങ്ങുന്ന വഴികൾ, തകർച്ച എന്നീ കൃതികളിലും ഉണ്ട്. പുരുഷ കഥാപാത്രങ്ങൾ (അരക്കില്ലത്തിലെ വല്യെടത്തെ കശ്മാൻ നിഴലുറങ്ങുന്ന വഴികളിലെ പ്രഭാകരൻ, തകർച്ചയിലെ രാരുക്കുട്ടി) വ്യവസ്ഥയുടെ നടത്തിപ്പുകാരോ ഉപഭോക്താക്കളോ ആണ്.

നിരവധി വിലക്കുകളിലൂടെ കടന്നു പോകുന്ന പെൺകുട്ടിക്കാലം വിലാപം, നിഴ ലുറങ്ങുന്ന വഴികൾ എന്നീ നോവലുകളിൽ കാണാം. ഇഛാശക്തിയും തന്റേടവും ഇല്ലാ താക്കി സ്ത്രീയെ മാറ്റുന്ന അനുഭവങ്ങളാണ് വിലാപത്തിലെ മാളുണ്ണിക്കും നിഴലുറങ്ങുന്ന വഴികളിലെ മാധവിക്കും ലഭിച്ചത്.

സ്ത്രീവിരുദ്ധമായ പാരമ്പര്യസങ്കല്പങ്ങളുടെ പശ്ചാത്തലത്തിലാണ് ആരും മരി ക്കുന്നില്ല, അരക്കില്ലം, നിഴലുറങ്ങുന്ന വഴികൾ എന്നീ നോവലുകളിലെ സംഘർഷം രൂപ പ്പെടുന്നത്.

ദാമ്പത്യജീവിതത്തിൽ പുരുഷനിൽ നിന്ന് സ്നേഹം കൊതിക്കുകയും കിട്ടാതെ വരുമ്പോൾ അസ്വസ്ഥരാകുകയും ചെയ്യുന്ന ഭാര്യമാരാണ് വത്സലയുടെ നോവലുകളിലു ള്ളത്. വിവാഹജീവിതത്തിൽ പ്രണയം ലഭിക്കാത്ത സ്ത്രീകഥാപാത്രങ്ങൾ ആത്മനിന്ദയ നുഭവിക്കുന്നു (മാധവി, ഗിരിജ). മറ്റൊരു ബന്ധം സ്ഥാപിച്ചെടുക്കാൻ പുരുഷനെപ്പോലെ അവർ മുതിരുന്നില്ല. എങ്കിലും സദാചാരസങ്കല്പങ്ങളെ മനസുകൊണ്ടവർ അതിലംഘി ക്കുന്നു.

പുരുഷന്റെ പരസ്ത്രീബന്ധങ്ങൾ ഭാര്യയുടെ ആത്മവിശ്വാസവും സ്വൈര്യവും തകർക്കുന്ന കുടുംബസാഹചര്യങ്ങളിലൊന്നാണ്. ഒന്നിലേറെ ബന്ധങ്ങളിൽ ഊറ്റം കൊള ളുന്നത് പുരുഷലക്ഷണമായി കരുതപ്പെടുന്നു. പുരുഷവ്യവസ്ഥ രൂപപ്പെടുത്തിയ സ്ത്രീ സങ്കല്പങ്ങൾക്കുള്ളിൽ നിൽക്കുമ്പോഴേ സ്ത്രീ ആദരിക്കപ്പെടുന്നുള്ളൂ.

രതി സ്ത്രീയെ സംബന്ധിച്ച് ഏകപക്ഷീയമായ ബലാൽക്കാരങ്ങളായി അനുഭവ പ്പെടുന്നത് ചാവേറിലും വിലാപത്തിലും ആരും മരിക്കുന്നില്ല എന്ന കൃതിയിലും ആവി ഷ്കരിക്കപ്പെട്ടിട്ടുണ്ട്. വ്യവസ്ഥാപിത ദാമ്പത്യത്തിനപ്പുറത്ത് പ്രണയത്തിലധിഷ്ഠിതമായ രത്യനുഭവമുണ്ടെന്ന് മേൽപ്പാലത്തിൽ വ്യക്തമാക്കുന്നു. കാളിയും വില്യംസുമായുള്ള ബന്ധവും ബാലാമണിയും ധീരുപാൽസിംഗുമായുള്ള ബന്ധവും ഇതിനുദാഹരണമാണ്.

ഏകാന്തതയിൽ നിന്നും അപമാനവീകരണത്തിൽ നിന്നും രക്ഷപ്പെടാനുള്ള പഴുതായി ഭ്രാന്തും മരണവും മാറുന്നു. വിലാപത്തിലെ രുഗ്മിണിക്കോവിലമ്മ മാനസിക സംഘർഷ ത്തിനടിപ്പെട്ട് ആത്മഹത്യക്കു ശ്രമിക്കുന്നു. പുരുഷനുവേണ്ടിയുള്ള സ്ത്രീകളുടെ മത്സ രവും സ്ത്രീകൾ തമ്മിലുള്ള വൈരവും പുരുഷമേധാവിത്തത്തിന്റെ സൃഷ്ടിയാണ്. ആൺമ

ക്കളെ കാൽക്കിഴിലൊതുക്കാനുള്ള സ്വാർത്ഥമോഹം ഫലിക്കാതെ വരുമ്പോൾ നിഴലുറങ്ങുന്ന വഴികളിലെ മാധവിയുടെ അമ്മക്കു ഭ്രാന്തു പിടിക്കുന്നു. വൈധവ്യം സ്ത്രീയുടെ നിലനില്പിനെ അസ്ഥിരപ്പെടുത്തുന്ന ഒരവസ്ഥയാണ്. വീട്ടുകാരുടെ നിർബന്ധത്തോടെത്തന്നെ മാധവിയുടെ രണ്ടാം വിവാഹം നടക്കുന്നു. അരക്കില്ലത്തിലെ സാവിത്രിക്ക് വൈധവ്യം സംതൃപ്തിയാണു നൽകുന്നത്. വൈധവ്യത്തെ ആഗ്നേയത്തിലെ നങ്ങേമ നിശ്ചയദാർഢ്യത്തോടെ നേരിടുന്നു. ചാവേറിലെ ദേവയാനി മുറിയ്ക്കുള്ളിൽ അടച്ചുപൂട്ടിയിരുന്നു. ജീവിതം നിഷേധിക്കപ്പെട്ടതിന്റെ പ്രതിഷേധമായിരുന്നു അത്.

സ്ത്രീയെന്ന നിലയിലുള്ള സമാനാനുഭവങ്ങളും സംഘർഷങ്ങളും അവർക്കിടയിൽ ആത്മബന്ധങ്ങൾ രൂപപ്പെടുത്തുന്നു. ചാവേറിലെ ഉച്ചിരയും രുക്മിണിയും തമ്മിലുള്ള ഹൃദയൈക്യം ഇങ്ങനെയുള്ളതാണ്. വിലാപത്തിലെ ആമിനയും മാളുണ്ണിയും തമ്മിലും നിഴലുറങ്ങുന്ന വഴികളിലെ മാധവിയും ദേവയാനിയും തമ്മിലും ഇത്തരം ആത്മബന്ധങ്ങളാണുള്ളത്.

മാതൃത്വം പീഡാകരമാവുന്ന അവസ്ഥയാണ് നമ്പരുകളിലും വിലാപത്തിലും ചാവേറിലുമുള്ളത്. ആഗ്നേയത്തിലെ നങ്ങേമയുടേത് ഉദാത്തവൽകൃത മാതൃത്വമാണ്. അരക്കില്ലത്തിലും മേൽപ്പാലത്തിലും മാതൃത്വത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു.

**നിഗമനങ്ങൾ**

- സ്ത്രീ ജീവിതത്തെ അതിൻെറ വൈവിധ്യങ്ങളോടെ വത്സല ചിത്രീകരിക്കുന്നു. സ്ത്രീ കേന്ദ്രകഥാപാത്രവും, സ്ത്രീജീവിതം കേന്ദ്രപ്രമേയവും ആകുന്നുണ്ട്. കേവലമായി ഉദാത്തവത്ക്കരിക്കപ്പെട്ട കഥാപാത്രങ്ങളോ ജീവിതസന്ദർഭങ്ങളോ നോവലുകളിലില്ല.

- ഗ്രാമ-നഗരപശ്ചാത്തലത്തിലെഴുതപ്പെട്ട നോവലുകളിൽ സ്ത്രീയുടെ അടിസ്ഥാനപരമായ പരാധീനത വെളിപ്പെടുന്നു. സ്ത്രീയായതുകൊണ്ടുമാത്രം അനുഭവിക്കുന്ന പരാധീനതകളാണിവ.

- അർദ്ധഫ്യൂഡൽ മുതലാളിത്ത സാമൂഹ്യവ്യവസ്ഥകൾ വത്സലയുടെ നോവലിലെ പശ്ചാത്തലമായിനിൽക്കുന്നുണ്ട്. അടിസ്ഥാന വർഗ്ഗത്തിലെയും മദ്ധ്യവർഗ്ഗത്തിലെയും സമ്പന്ന വർഗ്ഗത്തിലെയും സ്ത്രീകൾ ഇതിൽ കടന്നുവരുന്നു. വ്യത്യസ്ത രാഷ്ട്രീയ വ്യവസ്ഥകളും സാമൂഹ്യവ്യവസ്ഥകളും സ്ത്രീയെ എങ്ങനെ പരിഗണിക്കുന്നുവെന്നതിന്റെ സൂക്ഷ്മമായ ആവിഷ്കാരം ഈ നോവലുകളിൽ കണ്ടെത്താം.

- വത്സലയുടെ കഥാപാത്രങ്ങൾ മൂന്നുതരത്തിൽ വ്യവസ്ഥയോട് പ്രതികരിക്കുന്നു.
    - ✔ നിശ്ശബ്ദമായ പ്രതിഷേധങ്ങൾ

പുരുഷമേധാവിത്തത്തോടുള്ള അബോധപൂർവ്വമായ കലഹങ്ങളാണിവ. കുടുംബ ത്തിനുള്ളിൽ അടച്ചിടപ്പെട്ട ജീവിതം അവരെ വെറുപ്പിക്കുന്നു. വീട് ഒരു തടവറയാണെന്ന അനുഭവപാഠം അവർക്കുണ്ട്. പുരുഷന്റെ അഹന്തകളാൽ അവർ നിരന്തരം മുറിവേറ്റു കൊണ്ടിരിക്കുന്നു. ഏറ്റവുമൊടുവിൽ മാത്രം അവൾ പ്രതിഷേധിക്കുന്നു. സ്ത്രീയുടെ അടിമജീവിതത്തെക്കുറിച്ച് ബോധമുള്ള ഈ കഥാപാത്രങ്ങൾ വ്യവസ്ഥ യോട് കലഹിക്കാൻ ഭയപ്പെടുന്നു. എങ്കിലും അബോധപൂർവ്വം അവരുടെ പ്രതിഷേധം ഉയരുന്നുണ്ട്.

- ✔ തീവ്രമായ പ്രതിഷേധങ്ങൾ

പുരുഷ വ്യവസ്ഥിതിയിൽതന്നെ പ്രതിഷേധിക്കുന്ന കഥാപാത്രങ്ങളാണ് ഈ വിഭാ ഗത്തിലുള്ളത്. സ്ത്രയനുഭവിക്കുന്ന ഇരട്ടച്ചൂഷണത്തെ ഇവർ തിരിച്ചറിയുന്നു.വ്യവസ്ഥാ പിത ത്വത്തെ സഹിക്കാൻ ഇവരിലെ ഉല്പതിഷ്ണുത തയ്യാറല്ല. സ്ത്രീ രണ്ടാംകിട യല്ലെന്ന് അവർ സ്വന്തം കഴിവുകൾ കൊണ്ട് തെളിയിക്കുന്നു.

- ✔ വിമോചനാത്മകമായ പ്രതിഷേധങ്ങൾ

സ്ത്രീജീവിതം പരിമിതപ്പെട്ടു പോകുന്നതിന്റെ സാമൂഹികവും സാംസ്കാരിക വും പ്രത്യയശാസ്ത്രപരവുമായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനാൽ അവക്കെതിരെ പ്രതി കരിക്കുന്ന സ്വത്വബോധമാണ് ഈ വിഭാഗത്തിൽപ്പെടുന്ന കഥാപാത്രങ്ങൾ പ്രകടിപ്പിക്കു ന്നത്. വൈയക്തികമായ രോഷ പ്രകടനങ്ങളായി അവസാനിക്കുന്നില്ല ഇവരുടെ പ്രതിഷ ധം. സാമൂഹിക ബോധത്തിന്റെ കരുത്തുണ്ട്. സ്ത്രീ സ്വത്വബോധം ആർജിച്ചു കഴിഞ്ഞ തിന്റെ തെളിവാണ് ഈ മാതിരിയുള്ള അവരുടെ പ്രതികരണങ്ങൾ. സ്ത്രീ സ്വത്വബോധം വികസിച്ചു വിമോചനാത്മകമാക്കുന്ന ഈ ഘട്ടം പുരുഷപ്രത്യയശാസ്ത്രത്തോടുള്ള സമ്പൂർണ്ണമായ കലഹമാകുന്നു.

- ⬍ വത്സലയുടെ നോവലുകളിൽ സ്ത്രീചിത്രണത്തിന്റെ പ്രമേയപരവും ദർശനപര വുമായ പരിണാമം സംഭവിക്കുന്നുണ്ട്. സ്ത്രീയുടെ കുടുംബതല ബന്ധങ്ങളും സമൂഹത ലബന്ധങ്ങളും സൂക്ഷ്മമായി ചിത്രീകരിച്ചിട്ടുണ്ട്.

- ⬍ വത്സലയുടെ എല്ലാ നോവലുകളും സ്ത്രീയുടെ രണ്ടാംകിടസ്ഥാനം തിരിച്ചറി യുന്നതിന്റെ ആവിഷ്ക്കരണങ്ങളാണ്. സ്ത്രീകളുടെ സ്ത്രീജീവിതാവസ്ഥകൾ ഇവയിൽ പ്രതിഫലിക്കുന്നുണ്ട്. മേലാള-കീഴാള-മദ്ധ്യവർഗ്ഗവിഭാഗത്തിലെ രചനകളിൽ കടന്നുവ രുന്ന ഗാർഹിക മണ്ഡലത്തിലും തൊഴിലിടങ്ങളിലും സ്ത്രീ അനുഭവിക്കുന്ന പ്രയാസ ങ്ങൾ സാമൂഹത്തിലെ വർണ്ണ-വർഗ്ഗലിംഗ മേധാവിത്തത്തിന്റെ പ്രശ്നങ്ങളിലേക്കു വിരൽ ചൂണ്ടുന്നു.

- പൊതുമണ്ഡലത്തിലെത്തിപ്പെട്ട സ്ത്രീകഥാപാത്രങ്ങൾ വത്സലയുടെ നോവലുകളിൽ അധികമില്ല. പരമ്പരാഗതമായി പുരുഷന്റെതെന്നു നിർണ്ണയിച്ചുവച്ച ഇടങ്ങളിലേക്കുള്ള സ്ത്രീകളുടെ കടന്നുകയറ്റമോ പ്രതീകാത്മകമായ പ്രവേശനമോ അവർ ആവിഷ്കരിച്ചിട്ടില്ല. പൊതുമണ്ഡലത്തിലെ സ്ത്രീകഥാപാത്രങ്ങളിലധികവും രണ്ടാംലിംഗ ജാതിയായ സ്ത്രീക്കു നീക്കിവച്ച ജോലികളിൽ ഏർപ്പട്ടവരാണ്.

- ഗാർഹിക ഘടനക്കുള്ളിലെ സ്ത്രീജീവിതമാണ് കൂടുതലായി വത്സല ചിത്രീകരിച്ചുട്ടുള്ളത്. കീഴാളജീവിതത്തിന്റെ പീഡിത ചിത്രം നെല്ല്, കൂമൻ കൊല്ലി, ചാവേർ എന്നീ നോവലുകളിലുണ്ട്. അടിമത്തവും, ലൈംഗികചൂഷണവും സാമ്പത്തിക ചൂഷണവും ഉൾപ്പെടുന്ന ജന്മിത്തത്തിന്റെ പൊതു പശ്ചാത്തലം ഇവക്കുണ്ട്.

- ലൈംഗികമായ കാഴ്ച്ചപ്പാട് വത്സലയുടെ നോവലുകളെ ശക്തമായ സ്ത്രീപക്ഷാഖ്യാനങ്ങളാക്കി മാറ്റുന്നു. എന്നാൽ സാമൂഹ്യ പ്രശ്നങ്ങളുടെ ഭാഗമായി മാത്രമേ സ്ത്രീ പ്രശ്നങ്ങൾ വത്സല ആവിഷ്ക്കരിക്കുന്നുള്ളൂ. കൃതിയുടെ സമഗ്രഘടനയിൽ ലിംഗ ബോധത്തേക്കാൾ വർഗ്ഗബോധം ഉയർന്നുനിൽക്കുന്നു.

- പ്രത്യക്ഷമായ ഫെമിനിസ്റ്റ് പ്രമേയങ്ങളല്ല വത്സല കൈകാര്യം ചെയ്യുന്നത്. കൃതികളിലൂടെ രാഷ്ട്രീയ-സാമൂഹ്യ വ്യവസ്ഥിതിയുടെയും ആൺകോയ്മയുടെയും വിമർശനങ്ങൾ അവർ നിർവ്വഹിക്കുന്നുണ്ട്. സ്ത്രീപ്രശ്നങ്ങളോടുള്ള ഫെമിനിസ്റ്റിന്റെ പ്രതികരണമായല്ല നോവലുകളുടെ ആഖ്യാനം. അനുഭവസത്യങ്ങളുടെ ആവിഷ്ക്കാരമെന്ന നിലയിൽ അവ സ്വാഭാവികതയോടെ കടന്നുവരുന്നതാണ്. സമൂഹത്തെയും സാമൂഹിക ബന്ധങ്ങളെയും സവിശേഷ പശ്ചാത്തലത്തിൽ അവർ ആവിഷ്ക്കരിച്ചിരിക്കുന്നു. ചരിത്രത്തെയും സമൂഹത്തെയും കുറിച്ചുള്ള സുവ്യക്തബോധം കൃതികളിലുണ്ട്.

- സ്ത്രീ അബലയാണെന്ന പാരമ്പര്യബോധത്തെ പത്സലയുടെ സ്ത്രീ കഥാപാത്രങ്ങൾ തിരസ്ക്കരിക്കുന്നു. സ്വപ്നം കാണാനും ഉയർച്ച നേടാനും അവർ ശ്രമിക്കുന്നു. പ്രതികൂലാവസ്ഥകളോട് പ്രതിഷേധിക്കുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഘടനകൾക്കകത്തുനിന്നുകൊണ്ട് പ്രതികരണശേഷി സൂക്ഷിക്കുന്നു. കീഴ്വഴക്കങ്ങളെ ലംഘിച്ച് സ്വാതന്ത്ര്യം തേടാനുള്ള കരുത്ത് ചിലർ പ്രകടിപ്പിക്കുന്നു. മറ്റു ചിലരിൽ ബന്ധങ്ങളെയും കടമകളെയും കുറിച്ചുള്ള ബോധം ശക്തമാണ്.

- വത്സല യാഥാസ്ഥിതികമായ സ്ത്രീത്വഭാവങ്ങളിൽ കഥാപാത്രങ്ങളെ തളച്ചിടുന്നില്ല. എന്നാൽ ത്യാഗപൂർണ്ണമായ ഭാര്യാത്വവും, മാതൃത്വവും പുത്രസ്നേഹവും ചിലരിലുണ്ട്. (*ആരും മരിക്കുന്നില്ല*യിലെ വല്ല്യേടത്തി;ആഗ്നേയത്തിലെ നങ്ങേമ) സ്ത്രീയുടെ പാരതന്ത്ര്യമായി ഈഭാവങ്ങൾ മാറുകയാണ്. ഇതെല്ലാമേറ്റെടുക്കാൻ സമകാലിക വ്യവസ്ഥയാൽ നിർബന്ധിക്കപ്പെട്ടിക്കുന്നു എന്ന തിരിച്ചറിവാണ് ഇവിടെയുള്ളത്. മറ്റുള്ളവർക്കായി സ്വയം

ത്യജിക്കുന്ന ഭാവം സരസുവിലായാലും മാധവിയിലായാലും കാണാം. ഇവർ പുരുഷാധി ഷ്ഠിത കുടുംബഘടനയുടെ ബലിയാടുകളാണ്. പുത്രസ്നേഹവും ഭർത്താവിനോടുള്ള ആദരവുമാണ് നങ്ങേമയുടെ ആദർശാത്മകതയുടെ നിദാനം. ജീവിതത്തിൽ കൂടുതൽ ഉത്തരവാദിത്തം ആൺകോയ്മ സ്ത്രീയിൽ കെട്ടിവക്കുന്നുവെന്ന യാഥാർത്ഥ്യമാണ് വത്സല തുറന്നു കാട്ടുന്നത്. പുരുഷന്റെ താങ്ങോ സഹായഹസ്തമോ കൂടാതെത്തന്നെ ജീവിതത്തെ നേരിടാനാവുമെന്ന് ആഗ്നേയത്തിലെ നങ്ങേമയും, മേൽപ്പാലത്തിലെ ബാലാമണിയും തെളി യിക്കുന്നു. നിലവിലുള്ള വ്യവസ്ഥയിൽ സ്ത്രീയുടെ സ്വാതന്ത്ര്യത്തിന് സാധ്യതകളെക്കാ ളേറെ പരിമിതികളാണെന്ന യാഥാർത്ഥ്യം വത്സല അനാവരണം ചെയ്യുന്നു.

❖ വിദ്യാഭ്യാസമോ തൊഴിലോ നേടിയ പുതിയ തലമുറയിലെ സ്ത്രീകൾ കുടുംബ ഘടനക്കുള്ളിൽ സംഘർഷമനുഭവിക്കുന്നു. മുത്തശ്ശി, അമ്മായിയമ്മ മുതലായവരി ലൂടെയാണ് അവർ സംഘർഷത്തിലാവുന്നത്. ഭാര്യാ-ഭർത്തൃ ബന്ധത്തിൽ സഹവർത്തിത്വ മാണിഷ്ടപ്പെടുന്നത്. പരമ്പരാഗതമായ ഭാര്യാ-ഭർത്തൃ ബന്ധത്തെ അടിമ-ഉടമ ബന്ധമായി തിരിച്ചറിയുന്ന ഇവർ തങ്ങളുടെ അവസ്ഥയിൽ പ്രതിഷേധിക്കുകയും ചെയ്യുന്നുണ്ട്. (ഗിരി ജ, പ്രഭാവതി, പാളയത്തിലെ ഉദ്യോഗസ്ഥകൾ) രക്ഷകനായോ അധികാരിയായോ ഉള്ള പുരുഷന്റെ മേധാവിത്തം ഇവർ അംഗീകരിക്കുന്നില്ല.

❖ മണ്ണിലും പ്രകൃതിയിലും സ്ത്രീത്വത്തിനേൽപ്പിക്കുന്ന കളങ്കമായാണ് പ്രകൃതിചൂ ഷണത്തെയും വികലമായ വികസനസംരംഭങ്ങളെയും തിരിച്ചറിയുന്നത്. സാമൂഹ്യവ്യവ സ്ഥയുടെ വർഗ്ഗലിംഗ പക്ഷപാതങ്ങളെ തുറന്നുകാണിക്കുകയും ചെറുക്കുകയും ചെയ്യുന്നതാണ് വത്സലയുടെ നോവലുകൾ - മേൽപ്പാലം ഇതിന്റെ ശക്തമായ ഉദാഹര ണമാണ്. ആദ്യകാല നോവലായ തകർച്ചയിൽ നിന്ന് മേൽപ്പാലത്തിലെത്തുമ്പോൾ സ്ത്രീസ്വത്വബോധത്തിന്റെ ക്രമികമായ വികാസ-പരിണാമങ്ങൾ സംഭവിക്കുന്നത് കാണാം.

❖ പുരുഷനെക്കാൾ ഉയർന്ന സാമൂഹ്യബോധവും, ധൈഷണികതയും സ്ത്രീകൾ പ്രകടിപ്പിക്കുന്നു. (ഗിരിജ, സുനന്ദ, വസുമതി, ബാലാമണി, സാവിത്രി) ഭർത്താവും കാമു കനുമായ പുരുഷൻ സ്ത്രീയെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. (ഗോപീകൃഷ്ണൻ-ഗിരിജ, അരവിന്ദൻ-പ്രഭാവതി, മാധവി-പ്രഭാകരൻ, ശങ്കരൻകുട്ടി, സാവിത്രി-അച്ച്യുതൻ, ശങ്കരൻ നായനാർ-ഗൗരി, അനന്തൻ-ഉച്ചിര, കോമൻനായർ-രുക്മിണി.) നമ്പരുകളിൽ വീട്ടിനുള്ളിലും പുറത്തും ജോലി ചെയ്ത് സ്ത്രീകൾ പരുഷൻമാരെയും കുട്ടികളെയും സംരക്ഷിക്കുന്നു. കുടുംബത്തിന്റെ ഉത്തരവാദിത്തം പുരുഷൻമാർ ഏറ്റെടുക്കുന്നില്ല. പാള യത്തിലെ ഉദ്യോഗസ്ഥകൾ ഔദ്യോഗിക ജോലിയും ഗൃഹഭരണവും ഒന്നിച്ചുകൊണ്ടുപോ കുന്നു. പുരുഷന്റെ അവഗണനയും മേധാവിത്തബോധവും ദാമ്പത്യത്തെ തകർക്കുന്നു.-ആരും മരിക്കുന്നില്ല. വ്യവസ്ഥയുടെ താത്പര്യാർത്ഥം രൂപപ്പെടുത്തിയ സ്ത്രീഭാവങ്ങൾ പ്രശംസിക്കപ്പെടുന്നു. (അനന്തൻ-ചെമ്മരത്തി, ഉച്ചിര) അമ്മായിയമ്മയിലൂടെയും,

മുത്തശ്ശിയിലൂടെയും പാരമ്പര്യത്തിന്റെയും ആൺകോയ്മയുടെയും മൂല്യങ്ങൾ പ്രവർത്തിക്കുന്നത്, നിഴലുറങ്ങുന്ന വഴികൾ, ആരും മരിക്കുന്നില്ല എന്നീ കൃതികളിൽ കാണാം. മേധാവിത്വം പുലർത്തുന്ന വ്യവസ്ഥയുടെ നീതികൾ സ്ത്രീയിലും പുരുഷനിലും പ്രർത്തിക്കുന്നുവെന്ന് വത്സലയുടെ നോവലുകൾ സാക്ഷ്യപ്പെടുത്തുന്നു.

- പുരുഷന്റെ അഹന്തയും മേധാവിത്തബോധവുമാണ് ദാമ്പത്യത്തെ അസംതൃപ്ത മാക്കുന്നത്. ഭാര്യക്കു വിദ്യാഭ്യാസവും ചിന്താശേഷിയുമുണ്ടെങ്കിലും ഭർത്താക്കൻമാർ അവരെ തരംതാഴ്ത്താനാണ് ശ്രമിക്കുന്നത്. (ഗോപീകൃഷ്ണൻ-ഗിരിജ, ശങ്കരൻ നായനാർ-ഗൗരി, അനന്തൻ-ഉച്ചിര) അമ്മായിയമ്മയിലൂടെ പുരുഷമേധാവിത്തം പ്രവർത്തിക്കുന്നത് നിഴലുറങ്ങുന്ന വഴികളിൽ കാണാം.

- സ്ത്രീയുടെ രണ്ടാംകിട സ്ഥാനം തിരിച്ചറിയുന്ന തരത്തിൽ ലൈംഗികമായ കാഴ്ച്ചപ്പാടുകൾ വത്സലയുടെ നോവലുകളിലുണ്ട്. സ്ത്രീ എന്ന സാംസ്കാരികസ്വത്വം സൃഷ്ടിക്കപ്പെടുന്നത് മാധവിയുടെ കുട്ടിക്കാലത്തിലൂടെ വത്സല ചിത്രീകരിക്കുന്നു. ആണും പെണ്ണും സ്ത്രീ പുരുഷന്മാരായിത്തീരുന്നതിന്റെ സാംസ്ക്കാരിക സാഹചര്യങ്ങളെയാണതിൽ അടയാളപ്പെടുത്തുന്നത്. ഇച്ഛാശക്തിയും തന്റേടവും ഇല്ലാതാക്കി സ്ത്രീയെ മാറ്റുന്ന അനുഭവങ്ങളാവിഷ്ക്കരിക്കുന്ന ഇത്തരം സന്ദർഭങ്ങളിൽ കൃതി ലിംഗബോധമാർജ്ജിക്കുന്നു. വിലാപത്തിലെ മാളുണ്ണിയുടെയും ആമിനയുടെയും കുട്ടക്കാലങ്ങൾ സ്ത്രീയെ മനശ്ശാസ്ത്രപരമായി വിധേയപ്പടുത്തുന്നതിന്റെ ചിത്രമാണ് തരുന്നത്.

പ്രത്യക്ഷമായി ഫെമിനിസ്റ്റു പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നില്ലെങ്കിലും സമൂഹത്തിലുള്ള സ്ത്രീയുടെ രണ്ടാംകിടസ്ഥാനം തിരിച്ചറിയുകയും വ്യവസ്ഥാപിത പുരുഷ മൂല്യവ്യവസ്ഥയോട് പ്രതിഷേധിക്കുകയും ചെയ്യുന്നവയാണ് വത്സലയുടെ നോവലുകൾ. സാമൂഹ്യപ്രശ്നങ്ങളോട് ചേർത്തുവെച്ചാണ് സ്ത്രീപ്രശ്നങ്ങൾ വത്സല ആവിഷ്കരിക്കുന്നത്. കൃതികളിൽ ലിംഗബോധത്തേക്കാൾ വർഗ്ഗബോധം മുന്നിട്ടുനിൽക്കുന്നു. സ്ത്രീസ്വാതന്ത്ര്യത്തിനും വിമോചനവാദത്തിനും കേരളീയമായ സ്വന്തം പാഠഭേദമാണ് വത്സല കൃതികളിലൂടെ ആവിഷ്കരിക്കുന്നത്.

അനുബന്ധം 1

## വത്സലയുടെ കൃതികൾ – കാലാനുക്രമത്തിൽ

**നോവലുകൾ**

തകർച്ച (1969) പൂർണ ബുക്സ്, കോഴിക്കോട്.
തൃഷ്ണയുടെ പൂക്കൾ (1971) എസ്.പി.സി.എസ്., കോട്ടയം.
നെല്ല് (1972) എസ്.പി.സി.എസ്., കോട്ടയം.
ആഗ്നേയം (1974) എസ്.പി.സി.എസ്., കോട്ടയം.
നിഴലുറങ്ങുന്നവഴികൾ (1975) എസ്.പി.സി.എസ്., കോട്ടയം.
ഗ്രീഷ്മത്തിലെ മഴ (1976) എസ്.പി.സി.എസ്., കോട്ടയം.
അരക്കില്ലം (1977) എസ്.പി.സി.എസ്., കോട്ടയം.
വേനൽ(1979) എസ്.പി.സി.എസ്., കോട്ടയം.
കനൽ(1979) എസ്.പി.സി.എസ്., കോട്ടയം.
നമ്പരുകൾ(1980) എസ്.പി.സി.എസ്., കോട്ടയം.
പാളയം(1981) എസ്.പി.സി.എസ്., കോട്ടയം.
കൂമൻകൊല്ലി(1981) എസ്.പി.സി.എസ്., കോട്ടയം.
ഗൗതമൻ(1986) പി.കെ. ബ്രദേഴ്സ്, കോഴിക്കോട്.
ആരുംമരിക്കന്നില്ല(1987) എസ്.പി.സി.എസ്., കോട്ടയം.
ചാവേർ(1991) എസ്.പി.സി.എസ്., കോട്ടയം.
റോസ്മേരിയുടെ ആകാശങ്ങൾ(1993) ഓഗസ്റ്റ് ബുക്സ്, തൃശൂർ.
വിലാപം(1997) ഡി.സി.ബുക്സ്, കോട്ടയം.
ആദിജലം(2004) ഡി.സി.ബുക്സ്, കോട്ടയം.
മേല്പാലം(2007) എസ്.പി.സി.എസ്., കോട്ടയം.

**നോവലെറ്റുകൾ/കഥാസമാഹാരങ്ങൾ**

പേമ്പി(1969) പൂർണ്ണ ബുക്സ്, കോഴിക്കോട്.
തിരക്കിൽ അല്പസമയം(1969) എസ്.പി.സി.എസ്., കോട്ടയം.
ഉച്ചയുടെ നിഴൽ(1976)
പഴയ പുതിയ നഗരം(1979) എസ്.പി.സി.എസ്., കോട്ടയം.
അനുപമയുടെ കാവൽക്കാരൻ(1980) എസ്.പി.സി.എസ്., കോട്ടയം.
ആന വേട്ടക്കാരൻ(1982) എസ്.പി.സി.എസ്., കോട്ടയം.
ഉണിക്കോരൻ ചതോപാദ്ധ്യായ(1985) എസ്.പി.സി.എസ്., കോട്ടയം.
അന്നാമേരിയെ നേരിടാൻ(1988) എസ്.പി.സി.എസ്., കോട്ടയം.

കറുത്ത മഴ പെയ്യുന്ന താഴ്‌വര(1988) എസ്.പി.സി.എസ്., കോട്ടയം.
ചാമുണ്ഡിക്കുഴി(1989) എസ്.പി.സി.എസ്., കോട്ടയം.
കോണിച്ചോട്ടിലെ മുറിയിൽ വെളിച്ചം(1991) പ്രഭാത് ബുക്സ്, തിരുവനന്തപുരം.
അരുന്ധതി കരയുന്നില്ല(1991) എസ്.പി.സി.എസ്., കോട്ടയം.
പംഗുരു പുഷ്പത്തിന്റെ തേൻ(1996) എസ്.പി.സി.എസ്., കോട്ടയം.
മടക്കം (1998) ഡി.സി.ബുക്സ്, കോട്ടയം.
മടക്കം II (1998) ഡി.സി.ബുകസ്, കോട്ടയം.
കളി 98 തുടർച്ച (1998) പ്രഭാത് ബുക്സ്, തിരുവനന്തപുരം.
പങ്കുരുപുഷ്പത്തിന്റെ തേൻ (1998) പൂർണ്ണ ബുക്സ്, കോഴിക്കോട്.
പോക്കുവെയിൽ പൊൻവെയിൽ (1999) ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
ദുഷ്യന്തനും ഭീമനും ഇല്ലാത്ത ലോകം (1999) പൂർണ്ണ, കോഴിക്കോട്.
കാലാൾ കാവലാൾ (2001) ഡി.സി.ബുക്സ്, കോട്ടയം.
കോട്ടയിലെ പ്രേമ (2002) ഒലിവ് ബുക്സ്, കോഴിക്കോട്
പൂരം (2003) ഡി.സി.ബുക്സ്, കോട്ടയം
ആരണ്യകാണ്ഡം (2003) ഡി.സി.ബുക്സ്, കോട്ടയം.
മൈഥിലിയുടെ മകൾ (2004) ഗ്രീൻ ബുക്സ്, കോഴിക്കോട്.
അശോകനും അയാളും (2006) ഡി.സി.ബുക്സ്, കോട്ടയം.
ചണ്ഡാലഭിക്ഷുകിയും മരിക്കുന്ന പൗർണമിയും (2007) ബുക് പോയന്റ്, കോഴിക്കോട്
സുവർണകഥകൾ (2008) ഗ്രീൻ ബുക്സ്, കോഴിക്കോട്.
ഗേറ്റ് തുറന്നിരിക്കുന്നു (2008) എസ്.പി.സി.എസ്., കോട്ടയം.

**തെരഞ്ഞെടുത്ത കഥകൾ**

വത്സലയുടെ തെരഞ്ഞെടുത്ത കഥകൾ (2005) ഡി.സി.ബുക്സ്, കോട്ടയം.
വത്സലയുടെ കഥകൾ (2006) മാതൃഭൂമി ബുക്സ്, കോഴിക്കോട്.
വത്സലയുടെ സ്ത്രീകൾ (2004) മാതൃഭൂമി ബുക്സ്, കോഴിക്കോട്.

**ബാലസാഹിത്യം**

ഉഷാറാണി (1985) എസ്.പി.സി.എസ്., കോട്ടയം.
പുലിക്കുട്ടൻ (2001) ഡി.സി.ബുക്സ്, കോട്ടയം
അമ്മുത്താമ്മ (2008) തിരുവനന്തപുരം

കൊല്ലന്റെ മകൾ (2008) ബാലസാഹിതീ പ്രകാശൻ.

**യാത്രാവിവരണം**

ഗ്യാലറി (2001) പ്രഭാത് ബുക്സ്, തിരുവനന്തപുരം.

വേറിട്ടൊരു അമേരിക്ക (2007) ഡി.സി.ബുക്സ്, കോട്ടയം.

**അനുഭവം**

മരച്ചുവട്ടിലെ വെയിൽച്ചീളുകൾ (2008) ഗ്രീൻ ബുക്സ്, തൃശൂർ.

**ജീവചരിത്രം**

തിക്കൊടിയൻ, കേന്ദ്രസാഹിത്യ അക്കാദമി.

## അനുബന്ധം 2

# പി.വത്സലയുമായി അഭിമുഖം

2008 ജൂലൈ 10ന് കോഴിക്കോട് ജില്ലയിലെ വെള്ളിമാടുകുന്നിലുള്ള വീട്ടിൽവെച്ച് നോവലിസ്റ്റ് പി.വത്സലയുമായി നടത്തിയ അഭിമുഖം.

ചോദ്യം: 1960 കളിലാണല്ലോ സാഹിത്യ രംഗത്തെത്തുന്നത്. സാഹിത്യത്തിലെ ആധുനികതയുടെ പശ്ചാത്തലത്തിൽ. എന്നാൽ അതിന്റെ സ്വാധീനം ടീച്ചറുടെ എഴുത്തിൽ കാണുന്നില്ല. എന്തായിരുന്നു ആധുനികതയോടുള്ള സമീപനം?

ആധുനികത ഒട്ടും ആകർഷകമായി തോന്നിയില്ല. അതിൽ നിന്ന് ബോധപൂർവ്വം മാറിനിന്നതാണ്. ഇടതുപക്ഷ രാഷ്ട്രീയബോധം തുടക്കം മുതലേ ഉണ്ടായിരുന്നു.അതുകൊണ്ടുകൂടിയായിരിക്കാം ആധുനികതയോടുള്ള താത്പര്യമില്ലാതായത്. ജീവിതത്തോടുള്ള എന്റെ സമീപനമാണ് എന്റെ എഴുത്ത്.

ചോദ്യം: എഴുത്തിനെ സ്വാധീനിച്ചവരാരൊക്കെ?

ആദ്യകാലത്ത് ഉറൂബും, എസ്.കെ പൊറ്റക്കാടുമൊക്കെ. അതുപോലെ ഒ.എൻ.വിയും എൻ.എൻ.കക്കാടും. അങ്ങനെയാണ് തുടക്കം. അതുകൊണ്ടാണ് ഒരു പരിധിവരെ നിലവാരം കുറയാതെ എഴുതാൻ കഴിഞ്ഞത്.

ചോദ്യം: 70കളിലെ ജനകീയ സാംസ്കാരിക വേദിയുടെ രാഷ്ട്രീയം ആശയപരമായി സ്വാധീനിച്ചിട്ടില്ലേ. ജനകീയ സാംസ്കാരിക വേദിയുമായും നക്സലിസവുമായും എങ്ങനെയുള്ള ബന്ധമായിരുന്നു?

ആശയപരമായൊക്കെ താത്പര്യമായിരുന്നു. നേരിട്ട് ആക്ടിവിസ്റ്റ് ആയിട്ടില്ല.വർഗ്ഗീസിനെ നേരിട്ട് കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുമുണ്ട്.

ചോദ്യം: തീവ്രവാദ രാഷ്ട്രീയ പ്രവർത്തകർ നോവലിൽ കടന്നുവരുന്നുണ്ടല്ലോ. ആഗ്നേയത്തിലെ പൗലോസ് ഉദാഹരണം.

ആഗ്നേയത്തിലെ പൗലോസ് വർഗ്ഗീസുതന്നെയാണ്. കേരളത്തിൽ അതായിരുന്നു അന്ന് പ്രധാനം. മദ്ധ്യപ്രദേശിലൊക്കെ അത്തരത്തിലുള്ള

വർ ധാരാളമുണ്ട്. കന്യാസ്ത്രീകളടക്കം.

ചോദ്യം: റോസ്മേരിയുടെ ആകാശങ്ങളിലും ഗൗതമനിലും വിപ്ലവരാഷ്ട്രീയം കടന്നുവരുന്നുണ്ട്. ആലീസ് ദളിത് മോർച്ചാ പ്രവർത്തകയാണ്.

ഞാനെഴുതിയത് മുഴുവൻ ഞാൻ നേരിട്ടുകണ്ടതോ അനുഭവിച്ചതോ ആയ കാര്യങ്ങളാണ്. അങ്ങനെയല്ലാത്തത് ഇല്ലെന്നുതന്നെ പറയാം.

ചോദ്യം:ഗൗതമൻ മറ്റു നോവലുകളിൽ നിന്നെല്ലാം വ്യത്യസ്തമാണല്ലോ?

അതും ഒരനുഭവത്തിൽ നിന്ന് ഉണ്ടായതാണ്. ഗോപാലൻ എന്ന ഒരു പയ്യൻ ഇവിടെ വരാറുണ്ടായിരുന്നു. മോളുടെ ക്ലാസ്മേറ്റ്. കുറിച്യനാണ്. ഹരിജൻ ഹോസ്റ്റലിലായിരുന്നു താമസം. പഠിക്കുന്ന കാലത്ത് പട്ടിണിയിലായിരുന്നു. അവനാണ് നോവലിലെ ഗൗതമൻ. ഇപ്പോഴവൻ ഫോറസ്റ്ററാണ്. വ്യത്യസ്തമായൊരു കാഴ്ച്ചപ്പാടിലെഴുതിയ നോവലാണ് ഗൗതമൻ. ആളുകളുമായി നോരിട്ടുള്ള പരിചയവും അനുഭവവും വച്ചാണ് ഞാനെഴുതുന്നത്. പുസ്തകം വായിച്ചുണ്ടാക്കിയ അനുഭവം വച്ചല്ല.

ചോദ്യം: പുരോഗമന കലാസാഹിത്യ സങ്കല്പ്പവും സംസ്ക്കാരവും ഇതുതന്നെയല്ലേ.

ആയിരിക്കാം.

ചോദ്യം: ആദ്യകാലത്ത് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ സ്വഭാവം എഴുത്തിനുണ്ടായിരുന്നുതും അതുകൊണ്ടല്ലേ?

അക്കാലത്ത് റഷ്യൻ നോവലുകൾ മുഴുവൻ വായിച്ചിരുന്നു. ചെക്കോവിന്റെ കാഴ്ച്ചപ്പാട് കഥകളെ സ്വാധീനിച്ചിട്ടുണ്ട്.

ചോദ്യം: സമകാലികമായ സാമൂഹ്യ പ്രശ്നങ്ങൾ എഴുതുന്നതിനെക്കുറിച്ച് എന്താണഭിപ്രായം? ഉദാഹരണമായി മേൽപ്പാലം എന്ന നോവൽ എക്സ്പ്രസ് ഹൈവേ വിവാദം, വികസനത്തെക്കുറിച്ചുള്ള നിലപാട് എന്നിവ ചർച്ച ചെയ്യുന്ന ഒന്നാണല്ലോ? ഇവയെക്കുറിച്ച്?

അതെ. അതുകൊണ്ടുതന്നെയാണ് മേൽപ്പാലം എഴുതിയത്. പഴയ കാലത്തെ എഴുത്തെല്ലാം ഇത്തരത്തിലുള്ളതായിരുന്നു. കാളിദാസന്റെ, ഭാവ ഭൂതിയുടെ, എഴുത്തച്ഛന്റെയൊക്കെ കൃതികളിൽ ആ കാലഘട്ടത്തിന്റെ പ്രതി ഫലനമില്ലേ. അങ്ങനെയല്ലാതായത് കാല്പ്പനികതയുടെ ജീർണ്ണത വന്നപ്പോ ഴാണ്.

ചോദ്യം: മേൽപ്പാലത്തിൽ കാർത്ത്യായനി എന്ന വേശ്യയെ ഫെമിനിസ്റ്റെ ന്നാണ് വിശേഷിപ്പിക്കുന്നത്. ഫെമിനിസത്തോടുള്ള നിലപാടെന്താണ്?

ഫെമിനിസം എന്നൊക്കെപ്പറയുന്നത് സമഗ്ര ജീവിതത്തിന്റെ പല വശങ്ങളിൽ ഒന്നു മാത്രമാണ്. ഞാൻ ഫെമിനിസ്റ്റേയല്ല.

ചോദ്യം: കഥകളിൽ ഫെമിനിസ്റ്റാണെന്ന് പറഞ്ഞിട്ടുണ്ടല്ലോ?

കഥകളിൽ സ്ത്രീപ്രധാനമായ കഥാപാത്രങ്ങളുണ്ട്.

ചോദ്യം: വത്സലയുടെ സ്ത്രീകൾ എന്ന പേരിൽ സ്ത്രീപ്രധാനമായ കഥകളുടെ സമാഹാരം മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ടുണ്ടല്ലോ. രണ്ടു വാല്യ ങ്ങളായി. ഇ.പി രാജഗോപാലന്റെ പഠനത്തോടുകൂടി.

അതിലൊക്കെയുള്ളത് ഫെമിനിത്തിന്റെ വേറൊരു വശമാണ്. എന്നും നിലനിൽക്കുന്ന ഫെമിനിസമാണത്. വിഷയത്തിന്റെ അപ്രോച്ചിനു വ്യത്യാ സമുണ്ട്. എന്നെ സംബന്ധിച്ച് ജീവിതം സമഗ്രമായിട്ടുള്ള ഒന്നാണ്.അ തിൽ ആണിനും പെണ്ണിനും ഒരേ സ്ഥാനമാണ്. സ്ത്രീകൾക്കു മാത്രമായി ഒരു ലോകമുണ്ടാക്കാൻ പറ്റില്ല. ആൺ-പെൺ സ്പർദ്ധ എഴുത്തിന്റെ ഭാഗ മാകാൻ പാടില്ല. മനുഷ്യനിലെ നന്മകൾകൂടി കണ്ടെടുക്കുന്നതായിരിക്കണം എഴുത്ത്. ആ അർത്ഥത്തിൽ ആശാൻ ഫെമിനിസ്റ്റായിരുന്നില്ലേ.

ചോദ്യം: സ്ത്രീ പ്രശ്നങ്ങൾ ചിത്രീകരിക്കുന്നവയാണ് ടീച്ചറുടെ കൃതികൾ എന്ന് സാമാന്യമായി പറയാമല്ലോ?

കഥകളിലാണതു കൂടുതൽ. ആദ്യം അവതരിപ്പിച്ച സ്ത്രീ കഥാപാത്രം ലോപാമുദ്രയാണ്. എന്റെ രണ്ടാമത്തെ കഥയാണത്. മാതൃഭൂമിയിലാണത്

പ്രസിദ്ധീകരിച്ചത്.

ചോദ്യം: മേൽപ്പാലത്തിലെ ബാലാമണിയാലൊക്കെ തിവ്രസാദം ഉണ്ടല്ലോ. വിവാഹം, ദാമ്പത്യം എന്നിവയെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് വളരെ വ്യത്യസ്തമാണ് ആ കഥാപാത്രത്തിന്.

ജീവിതത്തിൽ വന്ന മാറ്റമാണ് അതിൽ കാണുന്നത്. ആ രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. അതാവശ്യമാണ്. അത്തരത്തിലാവാൻ കഴിയുന്നത് പോസിറ്റീവാണ്.

ചോദ്യം: ടീച്ചറുടെ കൃതികളെക്കുറിച്ച് സമഗ്രമായി പഠനങ്ങൾ നടന്നതായി കരുതുന്നുണ്ടോ?

കഥകൾക്കാണ് കൂടുതൽ പഠനങ്ങൾ നടന്നിട്ടുള്ളത് എന്നു തോന്നുന്നു. ചെറിയ ചെറിയ രീതികളിൽ നോവലുകൾ വായിച്ച് പഠനം നടത്താനുള്ള ക്ഷമ ഇക്കാലത്തില്ല. പുതിയ നിരൂപണം WEB വായിച്ചതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. നല്ല നിരൂപണങ്ങൾ Historical, Social background കൾ മനസ്സിലാക്കിക്കൊണ്ടുള്ളതാവണം. നിരൂപണം creative വർക്കാണ്. എം.ലീലാവതി ആഗ്നേയത്തിന് നല്ലൊരു പഠനം നടത്തിയിട്ടുണ്ട്. കഥകൾ സമഗ്രമായി നിരൂപണം ചെയ്ത് ഇ.പി രാജഗോപാലനാണ്. ജി. മധുസൂധനൻ എന്നയാൾ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി കഥകൾക്ക് പഠനം നടത്തിയിട്ടുണ്ട്. അത്തരത്തിലുള്ള സമീപനങ്ങളോട് എനിക്കും താത്പര്യമുണ്ട്. കഥകളെക്കുറിച്ച് മാത്രം ഒരാൾ ഗവേഷണം നടത്തുന്നുണ്ട്.പി.എച്ച്.ഡിയ്ക്ക്.

ചോദ്യം: വയനാടിന്റെ കഥാകാരി എന്ന വിശേഷണത്തോടുള്ള മനോഭാവമെന്താണ്?

സന്തോഷം തന്നെ. പകുതി കഥകളും വയനാടൻ പശ്ചാത്തലത്തിലുള്ളതാണ്. ഉറൂബും പൊറ്റക്കാടും എം.ടിയും നേരത്തെ വയനാടിനെ പശ്ചാത്തലമാക്കിയിട്ടുണ്ട്. അവരുടേത് കാല്പനിക ലോകമായിരുന്നു. വയനാട് ചെറുപ്പത്തിലേ ഇഷ്ടമായിരുന്നു. പ്രകൃതിയുമായുള്ള അടുപ്പം. അതുകൊണ്ടാണ് അവിടെപ്പോകുന്നത്.

ചോദ്യം: സ്ത്രീ കഥാപാത്രങ്ങൾക്ക് ഊർജ്ജം നൽകുന്നത് അമ്മമാരാണെന്ന് കാണുന്നു.  ഇതെന്തുകൊണ്ടാണ്?

അമ്മമാരാണ് മക്കളെ കൂടുതൽ സ്വാധീനിക്കുക. വിദ്യാഭ്യാസമുള്ള അമ്മമാരാണെങ്കിൽ പ്രത്യകിച്ചും. അമ്മമാരാണ് പെൺമക്കളെ ശരിയായി മനസ്സിലാക്കുന്നത്.

ചോദ്യം: അക്കാദമയിൽ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ടോ?

തുടക്കത്തിൽ ഉണ്ടായിരുന്നു. 1970-തിൽ മെമ്പറായിരുന്നു. 80ൽ എക്സിക്യൂട്ടീവ് മെമ്പറും.

ചോദ്യം: സ്ത്രീയായിരുന്നുകൊണ്ട് എഴുതുക ബുദ്ധിമുട്ടാണ്. ടീച്ചറുടെ അനുഭവമെങ്ങനെ?

ശരിയാണ്. സ്ത്രീക്കൊരുപാട് ചുമതലകളുണ്ട്. സംഗീതം, സാഹിത്യം, ചിത്രകല, രാഷ്ട്രീയം ഇവയോടൊന്നും പൂർണ്ണമായി കമ്മിറ്റ്മെന്റ് വച്ചുപുലർത്താനാവാത്ത അവസ്ഥയുണ്ട്. എന്റെ സക്സസ് ടൈം മാനേജ്മെന്റാണ്.  ഏതു നേരത്തും എഴുതാനാവും എന്നതാണത്. എഴുതുവാൻ പ്രത്യേക സമയമൊന്നുമില്ല. രാവിലെയോ ഉച്ചക്കോ രാത്രിയിലോ ഏതുസമയത്തും എഴുതുവാനാകും. അങ്ങനെ ശീലിച്ചു.

ചോദ്യം: പഠനം, ഔദ്യോഗികജീവിതം ഇവയെക്കുറിച്ച്?

പഠിച്ചതും ജോലിചെയ്തതുമൊക്കെ കോഴിക്കോട്ടാണ്. നടക്കാവ് ഗേൾസ് സ്ക്കൂളിൽ പഠിച്ചു. പ്രെസിഡൻസ് കോളേജിൽ നിന്ന് ഡിഗ്രി. നടക്കാവ് സ്ക്കൂളിൽ 27 വർഷം അധ്യാപികയായി. പ്രമോഷൻ കിട്ടി ടി.ടി.ഐ.യിൽ വന്നു. പഠനവും ഉദ്യോഗവുമായി കൂടുതൽ കാലവും കോഴിക്കോട്ടുതന്നെയായിരുന്നു. പുറത്തുപോകുന്നത് യാത്രകൾക്ക് വേണ്ടി മാത്രം.

ചോദ്യം: യാത്രകൾ എഴുത്തിനെ സ്വാധീച്ചിട്ടുണ്ടോ? കഥാപാത്രരൂപീകരണത്തിൽ അവയ്ക്കുള്ള പങ്കെന്താണ്?

വളരെ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടിയാണ് ഞാനൊരു ഫെമിനിസ്റ്റ് അല്ലാതായത്. ബംഗാൾ, ബീഹാർ, മദ്ധ്യപ്രദേശ് – ഉത്തരേന്ത്യ മുഴുവൻ സഞ്ചരിച്ചിട്ടുണ്ട്. ഗംഗാനദി, ഋഷികേശ് – ജീവിതവീക്ഷണത്തെ ഇത് സഹായിച്ചിട്ടുണ്ട്. ഗൾഫിലും, ആമേരിക്കയിലും പോയിട്ടുണ്ട്.

ചോദ്യം: വീടുവിട്ടുപോകുന്ന സ്ത്രീ കഥാപാത്രങ്ങൾ നോവലുകളിലുണ്ട്. റോസ്മേരിയുടെ ആകാശങ്ങളിലെ റോസ് മേരി, മേൽപ്പാലത്തിലെ ബാലാമണി –വീടുവിട്ടു പോകുന്നത് സ്വാതന്ത്ര്യം തേടലാണോ?

അതിന്റെ ഭാഗം തന്നെയാണ്.

****

ഗ്രന്ഥസൂചി

## മലയാളം


അച്യുതനുണ്ണി, ചാത്തനാത്ത് 1993 *സാഹിത്യഗവേഷണം:പ്രബന്ധരചനയുടെ തത്വങ്ങൾ* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

അജിത കെ 1993 "സ്ത്രീവിമോചനം എന്തുകൊണ്ട്", *ഭാഷാപോഷിണി* ഫെബ്രു - മാർച്ച്

അപ്പൻ കെ. പി. 2002 "സ്നേഹത്തെക്കുറിച്ച് മാധവിക്കുട്ടി പറഞ്ഞത്" *സമകാലിക മലയാളം* വാരിക മാർച്ച് 22

ആനന്ദി. ടി. കെ 2000 (ബി) "സമുദായ പരിഷ്കരണവും സ്ത്രീകളും" *ദേശാഭിമാനി* പത്രം മാർച്ച് 8

ആനി തയ്യിൽ 1982 *സ്ത്രീകൾ ബൈബിളിൽ* എൻ. ബിഎസ് കോട്ടയം

ആന്റണി. പി 1994 "ജാതി ആൺകോയ്മാ പ്രത്യയശാസ്ത്രം വടക്കൻപാട്ടുകളിൽ" *കേരളപഠനങ്ങൾ 5* ചിത്തിര പബ്ലീഷേഴ്സ് കൊച്ചി

ആഷാമേനോൻ 2002 "ഉർവരതയുടെ സ്പന്ദം" *സമകാലിക മലയാളം* വാരിക മാർച്ച് 22

ആസാദ് 1992 (എ) "ചാവേറിന്റെ സൂചനകൾ" *പ്രതിബോധത്തിന്റെ പാഠങ്ങൾ* സെക്കുലർ ബുക്സ്, കോഴിക്കോട്

ആസാദ് 1992 (ബി) "സാമൂഹികാവസ്ഥയുടെ മുഖ ചിത്രങ്ങൾ" *പ്രതിബോധത്തിന്റെ പാഠങ്ങൾ* സെക്കുലർ ബുക്സ്, കോഴിക്കോട്

ആദം ചൊവ്വ 1982 *വിവാഹം ഒരു പഠനം* നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം

എലിസബത്ത് ലെൻക് 1994 "ആത്മചിന്തയിൽ/ സംവേദനത്തിൽ മുഴുകുന്ന സ്ത്രീ", *ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം*, ബുക്ക് വേം, തൃശൂർ

കനക്മുഖർജി 1991 *ഇന്ത്യൻ സ്ത്രീവിമോചനപ്രസ്ഥാനം* (വിവ) തുളസി ഭാസ്കരൻ ചിന്ത പബ്ലീഷേഴ്സ് തിരുവനന്തപുരം

കമറുദ്ദീൻ എം 1997 "ശരീരവും സംസ്കാരവും" *സുകൃതം* ഏപ്രിൽ - ജൂലായ്

കാർത്തികേയൻ ഷൊർണൂർ 1984 *വനിതാവിമോചനം* തൃശ്ശൂർ സഹൃദയവേദി

ഗണേശ് കെ. എൻ 1990 *കേരളത്തിന്റെ ഇന്നലെകൾ* തിരുവനന്തപുരം സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ് കേരള സർക്കാർ

ഗണേശ് കെ. എൻ 1994 ''അച്ചീകാവ്യങ്ങളിലെ സ്ത്രീ സങ്കല്പം'' , *കേരളത്തിലെ സ്ത്രീകൾ ഇന്നലെ ഇന്ന്* എ. കെ. ജി പഠനഗവേഷണകേന്ദ്രം തിരുവനന്തപുരം

ഗീത. പി 1995 ''ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ ഇടശ്ശേരി, ബാലാമണിയമ്മ, സച്ചിദാനന്ദൻ, വിജയലക്ഷ്മി, സാവിത്രി രാജീവൻ എന്നിവരെ മുൻനിർത്തി ഒരു പഠനം''. പി. എച്ച്. ഡി പ്രബന്ധം മലയാള വിഭാഗം, കാലിക്കറ്റ് യൂനിവേഴ്സിറ്റി

ഗീത. പി 1997 (എ) ''സ്ത്രീകഥകളിലെ ഭ്രാന്തിന്റെ പാരായണ വൈചിത്ര്യങ്ങൾ'' *കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്* കറന്റ് ബുക്സ്,തൃശ്ശൂർ

ഗീത. പി 1997 (ബി) ''സ്ഥാപനവൽക്കരണത്തിനെതിരെ ഒരു കഥാകാരൻ'' *ഗദ്ദിക* പുസ്തകം ലക്കം 4 ഒക്ടോബർ പയ്യന്നൂർ

ഗീത. പി 1997(സി) ''സംസ്കാര പാഠങ്ങളിലെ സ്ത്രീ പരിചരണം'' *കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്* കറന്റ് ബുക്സ് തൃശ്ശൂർ

ഗിസലാ എക്കർ (എഡി) 1994 *ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം* (വിവ) ജാനകിയ ഡോ ഗോപിനാഥ് ബുക്ക് വേം തൃശ്ശൂർ

ചന്ദ്രമതി 1998 ''ദേവശിലകളുടയുമ്പോൾ'' *മാതൃഭൂമി* വാരിക മാർച്ച്

ചന്ദ്രിക സി എസ് 2000 ''കേരളത്തിന്റെ സ്ത്രീചരിത്രം'' *സമകാലിക മലയാളം* വാരിക ജനു 7

ചിത്രലേഖ. ബി (പ്രൊ)1991 ''മാർത്താണ്ഡവർമ്മയിലെ സ്ത്രീകഥാപാത്രങ്ങൾ'' *വിജ്ഞാന കൈരളി* ആഗസ്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം

ജനാർദ്ദനമേനോൻ കുന്നത്ത് 1933 *ഇന്ദുലേഖാ നിരൂപണം*, പി. വി. ബുക്സ്, എറണാകുളം

| | | |
|---|---|---|
| നാരായണൻ, കൽപ്പറ്റ | 2005 | "നീചമാമുടൽ" *മാതൃഭൂമി* വാരിക നവം 13 – 19 |
| നാരായണൻ, കെ. സി. | 1997 | "ബ്രാഹ്മണ്യത്തിൽനിന്നു പുറത്തേക്ക്", *മാതൃഭൂമി*, ജനു. 12–18 |
| പവിത്രൻ. പി | 1992 | "മലയാള കവിതയിലെ സ്ത്രീസ്വരം" *ജയകേരളം* ലക്കം 3 ജൂൺ |
| പവിത്രൻ.എ.വി | 1996 | "സത്യത്തിന്റെ തെളിവുകൾ" *ദേശാഭിമാനി* വാരിക മാർച്ച് 3 |
| പുഷ്പലത പി. എ | 1998 | "സോഷ്യലിസ്റ്റ് ഫെമിനിസം പി. വത്സലയുടെ നോവലുകളിൽ" *സർഗ്ഗധാര* ജൂൺ |
| പുഷ്പലത പി. എ (ഡോ.) | 2008 | *വത്സലയുടെ സ്വന്തം വയനാട്* തൃശൂർ: കേരള സാഹിത്യ അക്കാദമി |
| പ്രശാന്ത്കുമാർ എൻ (ഡോ) | 1997 | "ഫെമിനിസ്റ്റു കവിതയുടെ പ്രത്യയശാസ്ത്രം" *സർക്ഷധാര* ആഗസ്റ്റ് |
| പ്രശാന്ത്കുമാർ എൻ (ഡോ) | 1998 | "എന്റെ കഥയിലെ ബഹുസ്വരങ്ങൾ" *ഭാഷാപോഷിണി* മാർച്ച് |
| പ്രശാന്ത്കുമാർ എൻ(ഡോ) | 2008 | *സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രം*, റെയ്ൻബോ ബുക്സ്, ചെങ്ങന്നൂർ |
| ഫിലിപ്സ് ജി | 1974 | *സ്ത്രീ പുരുഷബന്ധം നൂറ്റാണ്ടുകളിലൂടെ* എൻ. ബി. എസ് കോട്ടയം |
| ഭാസ്കരൻ സി | 1993 | *സ്ത്രീ വിമോചനത്തിന്റെ ഇന്ത്യൻ ചരിത്രം* ചിന്ത പബ്ലീഷേഴ്സ് തിരുവനന്തപുരം |
| മീര. പി | 1992 | *സ്ത്രീ സമത്വവാദത്തിന്റെ രാഷ്ട്രീയം* ചിന്ത പബ്ലീഷേഴ്സ് തിരുവനന്തപുരം |
| മുല്ലാദി സുബ്മ | 1987 | *സ്ത്രീവിമോചനത്തിന്റെ വീരഗാഥ*(വിവ)വി. ജയൻ ഇന്ത്യൻ എത്തീസ്സ് പബ്ലീഷേഴ്സ് |
| രവീന്ദ്രൻ എൻ. കെ | 1993(ബി) | "അമ്മമാരുടെ സങ്കടങ്ങൾ ലളിതാംബികാ അന്തർജ്ജനത്തിന്റെയും മാധവിക്കുട്ടിയുടേയും കഥകളിലൂടെ" *കേരളപഠനങ്ങൾ* 3ഒകേടാ -ഡിസംബർ |
| രവീന്ദ്രൻ എൻ. കെ | 1993(സി) | "നവോത്ഥാനകാല സ്ത്രീകളുടെ ആത്മകഥകൾ ഒരു താരതമ്യ വിചാരം" *വിജ്ഞാനകൈരളി* ജൂൺ - കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം |

| | |
|---|---|
| രവീന്ദ്രൻ എൻ. കെ 1996 | ''ഫെമിനിസ്റ്റ് സാഹിത്യ വിമർശനം'' *ആധുനി കാനന്തര സാഹിത്യസമീപനങ്ങൾ* (എഡി) സി. ജെ .ജോർജ്, ബുക്ക് വേം, തൃശൂർ |
| രവീന്ദ്രൻ പി. പി 1997 (എ) | ''സ്ത്രീ രചനയുടെ ചരിവുകൾ'' *ഇടപെടലുകൾ സാഹിത്യം സിദ്ധാന്തം രാഷ്ട്രീയം* ഡി. സി ബുക്സ് കോട്ടയം |
| രാജഗോപാലൻ ഇ പി 1996 | ''വത്സലക്കഥകളിലെ പെൺനിലകൾ'' *ദേശാഭി മാനി* വാരിക മാർച്ച് 3 |
| രാമകൃഷ്ണൻ എ. കെ | |
| വേണുഗോപാലൻ കെ. എം 1989 | *സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീ പനം* നയന ബുക്സ് പയ്യന്നൂർ |
| രാമകൃഷ്ണൻ ഇ വി 2001 | ''സ്ത്രീസ്വത്വം സമൂഹം മാധവിക്കുട്ടി പഠന ങ്ങൾ'' *അക്ഷരവും ആധുനികതയും*, എൻ.ബി. എസ്., കോട്ടയം |
| രാമകൃഷ്ണൻ ദേശമംഗലം 1993 | ഓരോ സ്ത്രീക്കും ഇങ്ങനെ *സ്ത്രീലോകക വിത* ജനകീയ പ്രസിദ്ധീകരണകേന്ദ്രം, കോഴി ക്കോട് |
| രാജൻ എൻ (ഡോ)1997 | ''സ്ത്രീത്വം നിലവിളിക്കുന്നു'' *സർക്ഷധാര* മാസിക നവംബർ |
| രാജീവ്കുമാർ എം 1984 | *അന്തർജ്ജനം മുതൽ അഷിതവരെ* പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം |
| രഘു. ജെ 2000 | ''നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയും ത ളർച്ചയും'' *സമകാലിക മലയാളം* വാരിക ജനു 7 |
| ലക്ഷ്മിക്കുട്ടിയമ്മ. പി 1981 | *സ്ത്രീ കാലഘട്ടങ്ങളിൽ* സഹൃദയ വേദി തൃശ്ശൂർ |
| ലീലാകുമാരി എം 2000 | *സ്ത്രീ സങ്കല്പം മലയാള നോവലിൽ* ഡി. സി ബുക്സ്, കോട്ടയം. |
| ലീലാവതി എം 1995 | ''തച്ചന്റെ മകളിലെ വിമോചന സങ്കല്പം'' *സമ കാലീന കവിത* - 6 ജൂലായ് - ചിത്തിര പബ്ലി ക്കേഷൻസ് കൊച്ചി |
| ലീലാവതി എം 1976 | ''അമ്മ ദൈവങ്ങൾ'' *നവതരംഗം* പൂർണാ പബ്ലി ക്കേഷൻസ്, കാലിക്കറ്റ് |

| | | |
|---|---|---|
| ലീലാവതി എം | 1999 | "വത്സലയുടെ നെല്ല്" *സാഹിത്യലോകം* തകഴി പ്പതിപ്പ് മാർച്ച് - ഏപ്രിൽ കേരളസാഹിത്യഅ ക്കാദമി, തൃശ്ശൂർ |
| ലീലാവതി എം. | 1990(ബി) | *സ്ത്രീസങ്കല്പം ചെറുകാടിന്റെ നോവലുകളിൽ,* പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം |
| വാത്സ്യായനൻ | 1984 | *കാമസൂത്രം* (വിവ)പി. ജവഹരക്കുറുപ്പ്, ലിറ്റിൽ പ്രിൻസ് പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം |
| വിവേകാനന്ദസ്വാമികൾ | 1972 | *ഭാരതീയ മഹിളകൾ* ശ്രീരാമകൃഷ്ണാശ്രമം, തൃശ്ശൂർ |
| ശങ്കരപ്പിള്ള കെ. ജി (എഡി) | 1994 | "പെൺവഴികൾ" *പെൺവഴികൾ* കാസർകോട് കലാക്ഷേത്രം |
| ശശിധരൻ എൻ | 1993 | പെണ്ണെഴുത്തിന്റെ പുതിയ പാഠങ്ങൾ നരകവാ തിൽ കാസർകോട് കലാക്ഷേത്രം |
| ശ്രീജൻ വി. സി | 1991 | "വീണ്ടും മഞ്ഞ്", *ചിന്തയിലെ രൂപകങ്ങൾ,* സമീക്ഷ കുളപ്പുറം കണ്ണൂർ |
| ശ്രീവത്സൻ, ടി. | 1998 | *ഈഡിപ്പസ് യന്ത്രം,* ദിശ, കാലിക്കറ്റ് സർവ്വക ലാശാല |
| ശ്രീവത്സൻ, ടി. | 2001 | *നവമനോവിശ്ലേഷണം,* ഡി. സി. ബുക്സ്, കോട്ടയം |
| സച്ചിദാനന്ദൻ | 1996 (ബി) | "ശരീരത്തിനുമപ്പുറം", *മുഹൂർത്തങ്ങൾ,* ഡി. സി ബുക്സ് കോട്ടയം |
| സച്ചിദാനന്ദൻ | 1996 (സി) | "ചിരിക്കുന്നമെഡ്യൂസ സ്ത്രീ വിമോചനത്തിന്റെ സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് ഒരു വിചാരം" *അന്വേഷണങ്ങൾ* ബോധി ബുക്സ്, കോഴി ക്കോട് |
| സച്ചിദാനന്ദൻ | 1996 (ഡി) | "എഴുപതുകളിലെ കലാസാഹിത്യങ്ങൾ" *അന്വേ ഷണങ്ങൾ* ബോധി ബുക്സ്, കോഴിക്കോട് |
| സദാനന്ദൻ ഇ. സി | | |
| ചന്ദ്രിക സിഎസ് | 1997 | "കാഴ്ചയുടെ രാഷ്ട്രീയം" *മാതൃഭൂമി ആഴ്ചപ്പതിപ്പ്* ഫെ 9 - 15 |
| സാവിത്രീ രാജീവൻ | 1989 | "സ്മാർത്തവിചാരം" *സംസ്കാരകേരളം* ഒക്ടോ-ഡിസംബർ |

| | | |
|---|---|---|
| സാറാജോസഫ് | 1990 | *പാപത്തറ* കറന്റ് ബുക്സ് തൃശ്ശൂർ |
| സാറാജോസഫ് | 1999 | "നാടകത്തിലെ സ്ത്രീശരീരഭാഷ" *ഭാഷാപോഷിണി* മാർച്ച് |
| സാറാജോസഫ് | 1998 | "പെൺവഴി രചനയുടെ മെയ്യും ഉയിരും" *ഭാഷാപോഷിണി* ജൂലായ് |
| സാറാജോസഫ് | 2000 | "സ്ത്രീസ്വത്വബോധം കേരളീയ സാഹിത്യത്തിൽ" *ദേശാഭിമാനി* വീക് ലി ഫീച്ചർ മാർച്ച് 8 |
| സാറാജോസഫ് | 2005 (എ) | "വേശ്യാവൃത്തി ഒരു വർക്ഷപ്രശ്നം എന്ന നിലയിൽ" (അഭിമുഖം സോഫിയാ ബിന്ദു) *മാധ്യമം ആഴ്ചപ്പതിപ്പ്* സെപ്തം 2 |
| സാറാജോസഫ് | 2005 (ബി) | "ഓർമ്മകൾ ചിത്രശലഭങ്ങളല്ല" (ആത്മകഥ) *ഭാഷാപോഷിണി* വാർഷികപ്പതിപ്പ് 2005 |
| സുധീന്ദ്രൻ | 1990 | *സ്ത്രീമനസ്സ്, മോചനം,* കറന്റ്ബുക്സ്, കോട്ടയം |
| സുധീഷ്. എസ് | 1994 | "മതവും ഫെമിനിസവും" *ദേശാഭിമാനി* വാരിക ഡിസം 4-10 |
| സുനിത | 1997 | "സ്ത്രീപഠനങ്ങൾ ചില നാഴികക്കല്ലുകൾ" *സംസ്കാരകേരളം* ഒക്ടോ - ഡിസം |
| സുരേഷ് പാറപ്പുറത്ത് | 1999 | "ആർദ്രഭാവത്തിന്റെ കഥാവൃക്ഷം" (അഭിമുഖം പി. വത്സല *അക്ഷരസാക്ഷ്യം* മാസിക പുസ്തകം ലക്കം 3 സെപ്തംബർ കൊയിലാണ്ടി) |
| സെബീനാറാഫി | 1975 | "സ്ത്രീ പ്രാചീനലോകത്തിൽ", *സ്ത്രീ* എൻ ബി എസ് കോട്ടയം |
| സോണിയ ഇ. പ | 2000 | *ജീവിതത്തിന്റെ സ്ത്രീവായന* സെക്കുലർ ബുക്സ്, കോഴിക്കോട് |
| സോമൻ. പി | 1989 | "ഇന്ദുലേഖ സ്വപ്നവും യാഥാർത്ഥ്യവും" *സംസ്കാരകേരളം* ഒക്ടോ- ഡിസംബർ |
| ഹാരിസ് വി. സി | 1992 | "മൃഗശിക്ഷകന്റെ പാഠങ്ങൾ" *സമകാലീന കവിത -1* ചിത്തിര പബ്ലീഷേഴ്സ് കൊച്ചി |
| അഥർവവേദം | 1983 | (വിവ,വ്യാ)വി. ബാലകൃഷ്ണൻ ആർ ലീലാദേവി, വിദ്യാർത്ഥിമാത്രം, കോട്ടയം |
| മനുസ്മൃതി | 2006 | (വിവ കോറമംഗലം കൃഷ്ണകുമാർ, ദ്രോണാചാര്യ പബ്ലിക്കേഷൻസ്) |

| | | |
|---|---|---|
| കേരളകൗമുദി | 1998 | നെല്ലിന്റെ കഥാകാരിയ്ക്ക് അറുപത്, വത്സലയുമായി അഭിമുഖം, പ്രദീപ് മാനന്തവാടി, സെപ്തം.13 |
| കുങ്കുമം വാരിക | 1999 | ഫെമിനിസത്തിന് അങ്ങാടിവില മാത്രം, അഭിമുഖം, പ്രിയാജോസ് കൊച്ചുകളത്തിൽ, ആഗസ്ത് 12 |


## English


| | | |
|---|---|---|
| Andrienne Rich | 1994 | Compulsory hetero- Sexuality and Lesbian existence *A vintage book of Feminism(Ed.* Mariam Schneir), UK: Cox and Wyman, Reading Berkshine |
| Anne Ko Cdt | 1994 | 'The myth of Vaginal orgasm' *A Vintage book of feminism* |
| Assiter Alison | 1995 | *Enlightened women Modernist feminism in post modern age* London Routledge |
| Attallah Naim | 1987 | *Woman* London, Routledge |
| Baker Miller Jean | 1973 : | *Psycho analysis and women*. Harmondsworth :Penguin |
| Banks, Olive | 1982 | Faces of Feminism Oxford |
| Barbara Johnson | 1992 | Is female to male as ground to figure *Theory into practice* K M Newton (Cd)The McMillain press Ltd. London |
| Barette Michelle | 1980 : | *Women's Oppression Today*. London verso |
| Barrett, Michele and Mary McIntosh | 1982 | *The anti social family* London: Verso |
| Belsey & Jane Moore(Cds) | 1989: | *The Feminist Reader* London: McMillico |

| | | |
|---|---|---|
| Beverly Jones | 1994 | Toward a female Liberation movement *A Vintage book of Feminism* |
| Bhasin Kamla &<br>Khan Nighat said | 1994 | *Against all odds* New Delhi, Kali for women |
| Braidotti Rosi | 1991: | *Patterns of dissonance* Cambridge : Polity Press |
| Braxton, Joanne M and<br>Andree Nicola MCLaughlin (Eds) | 1990: | *Wild women in the whirlwind: Afro American Culture and the Contemporary Literary Renaissance.* London Serpent's Tail |
| Brennan, Teresa | 1989: | *Between feminism and psycho analysis* Newyorle and London: Routledge |
| Brodribh somer | 1992 | *Nothing Mat(t)ers. A feminist crittique of post Modernism* Melbourne Spinifex press |
| Brown miller, Susan | 1975: | Agains our will Harmonds worth : Penguin |
| Brown miller, Susan | 1975: | Feminity Newyork |
| Brunt, Rosalind and<br>Caroline Rowan (Cds) | 1982: | *Feminism, Culture and Politics*. London : Lawrence and wishart |
| Butter and Joan W Scott<br>(Eds) | 1992: | *Feminists theorized the political*. Newyork and London: Routledge. |
| Butter Judith | 1990: | *Gender trouble feminism and the subversion of identity*. Newyork & London: Routledge |

| | | |
|---|---|---|
| Butter Judith | 1993: | *Bodies that Matter: on the discursive Limits of sex*. Newyork and London:Routledge. |
| Cameron, Deborah | 1985: | *Feminism and Linguistic theroy.* London: Mc Millan. |
| Carby, Hazel | 1990: | *Reconstructing womanhood: the emergence of the Afro American Woman Novelist*. Oxford: Oxford University Press |
| Carol Martin | 1996 | *A source book of femisnist theatre and performance* (on and beyond the stage Routledge London and Newyork. |
| Chakravarthy, Renu | 1980 | *Communists in Indian Women's Movement* New Delhi:PPH |
| Charvett John | 1982 | *Feminism* London J. M Dent &Son Ltd Berkley |
| Chris' Weedon | 1997 | *Feminist practice and post structuralist theory.* Black well Publishers UK USA |
| Cixous, Helene | 1994 | *The Helene Cixous Reader* edited by susan sellers. London and Newyork: Routledge |
| Cixous, Helene | 1997 | "Conversations", *20th Century Literary Theory: A Reader,* Ed. K.M.Newton, McMillain, London |
| Cixous, Helene | 1998: | "Sorties", *Literary Theory an Anthology, Eds.* Julie Rivkin, & Michael Ryan, Blackwell, USA |
| Christian, Barbara | 1980: | *Black Women Novelists. The development of a tradition 1892 - 1976* West Port, Conn: Green Wood Press. |

| | | |
|---|---|---|
| Cixous, Helene and Catherineclement 1 | 1987: | *The Newly Born Women* Trans. Betsy wing. Manchester : Manchester University Press |
| Cornell, Drucilla | 1993 | *Recollective imagination and sexual difference* London Routledge |
| Coward, Rosalind | 1984 | *Female desire* London Paladin |
| Creed Barbara | 1987 | From here to modernity *feminism and post modernism* Screen 28: 2 |
| Culler, Jonathan | 1983: | *On deconstruction* London: Routledge and Kegan paul. |
| Daly mary | 1979 : | *Gynlecology*. London The Women's Press |
| Daly mary | 1984: | *Durelust: elemental feminist philosophy*. London The Women's Press |
| Daly mary | 1985 : | *Beyond crod the father. Towards a Philosophy of Women's Liberation.* London: The Women's Press |
| David Lodge (cd) | 1988 | *Modern Literary Criticism* London Longman |
| Davis, Angela | 1986 : | Women race and Class London, Women's press |
| Dawkins, Richard | 1976: | *The Selfish Gene* Oxford:Oxford University Press |
| Deekard Barbara Sinclair | 1979: | *The women's movement: Political, Socio Economic and Psychological issues* Newyork, Harper and Row |
| Derrida, Jacques | 1973: | *Speech and Phenomena*. Evanston: North Western University Press |

| | | |
|---|---|---|
| Derrida, Jacques | 1976: | *of Grammatology* Baltimore: the Johns Hopkins University Press. |
| Devi. G. N | 1995: | *After Amnesia (Tradition and change in Indian Literary Criticism* Longman. Delhi |
| Doan Laura (Cd) | 1994 | The Lesbian post modern Newyork : Columbia University Press |
| Docherty, thomas (cd) | 1993: | *Post modernism A Reader*. Henel Hempstead, Hearts: Harvester. |
| Donovan, Josophine | 1975 | *Female Literary Criticism* Lexing for Kentucky |
| Donovan, Josophine | 1997 | "Beyond the net: Feminist Criticism as a moral criticism", *20th Century Literary Criticism - A Reader* |
| Eagleton, Mary (Cd) | 1991 | :*Feminist Literary Criticism*. London and Newyork: Longman |
| Ehrenreich, Barbara and Deirdre English | 1973: | *Witches, Midwives and nurses: A History of Women Healers*. Old Westbury: The feminist Press. |
| Eisenstein, Hester | 1985: | *Contemporary Feminist thought.* London unwin |
| Elain Diane | 1994 | *Feminism and deconstruction* London Routledge |
| Elaine Showatter | 1992 | 'Representing Ophelia women madness and the responsibilities of feminist criticism *Theory into practice* KM Newton (cd) McMillain press Ltd London |
| Elaine Showatter | 1989 | *Gender,* New York: Routledge |
| Elaine Showatter | 1997 | "Towards a Feminist Poetics", *20th Century Literary Criticism - A Reader* |

| | | |
|---|---|---|
| Elizabeth D. Harvey | 1995 : | *Ventriloquized Voices (Feminist theory and English renaissance Texts* Routledge, London & NY |
| Elizabeth Frazer Jenni for Hurnsby & Sabina Covibond (Cd) | 1992 | *Ethics A Feminist Reader* BlackWell publishers VIC and USA |
| Ellnann, Mary | 1979 | *Thinking about women* London: Virago |
| Elizabeth Ameese | 1997 | "Sexual Politics and Critical Judgement", *20th Century Literary Criticism - A Reader* |
| Engles, Frederick | 1972: | *The origin of the family, Private property* and the state. London : Lawrence and wishart |
| Evans J. Richards | 1979 | *The Feminists* london, Croomeltelm |
| Evans, Mary(Ed) | 1982 | *The women question* London fontana paper backs |
| Fadermann, Lillian | 1981 | *Surpassing the love of Men: Love between women from the renaissance to the present* Newyork: Morrow |
| Feminist anthology collective | 1981 | *No turning back* the women's press: London |
| Figs, Eva | 1972 | *Patriarchal attitudes* NY:Panther Books |
| Firestone, Shulamith | 1994 | "The dialectic of sex" in *The Vintage Book of Feminism,* |
| Flax, Jane | 1987 | "Post modernism and gender relation in feminist theory" *signs* 12 |

| | | |
|---|---|---|
| Flax, Jane | 1993 | *Disputed subject essays on psycho analysis, politics and philosophy Newyork* and London, Routledge |
| Foreman, Ann | 1977 : | *Feminity as alienation women and the family in Marxism and psycho analysis* London Pluto |
| Foucault Michel | 1981: | *The history of sexuality Vol. I An Introduction*. Harmonds worth : Pelican |
| Foucault Michel | 1986 : | *The History of sexuality Vol. II. The use of pleasure* Harmonds worth: Viking |
| Foucault Michel | 1988: | *The History of Sexuality Vol III The care of the self* Harmonds worth viking |
| Fraser Nancy and Nicholson, lind | 1988 | Social criticism without Philosophy. An encounter between feminism and post modernism *theory culture and society* |
| Freud | 1977 : | *On Sexuality* Harmonds worth Penguin |
| Friedan, Betty | 1968 | *The feminine mystique* Harmondsworth, Penguin |
| Gallop, Jain | 1982 | *Feminism and Psycho analysis The daughters Seduction* London |
| Gates, Henry Louis (Ed) | 1990: | *Reading Black Reading feminist.* Newyork and London: Meridian |
| Ghadially Rehana (Ed) | 1988 | *Women in Indian Society* New Delhi: Sage Publications |

| | | |
|---|---|---|
| Gilbert Sandra Gubar Susan | 1988 | *Noman's Land Vol I the War of the words* London Yale University |
| Gilbert, Sandra M and Susan Guban | 1998: | "The Mad woman in the attic" in *Literary Theory an Anthology*. |
| Green gayle and Kahn Coppelia (Cd) | 1985 | *Making a difference feminist Loiterary criticism* London : Routledge |
| Greene wood, walter | 1933 | *Love on the Dole* London: Jonathan Cape |
| Greene, Gayleand Coppeliakahn | 1985: | *Making difference* London: Methuen |
| Greer, Germaine | 1970 | *The female Eunuch* London: Panbooks |
| Greer, Germaine | 1984 | *Sex and destiny* London; Secker and warburg |
| Greer, Germaine | 1987 | *The madwomen's under clothes : Essays and occasional writings* 1968 - 1985 London, Pan books |
| Griffin, Susan | 1981: | *Pornography and silence: Culture's revenge against Nature*. London : The Women's press |
| Griffin, Susan | 1982: | *Made from this earth*.London the woman's Press |
| Griffin, Susan | 1984: | *Woman and Nature the Roaring inside her* London. The women's Press. |
| Grosz, Elizabeth | 1989: | *Sexual subversions* Sydney, Allen and Unwin. |

| | | |
|---|---|---|
| Hamilton, Roberta | 1978 | *The liberation of wome*n London: Allen and unwin |
| Hamilton, Roberta and Michele Barette (Eds) | 1986 | *the politics of diversity Feminism, Marxism and Nationalism* London:verso |
| Havelock Ellis | 1926 | *Man and women* A and C Black London 1926 |
| Havelock Ellis | 1935 | *studies in the psychology of sex - vol 1* Random house Newyork |
| Havelock Ellis | 1945 | *Sex in relation to society* Heinemann London |
| Havelock Ellis | 1948 | *Morals Manners and Men* Watts and Co. London |
| Helcman, Susan | 1990 | *Gender and Knowledge elements of post modern feminism* Oxford polity press |
| Honey, Maureen | 1984: | *Creating Rosie the Riveter:Class, Gender and propaganda during world war II*. Amherst: University of Massachusetts press |
| Hooks, Bell | 1984 : | *Feminist theory from the margin to the centre*. Boston mass : South End Press |
| Hooks, Bell | 1989 : | *Talking back thinking feminist; thinking Black*. Boston; Mass: South End Press |
| Hooks, Bell | 1991: | *Yearning: Race, Gender and Cultural Politics*. Boston Mass:SouthEnd Press: London Turnaround |
| Irigaray, Luce | 1985: | *This sex which is not one* Tran. C Porter and C Burke. Newyork: Cornell University Press |

| | | |
|---|---|---|
| J. L Shastri Ed | 1985 | *Manusmriti* Motilal Banarsidas, Delhi 1983 |
| Jacobus, Mary(Ed) | 1979: | *Women writing and writing about women* London: Croom Helm |
| Jaggar, Alison | 1983: | *Feminist politics and Human Nature*. Brighton Harvester |
| Jain Devaki (Ed) | 1975 | *Indian women* NewDelhi : Publication division Govt. of India |
| Janaki Nair | 1996 : | *Women and Law in colonial India - A Social history* Kali for Women National Law School of India University - Bangalore |
| Jardine, Alice | 1985 | *Gynesis configuratons of woman and moderinity*. Ithaca and London: Cornell University Press |
| Jardine, Alice | 1985: | *Gynesis: Configurations of women and modernity*. Ithaca, Newyork: Cornell University Press |
| Judith Evans | 1996 | *Feminist theory today - An introduction to Second wave feminism* Sage publications: New Delhi |
| Kaplan E. Ann | 1983: | *Women and film* London: Methuen |
| Karkkar Malavika | 1993 | *Voices from within* Delhi Oxford University Press |
| Katy Deepwell (Cd) | 1995: | *New feminist Art Criticism* Manchester University Press Newyork |
| Kishwar, Madhu and Ruth Vanita | 1984 | *Insearch of answers: Indian Women's From Manushi* - London Zed books |

| | | |
|---|---|---|
| Krishnaraj, Maithreyi and | | |
| Neera Desai | 1987 | *women and Society in India* New Delhi: Ajunta publication |
| Kuhn, Annette and Annmarie | | |
| Wolpe (Eds) | 1978 | *Feminism and materialism* London, Routledge and Keagen Paul |
| Kupfermann, Jeannette | 1979 | *The Ms Taken body* London Granda |
| Larrington Carolyne(Cd) | 1992 | *The feminist companion of mythology* London Pandora |
| Lerner, Gerda | 1986 | *The Creation of patriarchy* New York :Oxford University Press |
| Lewenhak, sheila | 1980 | *Women and work* Glasgow, Fontana |
| Lovibond, sabina | 1989 | *feminism and post modernism* New left review |
| Marks, Elaine and Isabellede | | |
| Courtivron (Cds) | 1981: | *New french feminisms*. Brighton: Harvester |
| Mary Anne Ferguson | 1973 | *Images of women in Literature* Houghton Mifflin company |
| Boston Mc cormick, Richard | 1991 | *Politics and the self feminism and the post modern in west German Literature and film* princeton NJ Princeton University Press |
| Mckluskie Kate | 1983 | *Women's Language and Literature A problem in women's studies* Feminist Review No. 14 June |
| McNay Lois | 1994 | *Foucault and Feminism* UK: Oxford University Press |
| Meena Alexander | 1995 : | *Women in Romenticism* New Delhi: Orient Longman |

| | | |
|---|---|---|
| Meena Shirwadker | 1979 | *Image of woman in the Indo Anglian Novel* Sterling Publishers, New Delhi. |
| Mellerk Anne | 1993 | *Romanticism and Gender* Newyork,Routledge |
| Mies, Maria | 1986 | *Patriarchy and accumulation in a world scale* London zed books |
| Miles Rosalind | 1993 | *The women's History of the world* London Harper Collins Publishers |
| Mill, John Stuart | 1970 | *On the subjection of women* London : Dent |
| Millett, Kate | 1977 : | *Sexual politics* London :Virago |
| Mitchel Juliet | 1976 | *Psycho analysis and feminism* Harmonds worth |
| Mitchel Juliet | 1977 | *Women's estate* Harmonds worth |
| Mitchell, Juliet | 1975 | *Psycho analysis and Feminism* Harmonds worth: Penguin |
| Mitchell, Juliet and Annoakley(Eds) | 1976: | *The rights and wrongs of women*, Harmonds worth: Penguin |
| Mitchell, Juliet and Jacqueline Rose | 1982: | *Feminine sexuality Jacques Lacan and the Ecole Freudienne* London: McMillan |
| Moers, Ellen | 1978: | *Literary women* London: The women's Press. |
| Mohanty, Chandra Talpade, AnnRusso and Lourdes Torres (Cds) | 1991 | *Third world women and the politics of feminism*.Bloomington, and Indiana University Press |
| Moi Toril | 1988 | "Feminism, Postmodernism and style Recent feminist criticism in the United States" *Cultural Critique 9* |

| | | |
|---|---|---|
| Moi Toril | 1995 | *Sexual / Textual politics feminist Literary theory* London: Methuen. |
| Moore L Henrietta | 1988 | *Feminism and Anthropology* UK: Polity press |
| Morris Meaghan | 1988 | *The pirate's finance feminism Reading post modernism* London:Verso |
| National Black women's Organisation statement of purpose | 1994 | *Vintage book of Feminism* |
| Nicholson, Linda(Cd) | 1990 | *Feminism / post modernism* Newyork and London: Routledge |
| Oakley, An | 1972: | *Sex, gender and society* Aldershot: Temple shot |
| Oakley, Ann | 1980 | *Subject Women* London: Fontana Paper backs |
| Olsen tillie | 1980 | *Silences* London |
| Omvedt Grail | 1990 | *Violence against women* New Delhi: Kali for women |
| Omvedt, Guil | 1980 | *We shall smash this prison* New Delhi : Orient Longman |
| Owens Craig | 1985 | Feminism and Post modernism *Post modern culture* foster (cd) London and Sydney: Pluto Press |
| Parker Rozika & Pallok Griselda | 1987 | *Framing feminism* London: Pandora |
| Phillips, Ann (cd) | 1987 | Feminism and equality Oxford : Basil Blackwell |
| Pierce, Marge | 1979: | *Woman on the edge of time* London : The Women's Press |

| | | |
|---|---|---|
| Pruthi Raj & Bela Rani Sarma | 1994 | *Encyclopaedia of Women society and culture Vol No 2* An Mol Publications Pvt Ltd |
| Radcliffe Richards, Janet | 1982: | *The Sceptical Feminist* Harmonds worth: Penguin |
| Redstockings Manifesto | 1994 | *A Vintage Book of Feminism* |
| Roberta Hamilton | 1978 | *The Liberation of women. A study of patmarchy and Capitalism* George Allen & Unwin, London |
| Rosaldo, Michelle Zimbalist and Louise Lamphere | 1974: | *Women, culture and society* stanford: Stanford University Press |
| Rowbotham, Sheila | 1974 | *Hidden from History* London , Pluto |
| Rowbotham, Sheila and others (Cds) | 1979 | *Beyond the fragments* London |
| Ruthven K. K | 1991: | *Feminist Literary theories an Introduction* Newyork: Cambridge University Press |
| Segal, Lynne | 1986 | *Is future female? Troubled thoughts in contemporary feminism*. London: Virago |
| Sherry ruth | 1988: | *Studying Women's writing : An Introduction* London:Edward Nold |
| Shiach, morag | 1991: | *Helene cixous. A politics of writing*. London and Newyork: Routledge |
| Shiva, Vardana | 1988 | Staying alive NewDelhi, Kali for Women |
| Simone de Beauvoir | 1972 | The *second sex* Trans. H. M parshley. Harmonsworth:Penguin |

| | | |
|---|---|---|
| Smart, carol and Barry Smart(Cds) | 1978 | *Women, Sexuality and Social Control* London Routledge and Keagan paul |
| Spivak Gayathri Chakravarthy | 1987 | *In the other worlds: Essays in cultural politics* Newyork: Methuen |
| Srinivas. M. N | 1986 | *India Social Structure* Delhi, Hindustan publishing corporation |
| Stanley, Liz and Sue wise | 1983 : | *Breaking out : Feminist conciousness and feminist research*. London : Routledge and Regan paul |
| Stone, Lawrence | 1979 | *The family, Sex and Marriage in England 1500 - 1800* Harmonds worth, Penguin |
| Tharu Susi & Lathika K (Cd) | 1991 | *An introduction to women writing in India* Delhi: Oxford U Press |
| Turner, Bryan | 1990 | *Theories of modernity and post modernity* London sage |
| Walker, Alice | 1984 | *In search of our mothers*' Gardens London: The Women's Press |
| Walker, Alice | 1984 | *Living by the woroy selected writings* 1973 - 87 London: the Women's press |
| Whitford, Margaret | 1991 | *Luce irigaray philosophy in the feminine* London and New york :Routledge |
| Wollstone Craft, Mary | 1970 | *A Vindication of the rights of women* London: Dent |
| Women's Studies Group, Centre for contemporary cultural studies | 1978 | *Women take issue* London: Hutchinson |

| | | |
|---|---|---|
| Wright, Elizabeth | 1984: | *Psycho analytic criticism theory in practice* London: Methuen |
| Wright, Elizabeth(Ed) | 1992 | *Feminism and psychoanalysis: A Critical dictionary.* Oxford: Blackwell. |
| Young Kate and others(Eds) | 1981 | *Of marriage and the Market Women's subordination in International perspective* London: CSE Books |